മലയാഴ്മയുടെ വ്യാകരണം.

റവ: ജോർജ് മാത്തൻ.

L BOOK STALL POST BOX 40 KOTTAYAM (S. I.)

A

GRAMMAR OF MALAYALIM

IN

THE LANGUAGE ITSELF.

BY

THE Rev. GEORGE MATTHAN

OF

THE C. M. SOCIETY.

മലയാഴ്മയുടെ

വ്യാകരണം.

റെവറന്തു മാത്തൻ ഗീവറുഗീസു

എന്ന നാട്ടുപാദ്രിയാൽ ച്ചമെക്കപ്പെട്ടതു.

COTTAYAM: C. M. PRESS. 1863.

PREFACE.

In submitting the following Treatise to the Public for their favourable acceptance, it will perhaps be expected that the Author should briefly state his reasons for doing so and explain the plan on which it is conducted.

The absolute want of a Malayalim Grammar in the Language itself, was the motive, which prevailed with him to take up his pen on the subject. The Ancient Literati of the country, being chiefly Brahmins, were only anxious to acquire a knowledge of the Sanscrit and regarded the vernacular as unworthy of their attention; which fully accounts for the want of any Grammatical work by the Natives themselves. It was this circumstance, which made the Language to be commonly looked upon by foreigners as a poor and ungrammatical jargon; whereas its natural capabilities are as good as those of any other language of South India, requiring only cultivation to develop its riches and beauties. My acquaintance with the Learned Languages as well as with some of the cognate Dialects and my being engaged in translations, revisions and original compositions in the language, qualified me in some measure for undertaking the work, which was felt to be a great desideratum.

By the above statement, the Author is not to be understood to ignore or depreciate the very able

Grammar published at Tellicherry by Dr. Gundert of the Basle Mission. It is however only justice to himself to observe that the greater part of this treatise was prepared before that work was issued from the Press, as will be evident by a comparison of the date which that publication bears with the time when this composition was submitted to the Missionary Brethren in the hope of getting it printed by the School Book Society But the size of the work not allowing it to be received by that Society and the Author's means preventing him to undertake the printing of it on his own account, he thought it proper to wait till an opportunity offered itself of getting it published at the expense of some educational association. The opportunity, however, not presenting itself for a long time, he was induced to incur the expense himself rather than consign the work to oblivion. It was only after he had handed it over to the Press that he became aware of the existence of the work above referred to. If its perusal however had convinced him that it superseded the necessity of publishing this work, he would not have gone to the expense of doing so: for he had ample time to recall it, as it remained in the Printing Office unattended to for a considerable length of time. The two treatises are essentially different from each other, since they proceed upon different principles and methods. The chief excellence of Dr. Gundert's Grammar consists in the copiousness of the quotations from native authors in support of the rules which it gives. It is also valuable on account of its ingeniously tracing many words in common use to a Sanscrit original. But the rules which it gives are not always as correct and comprehensive as might have been, nor are they sufficient to meet all the exigencies of the case; as will appear from a comparison of Nos. 11 and 20

in that work with Nos. 41—43 in this treatise. But the principal difference between the two, as observed by an eminent and profound scholar, consists in the former being more "dogmatical" and the latter more "explanatory", in the one furnishing the student with the bare rules and the other presenting him with the reasons together with the rules. This method, the Author thinks, is better suited to ensure success; for by it the study of the subject, in its very nature dry and difficult, is rendered more interesting and easy as well as more improving to the mind. In confirmation of the truth of this observation, he would quote the views expressed on the subject by that profound Linguist and Grammarian, Professor Lee, who says, "My conviction is, that to present the student with both the ***Synthetical*** and ***Analytical*** methods is by far the most likely to give him an interest, and to ground him, in the study of the Hebrew Language. To cultivate the memory as well in this as in every other sort of study, I hold to be good; but then I must insist upon it, that to interest and inform the mind is infinitely better. A very learned and deservedly celebrated opponent of mine, on this question, has argued that to give naked rules in Grammar is always the most likely to ensure the progress and to advance the truth. My opinion has been, and still is, that where we have men, and not mere children to study any Language or Science, it is our duty to lay before them at once both the rule and the reasons for it, and thus, at one and the same time, to present the grounds of the matter proposed for instruction, with rules calculated to assist the memory in retaining it; and thus to contribute towards improving the mind by habits of close investigation and enquiry".

The Parts in Malayalim Grammar are made

four in this work as in most European Grammars, of which the First Part, called അക്ഷരലക്ഷണം or Accidents of Letters, coincides with Orthography, while the second, termed പദലക്ഷണം, or Accidents of Words, includes both Etymology and Syntax, the Inflections and Formations of words, as well as their Construction, in a sentence. In treating of them together, the Author has the authority of the native Tamil Grammarians who include them in one head, called ചൊല്ലധികാരം or the Chapter of Words. By adopting this method, he has been enabled to avoid going over the same grounds twice; which their separation would have rendered necessary, and to reduce the size of the Book which otherwise would have been considerably more bulky than it is now. To this plan however an objection has been made on the ground of its rendering the subject unintelligible. How can, it has been asked, the use of the Cases be understood by a person who is ignorant of the nature of the Verb on which it depends? My answer is, that the Verb also cannot be fully understood without knowing the relations in which it stands to the objects of which it is the attribute, or on which it exercises an influence. The truth is, that the different parts of speech in a sentence are so connected with one another that none of them can be fully understood without a knowledge of the rest. There is therefore as much reason for saying that the object being in the Accusative Case determines the Verb to be Transitive as that a Transitive Verb requires the object to be in the Accusative: otherwise it is inconceivable how that of two Verbs of the same signification, even in the same language, should, the one be Transitive and the other Intransitive; of which examples abound in the Learned Languages and may be found even in English; e. g. 'To reach' and

'To arrive'. In Malayalim the same Verb may be construed with different Cases under different circumstances, as is clear from the phrases എന്നെ ബോധിപ്പിക്ക and എന്നോടു ബോധിപ്പിക്ക. The above two Parts contain all that properly belongs to Grammar in the English acceptation of the term; for the remaining two Parts relate to Composition, Figures of Speech, Versification &c, which it was not the Author's purpose to treat of in the present volume.

It is also objected to the work, that, as it contains too many technical and newly coined terms and enters too much into the niceties of the Language, it is unsuited for becoming a class book in schools for children. But it may be stated, that the more important rules and remarks are worded in as simple terms as the nature of the subject will admit of and are printed in a larger set of types to distinguish them from observations relating to subjects of a more abstruse nature, and may therefore be read and studied separately, since they are so framed as to be entirely independent of the remarks printed in small types. With regard to the use of technical terms, I would also observe, that though their introduction may at first appear calculated to render the style obscure, it really promotes perspicuity and precision, as well as conciseness and elegance; for when the terms are once understood, they more readily and unequivocally suggest the ideas they are intended to convey The terms in English Grammar are all technical, though others more intelligible may be found in popular language equal to them in signification. The terms *Name* and *Word* are, for instance, more intelligible than *Noun* and *Verb* and may be substituted for them without injury to the meaning; but they would not so readily and definitely bring to the mind the ideas these latter terms denote, because they are not

so appropriate, being associated with a thousand other things. To facilitate however the perusal of the treatise even to beginners, the Author has appended at the end of the volume, a Glossary of Grammatical and other difficult terms made use of in the work; and the reader, when he meets with a difficult term, has only to refer to it, where he will find, under each term, sufficient explanation and reference to make it clear to him. The corresponding English terms are also given in the Glossary, which will be found to be a great help to the English student, who may wish to make use of the work in his study of the Language.

The Author has bestowed more than usual attention on the Particles, or, as they may be more properly called, Connectives. They generally form the most difficult part of speech in every language from their unusual constructions and varied shades of meaning. He has endeavoured to show all of them except ഉം, ഓ and ഏ to be either Cases of Nouns or modifications of Verbs and explained their apparently anomalous constructions and uses on the general principles affecting all Nouns and Verbs. In treating of them in alphabetical order, he had in view the convenience of reference; for no other arrangement will enable the student to find any word with so much readiness.

With reference to the Half Vowel sound coming at the end of certain words, the Author has, on finding that a special notation could not be effected neatly without incurring the expense and inconvenience of getting a new set of types, thought it desirable to mark it by the Final Form of ഉ rather than by the Inherent അ of the terminating consonant, as is done in some printed books; for the ഉ seems to him the *usual, genuine* and *convenient* Orthography

I. That ഉ usually obtains in such cases will appear from the following statements.

1 It is uniformly the Orthography in books printed at Tellicherry in the North by the German Missionaries; for they have ഉ in all cases where the semicircular mark, lately invented by them, is not used; and never have they recourse to ൌ as far as the Author can discover. e. g. യേശുക്രിസ്തുവെന്റെ ഉല്പാദനമൊ ഇവ്വണ്ണമായത്തു അവന്റെ അമ്മയായ മറിയ യോസെപ്പിന്നു വിവാഹം——വിശുദ്ധാത്മാവിൽനിന്നു ഗൎഭിണിയായിത്തു [Matt: I. 18.]

2. The same is the case in the publications issued from Trevandrum in the South. e g. ൧൦൨൨മാണ്ടു കുംഭമാസം മുതൽക്കു [Almanac for 1035, P. 13 L. 3—4]

3. It is the one which generally obtains in the works published at Madras by the English Government. e. g. നിനിവെ പട്ടണം ക്രമേണ വൎദ്ധിച്ചു പ്രബലമായി തീൎന്നു. ചുറ്റുമുള്ള ദേശങ്ങളെ ജയിച്ചതല്ലാതെ അനേകം രാജ്യങ്ങളോടു കപ്പം വാങ്ങി വളൎന്നു ശക്തിപ്പെട്ടു വലിയ രാജ്യമായിപ്പോയി [Historical sketches Book. I. P. 3—4.]

4. The Orthography is allowed in books printed in the C. M. Press at Cottayam on private accounts, e. g. ആകാശത്തിലും ഭൂമിയിലും അനേകം വസ്തുക്കളുണ്ടു അവറ്റിൽ ചിലതിന്നു ജീവനുണ്ടു. ചിലതിന്നു ജീവനില്ല. ചിലതു ആകാശത്തിലും ചിലതു ഭൂമിയിലും ചിലതു വെള്ളത്തിലും സഞ്ചരിക്കുന്നു. [Third Book. P. 1.]

5. The same mode of spelling is not foreign even in the authorised publications issued from the same Press. e. g. ചേൎത്തുകൊൾവാൻ [Matt. I. 20.] അവനോടു [11 3.] മറൊരുവഴിയായി [12.] പുറപ്പെട്ടുപോയി [14.] എന്നോടു കൂടെ—— നിങ്ങളോടു യാചിക്കുന്നു. [C. Prayer.]

6. This is the Orthography which even now prevails among the natives unconnected with Europeans. Here is an exact copy of a Firman of the Itapalli Rajah issued only six years ago, in which

the Half Vowel sound is uniformly marked by ഉ. The words are, അപ്പക്കൊട്ടു ഇരിപ്പു കുട്ടി കാങ്കെ ചേന്നൻ തിട്ടു എന്നാൽ തിരുത്തിക്കാട്ടു ദേശത്തു അപ്പക്കൊട്ടു പുരയിടം ഒന്നും നീയും നിന്റെ മക്കളും തിരുവിള്ളമാകെ അനുഭവിച്ചു കൊണ്ടു കാലത്താൽ മിച്ചവാരം ചക്രം ഒൻപതെകാലും പുമട്ടു പ ണം ചക്രം ആറും പിറവക കെട്ടോല വകകുള്ള പണവും സത്രം അടിയന്തരങ്ങൾക്കു കണക്കുംപ്രകാരമുള്ള വരിയും ഇങ്ങു തന്നി രിക്കുമാറുകല്പിച്ചു നാം തിട്ടം തന്നിതെന്നാൽ കൊല്ലം ൧൦൩൨മത വൃശ്ചിക ഞായറു ൧൭നു.

II. That ഉ is the genuine Orthography will be clear from the considerations which follow.

1. This is the notation which obtains in old writings e. g. വളരപ്പറയരുതെന്നോടു ദൂതാ. [നളചരിതം.] ദൂരത്തു നിന്നു പറന്നിങ്ങു പോരുമ്പൊരം ചാരത്തു കണ്ടു വിശേഷങ്ങൾ നീ. [ചാണക്യം.] നന്ദനന്മാൎക്കു ചെറ്റും വിദ്യയി ല്ലായ്കകൊണ്ടു. [പഞ്ചതന്ത്രം.] പിറ്റെന്നാൾ സുമിത്രയും പെ റ്റിതു പുത്രദ്വയം——വന്ദിച്ചു തെരുതെരെ സ്തുതിച്ചു തുടങ്ങി നാൾ. [രാമായണം.]

2. In old documents executed in നാനമോനം, the original Alphabet of the language, ഉ is uniformly used. e. g. ചെങ്കൊൽനടത്തിയാളാനിന്റെയാണ്ടു ഇര ണ്ടാമാണ്ടെക്കെതിർ മുപ്പത്താറാമാണ്ടു മുവിറകോട്ടു ഇരുന്തരുളി യനാൾ——ഒരംസ്സപ്പു ഇറപ്പാനുക്കു &c This is a part of the inscription on copper-plate granted to the Jews about a thousand years ago. [Collins' Grammar. P. 9.]

A much later document in the same character has കൊല്ലം ൧൦൦൭മാണ്ടു മിഥുനഞായറു ൧൭നു എഴുതിയ ഒറ്റി യോലകരണമാവിതു [No. 22105 of 1007.]

3. The vowel is confessedly ഉ when the words augment in the course of inflection. e. g. പ്രാവു—പ്രാവുകൾ; വില്ലു—വില്ലുകൾ; കെട്ടു—കെട്ടുക; പൊറു—പൊറുക; If the termination was originally അ, no reason can be assigned for its change into ഉ. Euphony can not account for it; for അ is here quite as euphonic as ഉ.

4. The Termination is regularly ഉ in Tāmil,

which is radically the same language with Malayalim. Now in a case of dispute like this, the authority of the cognate tongues should, I think, be final.

5. How then, it will be asked, came ഉ to be discarded? The answer is, that to the ഉ being frequently given in such cases only a suppressed and indistinct sound, it may have been overlooked by Europeans and led them to suppose the words to terminate in consonants. The supposition might have gained strength from the consideration that the Natives gave the same sound to Sanscrit and foreign words which ended in certain consonants, as വാക്കു, 'വാൿ,' മനസ്സു, 'മനസ്,' സമ്പത്തു, 'സമ്പൽ,' ദാവീദു 'David,' ബോട്ടു 'boat' &c. for the genius of Malayalim requires the addition of this sound, as no consonant can terminate a word in it, except ണ, മ, ര, ല, ള and ന, which have the Final Forms ൺ, ം, ർ, ൽ, ൾ, and ൻ. It is but natural that they should, by extending the supposed analogy to purely Malayalim words, discard the ഉ, in order to secure to them a consonantal termination, of which the Nouns 'Nanchinad' for ഞാഞ്ചിനാടു, 'Procad' for പുറക്കാടു, 'Periar' for പെരിയാറു, 'Pennar' for പെണ്ണാറു &c. are manifestly instances.

6. It is however not only that ഉ is taken away, but also that അ is added. How came this? The sound of അ being only inherent in the consonants, it having no separate mark as a Final, it must have been forgotten that every consonant in its natural form necessarily conveys the power of അ with it. That men do sometimes lose sight of this peculiarity appears from their using the natural form of the consonants in cases where they evidently intend a consonantal termination, as റെസിഡെന്ത, റവറന്ത ,ര ൻസിപ്പ &c.

7. Since however the ഉ in such cases loses its

proper sound and approaches more nearly to അ, does not this justify the change in the Orthography? But the indistinct pronunciation is not universal, but peculiar to certain classes and localities: and even where it prevails, it only obtains when the words come at the end of a clause or sentence, or when they are pronounced singly; for in other situations ഉ is sounded as fully and distinctly as any other vowel in every part of the country and by every class of people. e. g. ആറുവെള്ളം, എടുത്തുകൊള്ളുക, അവനോടു പറക. If this loose way of pronouncing calls for a change in Orthography in this case, it will also require a similar change in other cases; for the Finite Verbs വന്നു, ഇരുന്നു &c, wherein the ഉ is universally admitted to be full and distinct, are in some places uttered with the half sound exactly as the corresponding Verbal Participles.

III. That ഉ is the more convenient notation than അ will be clear from what follows.

1 The latter notation introduces confusion in every part of Grammar. e. g. കാള and അല്ല become കാളയല്ല, while നാടു and അല്ല coalesce into നാടല്ല, The plural of പറവ is പറവകൾ, though that of കടവു is കടവുകൾ. The Accusative of കാട is കാടയെ, but that of കാടു is കാട്ടിനെ. In composition കുറ remains unchanged as in കുറപ്പൻ, while കുറു is turned into കുററു as in കുററുകാരൻ. The Verbal Noun from the root നട is നടക്കുക; but that of പടു is പടുക. In all these cases no reason can be assigned for the different forms which the words take, if they are supposed all to end in അ; and no rules can possibly be devised that would under this supposition instruct us as to when the one form should be taken and when the other; whereas by spelling the words which have the half sound with ഉ, as is done above, no difficulty appears.

2. By dropping the ഉ in such words as കോടു,

കോട്ടു, മൊട്ടു, മേട്ടു, ചാറു, മത്തു, ചെള്ളു &c, they would be respectively confounded with കൊട്ട, കോട, മൊട്ട, മേട, ചാറ; മത്ത, ചെള്ള &c, words totally different in origin and signification. Now such terms being numerous in the Language, an insuperable difficulty is introduced by spelling them all alike with അ; whereas by restoring ഉ to those which have the Half sound, the difficulty entirely vanishes.

3. Nor is there any liability of their being confounded with others which have the full sound: for there are few words in the Language that have only the varying sounds of ഉ to distinguish them from each other. The only cases where there can be a confusion are in the words ഉണ്ടു 'eaten' and ഉണ്ടു 'there is' and in the Past Tense terminating in ഉ and the corresponding Verbal Participle. But even here the change in the Orthography is of no advantage, since by the substitution of അ, ഉണ്ട may signify 'a ball' and the Verbal Participle may be confounded with the corresponding Nominal Participle. But the Past Tense is easily distinguished from the Verbal Participle by the former being always the concluding word in a sentence, a position which can never be occupied by the latter; and in fact no difficulty is experienced in the termination ഇ, which is common to both of them e. g. അവൻ ഓടിപ്പോകുന്നു 'He goes running' അവൻ വീട്ടിന്നു ചുറ്റും ഓടി 'He ran around the house' The confusion however between the Verbal and Nominal Participles can by no means be removed by rules e. g. കട്ടു മുതൽ കൊണ്ടുപോയവൻ 'He who stole and took away the property', and കട്ട മുതൽ കൊണ്ടുപോയവൻ "He who took away the stolen property.

4. As the ഉ in such cases is in general only indistinctly uttered, it may be asked: how is this sound to be distinguished from the full sound? I would in reply observe that the Final ഉ is heard distinct-

ly only in Finite Verbs, known by their position at the end of a sentence. e. g. വന്നു, വരുന്നു, വരു, വരാഞ്ഞു and in Nouns which in the Nominative itself may optionally take the additional letter വു് e. g. പശു—പശുവു്, കരു—കരുവു്, ബന്ധു—ബന്ധുവു്, ശത്രു—ശത്രുവു്. The same difficulty, of course, occurs when spelt with ഞ്ഞ, which cannot, however, be removed by rules, as is done in this case.

As the Author was unable in a great measure to correct the proof sheets personally on account of the distance of his residence from the Printing Office, while the greater part of the sheets went through the Press, the reader will not fail to discover in its pages a considerable number of errors. A table of errata is indeed given at the end, in which, however, mistakes in Punctuation and in the quantity of the vowels *E* and *O*, as well as others of a like trifling nature, are in general not noticed, lest the table should become too lengthy.

Now to that Almighty God, of whose gifts to man, the faculty of speech is one of the most inestimable and for the promotion of whose glory, this work is intended to be a mediate instrument, the Author would render his humble and hearty thanks for enabling him, amidst difficulties and discouragements to bring it to a conclusion, as he earnestly hopes, for the good of the Public.

Cottayam, June 19th 1863.

REMARKS ON THE MANUSCRIPT.

Without having gone through every section of this work, thus far, delivered which my numerous engagements prevent, I have in some parts closely

and in others more slightly perused it and am persuaded that it is well calculated to supply the *grand* DESIDERATUM of a Grammar in the Malayalim Language for the use of the natives as well as to enable Europeans who have some acquaintance with the language to improve their knowledge of it.

I could have wished that the whole Alphabet, as it is usually written by the natives, is retained, although, as stated in the work, some of the letters do not occur in words purely Malayalim. I think their omission may give rise to a prejudice in the minds of some of the natives, who might otherwise derive great good from the work. It is well known that, when the Sanscrit was taught in the College at Cottayam some years ago, the native moonshees acknowledged that their pupils acquired a better knowledge of Grammar from Lindley Murray than they did from their own instructions; and I think the present Grammar will be likely, when published, to supersede their instructions altogether, or else to become their standard work in connection with the Sidharupam for teaching Sanscrit.

I quite approve of following the simple plan of the natives in not multiplying the number of Parts of Speech. The Sanscrit plan of declining the Nouns is also I think rightly retained.

I wish success to the work and shall be happy to see a fair copy of the whole ready for the Press.

Cottayam, April 28th 1852.

HENRY BAKER SENIOR.

Having carefully examined the greater part of this 1 Part, I am happy to say that I have been

very much pleased indeed with it and think it will be a most useful work. But I must dissent from all innovations in the letters. We wish the work to be as extensively circulated among the natives as possible, and therefore should not shock their prejudices in any way that can be avoided.

Cottayam, June 10th 1852. E. JOHNSON

The labour and trouble in compiling and writing such a work as the present is highly commendable to the Author. But we must not make innovations; improvements are required in the Language: but when we see that it has been gradually formed through a long course of years, great care and sufficient reasons should be shown in making alterations. It is very easy to burden or weaken a fabric but extremely difficult to strengthen.

H. BAKER JUNIOR.

I approve of the Grammar and hope it will soon come into general use among the natives. A compendium of it will be very valuable in our schools. It appears to me of very little moment whether the 3 letters which are not used in Malayalim are retained in the Alphabet or no. I would have preferred the more general form of declining Nouns, which has been adopted too in Tamil Grammars.

J HAWKSWORTH.

I beg to make the following suggestions, which I think would improve the work, viz. that all the

letters of the Alphabet and their divisions should be shown at one view by placing the names of the divisions by and over the columns; that the Glossary be put in Malayalim; that a rule be made to apply to the Plural Number of Nouns in the Neuter Gender ending in ആൻ as അണ്ണാൻ—അണ്ണാന്മാർ; and that the Orthography of the book be corrected according to the rules throughout the book, except ചെലു—ചലു &c, which be better retained according to the usual form in printed books.

J. CHANDY.

CONTENTS

	NOS.	PAGE.
General observations	1 - 9	1

PART I. ORTHOGRAPHY

The forms and divisions of letters	6 - 15	4
The final forms of vowels &c.	16 - 21	9
Double and compound letters	22 - 24	14
The formation of letters	25 - 40	16
Peculiarities of certain letters	41 - 49	21
Changes of letters in general	50 - 52	25
Changes on the concurrence of a vowel with a vowel	53 - 60	27
- Of a vowel with a consonant	61 - 69	30
- Of a consonant with a vowel	70 - 72	33
- Of a consonant with a consonant	73 - 84	33
Miscellaneous changes	85 - 92	36

PART II. ETYMOLOGY AND SYNTAX.

Nature and classification of words	93 - 97	38
Nouns- Their divisions &c.	99 - 109	41
Gender- its nature and use	110 - 118	44
The formation of the Feminine and Neuter	119 - 134	49
Number- its nature	135 - 137	51
The formation of the Plural	138 - 153	53
The use of the two Numbers	154 - 160	56
Case- its nature	161 - 162	58

	NOS.	PAGE.
The changes required before the signs of the Cases	163 - 175	60
Examples of Declensions	175 -	67
The use of the Cases	176 -	69
The Nominative	177 - 179	70
The Accusative	180 - 183	70
The Sociative	184 - 190	73
The Dative	191 - 200	73
The Causative	201 - 205	74
The Genitive	206 - 210	76
The Locative	211 - 217	77
The Vocative- Interjections	218 - 220	78
The formations of Nouns		
Primitives	221 - 228	79
Derivatives	228 - 236	80
Compounds- Tatpursha	237 - 228	82
- Dwandua and Upasarga	249 - 252	85
Pronouns- Personal and Demonstrative	253 - 269	88
- Interrogative and Indefinite	270 - 282	93
- Numeral	283 - 289	98
Honorific use of the Pronouns	290 - 294	102
The Verb- its nature	295 - 304	105
Primitive and Derivative Verbs	305 - 310	109
Substantive Verbs- Verbs of existence-Neuter and Active Verbs - Intransitive and Transitive Verbs	311 - 321	111
Causal and Passive Verbs	322 - 326	114
The Indicative mood- The formation and use of the three Tenses	327 - 340	117
The Imperative mood- its various forms	341 - 351	125
Participles and Adjectives- Verbal Participles and Adverbs	352 - 353	129

	NOS.	PAGE.
That ending in അ	354 - 358	130
That ending in ഉ	359 - 365	131
The Infinitive	366 - 368	134
The Subjunctive- the two forms	368 - 372	135
The Government of the Verbal Participles	373 - 374	137
The ambiguity in Negative sentences	375 - 379	138
Nominal Participles and Adnouns	380 - 382	141
Their Tenses, relations &c.	383 - 393	142
Verbal Nouns	394 - 399	150
Verbal Derivatives	400 - 409	154
Auxiliary Verbs	410 - 412	157
ആകുന്നു- അല്ല and ഉണ്ടു- ഇല്ല	413 - 416	159
ഇരിക്ക, എന്നുക, ആക and കഴിക	417 - 427	162
പടുക, കൊള്ളുക, വെക്കുക, ഇടുക, കളെക and പോക	428 - 440	167
തരിക, കൊടുക്ക, വരിക and പോക	441 - 442	171
Particles or Connectives	443 - 444	173
The Primitive Particles ഉം, ഒാ and ഏ	445 - 471	174
Derivative Particles	472 - 474	182
Alphabetical list of -	475 -	184
Parsing		203
List of Grammatical terms		206
Errata		214

മലയാം ഭാഷയുടെ വ്യാകരണം.

൧. വ്യാകരണമെന്നതു ഭാഷയുടെ ലക്ഷണങ്ങളെ വൎണ്ണിക്കയും അതിനെ മുറപോലെ പ്രയോഗിക്കുന്നതിനുള്ള പ്രമാണങ്ങളെച്ചൊല്ലിത്തരികയും ചെയ്യുന്നതാകുന്നു.

൨. വ്യാകരണത്തിലെ സംഗതിയാകുന്ന ഭാഷ, മനുഷ്യർ തമ്മിൽത്തമ്മിൽത്തങ്ങളുടെ നിനവുകളെയും ആഗ്രഹങ്ങളെയും അറിയിക്കുന്നതിനുള്ള പ്രധാന വഴിയാകുന്നു. അതിന്റെ ആകൃതി എത്രയും അതിശയിക്കത്തക്കതായിരിക്കകൊണ്ടു മനുഷ്യ ബുദ്ധിയാൽ ഉണ്ടാക്കപ്പെട്ടതല്ലെന്നും മനുഷ്യരുടെ സൃഷ്ടികൎത്താവായ ദൈവം തന്നേ അതിന്റെ കാരണൻ ആകുന്നു എന്നും നിശ്ചയിക്കുന്നതിന്നു നല്ല ന്യായമുണ്ടു. ദൈവം ആദ്യ മനുഷ്യൎക്കു പറവാൻ തക്ക സ്വഭാവത്തെ കൊടുത്തതു കൂടാതെ പറയുന്നതിനുള്ള വാക്കുകളും അവൎക്കു നല്കിയതായിരിക്കേണം. ഒന്നാവത്തെ മനുഷ്യർ ഇപ്രകാരം ദൈവത്താൽ തന്നേ പഠിപ്പിക്കപ്പെട്ടിട്ടു, അവരുടെ മക്കൾ, നമ്മുടെ പൈതങ്ങൾ നമ്മോടു കേട്ടു പഠിക്കുന്നതുപോലെ, അവർ പറയുന്നതു കേട്ടു ഭാഷ വശമായതായിരിക്കേണം. ദൈവത്തിൽനിന്നു ലഭിച്ചതായി നമ്മുടെ ആദ്യ മാതാപിതാക്കന്മാർ സംസാരിച്ചതായ പേച്ചു ഇന്നതായിരുന്നു എന്നു വിദ്വാന്മാർ നിശ്ചയിക്കുന്നില്ല. ആയതു ഹെബ്രായി, സുറിയാനി, സംസ്കൃതം മുതലായ ഭാഷകളിൽ ഒന്നോ, ഇപ്പോൾ നടപ്പില്ലാതെ തീരെ മാഞ്ഞുപോയതിലൊന്നോ, ആയിരിക്കും. ബാബേലിൽ വെച്ചുണ്ടായ പേച്ചുകലക്കം വരെയും ആയൊരു ഭാഷയേ ലോകത്തിൽ നടപ്പുണ്ടായിരുന്നുള്ളു. അതിൽപ്പിന്നെ തമ്മിൽത്തമ്മിൽ വ്യത്യാസങ്ങൾ ഏറിയും കുറഞ്ഞുമായിട്ടു

ലോകത്തിൽപ്പലഭാഷകളും നടപ്പായിരിക്കുന്നു. പതിനെട്ടു ഭാഷ മെയ ഭൂമിയിൽ ഉള്ളു എന്ന പറയുന്നതു അബദ്ധമാകുന്നു. ക്രിസ്ത്യാനികളുടെ വേദപുസ്തകം തന്നേ നൂററിൽച്ചില്ലവാനം ഭാഷകളിൽ പ്പൊരുൾ തിരിക്കപ്പെട്ടിരിക്കുന്നു. പൊരുൾ തിരിക്കപ്പെട്ടിട്ടില്ലാത്ത ഭാഷകൾ ഇനിയും വളരെയുണ്ടു.

൩. എന്നാൽ ഭാഷകൾ ഒന്നിൽനിന്നു ഒന്നു വിവരപ്പെടത്തക്കവണ്ണം തമ്മിൽ വ്യത്യാസങ്ങൾ ഉള്ളതും, ചിലതു തമ്മിൽത്തീരെ സംബന്ധമില്ലാത്തതും ആകുന്നു; എങ്കിലും എല്ലാ ഭാഷകൾക്കും പൊതുവിൽച്ചില പ്രമാണങ്ങളും ഒരുപോലുള്ള ലക്ഷണങ്ങളും കാണുന്നുണ്ടു. ആകയാൽ വ്യാകരണം, സാധാരണ വ്യാകരണമെന്നും പ്രത്യേക വ്യാകരണമെന്നും ഇങ്ങിനെ രണ്ടു വകയായിരിക്കുന്നു. സാധാരണ വ്യാകരണം, ഭാഷയുടെ കാതലായുള്ള ലക്ഷണങ്ങളെയും എല്ലാ ഭാഷയിലും ഒരുപോലെ കാണുന്ന പ്രമാണങ്ങളെയും മാത്രം വിവരപ്പെടുത്തുന്നു. പ്രത്യേക വ്യാകരണം, മേൽപ്പറഞ്ഞ ലക്ഷണങ്ങളും പ്രമാണങ്ങളും പ്രത്യേകം ഒരു ഭാഷയിൽ വരുമ്പോൾ ഉണ്ടാകുന്ന ഭാവഭേദങ്ങളെ കുറിച്ചും ആ ഭാഷെക്കുള്ള വിശേഷ ലക്ഷണങ്ങളെ കുറിച്ചും പ്രയോഗങ്ങളെ കുറിച്ചും വിസ്തരിക്കുന്നു. ഇവ തമ്മിൽ ഉള്ള വ്യത്യാസത്തെ ദൃഷ്ടാന്തപ്പെടുത്തേണമെങ്കിൽ, സാധാരണവ്യാകരണം പൊതുവിൽ മനുഷ്യന്റെ ലക്ഷണങ്ങളെ കുറിച്ചു പറയുന്നതു പോലെയും പ്രത്യേകവ്യാകരണം ഒരു മനുഷ്യന്റെ തനതു ലക്ഷണങ്ങളെ കുറിച്ചു പറയുന്നതു പോലയും ഇരിക്കുന്നു.

൪. വ്യാകരണം ഒരു ശാസ്ത്രമായിട്ടും ഒരു സൂത്രമായിട്ടും ഇങ്ങനെ രണ്ടു ഭാവത്തിൽ വിചാരിക്കപ്പെടുന്നു. ഒരു ഭാഷയെ അറിഞ്ഞിട്ടില്ലാത്തവക്കു അതിനെ എളുപ്പത്തിൽ പഠിച്ചുകൊള്ളുന്നതിന്നു ചിലപ്രമാണങ്ങളെ കല്പിക്കുന്നതാകയാൽ അതു ഒരു സൂത്രമാകുന്നു. ഇങ്ങനെ സംസ്കൃതത്തിന്റെ വ്യാകരണം പഠിച്ചാൽ ആഭാഷ പഠിക്കുന്നതിന്നു മലയാളികൾക്കും മലയാഴ്മയുടെ വ്യാകരണം കൊണ്ടു അതു വശമാകുന്നതിന്നു ഇംഗ്ലീഷുകാൎക്കും എളുപ്പം ഉണ്ടാകുന്നു. എന്നാൽ മലയാളികൾ പരിചയം കൊണ്ടു മലയാഴ്മ അറിഞ്ഞിരിക്കുന്നവരാകയാൽ അവക്കു ആ ഭാഷയുടെ വ്യാകരണം കൊണ്ടു എന്തുപകാരം എന്നു ചോദിച്ചാൽ, ഒരു ഭാഷയെ സാമാന്യമായിട്ടു പറയുന്നതിന്നും എഴുതുന്നതിന്നും പരിചയം കൊണ്ടു മനുഷ്യൎക്കു വശമാകാമെങ്കിലും വ്യാകരണം പഠിക്കാതെ ആ ഭാഷയുടെ ലക്ഷണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും അറിയുന്നതിന്നു കഴിയുന്നതല്ല. എന്നാൽ വ്യാകരണം ഭാഷയുടെ പ്രമാണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും കാണിക്കുന്നതാകയാൽ അതു ഒരു ശാസ്ത്രമാകുന്നു. ചാൎത്തു പടികൊണ്ടും പരിജ്ഞാനംകൊണ്ടും ഇന്നരോഗത്തിന്നു ഇന്ന മരുന്നു കൊള്ളുമെന്നു മനുഷ്യൎക്കു അ

റിവാൻ കഴിയുന്നതാകുന്നു; എങ്കിലും നിദാനം മുതലായതു നോക്കി രോഗങ്ങൾ ഉത്ഭവിക്കുന്നതിനുള്ള കാരണങ്ങളും ഗുണപാഠത്തിൽനിന്നും മററും ഔഷധങ്ങളുടെ വീൎയ്യവും അറിയാത്തവൎക്കു നല്ല ചികിത്സക്കാരാകുവാൻ കഴികയില്ല. എന്തെന്നാൽ തങ്ങൾ കണ്ടിട്ടില്ലാത്ത ഒരു പട്ടതിയിൽ രോഗം മാറികാണുമ്പോൾ കാരണം നോക്കി രോഗം നിശ്ചയിപ്പാൻ അവൎക്കു കഴിയാത്തതു തന്നെയല്ല, തങ്ങൾ കൊള്ളുമെന്ന കണ്ടു അറിഞ്ഞിരിക്കുന്ന മരുന്നല്ലാതെ അതിന്നു പകരം മറ്റൊന്നു കൊള്ളിക്കുന്നതിന്നും അവൎക്കു വിവരമില്ല. അപ്രകാരം തന്നേ വ്യാകരണ വിദ്യയില്ലാത്തവരും നടപ്പായുള്ള കാൎയ്യങ്ങളെ കുറിച്ചു തെററു കൂടാതെ ഒരു വേളപറകയും എഴുതുകയും ചെയ്യുമായിരിക്കും, എങ്കിലും യുക്തികളും വിസ്താരങ്ങളും അടങ്ങിയിരിക്കുന്ന സംഗതികളെ കുറിച്ചു അവൎക്കു മുറപോലെയും തെളിവായിട്ടും പറകയോ എഴുതുകയോ ചെയ്യുന്നതിന്നു കഴികയില്ല. ആകയാൽ അത്രേ മലയാഴ്മയിൽ നല്ല വാചകങ്ങൾ ചുരുക്കമായിരിക്കുന്നതു.

൭. വ്യാകരണത്തിൽ അക്ഷരലക്ഷണമെന്നും പദലക്ഷണമെന്നും വാചകലക്ഷണമെന്നും കാവ്യലക്ഷണമെന്നും നാലുകാണ്ഡങ്ങൾ ഉണ്ടു.

ഒന്നാം കാണ്ഡം—അക്ഷരലക്ഷണം.

൮. അക്ഷരലക്ഷണം അക്ഷരങ്ങളുടെ തരഭേദങ്ങളെയും ഉത്ഭവങ്ങളെയും ശബ്ദങ്ങളെയും കുറിച്ചും അവെക്കുണ്ടാകുന്ന മാററങ്ങളെപ്പററിയും പറയുന്നു. അതിൽ സംജ്ഞ എന്നും സന്ധി എന്നും രണ്ടു അദ്ധ്യായങ്ങളും ഉണ്ടു.

ഒന്നാം അദ്ധ്യായം—സംജ്ഞ.

൯. സംജ്ഞ എന്നതു അക്ഷരങ്ങളുടെ തരഭേ

ദങ്ങളെയും ശബ്ദവ്യത്യാസങ്ങളെയും മററും അവെക്കുള്ള ചില വിശേഷങ്ങളെയും കുറിച്ചു പറയുന്നതാകുന്നു.

ഒന്നാം സൎഗ്ഗം—അക്ഷരങ്ങളുടെ തരഭേദങ്ങൾ

൮. ഗദമായും വാക്കിന്നു മുതലായുമിരിക്കുന്ന ശബ്ദത്തിന്നും അതിന്റെ അടയാളത്തിന്നും അക്ഷരമെന്നു പേരായിരിക്കുന്നു.

൯ മനുഷ്യശബ്ദം ശ്വാസനാഡികളിൽനിന്നു പുറപ്പെടുന്ന വായുവാകുന്നു. ആയതു കുരൽവള്ളിയിൽ കൂടെ കടക്കുമ്പോൾ ഉണ്ടാകുന്ന ഇളക്കങ്ങൾകൊണ്ടു കേൾക്കപ്പെടത്തക്കതായി തീരുന്നു. കുരൽവള്ളിയുടെ മേൽഭാഗത്തു തൊണ്ഡ എന്നു പേരായിട്ടു ശബ്ദം കടക്കുന്നതിന്നു ഒരു ദ്വാരം ഉള്ളതു ചൊല്ലമവിൽ മൂന്നിട്ടു രണ്ടു പങ്കുനെല്ലിടയിൽ അധികമില്ലാതെ ഇലോം ഇടുക്കമായിരിക്കയാൽ ശബ്ദം അതിൽ കൂടെ നല്ല ചുറുക്കായിട്ടു കടന്നു വരുന്നു. ഇങ്ങനെയുണ്ടാകുന്ന ശബ്ദം വായിക്കകത്തും മൂക്കിനകത്തും ഉള്ള പൊള്ള സ്ഥലങ്ങളിൽ തട്ടിമുഴക്കമുണ്ടായിട്ടു ബലപ്പെടുകയും തെളിവാക്കപ്പെടുകയും ചെയ്യുന്നു. മുഴക്കമുണ്ടാകുന്നതിന്നു ഠരം ഭാഗങ്ങൾ കൊള്ളുന്നപ്രകാരത്തിൽ ശബ്ദം ഇൻപമുള്ളതായി തീരുന്നു.

൰. ശബ്ദത്തിന്നു ഒച്ചയെന്നും ഉച്ചമെന്നും രണ്ടുതരം വ്യത്യാസങ്ങൾ ഉണ്ടു. ഒച്ച, തൊണ്ഡയിൽ കൂടെ കടക്കുന്ന വായുവിന്റെ അളവിൽനിന്നു ഉണ്ടാകുന്നു തൊണ്ഡയിൽ കൂടെ കുറെ വായു മാത്രമേ കടന്നുവരുന്നുള്ളു എങ്കിൽ പതിഞ്ഞ സ്വരമായി അരികത്തു മാത്രം കേൾക്കപ്പെടുന്നു. അധികം കടക്കുംപോൾ ഉറച്ച സ്വരമായി ദൂരത്തിലും കേൾപ്പാറാകുന്നു. എന്നാൽ വായു അധികമായിട്ടും അല്പമായിട്ടും കടക്കുന്നതു തൊണ്ഡയുടെ തുറപ്പുപോലെ ആകുന്നു. ആകയാൽ ഒച്ച അധികമായ ശബ്ദത്തിന്നു തൊണ്ഡ തുറന്നിരിക്കുന്നു എന്നും കുറഞ്ഞിരിക്കുന്നതിന്നു തൊണ്ഡ അടച്ചിരിക്കുന്നു എന്നും പറയുന്നു. പിന്നയും ശബ്ദം വേഗത്തോടു തൊണ്ഡയിൽ കൂടെ കടന്നുവരുമ്പോൾ ഉച്ചം എന്നും കിളിസ്വരം എന്നും വേഗം കുറഞ്ഞു തൊണ്ഡയിൽ കൂടെ വരുംപോൾ മന്ദമെന്നും കാളസ്വരമെന്നും ചൊല്ലും. വേഗം അധികമാകുന്നതിന്നു

തൊണ്ട അധികം അടഞ്ഞിരിക്കുന്നതുകൊള്ളാം. ആകയാൽ അത്രേ ഉച്ചസ്വരം നടപ്പായിട്ടു പതിഞ്ഞതായി വരുന്നതും മന്ദ്രശബ്ദം ഉറച്ചതായി തീരുന്നതും എന്നു അറിഞ്ഞുകൊള്ളാം. പ്രായം ചെന്ന പുരുഷന്മാൎക്കു തൊണ്ട തുറപ്പുള്ളതാകയാൽ ഉറക്കെ ശ്ശബ്ദിക്കാം. തൊണ്ട ചെറുതായിരിക്കുന്ന സ്ത്രീകളെപ്പോലെയും പൈതങ്ങളെപ്പോലെയും ഉച്ചത്തിൽ പാടുവാൻ അവൎക്കു കഴികയില്ല. തൊണ്ട വീണയുടെ കമ്പിപോലെയെന്നു വിചാരിച്ചാൽ, കമ്പിക്കു വണ്ണം ഏറിയിരുന്നാൽ ഉറച്ച സ്വരവും മുറുക്കം ഉണ്ടാകുംപോൾ ഉച്ചവും വരുന്നു. കമ്പിക്കു വണ്ണവും മുറുക്കവും രണ്ടും ഉണ്ടായിരുന്നാൽ ഒച്ചയും ഉച്ചവും കൂടെ ഒരുപോലെ സാധിക്കും.

൧൧. ശബ്ദം രുതശബ്ദമെന്നും ഗദശബ്ദമെന്നും ഇങ്ങനെ രണ്ടു വകയായിരിക്കുന്നു. പക്ഷികൾ മുതലായവയുടെ ശബ്ദം രുതശബ്ദമാകുന്നു. അതിന്നു ഒച്ചയും പതുക്കവും ഉച്ചവും മന്ദവും ഹ്രസ്വവും ദീൎഘവും എന്നുള്ള വ്യത്യാസങ്ങൾ അല്ലാതെ ഖരം, മൃദു, അനുനാസികം എന്നും കണ്ഠ്യം, താലവ്യം, മൂൎദ്ധന്യം എന്നും ഇങ്ങനെയുള്ള തരഭേദങ്ങൾ ഇല്ല. ആകയാൽ രാവണൻ പക്ഷി ചിലയ്ക്കുന്നതു „ശിരസ്സു എപ്പോൾ പോയി, അച്ഛൻകൊമ്പത്തു, അമ്മ വരമ്പത്തു" എന്നിങ്ങനെ കേൾവിക്കാരന്റെ മനോഭാവപ്രകാരം ഒക്കുന്നതുപോലെ ഇപ്രകാരമുള്ള ശബ്ദത്തിന്നു പ്രാസം അല്ലാതെ ഗദശബ്ദലക്ഷണമാകുന്ന വ്യക്തതയില്ല. എന്നാൽ വ്യക്തതയുള്ള ശബ്ദം മാത്രം മൊഴിക്കുകൊള്ളുന്നതാകയാൽ രുതശബ്ദങ്ങൾക്കു അക്ഷരങ്ങൾ ആകുവാൻ കഴിയുന്നതല്ല. ഗദശബ്ദങ്ങൾ തന്നെയും എല്ലാം അക്ഷരങ്ങളായി എണ്ണപ്പെടുന്നില്ല. മനുഷ്യൎക്കു പല തരത്തിൽ വ്യക്തമായിട്ടു ശബ്ദിപ്പാൻ കഴിയുന്നതാകകൊണ്ടു, അങ്ങനെ ഉള്ള ശബ്ദങ്ങൾ ഒക്കയും അക്ഷരങ്ങളായിട്ടു പ്രമാണിക്കപ്പെട്ടാൽ അക്ഷരങ്ങളുടെ സംഖ്യ അനവധിയായി തീരും. ആകയാൽ മൊഴിയിൽ വരുന്ന ഗദശബ്ദങ്ങൾ മാത്രമേ അക്ഷരങ്ങളായി വിചാരിക്കപ്പെടുന്നുള്ളു. ശബ്ദം രുതം വിട്ടു ഗദമായിത്തീരുന്നതു ശ്വാസനാഡികൾ കൊണ്ടെങ്കിലും കുരൽവള്ളികൊണ്ടെങ്കിലും അല്ല, തൊണ്ടയിലും അണ്ണാക്കിലും പല്ലുകളിലും മോണമേലും നാക്കു തടയുന്നതിനാലും ചിറികൾ തമ്മിൽ കൂടുന്നതിനാലും ആകുന്നു. എന്തെന്നാൽ ശബ്ദം ശ്വാസനാഡികളും കുരൽവള്ളിയും കടന്നു കഴിഞ്ഞതിന്റെ ശേഷമേ ഗദോച്ചാരം തുടങ്ങുന്നുള്ളു

൧൨. അക്ഷരങ്ങൾ അച്ചെന്നും ഹല്ലെന്നും രണ്ടു വകയായിരിക്കുന്നു. താനേ മുഴവനും ശബ്ദിക്കാകുന്നതിന്നു അച്ചെന്നും സ്വരമെന്നും

പേരായിരിക്കുന്നു. അച്ചിന്റെ സഹായം കൂടാതെ മുഴുവനും ശബ്ദിപ്പാൻ വഹിയാത്തതു ഹല്ലെന്നും വ്യംജനമെന്നും ചൊല്ലപ്പെടുന്നു.

ജ്ഞാപനം. ശബ്ദേന്ദ്രിയങ്ങളെ വേണ്ടുന്ന ഒരു പടുതിയിലാക്കീട്ടു ശബ്ദം പുറപ്പെടുവാൻ തുടങ്ങി അവസാനിക്കുവോളത്തേക്കു അപ്പടുതിക്കു മാററം വരുത്താതെ ശബ്ദിക്കുന്നതിനാൽ അച്ചുണ്ടാകുന്നു. ദൃഷ്ടാന്തം: ആ, ഏ, ഈ, ഓ. എന്നാൽ ഹല്ലിന്റെ ശബ്ദം ഉണ്ടാകുന്നതു ഇന്ദ്രിയങ്ങൾ വായിൽ ഓരോരൊ ഭാഗത്തു തൊട്ടുതടയുന്നതിനാൽ ആകുന്നു. ആകയാൽ ഹല്ലു തനിച്ചു ഒരു അപൂർണ്ണ ശബ്ദമായി അച്ചിനോടു ചേരാതെ കേൾക്കപ്പെടാകുന്നതല്ല: ദൃഷ്ടാന്തം; ക, കീ, ഉൾ, പിൻ.

൰൩. മലയാഴ്മയിൽ നടപ്പായിരിക്കുന്ന അക്ഷരമാല പ്രകാരം പതിനാറ അച്ചും മുപ്പത്തഞ്ചു ഹല്ലും ആയിട്ടു അൻപത്തൊന്നക്ഷരങ്ങൾ ഉള്ളതിനെത്താഴെ എഴുതുന്നു.

അച്ചുകൾ.

അ ആ ഇ ഈ ഉ ഊ ഋ ൠ ഌ
ൡ ഏ ഐ ഒ ഔ അം അഃ.

ഹല്ലുകൾ.

ക ഖ ഗ ഘ ങ ച ഛ ജ ഝ ഞ ട
ഠ ഡ ഢ ണ ത ഥ ദ ധ ന പ ഫ ബ
ഭ മ യ ര ല വ ശ ഷ സ ഹ ള ക്ഷ.

൰൪. ഈ അക്ഷരമാല സംസ്കൃതഭാഷെക്കു ഉള്ളതാകയാൽ മലയാഴ്മെക്കു നല്ലവണ്ണം കൊള്ളുന്നില്ല. അതിൽ ഉള്ള ചില അക്ഷരങ്ങൾ മലയാ

ഷയിൽ വരാത്തതും അതിൽ ഇല്ലാത്ത ചിലയക്ഷരങ്ങൾ ഈ ഭാഷെക്കു വേണ്ടിയിരിക്കുന്നതും ആകുന്നു. ആകയാൽ പത്തച്ചും മുപ്പത്തെട്ടു ഹല്ലും ആക ൪൮ അക്ഷരങ്ങളായിട്ടു ഈ താഴെ എഴുതുന്ന അക്ഷരമാലയിൽ തള്ളുവാനുള്ളയക്ഷരങ്ങളെത്തള്ളിയും കൂട്ടുവാനുള്ളവയെ കൂട്ടിയുമിരിക്കുന്നു.

അച്ചുകൾ

ഹ്രസ്വസ്വരങ്ങൾ	അ	എ	ഇ	ഒ	ഉ
ദീർഘസ്വരങ്ങൾ	ആ	ഏ	ഈ	ഓ	ഊ

ഹല്ലുകൾ.

കണ്ഠ്യങ്ങൾ	ക	ഖ	ഗ	ഘ	ങ
താലവ്യങ്ങൾ	ച	ഛ	ജ	ഝ	ഞ
മൂർദ്ധന്യങ്ങൾ	ട	ഠ	ഡ	ഢ	ണ
ദന്ത്യങ്ങൾ	ത	ഥ	ദ	ധ	ന
ഓഷ്ഠ്യങ്ങൾ	പ	ഫ	ബ	ഭ	മ
സാദ്ധസ്വരങ്ങൾ	യ	ർ	ല	വ	
ഊഷ്മാക്കൾ	ശ	ഷ	സ	ഹ	
അന്തസ്ഥകൾ	ള	ഴ	റ	ററ	ൻ

ജ്ഞാപനം. അച്ചുകളിൽ ഋ, ൠ, ഌ, ൡ, ഐ, ഔ, അം, അഃ എന്നവയെത്തള്ളിയിരിക്കുന്നതു, മുറയ്ക്കുപറയുംപോൾ അവ അച്ചുകൾ അല്ലായ്കകൊണ്ടാകുന്നു. ഋ ൠ ഌ ൡ എന്നവ, ര, ല എന്നവയുടെ വികാരങ്ങൾ ആകുന്നു. അവയിൽ ൠ ഌ ൡ എന്നവ മലയാഴ്മയിൽ തീരെ വരുന്നില്ല. സംസ്കൃതത്തിലും അപൂർവ്വം ആകുന്നു. ഋ എന്നതു വരുന്നതാകയാൽ അതിനെ കുറിച്ചു പിന്നാലെ കാണും. അം അഃ എന്നവ അകാരത്തോടു മകാരവും ഹകാരവും ചേരുന്നതിനാൽ ഉണ്ടാകുന്നതാകുന്നു

ഐ, ഔ, എന്നവ ലിപ്തസ്വരങ്ങൾ ആകയാൽ മുറപ്രകാരമുള്ള സ്ഥലത്തു അവയെക്കുറിച്ചു പറയും. എകാരത്തിന്റെയും ഒകാരത്തിന്റെയും ദീർഘസ്വരങ്ങളെ വെവ്വേറെ അക്ഷരങ്ങളെക്കൊണ്ടു സാധിച്ചിരിക്കുന്നതു, അക്ഷരമാലയുടെ വൃത്തിക്കായിട്ടാകുന്നു. അല്ലാഞ്ഞാൽ അർത്ഥംകൊണ്ടും ശബ്ദംകൊണ്ടും വെവ്വേറായിരിക്കുന്ന മൊഴികൾ ഒന്നായിത്തീരുന്നതിന്നു ഇടവരും: ദൃഷ്ടാന്തം: ലോഹാദിയിൽ ഒന്നായിരിക്കുന്ന ചെമ്പു എന്നതും മൂലങ്ങളിൽ ഒന്നായിരിക്കുന്ന ചേമ്പു എന്നതും തമ്മിലും പാത്രമെന്ന അർത്ഥമാകുന്ന കൊട്ട എന്നതും മതിലുള്ള പട്ടണമെന്ന അർത്ഥം വരുന്ന കോട്ട എന്നതും തമ്മിലും മറ്റും ഭേദമില്ലാതിരിക്കും. എകാരവും ഒകാരവും ഇകാരത്തിന്നും ഉകാരത്തിന്നും മുൻപിൽ വെക്കപ്പെട്ടിരിക്കുന്നതു, അക്ഷരങ്ങൾക്കു ആധാരമായിരിക്കുന്ന അകാരത്തോടു അവെക്കു ഇവയിലും അടുപ്പമുള്ളതിനാൽ ആകുന്നു. സംസ്കൃതമൊഴികെ മറ്റ അനേകം ഭാഷകളിൽ അവ തന്നേ മുൻപായിരിക്കുന്നു. സംസ്കൃതത്തിൽ അവ പുറകായിപ്പോയതു ആ ഭാഷയിൽ അവ ലിപ്തസ്വരങ്ങളായി വിചാരിക്കപ്പെട്ടിരിക്കയാൽ ആകുന്നു. ഹല്ലുകളിൽ ഭേദം വരുത്തിയിരിക്കുന്നതു ക്ഷകാരത്തെ കളഞ്ഞതും ഴ, റ, റ്റ ഩ് എന്നവയെ ചേർത്തതുമാകുന്നു. ക്ഷകാരം കൂട്ടക്ഷരമാകയാൽ അതിനെ മൂലാക്ഷരങ്ങളുടെ കൂട്ടത്തിൽനിന്നു തള്ളിയിരിക്കുന്നു. മററവ നാലും സംസ്കൃതത്തിലില്ല, എങ്കിലും മലയാഴ്മയിൽ അധികം വരുന്നതാകകൊണ്ടു ചേർത്തുമിരിക്കുന്നു. അവയിൽ ഩ്കാരമേ നടപ്പില്ലാതുള്ളു. അതിന്റെ ശബ്ദം വേണ്ടുന്നിടത്തു നകാരം കൊണ്ടു കഴിക്കുന്നു. എന്നാൽ അതിൽനിന്നു ചില പിണക്കത്തിന്നിട ഉണ്ടു. ദൃ—ന്തം. എന്നാൽ [ഞാൻ മൂലമായി]; എഩ്ഩാൽ [അങ്ങനെ എങ്കിൽ].

൧൫. അക്ഷരങ്ങളുടെ പേരു പറയുന്നതിൽ കാരം എന്നതു ചേർത്തുപറക നടപ്പാകുന്നു: ദൃ—ന്തം; അകാരം, ആകാരം, ഋകാരം, ൠകാരം. കകാരം തുടങ്ങി മകാരം വരെയുള്ള ഹല്ലുകൾക്കു വർഗ്ഗങ്ങൾ എന്നും ശേഷമുള്ളവെക്കു അവർഗ്ഗങ്ങൾ എന്നും പേരു വീണിരിക്കുന്നു. പിന്നെയും വർഗ്ഗങ്ങളിൽ മേൽ കീഴായിട്ടു ഒന്നാം പന്തിയിൽ നില്ക്കുന്ന ക, ച, ട, ത, പ എന്നവെക്കു ഖരങ്ങൾ എന്നും മൂന്നാം പന്തിയാം ഗ, ജ, ഡ, ദ, ബ എന്നവെക്കു മൃദുക്കൾ എ

ന്നും രണ്ടുകൂട്ടത്തിന്നും കൂടെ അല്പപ്രാണങ്ങൾ എന്നും രണ്ടാം പന്തിയാം ഖ, ഛ, ഠ, ഥ, ഫ എന്നവെക്ക അതിഖരങ്ങൾ എന്നും നാലാം പന്തിയാകുന്ന ഘ, ഝ, ഢ, ധ, ഭ എന്നവെക്ക ഘോഷങ്ങൾ എന്നും രണ്ടുകൂട്ടത്തിന്നും കൂടെ മഹാപ്രാണങ്ങൾ എന്നും അഞ്ചാം പന്തിയാകുന്നങ, ഞ, ണ, ന, മ എന്നവെക്കും ന°കാരത്തിന്നും അനുനാസികങ്ങൾ എന്നും നാമമായിരിക്കുന്നു.

൧൬. അച്ചുകൾക്ക അക്ഷരക്കൂട്ടത്തിൽ കാണുന്നപ്രകാരം തങ്ങളുടെ സാക്ഷാൽ ഉള്ള രൂപം മൊഴിയുടെ തുടസ്സത്തിൽ നില്ക്കുമ്പോഴേ ഉള്ളു അല്ലാത്തപ്പോൾ അകാരം സകല ഹല്ലിലും അടങ്ങിയിരിക്കുന്നു: ദ്‌—ന്തം, ന=ൻ അ; മ=ം അ; ല=ൽ അ; ച=ച് അ. ശേഷം ഉള്ളവ ഠരം താഴെ കാണിക്കുന്ന പ്രകാരത്തിൽ രൂപം മാറുന്നു.

സ്വരൂപം.	വിരൂപം.	നാമം.	ദൃഷ്ടാന്തം.
ആ	ാ	ദീൎഘം	കാ, ചാ, ടാ, താ, പാ, യാ, രാ.
എ	െ	പുള്ളി	ഖെ, ജെ, ഢെ, മെ, തെ.
ഏ	േ	കെട്ടുപുള്ളി	ഗേ, ഘേ, ങേ, ഛേ, ടേ.
ഇ	ി	വള്ളി	തി, ഥി, ദി, ധി, നി, ഞി.
ഈ	ീ	കെട്ടുവള്ളി	പീ, ഫീ, ബീ, ഭീ, മീ, യീ.
ഒ	ൊ	പുള്ളിയും ദീൎഘവും	രൊ, ലൊ, വൊ, ശൊ, ഷൊ.
ഓ	ോ	കെട്ടുപുള്ളി ദീൎഘം	സോ, ഹോ, ളോ, ക്ഷോ, ചോ.
ഉ	ു	ചുഴിപ്പു	പു, ബു, മു, ലു, ചു, ങു.
ഊ	ൂ	ഇരട്ടിച്ചുഴിപ്പു	ഖൂ, രൂ, ഞൂ, ടൂ, ധൂ, ഢൂ, ഥൂ.

ജ്ഞാപനം. ക, ഗ, ഛ, ജ, ണ, ത, ന, ഭ, ര, ശ, ഹ. എന്നവയോട ഉകാരം ചേരുമ്പോൾ ക്രമത്തിന്ന കു, ഗു, ഛു, ജു, ണു, തു, നു, ഭു, രു, ശു, ഹു, എന്നവയായിട്ടും ഊകാരം ചേരുമ്പോൾ ക്രമത്തിന്ന കൂ, ഗൂ, ഛൂ, ജൂ, ണൂ, തൂ, നൂ, ഭൂ, രൂ, ശൂ, ഹൂ, എന്നവയായിട്ടും തിരുന്നു. പിന്നയും കു, ഗു, ഛു, ജു, രു, ഭു, ശു, ഹു, എന്ന രൂപങ്ങൾക്ക പകരം ക്രു, ഗ്രു, ഛ്രു, ജ്രു, രു, ഭ്രു, ശ്രു, ഹ്രു, എന്ന രൂപങ്ങളും വരും.

൧൭. രണ്ടു വെവ്വേറായ ഹ്രസ്വസ്വരങ്ങൾ കൂടി ഉണ്ടാകുന്ന സ്വരത്തിന്ന ദ്വിത്വസ്വരമെന്ന പേരാകും. ഇങ്ങനെയുള്ള സ്വരങ്ങളിൽ രണ്ടിന്ന പ്രത്യേകയക്ഷരങ്ങൾ ഉണ്ടു. ആയവ അകാരത്തോട ഇകാരം ചേൎന്ന ഉണ്ടാകുന്ന ഐകാരവും ഉകാരം ചേൎന്ന ഉണ്ടാകുന്ന ഔകാരവും ആകുന്നു. ഹല്ലിന്ന പിന്നാലേ വരുമ്പോൾ ഐകാരം ഇരട്ടപ്പുള്ളി [ൈ] ആയിട്ടും തീരുന്നു. ദൃ—ന്തം: കൈ, തൈ, മൈ, വൈ. ഔകാരം പുള്ളിയും ഇരട്ട ദീൎഘവും [ൌ] ആയിട്ടും ഇരട്ട ദീൎഘം തന്നേ ആയിട്ടും തീരുന്നു. ദൃ—ന്തം. വൌ, തൌ, മൌ, ഭൌ, സൗ, മൗ, ജൗ, ധൗ. ഐ, ഔ, എന്നവയും അയ, അവ എന്നവയും തമ്മിൽ മാറി മാറി വരും. ദൃ—ന്തം. ഐകമത്യം, അയ്ക്കമത്യം, വേദവ്യാസൻ, വേദൌവ്യാസൻ.

൧൮. അച്ചുകൾക്കും അച്ചുകളോട കൂടിയ ഹല്ലുകൾക്കും പൂൎണ്ണാക്ഷരങ്ങൾ എന്ന പേരായിരി

ക്കുന്നു. അച്ചോടുകൂടാതുള്ള ഹല്ലുകൾക്ക അർദ്ധാക്ഷരങ്ങൾ എന്നും നാമമായിരിക്കുന്നു. ണ, ന, മ, ര, ല, ള, ഹ എന്നവ അർദ്ധാക്ഷരങ്ങളായിട്ടു വരുമ്പോൾ അവ ക്രമത്തിന്നു ൺ, ൻ, ം, ർ, ൽ, ൾ, ഃ, എന്നവയായിട്ടു രൂപം മാറുന്നു. ഇവെക്ക അന്ത്യരൂപങ്ങൾ എന്ന പേരുമായിരിക്കുന്നു.

൧൯. മലയാഴ്മയിൽ അർദ്ധാച്ച എന്നു പേരായിട്ടു ഒരു ശബ്ദം ഉണ്ടു. അതു അകാരത്തിന്നും ഏകാരത്തിന്നും മദ്ധ്യെ ഒരു ശബ്ദമാകുന്നു. അതു മൊഴികളുടെ ആദ്യത്തിൽ വരുന്നതല്ലായ്ക കൊണ്ടു അതിനു വിശേഷാൽ എഴുത്തില്ലാതെയും മൊഴികളുടെ അന്ത്യത്തിൽ വരുന്നതാകകൊണ്ടു അപ്പോൾ ചിലരാൽ അകാരത്തെക്കൊണ്ടും ചിലരാൽ ഉകാരത്തെക്കൊണ്ടും അടയാളപ്പെട്ടും ഇരിക്കുന്നു. എന്നാൽ ഈ ശബ്ദത്തെ പ്രത്യേകം അടയാളപ്പെടുത്തുവാൻ ഉള്ളതാകുന്നു എങ്കിലും ആയതു അച്ചടിയിൽ സാധിക്കുന്നതിന്നു പ്രയാസമാകയാൽ ഈ പുസ്തകത്തിൽ തമിഴരീതി പ്രകാരം ഉകാരാന്തം കൊണ്ടു കുറിക്കപ്പെട്ടിരിക്കുന്നു. ദൃ—ന്തം 'കാട' [ഒരു വകപക്ഷി] 'കാടു' [വനം]. അച്ചോടു സംബന്ധിക്കാതെ മൊഴികളുടെ അന്ത്യത്തിൽ വരുന്ന ഹല്ലുകൾക്ക അർദ്ധാച്ച ചേരും. അല്ലാഞ്ഞാൽ അവയുടെ ശബ്ദം കേൾക്കപ്പെടുന്നതല്ല. ണ, ന, മ, ര, ല, ള, ഹ എന്നവ ചിലപ്പോൾ അർദ്ധാച്ചോടു കൂടാതെ അന്ത്യരൂപങ്ങളായും വരും. എന്തെന്നാൽ അവ അച്ചിന്റെ സഹായം കൂടാതെ അല്പമായിട്ടു ശബ്ദിക്കാകുന്ന സാർദ്ധസ്വര

ങ്ങളുടെ വൎഗ്ഗത്തിൽ ചേൎന്നവയാകുന്നു: ദൃ—ന്തം; മീനു=മീൻ, കാലു=കാൽ, ആണു=ആൺ.

൨൦. ചില അച്ചടിപ്പുസ്തകങ്ങളിലെ നടപ്പിൻപ്രകാരം അൎദ്ധാച്ചിന്റെ ശബ്ദത്തെ ഹല്ലുകളിൽ ആന്തരമായിരിക്കുന്ന അകാരത്തെക്കൊണ്ടു കുറിച്ചാൽ വ്യാകരണത്തിൽ വളരെ കുഴെച്ചിൽ ഉണ്ടാകും: ദൃ—ന്തം; 'കാള + അല്ല = കാളയല്ല, നാടു + അല്ല = നാടല്ല; പറവ—പറവകൾ, കടവു—കടവുകൾ; കാട—കാടയെ, മാടു—മാട്ടിനെ; കാട—കാടപ്പക്ഷി, വീടു—വീട്ടുസാമാനം; നട—നടക്കുക, പടു—പടുക'. പിന്നെയും 'മേട മേടു;' ചാറ, ചാറു; മത്ത, മത്തു; മൊട്ട, മൊട്ടു; ചെള്ള, ചെള്ളു; ചമ്പ, ചമ്പു;' എന്നിങ്ങനെ പൊരുളും ശബ്ദവും വ്യത്യാസമായിരിക്കുന്ന പദങ്ങൾ തമ്മിൽ ഇതിനാൽപ്പിണക്കം വരും.

എന്നാൽ ഉകാരത്തെക്കൊണ്ടു സാധിക്കുന്നതിൽ വെച്ചു അൎദ്ധാച്ചിന്റെ ശബ്ദം വിശേഷാൽക്കുറിക്കപ്പെടുന്നില്ല എന്നല്ലാതെ യാതൊരു വിഷമവുമില്ല. ഭൂതകാലവും വന്തം എന്ന വചനാധേയവും ഒഴികെ പൂൎണ്ണാച്ചിലും അൎദ്ധാച്ചിലും അവസാനിക്കുന്ന പദങ്ങൾ അക്ഷരങ്ങളിൽ ഒത്തുവരുന്നതല്ലായ്കയാൽ പൊരുൾ പിണങ്ങുന്നതിനുവകയില്ല. വന്തം വാക്യത്തിന്റെ അന്ത്യത്തിൽ വരാത്തതും ഭൂതകാലം അവിടെ മാത്രം വരുന്നതുമാകകൊണ്ടു അവതമ്മിൽ നിലഭേദത്താൽ വിവരം തിരിയുന്നതും ഉകാരാന്തത്തിൽ രൂപവ്യത്യാസമില്ലാത്തതുമാകുന്നു; ദൃ—ന്തം; 'ഞാൻ അവനെപ്പറഞ്ഞു വരുത്തി; അവൻ എന്നെപ്പേരുചൊല്ലിവിളിച്ചു.' എന്നാൽ വന്തത്തെ അകാരാന്തമാക്കുന്നതിൽ വെച്ചു അതും നാമധേയവും തമ്മിൽ നിലഭേദം കൊണ്ടു തിരിച്ചെടുപ്പാൻ വഹിയാത്തവണ്ണം പിണങ്ങുന്നു: ദൃ—ന്തം; 'കട്ടു മുതൽ കൊണ്ടു പോയവൻ, കട്ടമുതൽ കൊണ്ടു പോയവൻ' ശബ്ദവ്യത്യാസവും മൊഴികളുടെ തരഭേദങ്ങളാലും മറ്റും മിക്കവാറും വിവരമാകും. എന്തെന്നാൽ അന്ത്യത്തിലെ ഉകാരം മുറെക്ക ഉച്ചരിക്കുന്നതു നിരാധാര നിലയിലെ വചനങ്ങളിലും പ്രഥമയിൽത്തന്നെ വു എന്നതു പിൻ ചേരാകുന്ന നാമങ്ങളിലുമേയുള്ളു: ദൃ—ന്തം; 'വന്നു, വരുന്നു, വരു, വരാഞ്ഞു; പശുവു, പശു, ബന്ധുവു, ബന്ധു, സേതുവു, സേതു.

൨൧. അൎദ്ധാച്ചിന്റെ ശബ്ദത്തോടു അടുത്ത ഒരു ശബ്ദം സാധസ്വരങ്ങളായ ര, ല, എന്നവയോടു ചേരുമ്പോൾ ഋ, ഌ, എന്ന എഴുത്തുകളും അവയുടെ ദീൎഘാക്ഷരങ്ങളാകുന്ന ൠ, ൡ, എന്ന എഴുത്തുകളും ഉണ്ടാകുന്നു. അവയിൽ ഋ എന്നതേ

മലയാഴ്മയിൽ വരുന്നുള്ളു. അതു മൊഴിയുടെ ആദിയിൽ അല്ലാതെ വരുമ്പോൾ കുനിപ്പു [൧] ആയിട്ടു രൂപം മാറുന്നു: ദ്യ-ന്തം; ക്യ, ത്യ, മ്യ. മററവമൂന്നും മലയാഴ്മയിൽവരുന്നില്ല. സംസ്കൃതത്തിലും ചുരുക്കമാകുന്നു.

൨൨. ഹല്ലുകൾ ഇരട്ടിക്കയും പല പ്രകാരത്തിൽ കൂടി ഒന്നിക്കയും ചെയ്യും. അപ്പോൾ ഒന്നിന്നു കിഴെ ഒന്നിനെയിടുക നടപ്പാകുന്നു: ദൃ-ന്തം; ഗ്ഗ, പ്പ, മ്മ, സ്ന, സ്മ, ശ്മ. ചിലപ്പോൾ അവയുടെ രൂപത്തിന്നു ഭാഷഭേദം വരികയും ഉണ്ടു: ദൃ-ന്തം; ക്ഷ, ക്ക, ന്ത, ന്പ, സ്ഥ, സ്ഥ. എന്നാൽ മഹാപ്രാണങ്ങൾ കൂട്ടക്ഷരങ്ങളിൽ അല്പപ്രാണങ്ങൾക്കു മുൻപെ വരികയും ഖരവും അതിഖരവും ആയവയും മൃദുവും ഘോഷവും എന്നവയും തമ്മിൽ ഒന്നിക്കയും നടപ്പില്ല.

൨൩. കൂട്ടക്ഷരങ്ങളിൽ പ്രധാനമായിട്ടുള്ളവ, ക്ക, ങ്ങ, ച്ച, ഞ്ഞ, ട്ട, ണ്ണ, ത്ത, ന്ന, പ്പ, മ്മ, യ്യ, ല്ല, വ്വ, ള്ള, ററ, ന്ന, ഗ്ഗ, ജ്ജ, ഡ്ഡ, ദ്ദ, ബ്ബ, സ്സ, എന്നവ മുതലായ ഇരട്ടയക്ഷരങ്ങളും യകാരം പിൻചേൎന്നുണ്ടാകുന്ന ക്യ, ഖ്യ, ഗ്യ, ഘ്യ, ങ്യ എന്നവ തുടങ്ങിയുള്ള ക്യവൎഗ്ഗവും രകാരം പിൻചേൎന്നുണ്ടാകുന്ന ക്ര, ഖ്ര, ഗ്ര, ഘ്ര, ങ്ര എന്നവയും മററുമായ ക്രവൎഗ്ഗവും ലകാരം പിൻചേൎന്നുണ്ടാകുന്ന ക്ല, ഖ്ല, ഗ്ല, ഘ്ല, എന്നവയാദിയായുള്ള ക്ല, വൎഗ്ഗവും വകാരം പിൻചേൎന്നുണ്ടാകുന്ന ക്വ, ഖ്വ, ഗ്വ, ഘ്വ, എന്നവ മുതലായ ക്വവൎഗ്ഗവും, രകാരം മുൻചേൎന്നുണ്ടാകുന്ന ൎക്ക, ൎഗ്ഗ, ൎച്ച, ൎത്ത, ൎന്ന, ൎപ്പ, എന്നവയുംപ്പെട്ടവയും നാനാക്ഷരങ്ങൾ ചേൎന്ന

ണ്ടാകുന്ന ങ്ക, ഞ്ച, ണ്ട, ന്ത, ന്പ, ന്റ, ന്ദ, ഗ്ല, ഗ്ദ, ദ്ധ, ത്ഥ, ത്സ, ത്മ, ന്സ, ഷ്ട, ഷ്പ, ത്ന, ക്ഷ, ക്ഷ്മ, ന്ത്ര, ന്സ്ര, എന്നിങ്ങനെ വരുന്നവയും ആകുന്നു. കൂട്ടക്ഷരങ്ങളൊടു അച്ചുചെരുന്നതു അന്ത്യാക്ഷരത്തിൻപ്രകാരമാകുന്നു: ദൃ-ന്തം; ത്തു, കത്തു; ധ്യു, ത്ത്യു; ത്ര, ശ്രൂ; വ്യൂ, ത്വൃ.

൨൪. യ, ര, ല, വ, എന്നവ പിൻചേൎന്നും അനുനാസികങ്ങൾ ഒഴികെയുള്ള വൎഗ്ഗങ്ങൾ മുൻനിന്നും ഉണ്ടാകുന്ന കൂട്ടക്ഷരങ്ങളിൽ മുൻപിലത്തെ അക്ഷരം ഒററയായി എഴുതപ്പെടുകയും ഇരട്ടയായി ശബ്ദിക്കപ്പെടുകയും നടപ്പാകുന്നു. ദൃ-ന്തം; 'അന്യ്യൻ, എത്ര, ശുക്ലം, തത്വം, രക്തം, അഗ്നി' എന്നവ, 'അന്ന്യൻ, എത്ത്ര, ശുക്ക്ലം, തത്ത്വം, രക്ത്തം, അഗ്ഗ്നി' എന്നുഎഴുതും പോലെ ശബ്ദിക്കേണ്ടുന്നതാകുന്നു. ഇരട്ടിച്ചു എഴുതുന്നതും അനക്ഷരമല്ല: ദൃ--ന്തം; 'അദ്ധ്യാനം': എങ്കിലും മൊഴിയുടെ തുടസ്സത്തിൽ നില്ക്കുംപോൾ ഒരു വകയക്ഷരങ്ങളേ ഒററയായിട്ടു തന്നേ എഴുതുകയും ശബ്ദിക്കയും വേണം: ദൃ-ന്തം; 'ന്യായം, പ്രകാരം, ക്ലേശം, ത്വാന്തം.' ര, ല, ള, ഴ, എന്നവ മുൻചേൎന്നുണ്ടാകുന്ന കൂട്ടക്ഷരങ്ങളിൽ പിന്നത്തെ ഹല്ലു ഇരട്ടയായി ശബ്ദിക്കേണം. എഴുതുക ഒററയായും ഇരട്ടയായും നടപ്പുണ്ടു: ദൃ--ന്തം; 'കൎത്താവു, അൎത്ഥം, കൎമ്മം, കൽപ്പലക, കല്ക്കുന്നു, താഴ്വ, ദീൎഘം, വൎഷം, ദൎശനം, കല്പന.' എന്നാൽ ശുദ്ധമലയാഴ്മ മൊഴികളിലേ കൂട്ടക്ഷരങ്ങളിൽ ഇരട്ടയായി ശബ്ദിക്കുന്ന യക്ഷരങ്ങൾ ഇരട്ടയായിട്ടു തന്നേ എഴുതപ്പെടുവാനുള്ളതാകുന്നു. ദൃ--ന്തം; 'എത്ത്ര, ചേൎന്ന, പുല്ക്കൂട, നെല്പുര, പോക്കളം, താഴ്ത്തുക'.

രണ്ടാം സൎഗ്ഗം—അക്ഷരങ്ങളുടെ ഉത്ഭവങ്ങൾ.

൧൨. അകാരം ശബ്ദങ്ങളിലെക്ക എളുപ്പമുള്ളതും ശ്രെഷ്ഠം അക്ഷരങ്ങൾക്ക ഒക്കയും ആധാരവും ആകുന്നു. ആകയാൽ അത മിക്കഭാഷയിലും അക്ഷരമാലയിൽ മുൻപായിരിക്കുന്നു. അതുണ്ടാകുന്നത വാ തുറന്നു തൊണ്ടയിൽ കൂടെ ശ്വാസം വിടുക മാത്രം ചെയ്യുന്നതിനാൽ ആകുന്നു. മറവുള്ള ഹല്ലുകളോടുള്ളതിനെക്കാൾ കണ്ഠ്യവൎഗ്ഗത്തോടും പ്രത്യെകം ഹകാരത്തോടും അതിന്നു അധികം അടുപ്പമുണ്ട.

൧൩. എകാരം മുൻപിലത്തെപ്പോലെ ശ്വാസം വിടുന്നതിനാൽ ഉണ്ടാകുന്നു. എന്നാൽ നാക്ക കുറെ പരന്നു അണ്ണാക്കിനോട സമീപിപ്പിക്കയും ചിറികൾ വീതിയിൽ പരത്തി തമ്മിൽതമ്മിൽ കുറെ അടുപ്പിക്കയും ചെയ്തിരിക്കെണം.

൧൪. ഇകാരം പുറപ്പെടുന്നത എകാരം പോലെ തന്നെ. എന്നാൽ നാക്കിന്റെ നടുവു മുൻപിലത്തതിലും അധികം പരത്തി അണ്ണാക്കിനോട അടുപ്പിക്കയും ചിറികളെ അധികമായിട്ടു പരത്തി തമ്മിൽതമ്മിൽ സമീപിപ്പിക്കയും ചെയ്തിരിക്കെണം. എ, ഇ എന്നവ തമ്മിൽ അടുത്ത സംബന്ധമുള്ളതും അവെക്കും താലവ്യങ്ങൾക്കും പ്രത്യെകമായിട്ടു യകാരത്തിന്നും തമ്മിൽ ചെൎച്ചയുള്ളതും ആകുന്നു.

൧൫. ഒകാരം അകാരം പോലെ ഉണ്ടാകുന്നു. എന്നാൽ നാക്ക അസാരം ഉള്ളിലോട്ടു വലിച്ചു കീഴ്ത്താടിയോട സമീപിച്ചു വെക്കയും ദ്വാരം അ

ധികമാകുവാൻതക്കവണ്ണം ചിറികൾ തമ്മിൽ ചുരുക്കി അടുപ്പിക്കയും വേണം.

൨൯. ഉകാരം ശബ്ദിക്കുന്നതു ഒകാരം പോലെ തന്നേ ആകുന്നു. എന്നാൽ നാക്കു മുൻപിലത്തതിലും കുറേ കൂടെ ഉള്ളിലോട്ടു വലിക്കയും ചിറികൾ കുറേ കൂടെ ചുരുക്കി മുൻപോട്ടു തള്ളിക്കയും വേണം. ആകയാൽ ൦രംയക്ഷരങ്ങൾ തമ്മിൽ സംബന്ധമായിരിക്കുന്നതും അല്ലാതെ ഓഷ്ഠ്യങ്ങളോടും പ്രത്യേകം വകാരത്തോടും അടുപ്പമായിരിക്കുന്നു.

൩൦. ദീൎഘസ്വരങ്ങൾ അവയുടെ സമാനമായിരിക്കുന്ന രണ്ടു ഹ്രസ്വങ്ങളെ ഒരു വീൎപ്പിൽ ശബ്ദിക്കുന്നതിനാൽ ഉണ്ടാകുന്നു. ആകയാൽ ഒരു ദീൎഘസ്വരത്തിന്നു ഹ്രസ്വം ശബ്ദിക്കുന്നതിൽ ഇരട്ടി നേരം വേണ്ടിയിരിക്കുന്നു. ഹ്രസ്വം ശബ്ദിക്കുന്നതിന്നുള്ള നേരം ഒരു മാത്രയാകുന്നു; ആയതു ഒരു ഞൊടിയളവിന്നും ഇമെപ്പളവിന്നും സമമാകുന്നു. ദ്വിത്വ സ്വരങ്ങൾക്കും രണ്ടു മാത്ര വേണം. രണ്ടു വെവ്വേറായ ഹ്രസ്വങ്ങളെ ഒരു വീൎപ്പിൽ ശബ്ദിക്കുന്നതിനാൽഅവയുണ്ടാകുന്നു. രണ്ടു മാത്രയിൽ അധികം വേണ്ടുമ്പോൾ അടയാളവും അക്ഷരവും കൂട്ടി എഴുതും: ദ്ര-ന്തം; 'ബാലാആം' ആ ശബ്ദം പ്ലുതം എന്നു ചൊല്ലപ്പെടുന്നു.

൩൧. ശ, ഷ, സ എന്നവയുൾപ്പെടെ ഖരങ്ങളെ ശബ്ദിക്കുന്നതിന്നു ശ്വാസം വായിൽ കൂടെ മാത്രമേ കടക്കുന്നുള്ളു. മൃദുക്കളെ ശബ്ദിക്കുന്നതിന്നു സ്വരം തൊണ്ടയിൽ മുഴങ്ങീട്ടു അധികമായി വായിൽ കൂടയും അല്പമായി മൂക്കിൽ കൂടയും പു

റപ്പെടുന്നു. അനുനാസികങ്ങളെ ശബ്ദിക്കുന്നതിന്നു ശ്വാസം അധികമായിട്ടു മൂക്കു വഴിയായും അല്പമായിട്ടു വായിൽ കൂടയും പുറപ്പെടുന്നു.

ജ്ഞാപനം. വായടച്ചും കൊണ്ടു ഖരങ്ങളെ ഉച്ചരിപ്പാൻ ശ്രമിച്ചാൽ ഉണ്ടാകുന്നതു തീരെ മൌനതയാകുന്നു. എന്നാൽ ആപ്രകാരത്തിൽ മൃദുക്കളെ ഉച്ചരിക്കുന്നതിന്നു നോക്കിയാൽ തൊണ്ടയിൽ ഒരു മുഴക്കം ഉണ്ടാകും. ആയതു മൂക്കിൽ കൂടെപ്പുറപ്പെടുന്ന സ്വരമാകുന്നു. അനുനാസികങ്ങളെ ശബ്ദിക്കുന്നതിന്നു ആ വിധത്തിൽ നോക്കിയാൽ ശബ്ദം നല്ല തെളിവായിട്ടു കേൾക്കാം. എന്തെന്നാൽ അവ പുറപ്പെടുന്നതിന്നുള്ള പ്രധാന വഴി മൂക്കാകുന്നു. പിന്നെ മറിച്ചു മൂക്കു പൊത്തിയുംകൊണ്ടു ഠരം മൂന്നു തരയക്ഷരങ്ങളെയും പുറപ്പെടുവിക്കുന്നതിന്നു നോക്കിയാൽ ഖരത്തിന്റെ ശബ്ദം മൂക്കു തുറന്നിരുന്നാലുള്ളതു പോലെ നല്ല തെളിവായിരിക്കും. മൃദുക്കളുടെ ശബ്ദം അങ്ങനെ ആകുമ്പോൾ തെളിവു കുറഞ്ഞിരിക്കും. അനുനാസികങ്ങളുടെ ശബ്ദം തീരെത്തെളിവില്ലാതെ ആയിപ്പോകയും ചെയ്യും.

൩൨. വർഗ്ഗ്യങ്ങളെ ശബ്ദിക്കുന്നതിൽ നാവു വായിൽത്തടഞ്ഞിട്ടും ചിറികൾ തമ്മിൽ കൂട്ടീട്ടും ശബ്ദം തീരെത്തടഞ്ഞിട്ടേ വായിൽനിന്നും മൂക്കിൽനിന്നും പുറപ്പെടുന്നുള്ളൂ. എന്നാൽ ശ, ഷ, സ എന്ന ഊഷ്മാക്കളെ ശബ്ദിക്കുന്നതിന്നു, സ്വരം വായിൽ തടഞ്ഞു നില്ക്കാതെ ഒതുങ്ങിപ്പുറപ്പെടുന്നു. **യ, ര, ല, വ**, എന്ന സാധസ്വരങ്ങളെയും **ള, ഴ, റ** എന്ന അന്തസ്ഥകളെയും ശബ്ദിക്കുന്നതിന്നു സ്വരം വായിൽത്തടയാതെ നാക്കു തെന്നുന്നതിനാൽ പുറപ്പെടുന്നു.

൩൩. മഹാ പ്രാണങ്ങളെ ശബ്ദിക്കുന്നതു ഹകാരത്തിന്റെ ശബ്ദം കൂട്ടീട്ടു പിന്നെ അല്പപ്രാണങ്ങളെപ്പോലാകുന്നു. ഹകാരമെന്നതു ഉണ്ടാകുന്നതു അകാരം പോലെ തന്നേ. എന്നാൽ സ്വരം നല്ല വേഗത്തോടും ചൊടിപ്പോടും കൂടപ്പുറപ്പെടുന്നു. ആകയാൽ ശബ്ദത്തിന്റെ എളു

പ്പത്തിനായിട്ട ഛകാരത്തെ ൡകാരമായിട്ട മാറുകയുമുണ്ട.

൩൪. ഇരട്ടയക്ഷരങ്ങളെ ഉച്ചരിക്കുന്നതു ഒറ്റയക്ഷരങ്ങളെപ്പോലെ ആകുന്നു. എന്നാൽ ഇരട്ടി ശ്വാസം വായിൽ വന്നു കൂട്ടുവോളത്തേക്കു സ്വരം പുറപ്പെടുവിക്കുന്നില്ല.

൩൫. കണ്ഠ്യങ്ങളായിരിക്കുന്ന ക, ഖ, ഗ, ഘ, ങ എന്നവ തൊണ്ടയ്ക്കരികെ വായുടെ മേൽ ഭാഗത്തു നാവിന്റെ മേൽ വശം തൊടുന്നതിനാൽ ഉണ്ടാകുന്നു.

൩൬. താലവ്യങ്ങളാം ച, ഛ, ജ, ഝ, ഞ, യ, ശ എന്നവ നാക്കിന്റെ നടുവു അണ്ണാക്കിൻ മേൽ തൊടുന്നതിനാലെ ഉണ്ടാകുന്നു. ശ എന്നതു താലവ്യ ഊഷ്മാവാകയാൽ അതു ശബ്ദിക്കുന്നതിന്നു സ്വരം തടെയാതെ ഒതുങ്ങിപ്പുറപ്പെടണം. യകാരം താലവ്യ സാദ്ധ്യസ്വരമാകയാൽ അതു ശബ്ദിക്കുന്നതിൽ നാക്കു അണ്ണാക്കിൻ മേൽ തൊടുന്നതല്ലാതെ സ്വരം തടഞ്ഞു നില്ക്കുന്നില്ല.

൩൭. മൂൎദ്ധന്യങ്ങളാകുന്ന ട, ഠ, ഡ, ഢ, ണ, ഷ, ഴ, ള, എന്നവ മേലണ്ണാക്കിനോടു നാവിന്റെ അഗ്രം ചേരുന്നതിനാൽ ഉണ്ടാകുന്നു. ഷകാരം മൂൎദ്ധന്യ ഊഷ്മാവാകയാൽ സ്വരം തടെഞ്ഞു നില്ക്കാതെ ഒതുങ്ങിപ്പോരുന്നു. ഴകാരം ശബ്ദിക്കുന്നതിന്നു നാവിന്റെ അറ്റം അണ്ണാക്കിനോടു ഉരസ്സുന്നതേയുള്ളൂ ളകാരം ശബ്ദിക്കുന്നതിൽ നാവിന്റെ തുഞ്ചം അണ്ണാക്കിൽതൊട്ടിട്ടു ചുരുക്കെന്നു തെന്നുന്നു.

൩൮ ദന്ത്യാക്ഷരങ്ങളാം റ്റ, ന്, ര, റ,

ല എന്നവ നാക്കിന്റെ പുച്ഛം മോണെക്ക തൊടുന്നതിനാൽ ഉണ്ടാകുന്നു. ററ, ൻറ, എന്നവയിൽ വരുന്ന റകാരത്തിന്റെ ശബ്ദം ഖരവൎഗ്ഗത്തിന്റെ ശബ്ദമാകയാൽ നാവുകൊണ്ടു തീരെത്തടഞ്ഞിട്ടു പുറപ്പെടുന്നു. ൻകാരം അനുനാസികം ആകയാൽ അതു ശബ്ദിക്കുന്നതിന്നു നാക്കിന്റെ അററം മോണെയിൽ തടഞ്ഞിട്ടു മററ അനുനാസികങ്ങളുടെ കൂട്ടു മൂക്കിൽക്കൂടയും വായിൽക്കൂടയും ശ്വാസം പുറപ്പെടെണം. ഺകാരം ശബ്ദിക്കുന്നതു ററ എന്നതുപോലെ തന്നേ ആകുന്നു. എന്നാൽ നാക്കിന്റെ അററം കൊണ്ടു ശബ്ദത്തെ തീരെത്തടെയരുതു. റ എന്നതു ഉച്ചരിക്കുന്നതിൽ നാക്കു മോണെയോടു ചേരായ്കകൊണ്ടു നാക്കിന്റെയും മോണെയുടെയും ഇടയിൽക്കൂടെ ശ്വാസം ഇറങ്ങിപ്പോരുന്നു. ലകാരം ഉച്ചരിക്കുന്നതിന്നുള്ള പടുതി ററ എന്നതിന്റേതു തന്നേ. എന്നാൽ ളകാരം ശബ്ദിക്കുന്നതുപോലെ നാക്കു ചുരുക്കെണ്ടു തെന്നുന്നു.

൩൯. ദന്ത്യങ്ങളാകുന്ന ത, ഥ, ദ, ധ, ന, സ, എന്നവയുണ്ടാകുന്നതു നാവിന്റെ അഗ്രം പല്ലേൽത്തടയുന്നതിനാൽ ആകുന്നു. സകാരം ഊഷ്മാവാകയാൽ അപ്പടുതിയിൽ ശബ്ദം തടയാതെ ഒതുങ്ങിപ്പോരുന്നു.

൪൦. ഓഷ്ഠ്യങ്ങൾ ആകുന്ന പ, ഫ, ബ, ഭ, മ, വ എന്നവയുണ്ടാകുന്നതു ശ്വാസം വന്നു കൂടുവോളത്തേക്കു വായടച്ചിട്ടു പിന്നത്തുറന്നു വിടുന്നതിനാൽ ആകുന്നു. വകാരം ഉണ്ടാകുന്നതു ഉകാരം ശബ്ദിക്കുന്ന പടുതിയിൽ ചിറിക

ളെ ആക്കി തമ്മിൽതൊടാതെ അടുപ്പിച്ചിട്ടു ശ്വാസം വിടുന്നതിനാൽ ആകുന്നു.

മൂന്നാം സൎഗ്ഗം-ചില അക്ഷരങ്ങൾക്കുള്ള വിശേഷങ്ങൾ.

൪൧. ഒന്നിൽ അധികം പൂൎണ്ണാക്ഷരങ്ങൾ ഉള്ളതും ൻ, ർ, ൽ, ൾ എന്ന അൎദ്ധാക്ഷരങ്ങളിൽ അവസാനിക്കുന്നതുമായ പദങ്ങളിൽ അകാരം അൎദ്ധാക്ഷരത്തിന്നു മുൻപു വിവരമില്ലാത്ത ഒരു ശബ്ദമായി ഏകദേശം എകാരം പോലെ ഉച്ചരിക്കപ്പെടുക നടപ്പാകുന്നു: ദൃ-ന്തം; 'അവൻ, മലർ, ചരൽ, അവൾ, കല്ലുകൾ' എന്നവ 'അവെൻ, മലെർ, ചരെൽ, അവെൾ, കല്ലുകെൾ' എന്നു എഴുതിയവണ്ണം ചൊല്ലപ്പെടുന്നു. എന്നാൽ പൂൎണ്ണാക്ഷരം ഏകമായിരിക്കുന്ന പദങ്ങളിൽ അകാരത്തെത്തെളിവായിട്ടു തന്നേ ഉച്ചരിക്കേണം: ദൃ=ന്തം ; 'തൻ, നൽ, കൽ'

൪൨. പദത്തിന്റെ ആദിയിൽ വരുന്ന ഗ, ജ, ഡ, ദ, ബ, യ, ര, ല, ക്ഷ, എന്ന അക്ഷരങ്ങളിൽ അടങ്ങിയിരിക്കുന്ന അകാരം ശബ്ദിക്കുന്നതു നടപ്പായിട്ടു എകാരം പോലാകുന്നു: ദൃ-ന്തം; 'ഗമനം, ജന്മം, ഡംഭം, ദന്തം, ബലം, യദൃഛ, രക്ഷ, ലക്ഷം, ക്ഷമ' എന്നവ 'ഗെമനം, ജെന്മം,' എന്നിങ്ങനെ പുള്ളിയിട്ടു എഴുതിയാലത്തെപ്പോലെ ശബ്ദിക്കുന്നു. മേൽപ്പറഞ്ഞ പടുതിയിൽ ദ്വിത്വസ്വരം വന്നാലും അകാരത്തിന്റെ ശബ്ദം മാറുന്നു: ദൃ-ന്തം; 'ദൈന്യത, ക്ഷൌരം' എന്നവ 'ദെയിന്യത, ക്ഷെവുരം' എന്ന എഴുതിയ പോലെ ശബ്ദിക്കുന്നു. ൪൩. ശ

ബ്ദഭേദം സമാസപദങ്ങളിലും നിലനില്ക്കു ന്നു: ദൃ-ന്തം; ‘ഋഗ്തി, അതിദൈന്യത’ എന്നവ ‘ഋഗൈ്തി, അതിദെയ്ന്യത’ എന്ന എഴുതിയപോ ലെ ചൊല്ലപ്പെടുന്നു.

൪൩. ഇ, ഉ എന്നവ തനിച്ചെങ്കിലും ഹല്ലിൽ ചേൎന്ന എങ്കിലും അകാരം ചേൎന്ന പൂൎണ്ണാ ക്ഷരത്തിന്നു മുൻപിൽ വന്നാൽ എ, ഒ എന്നവ പോലെ ചൊല്ലുകയാകുന്നു ഏറ നടപ്പ്. ‘ഇടം, പിണം, ഉടൽ, കുടം’ എന്നവ ‘എടം, പെണം, ഒടൽ, കൊടം’ എന്നു എഴുതും പോലെ ഉച്ചരിക്കു ന്നു. സമാസപദങ്ങളിൽ ഒററയിലെപ്പോലെ ശബ്ദിക്കുന്നു. ദൃ-ന്തം; ‘നല്ലിടം, മൺകുടം’ എ ന്നവ ‘നല്ലെടം, മൺകൊടം’ എന്ന എഴുതുംപോ ലെ ചൊല്ലുന്നു. അകാരം അടങ്ങിയിരിക്കുന്ന ഹല്ല ഇരട്ടിയക്ഷരമോ കൂട്ടക്ഷരമോ ആകുന്നു എങ്കിൽ ശബ്ദത്തിന്നു ഭേദം മാററമില്ല. ദൃ-ന്തം; ‘തിട്ടം, ഉണ്ണം’. അൎദ്ധാച്ചു ആധേയ രൂപങ്ങളി ൽ അകാരവും എകാരവും ആയി ച്ചിലപ്പോൾ മാറും: ദൃ-ന്തം; അവനോടു-അവനോട-അവ നോടെ, പോൽ, പോലെ.

൪൪. ത, ദ എന്നവ അൎദ്ധാക്ഷരങ്ങളായോ കൂട്ടക്ഷരങ്ങളിൽ ചേൎന്നോ വരുമ്പോൾ ലകാരം പോലെ ശബ്ദിക്കും: ദൃ-ന്തം; ‘ആത്മാവു, പദ്മനി, സാക്ഷാത്തു, എന്നവ ‘ആല്മാവ, പല്മനി, സാക്ഷാൽ, എന്ന എഴുതും പോലെ ശബ്ദിക്കു പതിവാകുന്നു. അങ്ങനെ എഴുതുകയും നടപ്പു ണ്ടു. കൂട്ടക്ഷരങ്ങളിൽ ദകാരത്തിന്നു പകരം ത കാരം തന്നേ കൊള്ളിച്ചു വരുന്നു: ദൃ-ന്തം; ‘പ ദ്മനി, അദ്ഭുതം’ എന്നവെക്കുപകരം പത്മനി,

അൽഭുതം' എന്നിങ്ങനെ, നടപ്പായിട്ടു എഴുതുന്നു.

൪൫. ര കാരം കൂട്ടക്ഷരങ്ങളിലും ഋ എന്ന തായിട്ടും വരുമ്പോൾ റ എന്നതു പോലെ ശബ്ദിക്കണം: ദൃ-ന്തം; 'തക്രം, ക്രമം, ഋണം, മൃഗ.' എന്നാൽ യ, ശ, ഷ, എന്നവയുടെ മേൽ വരുമ്പോഴും മൃദുക്കളുടെ താഴെ വരുമ്പോഴും ര കാരത്തിന്നു അതിന്റെ സ്വന്ത ശബ്ദം തന്നേ ഉണ്ടു: ദൃ-ന്തം; 'കാൎയ്യം, ദൎശനം, വൎഷം, ഗ്രാമം, ദ്രവ്യം, വജ്രം, ഗ്രഹം'.

൪൬. ല കാരം ഹല്ലിന്നു കീഴെ വരുമ്പോൾ ള കാരം പോലെ ശബ്ദിക്കുന്നു: ദൃ-ന്തം; 'ക്ലേശം, ശ്ലോകം'. സംസ്കൃത പദങ്ങളിൽ ഒന്നിന്നു പകരം മറേറതു പ്രയോഗിക്കയുമാം: ദൃ-ന്തം; കാലി കാളി, താലം, താളം'. എന്നാൽ മലയാഴ്മപദങ്ങളിൽ വ്യത്യാസം കൂടാതെ പ്രയോഗിച്ചാൽ വളരെപ്പിണക്കത്തിന്നു ഇടവരും: ദൃ—ന്തം; 'താലി' കല്ലു, പുല്ലു, എല്ലു' എന്നവയും 'താളി, കള്ളു, പുള്ളു, എള്ളു' എന്നവയും തമ്മിൽ വളരെ അൎത്ഥ വ്യത്യാസമുണ്ടു.

൪൭. ഩ് എന്നയക്ഷരം മലയാഴ്മയിൽ നടപ്പായിട്ടില്ല. അതിന്റെ ശബ്ദം വേണ്ടുന്നിടത്തു ന കാരം കൊണ്ടു കഴിക്കുന്നു. ആകയാൽ നില ഭേദം കൊണ്ടു ഇന്ന അക്ഷരമെന്നു തിരിച്ചെടുക്കേണ്ടി വന്നിരിക്കുന്നു. എന്തെന്നാൽ മൊഴിയുടെ ആദിയിലും മറെറാരു ദന്ത്യത്തിന്നു മേലും ഹല്ലുകൾക്കു കീഴും ന കാരമേ വരു: ദൃ-ന്തം; 'നീതി, നേരു, അന്തം, മന്ദം, സ്നേഹം, സ്വപ്നം, അഗ്നി'. എന്നാൽ ദന്ത്യമൊഴികെ ശേഷം ഹല്ലുകൾക്കു മേലും അച്ചുകളുടെ ഇടയിലും

വരുന്നതു ഩ്കാരമാകുന്നു: ദൃ-ന്തം; 'ന്യായം; മന്വന്തരം; തിന്മ; അനീതി; അനൎത്ഥം; അനന്തൻ.' സമാസപദങ്ങളിൽ മൂല പദത്തിന്റെ ശബ്ദവും മാറുന്നില്ല: ദൃ-ന്തം; 'പെരുനാൾ, പാണ്ടിനാ, കുറുനരി'. സംസ്കൃതത്തിലെ ചില സമാസങ്ങളിൽ നില മാത്രമേ പ്രമാണിപ്പാനുള്ളു: ദൃ-ന്തം; 'നീതി, അനീതി, നാശം, വിനാശം.' എന്നാൽ ംരംയക്ഷരങ്ങൾ ഇരട്ടിച്ചു വരുമ്പോൾ നില ഭേദം കൊണ്ടു ശബ്ദ വ്യത്യാസം അറിവാൻ പാങ്ങില്ല: ദൃ-ന്തം; 'തന്നാൽ (താൻ മൂലം;) തന്നാൽ (തരുമെങ്കിൽ') ഉത്ഭവം നോക്കുമ്പോൾ ന്ന് എന്നതു തമിഴിലെ ന്ത, ൻറ എന്നവയുടെ മാററമാകുന്നു: ദൃ-ന്തം; 'വന്ത; പൻറി, എന്നവയിൽനിന്നാകുന്ന 'വന്ന, പന്നി' എന്നവ വരുന്നതു. ന്ന എന്നതു ൻ എന്ന അന്തം ഇരട്ടിച്ചുണ്ടാകുന്നതാകുന്നു (ലക്കം ൭൧,) ദൃ-ന്തം; 'എൻ-എന്നിൽ, തൻ-തന്നിൽ' സംസ്കൃത പദങ്ങളിൽ വരുന്നതിന്റെ ശബ്ദവും എല്ലായ്പോഴും ന്ന് എന്നാകുന്നു. ദൃ-ന്തം; 'അന്നം; സന്നം; ഉന്നതം'.

൪൮. മ, ഹ എന്നവ അൎദ്ധാക്ഷരങ്ങളായിട്ടു വരുമ്പോൾ അനുസ്വാരം എന്നും വിസൎഗ്ഗമെന്നും പേർപെടുന്നു. എന്നാൽ അനുസ്വാരം തന്റെ വൎഗ്ഗത്തിലുള്ള ഹല്ലിന്നു മേൽ വരുന്ന ഏതു അനുനാസികത്തിന്നും കൊള്ളും: ദൃ-ന്തം; 'ഭങ്ഗി, സന്ധി, ദണ്ഡം' എന്നു മുതലായവെക്ക 'ഭംഗി, സംധി, ദംഡം' എന്നിങ്ങനെ എഴുതാം. പിന്നയും അനുനാസികത്തോടു അതിന്റെ വൎഗ്ഗത്തിലുള്ള മൃദു ചേൎന്നാൽ മൃദുവിന്റെ ശബ്ദവും മന്ദിച്ചു രണ്ടും കൂടെ അനുനാസികം ഇരട്ടിച്ചാ

ലകാരത്തെപ്പോലെ മിക്കവാറും ശബ്ദിക്കുന്നു: ദൃ-ന്തം; 'ഭംഗി, ബിംബം, നന്ദി' എന്നവ 'ഭങ്ങി, ബിമ്മം, നന്നി' എന്നു എഴുത്തുംപോലെ ഏകദേശം പറയുന്നു.

൪൯. ക്ഷകാരം തന്റെ രൂപം തെളിയിക്കുന്നപ്രകാരം കകാരവും ഷകാരവും ചേൎന്നുണ്ടാകുന്നു; എങ്കിലും ഷകാരം ഇരട്ടിച്ച ഹകാരം കൂടിയുണ്ടാകുന്ന ഷ്ഷ എന്ന പോലെ അതിനെ തെക്കേദിക്കുകളിൽ ശബ്ദിക്കുന്നു. അനുനാസികത്തിന്നും ല, ള എന്നവെക്കും മേൽത്തങ്ങളുടെ വശ്ശത്തിൽച്ചേൎന്ന ഒരു ഹല്ലു വന്നാൽ ആ ഹല്ലിന്റെ ശബ്ദത്തിന്നു മിക്കവാറും കേൾവിയില്ല: ദൃ—ന്തം; "രത്നം, ജ്ഞാനം, കസ്തൂ വെല്ല."

രണ്ടാം അദ്ധ്യായം-സന്ധി.

൫൦. സന്ധിയിൽ അക്ഷരങ്ങളും മൊഴികളും തമ്മിൽച്ചേരുംപോൾ ഉണ്ടാകുന്ന ഭേദങ്ങളെ കുറിച്ചു പറയുന്നു. അക്ഷരങ്ങൾക്കു ഏറവും കുറെച്ചിലും തിരിച്ചിലും ചുരുക്കവും എന്നു നാലു വക ഭേദങ്ങൾ ഉണ്ടു. ഈ ഭേദങ്ങൾ ആവശ്യംപോലെ വരുത്താതെ അക്ഷരങ്ങളും പദങ്ങളും തമ്മിൽ ച്ചേൎത്താൽ യോജിക്കുന്നതല്ലായ്കകൊണ്ടു ഈ അദ്ധ്യായത്തിന്നു യോജ്യത എന്നു അൎത്ഥമാകുന്ന സന്ധിയെന്നു പേർ വന്നിരിക്കുന്നു.

൩൫. ശബ്ദശ്ലേഷ്മത്തിന്നു വേണ്ടി എല്ലാ ഭാഷകളിലും അക്ഷരങ്ങൾക്കു മാററം വരുന്നുണ്ടു. ചില അക്ഷരങ്ങൾ ചില പട്ടതിയിൽ വരുമ്പോൾ ഉച്ചാരണത്തിന്നു പ്രയാസമായും കേൾപ്പിക്കു ഇൻപമില്ലാതെയും

തീരുന്നതാകയാൽ സംസാരം കേൾക്കുന്നവനും പറയുന്നവനും ഒരുപോലെ വിമ്മിഷ്ടമായിട്ടു തീരു അങ്ങിനെയുള്ള പ്രയാസങ്ങൾ വരാതിരിക്കുന്നതിന്നു വേണ്ടി എല്ലാ ഭാഷകളിലും മൊഴികൾക്കു ഛാന്ത്യാലുള്ള ശബ്ദത്തിൽനിന്നു ഭേദം വരുത്തി ശബ്ദിക്കയുണ്ടു. എന്നാൽ ഇംഗ്ലീഷ മുതലായ യുരോപ്പ ഭാഷകളിൽ മൊഴികളുടെ അക്ഷരങ്ങൾക്കു ഭേദം വരുത്താതെ ഉച്ചാരണത്തിൽ ശബ്ദച്ഛേദ്യേകു വേണ്ടുന്ന ഭേദങ്ങളെ വരുത്തിക്കൊള്ളുന്നു. സംസ്കൃതം മലയാഴ്മ മുതലായിട്ടു ഇന്ത്യായിൽ നടപ്പുള്ള ഭാഷകളിൽ എഴുത്തു ഉച്ചാരണത്തിന്നു ഒത്തു വരേണ്ടുന്നതിന്നു വേണ്ടി അക്ഷരങ്ങളിലും കൂടെ വേണ്ടുന്ന മാററങ്ങളെ വരുത്തുന്നു. ശബ്ദച്ഛേദ്യേകു ഠരം രണ്ടിൽ ഏതുവഴിയും കൊള്ളും. എന്നാൽ മുൻ പറഞ്ഞതു ഉച്ചാരണവും എഴുത്തും തമ്മിലുള്ള സംബന്ധത്തിന്നു ഭംഗം വരുത്തുന്നതിനാൽ അതു മുഖാന്തരം വായന പ്രയാസമായിട്ടു തീരുന്നു. പിൻപറഞ്ഞ വഴി മൊഴികളുടെ ആദിരൂപത്തിന്നു ഭേദംവരുത്തുന്നതുകൊണ്ടു അർത്ഥത്തിന്നു തെളിവുകേടുവരുത്തുന്നു. എന്നാൽ പുസ്തകക്കാരന്റെ മുറ താൻ പ്രയോഗിക്കുന്ന ഭാഷയുടെ സ്വഭാവത്തെ അനുസരിച്ചു എഴുതുകയാകുന്നു. ചിലപുസ്തകങ്ങളിൽ സന്ധിയുടെ പ്രമാണങ്ങളെ മിക്കവാറും തള്ളി എഴുതിയിരിക്കുന്നതിനാലേ വളരെ ദുശ്ശബ്ദങ്ങൾക്കും തെളിവു കേടിന്നും ഇട വന്നിരിക്കയാൽ വായനക്കാരൻ മററുള്ളവരെ കേൾപ്പിക്കുന്നതിന്നായിട്ടു വായിക്കുമ്പോൾ സന്ധി ഒപ്പിച്ചു വായിച്ചുകൊള്ളണം. അല്ലാഞ്ഞാൽ അവൻ വായിക്കുന്നതു ചെവിക്കിമ്പമില്ലാതെയും അർത്ഥമറിയുന്നതിന്നു പ്രയാസമായും തീരുന്നതുമല്ലാതെ ചിലപ്പോൾ പ്പൊരുൾ പിണങ്ങിത്തിരിയുന്നതിന്നും കൂടെ ഇടവരുന്നതാകുന്നു. എന്നാൽ കവിതക്കാരു വരുത്തുന്ന മാററങ്ങൾ എല്ലാം തന്നെ പ്രമാണിക്കേണമെന്നല്ല പറയുന്നതു. അവർ ഭാഷയുടെ സ്വഭാവത്തിന്നു വിരോധമായിട്ടും ശബ്ദരാഗത്തിന്നു ആവശ്യമില്ലാതെയും ഉള്ള പല മാററങ്ങളെയും വരുത്തുന്നുണ്ടു. മറെറല്ലാ കാര്യങ്ങളിൽ എന്ന പോലെ ഇതിലും ഒരു നടുവഴിയുണ്ടു. സംസാര ഭാഷയിൽ വരുത്തുന്ന മാററങ്ങളിൽ കൌശലമുണ്ടെന്നു എങ്കിലും ആയതിൽനിന്ന തെളിവുകേടു വരുമെന്നു എങ്കിലും സംശയിക്കുന്നതിന്നു ഇടയില്ലാത്തതാകയാൽ അങ്ങിനെയുള്ളവയെ കൈക്കൊള്ളുവാനുള്ളതാകുന്നു.

൫൨. അച്ചുമച്ചും കൂടെ ചേരുന്നതും അച്ചും ഹല്ലുമായിട്ടു ചേരുന്നതും ഹല്ലു മച്ചും കൂടെ ചേരുന്നതും ഹല്ലും ഹല്ലും കൂടെ ചേരുന്നതുമായിട്ടു സന്ധിയിൽ നാലു പടുതികൾ ഉണ്ടു.

ജ്ഞാപനം. സന്ധിപ്രകാരമുള്ള മാററങ്ങൾ വരുത്തിയേ കഴിയൂ

എന്നുള്ളതു, ഒന്നിച്ചു ചേരുന്ന മൊഴികൾ അൎത്ഥംകൊണ്ടു അടുത്ത സംബന്ധമായിരിക്കയാൽ രണ്ടിന്റെയും ഇടയിൽ നിറുത്തിന്നു പാങ്ങില്ലാത്തപ്പോൾ ആകുന്നു: ദൃ—ന്തം, 'അതു ചാമ അരി അല്ല' എന്നതിന്നു 'അതു ചാമയരിയല്ല' എന്നു വേണം. നിറുത്തിന്നു പാങ്ങുണ്ടായിരുന്നാൽ സന്ധി പ്രമാണിച്ചേ കഴിയൂ എന്നില്ല: ദൃ-ന്തം; 'അവൻ നല്ലവൻ ആകകൊണ്ടു ക്ഷമിക്കും' എന്നും "അവൻ നല്ലവനാകകൊണ്ടു ക്ഷമിക്കും" എന്നും രണ്ടു വിധത്തിലും എഴുതാം. നിറുത്തു കൂടിയേ കഴിയൂ എന്നുള്ളിടത്തു സന്ധിയരുതു ദൃ-ന്തം; ദൈവം നല്ലവനാകുന്നു; എന്നാൽ അവൻ നീതിമാനുമാകുന്നു: എന്നതിൽ 'എന്നാൽ' എന്നുള്ളതിന്നു പകരം 'യെന്നാൽ' എന്നു എഴുതിക്കൂടാ.—ദീൎഘസ്വരങ്ങളുടെ പിന്നാലെ അവയുടെ ദീൎഘതകൊണ്ടു അല്പം നിറുത്തിന്നു ഇട വരുന്നതാകയാൽ സന്ധി കൂടാതെയും കഴിക്കുന്നുണ്ടു: ദൃ-ന്തം; 'തീയെടുക്കരുതു' എന്നതിന്നു തീ എടുക്കരുതു; എന്നു തന്നെ എഴുതും. സന്ധിക്കായിട്ടുള്ള മാററം വരുത്താതിരിക്കുന്നതിന്നു വേണ്ടി ഹ്രസ്വങ്ങളെ ദീൎഘങ്ങളാക്കി ശബ്ദിക്കയുമുണ്ടു: ദൃ-ന്തം 'വരികയെന്നു പറഞ്ഞു'" എന്നതിനു വരികാ എന്നു പറഞ്ഞു എന്നു ചൊല്ലും: എങ്കിലും വാക്യത്തിന്റെ അന്തത്തിൽ ഒഴികെ ശേഷം ഉള്ള പദ്ധതികളിൽ ഒക്കയും സന്ധി ഒപ്പിച്ചു എഴുതുന്നതിൽ കുററമില്ല.

ഒന്നാം സൎഗ്ഗം—— അജന്തവും അജാദിയും തമ്മിൽ സംബന്ധിക്കുമ്പോൾ ഉള്ള മാററങ്ങൾ.

൫൩ അ, എ, ഇ, എന്നവയിലും അവയുടെ ദീൎഘങ്ങളാകുന്ന ആ, ഏ, ഈ, ഐ എന്നവയിലും അവസാനിക്കുന്ന പദങ്ങളുടെ പിൻപു യാതൊരു അച്ചുകൊണ്ടും തുടങ്ങുന്ന പദം വന്നാൽ ഇടയിൽ യകാരം വരും: ദൃ-ന്തം കുതിര എന്നതിനോട 'അല്ല' എന്നതു ചേരുമ്പോൾ 'കുതിരയല്ല' എന്നാകും. തുമ്പാ + എടുത്തു = തുമ്പായെടുത്തു; പാപത്തെ + ഉപേക്ഷിക്ക = പാപത്തെയുപേക്ഷിക്ക; അങ്ങുന്നേ+ആകട്ടെ=അങ്ങുന്നേയാകട്ടെ; അരി + ഇല്ല = അരിയില്ല; കുല

സ്ത്രീ + ഒരുത്തി = കുലസ്ത്രീയൊരുത്തി; കൈ + ഏറ്റു = കൈയേറ്റു'

൧൬ ഒ, ഉ, എന്നവയുടെയും അവയുടെ ദീൎഘങ്ങളാകുന്ന ഓ, ഊ, ഔ എന്നവയുടെയും പിന്നാലെ യാതൊരു അച്ചെങ്കിലും വന്നാൽ ഇടയിൽ യകാരമോ വകാരമോ വരും. ഹ്രസ്വസ്വരം ചിലപ്പോൾ മാഞ്ഞുപോകയുമുണ്ടു: ദൃ—ന്തം; കൊ × എന്നക്ഷരം = കൊയെന്നക്ഷരം = കൊവെന്നക്ഷരം. പോ + അരങ്ങോട്ടു = പോയരങ്ങോട്ടു = പോവരങ്ങോട്ടു: വരുന്നു × എല്ലോ = വരുന്നു വെല്ലോ: = വരുന്നെല്ലോ: വന്നു + എങ്കിൽ വന്നുയെങ്കിൽ = വന്നുവെങ്കിൽ = വന്നെങ്കിൽ: = തിരു + എഴുത്തു തിരുയെഴുത്തു = തിരുവെഴുത്തു.

൧൭. അനുസ്വാരം നീങ്ങീട്ടു ശേഷിക്കുന്ന അകാരത്തിന്റെ പിന്നാലെ അച്ചുവന്നാൽ ഇടയിൽ അധികമായിട്ടു വകാരം വരും: ദൃ—ന്തം; (‘നിലം) നില + അറ = നിലവറ; (മണ) മണ + ആളൻ = മണവാളൻ; (‘പണം) പണ + ഇട = പണവിട; നാമധേയത്തിന്റെ അന്തത്തിൽ വരുന്ന അകാരത്തിന്റെ പിന്നാലെ അച്ചു വന്നാൽ യകാരം ഏറുകയും അകാരം കുറകയും രണ്ടും നടപ്പുണ്ടു: ദൃ—ന്തം; ‘നടന്ന + ആൾ = നടന്നയാൾ = നടന്നാൾ; വരുന്ന + ഇടം = വരുന്നയിടം = വരുന്നിടം; വല്ലാത്ത + എലി = വല്ലാത്തയെലി = വല്ലാത്തെലി; ഇല്ലാഞ്ഞ + ഉപ്പ് = ഇല്ലാഞ്ഞയുപ്പ്; = ഇല്ലാഞ്ഞുപ്പ് ; വാച്യ നാമത്തിന്റെ അന്തമാകുന്ന ക, ക്ക എന്ന പൂൎണ്ണാക്ഷരങ്ങളിലടങ്ങിയിരിക്കുന്ന അകാരത്തിന്റെ പിന്നാലെ ‘ഇല്ല’ എന്നതു വന്നാൽ ഇടയിൽ അകാരം വരികയും രണ്ടു അച്ചുകളും കൂടെ ഒന്നിച്ചു ‘ഏകാരമായിട്ടു ചുരുങ്ങുകയും ആകാം: ദൃ—ന്തം; വരിക + ഇല്ല = വരികയില്ല = വരികേല്ല. നടക്ക + ഇല്ലാഞ്ഞു = നടക്കയില്ലാഞ്ഞു, നടക്കേല്ലാഞ്ഞു; ‘ഉണ്ടു ഇല്ല’ എന്ന പദങ്ങളുടെ മുൻപിൽ വൎത്തമാനകാലത്തിന്റെ ഉകാരാന്തം വന്നാൽ ആയതു തീരെ മാഞ്ഞുപോകും: ദൃ—ന്തം; പഠിക്കുന്നു + ഉണ്ടു = പഠിക്കുന്നുണ്ടു, വരുന്നു ഇല്ലാഞ്ഞു = വരുന്നില്ലാഞ്ഞു.

൧൮. അൎദ്ധാച്ചിന്റെ പിന്നാലെ അച്ചുവ

രുമ്പോൾ അർദ്ധാച്ച ഇല്ലായ്മയായിപ്പോകുന്നു: ദൃ—ന്തം; 'കാട്ട + ആന=കാട്ടാന; തോക്ക + എടുത്ത=തോക്കെടുത്ത; ആയുസ്സ + അറുതി=ആയുസ്സറുതി'.

ജ്ഞാപനം. സംസ്കൃതത്തിലെ സന്ധി പ്രയോഗം മലയാഴ്മയിലെക്കുട്ടല്ല, അതു ശുദ്ധ മലയാം പദങ്ങളിലും രീതികളിലും വരുന്നുമില്ല. എന്നാൽ അനവധി സമാസപദങ്ങൾ സംസ്കൃതത്തിൽനിന്നു മലയാഴ്മയിൽ നടപ്പായിരിക്കകൊണ്ടു അവയുടെ മൂലങ്ങളെ വിവരംതിരിക്കുന്നതിന്നും സംസ്കൃത പദങ്ങളെ അതിലെ സന്ധിപ്രകാരം പലപ്പോഴും സമാസിപ്പിപ്പാനുള്ളതാകയാലും ആ ഭാഷയുടെ സന്ധിപ്രമാണങ്ങളെ അറിഞ്ഞിരിക്കുന്നതു ആവശ്യമാകുന്നു. ആകയാൽ ഇത്താഴെ വരുന്ന സൂത്രങ്ങളെ എടുത്തു പറഞ്ഞിരിക്കുന്നു.

൬൭. സംസ്കൃതത്തിൽ രണ്ടു സമാനയച്ചുകൾ തമ്മിൽ സംബന്ധിക്കുംപോൾ അവ നീങ്ങീട്ടു അവെക്കു പകരം ഒരു സമാന ദീഘംവരും: ദൃഷ്ടാന്തം; 'രാമ + അന്തികേ=രാമാന്തികേ; ദേവ + ആലയം=ദേവാലയം; സീത + ആയല്ലകം=സീതായല്ലകം; കവി + ഇന്ദ്രൻ=കവീന്ദ്രൻ; ഗുരു + ഉത്തമൻ=ഗുരൂത്തമൻ'.

൬൮. ഇ, ഉ എന്നവയുടെ പിന്നാലെ അവയുടെ സമാനമല്ലാത്ത മററു അച്ചു വന്നാൽ ഇകാരം **യ**കാരമായിട്ടും ഉകാരം **വ**കാരമായിട്ടും മാറും; ദൃ—ന്തം; 'അതി + അല്പം=അത്യല്പം; അധി + ആകാശം=അധ്യാകാശം; അതി + ഉത്തമൻ അത്യുത്തമൻ: മനു + അന്തരം=മന്വന്തരം; അനു+ ഇഷ്ടം-അന്വിഷ്ടം.'

൬൯. അകാരത്തിന്റെ പിന്നാലേ ഇ ഠഠം എന്നവയിൽ ഒന്നു വന്നാൽ അവെക്കു പകരം ഏകാരവും ഉ, ഊ എന്നവയിൽ ഒന്നുവന്നാൽ അവ നീങ്ങീട്ടു ഓകാരവും വരും: ദൃ—ന്തം;

'ദേവ + ഇന്ദ്രൻ=ദേവേന്ദ്രൻ; രാമ + ഈശ്വരം രാമേശ്വരം; പര + ഉപകാരം=പരോപകാരം; മാൎദ്ദവ + ഊൎജ്ജം=മാൎദ്ദവോൎജ്ജം.

൩൦. അ, ആ എന്നവയുടെ പിന്നാലെ ഏ, ഐ എന്നവയിൽ ഒന്നു വന്നാൽ അവനീങ്ങീട്ടു ഐകാരവും ഓ, ഔ എന്നവയിൽ ഒന്നു വന്നാൽ അവ മാറീട്ടു ഔകാരവും വരും: ദൃ—ന്തം; ദേവ + ഏകത്വം=ദേവൈകത്വം; അധിക + ഐശ്വൎയ്യം=അധികൈശ്വൎയ്യം; സൂൎയ്യ + ഓജസ്സ=സൂൎയ്യൗജസ്സ, കാൎയ്യ + ഔചിത്യം=കാൎയ്യൗചിത്യം".

ജ്ഞാപനം. സംസ്കൃതമൊഴികളെ ചിലപ്പോൾ മലയാഴ്മയുടെ സന്ധിപ്രകാരവും ഒന്നിപ്പിക്കയുണ്ട: ദൃ—ന്തം; ജ്ഞാപക + അവസ്ഥ= ജ്ഞാപകാവസ്ഥ = ജ്ഞാപകയവസ്ഥ.

രണ്ടാം സൎഗ്ഗം—അജന്തവും ഹലാദിയും തമ്മിൽ ചേരുമ്പോൾ ഉള്ള സന്ധി.

൩൧. ഒരു പദം അച്ചിൽ അവസാനിക്കയും പിന്നാലെ വരുന്നതു ഹല്ലിൽ തുടങ്ങുകയും ചെയ്താൽ അവ തമ്മിൽ യാതൊരു മാററവും കൂടാതെ ഒന്നിച്ചു ചേരും. ദൃ--ന്തം; നന്ദി+കേട=നന്ദികേട: ഭൂ+തലം=ഭൂതലം. എന്നാൽ പിന്നത്തെ മൊഴിയിൽ വരുന്ന ഹല്ലു അനുനാസികങ്ങൾ ഒഴികെയുള്ള വൎഗ്ഗ്യങ്ങളിൽ ഒന്നോ ഹകാരം അല്ലാതുള്ള ഊഷ്മാക്കളിൽ ഒന്നോ ആകുന്നു എങ്കിൽ അത പല പട്ടതികളിലും ഇരട്ടിക്കും: ദൃ—ന്തം; കുതിര+കാരൻ=കുതിരക്കാരൻ.

ജ്ഞാപനം— ഇരട്ടിക്കുന്ന പട്ടതികൾ എല്ലാം തന്നെ സൂത്രങ്ങ

ളെ കൊണ്ടു നിശ്ചയിക്കാകുന്നതല്ല; എങ്കിലും ഇരട്ടിക്ക നടപ്പായിരിക്കുന്നു. മൊഴികളിൽ ഒററയായി എഴുതുന്നതും ചൊല്ലുന്നതും അനക്ഷരവും അപശബ്ദവും ആകുന്നു; എന്നു തന്നെയല്ല, ചിലപ്പോൾ വളര അൎത്ഥഭേദത്തിന്നും കൂടെ ഇടവരുന്നതാകുന്നു: ദൃ--ന്തം; തടി പലക മുതലായവ എന്ന മൊഴികളിൽ തടിയും പലകയും വെവ്വേറെ വസ്തുക്കൾ എന്ന അൎത്ഥം വരുന്നു. എന്നാൽ തടിപ്പലക മുതലായവ എന്നു പറയുന്നതിൽ തടിപ്പലക ഒരു മൊഴിയായി ഒരു വസ്തുവിന്റെ പേരായിരിക്കുന്നു. പിന്നയും ന്യായകാരൻ എന്നതിന്നു ജഡ്ജി എന്ന അൎത്ഥമാകുന്നു. ന്യായക്കാരൻ; എന്നു പറയുന്നതിന്ന മൎയ്യാദയുള്ളവൻ എന്നു പൊരുൾ വരുന്നു. ആകയാൽ പിന്നാലെ വരുന്ന ഹല്ലിരട്ടിക്കുന്നതു തള്ളേണ്ടുന്നതു എങ്കിലും തള്ളാകുന്നതു എങ്കിലും അല്ല; ഇരട്ടിക്കുന്ന ഹല്ലുകൾ പ്രത്യേകം ക, ച, ത, പ എന്ന ഖരങ്ങളാകുന്നു.

൱൨. ദ്വിതീയ വിഭക്തിയുടെ അന്തത്തിലെ എകാരത്തിന്റെയും വചനാധേയങ്ങളുടെ അന്തത്തിൽ വരുന്ന അ, ഇ എന്നവയുടെയും പിന്നാലെ മേൽപ്പറഞ്ഞ അക്ഷരങ്ങൾ ഇരട്ടിക്കും: ദൃ—ന്തം; രാജാവിനെ+തൊഴേണം. രാജാവിനെത്തൊഴേണം; "മനസിഭയമിവനെക്കണ്ടു ഞങ്ങൾക്കു" (രാമായണം) അടങ്ങി+പാൎത്തുകൊള്ളുക = അടങ്ങിപ്പാൎത്തുകൊള്ളുക; "പാൎത്തു കേട്ടീടുക ചൊല്ലിത്തരുന്നുണ്ടു ഞാൻ, (രാമായണം). തിരുന്ത+ചെയ്ക=തിരുന്തച്ചെയ്ക. ഓടി+ഗമിക്ക=ഓടിഗ്ഗമിക്ക; അവനെ+ധരിപ്പിക്കേണം=അവനെദ്ധരിപ്പിക്കേണം; "ദൈവഗതിയെസ്സമാശ്രയിച്ചീടുക നീ,, (രാമായണം.)

൱൩. വചനാധേയങ്ങളെ അവ്യയങ്ങളായിട്ടു പ്രയോഗിക്കുമ്പോഴും മേൽപ്പറഞ്ഞ ഹല്ലുകളെ ഇരട്ടിപ്പാനുള്ളതാകുന്നു: ദൃ—ന്തം; എന്നോടു കൂടെ+പഠിച്ചവൻ=എന്നോടുകൂടെപ്പഠിച്ചവൻ "വളരപ്പറയരുതെന്നോടു ദൂതാ, (നളചരിതം;) തീരെ+കളയുന്നു=തീരെക്കളയുന്നു" ആകാശമൊക്കെപ്പരന്നോരു ശബ്ദവും (രാമായണം,)

൱൪. ദ്വിതീയയിലെ എകാരത്തിന്റെ പിന്നാലെ ഖരങ്ങൾ ഒഴികെ ശേഷമുള്ള അച്ചുകൾ വന്നാൽ അവയെ ഇരട്ടിക്കുന്നതിന്നു പകരം

ഏകാരത്തെ ഏകാരമായിട്ട നീട്ടിയും സാധിക്കും. ദൃ—ന്തം; ദൈവത്തെ + സേവിക്ക = ദൈവത്തെസ്സേവിക്ക = ദൈവത്തേസേവിക്ക രാജാവിനെ + ബഹുമാനിക്ക = രാജാവിനെബ്ബഹുമാനിക്ക = രാജാവിനേ ബഹുമാനിക്ക.

൱൬. യ, ര, ല, എന്നവ ചേൎന്നുണ്ടാകുന്ന കൂട്ടക്ഷരങ്ങൾ ഒഴികെ മറ്റ കൂട്ടക്ഷരങ്ങളിൽ ഒന്നൊ, അനുനാസികങ്ങളിൽ വല്ലതുമോ സാദ്ധ്യസ്വരങ്ങളിൽ ഏതെങ്കിലുമോ ഹകാരമെന്നക്ഷരമോ ആകുന്നു പിന്നാലെ വരുന്ന ഹല്ലെങ്കിൽ എ, ഇ, ആ, എന്നവയിൽ ഏതിന്റെ പിൻപും അതു ഇരട്ടിക്കയില്ല. എന്നാൽ എകാരം ദീൎഘമാക്കുകയും ഹ്രസ്വമായിട്ട തന്നെ വെച്ചേക്കുകയും രണ്ടും നടപ്പുണ്ട: ദൃ—ന്തം; ദൈവത്തെ + സ്നേഹിക്ക = ദൈവത്തെ സ്നേഹിക്ക = ദൈവത്തേ സ്നേഹിക്ക. കാൎയ്യത്തെ + ഹാസ്യമാക്കി = കാൎയ്യത്തെ ഹാസ്യമാക്കി=കാൎയ്യത്തേ ഹാസ്യമാക്കി.

൱൭. സമാസ നാമങ്ങളെ ഉണ്ടാക്കുന്നതിൽ മേൽപ്പറഞ്ഞ ഹല്ലുകൾ പ്രത്യേകം ക, ച, ത, പ, എന്ന ഖരങ്ങൾ ഇരട്ടിക്കും: ദൃ—ന്തം; തീ + കല്ല = തീക്കല്ല; തുമ്പാ + കൈ = തുമ്പാക്കൈ, കള്ളി+പശു = കള്ളിപ്പശു; കാൎയ്യ + ഗുണം = കാൎയ്യഗുണം.

ജ്ഞാപനം. മേൽപ്പറഞ്ഞ നാമങ്ങൾ സംസ്കൃതത്തിലെ സമാസങ്ങളിൽനിന്നു വിവരപ്പെടുത്തുവാൻ ഉള്ളതാകുന്നു. എന്തെന്നാൽ ആ ഭാഷയിൽ മേൽപ്പറഞ്ഞ വകെക്കു ഹല്ലു ഇരട്ടിക്കയില്ല: ദൃ—ന്തം; ദൈവ + കാൎയ്യം = ദൈവകാൎയ്യം; രാജ+പുത്രൻ=രാജപുത്രൻ (ലക്കം ൨൭൦ നോക്കു.)

൱൮. സമാസക്രിയകളിൽ ചിലതിൽ ഹല്ലു ഇരട്ടിക്കും, ചിലതിൽ ഒററയായിട്ട തന്നെ ഇരിക്കും: ദൃ—ന്തം; കോപ + പടുക = കോപപ്പടുക , രക്ഷ+പടുക=രക്ഷപടുക വേല + ചെയ്ക = വേല ചെയ്ക = വേലച്ചെയ്ക.

൱൯. ദ്വിതീയ ഒഴികെ അൎജ്ജന്തത്തിൽ വരുന്ന മററു വിഭക്തികളുടെ പിൻപും നാമധേയങ്ങളുടെ പുറകും പ്രതിഭാവത്തിൽ ആന്തത്തിന്റെ പിൻപും അൎത്ഥം തെളിവാകുന്നതിന്നു നിറുത്തേണ്ടുന്ന മൊഴികളുടെ ശേഷവും ഹല്ലു ഇരട്ടിക്കയില്ല: ദൃ—ന്തം, എന്റെ പുത്രൻ; നീ പോക; ക്രമേണ പറഞ്ഞു; മകനേ കേൾ; സദാപറക; വരാതകണ്ടു:

൱൰. അദ്ധ്യാച്ചിന്റെ പിന്നാലെ ഹല്ലു ഇരട്ടിക്കയില്ല. എന്നാൽ അതു ഉകാരമായിട്ടും തിരിയും. ദൃ—ന്തം; വീട്ട + കാരൻ = വീട്ടുകാരൻ. ആററ + വെള്ളം = ആററുവെള്ളം. അവരോട + പറഞ്ഞു = അവരോടു പറഞ്ഞു.

മൂന്നാം സൎഗ്ഗം. ഹലന്തവും അജാദിയും തമ്മിൽച്ചേരുമ്പോഴത്തേ മാററങ്ങൾ

൭൦. ഒരു പദം ഹല്ലിൽ അവസാനിക്കുകയും പിന്നത്തേതു അച്ചുകൊണ്ടു തുടങ്ങുകയും ചെയ്യുംപോൾ അച്ചിന്റെ രൂപം മാറി ഹല്ലിനോടു ഒന്നിക്കും. ദൃ—ന്തം; 'അവൻ + അല്ല = അവനല്ല. മീൻ + എങ്ങു = മീനെങ്ങു. കാൽ + ഇല്ല=കാലില്ല.

൭൧. ഒരു ഏകാക്ഷരപദം അൎദ്ധാക്ഷരത്തിൽ അവസാനിക്കുകയും മുൻപിലത്തെ അക്ഷരം ഹ്രസ്വമായിരിക്കുകയും പിന്നാലെ വരുന്ന മൊഴി അച്ചിൽ തുടങ്ങുകയും ആയിരുന്നാൽ ഹല്ലിരട്ടിക്കും; ദൃ—ന്തം; 'പൊൻ + അച്ചൻ = പൊന്നച്ചൻ. കൺ + ആടി = കണ്ണാടി. കൽ + ആൽ= കല്ലാൽ. ഉൾ, ഉള്ളു

൭൨. ഒരു നാമം അം എന്നതിൽ അവസാനിക്കയും ഉം എന്നത പിന്നാലെ ചേരുകയും ചെയ്യാൽ മകാരം വകാരമായിട്ടു തീരും:ദൃ=—ന്തം; 'സുഖം + ഉം=സുഖമും=സുഖവും'.

നാലാം സൎഗ്ഗം. ഹലന്തവും ഹലാദിയും തമ്മിൽ സംബന്ധിക്കുമ്പോൾ ഉള്ള മാററങ്ങൾ.

൭൩. ഒരു പദം ഹല്ലിൽ അവസാനിക്കയും പിന്നത്തേതു ഹല്ലിൽ തുടങ്ങുകയും ആയിരുന്നാൽ അവ രണ്ടും കൂടെ ഒന്നിച്ചു ഒരു കൂട്ടക്ഷരമാകും. ദൃ—ന്തം; 'കൺ+മണി=കണ്മണി. താൻ + തോന്നിത്വം = താന്തോന്നിത്വം.

൭൪ ര, ല, ള, ഴ, എന്ന അൎദ്ധാക്ഷരങ്ങൾ സമാസ നാമത്തിലെ മുൻപിലത്തെ മൊഴിയുടെ അന്തമായും പഞ്ചമി, സപ്തമി എന്ന വിഭക്തികളെക്കാണിക്കുന്ന അടയാളമായും ൧൦ം വിഭക്തിയൎത്ഥങ്ങൾക്കു ഉദ്ദാനമായും വചനാധേയത്തിന്റെ അന്തമായും ഇരിക്കുംപോൾ ഇരട്ടിപ്പാനുള്ളതായിട്ടു മുൻപറഞ്ഞ ഹല്ലുകൾ ഇരട്ടിക്കും; ദൃ—ന്തം; ‘പോർ + കളം = പോൎക്കളം നാൽ + കാലി = നാല്ക്കാലി; (അവിടെ നിന്നാൽക്കൊള്ളാം എന്നതിന്നു അവിടെ നിന്നാൽ കൊള്ളാം എന്നു പറയുമ്പോൾ ആൽ, എന്നതിന്നു ആലുമരമെന്ന അൎത്ഥം വരും) മുൾ + പടപ്പു = മുൾപ്പടപ്പു; കീഴ + ജാതി = കീഴ്ജാതി; കല്ലാൽ + ചിലതു = കല്ലാൽച്ചിലതു; വീട്ടിൽ + പോ = വീട്ടിൽപ്പോ; അപ്പോൾ + പറഞ്ഞു = അപ്പോൾപ്പറഞ്ഞു; വന്നാൽ + കൊള്ളാം= വന്നാൽക്കൊള്ളാം. എങ്കിൽ + ശബ്ദം = എങ്കിൽശ്ശബ്ദം. ഇങ്ങിനെയുള്ള പടുതിയിൽ അൎദ്ധാക്ഷരത്തിന്റെ ശബ്ദം വിട്ടു നാക്കാലി കീജ്ജാതി ‘വീട്ടിപ്പോ എന്നിങ്ങനെ ചൊല്ലുക നടപ്പായിരിക്കുന്നു’ എങ്കിലും ആയതു അവശബ്ദമാകുന്നു.

൭൪. മേൽപ്പറഞ്ഞ അൎദ്ധാക്ഷരങ്ങൾ തങ്ങളുടെ പിന്നാലെ വരുന്ന ഹല്ലിനോടു ഒന്നിച്ചു കൂട്ടക്ഷരങ്ങളായി എഴുതപ്പെടുംപോൾ ഹല്ലു ചിലപ്പോൾ എഴുത്തിലിരട്ടിക്കാതെ ചൊല്ലിൽ മാത്രം ഇരട്ടിക്കപ്പെടുന്നു: ദൃ—ന്തം; ‘എങ്കിൽ + ശബ്ദം.=എങ്കില്ശബ്ദം; മേൽ + പുര= മേൽപ്പുര = മേല്പുര.

൭൫. മകാരാന്തം തന്റെ പിന്നാലെ വരുന്ന ഹല്ലിന്റെ വൎഗ്ഗത്തിൽ ചേന്ന അനുനാസികമായിട്ടു തിരിയും. എന്നാൽ അനുസ്വാരം ഏതു

അനുനാസികത്തിന്നും കൊള്ളുന്നതാകയാൽ അതിന്റെ രൂപം മാറിയേ കഴിയു എന്നില്ല: ദൃ--ന്തം; 'പണം + കൊടുത്തു = പണം കൊടുത്തു = പണങ്കൊടുത്തു. ദേഹം + തടിച്ചു = ദേഹം തടിച്ചു =ദേഹന്തടിച്ചു.

൭൭. സമാസപദങ്ങൾ ഉണ്ടാകുന്നതിൽ ആദി പദത്തിന്ന ഒരക്ഷരത്തിൽ അധികം ഉണ്ടായിരുന്നാൽ ആ പദത്തിന്റെ അന്തത്തിൽ വരുന്ന മകാരം പിന്നത്തെ പദത്തിന്റെ ആദിയിലെ അനുനാസികത്തിന്റെ മുൻപിൽ മാഞ്ഞുപോകും. ദൃ—ന്തം; 'പഴം + നെല്ല = പഴനെല്ല. പെരും + മരം = പെരുമരം; എന്നാൽ ആദിപദം ഏകാക്ഷരമായിരുന്നാൽ മകാരം മായുകയില്ല. ദൃ—ന്തം; ചെം + മാനം = ചെമ്മാനം. ചെം + നെല്ല = ചെന്നെല്ല.

൭൮. സമാസ പദങ്ങളിൽ അനുനാസികത്തിന്നു മുൻപ ല, ള, എന്നവ ന, ണ, എന്നവയായിട്ടു തിരിയുന്നു: ദൃ—ന്തം; നൽ + മ = നന്മ; വെൾ + മ = വെണ്മ; നൽ + നിലം = നന്നിലം; കൽ + മദം = കന്മദം'.

൭൯. സമാസ പദങ്ങളിൽ ണ, ന എന്നവയുടെ പിൻപു നകാരം വന്നാൽ അത മുൻപിലത്തെ അനുനാസികത്തിൽ ലയിക്കും. ദൃ—ന്തം, 'കൺ + നീർ = കണ്ണീർ; മുൻ + നില = മുന്നില; എൾ + നെയ = എണ്ണെയ = എണ്ണ'

൮൦. സംസ്കൃത ഭാഷയിൽ മുൻപിലത്തെ പദം ഖരത്തിൽ അവസാനിക്കയും പിന്നത്തേതു ഖരവും അതിഖരവും ഒഴികെ മററു യാതൊരു അക്ഷരത്തിലും തുടങ്ങുകയും ചെയ്താൽ ഖരം തന്റെ വർഗ്ഗത്തിൽ ചേൎന്ന മൃദുവായിട്ടു തിരിയും ദൃ-ന്തം; വാക് + ദത്തം. വാഗ്ദത്തം=അപ് + ജം അബ്ജം. അച് + അന്തം=അജന്തം. വാക് + ഈശൻ = വാഗീശൻ.

൮൧. മുൻപിലത്തെ മൊഴി മൃദുവിലോ അതിഖരത്തിലോ ഘോഷത്തിലോ അവസാനിക്കയും പിന്നത്തേതു ഖരം കൊണ്ടോ അതിഖരം കൊ

ഴെങ്കിലൊ തുടങ്ങുകയും ആയിരുന്നാൽ മുൻമൊഴിയുടെ അന്തത്തിലെ ഹല്ല തന്റെ വൎഗ്ഗത്തിൽ ചേൎന്ന ഖരമായിട്ടു തിരിയും, ദൃ—ന്തം; ഭുഗ+തി= ഭുക്തി.

വ്യ൨. ഒരു പദം ഖരത്തിൽ അവസാനിക്കയും പിന്നത്തേതു അനുനാസികം കൊണ്ടു തുടങ്ങുകയും ചെയ്താൽ ഖരം തന്റെ വൎഗ്ഗത്തിൽ ചേൎന്ന മൃദുവായിട്ടും അനുനാസികമായിട്ടും തിരിയും; ദൃ—ന്തം; വാൿ + മയം=വാഗ്മയം=വാങ്മയം; വാൿ + മാധുൎയ്യം = വാഗ്മാധുൎയ്യം = വാങ്മാധുൎയ്യം.

വ്യ൩. ദന്ത്യങ്ങൾ താലവ്യങ്ങളുടെ മുമ്പു താലവ്യങ്ങളായിട്ടും മൂൎദ്ധന്യങ്ങളുടെ മുമ്പു മൂൎദ്ധന്യങ്ങളായിട്ടും മാറിവരും; ദൃ—ന്തം; സൽ + ജനം= സജ്ജനം; സൽ + ചിന്മയൻ = സച്ചിന്മയൻ.

വ്യ൪. ര എന്ന അൎദ്ധാക്ഷരം, ച, ഛ, ശ എന്നവയുടെ മുമ്പിൽ ശകാരമായിട്ടും; ത, ഥ, സ എന്നവയുടെ മുമ്പിൽ സകാരമായിട്ടും ക, ഖ, പ, ഫ, എന്നവയുടെ മുമ്പ ഷകാരമായിട്ടും മാറുന്നു. ദൃ—ന്തം; ദുർ + ചിന്ത = ദുശ്ചിന്ത. ദുർ + ശീലം = ദുശ്ശീലം. ദുർ + തൎക്കം = ദുസ്തൎക്കം. നിർ + സാരം = നിസ്സാരം. നിർ + കൃതം നിഷ്കൃതം. നിർ + ഫലം = നിഷ്ഫലം.

അഞ്ചാം സൎഗ്ഗം. സന്ധിയോടു സംബന്ധമില്ലാത്ത ചില മാററങ്ങൾ.

വ്യ൫. അകാരത്തിന്നു പകരം പല പദ്ധതികളിലും പ്രത്യേകം മൊഴികളുടെ അന്തത്തിലും

ഏകാരം നടപ്പായിരിക്കുന്നു: ദൃഷ്ടാന്തം; കൂട=കൂടെ; വളര=വളരെ, താഴ=താഴെ; മാവേലിക്കര=മാവേലിക്കരെ; പട്ടക = പെട്ടക. എന്നാൽ ഏകാരവും ഐകാരവും അച്ച പിന്നാലെ വരുമ്പോൾ അകാരമായിട്ടു തിരികയും ഉണ്ടു: ദൃഷ്ടാന്തം; പിന്നെപിന്നെയും=പിന്നയും. കൂടെകൂടെയും=കൂടയും; മരത്തെ മരത്തെയും=മരത്തയും. തന്നെ തന്നെയും=തന്നയും

൮൬. യകാരവും വകാരവും തമ്മിലും, കകാരവും വകാരവും തമ്മിലും, ബകാരവും വകാരവും തമ്മിലും, മകാരവും വകാരവും തമ്മിലും, ഴകാരവും ളകാരവും തമ്മിലും, ചില മൊഴികളിൽ മാറും: ദൃ—ന്തം; കോയിൽ = കോവിൽ; ചുകപ്പു = ചുവപ്പു; കുബേരൻ=കുവേരൻ; വാനം= മാനം; എപ്പോഴം = എപ്പോളം.

൮൭. ഓരോരോ വൎഗ്ഗത്തിൽ ഉൾപ്പെട്ട മൃദുക്കളും മഹാപ്രാണങ്ങളും അതാതു വൎഗ്ഗത്തിലെ ഖരമായിട്ടു മാറുക നടപ്പുണ്ടു: ദൃ—ന്തം; ഘനം = കനം; ഖണ്ഡം = കണ്ടം; ഭാരം = പാരം. ഈ പറഞ്ഞിരിക്കുന്ന മാററങ്ങൾ തമിഴരീതിപ്രകാരമുള്ളതാകുന്നു; അക്ഷര വിദ്യയില്ലാത്തവരുടെ സംസാരത്തിൽ അധികം വരുന്നതും ആകുന്നു: എങ്കിലും വിദ്വാന്മാരുടെയിടയിൽ ആയതു അപശബ്ദമായിട്ടത്രെ വിചാരിക്കപ്പെടുന്നതു. എന്നാൽ ചില പദങ്ങൾ ഈ അപശബ്ദപ്രകാരം ഭാഷയിൽ സ്ഥിരപ്പെട്ടിരിക്കുന്നതാകയാൽ അവയുടെ മൂലശബ്ദം അറിയുന്നതിന്നും അപശബ്ദമായി കേട്ടു പഠിച്ചിരിക്കുന്ന മൊഴികളുടെ സുശബ്ദം തിരിച്ചെടുത്തുകൊള്ളുന്നതിന്നും ഈ സൂത്രം നല്ലവണ്ണം ഉപകരിക്കുന്നതാകുന്നു.

൮൮. ശ, ഷ, എന്നവ ച, ട, എന്നവയായിട്ടും സകാരം ച, ത, എന്നവയായിട്ടും ചില പദങ്ങളിൽ മാറി വരും: ദൃ—ന്തം; ശ്രാദ്ധം = ചാത്തം; സിന്ദൂരം = ചിന്തൂരം; സന്നിനായകം= ചെന്നിനായകം; മേഷം = മേടം; ഋഷഭം = ഇടവം; സമനം = തമനം: സിംഹം= ചിങ്ങം.

൮൯. ക്ത, ബ്ദ, ബ്ധ, എന്നവയും മററും തകാരമായിട്ടും ക്ഷകാരം ക്കകാരമായിട്ടും ചിലമൊഴികളിൽ മാറിവരും: ദൃ—ന്തം; രക്തം = രത്തം; ശബ്ദം = ചത്തം, ലുബ്ധൻ = ലുത്തൻ; സ്ഥലം= തലം; പക്ഷം = പക്കം പക്ഷി = പക്കി.

൯൦. അതാതു വൎഗ്ഗത്തിലെ അനുനാസികത്തോടു പിൻ ചേൎന്നു വരുന്ന ഹല്ലു ചില മൊഴികളിൽ ആ അനുനാസികത്തിൽലയിക്കും: ദൃ—ന്തം; ചെങ്കാലി = ചെങ്ങാലി; കണ്ടൻ = കണ്ണൻ.

൯൧. സംസ്കൃത ഭാഷയിൽ ര, ഷ, എന്ന അക്ഷരങ്ങൾക്കു പിൻപും അവയോടു ചേൎന്നും നകാരം വരേണ്ടുന്നിടത്തു ണകാരമേവരൂ: ദൃ—ന്തം, ഗമനം, ഋണം, വൎണ്ണം, കക്ഷണം, മരണം, തൃണം തീക്ഷ്ണം.

൯൨. പല അക്ഷരങ്ങൾ ഉള്ള പദങ്ങളിൽ ഒരു ഹ്രസ്വസ്വരവും പിന്നാലെ ഒററ ഹല്ലും വരുമ്പോൾ അവയെക്കളഞ്ഞു മൊഴികളെ ചുരുക്കിപ്പറക നടപ്പുണ്ടു: ദൃ—ന്തം; വരവേണം = വരേണം; തരുവാൻ = തരാൻ.

രണ്ടാം കാണ്ഡം പദലക്ഷണം.

൯൩. പദലക്ഷണം മൊഴികളുടെ തരഭേദങ്ങളെയും രൂപഭേദങ്ങളെയും മററു അവെക്കുള്ള വിശേഷങ്ങളെയും കുറിച്ചു പറയുന്നതാകുന്നു.

൯൪. പദമെന്നതു ഗളശബ്ദങ്ങളാൽ ഉണ്ടാകുന്നതും പുറമെ കാണുന്ന വസ്തുക്കളെക്കുറിച്ചു നമ്മുടെ ഉള്ളിൽതോന്നുന്ന രൂപങ്ങളുടെ അടയാളങ്ങളും ആകുന്നു. വാക്കിന്റെ സാദ്ധ്യം നമ്മുടെ വിചാരങ്ങളെയും ആഗ്രഹങ്ങളെയും തമ്മിൽത്തമ്മിൽ അറിയിക്കുന്നതുമാകുന്നു. എന്നാൽ മനസ്സിലെ രൂപവും പുറമേയുള്ള ശബ്ദവും തമ്മിൽ സ്വഭാവേന യാതൊരു സംബന്ധവുമില്ല. പൊന്നു എന്ന പദവും പൊന്നു എന്ന വസ്തുവും ആയിട്ടു യാതൊരു സദൃശവുമില്ല. വെള്ളം എന്നു നാം പറയുന്ന വസ്തുവിനെ തീ എന്നു പറകയും മറിച്ചു തീ എന്നതിന്നു വെള്ളം എന്നു അൎത്ഥംവരികയും ആകാം. വെള്ളം എന്ന ശബ്ദത്തിന്നു വെള്ളം എന്ന വസ്തുവിന്റെ രൂപം മനസ്സിൽ വരുത്തുവാൻ കഴിയുന്നതു ആഗന്തുക സംബന്ധം കൊണ്ടാകുന്നു. ആ മൊഴിയെ ഠരം വസ്തുവിന്നു അടയാ

മമായിട്ട നാം നിശ്ചയിച്ച അങ്ങനെ പ്രയോഗിക്കയും പ്രയോഗിച്ചു കേൾക്കയും ചെയ്തു നമുക്ക പരിചയമുള്ളതു കൊണ്ടു തന്നെ മനുഷ്യരുടെ പ്രധാനമായുള്ള മനോവികാരങ്ങൾ മറ്റു ജീവജന്തുക്കളുടെ എന്നപോലെ ശുദ്ധരുതശബ്ദങ്ങൾ കൊണ്ടു അറിയിക്കപ്പെടുകയും ആയവക്കും മനോവികാരങ്ങൾക്കും തമ്മിൽ സ്വഭാവ സംബന്ധം ഉള്ളതുകൊണ്ടു എല്ലാവരാലും തിരിച്ചറിയപ്പെടുകയും ചെയ്യുന്നുണ്ടു. എന്നാൽ ഇപ്രകാരമുള്ള ശബ്ദങ്ങൾ ഭാഷയിൽ തുലോം ചുരുക്കമാകുന്നു. ആയവയെ ഒരു ഭാഷയെന്നു പറയാമെങ്കിൽ ആ ഭാഷ സുഖദുഃഖങ്ങളുള്ള മറ്റു ജീവജന്തുക്കൾക്കും മനുഷ്യനും കൂടെ പ്പൊതുവിൽ ഉള്ള ഒരു ഭാഷയാകുന്നു. നമ്മുടെ മൂലനിനവുകൾ പഞ്ചേന്ദ്രിയങ്ങൾ വഴിയായി വരുന്നതും ഇന്ദ്രിയങ്ങളിൽ ഓരോന്നിന്നു പ്രത്യേക വിഷയങ്ങൾ ഉള്ളതും ആകയാൽ ഇപ്രകാരമുള്ള ഒരു ഭാഷ മുഴുവനാകുന്നതിന്നു ഇന്ദ്രിയങ്ങൾക്കെല്ലാം പ്രയോഗം വേണം. കണ്ണിന്നു ശബ്ദത്തെ ഗ്രഹിപ്പാൻ വഹിയാ. ചെവിക്കു നിറത്തെയും അറിഞ്ഞു കൂടാ. അവെക്കു രണ്ടിനും ഘ്രാണം ചെയ്യുന്നതിന്നെങ്കിലും രുചിക്കുന്നതിന്നെങ്കിലും കഴികയില്ല. ആകയാൽ ഒരുത്തന്നു മറ്റൊരുത്തന്റെ 'മനസ്സിൽ മധുരമെന്ന' രുചി ആക്കേണമെന്നുണ്ടായിരുന്നാൽ ഇവൻ പഞ്ചസാരകൊണ്ടു വരികയും മററവൻ അതിനെ രുചിക്കയും വേണ്ടിവരും. എന്നാൽ മനസ്സാര നിനവുകളിൽ ഒന്നുംതന്നെ ഇന്ദ്രിയ വിഷയങ്ങളെക്കൊണ്ടു ലക്ഷ്യപ്പെടുത്താകുന്നതല്ല ആകയാൽ വാക്കുകൾ വസ്തുക്കളുടെ അനുരൂപങ്ങളായിരിക്കുന്നതിന്നെക്കാൾ അവയുടെ അടയാളങ്ങളായിരിക്കുന്നതു തന്നെ നല്ലതാകുന്നു. അപ്രകാരം തന്നെ ഭാഷകളിലെ മൊഴികളിൽ അധികം ആ മാതിരിയാകുന്നു. എന്നാൽ എല്ലാ ഭാഷകളിലും ശബ്ദങ്ങളുടെ അനുരൂപമായിരിക്കുന്ന പദങ്ങൾ വളരെയുണ്ടു: ദൃ—ന്തം; കാറുക, പൊട്ടുക, ഗുളുഗുളുക, കുടുങ്ങുക, കൂകുക; കാക്ക.

൪൬. മലയാഴ്മയിൽ മൂന്നുവക പദങ്ങൾ ഉണ്ടു. ആയവ നാമവും വചനവും അവ്യയവും ആകുന്നു. ഈ ഭാഷയിലെ മൊഴികൾ എല്ലാം ഈ മൂന്നു വകകളിൽ ഒന്നിൽ ഉൾപ്പെട്ടിരിക്കും.

൪൭. വാക്കുകളെ ഇത്ര തരം ആക്കേണമെന്നതിന്നെക്കുറിച്ചു വ്യാകരണക്കാരുടെ ഇടയിൽ തൎക്കമുണ്ടു, ചിലർ നാമവും വചനവുമായി രണ്ടു തരമെ വക വെക്കുന്നുള്ളു. മറ്റു ചിലർ പത്തുവരെ ആക്കുന്നുണ്ടു. ഏതാനും പേർ മേൽ ചെയ്തിരിക്കുന്നപ്രകാരം മൂന്നായി വിഭാഗിച്ചു വേറെ വകകളായി എണ്ണപ്പെട്ടിരിക്കുന്ന പദങ്ങളെ ഇവയുടെ ശിഖരങ്ങൾ ആക്കുന്നു. എന്നാൽ പദങ്ങളെ

മുൻപോലെ തരം തിരിക്കുന്നതല്ല, അവയുടെ ലക്ഷണങ്ങളെ തെറ്റു കൂടാതെ കാണിക്കുന്നതു തന്നെ വ്യാകരണത്തിന്റെ പ്രധാന സാധ്യമാകുന്നു. ആകയാൽ ഈ ഭിന്നത ആയതിന്നു തടവുചെയ്യുന്നതല്ലായ്കകൊണ്ടു അതിനെക്കുറിച്ചു അത്ര സാരമായിട്ടു വിചാരിപ്പാനില്ല. എങ്കിലും കാര്യത്തെ സൂക്ഷ്മമായിട്ടു വിചാരിക്കുമ്പോൾ പദങ്ങളെ നാമവും വചനവും അവ്യയവുമെന്നിങ്ങനെ മൂന്നുവകയായിട്ടു വിഭാഗിക്ക തന്നെ യുക്തമായിട്ടും തെളിവായിട്ടുമുള്ളതെന്നു തോന്നുന്നു. എന്തെന്നാൽ ഭാഷ ഒന്നും പഠിച്ചിട്ടില്ലാതെ വിചാരബുദ്ധിയുള്ളതിൽ ഒരു ജീവാത്മാവു ഭൂമിയിൽ വരികയെന്നു വെച്ചാൽ അതിന്റെ ചുറ്റും കാണുന്ന വസ്തുക്കളിൽ അതിന്റെ ശ്രദ്ധ ആദ്യം ചെല്ലുന്നതാകയാൽ ഇവയെ ഒന്നിൽനിന്നു ഒന്നിനെ വിവരപ്പെടുത്തുവാൻ അതുനോക്കുന്നതുമല്ലാതെ അതു ഒരു ഭാഷയെ ഉണ്ടാക്കുകയാകുന്നു എങ്കിൽ അവ അടുക്കൽ ഇല്ലാത്തപ്പോൾ അവയുടെ പേരു കേട്ടു ഓർക്കേണ്ടുന്നതിന്നു അവെക്കു പേരിടുക അതിന്റെ രണ്ടാവത്തെ ശ്രമം ആയിരിക്കും. ഇങ്ങനെ ഒരു തരത്തിൽ ഏറ മൊഴികൾക്കു വകയുണ്ടാകുന്നു. ആയവ നാമങ്ങൾ എന്ന പേരായിട്ടു എല്ലാ ഭാഷയിലും കാണുന്നു. വിശേഷിച്ചും വസ്തുക്കൾക്കു ഓരോരോ ലക്ഷണങ്ങളും വികാരങ്ങളും ഉണ്ടെന്നു അതു വേഗത്തിൽ കണ്ടുപിടിക്കുന്നതാകയാൽ ആ ലക്ഷണങ്ങളും വസ്തുക്കളും തമ്മിലുള്ള സംബന്ധത്തെ കാണിക്കുന്നതിന്നു മറ്റൊരുവക മൊഴി വേണ്ടിവരും. എന്തെന്നാൽ വസ്തുക്കളിൽനിന്നു നമുക്കുള്ള ഉപകാരം അവയുടെ ഗുണങ്ങൾ കൊണ്ടാകുന്നു. ഈ വക പദങ്ങൾക്കു വചനങ്ങൾ എന്നു പേരായിരിക്കുന്നു. ആയവയും എല്ലാ ഭാഷയിലും ഉണ്ടു. നമ്മുടെ വിചാരങ്ങളെ അറിയിക്കുക മാത്രം ചെയ്യുന്നതിന്നു ഈ രണ്ടുവക പദങ്ങളും മതി. അവ്യയങ്ങളെ കുറിച്ചു വിചാരിക്കുമ്പോൾ ആയവ വാചകത്തിന്റെ എളുപ്പത്തിന്നും അലങ്കാരത്തിന്നുമായിട്ടു ഉണ്ടാക്കപ്പെട്ടതും നിനവുകളെ അറിയിക്കുന്നതിന്നു അവയെ കൂടാതെ കഴിക്കാകുന്നതുമാകുന്നു.

൩൭. പിന്നെയും പദങ്ങളെ മേൽ പറഞ്ഞപ്രകാരം തരം തിരിക്കുന്നതു മലയാം ഭാഷയുടെ സ്വഭാവത്തിന്നു നന്നായി ചേർന്നിരിക്കുന്നു. എന്തെന്നാൽ ഈ മൂന്നു തരമൊഴികളും രൂപത്തിലും അർത്ഥത്തിലും ഉത്ഭവത്തിലും മറ്റും ചില ലക്ഷണങ്ങളിലും, വേണ്ടും പ്രകാരേണ വ്യത്യാസമായിരിക്കുന്നതും മറ്റൊരു വിധത്തിൽ തരം തിരിക്കുമ്പോൾ അങ്ങനെ കാണത്തക്ക വ്യത്യാസങ്ങൾ ഇല്ലാത്തതും ആകുന്നു. വിശേഷിച്ചും മലയാഴ്മയുടെ സമശിഖരമായിരിക്കുന്ന തമിഴ ഭാഷയുടെ വ്യാകരണക്കാരും പദങ്ങളെ മിക്കവാറും മേൽ പറഞ്ഞപ്രകാരം അത്രേ വിഭാഗിച്ചിരിക്കുന്നു. തക്ക കാരണം കൂടാതെ ആ മാതൃകയിൽനിന്നു ഭേദം വരുത്തുന്നതു യോഗ്യമല്ല.

ഒന്നാം അദ്ധ്യായം—നാമം.

൯൮. നാമം എന്നതു വസ്തുക്കളുടെ പേരു പറയുന്ന പദമാകുന്നു. ദൃഷ്ടാന്തം; "തൊമ്മൻ, മനുഷ്യൻ, വീടു, ചീനം, ഞാൻ, അവൻ, പലർ".

ഒന്നാം സർഗ്ഗം—നാമങ്ങളുടെ തരഭേദങ്ങൾ.

൯൯. നാമങ്ങൾ ഏകനാമങ്ങൾ എന്നും വർഗ്ഗനാമങ്ങൾ എന്നും സർവ്വനാമങ്ങൾ എന്നും മൂന്നുവകയായിരിക്കുന്നു.

൧൦൦. ഏക നാമങ്ങൾ എന്നു പറഞ്ഞാൽ ഒററ വസ്തുക്കളുടെയും ആളുകളുടെയും സ്ഥലങ്ങളുടെയും പേരാകുന്നു. ആയവെക്ക അല്ലാതെ മററൊരു വസ്തുവിന്നു ആ നാമങ്ങൾ ചേരുകയില്ല. ദൃ-ന്തം; "യൊഹന്നാൻ, ആദിത്യൻ, മങ്ങലപുരം." ചില ഏകനാമങ്ങൾ പല വസ്തുക്കൾക്കു പേരായിട്ടു വരുന്നതു യദൃശ്ചയാൽ ആകുന്നു.

൧൦൧. വർഗ്ഗനാമങ്ങൾ വസ്തുക്കൾക്കു പൊതുവിൽ ചില ലക്ഷണങ്ങൾ ഉള്ളതിനെ കാണിക്കുന്നതിന്നു ആ ലക്ഷണങ്ങൾ കാണുന്ന എല്ലാററിന്നും ചേരുന്ന നാമങ്ങൾ ആകുന്നു: ദൃ-ന്തം; "മനുഷ്യൻ, നിറം, രാജ്യം."

൧൦൨. സർവ്വനാമങ്ങൾ എല്ലാ വസ്തുക്കളും ചില പടുതിയിൽ വരുന്നതാകയാൽ അപ്പടുതികളെക്കാണിക്കുന്നതിന്നായിട്ടു എല്ലാ വസ്തുക്കൾക്കും ചേരുന്നതുവയാകുന്നു ദൃ-ന്തം; ഞാൻ, നീ, അവൻ, പലർ.

൱൩. ലോകത്തിലുള്ള വസ്തുക്കൾ അസംഖ്യമായിരിക്കകൊണ്ടു അവെക്ക എല്ലാററിന്നും പ്രത്യേകം ഒരോ നാമം ഉണ്ടാക എന്നു വന്നാൽ നാമങ്ങൾ തന്നെ ഭാഷയിൽ അനവധിയായി തീരുന്നതുകൊണ്ടു നല്ല വിശേഷ ഒൎമ്മയുള്ളവരുടെ മനസ്സിൽ തന്നെയും കൊള്ളുന്നതിന്നല്ലായിരിക്കും. ആകയാൽ ഒരു മൊഴിയിൽ പല വസ്തുക്കൾ അടങ്ങത്തക്കവണ്ണം വൎഗ്ഗ നാമങ്ങൾ ഉണ്ടാക്കപ്പെട്ടിരിക്കുന്നു. വസ്തുക്കൾക്കു പല പല ഗുണങ്ങൾ ഉള്ളതാകയാൽ ആ ഗുണങ്ങളിൽ ഏതെങ്കിലും ഒന്നിനെത്തിരിച്ചെടുത്തു ഗുണിയിൽ സംബന്ധിച്ചിരിക്കുന്ന മററുള്ള ലക്ഷണങ്ങളെ കൂട്ടാക്കാതെ ആയൊരു ഗുണത്തെക്കുറിച്ചു തനിച്ചു വിചാരിപ്പാൻ മനുഷ്യന്നു കഴിയുന്നതാകുന്നു. ഇങ്ങനെ ഒരു പശുവിനെ കണ്ടു അതിന്റെ നിറത്തെക്കുറിച്ചു തനിച്ചു വിചാരിച്ചിട്ടു ചുവല എന്ന വൎഗ്ഗനാമം ഉണ്ടാകുന്നതു ചുവന്ന നിറമുള്ളവെക്കു ഒക്കയും ചേരുന്നു. ഒരു മനുഷ്യനെപ്പററി ഇങ്ങനെ നോക്കുമ്പോൾ അവന്റെ വിദ്യയെ സംബന്ധിച്ചു വിദ്വാൻ എന്നും അവന്റെ ശീലത്തെ സംബന്ധിച്ചു ഗുണവാനെന്നും പേരുണ്ടാകുന്നതു ആ ലക്ഷണങ്ങൾ ഉള്ളവൎക്കു എല്ലാവൎക്കും കൊള്ളുന്നു.

൱൪. വൎഗ്ഗ നാമങ്ങൾ ഒക്കയും ആദ്യം ഏക നാമങ്ങളായിരുന്നു എന്നു തോന്നുന്നു പിന്നെ ഒരോ വസ്തുവിന്നു ഒരോ ലക്ഷണം മുന്തി നില്ക്കുന്നതാകയാൽ ആ ലക്ഷണം കാണുന്ന മററു വസ്തുക്കൾക്കും അതിന്റെ പേരു പറഞ്ഞു വിളിച്ചതായിരിക്കെണം. ഇങ്ങനെ നാരദമുനി ഏഷണിക്കാരനായിരുന്നതുകൊണ്ടു നാരദൻ, എന്നതു ഏഷണി പറയുന്നവൎക്കു എല്ലാവൎക്കും ഒരു വൎഗ്ഗ നാമമായിട്ടു തീൎന്നിരിക്കുന്നു. അങ്ങനെ തന്നെ കുബെരൻ ഭീമൻ, ആഷാഢഭൂതി, ജ്യേഷ്ഠ, ലക്ഷ്മി, എന്ന ഏകനാമങ്ങൾക്കു ധനവാൻ, പൊണ്ണൻ, കള്ളൻ. നിൎഭാഗ്യമുള്ള ആൾ” സൌഭാഗ്യമുള്ള ആൾ, എന്ന ക്രമത്തിന്നു അൎത്ഥം വന്നിരിക്കുന്നു. നേരേ മറിച്ചു വൎഗ്ഗ നാമങ്ങൾ വൎഗ്ഗത്തിൽ ശ്രുതിപ്പെട്ടതോ വൎഗ്ഗത്തിന്റെ ലക്ഷണം മുന്തിനില്ക്കുന്നതോ ആയ ഒററവസ്തുക്കളോടു സംബന്ധിച്ചു ഏക നാമങ്ങളായിട്ടും വരും. ഇങ്ങനെ കറുത്തവനെന്നു അൎത്ഥം ആകുന്ന കൃഷ്ണൻ എന്നതു ആ നിറമുള്ളവരിൽ കേഴ്വിപെട്ടവനായ ദേവകീ നന്ദനന്നും മൎത്ത്യൻ എന്നതു മരണമുള്ളവരിൽ മുൻപനായ മനുഷ്യന്നും സുന്ദരി എന്നതു അതിസൌന്ദൎയ്യം ഉള്ള ലക്ഷ്മിക്കും പേരായി; ഒരുവണ്ണം മൂലവൎഗ്ഗങ്ങൾ ഉപവൎഗ്ഗങ്ങൾക്കായിട്ടും ഉപവൎഗ്ഗങ്ങൾ ഒററവസ്തുക്കൾക്കായിട്ടും പ്രയോഗിക്കപ്പെടുകയുണ്ടു.

൱൫. നാമങ്ങൾ ഉത്ഭവത്തെ സംബന്ധിച്ചു

രൂഢി നാമങ്ങൾ എന്നും ബന്ധനാമങ്ങൾ എന്നും ഇങ്ങനെ രണ്ടു വകയാകും. രൂഢി നാമങ്ങൾ വസ്തുക്കളുടെ ഗുണത്തെക്കാണിക്കാതെ അവെക്ക അടയാളമായി വീണിരിക്കുന്നവയാകുന്നു. ബന്ധനാമങ്ങൾ വസ്തുക്കൾക്ക ചില കാരണവശാൽ ഉണ്ടാകുന്ന നാമങ്ങൾ ആകുന്നു. **നെല്ല, കല്ല, പുല്ല, മരം,** എന്ന വസ്തുക്കൾക്ക ഒരു പേരുകൾ വരുന്നതിന്ന അപ്രകാരം നിൎമ്മിച്ചുപേരിട്ടു എന്നല്ലാതെ യാതൊരു കാരണവും പറയുന്നതിന്ന ഇല്ലായ്കകൊണ്ടു അവ രൂഢിനാമങ്ങൾ ആകുന്നു. എന്നാൽ **മാങ്ങാ, തെങ്ങാ, എഴുത്താണി** എന്നവെക്ക ആ പേരു വീണിരിക്കുന്നതിന്ന ചില ബന്ധങ്ങൾ ഉള്ളതാകയാൽ അവ ബന്ധനാമങ്ങൾ ആകുന്നു.

൱൬. ബന്ധനാമങ്ങളിൽ പലതിന്നും കാരണം മുന്തിനില്ക്കാതെ ഗുപ്തമായിത്തീൎന്നിരിക്കയാൽ രൂഢിനാമങ്ങളെപ്പോലെ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'അമ്പല' കെട്ടിയവൻ, രാജ്യം, എന്ന നാമങ്ങൾക്കു ബലം ഇല്ലാത്തവൾ, 'താലികൊണ്ടു വിവാഹം ചെയ്തവൻ, 'രാജാവു ഭരിക്കുന്ന നാടു എന്നിങ്ങനെ ഉത്ഭവാൎത്ഥമാകുന്നു എങ്കിലും നടപ്പുഭാഷയിൽ ഒരു നാമങ്ങൾ ബലമുള്ള സ്ത്രീകളെയും താലികൊണ്ടല്ലാതെ വിവാഹം ചെയ്ത ഭൎത്താക്കന്മാരെയും രാജഭരണമില്ലാത്ത നാടുകളെയും സംബന്ധിച്ചും കൂടെപ്പറയപ്പെടുന്നു.

൱൭. ബന്ധനാമങ്ങൾ ഗുണിനാമങ്ങൾ എന്നും ഗുണനാമങ്ങൾ എന്നും രണ്ടു തരമായിരിക്കുന്നു. ഗുണിനാമങ്ങൾ വസ്തുക്കളെക്കുറിച്ചു നമ്മുടെ മനസ്സിൽ ഉള്ള സാധാരണ രൂപത്തെ കാണിക്കാതെ അവ ചില ഗുണങ്ങളോടു കൂടിയിരിക്കുന്നു എന്ന കാണിക്കുന്നവയാകുന്നു. ദൃ-ന്തം; "കള്ളൻ, കള്ളി, ചുമടു, വരുന്നവൻ, പോയവൾ." ഗുണനാമങ്ങൾ ഗുണികളിൽനിന്ന വേ

രൂപട്ടു താനേയിരിക്കുന്ന പ്രകാരത്തിൽ വിചാരിക്കപ്പെടുമ്പോൾ ഗുണങ്ങൾക്കു ഉണ്ടാകുന്ന പേരാകുന്നു. ദൃ-ന്തം; "ശുദ്ധത, ശത്രുത, കഠിനം, ഗമനം, ചാട്ടം, ഓട്ടം.'

൫൰൭. ഗുണങ്ങൾക്കു ഗുണിയിൽ സംബന്ധിച്ചല്ലാതെ തനിച്ചിരിപ്പാൻ കഴിയുന്നതല്ലയെങ്കിലും അവ തനിച്ചിരിക്കുന്ന പ്രകാരത്തിൽ മനസ്സുകൊണ്ടു വിചാരിപ്പാൻ കഴിയുന്നതാകുന്നു. ഇങ്ങനെ മനസ്സിന്റെ നിരൂപണങ്ങൾ മാത്രമായിരിക്കുന്നവെക്കു സാക്ഷാൽ ഇരിപ്പുള്ള വസ്തുക്കളെപ്പോലെ നാമങ്ങൾ വീണിരിക്കുന്നു.

൫൰൮. രൂഢി നാമങ്ങളെ വസ്തുവിൽ മുന്തി നില്ക്കുന്ന ഗുണങ്ങളുടെ ഗുണികൾക്കായിട്ടും ഗുണിനാമങ്ങളെ ഗുണങ്ങളുള്ള വസ്തുക്കളുടെ രൂഢി നാമങ്ങളായിട്ടും പ്രയോഗിക്കയുണ്ടു. ദൃ-ന്തം, 'അവൻ മാടാകുന്നു, അവൾ ജ്യേഷ്ഠയായിരുന്നു, എന്നവയിൽ വസ്തു നാമങ്ങളാകുന്ന ,മാടു, ജ്യേഷ്ഠ, എന്നവയെ ബുദ്ധിയില്ലായ്മ അവലക്ഷണം എന്ന ഗുണങ്ങൾ ഉള്ള ഗുണികൾക്കായിട്ടു പ്രയോഗിക്കപ്പെട്ടിരിക്കുന്നു. വൈദ്യന്റെ ഗുരു എന്നതിൽ വൈദ്യനെ വിദ്യ പഠിപ്പിച്ച ഗുരു എന്നും ആശാന്റെ ഗുരു എന്നതിൽ ആശാനെ വൈദ്യം പഠിപ്പിച്ച ഗുരു, എന്നും പൊരുൾ വരാകുന്നതാകയാൽ വൈദ്യൻ, ആശാൻ എന്ന ഗുണി നാമങ്ങൾ രൂഢി നാമങ്ങളായിട്ടു പ്രയോഗിക്കപ്പെട്ടിരിക്കുന്നു. പിന്നെയും ഗുണിനാമങ്ങളെ ഗുണങ്ങൾക്കായിട്ടും ഗുണനാമങ്ങളെ ഗുണികൾക്കായിട്ടും മാറിപ്പറകയുണ്ടു. ദൃ—ന്തം; അവൾ അവലക്ഷണം ആകുന്നു; നീ ഒരു വികൃതി ആകുന്നു. രാജാവു(രാജസ്ഥാനം) മരിക്കയില്ല. നമ്മുടെ പഴയ മനുഷ്യൻ (മനുഷ്യസ്വഭാവം) കുരിശിൽ തറെക്കപ്പെട്ടിരിക്കുന്നു.

രണ്ടാം സർഗ്ഗം—ലിംഗം.

൬൰. നാമങ്ങൾക്കു രൂപഭേദം വരുന്നതു അവ അടയാളമായിരിക്കുന്ന വസ്തുക്കളുടെ ലിംഗത്തെയും സംഖ്യയെയും വിഭക്തിയെയും കാണിക്കുന്നതിനായിട്ടു ആകുന്നു. ലിംഗം എന്നതു വസ്തുക്കളുടെ ജാതിയെ ആണോ പെണ്ണോ രണ്ടുമല്ലാത്തതൊ എന്നു വിവരപ്പെടുത്തുന്നതിന്നു വസ്തുക്കളുടെ നാമങ്ങളായിരിക്കുന്നവെക്കുള്ള ഒരു

രൂപഭേദമാകുന്നു. അതു പുല്ലിംഗം, സ്ത്രീലിംഗം നില്ലിംഗം, എന്നു മൂന്നു വകയായിരിക്കുന്നു.

൧൧൧. പുല്ലിംഗം, നാമം അടയാളപ്പെടുത്തുന്ന വസ്തു പുരുഷാകൃതിയാകുന്നു എന്നു കാണിക്കുന്നു. മനുഷ്യജാതിയിലും ദേവകളിലും അസുരകളിലും ഉള്ള ആണുങ്ങളുടെ പെരൊക്കയും അങ്ങനെ തന്നെ സത്യദൈവത്തിന്റെ നാമങ്ങളും ഈ ലിംഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ദൃ-ന്തം; "ഗോപാലൻ, 'ഇന്ദ്രൻ, 'രാക്ഷസൻ, 'രാജാവു."

൧൧൨. സ്ത്രീലിംഗം, നാമാൎത്ഥം സ്ത്രീരൂപമാകുന്നു എന്നു കാണിക്കുന്നു. മനുഷ്യജാതിയിലും ദേവകളിലും അസുരകളിലും ഉള്ള പെണ്ണുങ്ങളുടെ നാമങ്ങൾ ഒക്കയും ഈ ലിംഗത്തിൽ ചേൎന്നിരിക്കുന്നു. ദൃ-ന്തം; "ദമയന്തി' മേനക, യക്ഷി' രാജ്ഞി."

൧൧൩. നില്ലിംഗം, നാമം അടയാളമായിരിക്കുന്ന പൊരുളിന്നു മേൽപ്പറഞ്ഞ രണ്ടാകൃതിയുംഇല്ലെന്നു അറിയിക്കുന്നു. അതിന്നു നപുംസലിംഗം എന്നും പേരായിരിക്കുന്നു. മേൽപ്പറഞ്ഞ രണ്ടു ലിംഗത്തിലും ഉൾപ്പെടാത്ത പൊരുളുകൾ ഒക്കയും നില്ലിംഗാൎത്ഥങ്ങൾ ആകുന്നു: ദൃ-ന്തം; "പശു 'കാള, മാടു, വൃക്ഷം, കല്ലു, നീതി.'

൧൧൪. മലയാഴ്മയിൽ ലിംഗഭേദം ചൈതന്യം ഉള്ള വസ്തുക്കളോടെ ചേരുന്നുള്ളു. ആകയാൽ അങ്ങനെയുള്ളവയുടെ നാമം പുല്ലിംഗമായാലും സ്ത്രീലിംഗമായാലും സലിംഗമെന്നു ചൊല്ലപ്പെടുന്നു: നിൎജ്ജീവ വസ്തുകൾ ഒക്കയും എല്ലാത്തര ഗുണങ്ങളും നില്ലിംഗത്തിൽ ചേൎന്നിരിക്കുന്നു. അങ്ങനെ തന്നെ ജിവജന്തുക്കളിലെ ആണും പെണ്ണുമൊക്കയും നില്ലിംഗാൎത്ഥങ്ങളാകുന്നു: ദൃ-ന്തം; ആപ്പശു പാലുള്ളതാകുന്നു. ഇക്കാള ചുമടു ചുമക്കുന്നതാകുന്നു; പലതു കൂടെ ഒന്നിച്ചു ഉണ്ടാകുന്നവയായ ഗണനാമങ്ങൾ വിചാര ബുദ്ധിയുള്ള സലിംഗാൎത്ഥങ്ങളെ സംബന്ധിച്ചവയായാലും നില്ലിംഗാൎത്ഥങ്ങളായി

ട്ടത്രെ വിചാരിക്കപ്പെടുന്നതു: ദൃ-ന്തം; ക്രിസ്ത്യാനി സഭയൊ അതുലൊകത്തിൽ ഒക്കയും നിറഞ്ഞിരിക്കുന്നു; എന്നാൽ ഇങ്ങിനെയുള്ള നാമങ്ങളിൽ താല്പൎയ്യമായിട്ടു കാണിക്കപ്പെടെണ്ടുന്നതു ഗണത്വം അല്ല ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്ന സലിംഗാൎത്ഥങ്ങൾ ആയിരിക്കുമ്പോൾ അവ സലിംഗമായിരിക്കും: ദൃ-ന്തം; 'ആ വലിയ സൈന്യം തമ്മിൽ തമ്മിൽ ഭിന്നിക്കയും തങ്ങളുടെ പ്രമാണികളോടു മത്സരിക്കയും ചെയ്തു. മാലാകമാരുടെയും പിശാചുകളുടെയും നാമങ്ങൾ പുല്ലിംഗമായിരിക്കുന്നതു ഒരം ആത്മാക്കൾ ശക്തിയുള്ളവരെന്നു നമ്മുടെ മനസ്സിൽ ഇരിക്കുന്നതിനാലും ആയ്തു സ്ത്രീലിംഗത്തെക്കാൾ പുല്ലിംഗത്തിൽ നന്നായി വിളങ്ങുന്നതിനാലും ആകുന്നു. ശാസ്ത്രദെവന്മാരെ കുറിച്ചു പറയുമ്പോൾ അവൎക്കു ആണും പെണ്ണും എന്നുള്ള വ്യത്യാസത്തൊടു കൂടിയ ശരീരങ്ങൾ ഉള്ള പ്രകാരം വിചാരിക്കപ്പെട്ടിരിക്കയാൽ ആ വിശ്വാസത്തിനൊപ്പിച്ചു അവരുടെ നാമങ്ങളിൽ ചിലതിനെ പുല്ലിംഗമായിട്ടും ചിലതിനെ സ്ത്രീലിംഗമായിട്ടും ആക്കിയിരിക്കുന്നു. ആദികാരണനായിരിക്കുന്ന ദൈവത്തിന്റെ നാമങ്ങൾ പുല്ലിംഗമായിരിക്കുന്നതു നമ്മെ സംബന്ധിച്ചു തന്റെ ശക്തിയെയും മറ്റു തന്റെ ഗുണങ്ങളെയും ക്രിയകളെയും കുറിച്ചു നമ്മുടെ മനസ്സിൽ തക്ക വിചാരം വരുത്തുന്നതിനാകുന്നു; ദൃ-ന്തം; ദൈവം 'സൎവ്വശക്തനാകുന്നു' തന്റെ സാക്ഷാൽ സ്വഭാവത്തെയുംബന്ധിച്ചു തന്റെ നാമം പറയപ്പെടുമ്പൊൾ നിൎല്ലിംഗമായിട്ടും വിചാരിക്കപ്പെട്ടിരിക്കുന്നു: ദൃ-ന്തം; ദൈവം അനാദ്യവും ആദികാരണവും ആകുന്നു: മനുഷ്യന്റെ ശരീരത്തെയൊ ആത്മാവിനെയൊ പറ്റി വിവരായിട്ടു പറയുമ്പോൾ അവ നിൎല്ലിംഗത്തിൽ ആയിരിക്കും: ദൃ—ന്തം; 'എന്റെ ദെഹമൊ അതു നശിക്കും. എന്റെ ആത്മാവൊ അതു എന്നേക്കുമിരിക്കും അവയിൽ ഏതെങ്കിലും മനുഷ്യനു മുഴുവനും ആയിട്ടു നില്ക്കുമ്പോൾ അൎത്ഥം പോലെ പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും തിരുന്നു: ദൃ—ന്തം; ആ ദെഹം നല്ലവനാകുന്നു. ആ ശുദ്ധാത്മാവു ഒരു രോഗക്കാരത്തിയാകുന്നു.' വിചാര ബുദ്ധി വരുന്നതിന്നു മുമ്പെ പൈതങ്ങൾ പുരുഷന്മാരായിട്ടും സ്ത്രീകളായിട്ടും വിചാരിക്കപ്പെടുന്നില്ല. ആയ്തുകൊണ്ടു അവരുടെ നാമങ്ങൾ ചിലപ്പൊൾ നിൎല്ലിംഗമായിട്ടത്രെ വിചാരിക്കപ്പെടുന്നതു ദൃ.—ന്തം; 'ഇക്കുഞ്ഞു അതു ഒരു നല്ലതാകുന്നു' ചിലപ്പോൾ ലിംഗവ്യത്യാസമായിട്ടും പ്രയോഗിക്കപ്പെടും ദൃ—ന്തം; സുന്ദരി ആയ പൈതൽ.

൱൰൫. അൎത്ഥത്തിൽ ഒക്കുന്ന നാമങ്ങൾ ലിംഗത്തിലും ഒത്തിരിക്കണം: ദൃ-ന്തം; മനുഷ്യൻ ഗുണവാനല്ല. സ്ത്രീബലഹീനയാകുന്നു: അവന്റെ രോഗം പൊറുക്കാത്തതായിരിക്കകൊണ്ടു

അതിനാൽ അവനു മരണം ഭവിക്കും; എന്നാൽ ചില ഗുണങ്ങൾ പ്രത്യേകമായിട്ടും നടപ്പായിട്ടും പുല്ലിംഗത്തോടും ചിലതു സ്ത്രീലിംഗത്തോടുംചേരുന്നതാകയാൽ ആ ഗുണങ്ങൾ അവയുടെപതിവായിട്ടുള്ള ലിംഗാൎത്ഥങ്ങളോടല്ലാതെ ചേരുംപോഴും പതിവായിട്ടുള്ള ലിംഗരൂപത്തിന്നു മാററം വരുത്താതെ പ്രയോഗിക്കപ്പെടുകയുണ്ടു. ദൃ-ന്തം; അമ്മതമ്പുരാൻ, റാണിപാൎവ്വതി, മഹാരാജാവവൎകൾ, ചിലദിക്കിൽ വയററാട്ടികൾ വൈദ്യന്മാരാകുന്നു.

൧൫൬. നിൎല്ലിംഗം ചിലപ്പോൾ വാത്സല്യത്തിലും ചിലപ്പോൾ നിന്ദയിലും പുല്ലിംഗാൎത്ഥത്തോടും സ്ത്രീലിംഗാൎത്ഥത്തോടും ചേൎത്തു പറയപ്പടും: ദൃ—ന്തം; "അതു ആ സ്ത്രീ പാവം ആകുന്നു" അതു "ആ ചെറുക്കൻ, ഒരു കഴുതയാകുന്നു."

൧൫൭. വാചകത്തിന്റെ ചൊടിപ്പിന്നും അലങ്കാരത്തിന്നും ആയിട്ടു നിൎല്ലിംഗാൎത്ഥം പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും പ്രയോഗിക്കപ്പടുന്നുണ്ടു. പുല്ലിംഗം ജീവജന്തുക്കളിൽ ആണിനോടും സ്ത്രീലിംഗം ജീവജന്തുക്കളിൽ പെണ്ണിനോടും ചേൎത്തു പറയപ്പടുന്നു. എന്നാൽ നാമം മിക്കപ്പോഴും ലിംഗം കാണിക്കുന്ന രൂപത്തിൽ ആയിരിക്കും: ദൃ—ന്തം; 'പുലിയനാർ, പുലിച്ചി, കുരങ്ങൻ, ചിലപ്പോൾ ജീവനില്ലാത്ത വസ്തുക്കളും സലിംഗമായിട്ടും പ്രയോഗിക്കപ്പടുകയുണ്ടു. എന്നാൽ അവയും ലിംഗരൂപത്തോടു ചേൎന്നിരിക്കെണം; ദൃ—ന്തം; ജ്ഞാനപ്പെൺ' ഭൂമിദേവി.

൧൫൮. പുല്ലിംഗാൎത്ഥത്തോടും സ്ത്രീലിംഗാൎത്ഥത്തോടും ഒരു പോലെ ചേരുന്ന 'ഗുണങ്ങളെക്കുറിച്ചു പറയുംപോൾ പുല്ലിംഗാൎത്ഥം സ്ത്രീലിംഗാൎത്ഥത്തെക്കാൾ ശ്രേഷ്ഠമാകകൊണ്ടു പുല്ലിംഗത്തെ പ്രയോഗിക്കെണം എന്നാൽ സ്ത്രീലിംഗാൎത്ഥവും കൂടെ അതിൽ ഉൾപ്പട്ടിരിക്കും: ദൃ—ന്തം; മനുഷ്യൻ പാപിയാകുന്നു. ദുഷ്ടന്മാർ ജ്ഞാനികൾ അല്ല.

ജ്ഞാപനം—ലിംഗഭേദം എല്ലാ ഭാഷയിലും ഒരുപൊലിരിക്കുന്നില്ല. ഹെബ്രായി, സുറിയാനി മുതലായ ചില പൂൎവ്വ ഭാഷകളിലും ഇപ്പോൾ നടപ്പുള്ള ചില ഭാഷകളിലും നിൎല്ലിംഗമില്ലാതെ എല്ലാ നാമങ്ങളും സലിംഗമായിരുന്ന രൂപഭേദംപോലെയും മററും പുല്ലിംഗമായിട്ടും സ്ത്രീലിംഗമായിട്ടും തീൎന്നിരിക്കുന്നു. ഇതു ഹേതുവായിട്ടു ആ ഭാഷകൾ വശമാകുന്നതിന്നു അധിക പ്രയാസമായി

തിന്നിരിക്കുന്നു. മൃഗാദികളെ സലിംഗമാക്കുന്നതു എളുപ്പം തന്നെ എന്തെന്നാൽ ആണെന്നും പെണ്ണെന്നുമുള്ള വ്യത്യാസം അവയിൽ കണ്മാറുണ്ടു. എന്നാൽ ചരങ്ങളിൽ പലതിലും ഈ വ്യത്യാസം ഗൂഢമായിരിക്കുന്നതും അചരങ്ങൾക്കു ഒക്കയും ഗുണനാമങ്ങൾക്കും നിർല്ലിംഗ ഭേദം തീരെയില്ലാത്തതും ആകയാൽ ഒരു നാമത്തിന്റെ ലിംഗം അറിയുന്നതു അതിന്റെ അൎത്ഥം നോക്കിയല്ലാ അതിന്റെ പ്രയോഗംകൊണ്ടു വേണ്ടി വന്നിരിക്കുന്നു. എന്നാൽ ലിംഗഭേദമില്ലാത്ത വസ്തുക്കളിലും അതിനൊത്തതായിട്ടു ചില വ്യത്യാസം ഉണ്ടെന്നും അതു കാരണമായിട്ടത്രേ ജീവനില്ലാത്ത വസ്തുക്കളും കൂടെ സലിംഗമായിട്ടു പ്രയോഗിക്കപ്പെടുന്നു എന്നും ചില വിദ്വാന്മാർ വിചാരിക്കുന്നു. ആ മുറെക്കു സ്വഭാവേന പകൎന്നു കൊടുക്കുന്നതോ ശക്തിയും വീൎയ്യവും ഉള്ളതോ ആയ ലക്ഷണങ്ങൾ മുന്തിനില്ക്കുന്ന വസ്തുക്കൾ പുല്ലിംഗമായിട്ടും ഏല്ക്കുന്നതും കൊള്ളുന്നതും പുറപ്പെടുവിക്കുന്നതും ആയ ഗുണങ്ങളെക്കൊണ്ടു അറിയപ്പെടുന്നവയും വിശേഷാൽ ഭംഗിയും തരത്തിൽ ചെറുപ്പവും ബലക്കുറവുമുള്ളവയും ആയിരിക്കുന്ന വസ്തുക്കൾ സ്ത്രീലിംഗമായിട്ടും വിചാരിക്കപ്പെടുവാനുള്ളതാകുന്നു. എന്നാൽ ഈ അഭിപ്രായം ചില പദങ്ങളെ സംബന്ധിച്ചേ ചേരുന്നുള്ളു. മിക്ക നാമങ്ങളുടെയും ലിംഗത്തിന്നു അവയുടെ അന്തത്തിലെ രൂപമല്ലാതെ മറെറാരു കാരണവുമില്ലെന്നു തോന്നുന്നു. പിന്നെയും ഈ പ്രമാണം ഒരു നിശ്ചയമുള്ളതല്ലാസ്സയാൽ ഒരോ മനോഭാവപ്രകാരം ഒരു പൊരുൾ തന്നേ വെവ്വേറേ ലിംഗത്തിൽ ച്ചേരുന്നതിന്നിടവരുത്തുന്നതാകുന്നു: ദൃ—ന്തം; സംസ്കൃതത്തിൽ "ബന്ധുതാ" എന്നതിന്നും ബന്ധുതം എന്നതിന്നും അൎത്ഥം ശരിയാകുന്നു എങ്കിലും "ബന്ധുതാ" എന്നതു സ്ത്രീലിംഗവും ബന്ധുതം എന്നതു നിർല്ലിംഗവും ആയിരിക്കുന്നു. സംസ്കൃതം, യാവനായി, ലത്തീൻ മുതലായ ഭാഷകളിൽ നിർല്ലിംഗ രൂപം വരുന്നുണ്ടു: എങ്കിലും അനവധി നിൎജ്ജീവ പൊരുളുകൾ സലിംഗത്തിൽ ഉൾപ്പെട്ടിരിക്കുന്നതു കാരണത്താൽ ഹെബ്രായി, സുറിയാനി, മുതലായ്യയിലെപ്പോലുള്ള ചേലു കേടുകൾ ഇവയിലും കാണ്മാറുണ്ടു. എന്നാൽ മലയാഴ്മയിലും അതിന്റെ സമശിഖരങ്ങളായ തമിഴ, തെലുങ്കു, കന്നടി, എന്നവയിലും ഇംഗ്ലീഷു മുതലായ മററു ഏതാനും ഭാഷകളിലുമെ ലിംഗഭേദം അൎത്ഥത്തിന്നൊപ്പിച്ചു വരുത്തപ്പെടുന്നുള്ളു. ആയ്തു രൂപലിംഗത്തെക്കാൾ തെളിവും നിശ്ചയവും ചേൎച്ചയുമുള്ള ഒരു പ്രമാണമാകുന്നു. എന്നാൽ ജീവജന്തുക്കളിൽ ആണെന്നും പെണ്ണെന്നും ഉള്ള ഭേദം കാണ്മാറുള്ളതാകയാൽ അവയെ മലയാഴ്മയിൽ നിർല്ലിംഗത്തോടു ചേൎത്തിരിക്കുന്നതു നന്നായില്ല എന്ന ഒരു പക്ഷം തോന്നുന്നതിന്നിടയുണ്ടു. എങ്കിലും ജീവജന്തുക്കളിൽ ഏതാനിലുമേ ഈ വ്യത്യാസം തെളിവായിട്ടു കാണുന്നുള്ളു. അല്പത്തിൽ മാത്രമേ അതു വരുത്തിട്ടു കാൎയ്യമുള്ളു. ആവശ്യമുള്ളിടത്തു ആയ്തു തീരെ വെവ്വേറേ മൊഴികൾകൊണ്ടും സാധാരണമൊഴിയോടു ആണും പെണ്ണും വേർ

തിരിക്കുന്ന വിശേഷണങ്ങളെ ക്രട്ടിയും കാണിക്കപ്പെടുന്നു: ദൃ—ന്തം; കാള– പശു; പോത്തു-എരുമ; കല-മാൻ; ആൺ-പെൺ; പൂവൻ-പെട; ആൺ കുതിര-പെൺ കുതിര; പൂവൻ കോഴി-പെട കോഴി, കൊമ്പനാന-പിടിയാന.' എന്നാൽ മേൽപ്പറഞ്ഞിരിക്കുന്ന മൊഴികൾ ആണും പെണ്ണുമെന്നുള്ള വ്യത്യാസം കാണിക്കുന്നവയാകുന്നുയെങ്കിലും അവ സലിംഗ നാമങ്ങളായിട്ടല്ല, നിർലിംഗനാമങ്ങളായിട്ടത്രെ വിചാരിക്കപ്പെടേണ്ടുന്നതു.

൧൧൯. സലിംഗ നാമങ്ങളിൽ ലിംഗഭേദം അറിയെണ്ടുന്നതു അന്തം നോക്കിയല്ല അൎത്ഥം കൊണ്ടാകുന്നു. എന്നാൽ ആയതു ചില പൊരുളുകളിൽ വെവ്വേറെ പദങ്ങൾകൊണ്ടു സാധിക്കപ്പെട്ടിരിക്കുന്നു: ദൃ-ന്തം; 'പുരുഷൻ-സ്ത്രീ; ഭൎത്താവു—ഭാൎയ്യ; അപ്പൻ-അമ്മ; ആങ്ങള-പെങ്ങൾ, ചെറുക്കൻ-പെണ്ണു'

൧൨൦. ചില നാമങ്ങളിൽ ആണെന്നും പെണ്ണെന്നും ഉള്ള വിശേഷണങ്ങൾകൊണ്ടു വിവരപ്പെട്ടിരിക്കുന്നു: ദൃ-ന്തം; ആൺപൈതൽ-പെൺപൈതൽ; പുരുഷജനം-സ്ത്രീജനം.

൧൨൧. എന്നാൽ മിക്കനാമങ്ങളിലും അന്തത്തിലെ രൂപഭേദങ്ങൾകൊണ്ടു പുല്ലിംഗവും സ്ത്രീലിംഗവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്തെന്നാൽ പുല്ലിംഗത്തിന്റെ അന്തം സ്ത്രീലിംഗത്തിൽ അൾ, അ, ഇ, നി, ത്തി, ച്ചി, ട്ടി, എന്നവയിൽ ഒന്നായിട്ടു മാറപ്പെടുന്നു: ദൃ—ന്തം; "മകൻ-മകൾ; ദുഷ്ടൻ—ദുഷ്ട; കള്ളൻ—കള്ളി; ശാലി-ശാലിനി; കൊല്ലൻ-കൊല്ലത്തി; പറയൻ-പറച്ചി; കണിയാൻ-കണിയാട്ടി.'

൧൨൨. സവാച്യ നാമങ്ങളിലും മറ്റും ഏതാനും ചില നാമങ്ങളിലും പുല്ലിംഗത്തിലെ അൻ എന്നതു സ്ത്രീലിംഗത്തിൽ അൾ

എന്നും നിഷ്‌ലിംഗത്തിൽ അതു എന്നുമാകും: ദൃ—ന്തം; വന്നവൻ—വന്നവൾ—വന്നതു; കേൾപ്പവൻ—കേൾപ്പവൾ-കേൾപ്പതു അവൻ—അവൾ—അതു, ഇവൻ—ഇവൾ—ഇതു; ഏവൻ—ഏവൾ—ഏതു.

൱൨൩. ജാതിഭേദത്തെയും തൊഴിൽ ഭേദത്തെയും കാണിക്കുന്ന നാമങ്ങളിൽ പുല്ലിംഗത്തിലെ അൻ എന്നതു സ്ത്രീലിംഗത്തിൽ അത്തി, അച്ചി എന്നവയിൽ ഒന്നായിട്ടു തിരിയും: ദൃ—ന്തം; കല്ലൻ—കല്ലത്തി പുലയൻ—പുലച്ചി: കുറവൻ—കുറത്തി: തുലുക്കൻ—തുലുക്കച്ചി തുലുക്കത്തി.”

൱൨൪. ഇങ്ങനെയുള്ള നാമങ്ങൾ ആൻ എന്നതിൽ അവസാനിച്ചാൽ അതു മാറി സ്ത്രീലിംഗത്തിൽ ആട്ടി. ആത്തി എന്നവയിൽ ഒന്നാകും: ദൃ—ന്തം: അടിയാൻ—അടിയാട്ടി; തട്ടാൻ തട്ടാത്തി: തമ്പുരാൻ—തമ്പുരാട്ടി; മണ്ണാൻ—മണ്ണാത്തി.

൱൨൫. പുല്ലിംഗത്തിലെ ആളൻ എന്നതു സ്ത്രീലിംഗത്തിൽ ആട്ടി എന്നതായിട്ടും ആളത്തി എന്നതായിട്ടും ആകും: ദൃ—ന്തം; മണവാളൻ—മണവാട്ടി; നെറിവാളൻ—നെറിവാളത്തി.

൱൨൬. ആളി എന്നതു രണ്ടു ലിംഗത്തിന്നും കൊള്ളുന്നതാകയാൽ അതു ദ്വിലിംഗമാകുന്നു: ദൃ—ന്തം: ഇരപ്പാളി: എതിരാളി; കൂട്ടാളി.

൱൨൭ സംസ്കൃത ഭാഷയിൽ നിന്നു എടുക്കപ്പെട്ടിരിക്കുന്ന ചില നാമങ്ങളുടെ പുല്ലിംഗത്തിൽ ഇകാരാന്തവും ഉകാരാന്തവും വരുമ്പോൾ ആയതു സ്ത്രീലിംഗത്തിന്നും നിഷ്‌ലിംഗത്തിന്നും കൂടെ കൊള്ളുന്നതാകയാൽ അവ ത്രില്ലിംഗങ്ങൾ ആകുന്നു: ദൃ—ന്തം, ‘സഖി, ബന്ധു ശത്രു.’

൱൨൮. എന്നാൽ സംസ്കൃതത്തിലെ ഗുണികൾക്കു പുല്ലിംഗത്തിൽ ഇകാരാന്തമായിരുന്നാൽ സ്ത്രീലിംഗത്തിൽ നികാരം വരികയും നിഷ്‌ലിംഗം പുല്ലിംഗംപോലെയിരിക്കയും ചെയ്യും: ദൃ-ന്തം, ‘ഭോഗി—ഭോഗിനി—ഭോഗി, മാനി—മാനിനി മാനി; രൂപി രൂപിണി—രൂപി. എന്നാൽ നിഷ്‌ലിംഗം ചില പദങ്ങളിൽ മൂന്നു ലിംത്തിന്നും കൊള്ളിക്കപ്പെടുന്നു: ‚പാപി, അപരാധി, വ്യഭിചാരി.

൱൨൯. മലയാഴ്മയിലെ ഗുണിനാമങ്ങൾക്കു പുല്ലിംഗത്തിൽ അൻ എന്നതു വന്നാൽ സ്ത്രീലിംഗത്തിൽ ഇ എന്നതുവരും. നിഷ്‌ലിംഗത്തിനു ചിലപ്പോൾ ഗുണനാമവും ചിലപ്പോൾ പുല്ലിംഗവും കൊള്ളിക്കപ്പെടുന്നു: ദൃ-ന്തം; ‘മുടന്തൻ-മുടന്തി: മുടന്ത. പൊണ്ണൻ-പൊണ്ണി: പൊണ്ണൻ.’ പുല്ലിംഗത്തിലെ യൻ എന്നതു സ്ത്രീലിംഗത്തിൽ ച്ചി എന്നാകും: ദൃ-ന്തം; ‘മടിയൻ-മടിച്ചി; കൊതിയൻ-കൊതിച്ചി. സ്ത്രീലിംഗത്തിൽ അവൾ എന്നു വരുന്നവെക്കു നിഷ്‌ലിംഗത്തിൽ അതു എന്നാകും. ദൃ-ന്തം; ‘വലിയവൻ-വലിയവൾ-വലിയതു.’

൱൩൦. സംസ്കൃതത്തിലെ ഗുണികൾക്കു പുല്ലിംഗത്തിൽ അൻ എന്നു വരുമ്പോൾ സ്ത്രീലിംഗത്തിൽ ആ എന്നും നിഷ്‌ലിംഗത്തിൽ

ത്രം എന്നും ആകും: ദൃ-ന്തം; 'സാരൻ-സാര-സാരം; പ്രാപ്തൻ-പ്രാപ്ത-പ്രാപ്തം; ദൃക്ഷൻ-ദൃക്ഷ-ദൃക്ഷം.'

൧൩൧. സംസ്കൃതത്തിലെ വൃദ്ധി നാമങ്ങളുടെ പുല്ലിംഗത്തിൽ വരുന്ന അൻ എന്നതു സ്ത്രീലിംഗത്തിൽ ഇ എന്നാകും: ദൃ-ന്തം; 'ദേവൻ-ദേവി; കാലൻ-കാലി; ഭയങ്കാരൻ-ഭയങ്കാരി: ചിലതിനു മലയാംരീതിപ്രകാരം ത്തി എന്നും വരും: ദൃ-ന്തം; 'അനുജൻ-അനുജത്തി; കോപക്കാരൻ-കോപക്കാരി-കോപക്കാരത്തി.'

൧൩൨. സംസ്കൃതത്തിലെ ചില വസ്തു നാമങ്ങളുടെ പുല്ലിംഗത്തിലെ അൻ എന്നതു പുല്ലിംഗാൎത്ഥത്തിന്റെ ഭാൎയ്യയെന്നു പൊരുൾ വരുന്നതിനു സ്ത്രീലിംഗത്തിൽ ആനി എന്നാകും: ദൃ-ന്തം; 'ഭവൻ [ശിവൻ]- ഭവാനി [ശിവന്റെ ഭാൎയ്യയായ പാൎവ്വതി]: ഇന്ദ്രൻ-ഇന്ദ്രാണി [ഇന്ദ്രന്റെ ഭാൎയ്യ] ആചാൎയ്യൻ ആചാൎയ്യാണി [ആചാൎയ്യന്റെ ഭാൎയ്യ] ആചാൎയ്യ [ആചാൎയ്യസ്ഥാനം നടത്തുന്നവൾ]'

൧൩൩. സംസ്കൃതത്തിലെ ഗുണികൾക്കു പുല്ലിംഗത്തിൽ ആൻ എന്നു വന്നാൽ സ്ത്രീലിംഗത്തിൽ അതി എന്നും നിൎല്ലിംഗത്തിൽ അത്തു എന്നും വരും, ദൃ-ന്തം; 'ധനവാൻ—ധനവതി ധനവത്തു; ഭാഗ്യവാൻ-ഭാഗ്യവതി- ഭാഗ്യവൽ; നീതിമാൻ- നീതിമതി- നീതിമത്തു. നടപ്പുഭാഷയിൽ സ്ത്രീലിംഗത്തിലെ അതി എന്നതു ആൾ എന്ന ആക്കി 'ധനവാൾ, ഭാഗ്യവാൾ, നീതിമാൾ' എന്നിങ്ങനെ പറയുന്നതു അവശബ്ദം ആകുന്നു എന്നു തോന്നുന്നു.

൧൩൪. സംസ്കൃത നാമങ്ങളിൽ വരുന്ന ആവു എന്ന പുല്ലിംഗാന്തം സ്ത്രീലിംഗത്തിൽ രി എന്നാകും: ദൃ-ന്തം; കൎത്താവു-കൎത്രി; ദാതാവു-ദാത്രി. പിന്നെ മറ്റും പല വിധത്തിലും പുല്ലിംഗത്തിൽനിന്നു സ്ത്രീലിംഗമുണ്ടാകും : ദൃ-ന്തം; രാജാവു-രാജ്ഞി; വിലപാൻ-വിളക്കി.

മൂന്നാം സൎഗ്ഗം--സംഖ്യ.

൧൩൫. സംഖ്യ എന്നതു സാധരണെ പദത്തിൽ ഒരു വസ്തുവോ ഒന്നിൽ അധികമോ അടങ്ങിയിരിക്കുന്നു എന്ന കാണിക്കുന്നതിന്നു നാമങ്ങൾക്കു ഉണ്ടാകുന്ന രൂപഭേദമാകുന്നു. എന്തെന്നാൽ വൎഗ്ഗത്തിൽ ഒന്നിനെ കുറിച്ചു പറയപ്പെടുംപോൾ ഏകസംഖ്യ പ്രയോഗിക്കപ്പെടെണം: ദൃ-ന്തം; 'മനുഷ്യൻ, പശു, മരം,' വൎഗ്ഗത്തിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളിൽ ഒന്നിൽ അധികത്തെ കുറിച്ചു പറയപ്പെടുംപോൾ ബഹു സംഖ്യ

പ്രയോഗിക്കപ്പെടെണം : ദ്ര-ന്തം ; 'മനുഷ്യർ; പശുക്കൾ; മരങ്ങൾ.' സംഖ്യെക്കു നടപ്പായിട്ടു പറയുന്നതു വചനം എന്നാകുന്നു.

൱൩൭. നാമങ്ങളിൽ സംഖ്യ ഭേദംവരുന്നതിന്നുള്ള കാരണം അവയിൽ മിക്കതും ഒരു പദത്തിൽ പല പൊരുളുകൾ അടങ്ങുന്ന വൎഗ്ഗനാമങ്ങളും സൎവ്വനാമങ്ങളും ആയിരിക്കുന്നതാകുന്നു. ഭാഷയിലെ നാമങ്ങൾ എല്ലാം ഏകനാമങ്ങൾ ആയി ഒററ വസ്തുക്കൾക്കു മാത്രം പേരായിരുന്നാൽ ബഹുസംഖ്യകൊണ്ടു ആവശ്യം വരികയില്ല. എന്തെന്നാൽ അപ്പോൾ ഒരു വൎഗ്ഗനാമംകൊണ്ടു സാധിക്കുന്ന കാൎയ്യം വൎഗ്ഗത്തിൽ അടങ്ങിയിരിക്കുന്ന ഓരോരോ വസ്തുക്കളുടെ പേർ വെവ്വേറെ പറഞ്ഞു സാധിക്കേണ്ടി വരുന്നതാകയാൽ ഏകസംഖ്യകൊണ്ടു പ്രയോഗം വരു. എന്തെന്നാൽ ഗ്രഹം എന്ന വൎഗ്ഗനാമവും അതിന്റെ ബഹു സംഖ്യയാകുന്ന ഗ്രഹങ്ങൾ എന്ന രൂപഭേദവും ഇല്ലാഞ്ഞാൽ 'ഗ്രഹങ്ങൾ ആദിത്യനെ ചുററുന്നു' എന്നതിന്നു പകരം 'ബുധൻ. ശുക്രൻ, ഭൂമി, ചന്ദ്രൻ, ചൊവ്വാ, വ്യാഴം, ശനി' എന്നവ ആദിത്യനെച്ചുററുന്നു എന്നു പറയേണ്ടിവരും. എന്നാൽ ഇതു എത്രയും ശമ്മലയാകയാൽ ബഹുസംഖ്യ ആവശ്യമാകുന്നു എന്നു കാണാം.

൱൩൮. സംസ്കൃതം, ഹെബ്രായി, യാവനായി മുതലായിട്ടു ചില ഭാഷകളിൽ ഏക സംഖ്യയും ബഹു സംഖ്യയും കൂടാതെ രണ്ടിനെ കുറിച്ചു പറയുന്നതിന്നു ദ്വിസംഖ്യ എന്ന ഒരു രൂപഭേദവുമുണ്ടു. എന്നാൽ അതു ഭാഷയുടെ പൂൎണ്ണതെക്കു ആവശ്യമല്ലെങ്കിലും മറെറല്ലാ സംഖ്യയിലും രണ്ടിനെയൊ ഇരട്ടയെയൊ കുറിച്ചു പറയുന്നതിന്നു നമുക്കു കാൎയ്യമുള്ളതാകയാൽ ആയതു വളരെ എളുപ്പത്തിന്നു ഇട വരുത്തുന്നതാകുന്നു.

൱൩൯. ബഹുസംഖ്യയിൽ വരാത്ത ചില നാമങ്ങൾ ഉണ്ടു. ആയവ ഏകനാമങ്ങളും ഗുണനാമങ്ങളും കൂടാതെ എണ്ണപ്പെടുന്നതിന്നു പകരം അളക്കപ്പെടുകയോ തൂക്കി ഇട പിടിക്കപ്പെടുകയോ ചെയ്യുന്ന വസ്തുക്കളാകുന്നു: ദ്ര-ന്തം; 'കേശവൻ, ശുദ്ധത, ചാമ, വെള്ളി.'

൱൪൦. ഇങ്ങനെയുള്ള വസ്തുക്കളിൽ പലതരങ്ങൾ ഉണ്ടായിരുന്നാൽ ആ തരങ്ങളെ സംബന്ധിച്ചു പറയുമ്പോൾ ബഹു സംഖ്യ പ്രയോഗിക്കപ്പെടും: ദ്ര—ന്തം, 'മുളകുകൾ' എന്നു പറഞ്ഞാൽ

'കൊടിമുളകു, ചീനമുളകു, വത്തൽമുളകു.' എന്നിങ്ങനെ മുളകിൽ പലതരമുണ്ടെന്നു കാണിക്കുന്നു. അങ്ങനെ തന്നെ 'ശുദ്ധതകൾ' എന്നതിന്നു 'ഹൃദയശുദ്ധത, ദേഹശുദ്ധത' എന്നിങ്ങനെ ശുദ്ധതെക്കു തരവ്യത്യാസം ഉണ്ടെന്നു അൎത്ഥം വരുന്നു. പിന്നെയും പൊരുളിന്റെ ഭാവഭേദം ഹേതുവായിട്ടു ഇങ്ങനെയുള്ള മൊഴികൾക്കു ബഹു സംഖ്യ വരികയുണ്ടു: ദൃ—ന്തം; 'പണാവിടക്കു പതിന്നാലു നെല്ലുകൾ വേണം' എന്നു പറയുന്നതിൽ 'നെല്ലുകൾ' എന്നതിന്നു നെൽമണികൾ എന്നൎത്ഥമാകുന്നു. അങ്ങനെ തന്നെ 'ദുഷ്ടതകൾ' എന്നതിന്നു ദുഷ്ടപ്രവൃത്തികൾ എന്നും 'വെള്ളങ്ങൾ' എന്നതിന്നു വെള്ളത്തിന്റെ കൂട്ടങ്ങളോ പൊക്കങ്ങളോ എന്നും അൎത്ഥം വരും. ഏക നാമങ്ങൾക്കു വൎഗ്ഗനാമത്തിന്റെ അൎത്ഥത്തിൽ പ്രയോഗം വരുമ്പോഴും ബഹു സംഖ്യയുണ്ടു: ദൃ—ന്തം; 'ഭീമന്മാർ, രാമന്മാർ.'

൧൪൦. ദാരങ്ങൾ, അപ്പുകൾ, എന്നവ മുതലായിട്ടു ചില പദങ്ങൾ ബഹു സംഖ്യയിൽ മാത്രമേ വരുന്നുള്ളു; എങ്കിലും അൎത്ഥത്തിൽ ഏക സംഖ്യയാകുന്നു.

൧൪൧. മലയാഴ്മയിൽ ബഹു സംഖ്യ കൾ, മാർ, അർ എന്നുള്ള അന്തങ്ങളെക്കൊണ്ടു അറിയപ്പെടുന്നു. അവയിൽ കൾ, എന്നതു മൂന്നു ലിംഗത്തിലും മാർ, അർ എന്നവ ജീവനുള്ളവയെ സംബന്ധിച്ചും വരും. അർ എന്നതു പുല്ലിംഗത്തിൽ മാത്രവും വരുന്നതാകുന്നു: ദൃ—ന്തം; 'ശത്രു-ശത്രുക്കൾ; കഴവൻ-കഴവന്മാർ; കള്ളൻ-കള്ളന്മാർ-കള്ളർ.

൧൪൨. നിൎല്ലിംഗനാമങ്ങൾക്കു ഒക്കെയും അവയുടെ അന്തം ഏതായിരുന്നാലും ബഹു സംഖ്യെക്കു കൾ എന്ന പ്രത്യയം ചേരും: ദൃ—ന്തം; 'നന്മ-നന്മകൾ; കടുവാ-കടുവാകൾ; തടി-തടികൾ; ആടു-ആടുകൾ; മീൻ-മീൻകൾ മീനു-മീനുകൾ; മരം-മരങ്ങൾ; വേട്ടാളൻ-വേട്ടാളങ്ങൾ.'

൱൬൫. അൎദ്ധാച്ച സന്ധിക്കായിട്ട ൩ാം സൂത്രപ്രകാരം ഉകാരമാകുന്നു. ദൃ—ന്തം, വീടു—വീടുകൾ; കാലു—കാലുകൾ. ഏക സംഖ്യ മകാരത്തിൽ അവസാനിക്കുമ്പോൾ അതും കൾ എന്ന പ്രത്യയവും കൂടെ സന്ധിമുറെക്ക ചേൎന്നു ൧൯ാം ലക്ഷപ്രകാരം ങ്ങൾ എന്നു ആയി തിരിയും: ദൃഷ്ടാന്തം; ‹മരം—മരങ്ങൾ. വൃണം—വൃണങ്ങൾ, ണ, ന, ര, ല, ള, എന്ന അക്ഷരങ്ങൾ ഏക സംഖ്യയിൽ അൎദ്ധാക്ഷരങ്ങളായിട്ടും അൎദ്ധാച്ചോടു കൂടിയും വരുന്നതാകയാൽ ചില പദങ്ങളിൽ മാററം കൂടാതെയും മിക്കതിലും അൎദ്ധാച്ച ഉകാരമായിട്ട തിരിഞ്ഞും കൾ എന്ന പ്രത്യയത്തോടു ചേരും: ദൃ—ന്തം, ‘മീൻ_മീൻകൾ. മീനു_മീനുകൾ. ചരൽ-ചരൽക്കൾ, ചരലു—ചരലുകൾ, കൺ-കണ്ണുകൾ, കണ്ണു-കണ്ണുകൾ.’

൱൬൬. നിൎല്ലിംഗ നാമങ്ങളിൽ വകാരാന്തത്തിന്നു മുൻപു, ആ, ഉ, ഊ, എന്ന അച്ചുകൾ വന്നാൽ കൾ എന്നതു ചേരുന്നതിന്നു, അൎദ്ധാച്ച ഉകാരമാകുന്നതിന്നു പകരം വകാരം പിന്നത്തെ ഹല്ലിലൊട്ടുലയിച്ചിട്ട അതിരട്ടിക്കയാകുന്നു അധിക നടപ്പു: ദൃ—ന്തം; ‘കിടാവു-കിടാവുകൾ-കിടാക്കൾ. പൂവു-പൂവുകൾ-പൂക്കൾ,’ വകാരാന്തത്തിന്റെ മുൻപിൽ ഉ, ഊ എന്നവ നിന്നാൽ വകാരം ഇല്ലാതെയും ഏക സംഖ്യ വരുമെങ്കിലും ബഹുസംഖ്യ വകാരം ഉള്ളതുപോലെ തന്നെ എല്ലാപ്പൊഴും ഇരിക്കും: ദൃ—ന്തം; ‹ശത്രു-ശത്രുവു-ശത്രുക്കൾ; പൂ-പൂവു-പൂക്കൾ.’

൱൬൭. അൻ എന്ന അന്തത്തിലെ നാമങ്ങൾക്കു അൻ എന്നതു മാറി അർ എന്നതു വരികയും അതിരിക്കെ മാർ എന്നതു ചേരുകയും രണ്ടും ഉണ്ടു: ദൃ—ന്തം; ‘കള്ളൻ-കള്ളർ-കള്ളന്മാർ; ഭോഷൻ-ഭോഷർ-ഭോഷന്മാർ.’

൱൬൮. ഏകനാമങ്ങളിലും മററും മുൻപിലത്തെ രൂപം ബഹുമാനകരമായിട്ട ഏക സംഖ്യാൎത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം, ‘നാരായണർ, പണിക്കർ.’ അൻ എന്ന അന്തത്തിൽ ഒരു താനും നിൎല്ലിംഗനാമങ്ങൾ ഉള്ളതിൽ ജീവജന്തുക്കളെ സംബന്ധിച്ചവെക്കു ബഹുസംഖ്യയിൽ മാർ എന്നും വരും: ദൃ—ന്തം; ‘കഴുവൻ-കഴുവന്മാർ-കാടൻ-കാടന്മാർ. നിൎജ്ജീവാൎത്ഥങ്ങൾക്കു അൻ എന്നതു അങ്ങൾ എന്നു മാറുകേയുള്ളു: ദൃ—ന്തം; ‘ജീവൻ-ജീവങ്ങൾ. പ്രാണൻ-പ്രാണങ്ങൾ.’ ആദിത്യചന്ദ്രന്മാർ എന്നു വരുന്നതു അവ ദേവന്മാരായി സജീവാൎത്ഥങ്ങളെന്നുള്ള വിശ്വാസത്തിൽനിന്നാകുന്നു.

൮൭. പുല്ലിംഗനാമത്തിന്റെ അന്തം **ആൻ** എന്നു ആയിരുന്നാൽ ബഹു സംഖ്യയിൽ **മാർ** എന്നതു കൂട്ടം: ദൃ—ന്തം; 'വിദ്വാൻ-വിദ്വാന്മാർ; പതിയാൻ-പതിയാന്മാർ.'

൮൮. ചില നാമങ്ങളിൽ **ആൻ** എന്ന അന്തം ബഹു സംഖ്യയിൽ **ആർ** എന്നാകും: ദൃ—ന്തം; കണിയാൻ-കണിയാർ, തട്ടാൻ-തട്ടാർ., ഈ രൂപം പ്രയോഗിക്കപ്പെടുന്നതു ബഹുമാനകരമായിട്ടു ഏക സംഖ്യാൎത്ഥത്തിൽ അത്രേ. **ആൻ** എന്ന അന്തത്തിൽ ഏതാനും നിൎല്ലിംഗനാമം ഉള്ളതിൽ ജീവജന്തുക്കളെ സംബന്ധിച്ചവെക്കു **ആന്മാർ** എന്നും അല്ലാത്തവെക്കു **ആങ്ങൾ** എന്നും ബഹു സംഖ്യയിൽ മാറ്റും: ദൃ—ന്തം, 'അണ്ണാൻ-അണ്ണാന്മാർ; തൊണ്ണാൻ-തൊണ്ണാങ്ങൾ. എന്നാൽ **അൻ ആൻ** എന്ന അന്തങ്ങളിലെ നിൎല്ലിംഗനാമങ്ങൾക്കു ബഹു സംഖ്യരൂപം വരിക ഏറ നടപ്പില്ല.

൮൯. സലിംഗനാമങ്ങൾക്കു ഏക സംഖ്യ **ഉ**കാരാന്തമായിരുന്നാൽ ബഹു സംഖ്യയിൽ ആയ്തു നീങ്ങീട്ടു **ക്കൾ** എന്നു വരുന്നതു കൂടാതെ **ക്കന്മാർ** എന്നും വരും: ദൃ—ന്തം; 'പിതാവു-പിതാക്കൾ-പിതാക്കന്മാർ; ഗുരുവു-ഗുരുക്കൾ-ഗുരുക്കന്മാർ.'

൯൦. **ഉ**കാരാന്ത നാമം പുല്ലിംഗാൎത്ഥമോ സ്ത്രീലിംഗാൎത്ഥമോ രണ്ടിൽ ഒന്നായിരിക്കുമ്പോൾ രണ്ടാവത്തെ രൂപത്തിൽ ആകുന്നു ബഹു സംഖ്യ സാമാന്യമായിട്ടു വരുന്നതു: ദൃ—ന്തം; 'പിതാക്കന്മാർ, മാതാക്കന്മാർ.' മുൻമ്പിലത്തെ രൂപം ബഹുമാനകരമായിട്ടു ഏക സംഖ്യെക്കു പ്രയൊഗിക്കപ്പെടും ദൃ—ന്തം; 'ഗുരുക്കൾ, തമ്പുരാക്കൾ' ഉകാരാന്തം ദ്വില്ലിംഗാൎത്ഥമായിട്ടും സ്ത്രീലിംഗാൎത്ഥമായിട്ടും ഇരിക്കുമ്പോൾ ബഹു സംഖ്യയിൽ മുൻപിലത്തെ രൂപമെ വരു: ദൃ—ന്തം, 'ബന്ധുക്കൾ; ശത്രുക്കൾ' **ക്കന്മാർ** എന്ന രൂപം **കൾ, മാർ** എന്ന രണ്ടു രൂപവും കൂടെച്ചേൎന്നുണ്ടാകുന്നതാകയാൽ ആയ്തു ഇരട്ടിപ്പടി ബഹു സംഖ്യയാകുന്നു. ബഹു സംഖ്യ രൂപം ആവൎത്തിക്കപ്പെടുക മലയാം ഭാഷയുടെ ലക്ഷണത്തിന്നു ചേരുന്നതു തന്നെ ദൃ—ന്തം, 'അവൻ-അവർ-അവർകൾ; തമ്പു

രാൻ-തമ്പുരാക്കൾ-തമ്പുരാക്കന്മാർ, പെൺ-പെണ്ണുങ്ങൾ-പെണ്ണുങ്ങന്മാർ ആൺ-ആണുങ്ങൾ ആണുങ്ങൾമാർ'

൱൬൧. സലിംഗനാമങ്ങളുടെ ഏക സംഖ്യ അ, ഇ, എന്ന അച്ചുകളിൽ എങ്കിലും അധ്വാച്ചിൽ എങ്കിലും അന്തമായാൽ കൾ, മാർ, എന്നവയിൽ ഏതു രൂപവും ചേരും. അധ്വാച്ചിന്റെ പിന്നാലെ മാർ എന്നതു കൂടുന്നതിന്നു മുമ്പെ അൻ എന്നതു ഇടയിൽ വരും: ദൃ—ന്തം; 'പിള്ള-പിള്ളകൾ-പിള്ളമാർ. അച്ചി-അച്ചികൾ അച്ചിമാർ. ഭിഷക്കു-ഭിഷക്കുകൾ-ഭിഷക്കന്മാർ.

൱൬൨. ഈ രണ്ടു രൂപങ്ങളിൽ ഏതെങ്കിലും മനസ്സുപോലെ പൊരുൾ ഭേദം കൂടാതെ പ്രയോഗിക്കപ്പെടാം. എന്നാൽ രണ്ടാമത്തെ രൂപം ബഹുമാനകരം കൂടെ ആകയാൽ ആയതിന്നു പ്രയോഗം വരുന്നതു ആചാരവാക്കിൽ ആകുന്നു. പിന്നെയും അതു അപമാനാൎത്ഥനാമങ്ങളോടു ചേരുന്നതല്ലായ്കയാൽ 'കള്ളിമാർ, ദുഷ്ടമാർ' എന്നിങ്ങനെ പറഞ്ഞുകൂടാ.

൱൬൩. ചില നാമങ്ങളിൽ ബഹു സംഖ്യ മുറ വിട്ടുവരുന്നുണ്ടു: ദൃ—ന്തം; 'മകൻ-മക്കൾ; മകൾ-മക്കൾ; പൈതൽ-പൈതങ്ങൾ; കാൎയ്യക്കാരൻ- കാൎയ്യക്കാരു—കാൎയ്യക്കാരർ - കാൎയ്യക്കാരന്മാർ; അവൾ--അവർ.

൱൬൪. ഏകസംഖ്യ വൎഗ്ഗത്തോടു അടച്ചുചേരുന്ന കാൎയ്യങ്ങൾ പറയുന്നതിൽ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'സ്ത്രീ ബലഹീന പാത്രമാകുന്നു.' 'മനുഷ്യൻ പാപിയാകുന്നു.' 'മാപ്പിളെക്കു കറിനമില്ല.' 'ദുഷ്ടന്റെ വാക്കു കേട്ടാൽ നാശം വരും.' ഒരു വസ്തുവിനെ കുറിച്ചു ഇന്നതെന്നു നിശ്ചയിച്ചു പറയുമ്പോഴും ഏക സംഖ്യ വരും: ദൃ—ന്തം; 'രാജാവു കല്പിച്ചു. ചെറുക്കനെ വിളിക്ക. കുപ്പി കൊണ്ടുവരിക.' ഒരു വസ്തുവിനെക്കുറിച്ചു ഇന്നതെന്നു നിശ്ചയിക്കാതെ സാമാന്യമായിട്ടു പറയുമ്പോൾ ഒരു എന്നതു വിശേഷകമായിട്ടു മുൻ ചേരും: ദൃ—ന്തം; 'ഒരു ഗ്ലേസ്സു കൊണ്ടുവാ.' ഒരു വൈദ്യൻ നിശ്ചയിച്ചതു.'

൱൫൫. കൂട്ടത്തെ അടെച്ചു പറയുന്നതിലും പല വസ്തുക്കളെ ഇന്നവയെന്നു നിശ്ചയിച്ചു പ്രത്യേകം പറയുന്നതിലും ഇന്നവയെന്നു നിശ്ചയിക്കാതെ സാമാന്യമായിട്ടു പറയുന്നതിലും ബഹു സംഖ്യ കൊള്ളിക്കപ്പെടുന്നു: ദൃ—ന്തം, 'മനുഷ്യർ പാപികളാകുന്നു: ഝഡിജിമാരെക്കണ്ടു പറഞ്ഞു: മനുഷ്യരെയും മൃഗങ്ങളെയും അവർ വാളുകൊണ്ടു കൊന്നു, ആളുകൾ വരുന്നുണ്ടു.'

൱൫൬. സലിംഗനാമങ്ങളിൽ ബഹുമാനത്തിന്നു വേണ്ടി ബഹു സംഖ്യ ഏക സംഖ്യക്കായിട്ടു പ്രയോഗിക്കപ്പെടും: ദൃ—ന്തം, 'നാരായണൻ പണിക്കർ, ആഴാഞ്ചേരിൽ തമ്പുരാക്കൾ, ഗുരുക്കൾ അച്ചൻ.' എന്നാൽ ബഹുമാനകരമായിട്ടു പ്രയോഗിക്കപ്പെട്ടുമെന്നു മുൻമ്പിൽ കാണിച്ച രൂപങ്ങളേ അധികമായിട്ടിങ്ങനെ വരുന്നുള്ളു. ഏക സംഖ്യയ്ക്കു പകരം ബഹു സംഖ്യ ബഹുമാനകരമായിട്ടു പ്രയോഗിക്ക പല ഭാഷകളിലും നടപ്പുള്ളതാകുന്നു. എന്തെന്നാൽ ബഹുത്വം ആളുകൾ കൂടുമ്പോൾ അവർ തമ്മിൽ ഒരുമെക്കും ആലോചനെക്കും ഇടയുള്ളതാകുന്നു. 'ഒരുമ ബലമാകുന്നു എന്നും ആലോചനക്കാരുടെ സംഘത്തിൽ രക്ഷയുണ്ടു' എന്നും ഉള്ള സുഭാഷിതത്തിൻ പ്രകാരം ബഹുത്വം ശക്തിയെക്കുറിച്ചും ബുദ്ധിയെക്കുറിച്ചും മനസ്സിൽ വിചാരമുണ്ടാക്കുന്നതും ശക്തിയും ബുദ്ധിയുമുള്ള ആളുകളോടു നമുക്കു സ്വഭാവേന ബഹുമാനം തോന്നുന്നതും ആകയാൽ ബഹു സംഖ്യ രൂപം ബഹുമാനകരമായിട്ടു തീൎന്നിരിക്കുന്നു.

൱൫൭. നിലിംഗ നാമങ്ങളിൽ ഏക സംഖ്യ ബഹു സംഖ്യയ്ക്കായിട്ടു കൊള്ളിക്കപ്പെടുക നടപ്പാകുന്നു: ദൃ—ന്തം; 'രണ്ടു കണ്ണു; നാലു പശുവു.'

൱൫൮. ജീവനില്ലാത്ത വസ്തുക്കളെസ്സംബന്ധിച്ചു ബഹു സംഖ്യയ്ക്കു പകരം ഏക സംഖ്യ പ്രയോഗിക്ക പല ഭാഷകളിലും നടപ്പുണ്ടു. മലയാഴ്മയിൽ അതു സാധാരണമായിരിക്കുന്നു. വസ്തുക്കളുടെ സംഖ്യ കൂട്ടിപറയുമ്പോൾ ബഹു സംഖ്യ പ്രയോഗിക്ക ഒരു ഭാഷയിൽ തീരെയില്ലെന്നു തന്നെ പറയാം: ദൃ—ന്തം, 'രണ്ടു കൈ' എന്നല്ലാതെ 'രണ്ടു കൈകൾ' എന്ന വരുന്നില്ല. നില്ലിംഗ നാമം ജീവജന്തുക്കളെ സംബന്ധിച്ചതായിരുന്നാൽ, പറയുന്നവന്റെ മനസ്സുപോലെ ഏകസംഖ്യ എങ്കിലും ബഹുസംഖ്യ എങ്കിലും പ്രയോഗിക്കാം: ദൃ—ന്തം, 'മൂന്നാടു, നാലുപശുക്കൾ.' എന്നാൽ നില്ലിംഗം സലിംഗത്തിന്നായിട്ടു എടുത്ത പറയപ്പെടുമ്പോൾ ബഹു സംഖ്യാൎത്ഥത്തിന്നു ബഹു സംഖ്യ രൂപം തന്നെ വേണം:

ദൃ—ന്തം; 'അവർ കഴുതകൾ ആകുന്നു. ആ ചപ്പുകളെക്കൊണ്ടു ഒരുപകാരവുമില്ല.'

൧൭൯. അൎത്ഥത്തിന്നൊക്കുന്ന നാമങ്ങൾ ലിംഗത്തിലും സംഖ്യയിലും ഒത്തിരിക്കണം; ദൃ—ന്തം; ബുദ്ധിമാന്മാർ ശക്തിമാന്മാരാകുന്നു ഒരു സ്ത്രീയെ നോക്കി അവൻ അവളോടു പറഞ്ഞു; ഞാൻ ഒരു പശുവിനെ വാങ്ങിച്ചാറെ അതിന്നു പാലില്ല.'

൧൮൦. ഗണനാമങ്ങൾ പല വസ്തുക്കൾ കൂടി ഉണ്ടാകുന്നവയാകകൊണ്ടു ഏക സഖ്യയിൽ ബഹുസംഖ്യയുടെ അൎത്ഥം വരുന്നതും അല്ലാതെ അവ സലിംഗാൎത്ഥങ്ങളെ സംബന്ധിച്ചവ ആയിരുന്നാലും നിൎല്ലിംഗങ്ങളായത്രേ വിചാരിക്കപ്പെടുന്നതു: ദൃ—ന്തം; 'കണ്ടാലും ഒരു വലിയ സൈന്ന്യം; എന്നാലതു തോററുപോകും.' ഗണത്തിൽ ഉൾപ്പെട്ട വസ്തുക്കളേ സംബന്ധിച്ചായിട്ടു അൎത്ഥയോഗ്യം പോലേ ലിംഗത്തിന്നും സംഖ്യയ്ക്കും ഭേദം വരുത്തിയും പറകയുണ്ടു: ദൃ—ന്തം; 'മഹാരാജാവിൻെറ സൈന്ന്യമേ നിങ്ങൾ ധൈൎയ്യമായിരിപ്പിൻ, മലയാളത്തിൽ ശൂദ്രർ ഉയൎന്ന ജാതി ആകുന്നു.' ഇവിടെ 'ജാതികൾ' എന്നു പറഞ്ഞാൽ ശൂദ്രരിൽ പല ജാതികൾ ഉണ്ടെന്നു അൎത്ഥംവരും. ഗണനാമത്തോടു കാരൻ എന്നതു ചേൎന്നാൽപ്പിന്നെ അതു ഗണനാമം അല്ല; ദൃ..ന്തം; 'സമൂഹക്കാരൻ-സമൂഹക്കാർ' എന്ന വെക്ക-സമൂഹം മുഴുവനെന്നല്ല, സമൂഹത്തിൽ ഉൾപ്പെട്ട ആളുകൾ എന്നത്രേ അൎത്ഥം വരുന്നതു. ഒററയായിട്ടു സംബന്ധിക്കുന്ന പൊരുളുകളെപ്പററി ബഹു സംഖ്യയുടെ പിന്നാലെ ഏക സംഖ്യയും ബഹു സംഖ്യയും രണ്ടുമിരിക്കും: ദൃ—ന്തം, 'അവരുടെ മനസ്സു ക്ഷീണിച്ചുപോയി. നിങ്ങളുടെ ആത്മാക്കളെ നഷ്ടപ്പെടുത്തരുതു. എന്നാൽ സംബന്ധിക്കുന്നപൊരുൾകൾ സലിംഗാൎത്ഥങ്ങളായിരുന്നാൽ ബഹു സംഖ്യ തന്നെ വേണം. ദൃ—ന്തം, ഭൎത്താക്കന്മാരേ നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ.

നാലാം സൎഗ്ഗം—വിഭക്തി.

൧൮൧. വാക്യത്തിൽ മററുള്ള പദങ്ങളോടു ഒരു നാമത്തിന്നുള്ള സംബന്ധം കാണിക്കുന്ന

തിന്നു വേണ്ടി അതിന്നുണ്ടാകുന്ന രൂപഭേദത്തിന്നു വിഭക്തിയെന്നു പേരാകുന്നു.

൬൩. നാം ഇന്ദ്രിയങ്ങളെക്കൊണ്ടു ഓരോരോ വസ്തുക്കളെ ഗ്രഹിക്കുന്നതു അവ ഒററയായി, ശേഷം വസ്തുക്കളിൽനിന്നു വേർപെട്ടിരിക്കുന്ന പ്രകാരത്തിൽ തന്നെയല്ല, മററുള്ള വസ്തുക്കളോടു സംബന്ധമുള്ളവയായിട്ടും ചില ഗുണങ്ങൾക്കു ഉടയവയായിട്ടും ചില ഗുണങ്ങളാൽ വികാരപ്പെട്ടവയായിട്ടും കൂടെ ആകുന്നു: ദൃ—ന്തം; ഒരു വസ്തു തനിയായിരിക്കുന്ന പ്രകാരത്തിൽ വിചാരിക്കപ്പെടുംപോൾ അതു വിഭക്തി രൂപം കൂടാതെ പ്രകൃതി രൂപത്തിൽ ആകുന്നു. അതു ഒരു ക്രിയെക്കു കർത്താവായിരിക്കുംമ്പോൾ പ്രഥമയിലും കർമ്മമായിവരുംപോൾ ദ്വിതീയയിലും ആകുന്നു. ഇങ്ങനെയുള്ള സംബന്ധഭേദങ്ങളെക്കാണിക്കുന്നതിന്നു വല്ലതും ഒരു വഴി ആവശ്യമാകുന്നു. അല്ലാഞ്ഞാൽ നാം പറയുന്നതു തിരിച്ചറിയപ്പെടുകയില്ല: ദൃ—ന്തം; 'പിതാവു പുത്രനെ സ്നേഹിച്ചു' എന്നുള്ളതിന്നു 'പിതാവു പുത്രൻ സ്നേഹിച്ചു' എന്നു പറഞ്ഞാൽ 'സ്നേഹിക്ക' എന്നതിന്റെ കർത്താവു ഏതെന്നും കർമ്മം ഏതെന്നും വിവരമില്ലായിരിക്കും. ഇങ്ങനെയുള്ള വിവരക്കേടു ഭാഷയിൽ വരാതിരിക്കുന്നതിന്നു മൂന്നു സംപ്രദായം നടപ്പായിരിക്കുന്നു. ഒന്നാവതു നാമങ്ങളുടെ പ്രകൃതിയിൽ മാററം വരുത്തുന്നതാകുന്നു: ദൃ—ന്തം; 'പിതാവു പുത്രനെ സ്നേഹിക്കുന്നു.' രണ്ടാവതു നാമങ്ങളിൽ നിലഭേദം വരുത്തുന്നതാകുന്നു: ദൃ—ന്തം; 'പൂച്ച മീൻ പിടിച്ചു.' ഇവിടെ 'മീൻ' എന്നതു ആദിയിൽനിന്നു എങ്കിൽ അതു കർമ്മത്തിന്നു പകരം കർത്താവായിരുന്നേനേ. മൂന്നാവതു അവ്യയമെന്നു പെരായിട്ടു ചില പദങ്ങളെ ഇടയിൽ വരുത്തുന്നതാകുന്നു: ദൃ—ന്തം; 'ഞാൻ ആലപ്പുഴെ നിന്നു വരുന്നു.' ഈ മൂന്നു വഴിയും എല്ലാ ഭാഷയിലും കാണ്മാനുണ്ടു. എന്നാൽ ഹെബ്രായി, സുറിയാനി, മുതലായ പണ്ടത്തെ ചില ഭാഷകളിലും ഇംഗ്ലീഷു മുതലായിട്ടു ഇപ്പോൾ യുറോപ്പിൽ നടപ്പുള്ള ചില ഭാഷകളിലും നാമങ്ങൾക്കു നിലഭേദം വരുത്തുകയും അവയുടെ ഇടയിൽ അവ്യയങ്ങളെച്ചേർക്കുയുമാകുന്നു അധികനടപ്പു. നേരെ മറിച്ചു സംസ്കൃതത്തിലും അതിന്റെ സമശിഖരങ്ങളായ യാവനത്തിലും ലത്തീനിലും ഇന്ത്യയിലെ പ്രാകൃത ഭാഷകളിലും കൂടെക്കൂടെ വരുന്ന സംബന്ധങ്ങൾ രൂപഭേദം കൊണ്ടു കാണിക്കപ്പെടുന്നു. വസ്തുക്കൾക്കു തമ്മിൽ തമ്മിൽ ഉള്ള സംബന്ധങ്ങൾ അനവധിയാകയാൽ അവയെ എല്ലാം രൂപഭേദംകൊണ്ടു കാണിക്കേണമെന്നു വന്നാൽ വിഭക്തികൾ അസംഖ്യമായി പോകും. ആകയാൽ മൊഴികൾക്കു വളരെ രൂപഭേദം വരുന്ന ഭാഷകളിൽ തന്നെയും അവ്യയങ്ങൾ വേണ്ടി വന്നിരിക്കുന്നു. എന്നാൽ പ്രധാനമായിട്ടുള്ള സംബന്ധങ്ങളെ അവ്യയങ്ങളെക്കൊണ്ടു കുറിക്കുന്ന

തിനെക്കാൾ രൂപഭേദങ്ങളെക്കൊണ്ടു കാണിക്കുന്നതു തന്നെ നല്ലതാകുന്നു. എന്തെന്നാൽ അതു മുഖാന്തിരം വാചകത്തിന്നു സംക്ഷേപവും ശക്തിയും ഭംഗിയും കൂടുന്നതിന്നിട ഉണ്ടാകുന്നു.

൧൭൮. മലയാഴ്മയിൽ എട്ടു വിഭക്തികൾ ഉണ്ടു. * അവയുടെ നാമങ്ങളെയും രൂപങ്ങളെ

* വിഭക്തികളുടെ സംഖ്യയേയും വിവരങ്ങളേയും കുറിച്ചു ചില തൎക്കങ്ങൾ ഉണ്ടു. ആ തൎക്കംതീൎക്കുന്നതിന്നു വിഭക്തിയെന്ന പദത്തിന്റെ അൎത്ഥം ഇന്നതെന്നു അറിഞ്ഞിരിക്കുന്നതു ആവശ്യമാകുന്നു. എന്തെന്നാൽ ആ പദത്തെ വിഭക്ത്യാൎത്ഥത്തിന്നും വിഭക്തിരൂപത്തിന്നുമായിട്ടു ഇങ്ങനെ രണ്ടു ഭാവത്തിൽ പ്രയോഗിക്കയുണ്ടു: ദൃ—ന്തം; 'ആചാൎയ്യൻ പൂജകഴിച്ചു.' ഇവിടെ പൂജ ദ്വിതീയയിലെന്നു പറയുംപോൾ രൂപം നോക്കിയല്ല അൎത്ഥം നോക്കിയാകുന്നു. ദ്വിതീയകൊണ്ടു കാണിക്കപ്പെടുന്ന സംബന്ധത്തിൽ ആ പദം നില്ക്കുന്നതുകൊണ്ടു തന്നെ. എന്നാൽ വിഭക്തികളുടെ സംഖ്യയും വിവരവും നിശ്ചയിക്കുംപോൾ അൎത്ഥം തന്നേയല്ല നോക്കേണ്ടുന്നതു, രൂപവും കൂടെ നോക്കുവാൻ ഉള്ളതാകുന്നു. അൎത്ഥം മാത്രം നോക്കിയാൽ ഒരു ഭാഷയിൽ കാണിക്കപ്പെടുന്ന സംബന്ധങ്ങൾ ഒക്കയും ഒരു വിധത്തിൽ അല്ലെങ്കിൽ മറെറാരു വിധത്തിൽ ശേഷം എല്ലാഭാഷകളിലുംകുറിക്കപ്പെടാകുന്നതാകയാൽഎല്ലാ ഭാഷകളിലും വിഭക്തിയുടെ സംഖ്യയും വിവരവും ഒരു പോലായിരിക്കും. പിന്നയും ഒരു ഭാഷയിൽ തന്നെ സമാന സംബന്ധങ്ങൾ പല വിധത്തിൽ പറയപ്പെടുന്നു: ദൃ—ന്തം, 'കന്നിയുടെ പുത്രൻ' എന്നും 'കന്നി പെററ പുത്രൻ' എന്നും ഉള്ളവ അൎത്ഥത്തിൽ ശരിയായിരിക്കുന്നു. എന്നാൽ സംബന്ധം കാണിക്കുന്നതിന്നു നാമങ്ങൾക്കു ഉണ്ടാകുന്ന രൂപഭേദങ്ങൾ ഒക്കയും പ്രത്യേകം ഓരോ വിഭക്തികളാകുന്നു എന്നു വിചാരിക്കേണ്ടുന്നതുമല്ല. എന്തെന്നാൽ പല രൂപങ്ങൾ ഒരു സംബന്ധംതന്നെ കാണിക്കുമ്പോൾ അവ്വപല വിഭക്തികളായിട്ടല്ല, ഒരു വിഭക്തി ആയിട്ടു തന്നെ വിചാരിക്കപ്പെടുന്നു: ദൃ—ന്തം, 'ആളുകൾ' 'ആളുക്കൾ' എന്നവ രണ്ടും തമ്മിൽ രൂപ ഭേദമായിരിക്കുന്നു എങ്കിലും അൎത്ഥ വ്യത്യാസം ഇല്ലാത്തതുകൊണ്ടു രണ്ടും ചതുൎത്ഥിയായിട്ടത്രെ വിചാരിക്കപ്പെടുന്നു. ആകയാൽ അൎത്ഥഭേദവും രൂപഭേദവും ഒരു പോലെ ചേരുന്ന പദ്ധതികൾ മാത്രമെ വിഭക്തികളാകയുള്ളു. ഠരം മുറയ്ക്കു നോക്കുംപോൾ മലയാഴ്മയിൽ എട്ടു വിഭക്തികൾ വരും. അതിൽ കൂടുകയുമില്ല കുറകയുമില്ല. സംസ്കൃതത്തിലെപ്പഞ്ചമി മലയാഴ്മയിൽ നാമത്തിന്റെ രൂപം മാറിയില്ലാതെ 'നിന്നു' എന്ന അവ്യയം കൊണ്ടു കുറിക്കപ്പെടുന്നതാകയാൽ

യും ദ്വിസ്വരങ്ങളെയും പൊരുൾകളെയും ക്രമപ്രകാരം താഴെ കാണിക്കുന്നു.

പേർ	രൂപം	ദൃഷ്ടാന്തം	പൊരുൾ
പ്രഥമ	———	നദി	കർത്താവ-ചെയ്യുന്നവൻ
ദ്വിതീയ	എ	നദിയെ	കർമ്മം-ചെയ്യുന്ന കാര്യം
തൃതീയ	ഓടു	നദിയോടു	സാഹിത്യം-ചെയ്യുന്നവൻ കൂട്ട
ചതുർത്ഥി	ക്കു	നദിക്കു	സാദ്ധ്യം-ചെയ്യുന്നതിന്റെ സാദ്ധ്യം
പഞ്ചമി	ആൽ	നദിയാൽ	കാരണം-ചെയ്യുന്നതിനുള്ള ഹേതു
ഷഷ്ഠി	ടെ	നദിയുടെ	ആധീനത-കൈവശം
സപ്തമി	ഇൽ	നദിയിൽ	സ്ഥലം-ചെയ്യുന്ന സ്ഥലം
അഷ്ടമി	ഏ	നദിയേ	സംബോധനം-വിളി

അതിനെത്തള്ളി അതിന്റെ സ്ഥലത്തു രൂപഭേദംകൊണ്ടു അടയാളപ്പെടുന്നതും കാരണത്തെക്കാണിക്കുന്നതും സംസ്കൃതത്തിൽ തൃതീയയിൽ ഉൾപ്പെട്ടിരിക്കുന്നതുമായ മറെറാരു വിഭക്തി രൂപത്തെ അതിന്നു പകരം കൂട്ടിയിരിക്കുന്നു. ശേഷം സംഗതികളിലൊക്കയും മലയാഴ്മയിലെ വിഭക്തികൾ സംസ്കൃതത്തിലെയും തമിഴിലെയും വിഭക്തികളോടു ഒത്തിരിക്കുന്നു.

൱൨൪. വിഭക്തി രൂപങ്ങൾ പ്രകൃതിയോടു ചേരുന്നതിൽ പ്രകൃതി അജന്തവും പ്രത്യയം അജാദിയും ആയിരുന്നാൽ സന്ധിക്കവേണ്ടി ൭൩ാം ലക്കത്തിൻ പ്രകാരം ഇടയിൽ യകാരം വരും ദൃ—ന്തം, നദി-നദിയെ-നദിയിൽ-നദിയോടു-നദിയുടെ. ഹലന്തത്തോടു മാററം കൂടാതെ ചേരും: ദൃ—ന്തം; 'ആർ-ആൎക്കു-അവൾ-അവൾക്കു-കാൽ-കാലിൽ-കാലു-കാലോടു'. ചതുൎത്ഥിയുടെ രൂപമാകുന്ന ക്കു എന്നതിനു മുൻപു അൎദ്ധാച്ചു ൯൯ാം ലക്കപ്രകാരം ഉകാരമായിട്ടു തിരിയും: ദൃ—ന്തം, 'മരത്തു-മരത്തുക്കു-ആളു-ആളുക്കു' പ്രകൃതിയിലെ അകാരം ഐ, അയ, എ, എന്നവയിൽ ഒന്നായിട്ടു തിരിയും: ദൃ—ന്തം; 'കുതിര-കുതിരൈക്കു-കുതിരയ്ക്കു-കുതിരെക്കു.' ചില നാമങ്ങളിൽ പ്രത്യേകം സാപ്തമ്യ ചതുൎത്ഥിയിൽ അൎദ്ധാച്ചു ക്കു എന്നതിനു മുൻപു എകാരമാകും: ദൃ—ന്തം, 'നാൾ-നാളേക്കു-അന്ന-അന്നേക്കു-വീടു-വീട്ടിലേക്കു-അകം-അകത്തേക്കു.' ആ ഒരം എന്നവയുടെ പിന്നാലെ ചതുൎത്ഥിയിൽ യികാരം ഏറും.

൱൨൫. നാമത്തിന്റെ അന്തത്തിലെ മ, ട, റ, എന്നക്ഷരങ്ങൾ സംബോധനയിൽ ഒഴികെ മുറെക്കു ത്ത, ട്ട, ററ, എന്നവയായിട്ടു വിരൂപപ്പെട്ടതിന്റെ ശേഷമേ വിഭക്തി രൂപങ്ങൾ ചേരു. ദൃ—ന്തം; 'മരം-മരത്തെ - മരത്തിന്നു കാടു-കാട്ടാൽ-കാട്ടിൽ- ആറു- ആററിന്റെ-ആററാൽ; മരമേ; കാടേ, ആറേ.'

൱൨൬. പലനാമങ്ങളിലും പ്രത്യേകം പല അക്ഷരങ്ങൾ ഉള്ളവയിൽ ട, റ എന്ന എഴുത്തുകൾ ഒററയായിരിക്കും: ദൃ—ന്തം, 'പാടു-പാട്ടിന്നു-പാടിന്നു-ചുമടു-ചുമട്ടിന്റെ-ചുമടിന്റെ -ചോറു-ചോററിൽ-ചോറിൽ-പയറു-പയററിന്റെ-പയറിന്റെ.' ചില നാമങ്ങളുടെ വിഭക്തികളിൽ ട, റ, എന്നവയിരട്ടിക്കയെന്നു വന്നാൽ സ്വരൂപത്തിൽ ഇരട്ട അക്ഷരമുള്ള മററു പദങ്ങളുമായിട്ടു പിണങ്ങിപ്പോകുന്നതിന്നിടയുള്ളതാകയാൽ അങ്ങനെ വരുന്ന പട്ടതിയിൽ ഇരട്ടിക്കാതിരിക്ക തന്നെ യുക്തമാകുന്നു: ദൃ—ന്തം; 'മാറു-മാററു-പാടു-പാട്ടു-മാറിന്റെ-മാററിന്റെ പാടിന്നു-പാട്ടിന്നു.' 'നീരു' എന്നതിന്നു വെള്ളമെന്നു അൎത്ഥംവരുംപോൾ വിരൂപത്തിൽ രകാരം ററ, എന്നാകും: ദൃ—ന്തം, 'നീററിൽ മുഴുകിയ കാള.' 'നീർ' എന്നതിന്നു വീക്ക രോഗമെന്നൎത്ഥം വരുമ്പോൾ രകാരം മാററം കൂടാതെ തന്നേയിരിക്കും ദൃ—ന്തം; 'നീരിന്നു വിരേ

ഛന ഉത്തമം.' ആറു എന്നതിന്നു അഞ്ചിന്നു മേലത്തെ എണ്ണമെന്നു അൎത്ഥംവരുംമ്പോൾ റകാരം ഇരട്ടിക്കയില്ല. നദിയെന്നു അൎത്ഥം ആകുംപോൾ ഇരട്ടിക്കും: ദ്ര—ന്തം, ആററിന്നക്കരപ്പോയാൽ ച ക്രമാറിന്നും മീൻ വാങ്ങിക്കാം' അന്ന്യഭാഷകളിൽനിന്നു വരുന്ന നാമങ്ങളിൽ മകാരം വിരൂപത്തിൽ ഇരട്ടിക്കയും ട, റ, എന്നവ ഒററയായിട്ടു തന്നെ ഇരിക്കയും ചെയ്യും: ദ്ര—ന്തം, 'അബ്രാഹം അബ്രാഹമ്മിന്നു-അബ്രാഹമ്മിൻെറ ഹാഗാർ-ഹാഗാറിന്നു.'

൧൱൭. പ്രകൃതിക്കും വിഭക്തി രൂപങ്ങൾക്കും ഇടയിൽ **ഇൻ** എന്ന ഇടബന്ധം പ്രഥമയിലും സപ്തമിയിലും അഷ്ടമിയിലും ഒഴികെ ശേഷം വിഭക്തികളിലൊക്കയും മനസ്സുപോലെ ചേൎത്തു കൊള്ളാം: ദ്ര—ന്തം; 'പുത്രി-പുത്രിയെ-പുത്രിയിനെ. മരം-മരത്താൽ—മരത്തിനാൽ.'

൧൱൮. ഹലന്തനാമങ്ങളിൽ ഇൻ എന്നതു ചേൎന്നും ചേരാതയും വിഭക്തിരൂപങ്ങൾ വരിക ഒരു പോലെ നടപ്പാകുന്നു: ദ്ര—ന്തം, 'വൃക്ഷം-വൃക്ഷത്തിനെ-വൃക്ഷത്തെ.' എന്നാൽ ചതുൎത്ഥിയിലും ഷഷ്ഠിയിലും ഇൻ എന്നതു കൂടി ആകുന്നു ഏറെ നടപ്പു ദ്ര—ന്തം, 'മരത്തിന്നു-മരത്തിൻെറ എന്നല്ലാതെ മരത്തുക്കു-മരത്തുടെ എന്നവളരെവരുന്നില്ല. അജന്തങ്ങളിൽ അധിക നടപ്പു ഇടബന്ധംകൂടാതെ ആകുന്നു: ദ്ര—ന്തം; 'പുത്രിയെ' എന്നുള്ളതിന്ന 'പുത്രിയിനെ എന്നു പറക തെററല്ലയെങ്കിലും അപൂൎവ്വമാകുന്നു. നകാരാന്തങ്ങളിലും ലോപഷഷ്ഠി ഒഴികെ ബഹു സംഖ്യകളിലും ഇൻ എന്നതു ചെരുകയില്ല: ദ്ര—ന്തം; 'ഭൃത്യൻ-ഭൃത്യനെ; വിലാപൻ- വിലാപനാൽ-പാപികൾ-പാപികളോടു കള്ളന്മാർ-കള്ളന്മാൎക്കു എന്നിങ്ങനെയല്ലാതെ ഭൃത്യനിനെ-വിലാപനിനാൽ-പാപികളിനോടു- കള്ളന്മാരിന്നു എന്നും മററും വരികയില്ല. എന്നാൽ കാലുകളിൻ, വള്ളങ്ങളിൻ, കല്ലുകളിൻ എന്നും മററും കൾ എന്ന ബഹു സംഖ്യരൂപത്തിൽ വരും.

൧൱൯. പ്രഥമ എല്ലായ്പ്പോഴും നാമത്തിൻെറ സ്വരൂപം തന്നെ ആകുന്നു. ആദ്യ സലിംഗങ്ങളിൽ അ, ഇ, ൻ എന്ന അന്തങ്ങളിൽ ആകുന്നു അധികം വരുന്നതു. ബഹു സം

ച്ച്യയിൽ കൾ, മാർ, ർ എന്ന പ്രത്യയങ്ങ ളോട ചേൎന്നിരിക്കയും ചെയ്യും: ദൃ—ന്തം; 'ദൃഷ്ടാ, യോഗി, കള്ളൻ, പശുക്കൾ, കള്ളന്മാർ, കള്ളർ.'

൮൭. ദ്വിതീയയിലെ എകാരം പിന്നത്തെ മൊഴിയിൽ ഹല്ലിരട്ടിക്കയൊ യകാരം ഏറുകയൊ ചെയ്യില്ലെങ്കിൽ അതു സമാന ദീൎഘമാകും: ദൃ—ന്തം; കുഞ്ഞിനെ എടുത്തു=കുഞ്ഞിനെയെടുത്തു. തൃതീയയിൽ അന്തത്തിലെ അൎദ്ധാച്ചു ചിലപ്പോൾ എകാരമാകും: ദൃ—ന്തം; 'മനസ്സോട-മനസ്സോടെ.' ചതുൎത്ഥിയിൽ ന്ന എന്നവരുന്നതിന്നു പകരം, ന എന്നും കൂടെ വരും: ദൃ—ന്തം; 'മരത്തിന്നു മരത്തിനു.' പഞ്ചമിയിൽ ലകാരത്തിന്റെ പിന്നാലെ മനസ്സുപോലെ എകാരം ചേൎക്കാം: ദൃ—ന്തം; 'പുത്രനാൽ-പുത്രനാലേ, പശുക്കളാൽ-പശുക്കളാലേ.'

൮൮. ന കാരാന്ത നാമങ്ങൾക്കും ഇൻ എന്നയിട ബന്ധം ചേരുന്നവെക്കും ഷഷ്ഠിയിൽ ഉടെ എന്നതിനെക്കാൾ ന്റെ എന്നാകുന്നു അധികം നടപ്പു: ദൃ—ന്തം; 'വൃക്ഷത്തിനുടെ-വൃക്ഷത്തിന്റെ.' റെ എന്നതു നീങ്ങീട്ടു ശേഷിക്കുന്നതും ഷഷ്ഠിയായിട്ടു പ്രയോഗിക്കപ്പെടുന്നു. അതിന്നു ലോപ ഷഷ്ഠി എന്നു പേർ, ചില നാമങ്ങൾക്കു മുന്റെ ംരം രൂപമേയിരിക്കു. ദൃ—ന്തം; 'വൃക്ഷത്തിൻകൊമ്പു; മണ്ഡപത്തിൻ വാതുക്കൽ.'

൮൯. 'റെ'എന്നതു മുന്പിലത്തെ അനുനാസികത്തോടു യോജിക്കുന്നതിന്നു 'ടെ' എന്നതു മാറിവരുന്നതാകുന്നു എന്നു തോന്നുന്നു. ഉടെ എ

ന്നു ഉടയ എന്ന നാമധേയത്തിൽനിന്നു വ
ന്നതാകുന്നു. ആയ്തിനും ഷഷ്ഠിയുടെ അൎത്ഥത്തി
ൽ പ്രയോഗമുണ്ടു: ദൃ—ന്തം; "അവനുടയസ്വ
ത്തുടയും." ആകയാൽ ശേഷം വിഭക്തികൾ
ഒക്കയും വചനാധേയങ്ങളുടെ സ്വഭാവമുള്ളവ
യാകുന്നു, എങ്കിലും ഷഷ്ഠി നാമധേയ ലക്ഷണ
മുള്ളതായിരിക്കുന്നു.

൫൦൩. സപ്തമിക്കു ഇൽ എന്ന രൂപമുള്ളതു
കൂടാതെ ലൊപസപ്തമി എന്നു പേരായി നാമ
ത്തിന്റെ വിരൂപവും ഹലന്തങ്ങളിൽ അത്ത
എന്ന പ്രത്യയം ചേൎന്നുണ്ടാകുന്ന രൂപവും വ
രുന്നുണ്ടു: ദൃ—ന്തം; 'ചെന്നാടു-ചെന്നാട്ടിരി
ക്കും; വശം-വശത്തുനിന്നു; മാവേലിക്കര-മാ
വേലിക്കരെപാൎക്കും, വരമ്പു-വരമ്പത്തു, ചെകി
ടു-ചെകിട്ടത്തു, തോളു-തോളത്തു.' അജന്തങ്ങളി
ലും വിരൂപം തന്നെ; അത്ത എന്നു വരുന്നവ
യിലും അത്തു എന്ന പ്രത്യയം ചേരുകയില്ല:
ദൃ—ന്തം; തെക്കേക്കര, മല്ലപ്പള്ളി ദേശത്തു. സ
പ്തമിയോടു ഒക്കുന്ന സംബന്ധത്തെ കാണി
ക്കുന്നതിന്നു വിരൂപത്തോടും ലോപ ഷഷ്ഠിയോ
ടും ചേൎന്നു വരുന്ന അവ്യയങ്ങളായി കൽ, മേ
ൽ എന്നവ മുതലായിട്ടു മററും ചില പ്രത്യയ
ങ്ങൾ ഉണ്ടു: ദൃ—ന്തം; 'മരത്തിങ്കൽ, എങ്കൽ,
നിങ്കൽ, കട്ടിലിന്മേൽ, പാലത്തേൽ, മേശപ്പുറ
ത്തു.' സപ്തമിയുടെ രൂപത്തോടു ചതുൎത്ഥിയുടെ
രൂപമാകുന്ന ക്കു എന്നതു എ എന്നയിടസംബ
ന്ധത്തോടു കൂടെ ചില അൎത്ഥങ്ങൾ സാധിക്കു
ന്നതിന്നു ചേരും അതിന്നു സാപ്തമ്യ ചതുൎത്ഥിഎ
ന്നു നാമം ആയിരിക്കുന്നു: ദൃ—ന്തം; 'കോഴി

ക്കോട്ടേക്ക, അടുക്കലേക്ക, വശത്തേക്ക, നാലി
ലേക്ക, എങ്കലേക്ക.'

൬൭. അഷ്ടമിക്ക ഏ, കാരരൂപമുള്ളതു അകാ
രാന്തത്തിന്റെ പിന്നാലെ വരുമ്പോൾ അകാ
രം ചിലപ്പോൾ മാഞ്ഞുപോകും: ദൃ—ന്തം; 'അ
മ്മ-അമ്മയെ-അമ്മേ.' നാമങ്ങളുടെ സ്വരൂപവും
സംബോധനയായിട്ട വരും: ദൃ—ന്തം; 'രാമൻ
ഇവിടെ വാ, യജമാനൻ വന്നാലും' സ്വരൂപം
ഇ, ഉ, എന്നവയിൽ അന്തമായിരുന്നാൽ അ
ഷ്ടമിയിൽ അവയുടെ സമാന ദീൎഘങ്ങൾ വരി
കയുമുണ്ട: ദൃ—ന്തം; 'കാളി-കാളീ; ശത്രു-ശത്രൂ.'
അൻ എന്ന അന്തമുള്ള നാമങ്ങൾക്ക അഷ്ടമി
യിൽ മേൽ പറഞ്ഞ രൂപങ്ങൾ ഉള്ളതു കൂടാതെ
നകാരം നീങ്ങീട്ടശേഷിക്കുന്ന അകാരത്തിലും
അതിന്റെ ദീൎഘത്തിലും സംബോധന വരുന്നു
ണ്ട: ദൃ—ന്തം; 'നാഥ-നാഥാ.' ചിലപ്പോൾ ഏ,
കാരത്തിന്നും ആകാരത്തിന്നും പകരം ഓകാ
രം വരികയും ഉണ്ട: ദൃ—ന്തം; 'അമ്മേ-അമ്മോ,
അച്ഛാ-അച്ഛോ. ഏതാനും നാമങ്ങളിൽ സംസ്കൃ
ത രൂപവും നടപ്പായിരിക്കുന്നു: ദൃ—ന്തം; 'സ
ഖേ, ഗുരോ.' മററ ചില വിഭക്തികൾക്കും സം
സ്കൃത രൂപം വരുന്നുണ്ട. എന്നാൽ അവ മല
യാഴ്മയിൽ വിഭക്തികളായിട്ടല്ല അവ്യയവങ്ങളാ
യിട്ടത്രെ വിചാരിക്കപ്പെടുന്നതു: ദൃ—ന്തം; 'ക്ര
മേണ, വിശേഷാൽ, സമീപേ.'

൬൮. മേൽപ്പറഞ്ഞ പ്രമാണങ്ങളെ വിവര
പ്പെടുത്തുന്നതിനു വേണ്ടിച്ചില ദൃഷ്ടാന്തങ്ങളെ താ
ഴെപ്പറയുന്നതിൽ നല്ല നടപ്പായിരിക്കുന്ന രൂപ
ങ്ങൾ വല്യയക്ഷരങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു.

ഒന്നാവത്തെ ദൃഷ്ടാന്തം-സ്വരൂപം-'പന്നി, വിരൂപം-'പന്നി.'

൧ പന്നി

൨ പന്നിയെ, പന്നിയിനെ

൩ പന്നിയോട്ടു, പന്നിയിനോട്ടു, പന്നിയോടെ, പന്നിയിനോടെ

൪ പന്നിക്കു, പന്നിയിന്നു, പന്നിയിനു

൫ പന്നിയാൽ, പന്നിയിനാൽ, പന്നിയാലെ, പന്നിയിനാലെ

൬ പന്നിയുടെ, പന്നിയിനുടെ, പന്നിയിന്റെ, പന്നിയിൻ

൭ പന്നിയിൽ

൮ പന്നി, പന്നീ, പന്നിയേ.

ജ്ഞാപനം ൩൦ ദൃഷ്ടാന്തത്തിൻപ്രകാരം 'കുതിര, തുമ്പാ, കോപി, തീ, ഭേ, കൈ, ചാക്കോ' എന്ന അജന്തങ്ങളും 'നെയ' എന്ന യകാരാന്തവും മറ്റും ഇങ്ങനെയുള്ള അന്തങ്ങളും രൂപാന്തരപ്പെടുന്നു. അൎദ്ധാച്ചോട്ടു കൂടിയ വകാരാന്തത്തിനു മുമ്പ്, ഉ, ഊ, ഓ, ഔ എന്നയക്ഷരങ്ങൾ ഇരുന്നാൽ വകാരം നീങ്ങിട്ടും പ്രഥമവരം എങ്കിലും വിരൂപവിഭക്തികൾ ഒക്കയും അൎദ്ധാജന്തം പോലെ അത്രെ രൂപാന്തരപ്പെടുന്നതു ദൃ—ന്തം, 'ശത്രുവ്-ശത്രു-ശത്രുവിനു.' ചില നാമങ്ങളിൽ വകാരത്തിനു മുമ്പെ നില്ക്കുന്നതു ആകാരമായാലും വകാരം പ്രഥമയിൽ മാഞ്ഞുപൊകുന്നുണ്ടു: ദൃ—ന്തം; 'ശാവ്-ശാ-ശാവിന്റെ.'

രണ്ടാവതു-സ്വരൂപം-'മാട്ടു.' വിരൂപം-'മാട്ടു.'

൧ മാട്ടു

൨ മാട്ടെ, മാട്ടിനെ

൩ മാട്ടോട്ടു, മാട്ടിനോട്ടു, മാട്ടോടെ, മാട്ടിനോടെ

൪ മാട്ടുക്കു, മാട്ടിന്നു, മാട്ടിനു

൫ മാട്ടാൽ, മാട്ടിനാൽ, മാട്ടാലെ, മാട്ടിനാലെ

൬ മാട്ടടെ, മാട്ടിൻെറ, മാട്ടിൻ, മാട്ടിനുടെ
൭ മാട്ടിൽ, മാട്ട
൮ മാട്ട, മാട്ടേ

ജ്ഞാപനം—൧൨ം ദൃഷ്ടാന്തത്തിൻ പ്രകാരം 'വാക്ക, കാട്ട ആറ, മനസ്സ, പിതാവ, ശത്രുവ, പൂവ, ഗോവ, ആള.' എന്നവ മുതലായ അദ്ധ്യാജന്തങ്ങളും വൃക്ഷം എന്നതു മുതലായിട്ട വിരൂപത്തിൽ ത്തു എന്നുമാറുന്ന മകാരാന്തങ്ങളും രൂപാന്തരപ്പെടുന്നു.

മൂന്നാവതു—സ്വരൂപം 'പശുക്കൾ.' വിരൂപം-'പശുക്കൾ.'

൧ പശുക്കൾ
൨ പശുക്കളെ
൩ പശുക്കളോട്ട
൪ പശുക്കൾക്ക
൫ പശുക്കളിൽ, പശുക്കളാലെ
൬ പശുക്കളുടെ, പശുക്കളിൻ, പശുക്കളിനുടെ
൭ പശുക്കളിൽ
൮ പശുക്കൾ, പശുക്കളേ

ജ്ഞാപനം—൧൨ം ദൃഷ്ടാന്തത്തിൻ പ്രകാരം, 'കള്ളർ, ഭാൎയ്യമാർ, ബന്ധുകൾ, മരങ്ങൾ' എന്നവ മുതലായ ബഹുസംഖ്യ നാമങ്ങൾ ഒക്കയും രൂപാന്തരപ്പെടുന്നു. ഏകസംഖ്യയിലും അന്തത്തിലെ അക്ഷരം ർ ൾ ൽ എന്നവയിൽ ഒന്നായിരുന്നാൽ ചതുൎത്ഥിയിലെ ക്കു എന്നതു ഇടയിൽ അച്ചുവരാതെ ഒന്നിക്കും : ദൃ—ന്തം ; 'പോർ-പോൎക്കു, ആൾ, ആൾക്കു, കാൽ, കാല്ക്കു.' മേൽപ്പറഞ്ഞ അക്ഷരങ്ങൾ അദ്ധ്യാക്ഷേപ്ട്ടു കൂടിയും അന്തമാകുന്നതാകയാൽ അപ്പോൾ രണ്ടാം ദൃഷ്ടാന്തത്തിൻ പ്രകാരം 'ആളുകു, ആളിന്നു' എന്നിങ്ങനെ വരും.

നാലാവതു. സ്വരൂപം 'ദുഷ്ടൻ.' വിരൂപം, 'ദുഷ്ടൻ'.

൧ ദുഷ്ടൻ
൨ ദുഷ്ടനെ

൩ ദൃഷ്ടനോടു, ദൃഷ്ടനോടെ
൪ ദൃഷ്ടന്നു, ദൃഷ്ടനു
൫ ദൃഷ്ടനാൽ, ദൃഷ്ടനാലെ
൬ ദൃഷ്ടൻെറ, ദൃഷ്ടനുടെ, ദൃഷ്ടൻ
൭ ദൃഷ്ടനിൽ
൮ ദൃഷ്ടനെ, ദൃഷ്ടാ, ദൃഷ്ടാ, ദൃഷ്ടൻ

ജ്ഞാപനം—൦രം ദൃഷ്ടാന്തത്തിൻ പ്രകാരം 'കള്ളൻ' ധനവാൻ എന്നവ മുതലായ ന്നകാരാന്തനാമങ്ങൾ ഒക്കയും രൂപാന്തരപ്പെടുന്നു. എന്നാൽ ഏകാക്ഷരികളിൽ ഇൻ എന്ന ഇടബന്ധം ചേൎന്നതിൻെറ ശേഷമേ വിഭക്തി രൂപങ്ങൾ അധികമായിട്ടു വരുന്നുള്ളു: ദൃ—ന്തം, മാൻ, മാനിനെ, മാനിന്നു, തേൻ-തേനിനാൽ.

വിഭക്തിപ്രയോഗം.

൧൭൩. നിൎല്ലിംഗനാമങ്ങളുടെ സ്വരൂപം വിരൂപവിഭക്തികൾക്കും കൂടെ പ്രയോഗിക്കപ്പെടുക നടപ്പുണ്ടു. അങ്ങിനെയുള്ള പ്രയോഗത്തിന്നു ആന്തര വിഭക്തിയെന്നു പേർ. രൂപത്തോടു കൂടിവരുന്നതിന്നു വിവരണ വിഭക്തിയെന്നു പറയാം. താഴെ വരുന്ന ദൃഷ്ടാന്തങ്ങളിൽ വിഭക്തി ആന്തരമായിരിക്കുന്നു. 'ഞാൻ ഒരു പശു (പശുവിനെ) വാങ്ങിച്ചു: വേഗം (വേഗത്തോടു) നടന്നുവരിക: നീ ഒരു നാഴിക (നാഴികെക്കു) താമസിക്കണം: കൊച്ചിമുതൽ (മുതല്ക്കു) കൊല്ലം വരെയും (വരെക്കും:) ഇനിമേൽ (മേലാൽ:) ശീഘ്രം (ശീഘ്രത്തിൽ.')

പ്രഥമ.

൧൭൭. സ്വരൂപ വിഭക്തിയാകുന്ന പ്രഥമ ക്രിയയുടെ കൎത്താവിന്നു പ്രയോഗിക്കപ്പെടും: ദൃ—ന്തം; 'രാജാവു കല്പിച്ചു.' ഇവിടെ 'രാജാവു' എന്നതു പ്രഥമയിൽ ആയിരിക്കയാൽ 'കല്പിക്ക' എന്ന ക്രിയ ചെയ്യുന്നതു രാജാവാകുന്നു എന്നു അൎത്ഥംവരുന്നു.

൧൭൮. ക്രിയ ചെയ്യുന്നതിന്നു കൎത്താവു പ്രയോഗിക്കുന്ന ഉപകാരണങ്ങളും കൎത്താവിനെ ഉത്സാഹിപ്പിക്കുന്ന ഹേതുക്കളും മറ്റും പലവിധ കാരണങ്ങളും രൂപകവാചകത്തിൽ കൎത്താവായിട്ടു വിചാരിക്കപ്പെട്ടു ചിലപ്പോൾ പ്രഥമയിൽ വരും: ദൃ—ന്തം, 'നിന്റെ കണ്ണു (കൊണ്ടു നീ) കാണുകയില്ലയൊ; നിന്റെ വിശ്വാസം (മൂലമായി ദൈവം) നിന്നെ രക്ഷിക്കും.'

൧൭൯. 'ആക' 'എന്നു' എന്നുള്ള ക്രിയകൾക്കു ആധാരത്തിന്റെയും ആധേയത്തിന്റെയും ആയിട്ടു രണ്ടു പ്രഥമ വേണ്ടിയിരിക്കുന്നു ദൃ—ന്തം, 'രാജാവു ഗുണവാനാകുന്നു: വിചാരിനായ മന്ത്രിയില്ലാത്ത ഛിന്നമെന്ന രാജ്യം.' മറ്റു ക്രിയകളോടുള്ള സംബന്ധംകൊണ്ടു ആധാരം പ്രഥമയിൽനിന്നു മാറിവരുംപോഴും ആധേയം പ്രഥമയിൽത്തന്നെ ആയിരിക്കണം ദൃ—ന്തം, 'ഗൊലിയാഥ എന്ന മല്ലനെ ദാവീദു കവിണിക്കല്ലാലെ കൊന്നു' ഒരം ക്രിയകൾ നാമധേയത്തിന്റെ അൎത്ഥത്തിൽ പലപ്പോഴും ഉണ്ടാനമായിരിക്കും: ദൃ—ന്തം; 'രാമൻ (എന്ന) പട്ടർ ആശാൻ (ആയ) വറുഗീസു: വിശേഷണത്തെ വിശേഷ്യത്തിന്നു പിൻമ്പു വെച്ചു പറയുന്നതു ബഹുമാനത്തിന്നും മുൻമ്പു വെച്ചു പറയുന്നതു വിപരീതത്തിന്നും ആകുന്നു. ദൃ—ന്തം, 'ചാക്കൊ വൈദ്യൻ, വൈദ്യൻ ചാക്കൊ.'

ദ്വിതീയ.

൧൮൦. വിരൂപ വിഭക്തികളിൽ മുൻമ്പിലത്തേതായ ദ്വിതീയ സകൎമ്മക ക്രിയയുടെ കൎമ്മത്തെ കാണിക്കുന്നു. ഒരു ക്രിയയുടെ വികാരം ഏല്ക്കുന്ന പൊരുൾ അതിന്റെ കൎമ്മമാകുന്നു: ദൃ—ന്തം; 'അ

വൻ എന്നെ അടിച്ചു; ദോഷി ഗുണവാനെ പകെക്കുന്നു.'

൨൱൨. അകൎമ്മക ക്രിയയോടു അൎത്ഥം ചേരുന്ന നാമം ആ ക്രിയെക്കു കൎമ്മമായി വരുന്നതാകകൊണ്ടു അങ്ങനെ വരുമ്പോൾ അതു ദ്വിതീയയിലായിരിക്കും ദൃ—ന്തം, 'യജ്ഞദത്തറിയോത്തു ദുൎമ്മരണം മരിച്ചു; നാഗം പാടുക: ഓട്ടം ഓടുക, വാക്കു പറക.' കന്നെപ്പു മണക്കു.

൨൱൩. മനോവികാരത്തിന്റെ ഉടയതു ചതുൎത്ഥിയിലായിരിക്കുമ്പോൾ അതിന്റെ കൎമ്മം ദ്വിതീയയിൽ സംബന്ധിക്കും :ദൃ—ന്തം, 'മൃഗങ്ങൾക്കു മനുഷ്യനെ ഭയമുണ്ടു: ഇനിക്കു അവനെ വെറുപ്പാകുന്നു.'

൨൱൪. ഒരു വിഭക്തിക്കു നിൎല്ലിംഗനാമങ്ങളിലും പ്രത്യേകം നിൎജ്ജീവപൊരുളുകളിലും ആന്തരമായിട്ടു ആകുന്നു അധിക പ്രയോഗം : ദൃ—ന്തം , 'അവൻ പുസ്തകം വായിച്ചു' നിൎജ്ജീവപൊരുളായ പുസ്തകത്തിനു 'വായിക്ക' എന്നുള്ള ക്രിയ ചെയ്വാൻ കഴിയാത്തതാകകൊണ്ടു ഇങ്ങനെയുള്ള പ്രയോഗത്തിൽ നിന്നു വിവരക്കേടിന്നു ഇടയില്ല. എന്നാൽ നിൎല്ലിംഗനാമം വാക്യത്തിൽ സാരവാക്കായിരിക്കുമ്പോഴും ജീവനുള്ള പൊരുളുകൾക്കു അൎത്ഥമായിരിക്കുമ്പോഴും ചില വചനാദ്ധ്യയയവ്യയങ്ങളോടു സംബന്ധിക്കുമ്പോഴും രൂപഭേദത്തോടു കൂടിയ വിവരണ വിഭക്തി തന്നെ പ്രയോഗിക്കപ്പെടേണം : ദൃ—ന്തം; 'വേദവാക്യത്തെ ശോധന ചെയ്വിൻ , പശുവിനെക്കൊണ്ടു വരിക: അവൻ നീതിയെക്കുറിച്ചു സംസാരിച്ചു.'

ത്രിതീയ.

൨൱൫ ഒരു അകൎമ്മക ക്രിയ ചെയ്യുന്നതിൽ കൎത്താവു കൂട്ടായിട്ടു എങ്കിലും എതിരായിട്ടു എങ്കിലും വെച്ചുകൊള്ളുന്ന പൊരുൾ ത്രിതീയയിൽ സംബന്ധിക്കും : ദൃ—ന്തം ; 'നീ എന്നോടു കളിക്കരുതു, അവൻ രാജാവിനോടു പിഴച്ചു.'

൨൱൬. 'പറക, കല്പിക്ക, ചോദിക്ക, കൂടുക, പിണങ്ങുക, തൎക്കിക്ക, മത്സരിക്ക, കോപിക്ക, എന്നി

ങ്ങനെയുള്ള അൎത്ഥം വരുന്ന ക്രിയകളും അവെക്കു എതിരൎത്ഥം വരുന്ന 'വിലക്കുക, ഇണങ്ങുക, പ്രസാദിക്ക, പിരിക.' എന്നിങ്ങനെയുള്ള ക്രിയകളും ആകുന്നു അധികം ത്രിതീയയിൽ സംബന്ധിച്ചു വരുന്നതു.

൱൯൰൬. ത്രിതീയയുടെ സ്ഥാനത്തു വരുന്നപൊരുൾ ചിലപ്പോൾ ദ്വിതീയയിലുംവരും. അപ്പോൾ ഇങ്ങനെ ഉള്ള ക്രിയകൾക്കു അൎത്ഥഭേദം വന്നു സകൎമ്മക ക്രിയകളായിത്തിരുന്നു : ദൃ—ന്തം , 'രാജാവിനെച്ചീത്ത വാക്കു പറഞ്ഞു' എന്നുള്ളതിൽ ചീത്തവാക്കു ഏല്ക്കുന്ന ആൾ രാജാവെന്നു അൎത്ഥം വരുന്നു. കേൾപ്പിക്കാരൻ ഒരു വേള മറെറാരുത്തനായിരിക്കും. എന്നാൽ രാജാവിനോടു ചീത്ത വാക്കു പറഞ്ഞു' എന്നുള്ളതിൽ രാജാവിന്റെ മുൻമ്പിൽ വെച്ചു പറഞ്ഞു എന്നല്ലാതെ രാജാവിനെപ്പറഞ്ഞു എന്നൎത്ഥം വരേണമെന്നില്ല.

൱൯൰൭. ക്രിയയുടെ ഉടെയതു ചതുൎത്ഥിയിൽ വരുംപോൾ കൎമ്മം ത്രിതീയയിൽ സംബന്ധിക്കും : ദൃ—ന്തം ; 'നിനക്കു അവനോടു കോപം അരുതു ; ഇനിക്കു നിന്നോടു ഇഷ്ടമാകുന്നു. നിനക്കു എന്നോടു കാൎയ്യമില്ല.'

൱൯൰൮. 'കൈവശത്തിൽ ആക്കുക' എന്ന അൎത്ഥം അടങ്ങിയിരിക്കുന്ന ക്രിയകൾ കൈവിടുന്ന പൊരുളിനോടു ത്രിതീയയിൽ സംബന്ധിക്കും : ദൃ—ന്തം ; 'അവൻ എന്നോടു ഒരു പുസ്തകം വാങ്ങിച്ചു ; കൊള്ളക്കാരൊടും പിടിച്ചുപറിക്കരുതു ; വിദ്വാനോടു പഠിച്ചെ വിദ്യയുണ്ടാകു.

൱൯൰൯. ഗണനാമങ്ങൾ ക്രിയാവിശെഷങ്ങളായിട്ടു പ്രയോഗിക്കപ്പെടുംമ്പൊൾ, 'കൂടെ' എന്നതിനൊടു ചേൎന്നും അതു ഉണ്ടാനമായിരുന്നും ത്രിതീയയിൽ വരും : ദൃ—ന്തം , 'അവൻ ബുദ്ധിയോടു കൂടെച്ചെയ്തു-ബുദ്ധിയോടു ചെയ്തു ; സമാധാനത്തോടു (കൂടെ) പൊയ്ക്കൊൾക.' അങ്ങനെ തന്നെ സമയത്തിന്റെ അടുപ്പവും മററും ത്രിതീയയിൽവരും : ദൃ—ന്തം ; 'കുംഭമാസത്തോടു കൂടെ അവൻ വന്നു ചേരും.' വാലോടു തല മുറിഞ്ഞു അടിയോടു അടി.

൨൱. സമത്വം, ഭേദം, അടുപ്പം, അകലം, ചേൎച്ച, വിരോധം' എന്നിങ്ങനെ അൎത്ഥം വരുന്ന പദങ്ങളോടു സംബന്ധിക്കുന്ന പൊരുളുകൾ ത്രിതീയയിൽ വരും : ദൃ—ന്തം , 'ഇന്ദ്രനോടു ഒക്കും ഭവാൻ.' 'ജ്ഞാനത്തിന്നു ശലോമൊനോടുആരും എതിരില്ല. അവനോടു നീ വിരോധം നോക്കരുതു.'

ചതുൎത്ഥി.

൨൱൧. ഒരു ക്രിയയുടെ ഫലം ചേരുന്ന പൊരുൾ ചതുൎത്ഥിയിൽ വരും: ദൃ—ന്തം; 'ഇന്നലെ ഇനിക്കു വിതെച്ചു: പോയി എങ്കിൽ ഉടയക്കാരന്നു പോയി; പറമ്പിനു വേലി കെട്ടി.

൨൱൨. ക്രിയയുടെ നിമിത്തകാരണമായിരിക്കുന്ന പൊരുൾ ചതുൎത്ഥിയിൽ വരും; ദൃ—ന്തം; 'പെരുനാളിന്നു പോയി.' ക്രിയയുടെ നിമിത്ത കാരണമായിട്ടു കൎത്താവു ഭവിക്കുന്ന പൊരുൾ ആയിട്ടു, വേണ്ടിയെന്നവയോടു ചേൎന്നു ചതുൎത്ഥിയിൽ വരും: ദൃ—ന്തം; 'ഇനിക്കായിട്ടു നീ ഒരു വാക്കു പറയണം. നിനക്കു വേണ്ടി അവൻ അതു ചെയ്തു.'

൨൱൩. സ്ഥലം മാററം കാണിക്കുന്ന ക്രിയകളോടു ക്രിയയുടെ ഫലം ചേരുന്ന പൊരുൾ ചതുൎത്ഥിയിലാകും: ദൃ—ന്തം; 'ഞാൻ നിരണത്തിന്നു പോയി.'

൨൱൪. 'കൊടുക്ക' എന്ന പൊരുൾ ഉള്ള ക്രിയകളോടു ആ ക്രിയയുടെ ഫലം ചേരുന്ന പൊരുൾ ചതുൎത്ഥിയിൽ സംബന്ധിക്കും: ദൃ—ന്തം; 'ഞാൻ അവന്നു ഒരു പുസ്തകം കൊടുത്തു.'

൨൱൫. ഉണ്ടു, ഇല്ല, എന്ന ക്രിയകൾക്കും ഭവിക്ക, ഉണ്ടാക, എന്നവ മുതലായിട്ടു അവയോടു അൎത്ഥം ഒക്കുന്ന മററു ക്രിയകൾക്കും ഉടമ പ്രഥമയിൽ വരുമ്പോൾ ഉടയതു ചതുൎത്ഥിയിൽ വരും: ദൃ—ന്തം; 'ഇനിക്കു മനസ്സുണ്ടു; അവന്നു (ഉള്ളതു) കോപമാകുന്നു; ദുഷ്ടന്മാൎക്കു ദോഷം ഭവിക്കും.'

൨൱൬. രണ്ടു വസ്തുക്കൾ തമ്മിൽ ഉള്ള അവസ്ഥാഭേദത്തെയും ഉടപ്പത്തിന്റെ വിവരത്തെയും അറിയിക്കുന്നതിൽ ചതുൎത്ഥിവരും: ദൃ—ന്തം; 'ജില്ലാക്കോടു അപ്പിൽക്കോട്ടിന്നു കീഴാകുന്നു, യാക്കോബു ലാബാന്നു ഒരു മകനായിരുന്നു.'

൨൱൭. സമത്വത്തെയും വ്യത്യാസത്തെയും അടുപ്പത്തെയും അകലത്തെയും ചേൎച്ചയെയും വിരോധത്തെയും സഹായത്തെയും മററും കാണിക്കുന്ന പദങ്ങളോടു സംബന്ധിക്കുന്ന നാമങ്ങൾ ചതുൎത്ഥിയിൽ വരും ദൃ—ന്തം; 'ശിംശോന്നു ശരീരത്തായിട്ടു ഒരു ശക്തിമാനും ഇല്ല.

ആചാൎയ്യൻമാൎക്കു ചേരാത്ത പ്രവൃത്തി: അവൻ അവൾക്കു കൂട്ടു പോയി: ഇനിക്കു സഹായിച്ചു, നിനക്കു നന്നായി.

൧൯൮. ൦രം വക പദങ്ങളിൽ പലതും തൃതിയയിൽ സംബന്ധിക്കുമെന്നു ൧൯൦ാം സൂത്രത്തിൽനിന്നു അറിഞ്ഞുകൊള്ളാം എന്നാൽ അല്പഭാവഭേദം ഉണ്ടു: ദൃ—ന്തം; 'ഇന്ദ്രനോടു തുല്യൻ' എന്നു പറയുന്നതിൽ കാലം നിശ്ചയിക്കുന്ന അഭിപ്രായം ആകുന്നു. 'ഇന്ദ്രന്നു തുല്യൻ' എന്നു പറയുന്നതു മനസ്സിൽ മുൻപെ തന്നെയിരിക്കുന്ന അഭിപ്രായത്തെക്കാണിക്കയാകുന്നു, 'എന്നൊടു ദോഷം ചെയ്തു' എന്നു എന്നോടു നേരെ ചെയ്തിട്ടുണ്ടെങ്കിലെ പറയാവു. 'ഇനിക്കു ദോഷം ചെയ്തു, എന്നുള്ളതു എന്റെ വസ്തുവക മുതലായിട്ടുള്ളവയോടു ചെയ്താലും പറയാം, എന്നെച്ചെയ്തു' എന്നു പറഞ്ഞാൽ ഞാൻ ആ ക്രിയയുടെ കൎമ്മം ആകും. 'എന്നോടു ചെയ്തു, എന്നു പറയുന്നതു ഞാൻ കൂടെ ഉള്ളപ്പോൾ എന്റെ നേരെ നോക്കിച്ചെയ്യുന്നതിനെക്കുറിച്ചെ ആവു. 'ഇനിക്കു ചെയ്തു, എന്നു പറയുന്നതിൽ ആ ക്രിയയുടെ ഫലം ഇനിക്കു വന്നു സംഭവിക്കയെന്നു അൎത്ഥം വരും. 'രാജാവിനോടു ബോധിപ്പിക്കു' എന്നു രാജാവിനെക്കണ്ടു ബോധിക്കുംപോഴെ പറയാവു. 'രാജാവിനെ ബോധിപ്പിക്കു, എന്നു എഴുത്തു മുഖാന്തരം ചെയ്യുംപോഴും പറയാം. 'അവനെ സഹായിക്കു, എന്നു പറയുന്നതു അവൻ ചെയ്യുന്ന വേലയിൽ സഹായിക്കുമ്പോൾ ആകുന്നു, അവന്നു സഹായിക്കു എന്നു പറയുന്നതു അവന്റെ ഉപകാരത്തിന്നു സഹായിക്കുമ്പോൾ ആകുന്നു.

൧൯൯. സമം കൂട്ടുന്നതിൽ ചതുൎത്ഥിവരും: ദൃ—ന്തം; 'അതിന്നു ആനെക്കു ഭാരം ഉണ്ടു' എന്നു പറഞ്ഞാൽ ആന പിടിച്ചാൽ ഇളകാത്ത ഭാരം ഉണ്ടു എന്നു അൎത്ഥം. 'അവന്നു ആനെക്കു ബലം ഉണ്ടു എന്നു പറഞ്ഞാൽ ആനയൊടു ഒപ്പംബലം ഉണ്ടെന്നു അൎത്ഥം, 'ഇനിക്കു അക്കാൎയ്യം പ്രയാസമാകുന്നു, എന്നു പറഞ്ഞാൽ എന്നാൽ സാധിക്കുന്നതിന്നു പ്രയാസമെന്നു അൎത്ഥം.

൨൦൦. ഇത്രനേരമെന്നു കുറിക്കുന്ന സമയവും ഇന്നതിന്നിടയിൽ എന്നു കാണിക്കുന്ന സമയവും ചതുൎത്ഥിയിൽ വരും: ദൃ—ന്ത; 'ഒരു നാഴികെക്കു ഇളവുണ്ടു. ഒരു വിനാഴികെക്കു (ഇടയിൽ) നീ വരണം. ഒരു മാസത്തിന്നു വേണ്ടുന്ന കോപ്പുകൾ കൂട്ടേണം: കഴിഞ്ഞ വെള്ളത്തിന്നു വന്നതു' ഇങ്ങനെ പ്രയോഗിക്കുന്നതിൽ വിഭക്തി രൂപം കൂടാതെയും നടപ്പുണ്ടു. ദൃ—ന്തം; 'ഞാൻ ഒരാഴ്ച അവിടെ പാൎത്തു: കുംഭകൎണ്ണന്നു ആറുമാസം ഉറക്കം ഉണ്ടു.'

പഞ്ചമി.

൨൦൧ ക്രിയയുടെ കാരണമായിരിക്കുന്ന പൊ

ത്വം പഞ്ചമിയിൽ വരും. പ്രധാനമായിട്ട ഹേതു കാരണവും മുതൽക്കാരണവും തുണക്കാരണവും തന്നെ: ദൃ—ന്തം; 'ആചാൎയ്യനാൽ ഉണ്ടാക്കപ്പെട്ട ബിംബം: മരത്താൽ ഉണ്ടാക്കപ്പെട്ട ബിംബം: ഉളിയാൽ ഉണ്ടാക്കപ്പെട്ട ബിംബം.'

൨൦൨. ക്രിയ ചെയ്യുന്ന പൊരുളിന്നു കൎത്താവെന്നും ഹേതുകാരണമെന്നും പേർ. ആയതു സകൎമ്മക ക്രിയയോടു സംബന്ധിക്കുമ്പോൾ പ്രഥമയിൽ വരും; എങ്കിലും കൎമ്മണിക്രിയയോടു ചേരുംപോൾ പഞ്ചമിയിൽ ആകും: ദൃ—ന്തം; 'ആചാൎയ്യനാൽ തീൎക്കപ്പെട്ട വീടു, പൌലുസിനാൽ ലിഖിതമായ പുസ്തകം' കഴിക എന്ന ക്രിയയുടെ കൎത്താവു ചതുൎത്ഥിയിൽ വരുംപോൾ കൎത്താവിനെയും പഞ്ചമിയിൽ വരുംപോൾ ക്രിയയെയും താല്പൎയ്യമായിട്ടുകാണിക്കും: ദൃ—ന്തം; 'അവന്നു കഴികയില്ല, അവനാൽ കഴികയില്ല'. സാധിക്കയെന്നതു സകൎമ്മക ക്രിയയാകുംപോൾ കൎത്താവു പ്രഥമയിലും അകൎമ്മക ക്രിയയാകുംപോൾ പഞ്ചമിയിലും വരും: ദൃ—ന്തം; 'ഞാൻ അക്കാൎയ്യം സാധിക്കും, എന്നാൽ അക്കാൎയ്യം സാധിക്കും'.

൨൦൩. ഒരു വസ്തു ഉണ്ടാകുന്നതിന്നുള്ള സാധനത്തിന്നു മുതൽ കാരണമെന്നു പേരായിരിക്കുന്നു. അതു പഞ്ചമിയിൽ വരും: ദൃ—ന്തം; 'കല്ലാൽച്ചിലതു; മരത്താൽ ചിലതു'; 'ഇരിമ്പിനാൽ തീൎക്കപ്പെട്ട നാരായം.'

൨൦൪. ഒരു ക്രിയ ചെയ്യുന്നതിന്നു കൎത്താവു തുണയായിട്ടു പ്രയോഗിക്കുന്ന കരുവുകളും ആളുകളും തുണക്കാരണമെന്നു ചൊല്ലപ്പെടും: ദൃ—ന്തം; 'വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർ'; 'വാളെടുക്കുന്നവൻ വാളാലേ മരിക്കും'. തുണക്കാരണം ആളുകൾ ആയിരുന്നാൽ പഞ്ചമി കരണി ക്രിയയോടു സംബന്ധിക്കും: ദൃ—ന്തം; 'അവൻ ദീൎഘദൎശിയാൽ പറയിച്ചകാൎയ്യം.' മുതൽക്കാരണവും തുണക്കാരണവും കാണിക്കുന്നതിന്നു കൊണ്ടു, മൂലമായി വഴിയായി, എന്നിങ്ങനെയുള്ള പദങ്ങൾ പഞ്ചമിക്കു പകരം വരും: ദൃ—ന്തം; 'മരം കൊണ്ടുള്ള ബിംബം, ദീൎഘദൎശിയെ കൊണ്ടു അവൻ പറയിച്ച കാൎയ്യം, വിശ്വാസം മൂലം രക്ഷിക്കപ്പെട്ടവർ.

൨൦൫ ചില വാക്കുകളിൽ പഞ്ചമി സപ്തമിക്കു പകരം പ്രയോഗിക്കപ്പെടുകയുണ്ടു: ദൃ—ന്തം; 'മേലാൽ (മേലിൽ) നീ അതു ചെയ്യരുതു; തൊമ്മൻ പേരാൽ (പേരിൽ) പണം ൧൦: ഉരുവാൽ (ഉരുവേൽ) ഒരു പണം ലാഭം ഉണ്ടു' (ആററാലെ; ആററുങ്കൽ) ഞാൻ പെററു പോററിയ പൈതൽ'.

ഷഷ്ഠി.

൨൱൩ വെവ്വേറായ പൊരുളുകൾക്കു അടയാളമാകുന്ന നാമങ്ങൾ തമ്മിൽ സംബന്ധിച്ചുവരുമ്പോൾ അവയിൽ സംബന്ധത്തെക്കാണിക്കുന്ന നാമങ്ങൾ ഷഷ്ഠിയിൽ വരും: ദൃ—ന്തം; ‘എന്റെ പുസ്തകം അവന്റെ വീടു; അവരുടെ ശീലം, മരത്തിൻ കൊമ്പു.

൨൱൪. ആ വക സംബന്ധങ്ങൾ പലതരമായിരിക്കുന്നു. (൧) സ്വസ്ഥം: ദൃ—ന്തം; ‚എന്റെ പുസ്തകം.’ [എന്റെ വക പുസ്തകം.] (൨) അനുഭോഗം: ദൃ—ന്തം; ‚എന്റെ മുറി [ഞാൻ പാക്കുന്ന മുറി]; (൩) ഗുണം: ദൃ—ന്തം: എന്റെ നേരു [എന്നിൽ ഉള്ള നേരു]; എന്റെ നടപ്പു [ഞാൻ നടക്കുന്ന നടപ്പു]; (൪) ഉത്ഭവം: ദൃ—ന്തം; പശുവിന്റെ പാൽ [പശുവിൽനിന്നു വരുന്ന പാൽ]; (൫) അംശം: ദൃ—ന്തം; ‚മരത്തിന്റെ കമ്പു [മരത്തിന്റെ ഒരു ഭാഗമായിരിക്കുന്ന കമ്പു]. (൬) അടക്കം: ദൃ-ന്തം; ‚വിദ്വാന്മാരുടെ സഭ. [വിദ്വാന്മാർ കൂടി ഉണ്ടായിരിക്കുന്ന സഭ] (൭) തമ്മിൽ ഉള്ള ഉടപ്പവും ഇരിപ്പും: ദൃ—ന്തം; ‘മറിയയുടെ പുത്രൻ‘ [മറിയ പെററ പുത്രൻ’: ‚അഛന്റെ ചെറുക്കൻ’ ‚സാസ്ത്രിന്റെ മഠാമ്മ’: ‚ആചാര്യന്റെ ഭാര്യ’ യോസേപ്പിന്റെ സഹോദരന്മാർ.]

൨൱൫. സംബന്ധത്തെ അറിയിക്കുന്നതിൽ ൧൯൩ാം സൂത്രത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം ചതുർത്ഥി വേണ്ടിയിരിക്കുന്നു. സംബന്ധത്തെ വിശേഷമായിട്ടു പറയുന്നതിൽ ഷഷ്ഠിവരും: ദൃ—ന്തം; ‚മറിയ യോസെപ്പിന്നു ഭാര്യയായിരുന്നു’ എന്നുള്ളതു മറിയ്ക്കു യൊസെപ്പിനോടു എന്തൊരു സംബന്ധം എന്നുള്ള ചോദ്യത്തിന്നു ഉത്തരമാകുന്നു. ‘മറിയ യോസിപ്പിന്റെ ഭാര്യയായിരുന്നു’ എന്നു പറഞ്ഞാൽ മറിയ ആരായിരുന്നു എന്നുള്ള ചോദ്യത്തിന്നു ഉത്തരമാകുന്നു. ‘മന്ത്രിരാജാവിന്നു കിഴാകുന്നു’ എന്നതിന്നു മന്ത്രിരാജാവിനെക്കാൾ താണ സ്ഥാനക്കാരൻ എന്നർത്ഥം. ‚മന്ത്രിരാജാവിന്റെ കീഴാകുന്നു’ എന്നതിന്നു രാജാവിന്റെ വരുതികേട്ടു നടക്കുന്ന ആൾ എന്നർത്ഥം.

൨൱൬. ൦൨൦ വിഭക്തി ചിലപ്പോൾ വാക്യത്തിന്റെ കാര്യമായിട്ടു വരും: ദൃ—ന്തം; ‘നിലം രാജാവിന്റെ ആകുന്നു.’ എന്നാൽ അതു എന്നുള്ള അന്തത്തോടു ചേർന്നാകുന്നു അധികം നടപ്പു: ദൃ—ന്തം; ‘ആ പുസ്തകം നിന്റേതല്ല, എന്റേതാകുന്നു,

൨൮൦. ഷഷ്ഠിക്കു പകരം ചതുൎത്ഥിയോടു 'ഉള്ള' എന്ന നാമധേയം ചേൎന്നിട്ടു പ്രയോഗിക്കപ്പെടുക ഉണ്ടു: ദൃ—ന്തം; 'എന്റെ പുസ്തകം' 'ഇനിക്കുള്ള പുസ്തകം': 'എന്റെ മുറി—ഇനിക്കുള്ള മുറി' 'എന്റെ നേരു'='ഇനിക്കുള്ള നേരു.'

സപ്തമി.

൨൮൧. ഒരു ക്രിയ ഭവിക്ക എങ്കിലും അതിന്റെ ഫലം ചേരുക എങ്കിലും ചെയ്യുന്ന സ്ഥലം ആകട്ടെ പൊരുൾ ആകട്ടെ സപ്തമിയിൽ വരും: ദൃ—ന്തം; 'ആററിൽ വെള്ളം പൊങ്ങി;' 'മനുഷ്യരിൽ ആശ്രയിക്കരുതു' ആകയാൽ 'നില്ക്ക', 'ഇരിക്ക', 'കിടക്ക', 'വെക്ക', എന്നവ മുതലായിട്ടു സ്ഥലത്തോടു സംബന്ധിക്കുന്ന ക്രിയകൾക്കു സപ്തമി വേണ്ടിയിരിക്കുന്നു: ദൃ—ന്തം; 'അവരിൽനിന്നു ഒരു ഗുണവും വരികയില്ല': 'മനുഷ്യരിൽ വെച്ചു നല്ലവൻ.'

൨൮൨. കൂട്ടത്തിൽ വിശേഷപ്പെട്ട വസ്തുവിനെക്കുറിച്ചു പറയുന്നതിൽ കൂട്ടം സപ്തമിയിലാകും: ദൃ—ന്തം; 'മനുഷ്യരിൽ നല്ലവൻ' (മനുഷ്യരുടെ ഇടയിൽ നന്മെക്കു മുന്തിയവൻ) 'നീചരിൽ നീചൻ' (മഹാ നീചൻ.)

൨൮൩. ഇന്നപ്പോൾ എന്നു കാണിക്കുന്ന സമയം സപ്തമിയിൽ വരും: ദൃ—ന്തം; 'മകര മാസത്തിൽ മാവു പൂക്കും,' 'തലയിരിക്കയിൽ വാലു ആടുകയില്ല.'

൨൮൪. അകമുള്ള സ്ഥലത്തേക്കു ഉള്ള മാററം സാപ്തമ്യചതുൎത്ഥിയിൽ സംബന്ധിക്കും: ദൃ—ന്തം; 'പള്ളിയിലേക്കു പോയി:' ഭവനത്തിലേക്കു നീങ്ങി. ഒരം അൎത്ഥത്തിൽ ചതുൎത്ഥി രൂപം ആന്തരമായിട്ടും പ്രയോഗമുണ്ടു: ദൃ—ന്തം; 'പള്ളിയിൽപ്പോക 'വീട്ടിൽ വരിക.'

൨൮൫. കൂട്ടത്തോടു കൂട്ടത്തിൽ ഒന്നിനെ ഒത്തുനോക്കി വിശേഷപ്പെടുത്തുന്നതിൽ കൂട്ടം സാപ്തമ്യചതുൎത്ഥിയിൽ വരും: ദൃ—ന്തം; 'നാലിലേക്കു നല്ലതു. 'മനുഷ്യരിലേക്കു വിദ്വാൻ.'

൨൮൬. സമയത്തിന്റെ ഇടയും അറുതിയും ചതുൎത്ഥിയിൽ എന്നപോലെ സാപ്തമ്യചതുൎത്ഥിയിലും വരും: ദൃ—ന്തം; 'വക്ഷത്തി

ലേക്ക വേനലിൽക്കരുതെണ്ണം' 'മകരമാസത്തേക്ക മാറ്റു പുക്കം'

൨൱൭· സപ്തമിയിൽ ലോഭ ത്രുപം പൊതുവിൽ സ്ഥലത്തെയും ഇൽ എന്ന അന്തം സ്ഥലത്തിന്റെ അകത്തേയും കൽ എന്ന അവ്യയം സ്ഥലത്തിന്റെ അരികിനെയും മേൽ എന്നതു പുറത്തേയും സംബന്ധിക്കും: ദ്രു—ന്തം; 'കരോട്ടു നില്ക്കുന്നതു' 'താഴത്തിരിക്കുന്നതു' 'പള്ളിയിൽ ഉള്ളതു' 'പള്ളിക്കൽ പാൎക്കുന്നവൻ' 'മേശമേൽ വെക്കപ്പെട്ട ഭക്ഷണം' 'മരത്തേൽ കേറുന്നമരനാഗം.'

അഷ്ടമി.

൨൱൮. അഷ്ടമിക്കു സംബോധന എന്നും പേർ പറയും, അതു കേൾക്കുന്നവന്റെ ശ്രദ്ധയെ ഉണൎത്തുന്നതിനായിട്ടു പ്രയോഗിക്കപ്പെടും: ദ്രു—ന്തം ; 'രാജാവേ എന്നെ രക്ഷിക്കേണമെ ;' 'നീതിമാന്മാരേ നിങ്ങൾ സന്തോഷിപ്പിൻ.'

൨൱൯· പറയുന്നവന്റെ മനോവികാരങ്ങളുടെ അടയാളങ്ങളായിട്ടു പല നാമങ്ങളും സംബോധനയിൽ പ്രയോഗിക്കപ്പെടും ദ്രു—ന്തം; 'ശിവ ശിവ' 'നാരായണാ:' 'അയ്യ' 'അയ്യോ :' 'അയ്യാവൊ'; 'വൻമ്പേ'; 'എന്നേ'; 'ചെമ്മന്ന'; (ച്ഛി എന്നേ)

൨൱൰. ചില നാമങ്ങൾ സംബോധനയിൽ മാത്രമെ വരുന്നുള്ളു' ആകയാൽ അവെക്ക സംബോധനക്കുറിപ്പുകൾ എന്നു പേർ; അതു 'അ, ആ, ഇ, ഠം, എ, ഏ, ഒ, ഓ, ഹ, ഹാ, ഹി, ഹീ, ഹേ, ഹൊ, ആഹാ, ഛി, പൂ' എന്നിങ്ങനെ ഉള്ളവയാകുന്നു.

അഞ്ചാം സൎഗ്ഗം—നാമങ്ങളുടെ ഉത്ഭവം.

൨൱൰൧· ഉത്ഭവത്തെ സംബന്ധിച്ചു നാമങ്ങൾ മൂന്നുവകയായിരിക്കുന്നു ആയവെക്കു മൂലനാമങ്ങൾ എന്നും തദ്ധിതനാമങ്ങൾ എന്നും സമാസനാമങ്ങൾ എന്നും പേരായിരിക്കുന്നു·

മൂല നാമങ്ങൾ

൧൧൧. മൂലനാമങ്ങൾ മററു പദങ്ങളിൽനിന്നു വരാത്ത രൂഢി നാമങ്ങളാകുന്നു: ദൃ—ന്തം ; 'മാവു;' 'പ്ലാവു,' 'പൂച്ച,' 'പുലി,' 'ആൺ,' 'പെൺ, 'പുരുഷൻ,' 'സ്ത്രീ,' എന്നാൽ മലയാഴ്മയിൽ മൂല നാമങ്ങളായി വിചാരിക്കപ്പെട്ടിരിക്കുന്നതിൽ പലതും സംസ്കൃതത്തിൽ തദ്ധിതങ്ങളാകുന്നു ദൃ—ന്തം ; 'മനുഷ്യൻ'; 'ദേവൻ.'

൧൧൨. മലയാഴ്മയിലെ മൂലനാമങ്ങൾ ഒക്കയും തമിഴഭാഷയിൽ ഉൾപ്പെട്ടിരിക്കുന്നവ എങ്കിലും സംസ്കൃതത്തിൽനിന്നു എടുക്കപ്പെട്ടവ എങ്കിലും ആകുന്നു; തമിഴിലെ നാമങ്ങൾ മലയാഴ്മയിൽ മിക്കവാറും യാതൊരു മാററവും കൂടാതെ വരും: ദൃ—ന്തം; 'അവൻ, 'അവൾ, 'നീതി, മരം.' എന്നാൽ തമിഴിലെ ഐകാരാന്തം മലയാഴ്മയിൽ അകാരാന്തമായും ഉകാരാന്തം അർദ്ധാച്ചായിട്ടും ആയ്യു എന്ന അന്തത്തിലെ യകാരം മാഞ്ഞുപോയും ആകാരാന്തത്തോടു വകാരം ചേൎന്നും വരും: ദൃ—ന്തം ; 'കുതിരൈ=കുതിര, കല്ലു=കല്ല്, പായ്യു=പാ, മാ=മാവു:

൧൧൩. സംസ്കൃതത്തിൽനിന്നു വരുന്ന നാമങ്ങളിൽ പ്രഥമയിലെ അഃ എന്നതു പുല്ലിംഗത്തിൽ അൻ എന്നും നില്ലിംഗത്തിൽ അം എന്നും ആകും : ദൃ—ന്തം ; 'പുത്രഃ=പുത്രൻ, വൃക്ഷഃ=വൃക്ഷം. ശേഷം പ്രഥമയിൽ വരുന്ന വിസൎഗ്ഗം മാഞ്ഞുപോകും : ദൃ—ന്തം ; 'കവിഃ= കവി. വായുഃ=വായു.

൧൧൪. സംസ്കൃതത്തിലെ നാമങ്ങളുടെ അന്തത്തിൽ വരുന്ന ദീൎഘസ്വരം മലയാഴ്മയിൽ ഹ്രസ്വമാകും : ദൃ—ന്തം; 'സീതാ=സീത. കന്യകാ=കന്യക. ദേവീഃ=ദേവി. ഇന്ദ്രാണീഃ=ഇന്ദ്രാണി, സ്വയംഭൂഃ=സ്വയംഭു. പുനർഭൂഃ=പുനർഭു. എന്നാൽ ഏകാക്ഷര നാമങ്ങളിൽ ദീൎഘം ദീൎഘമായിട്ടു തന്നെയിരിക്കും : ദൃ—ന്തം ; 'സ്ത്രീ, ശ്രീ, ഭ്രൂ.'

൧൧൫. പ്രകൃതി ഋ, ൻ. എന്ന അക്ഷരങ്ങളിൽ ആകയും പ്രഥമ ആകാരാന്തമായിരിക്കയും ചെയ്യാൽ ആകാരാന്തത്തോടു വകാരം ചേരുന്നതു കൂടാതെ പ്രകൃതി രൂപവും കൊള്ളും : ദൃ—ന്തം ; 'പിതാ=പിതാവു=പിതൃ : രാജാ=രാജാവു=രാജൻ'.

൧൧൬. പ്രകൃതി ഹലന്തം ആയിരുന്നാൽ ഹല്ലു ഇരട്ടിക്കും: ദൃ—ന്തം; വാക ,വാക്കു, അപ്പു, അച്ചു, സംപതു, സംപത്തു, മനസു, മനസ്സു' എന്നാൽ പ്രഥമയിൽ അൻ, ആൻ, അം,

എന്നായിരുന്നാൽ ആൎയ്യിനു മാററം വരാതെ മലയാഴ്മയിൽ കൊള്ളും: ദൃ—ന്തം; 'ബ്രാഹ്മൻ, വിദ്വാൻ, കുലം.'

തദ്ധിത നാമങ്ങൾ

൧൧൯. തദ്ധിത നാമങ്ങൾ മററുനാമങ്ങളിൽ നിന്നു വരുന്ന ബന്ധനാമങ്ങൾ ആകുന്നു: ദൃ—ന്തം; 'തല—തലവൻ; ധനം-ധാന്യം.'

൧൨൦. ഗുണത്തിൽനിന്നു ഗുണിയും ഉടമയിൽനിന്നു ഉടയതും ഉണ്ടാകുന്നതു, അൻ, ആൻ, കാരൻ, ശാലി, സ്ഥൻ, ആളൻ, ആളി, എന്നും മററും ഉള്ള പ്രത്യയങ്ങളെകൊണ്ടാകുന്നു. (൧) അൻ: ദൃ—ന്തം; 'വയസ്സു വയസ്സൻ മൂപ്പു-മൂപ്പൻ: കുടി_കുടിയൻ; മുടന്തു-മുടന്തൻ' (൨) ആൻ: ദൃ—ന്തം; 'തട്ടു—തട്ടാൻ; തല-തലവാൻ.' (൩) കാരൻ: ദൃ—ന്തം; 'ന്യായം-ന്യായക്കാരൻ, വേല_വേലക്കാരൻ.' (൪) ശാലി: ദൃ—ന്തം, യുദ്ധം-യുദ്ധശാലി, പരാക്രമം-പരാക്രമശാലി.' (൫) സ്ഥൻ: ദൃ—ന്തം; കാൎയ്യം-കാൎയ്യസ്ഥൻ, ഗ്രഹം-ഗ്രഹസ്ഥൻ, നേരു-നേരസ്ഥൻ, മദ്ധ്യം-മദ്ധ്യസ്ഥൻ' (൬) ആളൻ; ദൃ—ന്തം; 'മണം-മണവാളൻ, പുണ്യം-പുണ്യവാളൻ.' (൭) ആളി: ദൃ—ന്തം; തേരു_തേരാളി; പട-പടയാളി: എതിരു-എതിരാളി (൮) മററു ചില പ്രകാരത്തിൽ ഠരം വക നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; 'രക്ഷ-രക്ഷിതാവു ദാനം-ദാതാവു: യുദ്ധം-യോദ്ധാവു'

൧൨൧. മെൽപ്പറഞ്ഞ പ്രത്യയങ്ങളിൽ കാരൻ, ശാലി, സ്ഥൻ, ആളൻ, ആളി, എന്നവ തനിച്ചു അൎത്ഥമുള്ള പദങ്ങൾ ആകയാൽ അവ ചേൎന്നുണ്ടാകുന്ന നാമങ്ങൾ തദ്ധിതങ്ങൾ എന്നല്ല സമാസങ്ങൾ എന്നത്രെ മുറെക്കു ചൊല്ലപ്പെടേണ്ടുന്നു. സംസ്കൃതനാമങ്ങളിൽ വാൻ എന്നയന്തം അനുസാരം നീങ്ങിട്ടുള്ള അകാരാന്തത്തൊടും ഹലന്തത്തൊടും മാൻ എന്നതു മററുള്ള അന്തങ്ങളോടും ചേരുന്നു: ദൃ—ന്തം; 'പുണ്യം=പുണ്യവാൻ, ശക്തി=ശക്തിമാനു.' കാരൻ എന്നതിലെ കകാരം കൂടക്കൂടെ വരുന്ന നാമങ്ങളിൽ ഒക്കയും അച്ചിനു പിൻവു ഇരട്ടിക്കും. ആൎയ്യിന്നു സംസ്കൃതത്തിൽ 'ചെയ്യുന്നവൻ' എന്നു അൎത്ഥമാകുന്നു എങ്കിലും മലയാഴ്മയിൽ എല്ലാത്തരമൊഴികളോടും ആൾ എന്നു മാത്രമുള്ള അൎത്ഥത്തിൽ ചേരുന്നു: ദൃ—ന്തം; കുതിര=കുതിരക്കാരൻ; കടം=കടക്കാരൻ; വീടു=വീട്ടുകാരൻ; ദിക്കു=ദിക്കുകാരൻ; തമിഴ=തമിഴ്ക്കാരൻ; ശ്രദ്ധം=ശ്രദ്ധക്കാരൻ.'

൨൩൧. ഗുണിയിൽനിന്നു ഗുണവും ഉടയൊരിൽനിന്നു ഉടമയും അം, ത, ത്വം, പ്പം മ ആഴ്മ എന്ന അന്തത്തിൽ വരുന്നതിനാൽ ഉണ്ടാകുന്നു (൧) അം: ദൃ—ന്തം; 'കള്ളൻ—കള്ളം: നിലൻ—നീലം: കോപി—കോപം' (൨) ത: ദൃ—ന്തം; ശുദ്ധൻ—ശുദ്ധത: ദുഷ്ടൻ—ദുഷ്ടത: ശത്രു—ശത്രുത: ബന്ധു— ബന്ധുത: കവി—കവിത.' (൩) ത്വം: ദൃ—ന്തം; 'ലോകർ—ലോകത്വം: ഗുരു—ഗുരുത്വം: ത്രി—ത്രിത്വം.' (൪) പ്പം: ദൃ—ന്തം; കടു—കടുപ്പം: ബഹു—ബഹുപ്പം: ചെറു—ചെറുപ്പം' (൫) മ ദൃ—ന്തം, 'നൽ—നന്മ: കടു—കടുമ: അടി—അടിമ: കുളിർ—കുളുമ്മ.' (൬) ആഴ്മ: ദൃ—ന്തം; 'ആൾ—ആളാഴ്മ: താഴ—താഴാഴ്മ: കൊള്ളാം—കൊള്ളാഴ്മ.'

൨൩൨. ഒരം വക പ്രത്യയങ്ങളിൽ ത=ത്വം എന്നവ സംസ്കൃതം ആകുന്നു. പ്പം, മ, ആഴ്മ എന്നവ മലയാഴ്മ ആകുന്നു. അം എന്നതു രണ്ടു ഭാഷയിലെ മൊഴികൾക്കും ചേരുന്നു. ആഴ്മ എന്നതു ആഴ്മ എന്ന ക്രിയ, പദത്തിൽനിന്നു ഉണ്ടാകുന്ന നാമം ആകുന്നു. ആളുൻ ആളി ആഴ്മ എന്നിങ്ങനെ വരും.

൨൩൩. സംസ്കൃതനാമങ്ങളുടെ ആദ്യാക്ഷരത്തിന്റെ പിൻപു ആകാരം ചേരുമ്പോൾ ആ നാമങ്ങളോടു സംബന്ധപ്പെട്ടിരിക്കുന്ന മറ്റുനാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; ശിവൻ—ശൈവൻ: 'ശിവന്റെ പുത്രൻ, ശിവമതക്കാരൻ: രഘു—രാഘവൻ 'രഘുവംശക്കാരൻ, രാമൻ' ബുദ്ധൻ—ബൌദ്ധൻ 'ബുദ്ധമതക്കാരൻ ബന്ധു—ബാന്ധവം' 'ബന്ധുത്വം അശ്വം. ആശ്വം: 'ചെറുകുതിര' ഭൃഗു—ഭാൎഗ്ഗവൻ ഭൃഗുവിന്റെ സന്തതി' വസ്ത്രം—വാസ്ത്രം വസ്ത്രം കൊണ്ടുള്ളതു സുമിത്ര—സൌമിത്രി' 'സുമിത്രയുടെ പുത്രൻ' ഭൃഗു—ഭാൎഗ്ഗവി 'ഭൃഗുവിന്റെ പുത്രി' കൃഷ്ണൻ—കാൎഷ്ണി 'കൃഷ്ണന്റെ സന്തതി.'

൨൩൪. ചില നാമങ്ങളുടെ അന്തത്തിൽ, ന, യ. ത, ക, എന്നയക്ഷരങ്ങൾ കൂട്ടുന്നതിനാൽ മറ്റു ചിലനാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; 'ഭരം—ഭരണം: സുഖം—സുഖ്യം: ദുഃഖം—ദുഃഖിതം: ദ്രവ്യം—ദ്രവ്യകം. എന്നാൽ ന എന്നതു കൂട്ടുന്നതിന്നു സാമാന്യമായിട്ടു ചെയ്കയെന്നും യ എന്നതിന്നു ചെയ്വാനുള്ളതു എന്നും ത എന്നതിന്നു ചെയ്യപ്പെട്ടതു എന്നും, ക എന്നതിന്നു ചെയ്യുന്നതു എന്നും അൎത്ഥമാകും: ദൃ—ന്തം; 'ഗുണം—ഗുണനം—ഗുണ്യം ഗുണിതം, ഗുണകം: അംശം—അംശനം—അംശ്യം, അംശിതം, അംശകം.

൨൩൫. ചിലനാമങ്ങൾക്കു ആദ്യത്തിൽ ആകാരം വരികയും അന്ത്യത്തിൽ യ, ക, എന്നയക്ഷരങ്ങളിൽ ഒന്നു ചേരുകയും രണ്ടും ചെയ്യുന്നതിനാൽ മറ്റു നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; സുഖം—സൌഖ്യം; ധനം—ധാന്യം; അധിപതി—ആധിപത്യം സോമൻ—സൌമ്യം ഏകം—ഐക്യം' വസന്തം വാസന്തികം.

൱൬. മറ്റും അനേകം പ്രകാരത്തിൽ മൂലനാമങ്ങളിൽനിന്നു തദ്ധിതനാമങ്ങൾ ഉണ്ടാകുന്നു: ദൃ—ന്തം; ധൂമം—ധൌമീയം ചന്ദ്രൻ—ചന്ദ്രിക: കൎമ്മം—കൎമ്മിണി: ഗ്രഹിതം [ഗ്രഹിച്ചതു) ഗ്രഹികവ്യം [‘ഗ്രഹിപ്പാനുള്ള’]

സമാസ നാമങ്ങൾ.

൱൭. രണ്ടോ അതിൽ അധികമോ പദങ്ങൾ കൂടി ഉണ്ടാകുന്ന നാമത്തിന്നു സമാസനാമം എന്നു പേരായിരിക്കുന്നു; അതു തല്പുരുഷ സമാസമെന്നും ദ്വന്ദ്വസമാസമെന്നും ഉപസൎഗ്ഗസമാസമെന്നും ഇങ്ങനെ മൂന്നു വകയായിരിക്കുന്നു.

തല്പുരുഷ സമാസം.

൱൮. രണ്ടു നാമങ്ങൾ കൂടി സന്ധി മുറെക്കു ഒന്നിക്കുമ്പോൾ അതു ഒരു തല്പുരുഷ സമാസമായിത്തീരും. കൂടി ഒന്നിക്കുന്ന നാമങ്ങളിൽ ഒടുക്കം നില്ക്കുന്നതിന്നു ആധാരമെന്നും മുൻപിൽ നില്ക്കുന്നതിന്നു ആധേയമെന്നും പേരായിരിക്കുന്നു: ദൃ—ന്തം; ‘കൺ+പോള=കൺപോള; കടുവാ×നാക്കു=കടുവാനാക്കു; ആറു+വെള്ളം=ആറുവെള്ളം; തീ±കനൽ=തീക്കനൽ.’

൱൯. അൎദ്ധാച്ചു ന്നാം ലക്ഷപ്രകാരം ഹലാദിയുടെ മുൻമ്പാകെ ഉകാരമായിട്ടു തിരിയുന്നു: ദൃ—ന്തം: മുടന്തു+കാലൻ=മുടന്തുകാലൻ. പിന്നത്തെപ്പദത്തിന്റെ ആദിയിൽ വരുന്ന ക, ച, ത, പ, എന്നവ മുതലായവ ന്ന്കാമത്തെയും ൧ന്ധാമത്തെയും ലക്ഷങ്ങളിൻ പ്രകാരം അച്ചിന്റെ പിന്നാലെയും ര, ല, ള, ഴ, എന്നവയുടെ പിന്നാലെയും ഇരട്ടിക്കും: ദൃ—ന്തം; ‘കര+പറമ്പു കരപ്പറമ്പു; തീ+കല്ലു=തീക്കല്ലു’ മര+ചെരിപ്പു=മരച്ചെരിപ്പു’ പോർ+കളം=പോൎക്കളം’ തുള്ളൽ+കാരൻ=തുള്ളല്ക്കാരൻ ആൾ+കുരുതി=ആൾക്കുരുതി’ കീഴ±കണക്കു=കീഴ്ക്കണക്കു.’ സംസ്കൃത സ

ന്ധിപ്രകാരം അച്ചിന്റെ പിന്നാലെ ഹല്ലിരട്ടിക്കയില്ല: ദൃ—ന്തം; മനുഷ്യപുത്രൻ രാജ കാൎയ്യം' ആ ഭാഷയിലെ സമാസനാമങ്ങൾ മലയാഴ്മയിൽ അനവധിയായിട്ടു നടപ്പുള്ളതാകകൊണ്ടു പല പദങ്ങളിലും മലയാഴ്മമുറെക്കു ഹല്ലിരട്ടിക്കയൊ സംസ്കൃതരീതിപ്രകാരം ഒററയായിട്ടു വെക്കേക്കയൊ ഏതുവെണ്ടു എന്നു സംശയ്യിന്നതിന്നിടയുണ്ടു. എന്നാൽ സമാസത്തിലെ മൂലപദങ്ങൾ എല്ലാം സംസ്കൃതമായിരുന്നാൽ ആ ഭാഷയുടെ സന്ധിപ്രകാരം ഹല്ലിരട്ടിക്കാതെയിരിക്കയാകുന്നു അധികം നടപ്പു എങ്കിലും സംസാരത്തിൽ അധികം വരുന്ന ചില വാക്കുകളിൽ മലയാഴ്മരീതി പ്രകാരം ഇരട്ടിക്കുന്നുണ്ടു: ദൃ—ന്തം; 'കാൎയ്യക്കാരൻ: ഭിക്ഷക്കാരൻ.' സൂക്ഷ്മം വിചാരിക്കുമ്പോൾ ഇരട്ടിക്കാത്തവ ശുദ്ധ സംസ്കൃത സമാസങ്ങളും ഇരട്ടിക്കുന്നവ സംസ്കൃത മൂല പദങ്ങളെക്കൊണ്ടുണ്ടാകുന്ന മലയാഴ്മ സമാസങ്ങളും ആകുന്നു. സമാസത്തിലെ മൂലനാമങ്ങളിൽ ഏതെങ്കിലും ഒന്നു ശുദ്ധ മലയാഴ്മ ആയിരുന്നാൽ ഹല്ലിരട്ടിക്കണം: ദൃ—ന്തം; തുമ്പാക്കെ: കള്ളിപ്പശു: തുള്ളൽക്കാരൻ.

൨൩൦. മൂലനാമങ്ങളിൽ മുൻപിലത്തെ നാമത്തിന്റെ അന്ത്യത്തിൽ വരുന്ന ൻ, ം, എന്നവ സമാസത്തിൽ മാഞ്ഞുപോകും: ദൃ—ന്തം; 'മനുഷ്യൻ—മനുഷ്യപുത്രൻ; കാൎയ്യം—കാൎയ്യലാഭം.' എന്നാൽ ദിക്കുകൾക്കു അൎത്ഥമാകുന്ന നാമങ്ങളിൽ അന്തം നീങ്ങീട്ടു ചിലപ്പോൾ അത്ത എന്നു മാറുകയും ഉണ്ടു: ദൃ—ന്തം; 'പട്ടണം-പട്ടണക്കാരൻ-പട്ടണത്തുകാരൻ; കോട്ടയം-കോട്ടയത്തുകാരൻ; താഴ—താഴത്തുകാരൻ' ചില മലയാം പദങ്ങളിൽ അകാരത്തിന്റെ പിന്നാലെ മകാരം വരും; ദൃ—ന്തം; മല—മലമ്പറമ്പു, മത്ത—മത്തെങ്ങാ=മത്തെങ്കാ' ആധാരം. 'കരണം, ഭവനം.' എന്നവയിൽ ഒന്നായിരുന്നാൽ ആധേയത്തിന്റെ അന്തം ീ എന്നാകും: ദൃ—ന്തം; നീതികരണം: ശുദ്ധീകരണം അംഗീകരിക്ക; ഏകീഭവിക്ക.

൨൩൧. മൊഴിയുടെ അന്തത്തിൽ വരുന്ന പൂൎണ്ണാക്ഷര മകാരത്തിലടങ്ങിയിരിക്കുന്ന അകാരം പല സമാസങ്ങളിലും മാഞ്ഞുപോകും; ദൃ—ന്തം കൊട്ടമ—കൊട്ടംകാററു: പഴമ—പഴംപാ: കുറുമ—കുറുംകാട്ടു; പെരുമ—പെരുമ്പരമ്പു; ചില പദങ്ങളിൽ മകാരവും പൊയ്പോകും. എന്നാൽ അതിന്നു പകരം പിന്നാലെ വരുന്ന ഖരം ഇരട്ടിക്കും; ദൃ—ന്തം; 'പുതുമ—പുതുപ്പുസ്തകം; പുതുപ്പറമ്പു—പഴനെല്ലു.'

൨൩൨. മുൻപിലത്തെ മൊഴിയുടെ അന്തത്തിൽ അൎദ്ധാച്ചോടു കൂടിവരുന്ന ട, റ, എന്നവ സമാസത്തിൽ ട്ട ററ എന്നവയായിട്ടു മുറെക്കു തിരിയും: ദൃ—ന്തം; 'വീടു-വീട്ടുകാരൻ: ആറു-ആററുവെള്ളം.'

൨൩൩. അ ഇ എന്നവയിൽ അവസാനിക്കുന്ന നാമങ്ങൾ സംസ്കൃതത്തിലെ ആ ഈ എന്നവയിൽനിന്നു വന്നവയായിരു

ന്നാൽ സമാസത്തിൽ ആദി ഭാഷയിലെ അന്തംവരും: ദൃ—ന്തം; ക്രിയ-ക്രിയാപദം: ദേവത-ദേവതാഭക്തി: ദേവകി-ദേവകീനന്ദനൻ: ചിലപ്പോൾ മലയാഴ്മരീതിപ്രകാരം അച്ച നീട്ടാതെയും വരും: ദൃ—ന്തം; 'പ്രാൎത്ഥനപ്പുസ്തകം.'

൨൫൫. ആധേയത്തിന്റെ അന്തത്തിലെ സകാരം വിസൎഗ്ഗമായിട്ടും രകാരമായിട്ടും ഉകാരമായിട്ടും ചില പദങ്ങളിൽ മാറും: ദൃ—ന്തം; 'ആയുസ്സ—ആയുൎബ്ബലം: മനസ്സ-മനഃപീഡ രജസ്സ-രജൊഗുണം.'

൨൫൬. യാതൊരുനാമത്തിന്റെയും പിൻപു ഇല്ലായ്മ, കേട, ഹാനി, ഹീനം, ഭംഗം, എന്നവ ചേൎന്നാൽ പ്രതിഭാവാൎത്ഥം വരും: ഇവയിൽ 'ഹാനി ഹീനം ഭംഗം' എന്നവ സംസ്കൃതനാമങ്ങളാകകൊണ്ടു സംസ്കൃതപദങ്ങളോടെ യോജിക്കും. മററവ രണ്ടും ഭാഷയിലെ മൊഴികളോടും ചേരും. 'കെട്ട, ഹീനം, ഭംഗം, എന്നവ സൽഗുണങ്ങളുടെ ഇല്ലായ്മയെ സംബന്ധിച്ചെ പറയു. 'ഇല്ലായ്മ, ഹാനി' എന്നവ എല്ലാത്തരഗുണങ്ങളെസ്സംബന്ധിച്ചും വരും: ദൃ—ന്തം; സ്നേഹമില്ലായ്മ: ഭാരമില്ലായ്മ: മാനഹാനി: പ്രാണഹാനി: മൎയ്യാദകേട: സ്നേഹഭംഗം: ഭക്തിഹീനം.' എന്നാൽ 'കെട്ട' എന്നതിലെ കകാരം മകാരം നീങ്ങീട്ടു ശേഷിക്കുന്ന പ്രകാരത്തിന്റെ പിന്നാലെയിരട്ടിക്കും. അല്ലാത്തപ്പോൾ ഒക്കയും ഒററയായിട്ടു തന്നെയിരിക്കും: ദൃ—ന്തം' 'ക്രമം-ക്രമക്കേട: കൃപ-കൃപക്കേട: നന്ദി-നന്ദികേട; ഈ മൊഴി ചില നാമങ്ങളുടെ പിൻപു അനാവശ്യം ആയിട്ടു വെച്ചു 'അപമാനക്കേട, അഭംഗികേട; എന്നിങ്ങനെ പറഞ്ഞുവരുന്നതു തെററാകുന്നു.

൨൫൭. ഈ വക സമാസങ്ങളിൽ ആധാരവും ആധായവും തമ്മിൽ ഉള്ള സംബന്ധം പല തരമായിരിക്കുന്നു: ദൃ—ന്തം; 'അനന്തപത്മനാഭൻ, [അനന്തനായ പത്മനാഭൻ;] ദൈവ വിശ്വാസി, [ദൈവത്തെ വിശ്വസിക്കുന്നവൻ;] ശീഘ്രഗമനം, [ശീഘ്രത്തോടു കൂടിയ ഗമനം;] പൂജാപാത്രങ്ങൾ, [പൂജയ്ക്കുള്ള പാത്രങ്ങൾ]; മരപ്പുര, [മരത്താൽ ഉള്ള പുര]; രാജപുത്രൻ, [രാജാവിന്റെ പുത്രൻ]; ആററുവെള്ളം [ആററിലെ വെള്ളം]; നരസിംഹം [മനുഷ്യ

ന്നെ പോലെ ഉള്ള സിംഹം]; രാജ്യവൎത്തമാനം [രാജ്യത്തെക്കുറിച്ചുള്ള വൎത്തമാനം].

൨൪൭. ഈ വക സമാസനാമങ്ങൾ രണ്ടു പദങ്ങൾ കൂടി ഉണ്ടാകുന്നവ ആകുന്നു, എങ്കിലും അവയെ ഒററമൊഴികളായിട്ടത്രെ കരുതേണ്ടുന്നതു ആകയാൽ അവയെക്കുറിച്ചു പറയുന്ന നാമങ്ങളും മററും മുൻപിൽ നില്ക്കുന്ന നാമത്തോടു നിലകൊണ്ടു ചേൎന്നിരുന്നാലും അൎത്ഥത്തിൽ ആധാരമായിരിക്കുന്ന പിന്നത്തെ നാമത്തോടെ യോജിക്കു: ദൃ—ന്തം; 'നല്ല രാജപുത്രൻ,' എന്നതിന്നു; 'നല്ല രാജാവിന്റെ പുത്രൻ' എന്നല്ല, രാജാവിന്റെ നല്ല പുത്രൻ.' എന്നത്രെ അൎത്ഥം. 'ഒരു മരപ്പുരയെന്നു പറഞ്ഞാൽ മരം ഒന്നു എന്നല്ല പുര ഒന്നെന്നു സാരം. 'ഇടിയാൽ ഉണ്ടായ രാജമരണം' എന്നതിനു രാജാവു ഇടിയാൽ ഉണ്ടായി എന്നല്ല മരണം ഇടിയാൽ ഉണ്ടായി എന്നു തന്നെ പൊരുൾ.'

൨൪൮. സമാസത്തിൽ രണ്ടിൽ അധികം മൂലനാമങ്ങൾ ഉണ്ടായിരുന്നാൽ ആധേയത്തിന്റെ ചേൎച്ച ഇന്നതിനോടെന്നു തിട്ടം ഇല്ലാത്തതുകൊണ്ടു ഔചിത്യം നോക്കി അറിഞ്ഞുകൊള്ളണം: ദൃ—ന്തം; 'സൽഗുണ രാജപുത്രൻ' എന്ന മൊഴിയിൽ സൽഗുണം രാജാവിനുള്ളതൊ പുത്രന്റെയൊ എന്നു വിവരം ഇല്ല. 'സൽഗുണം' എന്നതും 'രാജപുത്രൻ' എന്നതും തമ്മിൽ ചേൎന്നു ആ മൊഴി ഉണ്ടായി എന്നു വിചാരിക്കുമ്പോൾ സൽഗുണം പുത്രനോടു ചേരും. സൽഗുണം രാജാവിനോടു ചേരുന്നതു 'സൽഗുണരാജാവു' എന്നതും 'പുത്രൻ' എന്നതും തമ്മിൽ ചേൎന്നു ആ മൊഴി ഉണ്ടായി എന്നു നിരൂപിക്കുംപോളാകുന്നു.

ദ്വന്ദ്വസമാസങ്ങൾ.

൨൪൯. തമ്മിൽ സംബന്ധമില്ലാത്ത രണ്ടോ

അതിൽ അധികമോ നാമങ്ങൾക്കു വചനത്തോടു സമാനസംബന്ധം വരുമ്പോൾ ആ വക നാമങ്ങളെ ഉം എന്ന അവ്യയംകൊണ്ടു ചേൎക്കുന്നതിന്നു പകരം അവയെ ഒന്നിച്ചു ഒരു സമാസനാമം ആക്കുവാറുണ്ടു. ൟ വക സമാസങ്ങൾ സലിംഗമായിരുന്നാൽ ബഹു സംഖ്യയിലും നില്ലിംഗമായിരുന്നാൽ രണ്ടു സംഖ്യയിലും ആധേയയവസ്ഥയിൽ ആയിരുന്നാൽ ഏകസംഖ്യയിലും ആയിരിക്കും: ദൃ—ന്തം; 'രാമലക്ഷ്മണന്മാർ [രാമനും ലക്ഷ്മണനും]: രാവണകുംഭകൎണ്ണ വിഭീഷണന്മാർ [രാവണനും കുംഭകൎണ്ണനും വിഭീഷണനും]; 'വേദശാസ്ത്രങ്ങളിൽ' [വേദത്തിലും ശാസ്ത്രത്തിലും]; 'ശിക്ഷാരക്ഷ' [ശിക്ഷയും രക്ഷയും]; 'കൈകാലു' [കയ്യും കാലും]; 'ആടുമാടുകൾ' [ആടുകളും മാടുകളും]: 'ഹരിഹര പുത്രൻ' [ഹരിയുടെയും ഹരന്റെയും പുത്രൻ]: 'കാലുമേലുകഴപ്പു' [കാലേലും മേൽത്തും ഉള്ള കഴപ്പു]

൨൫൦. സംസ്കൃതത്തിലെ ദ്വന്ദ്വസമാസങ്ങളിൽ ഋകാരാന്തനാമങ്ങൾ ഐകാരാന്തത്തിന്നും ഉകാരാന്തത്തിന്നും പിന്പു വരും: ദൃ—ന്തം; 'പാണിപാദം; ഗുരു ശിഷ്യന്മാർ.' അങ്ങനെ തന്നെ സമാസനാമത്തിന്റെ ലിംഗം മൂലനാമങ്ങളിൽ അന്ത്യത്തിൽവരുന്നതിന്റെ ലിംഗത്തിൻ പ്രകാരമാകയാൽ ശ്രേഷ്ഠലിംഗനാമം അന്ത്യത്തിൽ ഇരിക്കേണം: ദൃ—ന്തം; 'മാതാപിതാക്കന്മാർ; ഭാൎയ്യഭൎത്താക്കന്മാർ.'

ഉപസൎഗ്ഗസമാസങ്ങൾ.

൨൫൧. ചില ശബ്ദങ്ങൾ തനിച്ചൎത്ഥം ഇല്ലാതെയും മററു പദങ്ങളോടു കൂടി മാത്രവും വരുന്നുണ്ടു. അവറ്റിന്നു ഉപസൎഗ്ഗങ്ങൾ എന്നു ചൊല്ലു

പ്പെടുന്നു. അവ കൂടി വരുന്ന പദങ്ങൾക്കു ഉപസൎഗ്ഗസമാസം എന്നു പേരായിരിക്കുന്നു: ദൃ—ന്തം; 'നീതി-അനീതി; ഗുണം-ദുൎഗ്ഗുണം.'

൧൭൨. ഉപസൎഗ്ഗങ്ങളുടെ വിവരവും പൊരുളും അവ കൂടിവരുന്ന മൊഴികളുടെ ദൃഷ്ടാന്തങ്ങളും ഒരം താഴെകാണിക്കുന്നു.

അ, ഇല്ലായ്മ: ദൃ—ന്തം, 'നിത്യം-അനിത്യം; വിശ്വാസം-അവിശ്വാസം; സാദ്ധ്യം-അസാദ്ധ്യം.' ഒരം ഉപസൎഗ്ഗം അച്ചിന്നു മുൻമ്പ അൻ എന്നാകും: ദൃ—ന്തം, അന്തം-അനന്തം, ആദി—അനാദി, ഇഷ്ടം-അനിഷ്ടം.

അതി, അധികം-അപ്പുറം: ദൃ—ന്തം; 'മാനുഷൻ, അതിമാനുഷൻ; വേദന, അതിവേദന.'

അധി, മേൽസ്ഥാനം: ദൃ—ന്തം; അധിപതി; അധികാരം അതിഗമനം; അധിക്ഷേപം, അധിരഥൻ.'

അനു, കൂട്ടു, പിൻപു അനുകാരം: ദൃ—ന്തം; അനുയാത്ര, അനുജൻ; അനുരാഗം; അനുതാപം.'

അപ, കീൾസ്ഥാനം, രഹസ്യം, മറവു, വിരോധം: ദൃ—ന്തം; 'അപകാരം; അപരാധം; അപവാദം.'

അവ, പിരിവു, വിരോധം കുറവു: ദൃ—ന്തം, 'അവലക്ഷണം; അവകീൎത്തി; അവശബ്ദം, അവമാനം.'

അഭി, എതിൎസ്ഥാനം, മുൻമ്പാകെ: ദൃ—ന്തം, അഭിലാഷം; അഭിമുഖം, അഭിമാനം; അഭിരുചി; അഭിമോദം.'

ആ, ചേരുക, അധികത്വം, എതിൎഭാവം: ദൃ—ന്തം; ആകൎഷണം; ആശ്ലേഷം, ആഗമനം.

കു, ചീത്ത, ദൃ—ന്തം, കുയുക്തി, കുചോദ്യം.

നിർ, പുറം, ഇല്ലായ്മ, ഒഴിവു: ദൃ—ന്തം; നിൎഭാഗ്യം; നിരാധാരം, നിൎമ്മലം; നിൎവികാരം; നിരാശ്രയം; നിശ്ചയം.'

ദുർ, ദൂരം, ചീത്ത: ദൃ—ന്തം; 'ദുൎഗ്ഗതി, ദുശ്ശീലം ദുസ്സാദ്ധ്യം; ദുഷ്കീൎത്തി.'

നി, ഉള്ള, തികവു: ദൃ—ന്തം; 'നിഗമം; നിരൂഢ.'

പര, മററു: ദൃ—ന്തം, 'പരപീഡ; പരോപദ്രവം; പരാക്രമം; പരസ്ത്രീ.'

പരി, ചുററും, തികവു ദൃ—ന്തം; 'പരിഭമം, പരിപൂൎണ്ണം; പരിക്രമം.'

പ്രതി, പകരം, വിരോധം: ദൃ—ന്തം; 'പ്രതിധ്വനി; പ്രതിവാദി; പ്രതിശാന്തി; പ്രതിബിംബം.'

പ്ര, മുൻമ്പോട്ടു, മുൻമ്പുകൂട്ടി: ദൃ—ന്തം; 'പ്രകാരം; പ്രഭാവം, പ്രവാചകം.'

വി, പിരിവു, കേടു, വിശേഷം: ദൃ—ന്തം; 'വിരൂപം; വികൃതി; വിശ്രമം; വികാരം, വിജ്ഞാനം;' ഈ ഉപസൎഗ്ഗത്തിന്നു ചില പദങ്ങളിൽ വിശേഷാൽ അൎത്ഥമില്ല: ദൃ—ന്തം, 'നാശം വിനാശം; ശുദ്ധം; വിശുദ്ധം

സം, കൂടെ, തികവു: ദൃ—ന്തം; 'സംയോഗം; സംഭാഷണം സംസ്കൃതം; സംപ്രീതി; സംരക്ഷണം.'

സു, നല്ല: ദൃ—ന്തം, 'സുകൃതം; സുബുദ്ധി; സുവിശേഷം; സുമുഖൻ.'

സൽ, നല്ല: ദൃ—ന്തം, സൽബുദ്ധി; സല്കൎമ്മം; സദാത്മാവു

സ, അടുപ്പം: ദൃ—ന്തം, സാധൎമ്മ്യം, സകുലം; സോദരൻ; സഫലം.' [ഫലത്തോടു കൂടിയതു].

സ്വ, സ്വന്തം: ദൃ—ന്തം; സ്വഭാവം; സ്വരൂപം; സ്വശക്തി; സ്വാഭാവികം.'

തൽ, അതു, അതിന്റെ: ദൃ—ന്തം, 'തല്കാലം; തൽസമയം തല്പരൻ; താല്പൎയ്യം'

യഥാ, അതാതിന്നൊത്ത: ദൃ—ന്തം; 'യഥാക്രമം; യഥാഭാവം; യഥാൎത്ഥം.'

ആറാം സൎഗ്ഗം സൎവ്വനാമങ്ങൾ.

൨൫൩. എല്ലാവസ്തുക്കളും ഒരു പോലെ ചില പട്ടതിയിൽ വരുന്നതാകകൊണ്ടു ആ പട്ടതികളെക്കാണിക്കുന്നതിന്നു എല്ലാത്തര നാമങ്ങളോടും ചേരുന്ന ചില നാമങ്ങൾ ഉണ്ടു. അവെക്കു സൎവ്വനാമങ്ങൾ എന്നു പേർ: ദൃ—ന്തം; 'ഞാൻ, നീ, അവൻ, താൻ, ആർ, എന്തു, എല്ലാം, മൂന്നു.' 'പുരുഷാൎത്ഥങ്ങൾ' എന്നും 'നിശ്ചയകരങ്ങൾ' എന്നും 'പ്രശ്നകങ്ങൾ' എന്നും 'സൎവ്വാൎത്ഥങ്ങൾ' എന്നും സാംഖ്യങ്ങൾ' എന്നും ഇങ്ങനെ സൎവ്വനാമങ്ങൾ അഞ്ചുതരമായിരിക്കുന്നു.

൨൫൪. 'ആത്മസ്ഥാനമെന്നും, അഭിസ്ഥാനമെന്നും പരസ്ഥാനമെന്നും' ഇങ്ങനെനാമങ്ങൾക്കും

മൂന്നു സ്ഥാനമുണ്ടു. അവ 'ഉത്തമ പുരുഷൻ' എന്നും 'മദ്ധ്യമപുരുഷൻ' എന്നും 'പ്രഥമ പുരുഷൻ' എന്നും സംസ്കൃതത്തിൽ പേർപെട്ടിരിക്കുന്നു. 'ഞാൻ, ഞങ്ങൾ. നാം, നമ്മൾ,' എന്നവ ആത്മസ്ഥാന നാമങ്ങളും 'നീ, നിങ്ങൾ,' എന്നവ അഭിസ്ഥാന നാമങ്ങളും ആകുന്നു. ശേഷം നാമങ്ങൾ അവ ഏക നാമങ്ങൾ ആകട്ടെ, വൎഗ്ഗനാമങ്ങളാകട്ടെ, സൎവ്വനാമങ്ങൾ ആകട്ടെ, എല്ലാം പരസ്ഥാന നാമങ്ങൾ ആകുന്നു.

പുരുഷാൎത്ഥ സൎവ്വ നാമങ്ങൾ.

൨൫൫. 'ഞാൻ, നീ, അവൻ, താൻ, എന്നവ ലിംഗ ഭേദത്തിനായിട്ടും സംഖ്യഭേദത്തിനായിട്ടും വിഭക്തി വ്യത്യാസത്തിന്നായിട്ടും അവെക്കു ഉണ്ടാകുന്ന രൂപഭേദങ്ങളോടു കൂടെ പുരുഷാൎത്ഥ സൎവ്വനാമങ്ങൾ എന്നു ചൊല്ലപ്പെടുന്നു.

൨൫൬. 'ഞാൻ' എന്നതു ആത്മസ്ഥാന നാമം ആകുന്നു. അതു പറച്ചിലിന്റെ കാൎയ്യം പറച്ചിൽക്കാരൻ തന്നെ ആയിട്ടു പറയുന്നവൻ തന്നെക്കുറിച്ചു തന്നെ പറയുമ്പോൾ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം, 'ഞാൻ ഭക്ഷിക്കുന്നു' എന്ന വാക്യത്തിൽ ഭക്ഷിക്കുന്നവനും ഭക്ഷിക്കുന്നു എന്നു പറയുന്നവനും ഒരാളു തന്നെ ആകുന്നു എന്ന അൎത്ഥം ഇരിക്കുന്നു. ഞാൻ തമിഴു യാൻ എന്നതിന്റെ വിരൂപം എൻ എന്നാകുന്നു: ദൃ—ന്തം; 'എന്നെ, എന്നോടു, ഇനിക്കു, എന്നാൽ, എന്നിൽ, എന്നേ.' ചതുൎത്ഥിക്കു ഇനിക്കു, എനിക്കു, എനക്കു' എന്നിങ്ങനെ മൂന്നു രൂപങ്ങൾ ഉള്ളതിൽ മുൻപിലത്തേതാകുന്നു അധികം നടപ്പുള്ളതു സംബോധന ആശ്ചൎയ്യം കുറുന്നതിന്റെയും ദുഃഖപ്പാടിന്റെയും മറ്റും അടയാളമായിട്ടു മാത്രമെ പ്രയോഗിക്കപ്പെടുന്നുള്ളു: ദൃ—ന്തം; എന്നേ പെണ്ണുങ്ങളല്ലോ. ചെന്നേ [ചി എന്നേ] വിക്രമം.

൨൫൭. ഞങ്ങൾ, എങ്ങൾ, നാം നമ്മൾ, എന്നവ ഞാൻ എന്നതിന്റെ ബഹുസംഖ്യ രൂപങ്ങൾ ആകുന്നു. അവയിൽ മുൻപിലത്തവ രണ്ടും പറച്ചിലിന്റെ കാൎയ്യം പലരായിരി

കയും പറയുന്നവൻ കൂടെ അവരിൽ ഉൾപ്പെട്ടിരിക്കയും കേൾക്കുന്നവർ ഉൾപ്പെടാതിരിക്കയും ചെയ്യുംപോൾ പ്രയോഗിക്കപ്പെടുന്നു ദൃ—ന്തം, 'ഞങ്ങൾ ഭക്ഷിക്കുന്നു; എന്ന വാക്യത്തിൽ പറച്ചിൽകാരനും അവനോടു കൂടെ ചിലരും ഭക്ഷിക്കുന്നു എന്നും കേഴ്‌വികാർ അതിൽ കൂടിട്ടില്ലയെന്നും അർത്ഥം ഇരിക്കുന്നു. നാം നമ്മൾ, എന്നവയിൽ പറച്ചിലിന്റെ കാൎയ്യം പറച്ചിൽകാരനും കേഴ്‌വികാരനും കൂടെ ആകുന്നു എന്നു 'പൊരിളിരിക്കുന്നു, ദൃ—ന്തം; 'നമുക്കു ഭക്ഷിക്കാം' എന്നു പറഞ്ഞാൽ ഭക്ഷിപ്പാനുള്ളവർ പറയുന്ന ഞാനും കേൾക്കുന്ന നീ എങ്കിലും നിങ്ങൾ എങ്കിലും കൂടെ എന്ന അർത്ഥമാകും. നാം എന്നതു വിരൂപത്തിൽ നാം എന്നാകും: ദൃ—ന്തം; നമ്മെ, നമുക്കു, മററവ മൂന്നും ക്രമപ്രകാരം രൂപാന്തരപ്പെടുന്നു. എങ്ങൾ എന്നതു കീഴ്ജാതികാരു പറയുന്ന വാക്കാകുന്നു. നമ്മൾ എന്നതു നാം എന്നതിന്റെ ബഹുസംഖ്യ രൂപം പോലെ ഇരിക്കുന്നു.

൧൭൮. നീ എന്നതു അഭിസ്ഥാന നാമം ആകുന്നു അതു പറച്ചിലിന്റെ കാൎയ്യം കേഴ്‌വികാരനായിരിക്കുമ്പോൾ പ്രയോഗിക്കപ്പെടുന്നു. 'നീ ഭക്ഷിക്കുന്നു' എന്നു പറയുന്നതു ഭക്ഷിക്കുന്നവനും ഭക്ഷിക്കുന്നു എന്ന വാക്കിന്റെ കേഴ്‌വികാരനും ഒരാൾ തന്നെ ആയിരിക്കുംപോൾ ആകുന്നു. നീ എന്നതു വിരൂപത്തിൽ നിൻ എന്നാകും: ദൃ—ന്തം, 'നിന്നെ, നിന്നോടു നിനക്കു.'

൧൭൯. നിങ്ങൾ എന്നതു നീ എന്നതിന്റെ ബഹുസംഖ്യ രൂപമാകുന്നു. അതു പറച്ചിലിന്റെ കാൎയ്യം പലരായിരിക്കയും അവരു തന്നെ കേഴ്‌വികാരായിരിക്കയും ചെയ്യുംപോൾ പ്രയോഗിക്കപ്പെടുന്നു.

൧൮൦. ആത്മസ്ഥാനാഭിസ്ഥാന നാമങ്ങൾക്കു ലിംഗഭേദം കാണിക്കുന്നതിനുള്ള രൂപഭേദങ്ങൾ ഇല്ലാത്തതു തല്ക്കാലസംഗതികളെക്കൊണ്ടു ആ വ്യത്യാസം സ്പഷ്ടമായി തെളിയുന്നതിന്നിടയുള്ളതാകയാൽ പറഞ്ഞു വിവരപ്പെടുത്തിട്ടു ആവശ്യമില്ലാത്തതു കാരണത്താൽ ആകുന്നു.

൧൮൧. അവൻ എന്നതു പുരുഷാർത്ഥ സൎവ്വനാമങ്ങളിൽ പരസ്ഥാന നാമം ആകുന്നു. അതു പറച്ചിലിന്റെ കാൎയ്യം പറച്ചിൽകാരനും കേഴ്‌വികാരനും അല്ലാതെ വെറുവിട്ടു പൊരുളായിരിക്കുംപോൾ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'അവൻ ഭക്ഷിക്കുന്നു എന്ന വാക്യത്തിൽ ഭക്ഷിക്കുന്നതു പറയുന്ന ഞാനും കേൾക്കുന്ന നീയും അല്ലാതെ മററൊരുത്തൻ എന്നു അർത്ഥം ഇരിക്കുന്നു. പരസ്ഥാന പൊരുൾകൾ അനവധിയാകുന്നു. ആകയാൽ അവയിൽ വല്ലതിനെയുംകുറിച്ചു ഒന്നാവതു പറയുമ്പോൾ അവെക്കുള്ള ഏകനാമം എങ്കിലുംവൎഗ്ഗനാമം എങ്കിലും എടുത്തു പറയണം. ഒരിക്കൽപ്പറഞ്ഞിട്ടു പിന്നീടു ആവർത്തിച്ചുപറയുന്നതിൽ ൦ര൦ സൎവ്വനാ

ഠം കൊള്ളിക്കപ്പെടുന്നു: ദൃ—ന്തം; 'ഞാൻ വറുഗീസിനെ വിളിച്ചു അവനോടു ഒരു കാൎയ്യം ചോദിച്ചു.'

൨൩൨. **അവൻ** എന്നതിന്റെ ലിംഗഭേദങ്ങൾ **അവൾ** **അതു** എന്നും അവയുടെ സംഖ്യഭേദങ്ങൾ അവർ, അവ, എന്നും ആകുന്നു. ഇവക്കു ഒക്കയും വിഭക്തി രൂപങ്ങൾ ക്രമപ്രകാരമാകുന്നു വരുന്നതു. **അവർ** എന്നതു ദ്വിലിംഗം ആകുന്നു. അവർകൾ ബഹുമാനകരമായിട്ടു മറ്റുനാമങ്ങളോടു ചേൎന്നുവരും: ദൃ—ന്തം; 'ദിവാൻജിസ്വാമി അവർകൾ'

൨൩൩. **താൻ** എന്നതു ഒരു വാക്യത്തിലെ കൎത്താവായിരിക്കുന്ന പൊരുൾ ആ വാക്യത്തിൽ തന്നെ മറ്റുസംബന്ധത്തിൽ വരുമ്പോൾ പ്രയോഗിക്കപ്പെടുന്നു, **താൻ** എന്നതു വിരൂപ വിഭക്തികൾ ചേരുന്നവകെക്കു **തൻ** എന്നാകും: ദൃ—ന്തം; 'തന്നെ, തന്നോടു, തനിക്കു' ബഹുസംഖ്യ **തങ്ങൾ** എന്നാകുന്നു. ലിംഗഭേദത്തിന്നു വേണ്ടി മാററം വരുന്നില്ല, അവ പുല്ലിംഗാൎത്ഥത്തോടു പ്രത്യേകം സംബന്ധിക്കുന്നു. എങ്കിലും സ്ത്രീലിംഗാൎത്ഥത്തോടും നിൎല്ലിംഗാൎത്ഥത്തോടും ചേൎത്തുപറയുന്നതു തെററല്ല: ദൃ—ന്തം; 'രാജാവു തന്റെ ഭൃത്യന്മാരോടു താല്പൎയ്യം ഉള്ളവനാകുന്നു. (ഇതിൽ 'തന്റെ' എന്നതിനു മേൽപ്പറഞ്ഞ രാജാവിന്റെ എന്നൎത്ഥം വരുന്നു. അതിനു പകരം രാജാവിന്റെ എന്നൊ അവന്റെ എന്നൊ പറഞ്ഞാൽ മറെറാരുത്തന്റെ എന്നും അൎത്ഥം വരുന്നതിന്നിടയുണ്ടു.); 'അവൾക്കു തന്റെ ഭൎത്താവിനോടു സ്നേഹമുണ്ടു.' 'ഒരു രാജ്യം തനിക്കു വിരോധമായിപ്പിരിഞ്ഞാൽ അതു വീണുപോകും.' 'തങ്ങൾക്കു തന്നെ വിരോധികളായ മനുഷ്യർ.' 'തങ്ങളുടെ ശക്തി അറിയാത്ത മൃഗങ്ങൾ.'

൨൩൪. **അവൻ, താൻ,** എന്നവ ആവൎത്തിച്ചു പറയപ്പെടുന്നതിനാലെ നാമാൎത്ഥങ്ങൾ വെവ്വേറായി പിരിക്കപ്പെടുന്നു: ദൃ—ന്തം; 'ജനങ്ങൾ ഒക്കയും അവരവരുടെ കാൎയ്യത്തിന്നു പോയി' (ഒരുത്തൻ ഒരു കാൎയ്യത്തിന്നും മറെറാരുത്തൻ മറെറാരുകാൎയ്യത്തിന്നും ആയിട്ടുപോയി എന്നൎത്ഥം); 'വേലക്കാർ അവനവന്റെ കാൎയ്യത്തിന്നു പൊയ്ക്കൊള്ളട്ടെ'; 'നിങ്ങളിൽ ഒരോരുത്തൻ താൻതാന്റെ പ്രാപ്തിപ്രകാരം കൊടുക്കേണം'; എല്ലാവനും തന്റെ തന്റെ മനസ്സുപോലെ നടക്കുന്നു'; 'മനുഷ്യർ താന്താങ്ങളുടെ അവസ്ഥ പോലിരിക്കണം

നിശ്ചയകര സൎവ്വനാമങ്ങൾ.

൨൩൫. നിശ്ചയകര സൎവ്വനാമങ്ങൾ പറച്ചിലിന്റെ കാൎയ്യം ഇന്നതെന്നു ചൂണ്ടികാണിക്കു

ന്നവയാകുന്നു. ആയ്തു അവൻ, ഇവൻ, മ റെറവൻ, ഇന്നവൻ, എന്നവയും അവയു ടെ രൂപഭേദങ്ങളും ആകുന്നു.

൧൬൬. ഈ വക നാമങ്ങൾക്കു ലിംഗഭേദത്തിനായിട്ടും സം ഖ്യഭേദത്തിനായിട്ടും വിഭക്തിവ്യത്യാസത്തിനായിട്ടും പലഭേദങ്ങ ൾ ഉണ്ടാകുന്നതു ക്രമപ്രകാരം ആകുന്നു: ദൃ—ന്തം; 'അവൻ, അവൾ, അതു; അവർ അവ ഇവൻ, ഇവൾ; ഇതു , ഇവർ' ഇ വ: ഇവനെ' ഇവൾക്കു; ഇതിന്റെ' ഇവയാൽ, മററവരിൽ' ഇ ന്നതിനോടു.' ഇവയിൽ അവൻ എന്നതു ദൂരയിരിക്കുന്ന പൊ രുളിനെയും ഇവൻ എന്നതു അടുക്കൽ ഇരിക്കുന്നതിനെയും മ റെറവൻ എന്നതു വേറിട്ടു ഉള്ളതിനെയും പററിപ്പറയപ്പെടു ന്നു: ദൃ—ന്തം; 'ഞാൻ അവനെ ഇവന്റെ അടുക്കൽകൊണ്ടു വന്ന മററവന്റെ സംഗതിയെക്കുറിച്ചു പറഞ്ഞു.' വാക്യത്തിൽ മുൻപിലിരിക്കുന്ന പൊരുളിനെ സംബന്ധിച്ചു അവൻ എന്നതും പിന്നെപ്പറയുന്നതിനെപ്പററി ഇവൻ എന്നതും പ്രയോഗിക്കപ്പെ ടുകയുണ്ടു: ദൃ—ന്തം; 'രാമനും ലക്ഷ്മണനും കൂടെ വനാന്തര ത്തിൽ സഞ്ചരിച്ചു; ഇവൻ' അവന്റെ അനുജനായിരുന്നു.'

൧൬൭. അവൻ, ഇവൻ, എന്നവയുടെ ആദ്യാക്ഷരങ്ങളായ അ, ഇ, എന്നവയും അ വയുടെ സമാന ദീൎഘങ്ങളായ ആ, ഈ, എ ന്നവയും ആധേയങ്ങളായിട്ടു നാമങ്ങളുടെ മു ൻപിൽ വരും: ദൃ—ന്തം; 'അസ്സംഗതി, ഇക്ക ള്ളനോടു പറയരുതു: ഈ ആൾ ആ ദോഷം ചെയ്തു.

൧൬൮. അ, ഇ, എന്നവ ഹല്ലുകൾക്കും ആ, ഈ എന്നവ അച്ചുക ൾക്കും മുൻപു വരിക ശുദ്ധ മലയാം പദങ്ങളിൽ നടപ്പാകുന്നു. എ ന്നാൽ ഹല്ലു ഇരട്ടിക്കും: ദൃ—ന്തം, 'അക്കുടം ഇപ്പാത്രം അമ്മനു ഷ്യൻ അന്നേരം ആയവൻ ഈയവൻ ആയാൾ, ഈ ഉലക്ക; എന്നാൽ ഖരങ്ങൾ ഒഴികെ ശേഷം ഹല്ലുകളിൽ തുടങ്ങുന്ന നാമ ങ്ങളിൽ ഹല്ലിരട്ടിക്കുന്നതിന്നു പകരം സമാന ദീൎഘങ്ങളെ പ്ര യോഗിക്ക നടപ്പുണ്ടു. സംസ്കൃതനാമങ്ങളിൽ അങ്ങിനെ ആകുന്നു അധികം നടപ്പുള്ളതു: ദൃ—ന്തം, ആ മരം, ഈ സൂത്രം, ആ ഭോക്ഷി, ഈ പട്ടണം.

൨൮൯. ഇന്നവൻ എന്നതു നിശ്ചയമുള്ള പൊരുളിനെ വിവരപ്പെടുത്താതെ പറയുന്നതിന്നു പ്രയോഗിക്കപ്പെടുന്നു; ദൃ—ന്തം; 'അവൻ ഇന്നവനെന്നു ഞാൻ അറിഞ്ഞില്ല'; 'അതിന്നതെന്നു അവൻ പറകയില്ല.' ഇന്നവൻ എന്നതു ചുരുങ്ങി ഇന്നാൻ എന്നാകും. അതിന്റെ ബഹുസംഖ്യ ഇന്നാർ എന്നതു രണ്ടുലിംഗത്തിന്നും രണ്ടു സംഖ്യക്കും കൊള്ളും: ദൃ—ന്തം; 'അവൾ ഇന്നാരെന്നു ഞാൻ അറിഞ്ഞില്ല. ഇന്നവൻ ഇന്നതു ആവൎത്തിച്ചുവരുന്നു 'ഇന്നിന്നവൻ' എന്നു പ്രയോഗിക്കുന്നതിനാലെ അതിൽ ഉൾപ്പെട്ടിരിക്കുന്ന നാമാൎത്ഥങ്ങൾ വെവ്വെറായിപ്പിരിയപ്പെടുന്നു' ദൃ—ന്തം, ഇന്നിന്നവർ ഒക്കയും വന്നു. ആധേയത്തിന്നു വൻ എന്നയന്തം പോയിട്ടു ഇന്ന ഇന്നിന്ന എന്നാകും: ദൃ—ന്തം; ഇന്നകാൎയ്യം, ഇന്നയിന്ന കാൎയ്യങ്ങൾ.'

പ്രശ്നകങ്ങൾ

൨൯൦. പ്രശ്നക സൎവ്വനാമങ്ങൾ നാമാൎത്ഥത്തെ സംബന്ധിച്ചു ചോദ്യം ചോദിക്കുന്നതിന്നു പ്രയോഗിക്കപ്പെടുന്നവയാകുന്നു, ആയ്തു യാവൻ എന്നതും അതിന്റെ ലിംഗഭേദങ്ങളും സംഖ്യഭേദങ്ങളും ആയിരിക്കുന്ന, യാവൾ, യാതു, യാവർ, യാവ, എന്നവയും യാ എന്നതു ഏകാരമായിട്ടു മാറി ഉണ്ടാകുന്ന, 'ഏവൻ ഏവൾ, ഏതു, ഏവർ, ഏവ എന്നവയും യാവര എന്നതിന്റെ ചുരുക്കമാകുന്ന ആർ എന്നതും യാതു എന്നതിന്നു പകരം സാമാന്യമാമായിട്ടു പ്രയോഗിക്കപ്പെടുന്ന എന്തു എന്നതും ആകുന്നു.

൨൯൧. യാവൻ എന്നതിന്നു 'യാതു' എന്നു ആധേയ രൂപത്തിലെ നടപ്പായിട്ടു പ്രയോഗം ഉള്ളു. യാവർ എന്നതിന്റെ ചുരുക്കം ആകുന്ന 'ആർ എന്നതു അതിന്നു പകരം രണ്ടുലിംഗത്തിലും രണ്ടു സംഖ്യയിലും എന്തു എന്നതു നിൎല്ലിംഗത്തിൽ രണ്ടു സംഖ്യയിലും വരുന്നവയും തീരെ ഊഹമില്ലാത്ത പൊരുളുകളെപ്പററി ചോദ്യം ചോദിക്കുന്നതിന്നു പ്രയോഗിക്കപ്പെടുന്നവയുമാ

കുന്നു: ദൃ—ന്തം; 'ആരവിടെ നില്ക്കുന്നു, ആ വന്നവർ ആരാകുന്നു, നീ എഴുതിയ്തു എന്തായിരുന്നു.' എവൻ എന്നതും അതിന്റെ രൂപഭേദങ്ങളും കൂട്ടത്തെ അറിഞ്ഞിരിക്കയും കൂട്ടത്തിൽ ഉൾപ്പെട്ട പ്രത്യേക പൊരുളിനെ മാത്രം അറിവാൻ ആവശ്യമായിരിക്കയും ചെയ്യുമ്പോൾ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; അവരിൽ, എവനോടാകുന്നു നീ പറഞ്ഞതു; ൧൦ പുസ്തകങ്ങളിൽ നിനക്കു എതു വേണം.' 'എന്തു' എന്നതിനു 'എന്തുകൊണ്ടു' എന്നും കൂടെ അർത്ഥം വരും: ദൃ—ന്തം; 'നീ പറയുന്നതു എന്തു (എന്തു സംഗതി); നീ വരാഞ്ഞതു എന്തു' (എന്തുകൊണ്ടു) ആകയാൽ പഞ്ചമിയുടെ അർത്ഥത്തിൽ അല്ലാത്ത പട്ടതികൾക്കു 'എന്തൊന്നു, എന്തെല്ലാം' എന്നവ പ്രയോഗിക്കപ്പെടുക നടപ്പാകുന്നു: ദൃ—ന്തം; 'അവൻ എഴുതുന്നതു എന്തൊന്നാകുന്നു, അവർ എന്തെല്ലാം പറഞ്ഞു.' യാതു, എന്തു, ഏതു, എന്നവെക്കു ആധേയമായിട്ടു പ്രയോഗം ഉണ്ടു: ദൃ—ന്തം; 'യാതൊന്നു എന്തു കാൎയ്യം ഏതുമനുഷ്യൻ.' എയെന്ന അക്ഷരവും, അ ഇ എന്നവയെപ്പോലെ ചിലപദങ്ങളിൽ ആധേയമായിട്ടു വരും: ദൃ—ന്തം; 'എവിടെ; എപ്പോൾ; എങ്ങു; എന്നു; എങ്ങനെ; എത്ര.' 'എന്നവൻ.' എന്നതിന്നു 'എന്തൊരു തരക്കാരൻ' എന്നു അർത്ഥമാകുന്നു നിലിംഗത്തിൽ 'എന്നതു' എന്നും ആധേയ അവസ്ഥയിൽ എന്നയെന്നും ആകും: ദൃ—ന്തം; 'ഇത എന്നതൊ; ഇവൻ എന്ന മനുഷ്യൻ.'

൨൭൨. ചോദ്യവാക്യം എന്ന എന്നതു മൂലമായി മറ്റു വാക്യത്തോടു സംബന്ധിക്കും. അപ്പോൾ ചോദിപ്പാനുള്ള മൊഴികളെ ചോദ്യ വാക്യം ചൊല്ലിത്തരുന്നു: ദൃ—ന്തം; 'ആ വരുന്നതു ആരെന്നു തിരക്കിവരിക;' 'ആ നില്ക്കുന്നതു ആരെന്നു ഞാൻ അറിയുന്നില്ല'. ഇങ്ങനെയുള്ള പട്ടതികളിൽ ഇന്നാർ എന്നിരുന്നാൽ മുന്നറിവിനെ സൂചിപ്പിക്കും: ദൃ—ന്തം, 'അപ്പോയതു ഇന്നാരെന്നു നീ അറിഞ്ഞൊ' എന്നതിൽ പോയ ആൾ നീ അറിയുന്നവരിൽ ഒരുത്തൻ ആകുന്നു എന്ന അർത്ഥം ഇരിക്കുന്നു. അതിൽ നല്ലതു ഏതെന്നു പറകയെന്നതിൽ 'നല്ലതു ഇന്നതെന്നു നീ അറിഞ്ഞിരിക്കുന്നതാകകൊണ്ടു പറക'യെന്നും അർത്ഥം ആകും.

൨൭൩. അതു, ഇതു, ഏതു, എന്നവ നിലിംഗനാമങ്ങൾ ആകുന്നു എങ്കിലും സലിംഗത്തെ സംബന്ധിച്ചും വരും: ദൃ—ന്തം: 'അതാരാകുന്നു' എന്നതിൽ ആർ എന്നുള്ള പൊരുൾ പുല്ലിംഗമൊ സ്ത്രീലിംഗമൊ എന്നു ഖണ്ഡിക്കുന്നി

ല്ല, 'അവൻ ആരാകുന്നു' എന്നുള്ളതിൽ ചോദ്യം കുറിക്കുന്ന പൊരുൾ പുല്ലിംഗമെന്നു ചോദ്യക്കാരൻ അറിഞ്ഞിരിക്കുന്നു എന്നു അൎത്ഥം വരുന്നു.

സൎവ്വാൎത്ഥങ്ങൾ.

൨൭൪. സൎവ്വാൎത്ഥസൎവ്വനാമങ്ങൾ തങ്ങൾ അടയാളപ്പെടുത്തുന്ന പൊരുൾ പ്രത്യേകം ഇന്നതെന്നു നിശ്ചയിക്കാതെ അടെച്ചു എങ്കിലും അംശമായിട്ടു എങ്കിലും സൎവ്വത്തോടും ചേരുന്നതായിട്ടു കാണിക്കുന്നവയാകുന്നു. അവ സംഖ്യയിൽ വളരെ ഉണ്ടു. അവയിൽ പ്രധാനമായിട്ടുള്ളവ **ഒരുത്തൻ, ചിലവൻ, പലവൻ, എല്ലാവൻ, സകലർ, അസകലർ, സൎവ്വർ,** എന്നവയും പ്രശ്നകങ്ങളോടും മററും ഉം എന്ന അവ്യയം ചെരുന്നതിനാൽ ഉണ്ടാകുന്നു **ആരും, ഏവനും, ഒരുത്തനും, എന്തും, ഏതും,** എന്നവയുമാകുന്നു.

൨൭൫. ഒരുത്തൻ, ഒരുവൻ, ഒരുത്തി, ഒരുവർ, ഒരുത്തർ, ഒന്നു, ഒരു. എന്ന വൎഗ്ഗത്തെ അടച്ചല്ലാതെ വൎഗ്ഗത്തിൽ ഒന്നിനെക്കുറിച്ചു പറയുംപോൾ വരുന്നവയാകുന്നു. 'ഒരുത്തർ. ഒരുവർ.' എന്നവ രണ്ടുലിംഗത്തിന്നും കൊള്ളും: ദൃ—ന്തം; അവൻ ഒരുത്തനെ അടിച്ചു.' 'ഞാൻ ഒന്നു പറയാം.' 'നീ ഒരുത്തിയെ വിളിക്കു.' 'അവൻ ഒരുത്തരോടു മാത്രം പറഞ്ഞു.' 'എനിക്കു ഒരു പുസ്തകം കിട്ടി.'

൨൭൬. ചിലചിവൻ, ലവൾ ചിലതു, ചിലവർ, ചിലവ. ചില.' എന്നവ കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നതാനും പൊരുളുകളെപ്പററി പറയുംപോൾ പ്രയോഗിക്കപ്പെടുന്നവയാകുന്നു. അവയിൽ അധികം നടപ്പുള്ള ചിലതു

ചില എന്നവയും ചിലവർ എന്നതിന്റെ ചുരുക്കമാകുന്ന ചിലർ എന്നതും ആകുന്നു: ദൃ—ന്തം, 'ക്രിസ്ത്യാനികളിൽ ചിലർ (അവരിൽ കുറഞ്ഞ ഭാഗം) 'അവൻ തന്റെ പുസ്തകങ്ങളിൽ ചിലതിനെ എനിക്കു തന്നു' 'ചില മനുഷ്യരിൽ നിന്നു ചില കാൎയ്യം പഠിക്കാം.' കൂട്ടം മുഴുവനും അല്ല എന്നു കാണിക്കുന്നതിന്നു കൂട്ടത്തിൽ ഏറിയ ഭാഗത്തെക്കുറിച്ചും ഒന്നിനെക്കുറിച്ചും ഈവക മൊഴികൾ പ്രയോഗിക്കപ്പെടും: ദൃ—ന്തം, (യഹൂദന്മാരിൽ) 'ചിലർ വിശ്വസിക്കാഞ്ഞാൽ എന്തു'. എന്നു വേദവാക്യത്തിൽ 'ചിലർ' എന്നു പറയുന്നതു ഏറിയഭാഗത്തെക്കുറിച്ചാകുന്നു. 'അപ്പുസ്തകത്തിൽ ചില പിഴയുണ്ടു എന്നു ഒരു പിഴ മാത്രം ഉണ്ടായിരുന്നാലും പറയാം.

൨൭൭. പലവൻ, പലവൾ, പലതു, പലവർ പലർ, പലവ, പല, എന്നവ കൂട്ടത്തിൽ ഏറിയ പങ്കെന്നു അൎത്ഥം വരുന്നവയാകുന്നു. കൂട്ടത്തിൽ ഒന്നു മാത്രം അല്ല എന്നു കാണിക്കുന്നതിന്നു കൂട്ടത്തെ മുഴുവൻ സംബന്ധിച്ചും അതിൽ ചുരുങ്ങിയ ഭാഗത്തെ സംബന്ധിച്ചും ഈവ മൊഴികൾ പ്രയോഗിക്കപ്പെടും. എന്നാൽ അവയിൽ നല്ല നടപ്പുള്ളവ 'പലർ പലതു പല' എന്നവയാകുന്നു: ദൃ—ന്തം, 'വിളിക്കപ്പെട്ടവർ പലരാകുന്നു.' ആ പുസ്തകത്തിൽ ഒരു തെറ്റ അല്ല പല തെറ്റുകൾ ഉണ്ടെന്നു ആയിരം ഒത്തവാക്കുകളുടെ ഇടയിൽ കുറയപ്പിഴ മാത്രം ഉണ്ടായിരുന്നാലും പറയാം. 'ഒരുത്തന്റെ അപരാധത്താൽ പലരും മരിച്ചു' എന്നുള്ള വേദവാക്യത്തിൽ 'പലരും' എന്നതിന്നു എല്ലാവരും എന്നൎത്ഥമാകും. ഈവ വക മൊഴികൾ ഉം എന്ന അവ്യയത്തോടു സംബന്ധിച്ചുവരുമ്പോൾ അവ വാക്യത്തിൽ സാര വാക്കാകുന്നു എന്നു കാണിക്കും: ദൃ—ന്തം; 'പലർ പറഞ്ഞു' എന്നതും 'പലരും പറഞ്ഞു' എന്നതിൽ 'പലരും, എന്നതും ആകുന്നു സാര വാക്കു വാക്യത്തിന്റെ വാച്യമായിട്ടു വരുമ്പോൾ ഉം എന്നതു ചേരുകയില്ല: ദൃ—ന്തം; 'വിളിക്കപ്പെട്ടവർ പലരാകുന്നു.

൨൭൮. ഒരു, ചില, പല. എന്ന ആധേയ രൂപങ്ങൾ ഇരട്ടിച്ചു ഓരോരൊ, ചില ചില, പല പല. എന്നവരുംപോൾ അവെക്കാധാരമായിരിക്കുന്ന നാമാൎത്ഥങ്ങൾ വെവ്വേറായിപ്പിരിയപ്പെട്ടിരിക്കുന്നു എന്നു കാണിക്കും: ദൃ—ന്തം; 'ഓരോരൊ സംഗതിയെക്കുറിച്ചു അവൻ ചോദിച്ചു.' 'ചില ചില മനുഷ്യരോടു. അടുക്കരുതു.' 'പല പല കാരണങ്ങൾ അതിന്നുണ്ടായിരുന്നു.' ഓരോരൊ എന്നതു 'ഓരൊ' എന്നും ചുരുങ്ങും. 'ഒരുത്തൻ' ഒരുത്തി, ഒന്നു.' എന്നവ 'ഓരോരുത്തൻ, ഓരോരുത്തി, ഓരോന്നു.' എന്നിങ്ങനെ ഇരട്ടിക്കും.

൨൬൯. 'എല്ലാവൻ, എല്ലാവൾ, എല്ലാം, എല്ലാ എന്നതു കൂട്ടത്തെ അടച്ചുപറയുന്നതിൽ പ്രയോഗിക്കപ്പെടുന്നു. അതും അതിനോടൎത്ഥത്തിൽ ഒക്കുന്ന സകലൻ, സൎവ്വൻ, എന്നവ മുതലായ്തും ഉം എന്ന അവ്യയത്തോടു ചേൎന്നുവരു. സലിംഗത്തിൽ അതിന്റെ ഏക സംഖ്യാരൂപങ്ങൾ കൂട്ടത്തിൽ അടങ്ങിയിരിക്കുന്ന പൊരുളുകളെ ഓരോന്നായിട്ടു പിരിച്ചു കാണിക്കുന്നു: ദൃ—ന്തം; 'എല്ലാവനും അവനവന്റെ പ്രാപ്തി പോലെ ചെയ്യു. അവൻ എല്ലാവൾക്കും അവരുടെ ആവശ്യം പോലെ കൊടുത്തു. അവൻ എല്ലാകാൎയ്യവും കണ്ടറിയുന്നു.' എല്ലാം എന്നതു ഉം എന്നതു ചേൎന്നിരിക്കുന്ന എല്ലാവും എന്നതിന്റെ ചുരുക്കം ആകുന്നു. വിരൂപത്തിൽ എല്ലാത്തിൻ എന്നും എല്ലാററിൽ എന്നും ആകും. വിഭക്തിരൂപങ്ങളുടെ പിന്നാലെ ഉം എന്നതും ചേരുകയും വേണം: ദൃ—ന്തം; പശുക്കൾക്കു എല്ലാററിന്നും പാലോരുപോലല്ല. ആദേയമായിട്ടു വരുമ്പോൾ ഉം എന്നതു ആധാരത്തോടെ ചേൎന്നിരിക്കും: ദൃ—ന്തം; 'എല്ലാകാൎയ്യവും; എല്ലാമനുഷ്യരും; എല്ലാപ്പോഴും; എല്ലാനേരവും.'

൨൭൦. ൦രം വക മൊഴികളിൽ ചിലതു നിൎല്ലിംഗ രൂപത്തിൽ അവ്യയമായിട്ടു അനുപയിക്കപ്പെടും. ആയ്തു എല്ലാം അശേഷം, ആസകലം, മുഴുവൻ, എന്നവയും മററും ആകുന്നു. അവ ഉം, ഏ; എന്ന അവ്യയങ്ങളോടു ചേൎന്നുംവരും: ദൃ—ന്തം; 'അവൻ അവരെയെല്ലാം വിളിച്ചുവരുത്തി.' 'ജലപ്രളയം മനുഷ്യരെ അശേഷം നശിപ്പിച്ചു. 'ചാഴി നെല്ലാസകലവും തിന്നുകളഞ്ഞു.' 'അവൻ ഒരു കോഴിയെ മുഴുവനെ തിന്നുകളഞ്ഞു.' 'മുഴുവൻ' എന്നതു ഒരു വസ്തുവിനെക്കുറിച്ചു അതിന്റെ എല്ലാ അംശങ്ങളും ഉൾപ്പെട്ടിരിക്കുന്നു എന്നു കാണിക്കുന്നതിന്നും 'ആസകലം' എന്നതു പലവസ്തുക്കളെക്കുറിച്ചു മാത്രവും 'എല്ലാം' എന്നവ രണ്ടുപ്രകാരത്തിലും പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'ജനങ്ങൾ എല്ലാം വന്നു. എന്റെ ദേഹമെല്ലാം കഴെക്കുന്നു.

൨൭൧. ചില വചനാദേയ അവ്യയങ്ങൾ സൎവ്വാൎത്ഥങ്ങളുടെ ഭാവത്തിൽ പ്രയോഗിക്കപ്പെടുകയുണ്ടു. ആയ്തു ഏറ, കുറയ, വളര, ഒക്ക, ആരാനും, ഏതാനും, എങ്ങാനും, ആരാണ്ടു, ഏതാണ്ടു, എങ്ങാണ്ടു' എന്നവയും മററും ആകുന്നു. അവ സാക്ഷാൽ വചനാദേയങ്ങളാകുന്നു എങ്കിലും നാമങ്ങളുടെയും നാമധേയങ്ങളുടെയും ഭാവത്തിൽ ചിലപ്പോൾ അനുപയിക്കപ്പെടുകയും അവയിൽ ചിലതിനോടു ചില വിഭക്തിരൂപങ്ങൾ ചേരുകയുമുണ്ടു: ദൃ—ന്തം; 'വെള്ളം വളരെപ്പൊങ്ങി' 'അവിടെ വളരെ മനുഷ്യരുണ്ടു, 'ദുഷ്ടന്മാൎക്കു ഒക്കെ അനുഭവം അരിഷ്ടതയാകുന്നു.' 'അതു ദിക്കൊക്കയിലും പരന്നു.

ആരാന്റെയും വസ്തു ആഗ്രഹിക്കയാൽ അവന്റെ ദ്രവ്യത്തിൽ ഏതാനും ചേതം വന്നു.' 'വല്ലാമക്കളിലില്ലാമക്കൾ.' 'നന്നെന്നു പണ്ടാരാണ്ടു പറഞ്ഞിട്ടുണ്ടു' 'നിരൂപിപ്പാനും മറ്റും കഴിയുന്നതായിട്ടു ഏതാണ്ടൊരു വസ്തു മനുഷ്യനിൽ ഉണ്ടു' 'ഞാൻ ഒരം മനുഷ്യനെ എങ്ങാണ്ടൊരു സ്ഥലത്തു വെച്ചു കണ്ടിട്ടുണ്ടു.'

൨൱൨. പ്രഥമകങ്ങളോടും മറ്റും ഉം എന്നഅവ്യയം ചേൎന്നുണ്ടാകുന്ന 'ആരും, ഏവനും, ഒരുത്തനും, വല്ലവനും, എന്തും, ഏതും, ഒന്നും, വല്ലതും,' എന്നവയിൽ ഏവനും, എന്തും, എന്നവ സാമാന്യമായിട്ടു സ്വയഭാവത്തോടു 'ആരും, ഒരുത്തനും, ഏതും, ഒന്നും.' എന്നവ പ്രതിഭാവത്തോടും 'വല്ലവനും വല്ലതും' എന്നവ രണ്ടു ഭാവങ്ങളോടും സംബന്ധിക്കും: ദൃ—ന്തം; 'അവിടെ ഏവരും അനുകൂടും.' 'അവൻ എന്തുംപറയും.' 'ഇന്ന ആരെയും കാണുന്നില്ല.' 'ഇവിടെ ഒരുത്തനും വരികയില്ല;' 'അവിടെ ഒരുത്തക്കും കാൎയ്യമില്ല.' അവൻ ഏതും അറിഞ്ഞില്ല. അവക്ക ഒന്നും കഴികയില്ലന്നി വല്ലവനും വല്ലതും പറയുന്നതു കേൾക്കരുതു; 'വല്ലവരോടും കളിച്ചാൽ വല്ലതും വഴക്കുണ്ടാകും' ഉം എന്നതു നാമത്തോടു ചേരുന്നതിനു പകരം വചനാധേയത്തോടും ചേരും. അപ്പോൾ "ഒരുത്തൻ ഒന്നു' എന്നവ ഒഴികെ ശേഷം ഒക്കയും രണ്ടു ഭാവങ്ങളോടും സംബന്ധിക്കും: ദൃ—ന്തം; 'ആരു പറഞ്ഞാലും'; 'എന്തു ചെയ്തിട്ടും'; 'ഒന്നായാറയും ഒക്കുന്നില്ല; 'ആരെങ്കിലും' എന്തെങ്കിലും.'

സംഖ്യനാമങ്ങൾ.

൨൱൩. സംഖ്യനാമങ്ങൾ വസ്തുക്കളുടെ എണ്ണത്തെക്കാണിക്കുന്നവയാകുന്നു. ആയ്തുകളെ താഴെ ക്രമ പ്രകാരം എഴുതുന്നു.

ഒന്നു	൧	൧
രണ്ടു	൨	൨
മൂന്നു	൩	൩
നാലു	൪	൪
അഞ്ചു	൫	൫

ആറു	൬	൬
ഏഴു	൭	൭
എട്ടു	൮	൮
ഒൻപതു	൯	൯
പത്തു	൰	൧൦
പതിനൊന്നു	൰൧	൧൧
പന്ത്രണ്ടു	൰൨	൧൨
പതിമ്മൂന്നു	൰൩	൧൩
പതിനാലു	൰൪	൧൪
പതിനഞ്ചു	൰൫	൧൫
പതിനാറു	൰൬	൧൬
പതിനേഴു	൰൭	൧൭
പതിനെട്ടു	൰൮	൧൮
പത്തൊൻപതു	൰൯	൧൯
ഇരുപതു	൨൰	൨൦
ഇരുപത്തൊന്നു	൨൰൧	൨൧
മുപ്പതു	൩൰	൩൦
നാല്പതു	൪൰	൪൦
അൻപതു	൫൰	൫൦
അറുപതു	൬൰	൬൦
എഴുപതു	൭൰	൭൦
എണ്പതു	൮൰	൮൦
തൊണ്ണൂറു	൯൰	൯൦
നൂറു	൱	൧൦൦
നൂറെറാന്നു	൱൧	൧൦൧
നൂററിൽപ്പത്തു	൱൰	൧൧൦
ഇരുനൂറു	൨൱	൨൦൦
തൊള്ളായിരം	൯൱	൯൦൦
ആയിരം	൲	൧൦൦൦
ആയിരത്തൊന്നു	൲൧	൧൦൦൧

പതിനായിരം	൰൲	൧൦൦൦൦
നൂറായിരം ലക്ഷം	൱൲	൧൦൦൦൦൦
പത്തുനൂറായിരം } പത്തു ലക്ഷം	൰൱൲	൧൦൦൦൦൦൦
കോടി	ണമ	൧൦൦൦൦൦൦൦

൨൨൪. ഇവയിൽ ഒന്നാം പത്തിയിൽ കാണുന്നവെക്ക എണ്ണമെന്നും, മററെ രണ്ടു പത്തിയിലും കാണുന്നവെക്ക ലക്കമെന്നും പേരായിരിക്കുന്നു; മുൻപിലത്തെ പത്തിയിലെ ലക്കം തമിഴ മുറെക്ക ഉള്ളതും സാമാന്യമായിട്ടു പ്രയോഗിച്ചു വരുന്നതും ആകുന്നു. പിന്നത്തെപ്പത്തിയിലെ ലക്കം സംസ്കൃതഗണിത പ്രകാരം ഉള്ളതും അച്ചടിപ്പുസ്തകങ്ങളിൽ നടപ്പാക്കിയിരിക്കുന്നതും ആകുന്നു.

൨൨൫. സംഖ്യനാമങ്ങൾ ആധേയമായിട്ടും പ്രയോഗിക്കപ്പെടും: ദൃ—ന്തം; ഒരു മനുഷ്യൻ; രണ്ടാളുകൾ; നാലു പശുക്കൾ; സമാസനാമത്തിൽ ആധേയമാകുന്നതിനു ഒരു, ഇരു, മൂം: നാൽ, അൻ, അറു, എഴ, എൺ. എന്നിങ്ങനെ ചിലതു ചുരുങ്ങും: ദൃ—ന്തം; ഒരു വശം, ഇരുക്കൂറു, മുമ്മൂൎത്തി, നാല്ക്കാലി, നാന്മാകാണി, അൻമ്പതു, അറുനൂറു, എഴുവതു- എണ്ണൂറു.

൨൨൬. എണ്ണപ്പെട്ട പൊരുളുകളെ കൂട്ടങ്ങളായിട്ടു പിരിച്ചുപറയുന്നതിൽ 'ഓരോന്നു ംരംരണ്ടു, മുമ്മൂന്നു, നന്നാലു, അയ്യഞ്ചു, ആറാറു, ഏഴേഴു, എട്ടെട്ടു, പതുപ്പത്തു.' എന്നിങ്ങനെ ഇരട്ടിച്ചുവരും: ദൃ—ന്തം 'അവൻ അവക്കു ംരംരണ്ടു പണം കൊടുത്തു.' വീതം എന്നതും അതിന്റെ ചുരുക്കം ആകുന്ന ംരംത്തു എന്നതും എണ്ണത്തോടു ചേൎന്നു ംരം അൎത്ഥത്തിൽ വരും: ദൃ—ന്തം; 'അവൻ അവക്കു അഞ്ചു വിതം കൊടുത്തു' 'ഇവക്കു ഒൻപതീതു കൊടുത്തു. ഒററമൊഴികൊണ്ടു ഉണ്ടാകുന്ന എണ്ണങ്ങളിൽ ഇരട്ടിക്കയാകുന്നു അധികം നടപ്പു; ഒന്നിൽ അധികം മൊഴികൾ കൂടി ഉണ്ടാകുന്നവയിൽ ഇരട്ടിക്കുന്നതിനു പക

രം ൦രം൦ത്തു എന്നതു കൂട്ടുകയുമില്ല. വീതു എന്നതു രണ്ടു തര മൊഴികളോടും ഒരു പോലെ ചേരുന്നതാകുന്നു : ദൃ—ന്തം; പതു പ്പത്തു; നൂറു നൂറു നൂറീതു അമ്പതീതു, അൻപത്തൊന്നീതു ആറു വീതം, നൂറുവീതം, പതിനൊന്നു വീതം.

൨൮൭. ക്രിയ ആവൎത്തിക്കപ്പെടുന്ന കണക്കിനെക്കാണിക്കുന്നതി ന്നു എണ്ണത്തോടു വട്ടം, ൦രം൦ടു തവണ പ്രാവശ്യം എ ന്നവ ചേൎന്നുവരും: ദൃ—ന്തം; ഒരിട്ടു, രണ്ടുവട്ടം, നാലുതവണ, ആറുപ്രാവശ്യം, പത്തുവട്ടം, ഒരിട്ടു എന്നതിനു മാത്രം ഒരിക്ക ൽ എന്നു വരും. വാച്യനാമം തന്നെ എണ്ണത്തോടു സംബന്ധി ച്ചു ക്രിയയുടെ കൎമ്മമായിട്ടുവരുമ്പോൾ ആയതു സംഖ്യനാമത്തിൽ ഉണ്മാനമായിരിക്കും : ദൃ—ന്തം; 'അവൻ എന്നെ രണ്ടു (അടി) അടിച്ചു; ഞാൻ ഒന്നു (ഒരു വാക്കു) പറയട്ടെ.' ഒരെണ്ണത്തെ ത ന്നെ പലതായിട്ടു ആവൎത്തിച്ചു കൂട്ടുന്നതിൽ ഇരട്ടി എന്നതു ചേ രും: ദൃ—ന്തം; രണ്ടിരട്ടി; അഞ്ചിരട്ടി; പതിനാറിരട്ടി.

൨൮൮. എണ്ണപ്പെട്ട പൊരുളുകളെ സംബന്ധിച്ചു എണ്ണത്തിന്റെ ക്രമം പറയുന്നതിൽ പരാധാര അവസ്ഥക്കു എണ്ണത്തോടും 'ആ കും, ആം; എന്ന നാമധേയവും; നിരാധാരയവസ്ഥക്കു ആകുവൻ ആകുവതു എന്നവയുടെ ചുരുക്കമാകുന്ന 'ആവൻ ആവതു' എന്നവ യും ചേരും : ദൃ—ന്തം ; 'ഒന്നാം, മൂന്നാം, നാലാകുന്നാൾ' എത്രാം അദ്ധ്യായം, ഇത്രാം വാക്യം; 'ഒന്നാവൻ, അഞ്ചാവൻ, എത്രാവൻ, പതിനെട്ടാവൻ; നാലാവതു, ആറാവതു, ഇത്രാവതു, മുപ്പതാവതു.' നിൎല്ലിംഗത്തോടു ആയ എന്ന നാമധേയം ചുരുങ്ങി ഏകാരമാ യിട്ടു ചേരുന്നതിനാൽ ഒന്നാവത്തെ, രണ്ടാവത്തെ, മൂന്നാവത്തെ, പത്തൊൻപതാവത്തെ എന്നിങ്ങനെ ഉണ്ടാകുന്നു. വകാരം നട പ്പുവാക്കിൽ മകാരമായിട്ടു മാറും: ദൃ—ന്തം, ഒന്നാമൻ ഒന്നാ മതു.

൨൮൯. സൎവ്വാൎത്ഥങ്ങളോടും സാംഖ്യങ്ങളോടും സമാനാൎത്ഥമായി രിക്കുന്ന നാമങ്ങൾക്കു സമാന വിഭക്തിയായിരിക്കും : ദൃ—ന്തം; 'അവൻ ഒരുത്തൻ ഉണ്ടു നേരുകാരൻ.' 'ഞാൻ വൈദ്യന്മാരെ ചി ലരെ വരുത്തി. 'ഭക്തന്മാൎക്കു പലക്കും അനവധി ദ്രവ്യം ഉണ്ടു.' 'മനു ഷ്യൎക്കു എല്ലാവൎക്കും ബുദ്ധി ഒരു പോലല്ല.' 'അവൻ രാജാക്കന്മാരെ മൂവരെയും കണ്ടിട്ടുണ്ടു.' വൎഗ്ഗനാമത്തെ കൂട്ടമായിട്ടും സൎവ്വനാമത്തെ അതിൽ ഉൾപ്പെട്ട പൊരുളുകളിൽ ഏതാനും എന്നും മനസ്സിൽ വി ചാരിച്ചുംകൊണ്ടു പറയുംപോൾ വൎഗ്ഗനാമം സപ്തമിയിൽ ആകും: ദൃ—ന്തം , 'അവരിൽ ഒരുത്തൻ. പശുക്കളിൽ രണ്ടു. പുസ്തകങ്ങളി ൽച്ചിലതു, മനുഷ്യരിൽപ്പലരും, പ്രമാണികളിൽ ആരും, കാൎയ്യങ്ങ ളിൽ ഒന്നും, വിദ്വാന്മാരിൽ വല്ലവരും.'

ആചാരവാക്ക.

൨൯൦. ആചാര വാക്കിൽ പുരുഷാൎത്ഥങ്ങളും നിശ്ചയകരങ്ങളും മററും തങ്ങളുടെ മുറെക്കുള്ള അൎത്ഥം വിട്ടു ചില വിശേഷ പ്രയോഗങ്ങൾ ഉള്ളവയായിരിക്കുന്നതും അല്ലാതെ അവെക്കു പകരം മററും പലതര മൊഴികൾ പ്രയോഗിക്കപ്പെടും: ദൃ—ന്തം; 'നാം' എന്നതു 'ഞാൻ' എന്നുള്ള അൎത്ഥത്തിലും; 'താൻ, തങ്ങൾ, നിങ്ങൾ,' എന്നവ 'നീ' എന്നതിന്നു പകരവും; 'അവൻ എന്നുള്ള അൎത്ഥത്തിൽ 'അവർ, അയാൾ, അദ്ദേഹം, അവിടെ, അങ്ങു, അങ്ങുന്നു' എന്നവയും പ്രയോഗിക്കപ്പെടുന്നു.

൨൯൧. ആത്മസ്ഥാനത്തിൽ ഞാൻ, എന്നതു കൂടാതെ 'നാം, നമ്മൾ, ഇവിടെ, ഇവിടുന്നു, ഇങ്ങു, ഇങ്ങുന്നു, ഇവൻ, ‹രംശ്ലൻ.' എന്നവ മുതലായിട്ടു അനേകം വാക്കുകൾ വരും. ചില പട്ടതിയിൽ ‹ഞാൻ' എന്നതു അഹംഭാവ വാക്കു ആകകൊണ്ടു അതിന്നു പകരം ‹ഇവിടെ' എന്നതു മുതലായിട്ടു നിശ്ചയകര ഇകാരത്തോടു ചില നാമങ്ങൾ കൂട്ടി പറക നടപ്പായിരിക്കുന്നു. ‹ഇവിടെ' എന്നതും ‹ഇങ്ങു' എന്നതും പറച്ചിൽക്കാരനും കേഴ്വിക്കാരനും ഒരു പോലെ ബഹുമാനം ഉള്ളതാകുന്നു. വിഭക്തികളിൽ അവെക്കു പ്രത്യേക രൂപങ്ങൾ ഉണ്ടു. ദ്വിതീയയിൽ ‹ഇങ്ങോട്ടു ഇവിടോട്ടു' എന്നും തൃതീയയിൽ ഇവിടെ ഇങ്ങോട്ടു എന്നും, ചതുൎത്ഥിയിൽ ഇവിടെ ഇങ്ങെന്നും, പഞ്ചമിയിൽ ‹ഇവിടനിന്നു, ഇങ്ങുനിന്നു' എന്നും; ഷഷ്ഠിയിൽ ഇവിടുത്തെ, ഇങ്ങത്തെ എന്നും ഇങ്ങനെവരും. ‹ഇവിടുന്നു (ഇവിടനിന്നു) ‹ഇങ്ങുന്നു' (ഇങ്ങുനിന്നു) എന്നവ ‹ഇവിടെ, ഇങ്ങു' എന്നവയിലും അധിക ആചാരവും ബഹുമാനവും ഉള്ള വാക്കുകളാകുന്നു. ‹ഇവൻ, ഇയാൾ, ഒരം ആളുകൾ' എന്നവ മുതലായ്ത്തു ക്ഷീണ ഭാവമുള്ള വാക്കുകളാകുന്നു: ദൃ—ന്തം; ‹ഇവനെ ബോധിപ്പിച്ചിട്ടു ഉപകാരം എന്തു.' ‹ഒരം ആളുകൾ എളിയവരല്ലയൊ' ‹ഒരം ദാസിയോടു എന്തിന്നു കോപിക്കുന്നു.' പറച്ചിൽക്കാരന്റെ ഏകനാമവും വൎഗ്ഗനാമവും ആത്മസ്ഥാനമാക്കി പറകയുണ്ടു. എന്നാൽ അതു ഹീനന്മാരുടെ വാക്കാകുന്നു.

ദൃ—ന്തം; 'അങ്ങുന്നെ കണ്ടൻ കുമരൻ (എന്ന ഞാൻ) ഇതാ വരുന്നേ' 'ശിപായി (ആയ ഞാൻ) എന്തുവേണമെന്നു കല്പിച്ചാട്ടെ.' 'നാം' എന്നതു വലിയ ആളുകൾ സ്ഥാനാവസ്ഥയിൽ പറയുമ്പോൾ പ്രയോഗിക്കുന്ന വാക്കാകുന്നു. ചിലപ്പോൾ സ്ഥാനപ്പേരു തന്നെയും എടുത്തു പറയും. ദിവാന്റെ (നമ്മുടെ) ഉത്തരവു അനുസരിക്കയില്ലയൊ. 'അടിയെൻ, അടിയെങ്ങൾ, ഇറാൻ' എന്നവ അടിമക്കാരു ജന്മികളുടെയും, കുടികൾ രാജാക്കന്മാരുടെയും മുൻപാകെപ്പറയുന്ന ആത്മസ്ഥാനനാമങ്ങൾ ആകുന്നു. 'ഇറാൻ' എന്നതു അനുസരിക്കുന്നതിൽ മാത്രമെ കൊള്ളിക്കുന്നുള്ളു: ദൃ—ന്തം; 'അടിയെൻ വിടകൊള്ളട്ടെ' 'ഇറാനെന്നല്ലാതിപ്പുരുഷൊക്കരിയാടാമൊ.

൨൯൨. 'നീ' എന്നതിന്നു പകരം നിങ്ങൾ, താൻ, തങ്ങൾ, നമ്മൾ, ഇവൻ, ഇയാൾ ഠരംദേഹം, ഇവിടുന്നു (ഇവിടെനിന്നു) അവിടെ അവിടുന്നു (അവിടെനിന്നു) അങ്ങു, അങ്ങുന്നു (അങ്ങുനിന്നു) എന്നവ മുതലായ്തു പ്രയോഗിക്കപ്പെടും. നീ എന്നതു ബഹുമാനം ഉൾപ്പെടാത്ത വാക്കാകുന്നു. അതു നല്ല അടുപ്പമുള്ളവരോടും തന്നിൽ താണവരോടും മാത്രമേ പറയപ്പെടുന്നുള്ളു. ദൈവത്തെ സംബന്ധിച്ചു പറയുന്നതിൽ നീ എന്നതു തന്നെ വേണം. ആയതു ദൈവം ഏക സ്വതന്ത്രനാകുന്നു എന്നൊ വാചക സ്തുതിയിൽ ഇഷ്ടപ്പെടുവാൻ മാത്രം ഉള്ളവൻ അല്ലെന്നൊ കാണിക്കുന്നതിന്നു ആകുന്നു. നിങ്ങൾ എന്നതു ബഹുമാനകരവും സ്ത്രീകളെ സംബന്ധിച്ചു പ്രത്യേകം പറയുന്നതും ആകുന്നു. താൻ എന്നതു ബഹുമാനകരവും പുരുഷന്മാരെപ്പറ്റി മാത്രവും പറയുന്നതും ആകുന്നു. ഇവൻ, ഇവൾ എന്നവ പറച്ചിൽക്കാരൻ ഇഷ്ടക്കേടായിട്ടൊ നിന്ദയോടു കൂടിയൊ പറയുംപോൾ പ്രയോഗിക്കപ്പെടുന്ന ബഹുമാന ഹീന വാക്കുകളാകുന്നു. 'ഇവർ, ഠരംയാൾ' എന്നവ ബഹുമാനവും അകൽച്ചയും കാണിക്കുന്നവയാകുന്നു. 'ഇദ്ദേഹം' എന്നതു ഠരംയാൾ എന്നതിലും അധിക ബഹുമാനകരമാകുന്നു. 'ഇവർ' എന്നതു സ്ത്രീകളെ സംബന്ധിച്ചും 'ഇയാൾ ഠരംദ്ദേഹം' എന്നവ പുരുഷന്മാരെപ്പറ്റിയും പ്രയോഗിക്കപ്പെടുന്നു. 'ഇവിടെ, അവിടെ, അങ്ങു' എന്നവ പറച്ചിൽക്കാരന്നും കേൾവിക്കാരന്നും ഒരു പോലെ ബഹുമാനം ഉള്ളവയാകുന്നു. ഇവിടുന്നു, അവിടുന്നു, അങ്ങുന്നു; എന്നവ കേൾവിക്കാരന്നു അധിക ബഹുമാനകരമാകുന്നു. 'അങ്ങുന്നു' എന്നതു സർക്കാർ ഇടപ്പെട്ട മേൽ ഉദ്യോഗസ്ഥന്മാരെപ്പറ്റി നടപ്പായിട്ടു പറയപ്പെടുന്നതാകുന്നു. വിശേഷിച്ചും ഏകനാമങ്ങളും വർഗ്ഗനാമങ്ങളും അഭിസ്ഥാനത്തിൽ പ്രയോഗിക്കപ്പെടുക ഉണ്ടു ദൃ—ന്തം, 'മാത്തൻ കേട്ടൊ: സായ്പു ഇനിക്കൊരു ഉപകാരം ചെയ്യണം.'

൨൯൩. പരസ്ഥാനത്തിന്നു ഏകസംഖ്യയുടെ അൎത്ഥത്തിൽ അവൻ, അവൾ എന്നവെക്കു പകരം അവർ, അവർകൾ, അയാൾ, അദ്ദേഹം, അവിടെ, അവിട്ടുന്നു, അങ്ങു, അങ്ങുന്നു, എന്നവയും മറ്റും പ്രയോഗിക്കപ്പെടുന്നു. 'അവർ' എന്നതു പ്രത്യേകം സ്ത്രീകളെ മാനിച്ചുപറയുന്ന വാക്കാകുന്നു. അതു മറ്റു നാമത്തോടു കൂടിയും വരും: ദൃ—ന്തം, 'കാളിയവർ' 'ചക്കിയവർ' അവർകൾ എന്നതു അവർ എന്നതിലും അധിക ബഹുമാനകരമാകുന്നു. എന്നാൽ അതു മറ്റുനാമങ്ങളോടു ചേൎന്നെ വരു: ദൃ—ന്തം, 'ഗോവിന്ദപ്പിള്ളയവർകൾ അയാൾ അദ്ദേഹം എന്നവരണ്ടും പ്രത്യേകം പുരുഷന്മാരെപ്പറ്റിപ്പറയുന്നതും രണ്ടാവത്തേതു മുൻപിലത്തതിലും ബഹുമാനം ഉള്ളതും ആകുന്നു. ശേഷം ഉള്ളവെക്കു അഭിസ്ഥാനത്തിൽ എന്ന പോലെ പരസ്ഥാനത്തിലും ബഹുമാനം കൂടിയും കുറഞ്ഞുംവരും.

൨൯൪. ബഹുമാനകരവാക്കുകളുടെ പ്രയോഗത്തിൽ പറച്ചിൽകാരന്റെ അവസ്ഥയും പറച്ചിൽകാൎയ്യത്തിന്റെ അവസ്ഥയും അവരു തമ്മിൽ ഉള്ളയിരിപ്പും ആയിട്ടു ഇങ്ങനെ മൂന്നു സംഗതികളാകുന്നു വിചാരിക്കപ്പെടുവാനുള്ളതു. ഒന്നാവതു പറച്ചിൽകാരൻ ജാതികൊണ്ടോ സ്ഥാനംകൊണ്ടോ വയസ്സുകൊണ്ടോ പറച്ചിലിന്റെ കാൎയ്യത്തെക്കാൾ വലിപ്പമുള്ളവനായിരുന്നാൽ ബഹുമാനകരവാക്കു പ്രയോഗിക്ക നടപ്പില്ല. ഇങ്ങനെ ഉയൎന്നജാതിക്കാരൻ താണജാതിയിൽ ഒരുത്തനെപ്പറ്റിയും യജമാനൻ ഭൃത്യനെപ്പറ്റിയുംജ്യേഷ്ഠൻ അനുജനെപ്പറ്റിയും 'നീ അവൻ' എന്ന മൊഴികൾ വച്ചെ പറയുന്നുള്ളു. ഒരു പ്രകാരത്തിൽപ്പറച്ചിൽക്കാരനും മറ്റൊരു പ്രകാരത്തിൽപ്പറച്ചിലിന്റെ കാൎയ്യത്തിന്നും വലിപ്പം ഉണ്ടായിരുന്നാൽ അവയിൽ മുഖ്യമായിട്ടും തെളിവായിട്ടും ഉള്ളതു പ്രമാണിക്കപ്പെടും. ഇങ്ങനെ സ്ഥാനവലിപ്പമുള്ളവനെയും അപ്പൻ 'നീ' എന്നും 'അവൻ' എന്നും പറയും. രണ്ടാവതു പറച്ചിൽക്കാൎയ്യത്തിന്റെ അവസ്ഥ നോക്കിയാൽ താണവരെപ്പറ്റി നീ എന്നും അവൻ എന്നും ഇടമദ്ധ്യക്കാരെപ്പറ്റി താൻ നിങ്ങൾ അയാൾ അവർ എന്നും. ഉയൎന്നവരെപ്പറ്റി തങ്ങൾ അദ്ദേഹം എന്നും ഇങ്ങനെ മുറെക്കു പ്രയോഗിക്കപ്പെടും: ദൃ—ന്തം; മകനു സ്ഥാനവലിപ്പം ഉണ്ടായിരുന്നാൽ അപ്പൻ അവനെപ്പറ്റി താൻ, അയാൾ എന്നു പറയുവാറുണ്ടു. അങ്ങനെ തന്നെ വലിയ ആളുകൾ സമന്മാരെപ്പറ്റി 'തങ്ങൾ' അദ്ദേഹം.' എന്നും, കുറെ താണവരെപ്പറ്റി താൻ, അയാൾ' എന്നും പറക നടപ്പുണ്ടു. മൂന്നാവതു പറച്ചിൽക്കാരനും പറച്ചിലിന്റെ കാൎയ്യവും തമ്മിൽ അടുപ്പം ഉണ്ടായിരുന്നാൽ ആചാരവാക്കുകൾ കുറഞ്ഞും അകലമായിരുന്നാൽ അവ ഏറിയും ഇരിക്കും. ഇങ്ങ

നെ അടുപ്പംകൊണ്ടു ഒരുത്തൻ തന്നിൽ ഉയൎന്നവനെപ്പററി നിഎന്നും 'അവൻ' എന്നും അകലം നിമിത്തം തന്നിൽ ചെറിയവനെപ്പററി താൻ എന്നും അയാൾ എന്നും പറകയുണ്ടു. ഈ മൂന്നു പ്രമാണങ്ങളും തമ്മിൽ ചില സംഗതികളിൽ ഭിന്നിച്ചു വരുന്നതാകകൊണ്ടു അവയിൽ ഏതുകൊള്ളിക്കണമെന്നു ചിലപ്പോൾ സംശയിക്കുന്നതിന്നിടയുണ്ടാകും. എന്നാൽ ബഹുമാനകരം വേണ്ടുന്നിടത്തു ഇല്ലാതിരിക്കുന്നതും വേണ്ടാത്തിടത്തു പ്രയോഗിക്കുന്നതും രണ്ടും ആചാരവാക്കിൽ പോരാത്തതാകുന്നു. ജ്യേഷ്ഠൻ അനുജനെ 'താൻ' എന്നു വിളിച്ചാൽ അതും അനുജൻ ജ്യേഷ്ഠനെ നീ എന്നു വിളിച്ചാൽ അതും ഒരു പോലെ നിന്ദയായിട്ടു വിചാരിക്കപ്പെടും.

രണ്ടാം അദ്ധ്യായം—വചനം.

ഒന്നാം സൎഗ്ഗം—വചനത്തിന്റെ തരഭേദങ്ങൾ.

൨൯൫. വചനം എന്നതു വസ്തുക്കളും, അവയുടെ ഗുണങ്ങളും തമ്മിലുള്ള സംബന്ധത്തെ കാലഭേദം മുതലായ സംഗതികളോടു കൂടെക്കാണിക്കുന്നതാകുന്നു.

൨൯൬. വചനം കൂടാതെ നാമം കൊണ്ടു മാത്രം നമ്മുടെ നിനവുകളെ മററുള്ളവരോടു അറിയിക്കുന്നതിന്നു കഴിയാത്തതാകയാൽ അതു നാമം പോലെ തന്നെ ഭാഷയിൽ ആവശ്യമായിരിക്കുന്നു. എന്നാൽ അതു ഒററ മൊഴിയിൽപ്പല സംഗതികളെ ഉൾപെടുത്തുന്നതു കാരണത്താൽ അതിനെ പരിഛേദനം ചെയ്തു അതിന്റെ സ്വഭാവത്തെ നിശ്ചയിക്കുന്നതിനു വളരെ പ്രയാസമായിട്ടു തീൎന്നിരിക്കുന്നു. എന്തെന്നാൽ 'രാജാവു എഴുതി' എന്ന വാക്യത്തിൽ അടങ്ങിയിരിക്കുന്നതായ എഴുതി എന്ന ആയൊരു പദത്തിൽ 'എഴുതുക' എന്ന ക്രിയയും ആ ക്രിയ രാജാവിനോടു സംബന്ധിക്കുന്നു എന്നും ആ സംബന്ധം കഴിഞ്ഞ കാലത്തിൽ ആയിരുന്നു എന്നും മൂന്നു സംഗതികൾ ഉൾപെട്ടിരിക്കുന്നു. ഇങ്ങനെ വചനത്തിൽ പലസംഗതികൾ അടങ്ങുന്നതു കൊണ്ടു വ്യാകരണക്കാരുടെയിടയിൽ വചനത്തിന്റെ സാരാംശം ഇന്നതെന്നു ഒരു തൎക്കമുണ്ടു. ചിലരുടെ പക്ഷത്തിൽ വചനത്തിന്റെ

പ്രത്യേക ലക്ഷണം വാച്യമായിരിക്കുന്ന ക്രിയ ആകുന്നു എന്നും മറ്റു ചിലരുടെ അഭിപ്രായ മുറെക്കു വസ്തുവും ഗുണവും തമ്മിൽ സംബന്ധിക്കുന്നു എന്നൊ കാണിക്കുന്ന വചനിപ്പാകുന്നു എന്നും ഇങ്ങനെ വിദ്വാന്മാർ ഭിന്നമതമായിരിക്കുന്നു. എന്നാൽ ആദ്യം പറഞ്ഞയഭിപ്രായം വചനത്തെ കുറിച്ചുള്ള സാമാന്യഭാവത്തോടു നല്ലവണ്ണം ഒക്കുന്നു. എന്തെന്നാൽ വചനമെന്നതിൽ ഉൾപ്പെട്ടിരിക്കുന്ന പലതരമായ പദങ്ങൾക്കു ഒക്കയും ക്രിയയുടെ സ്വഭാവം കാണ്മാനുള്ളതും വചനിപ്പൊ ചില തര പദങ്ങളിൽ മാത്രം തെളിവായികാണുന്നതുമാകുന്നു. ആകയാൽ വചനം മലയാഴ്മയിൽ ക്രിയ എന്നും ക്രിയാപദമെന്നും പേർപട്ടിരിക്കുന്നതും അല്ലാതെ അതിന്റെ മൂലം പറയുന്നതിന്നു വചനിപ്പു മുതലായ സംഗതികൾ ഉൾപടാതെ ക്രിയയുടെ സ്വഭാവത്തെ മാത്രം കാണിക്കുന്ന വാച്യനാമത്തെ എടുത്തുപറകയും നടപ്പായിരിക്കുന്നു. എന്നാൽ ശാസ്ത്ര മുറയിൽ നോക്കുമ്പോൾ ഒത്തു കാണുന്നതു പിന്നാലെ പറഞ്ഞ അഭിപ്രായമാകുന്നു. എന്തുകൊണ്ടെന്നാൽ നാമം കൊണ്ടു കഴിപ്പാൻ വഹിയാത്തതു വചനിപ്പാകുന്നു. വചനിപ്പു ഒഴികെ മറ്റെല്ലാ സംഗതികളും നാമംകൊണ്ടും സാധിക്കാകുന്നതുമാകുന്നു: ദൃ—ന്തം, 'രാജാവു കല്പിക്കുന്നു' എന്നതിന്നു പകരം 'രാജാവു കല്പിക്കയാകുന്നു' എന്നും 'രാജാവു കല്പനയാകുന്നു' എന്നും പറഞ്ഞാൽ അൎത്ഥംവരും എന്നാൽ വചനിപ്പു വചനം കൂടാതെ സാധിക്കാകുന്നതല്ല: ദൃ—ന്തം; 'മനുഷ്യൻ പാപി' എന്നും 'വൃക്ഷം ജീവാത്മാവു' എന്നും പറഞ്ഞാൽ വാക്യം മുഴുവനാകയില്ല. എന്തെന്നാൽ കൎത്താവും വാച്യവും തമ്മിലുള്ള സംബന്ധത്തെക്കാണിക്കുന്നതിന്നു ഇവിടെ മൊഴിയില്ല. അതിനുള്ള വാക്കുകളോടു കൂടി 'മനുഷ്യൻ പാപിയാകുന്നു' എന്നും, 'വൃക്ഷം ജീവാത്മാവല്ല' എന്നും പറഞ്ഞാൽ വാക്യം മുഴുവനായും അൎത്ഥം തെളിവായും തീരുന്നു. ഇങ്ങനെ വചനം കൊണ്ടുള്ള സാദ്ധ്യം കൎത്താവും വാച്യവും തമ്മിലുള്ള സംബന്ധത്തെക്കാണിക്കുന്നതു മാത്രമാകയാൽ മുറെക്കു പറയുമ്പോൾ ശുദ്ധവചനങ്ങളായിട്ടു 'ആകുന്നു, അല്ല' എന്നു ഠരം രണ്ടു വചനങ്ങളേയുള്ളു അവയിൽ 'ആകുന്നു' എന്നതു കൎത്താവും വാച്യവും തമ്മിലുള്ള ചേൎച്ചയേയും 'അല്ല' എന്നതു അവ തമ്മിലുള്ള ഭിന്നതയെയും കാണിക്കുന്നു ശേഷം വചനങ്ങളിൽ ഒക്കയും വാച്യം കൂടെ ഉൾപ്പെട്ടിരിക്കുന്നു: ദൃ—ന്തം; 'കല്പിക്കുന്നു' എന്നതിൽ കല്പന എന്നുള്ള വാച്യം കൂടെ അടങ്ങി 'കല്പനയാകുന്നു' എന്ന അൎത്ഥമാകുന്നു. ഠരം മുറെക്കു വിചാരിക്കുംപോൾ ജ്ഞാപകയവസ്ഥ മാത്രമെ വചനത്തിന്നു ആവശ്യമുള്ളു. ആശകയവസ്ഥയും വചനാധേയങ്ങളും നാമധേയങ്ങളും മറ്റും വചനത്തിന്റെ ശിഖരങ്ങളായി വിചാരിക്കപ്പെടുന്ന പദങ്ങളും നാമങ്ങൾ മുഖാന്തരം ജ്ഞാപകയവസ്ഥകൊണ്ടു കഴിക്കാകുന്നതാകുന്നു. എങ്ങനെ എന്നാൽ നീ വാ എന്നതും 'നീ വ

രെണം എന്നതും അൎത്ഥത്തിൽ ശരിയാകുന്നു. എന്നാൽ 'നീ വരെണം' എന്നതു 'നീ വരിക വേണം എന്നതിന്റെ ചുരുക്കവും 'വേണം' എന്നതു 'വേണ്ടുക' എന്നതിന്റെ ജ്ഞാപകയവസ്ഥയുമാകുന്നു. 'ആദി മനുഷ്യൻ കനിതിന്നു മൎത്യനായി' എന്നതു 'ആദി മനുഷ്യൻ കനിതിന്നു അതിനാൽ മൎത്യനായി, എന്നു പറയുന്നതിനോടു ഒക്കും. 'മഴ പെയ്തിൽ വെള്ളം പൊങ്ങും' എന്നതും മഴ പെയ്കയിൽ വെള്ളം പൊങ്ങും എന്നതും തമ്മിൽ അൎത്ഥഭേദമില്ല. 'തുള്ളുന്ന മാടു ചുമക്കും' എന്നതിന്നു പകരം ഏതു മാടു തുള്ളുന്നു ആ മാടു ചുമക്കും; എന്നു പറയാം. വചനിപ്പിന്നു കാലഭേദവും ആവശ്യമില്ല. എന്തെന്നാൽ ദൈവം നിത്യനാകുന്നു, എന്നതിൽ 'ആകുന്നു' എന്നതു വൎത്തമാനകാല രൂപത്തിൽ തന്നെ എങ്കിലും പദാൎത്ഥം ഇപ്പോഴും എപ്പോഴും ഒരു പോലെ സത്യമാകകൊണ്ടു വൎത്തമാനകാലത്തിന്റെ അൎത്ഥം അതിൽ വരാതിരുന്നാൽ അതു അധികയുക്തമായിരിക്കും. എന്നാൽ ആകുന്നു അല്ല എന്നവ ഒഴികെ ശേഷം വചനങ്ങൾ ഒക്കയും (വാച്യത്തോടു കൂടിയ്യയായ) സവാച്യവചനങ്ങളും വചനിപ്പു അവയുടെ സാധാരണ ലക്ഷണവുമാകയാൽ വചനങ്ങൾ ഒന്നിൽനിന്നു ഒന്നു വിവരപ്പെടുന്നതു അവയ്ക്കു പൊതുവില്ലുള്ള ലക്ഷണമായിരിക്കുന്ന വചനിപ്പുകൊണ്ടല്ല തമ്മിൽ തമ്മിൽ വ്യത്യാസമായിരിക്കുന്ന വാച്യങ്ങളെകൊണ്ടാകുന്നു. ആകയാൽ ഓരോരൊ വചനങ്ങളുടെ പേരു പറയുന്നതിൽ വാച്യനാമം എടുത്തു പറഞ്ഞു വരുന്നതു യുക്തമായിട്ടുള്ളതു തന്നെ; അതുകാരണത്താൽ ധാതുവിൽനിന്നു വാച്യനാമം ഉണ്ടാകുന്നതു ഇന്നപ്രകാരം എന്നു ആദ്യം തന്നെ കാണിപ്പാനുള്ളതാകുന്നു.

൨൩൭. വചനത്തിന്റെ ധാതുവായതു വചനിപ്പു, ഭാവം, അവസ്ഥ, കാലം, മുതലായ വിശേഷങ്ങളെ കൂടാതെ വാച്യത്തിന്റെ തന്നു ഗുണത്തെ മാത്രം കാണിക്കുന്ന പ്രകൃതിരൂപമാകുന്നു. അതിൽനിന്നു വാച്യനാമവും ശേഷം വചനത്തിനുള്ള ശിഖരങ്ങൾ ഒക്കയും ഉണ്ടാകുന്നു.

൨൩൮. വചനത്തിന്റെ ശിഖരങ്ങൾ ധാതുവിൽനിന്നു വരുന്നു എന്നു വിചാരിക്കുന്നതു കാൎയ്യത്തിന്നു കൊള്ളുന്നതും നടപ്പിന്നു ഒക്കുന്നതും ആകുന്നു. അതിന്നു പകരം വൎത്തമാനകാല രൂപത്തിൽനിന്നു വരുന്നു എന്നു ഭാവിച്ചാൽ വളരച്ചുററിന്നും സംശയത്തി

ന്നും ഇടവരും: ദൃ—ന്തം; 'കറ' (പാലു കറ) കറക്കുക-കറക്കുന്നു-കറന്നു, കറക്കും, (ഛൎദിക്ക) കറക്കുക-കറക്കുന്നു-കറക്കി എന്നൊരും രണ്ടു വചനങ്ങൾക്കും വൎത്തമാന കാലം രൂപത്തിൽ ഒന്നു തന്നെ ആകുന്നു. എന്നാൽ അവ അൎത്ഥത്തിലും ധാതുവിലും ശിഖരങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നതും ആ വ്യത്യാസം തമ്മിൽ രൂപഭേദം ഇല്ലാത്ത വൎത്തമാനകാലത്തിൽനിന്നു വരുത്തുവാൻ വഹിയാത്തതും ആകുന്നു.

൧൯൯. ധാതുവിൽനിന്നു വാച്യനാമം ഉണ്ടാകുന്നതു ക, ക്കുക, എന്ന പ്രത്യയങ്ങൾ ചേരുന്നതിനാൽ ആകുന്നു: ദൃ—ന്തം; അറി-അറിക; നെയ്യു—നെയ്ക; അടെ-അടെക; 'നട്ടു—നട്ടുക; ചരി—ചരിക്കുക; നട—നടക്കുക; അട്ടു—അട്ടുക്കുക. എന്നാൽ വാച്യനാമത്തിലെ ക്കുക, കുക എന്നവ ക്ക, ക എന്നവയായിട്ടു ചുരുങ്ങുക നടപ്പാകുന്നു: ദൃ—ന്തം; 'നടക്കുക=നടക്ക; നില്ക്കുക=നില്ക്ക; ആകുക=ആക.'

൨൦൦. അകാരാന്ത ധാതുക്കൾ വാച്യനാമത്തിന്നു ക്കുക എന്ന പ്രത്യയത്തെച്ചേൎക്കും: ദൃ—ന്തം; 'നട-നടക്കുക' പറ-പറക്കുക, ചുമ-ചുമക്കുക, പര-പരക്കുക.; 'എ, ഈ' എന്നവയിൽ അന്തമാം ധാതുക്കൾക്കു ക, ക്കുക, എന്നവ രണ്ടും ചേരും: ദൃ—ന്തം; 'മറെ-മറെക' അടെ-അടെക; പറെ പറെക; കരി-കരിക മറെ=മറെക്കുക; അടെ=അടെക്കുക; കരി= കരിക്കുക; തടി=തടിക്കുക.; എന്നാൽ എകാരം ക, ഞ്ഞു, ച്ചു, എന്നവയുടെ മുൻപിൽ അകാരമായിട്ടു മാറുക നടപ്പുണ്ടു: ദൃ—ന്തം; 'അടക, അടഞ്ഞു, അടച്ചു.'

൨൦൧. അൎദ്ധാച്ചോടു കൂടിയ ഒററ ഹല്ലിൽ അവസാനിക്കുന്നതും മുൻപിൽ ഒരു ഹ്രസ്വാക്ഷരം മാത്രം ഉള്ളതുമായ ധാതുക്കളിൽ അൎദ്ധാച്ചു ഉകാരമായിട്ടു തിരിഞ്ഞതിന്റെ ശേഷം ചിലതിന്നു ക എന്നതും ചിലതിന്നു ക്കുക എന്നതും ചേരും: ദൃ—ന്തം; 'നട്ടു_നട്ടുക; അറു-അറുക; ഉഴു-ഉഴുക; തട്ടു-തട്ടുക്കുക; അറ്റു-അറ്റുക്കുക, പഴു-പഴുക്കുക.'

൨൦൨. മുൻപിൻ ഒററയക്ഷരം മാത്രമായും യ് ർ, ൽ, ൾ, ഴ, എന്നവയിൽ അന്തമായും വരുന്ന ധാതുക്കൾക്കു ഉക, ക്കുക എന്നു രണ്ടു പ്രത്യയങ്ങൾ കൊണ്ടും വാച്യനാമം ഉണ്ടാകും:

ദൃ—ന്തം, 'ചായ്യു—ചായ്യുക; തീർ-തീരുക' 'വാൽ—വാലുക' 'നീൾ—നീളുക' 'താഴ-താഴുക' 'ചായ്യു-ചായ്ക്കുക' തീർ—തീർക്കുക' നിൽ-നില്ക്കുക' വേൾ—വേൾക്കുക' താഴ—താഴ്ക്കുക.

൩൦൩. മേൽപ്പറഞ്ഞ സൂത്രങ്ങളിൽ ഉൾപ്പെടാത്ത ധാതുക്കൾക്കു ഒക്കയും വാച്യനാമത്തിൽ ക എന്നതെ വരു: ദൃ—ന്തം; 'ആട്ടു ആട്ടുക' മയങ്ങു-മയങ്ങുക' അകലു-അകലുക' അകററു-അകററുക' എന്നാൽ 'താ-തരിക വാ-വരിക' പോ-പോകുക' എന്നവ ബാധകങ്ങൾ ആകുന്നു.

൩൦൪. പ്രതിഭാവ വാച്യനാമം ഉണ്ടാകുന്നതു സ്വയഭാവത്തിലെ ഉക എന്നതിനെ ആയ്ക എന്നു മാററുന്നതിനാൽ ആകുന്നു: ദൃ—ന്തം; 'നടക്കുക-നടക്കായ്ക' 'ഉണ്ണുക-ഉണ്ണായ്ക.'

൩൦൫. വചനങ്ങൾ ഉത്ഭവം നോക്കുമ്പോൾ മൂല വചനങ്ങൾ എന്നും തദ്ധിത വചനങ്ങൾ എന്നും ഇങ്ങനെ രണ്ടു വകയായിരിക്കുന്നു. മൂല വചനങ്ങൾ മൂല ധാതുക്കളിൽനിന്നു ശിഖരിക്കുന്നവയാകുന്നു: ദൃ—ന്തം; 'വാ—വരിക' നട-നടക്കുക; തദ്ധിത വചനങ്ങൾ മൂലധാതുക്കളിൽനിന്നു എങ്കിലും നാമങ്ങളിൽനിന്നു എങ്കിലും ഉണ്ടാകുന്നധാതുക്കളുടെ ശിഖരിപ്പുകൾ ആകുന്നു: ദൃ—ന്തം; 'നട=നു: നടത്തു-നടത്തുക; അകലു—അകററു—അകററുക; ആടു—ആട്ടു—ആട്ടുക; കോപം—കോപി=കോപിക്കുക; ഭാരം-ഭരി—ഭരിക്കുക'.

൩൦൬. നാമത്തോടു ക്കുക എന്നതു ചേരുംപോൾ വാച്യനാമം ഉണ്ടാകുന്നു: ദൃ—ന്തം; 'പൂ-പൂക്കുക: ചിരി-ചിരിക്കുക: നന്ദി-നന്ദിക്കുക: കായ്യു-കായ്ക്കുക.' എന്നാൽ അ, അം, നം, ന, ണം, എന്നവ മുതലായ അന്തങ്ങൾ ഇ എന്നതായിട്ടു തിരികയും ചില പദങ്ങളിൽ മുൻപിലത്തെ ദീർഘം ഹ്രസ്വമാകയും ചെയ്യും: ദൃ—ന്തം; 'കോപം-കോപി-കോപിക്കുക; മാനം-മാനി മാനിക്കുക; ഗമനം-ഗമി-ഗമിക്കുക; വായന-വായി-വായിക്കുക; മരണം-മരി-മരിക്കുക' വാസം-വസി-വസിക്കുക.' ശാപം-ശപി-ശപിക്കുക ചിലനാമങ്ങളോടു 'ചെയ്ക, പടുക, ഏല്ക്കുക' എന്നവമുതലായ സഹായവചനങ്ങൾ കൂടിച്ചേൎന്നു മററുവചനങ്ങൾ ഉണ്ടാകും:

ദൃ—ന്തം; 'വിവാഹം ചെയ്യു; കൊപപ്പെടുക, ഭരമേല്ക്കുക; കല്ലെറിക; മരം കേറുക; കപ്പലോടുക.'

൩൦൭. അ, ട, രു, ഴ. എന്നവയിൽ അവസാനിക്കുന്ന ധാതുക്കളിൽ പലതിനോടും ത്തു എന്നതു ചേൎന്ന മറ്റു ധാതുക്കൾ ഉണ്ടാകും: ദൃ—ന്തം; 'നട—നടത്തു—നടത്തുക; കെട്ടു—കെട്ടുത്തു കെട്ടുത്തുക; ചോരു—ചോൎത്തു—ചോൎത്തുക; താഴ—താഴ്ത്തു—താഴ്ത്തുക. അങ്ങനെ തന്നെ 'ഇരി—ഇരുത്തു—ഇരുത്തുക: ചെല്ലു—ചെലുത്തു. ചെലുത്തുക; നില്ലു—നിറുത്തു—നിറുത്തുക, വാ—വരുത്തു—വരുത്തുക.'

൩൦൮. മേല്പ്പറഞ്ഞവയിൽ ഉൾപ്പെടാത്തതും വാച്യനാമം ക എന്നതിൽ വരുന്നതുമായ വചനങ്ങൾക്കു ധാതുവിന്റെ അന്തത്തിൽ വരുന്ന ഹല്ലു തന്റെ വൎഗ്ഗത്തിലെ ഇരട്ട ഖരമായിട്ടു തിരിയുന്നതിനാൽ ചില തദ്ധിത വചനങ്ങൾ ഉണ്ടാകും. വിവരപ്പെടുത്തണമെങ്കിൽ ക, ങ്ങ എന്നവ ക്കു എന്നാകും: ദൃ—ന്തം; 'പഴകു—പഴക്കു—പഴക്കുക; മുങ്ങു—മുക്കു—മുക്കുക' പൊ—പൊക്കു പൊക്കുക യ്യ എന്നതു ച്ചു എന്നു ആകും: ദൃ—ന്തം; 'കായു—കാച്ചു—കാച്ചുക; ട, ണ. ണ്ണ, ളു എന്നവ ട്ടു എന്നു തിരിയും: ദൃ—ന്തം; 'ആടു—ആട്ടു—ആട്ടുക; കാണു—കാട്ടു—കാട്ടുക; ഉണ്ണു—ഊട്ടു—ഊട്ടുക; ചുരുളു—ചുരുട്ടു—ചുരുട്ടുക; റ, ല, ന്ന എന്നവ റ്റ എന്നതായിട്ടു തിരിയും: ദൃ—ന്തം; 'മാറു—മാറ്റു—മാറ്റുക; അകലു—അകറ്റു—അകറ്റുക: തിന്നു—തീറ്റു—തീറ്റുക'

൩൦൯. മേല്പ്പറഞ്ഞവയിൽ ഉൾപ്പെടാത്തതും വാച്യ നാമം ക്കുക എന്നതിൽ വരുന്നതും ആയ പല വചനങ്ങളിൽനിന്നും തദ്ധിത വചനങ്ങൾ പ്പി എന്നതു ചേരുന്നതിനാൽ ഉണ്ടാകുന്നു: ദൃ—ന്തം; 'ഉടു—ഉടുപ്പി—ഉടുപ്പിക്കുക പഠി—പഠിപ്പി—പഠിപ്പിക്കുക; കേൾ—കേൾപ്പി—കേൾപ്പിക്കുക.'

൩൧൦. മൂലവചനത്തിന്റെ കൎത്താവു തദ്ധിത വചനത്തിൽ കൎമ്മമായി ഭവിക്കുന്നു: ദൃ—ന്തം; 'ചാട്ട-ഉരുളുക-ചാട്ടിനെയുരുട്ടുക; അവൻ ഉടുത്തു-അവനെ ഉടുപ്പിച്ചു.' ആകയാൽ മൂലവചനം അകൎമ്മക ക്രിയയായിരുന്നാൽ തദ്ധിതം സകൎമ്മകമായിട്ടും അതു സകൎമ്മകമായിരുന്നാൽ ഇതു ദ്വികൎമ്മകമായിട്ടും തീരുന്നു: ദൃ—ന്തം; ,വെള്ളം പൊങ്ങി; അവൻ അതിനെ പൊക്കി;

രാജാവു അവനെ ഏററു; ഇവനെ രാജാവി നെ ഏല്പിക്കരുതു.'

൩൧൧. വചനങ്ങൾ സ്വഭാവം നോക്കും പൊൾ ശുദ്ധവചനം, വാച്യവചനം എന്നി ങ്ങനെ രണ്ടു തരമായിരിക്കുന്നു. വാച്യവചനം ഭാവ വചനം എന്നും സംഭവ വചനമെന്നും ക്രിയാവചനമെന്നും മൂന്നു വകയാകും ക്രിയാ ചനം, അകൎമ്മകമെന്നും സകൎമ്മകമെന്നും കാ രണി എന്നും കൎമ്മണി എന്നും ഇങ്ങനെ നാലു കൂട്ടമായിരിക്കുന്നു.

൩൧൨. ശുദ്ധവചനങ്ങൾ 'ആകുന്നു, അല്ല' എന്നവ ത ന്നെ. മേൽപ്പറഞ്ഞിരിക്കുന്നപ്രകാരം അവയിൽ വാച്യം അവസ്ഥ മുതലായവ ഒന്നും ഉൾപ്പെടുന്നില്ല. വചനിപ്പിന്നു കാലഭേദവും ആ വശ്യമില്ല എങ്കിലും നാം വചനിക്കുന്ന പദാൎത്ഥങ്ങളിൽ മിക്കതും കാല ഭേദംകൊണ്ടു മാററം വരുന്ന പൊരുളുകളെസ്സംബന്ധി ച്ചാകയാൽ ശുദ്ധവചനങ്ങളിൽ കാല ഭേദം അടങ്ങിയിരിക്കുന്നതു നന്നു തന്നെ.

൩൧൩. ഭാവവചനങ്ങൾ. ഉണ്ടു 'ഇല്ല നില്ക്കുക, ഇരിക്ക, കിടക്ക, ഉറങ്ങുക.' എന്നിങ്ങനെയുള്ളവയാകുന്നു. അവയിൽ 'ഉണ്ടു, ഇല്ല' എന്നവ സാധാരണ ഭാവത്തോടു കൂടെ വചനിക്കയും ശേഷം ഉള്ളവയൊക്കയും പ്രത്യേകം ഒരോ ഭാവത്തെകാണിക്ക യും ചെയ്യുന്നു.

൩൧൪. സംഭവവചനങ്ങൾ. വചന കൎത്താവിന്നു ഒരു പട്ടതിയിൽനിന്നു മറെറാരു പട്ടതിയിലെക്കു ഉണ്ടാകുന്ന മാററ ത്തോടു കൂടെ വചനിക്കുന്നവയാകുന്നു. ആയ്തു 'ഉണ്ടാക, ഭവിക്ക, സംഭവിക്ക, വരിക, പോക, നീങ്ങുക, വിഴുക, താഴുക, പൊ ങ്ങുക' എന്നിപ്രകാരമുള്ളവ ആകുന്നു. 'ഉണ്ടു ഇല്ല, എന്നവ ഒഴി കെ ശേഷം ഭാവവചനങ്ങൾക്കു ഒക്കയും സംഭവ വചനങ്ങളാ യിട്ടു കൂടെ പ്രയോഗം ഉണ്ടു. എന്തെന്നാൽ 'നില്ക്ക, ഇരിക്ക, കിടക്ക ഉറങ്ങുക, എന്നവയും മററും നില, ഇരിപ്പു, കിടപ്പു, ഉറ ക്കം, മുതലായ അവസ്ഥയിൽ കൎത്താവു ഇരിക്കുന്നു എന്നു അൎത്ഥം ആകുംപൊൾ ഭാവവചനങ്ങളും മേൽപ്പറഞ്ഞ അവസ്ഥയിലേക്കു വരുന്നു എന്നു പൊരുളാകുംപോൾ സംഭവവചനങ്ങളും ആ കുന്നു.

൩൧൫. ക്രിയാവചനം കൎത്താവു ചെയ്യുന്ന ക്രിയയോടു കൂ

ടെ വചനിക്കുന്നതാകുന്നു. 'നടക്കു, ഓടുക, പഠിക്കു' എന്നിങ്ങനെ യുള്ളവ തന്നെ. ൩൦ വക വചനങ്ങൾ മററവയിലും തുലോം അധി കമാകയാൽ വചനത്തിന്നു ക്രിയാപദമെന്നു പൊതുവിൽ പേരു വീണിരിക്കുന്നു. എന്നാൽ ഭാവവും സംഭവവും ക്രിയയും തമ്മിൽ വളരെ വ്യത്യാസം ഉണ്ടു. ഭാവം കൎത്താവിന്നുള്ളതാകുന്നു. സംഭവം കൎത്താവിന്നു വന്നു കൂടുന്നതാകുന്നു. ക്രിയ കൎത്താവു വരുത്തുന്ന താകുന്നു. ഭാവവും സംഭവവും ചരാചരങ്ങൾക്കു പൊതുവിൽ ഉള്ള താകുന്നു. ക്രിയ മുറെക്കു പറയുംപോൾ ജീവജന്തുക്കളെയും പ്ര ത്യേകം ജീവാത്മാക്കളെയും സംബന്ധിക്കുന്നതാകുന്നു. എന്നാൽ ഭാവ വചനങ്ങളിലും സംഭവവചനങ്ങളിലും പലതും ജീവജന്തു ക്കളെയും ജീവാത്മാക്കളെയുംകുറിച്ചു പറയുന്നുണ്ടു. അവയെകൎ ത്താവു തന്റെ മനസ്സും ശക്തിയും കൊണ്ടുവരുത്തുംപോൾ അവ ക്രിയാവചനങ്ങളാകുന്നു. ഇങ്ങനെ 'ഇരിക്കു കിടക്കു' എന്നവ മു തലായ ഭാവവചനങ്ങൾക്കും 'വരിക പോക വീഴുക' എന്നവ മുതലായ സംഭവവചനങ്ങൾക്കും ക്രിയാവചനങ്ങളായിട്ടു പ്ര യോഗമുണ്ടു. നേരെ മറിച്ചു ക്രിയാവചനങ്ങൾ സംഭവവചനങ്ങ ളായിട്ടും പ്രയോഗിക്കപ്പെടും : ദൃ—ന്തം ; 'ഇനിക്കു ബോധിച്ചു; ഞാൻ അറിഞ്ഞു.'

൩൧൬. ചില സംഭവ വചനങ്ങൾക്കും സം ഭവ വചനങ്ങളായിട്ടു പ്രയോഗിക്കപ്പെടുന്ന ക്രി യാവചനങ്ങൾക്കും കൎത്താവു ഉണ്മാനമായിരി ക്കും: ദൃ—ന്തം ; 'ഇനിക്കു (മനസ്സു) ബോധിച്ചു: അവനു (തല) നരച്ചു.' ഇങ്ങനെയുള്ള വച നങ്ങൾക്കു അകൎത്തൃ വചനം എന്നു പേരായി രിക്കുന്നു. കൎത്താവു തെളിമാനമായിരിക്കുന്നവ സകൎത്തൃവചനമെന്നും ചൊല്ലപ്പെടുന്നു. കൎത്താ വില്ലാതെ പ്രയോഗിക്കപ്പെടുന്നവ 'തോന്നുക, ബോധിക്കു, ലഭിക്കു, വേണ്ടുക, കിട്ടുക, വിശ ക്കു, ദാഹിക്കു, നരെക്കു, കുളിരുക, വിറെക്കു, എ ന്നവ മുതലായിട്ടു മനോവികാരങ്ങളെയും ദേഹ വികാരങ്ങളെയും സംബന്ധിക്കുന്നവയാകുന്നു.

൩൧൭. മനോവികാരങ്ങളെ സംബന്ധിക്കുന്നവെക്കു വികാരപ്പട്ട പൊരുൾ ചതുൎത്ഥിയിലും ദേഹവികാരങ്ങളെക്കുറിക്കുന്നവെക്കു

വികാരപ്പെട്ട പൊരുൾ ദ്വിതീയയിലും ആകും: ദൃ—ന്തം; 'ഇനിക്കു വിശക്കുന്നു, അവന്നു ദാഹിച്ചു; അവൾക്കു കിട്ടും; എന്നെ നരെച്ചു; അവളെത്തുള്ളി.' പിന്നയും 'എന്നെത്തണുക്കുന്നു' എന്നതിനു 'എന്നെത്തൊടുന്നവൎക്കു തണുക്കുന്നു' എന്നു അൎത്ഥം; 'ഇനിക്കു തണുക്കുന്നു' എന്നു പറഞ്ഞാൽ 'ഞാൻ തണുപ്പു അനുഭവിക്കുന്നു' എന്നു അൎത്ഥം. എന്നാൽ ചില അകൎത്തൃവചനങ്ങളിൽ ദ്വിതീയയും ചതുൎത്ഥിയും വിശേഷാൽ അൎത്ഥഭേദം കൂടാതെ പ്രയോഗിക്കപ്പെടുന്നുണ്ടു: ദൃ—ന്തം; 'എന്നെ നരെച്ചു, ഇനിക്കു നരെച്ചു' വിശേഷിച്ചും മേൽപ്പറഞ്ഞ വികാരങ്ങൾ പുറമെയുള്ള ഹേതുക്കളാൽ വരാതെ കൎത്താവു താനെ വരുത്തുന്നവയായിരുന്നാൽ അപ്പോൾ വചനകൎത്താവു പ്രഥമയിൽ തെളിമാനമായിത്തന്നെയിരിക്കും: ദൃ—ന്തം; 'അവൻ പ്രസാദിച്ചു, അവൾ വിശന്നു, വേലൻ തുള്ളുന്നു.

൩൭൮. ക്രിയയുടെ വികാരം മറ്റൊന്നിങ്കൽ ഏശാതെ കൎത്താവിങ്കൽ തന്നെ നില്ക്കുന്നു എങ്കിൽ ആ ക്രിയെക്കു അകൎമ്മകമെന്നു പേരാകും: ദൃ—ന്തം ; 'കുരങ്ങു ചാടുന്നു; വേലൻ തുള്ളി.

൩൭൯. വികാരം കൎത്താവിങ്കൽ തന്നെ നില്ക്കാതെ മറ്റൊന്നിങ്കൽ ഏല്പിക്കുന്ന ക്രിയ സകൎമ്മകമാകുന്നു; വികാരം ഏല്ക്കുന്ന പൊരുൾ കൎമ്മമെന്നു പേരായി ദ്വിതീയയിൽ നില്ക്കും: ദൃ—ന്തം; 'ആശാൻ പൈതലിനെ അടിച്ചു; പിതാവു പുത്രനെ ശിക്ഷിക്കും.'

൩൮൦. ഒരു ധാതുവിന്നു തന്നെ ക, ക്കുക എന്നിങ്ങനെ രണ്ടു തരം ശിഖരങ്ങൾ ഉണ്ടായിരുന്നാൽ മുമ്പിലത്തതു അകൎമ്മകവും പിന്നത്തേതു സകൎമ്മകവും ആകും: ദൃ—ന്തം; 'അടെ—അടെക—അടെക്കുക, മറി—മറിക—മറിക്കുക; മേയു—മേയുക—മേയ്ക്കുക; തീരു—തീരുക—തീൎക്കുക, താഴ—താഴക—താഴ്ത്തുക.' ചില ക്രിയകൾ രൂപഭേദം കൂടാതെ അകൎമ്മകമായിട്ടും സകൎമ്മകമായിട്ടും രണ്ടു പ്രകാരത്തിലും പ്രയോഗിക്കപ്പെടും: ദൃ—ന്തം; 'എന്നോടു കല്പിച്ചു (എന്നോടു കല്പനയായിട്ടു പറഞ്ഞു) എന്നെ കല്പിച്ചു (എന്നെ കല്പനയോടു നിയമിച്ചു) അവനെ വിലക്കി' അവനോടു വിലക്കി; മുണ്ടുകീറി' അവൻ മുണ്ടുകീറി; മഴവൎഷിക്കുന്നു' വില്ലാളി അസ്ത്രം വൎഷിക്കുന്നു.'

൩൨൧. രണ്ടു കൎമ്മങ്ങളോടു കൂടിയ ചില ക്രിയകൾ ഉണ്ടു. ആയവെക്കു ദ്വികൎമ്മകമെന്നു പേരായിരിക്കുന്നു: ദൃ—ന്തം; 'ഗുരു ശിഷ്യനെ വിദ്യ പഠിപ്പിക്കെണം, 'ഗോപാലൻ പശുവെപ്പാലെ കറന്നു'. ദ്വികൎമ്മകമായിട്ടു വരുന്ന ക്രിയകൾ പ്രധാനമായിട്ടു മൂല സകൎമ്മകങ്ങളിൽനിന്നു വരുന്ന തദ്ധിതങ്ങളാകുന്നു. (൩൦൨—൩൧൯) ആസ്ഥ 'ഒള്ളിക്ക, പഠിപ്പിക്ക, ഉടുപ്പിക്ക, കാട്ടുക, ഊട്ടുക, തീറ്റുക, കടത്തുക, ചുമത്തുക, എന്നവ മുതലായു തന്നെ. രണ്ടു കൎമ്മങ്ങളിൽ ഒന്നാളും ഒന്നു വസ്തുവും ആയിരുന്നാൽ വസ്തുവിന്നു വിഭക്തിരൂപം വരിക ഏറ നടപ്പില്ല: ദൃ—ന്തം; 'അവൻ എന്നെ ഒരു പുസ്തകം കാട്ടി; ഞാൻ നിന്നെ പഴം തീററിയതിന്നു നീ എന്നെ ചോറ്റൂട്ടിയൊ, എന്നാൽ കൎമ്മം രണ്ടും ആളായിരുന്നാൽ സംബന്ധവ്യത്യാസം അറിയുന്നതു നിലഭേദം കൊണ്ടാകുന്നു: ദൃ—ന്തം, 'മുൻനിലക്കാരൻ കള്ളനെ നായിക്കനെ ഏല്പിച്ചു, ഇവിടെ മുൻപെ ദ്വിതീയയിൽ നില്ക്കുന്നതു ഏല്ക്കപ്പെട്ട പൊരുളും പിന്നെ ദ്വിതീയയിൽ നില്ക്കുന്നതു ഏററ പൊരുളും ആകുന്നു. അങ്ങനെ തന്നെ 'ഞാൻ നിന്നെ രാജാവിനെക്കാട്ടാം, എന്നതിൽ ആരു കണ്ടു എന്നും ആരെക്കണ്ടു എന്നും അറിയുന്നതു നിലഭേദം കൊണ്ടാകുന്നു. രണ്ടിൽ അധികം കൎമ്മങ്ങൾ വരുന്ന ചില ക്രിയകൾ ഉണ്ടു എന്നാൽ അങ്ങനെ കൎമ്മത്തിൽ വരുന്ന നാമം ദ്വിതീയ എന്നല്ല ക്രിയയുടെ ഒരു അംശമായിട്ടത്രെ വിചാരിക്കപ്പെടുന്നതു: ദൃ—ന്തം ; 'യജമാനൻ അക്കാൎയ്യം എന്നെ ഭരമേല്പിച്ചു, വ്യഭിചാരികളെ കല്ലെറിഞ്ഞു കൊല്ലുക യൂദന്മാരുടെ ഇടയിൽ നടപ്പായിരുന്നു.

൩൨൨. കാരണി ക്രിയകൾ എന്നവ മൂല ക്രിയയുടെ കൎത്താവിനെ ഉത്സാഹിപ്പിക്കയൊ മനസ്സാക്കുകയൊ സമ്മതിപ്പിക്കയൊ ചെയ്യുന്നു എന്നു കാണിക്കുന്നവയാകുന്നു. ക്രിയ ചെയ്യുന്നതിന്നു ഹേതുവായിരിക്കുന്ന കാരണം കൎത്താവായിട്ടു വിചാരിക്കപ്പെട്ടു പ്രഥമയിലും ക്രിയ ചെയ്യുന്ന കൎത്താവു കാരണത്തിന്റെ തുണയായിട്ടു വിചാരിക്കപ്പെട്ടു 'കൊണ്ടു' എന്ന അവ്യയത്തോടു കൂടെ ദ്വിതീയയിലും അന്വയിക്കപ്പെടും: ദൃ—ന്തം ; 'രാജാവു ശിപായിയെക്കൊണ്ടു അടിപ്പിച്ചു എന്നതിന്നു രാജാവിന്റെ പേക്കായിട്ടും

അവൻെറ കല്പനപ്രകാരവും ശിപായി അടിച്ചു എന്നു അൎത്ഥമാകുന്നു; 'അപ്പശ്ശൂകറപ്പിക്കും, എന്നു പറഞ്ഞാൽ അതു കറപ്പാൻ സമ്മതിക്കുമെന്നു പൊരുളാകും തുണെക്കാരനെത്തെ ആവശ്യം പോലെ വിവരപ്പെടുത്തിയാൽ മതി: ദൃ—ന്തം, 'രാജാവു തന്നെയും വിസ്തരിച്ചു തീൎപ്പു ചെയ്യിക്കാതെ കുടിയാന്മാരെ അടിപ്പിക്കരുതു.'

൩൨൩. കാരണിക്രിയ ഉണ്ടാകുന്നതു വാച്യനാമത്തിലെ ക എന്നതു ഇക്കുക എന്നതായിട്ടും ക്കുക എന്നതു പ്പിക്കുക എന്നതായിട്ടും മാറുന്നതിനാൽ ആകുന്നു: ദൃ—ന്തം; 'മുങ്ങുക—മുങ്ങിക്കുക, നടക്കുക—നടപ്പിക്കുക—നടത്തുക—നടത്തിക്കുക. ചില ക്രിയകൾക്കു കാരണിബന്ധം ആവൎത്തിച്ചു വരികയും ഉണ്ടു അപ്പോൾ അവ ദ്വികാരണിക്രിയകൾ ആകും: ദൃ—ന്തം; 'ഞാൻ ചാണ്ടിയെക്കൊണ്ടു തൊമ്മനോടു പറയിച്ചു. അച്ചനോടു അറിയിപ്പിച്ചു.

൩൨൪ കാരണി ക്രിയയും മൂല ക്രിയയിൽനിന്നുണ്ടാകുന്ന ചില തദ്ധിത ക്രിയയും തമ്മിൽ രൂപത്തിൽ ഒക്കുമെങ്കിലും അവ തമ്മിൽ നല്ലവണ്ണം വിവരപ്പെടുത്തുവാൻ ഉള്ളതാകുന്നു, എന്തെന്നാൽ തദ്ധിതത്തിൽ മൂലത്തിൻെറ സ്വഭാവം മാറുന്നു കാരണിയിൽ മൂലത്തിൻെറ കൎത്താവു മാറുന്നു. തദ്ധിതത്തിൽ മൂലത്തിലെക്കൎത്താവു കൎമ്മമായി ഭവിക്കയും കാരണിയിൽ മൂലത്തിലെക്കൎത്താവു തുണകാരണമായിട്ടു തീരുകയും ചെയ്യുന്നു. തദ്ധിതക്രിയയുടെ പ്രഥമ ക്രിയ ചെയ്യുന്ന കൎത്താവാകുന്നു. കാരണിക്രിയയുടെ പ്രഥമ മൂലക്രിയ ചെയ്യുന്നതിന്നു തുണകാരണത്തെ ഹേമിക്ക ഉത്സാഹിപ്പിക്ക, മനസ്സാക്കുക, സമ്മതിപ്പിക്ക മുതലായതു ചെയ്യുന്ന കൎത്താവാകുന്നു. മൂലത്തിൽ കൎത്താവായിരുന്ന തദ്ധിതത്തിൻ കൎമ്മം ആളുകളും വസ്തുക്കളും ആയി വരും. കാരണിയിൽ തുണകാരണമായി ഭവിക്കുന്ന മൂലത്തിൻ കൎത്താവു ആളുകൾ മാത്രമെ ഉള്ളു: ദൃ—ന്തം ; അരയൻ മുങ്ങുന്നു എന്നു പറയുന്നതു മുങ്ങുക അരയൻ ചെയ്യുംപോൾ ആകുന്നു. അരയൻ മുക്കുന്നു എന്നു പറയുന്നതു അരയൻ മറ്റൊരു വസ്തുവിനെ മുങ്ങ

വാൻ ഇടവരുത്തുംപോൾ ആകുന്നു. അരയൻ മുങ്ങിക്കുന്നു എന്നു പറയുന്നതു അരയൻ മറ്റൊരുത്തനെ പറഞ്ഞു മനസ്സുവരുത്തീട്ടു ആയവൻ മുങ്ങുംപോൾ ആകുന്നു.

൩൨൫. കൎമ്മണിക്രിയ എന്നതു മൂല ക്രിയയിലെ കൎമ്മം കൎത്താവായി ഭവിപ്പിക്കുന്നതാകുന്നു. മൂല ക്രിയയിലെ ദ്വിതീയ ഇതിൽ പ്രഥമയായും അതിലെ പ്രഥമ ഇതിൽ പഞ്ചമിയായും തീരുന്നു. ആകയാൽ സകൎമ്മക ക്രിയയിൽ നിന്നേ കൎമ്മണി ക്രിയ ഉണ്ടാകു. അതുണ്ടാകുന്നതു സകൎമ്മകത്തിന്റെ അന്തത്തോടു 'ഏല്ക്കുക, കൊള്ളുക, അനുഭവിക്കുക എന്നിങ്ങനെ അൎത്ഥമാകുന്ന 'പെടുക' എന്നതു ചേരുന്നതിനാലാകുന്നു: ദൃ—ന്തം; 'സലൊമ്മോൻ ദേവാലയത്തെ പ്പണിയിച്ചു' എന്നതിന്നു സലോമ്മോനാൽ ദേവാലയം പണിയിക്കപ്പെട്ടു എന്നു വരുംപോൾ ക്രിയെക്കു കൎമ്മണി എന്നു പേരാകും. ക്രിയ ചെയ്യുന്ന കൎത്താവു ആവശ്യം പോലെ പറയപ്പെട്ടാൽ മതി: ദൃ—ന്തം; 'കുലപാതകം ചെയ്യുവൻ കൊല്ലപ്പെടെണം,' മറ്റു സംബന്ധങ്ങളെക്കാണിക്കുന്ന ആധെയങ്ങൾക്കൊക്കെയും മൂല ക്രിയയോടു സംബന്ധിക്കുന്ന വിഭക്തികൾ മുതലായ്യു തന്നെ വേണം: ദൃ—ന്തം; 'അവൻ എന്നോടു ഒരു കാൎയ്യത്തെ ഉപദേശിച്ചു; അവനാൽ എന്നോടു ഒരു കാൎയ്യം ഉപദേശിക്കപ്പെട്ടു. ഗുരു ശിഷ്യനെ വിദ്യ പഠിപ്പിച്ചു=ഗുരുവിനാൽശിഷ്യൻ വിദ്യ പഠിപ്പിക്കപ്പെട്ടു. പൈതലിനെ ആശാനെ ഏല്പിക്കണം=പൈതൽ ആശാനെ ഏല്പിക്കപ്പെടെണം.'

൩൨൬. വാചകത്തിൽ പ്രധാനമായുള്ള സംഗതി വാചക ഭം

ഗിക്കു പ്രഥമയിൽ നില്പാനുള്ളതും ക്രിയയുടെ കൎമ്മമായതു ചില പ്പോൾ ആസംഗതിയായിട്ടു വരുന്നതും ആകകൊണ്ടു കൎമ്മണിക്രിയ ശരം സാദ്ധ്യത്തിന്നു ആവശ്യമാകുന്നു: ദൃ—ന്തം, കേമൻ മോക്ഷ ണം ചെയ്യുതുകൊണ്ടു ശിക്ഷിക്കപ്പെടെണം എന്നുള്ളതിനു കൎമ്മണി ക്രിയ ഇല്ലാഞ്ഞാൽ കേമൻ മോക്ഷണം ചെയ്യുതുകൊണ്ടു അവ നെ ശിക്ഷിക്കണം എന്നു വിഭക്തി മാറിപ്പറയപ്പെടെണ്ടി വരും. എന്നാൽ സംസാര ഭാഷയിൽ കൎമ്മണി ക്രിയ നടപ്പായിട്ടില്ല. അതിനു പകരം മൂലക്രിയ തന്നെ പ്രയോഗിക്കപ്പെട്ടു വരുന്നു: ദൃ—ന്തം, കൊല്ലുന്നവനെക്കൊല്ലെണം' ഇവിടെ കൎത്താവിനെ വിവരപ്പെടുത്തീട്ടു ആവശ്യം ഇല്ലായ്കയാൽ വിട്ടിരിക്കുന്നു. പി ന്നയും മൂലക്രിയയോടു അൎത്ഥത്തിൽ ഒക്കുന്ന ചില നാമങ്ങളോടു കൂടെ 'പടുക', 'ഏല്ക്കുക', 'കൊള്ളുക', എന്നിങ്ങനെയുള്ളവ ക ൎമ്മണിക്രിയയുടെ അൎത്ഥത്തിൽ പ്രയോഗിക്കപ്പെടുക നടപ്പാകുന്നു: ദൃ—ന്തം, 'രക്ഷപടുക', എഴുത്തുപടുക', 'മുറിവേല്ക്കുക', 'അടി കൊള്ളുക'. ക്രിയയുടെ കൎമ്മവും കാരണവും ഒരു പൊരുൾ തന്നെ ആയിരുന്നാൽ കാരണി ക്രിയയും കൎമ്മണി ക്രിയക്കു പകരം പ്ര യോഗിക്കപ്പെടുകയുണ്ടു: ദൃ—ന്തം; ശുശ്രൂഷ ചെയ്യുന്നവനും ശു ശ്രൂഷ ചെയ്യിക്കുന്നവനും.'

രണ്ടാം സൎഗ്ഗം. വചനത്തിന്റെ നിരാധാര നില.

൩൨൭. വചനത്തിന്നു ഭാവഭേദങ്ങളും നില വ്യത്യാസങ്ങളും അവസ്ഥ ഭേദങ്ങളും കാലഭേ ദങ്ങളും ഉണ്ടു. ഭാവഭേദം എന്നതു കൎത്താവും വാച്യവും തമ്മിൽ യോജിക്കുന്നു എന്നൊ ഭി ന്നിക്കുന്നു എന്നൊ കാണിക്കുന്നതാകുന്നു. അവ തമ്മിലുള്ള യോജിപ്പിനെക്കാണിക്കുന്ന തു സ്വയഭാവമാകുന്നു: ദൃ—ന്തം; 'രാജാവു ന്യാ യം നടത്തുവാൻ വിചാരിക്കുന്നു' അവ തമ്മി ലുള്ള ഭിന്നിപ്പിനെ കാണിക്കുന്നതു പ്രതിഭാ വമാകുന്നു: ദൃ—ന്തം; 'മന്ത്രി അതു സമ്മതി ക്കുന്നില്ല'.

൩൨൮. വചനത്തിന്റെ നിരാധാര നില എന്നും പരാധാര നില എന്നും രണ്ടു നിലകൾ ഉള്ളതിൽ വേറവിട്ടു ആധാരം കൂടാതെ വചനം താനെ നില്ക്കുംപോൾ നിരാധാര നിലയും അതിന്റെ മറെറാരാധാരം വേണ്ടുന്ന ആധേയമായി വരുംപോൾ പരാധാര നിലയും ആകുന്നു നിരാധാരനിലെക്കു ജ്ഞാപകയവസ്ഥ എന്നും ആശകയവസ്ഥ എന്നും രണ്ടു അവസ്ഥകൾ ഉണ്ടു.

ജ്ഞാപകയവസ്ഥ.

൩൨൯. ജ്ഞാപകയവസ്ഥ ഒരു കാൎയ്യം ഇന്ന പ്രകാരമാകുന്നു എന്നുള്ളനിനവിനെ അറിയിക്കുന്നതാകുന്നു: ദൃ—ന്തം; അവൻ സ്നേഹിക്കുന്നു; അവൾ സ്നേഹിക്കപ്പെടുന്നു; ജ്ഞാപകയവസ്ഥെക്കു ഭൂതം, വൎത്തമാനം, ഭവിഷ്യം എന്നിങ്ങനെ മൂന്നു കാലങ്ങൾ ഉണ്ടു.

൩൩൦. ഭൂതകാലം, വചനം ഒക്കുന്നതു കഴിഞ്ഞ കാലത്തിൽ ആയിരുന്നു എന്നു കാണിക്കുന്നു. അതിന്നു പൂൎവ്വകാലമെന്നും പേരുണ്ടു: ദൃ—ന്തം; 'ഞാൻ എഴുതി, അവർ വായിച്ചില്ല'. വൎത്തമാന കാലം, വചനം ഒക്കുന്നതു പറയുന്ന സമയമായ തല്ക്കാലത്തിൽ ആകുന്നു എന്നു കാണിക്കുന്നു: ദൃ—ന്തം; 'ഞങ്ങൾ എഴുതുന്നു; നിങ്ങൾ വായിക്കുന്നില്ല'. ഭവിഷ്യകാലം, വരുവാനിരിക്കുന്ന കാലത്തിൽ വചനം ഒക്കുന്നു എന്നു കാണിക്കുന്നതാകുന്നു. അതു ഭാവികാ

ലമെന്നും ചൊല്ലപ്പെടുന്നു: ദൃ—ന്തം; നീ എഴുതും, അവൻ വായിക്കയില്ല.

൩൩൧. മുറെക്കു പറയുമ്പോൾ വൎത്തമാന കാലം എന്നു ഒന്നു ള്ളതല്ല. എന്തെന്നാൽ കാലത്തെക്കുറിച്ചു സൂക്ഷ്മമായിട്ടു വിചാരിക്കുമ്പോൾ അതിൽ ഏതാനും കഴിഞ്ഞതും ശേഷമുള്ളതു വരുവാനിരിക്കുന്നതും ആകുന്നു എന്നും, നില്ക്കുന്നതായിട്ടു ഒരു സമയമില്ല എന്നും അറിവാൻ ഇട വരും. എങ്കിലും നില്ക്കുന്നതായിട്ടു ഒരു സമയം ഉണ്ടെന്നും അതു കുറഞ്ഞൊരിടയെന്നു മാത്രമല്ല ഏറനേരമെന്നും കൂടെ നാം വിചാരിക്കയും ഇങ്ങനെ ഒരു വിനാഴിക എന്നു തന്നെ അല്ല, ഒരു ദിവസമെന്നും ഒരു മാസമെന്നും ഒരു ആണ്ടെന്നും ഒരു വ്യാഴക്കാന്തരമെന്നും ഒരു യുഗമെന്നും കൂടെ പറകയും ചെയ്തു വരുന്നു.

ഭൂതകാലം.

൩൩൨. സ്വയഭാവ ഭൂതകാലം, തു, ത്തു, ട്ടു, റ്റു, ച്ചു, ണ്ടു, ന്നു, ഞ്ഞു, ണു, ഇ, എന്നവയിൽ ഒന്നിൽ അന്തമായിരിക്കും: ദൃ—ന്തം; തൊഴ—തൊഴുതു; കൊടു—കൊടുത്തു; താഴ—താഴ്ത്തു; ഇടു—ഇട്ടു; വേൾ-വേട്ടു; അറു-അററു; വിൽ—വിററു; പറി—പറിച്ചു; മറെ - മറെച്ചു; ചായു—ചാച്ചു; ഉരുളു-ഉരുണ്ടു; നടു—നടന്നു; അകലു - അകന്നു; ചേരു-ചേൎന്നു; പറെ-പറഞ്ഞു; അറി-അറിഞ്ഞു; മേയു-മേഞ്ഞു; താഴ—താണു; ഓടു-ഓടി; മയങ്ങു-മയങ്ങി.

൩൩൩. സ്വയഭാവ ഭൂതകാലത്തിന്റെ മൂലയന്തം തു എന്നാകുന്നു അതു അച്ചിന്റെയും ര, ല, ള, ഴ, യ, എന്ന സാദ്ധ്യസ്വരങ്ങളുടെയും പിന്നാലെ ഇരട്ടിച്ചു ത്തു എന്നാകും ട, റ, ള, ല എന്നവയോടു സമാനപ്പെട്ടു ട്ടു, റ്റു എന്നവയായിട്ടു തിരിയുന്നു. ത്തു എന്നതു താലവ്യങ്ങളോടു ചേൎച്ചയുള്ള ഇ, എ, യ എന്നവയുടെ പിന്നാലെ സമാന താലവ്യമായ ച്ചു, എന്നതായിട്ടു തിരിയുന്നു. ണ്ടു, എന്നതു ഉണ്ടാകുന്നതു മൂൎദ്ധന്യാക്ഷരമായ ള, എന്നതു തന്റെ വൎഗ്ഗത്തിൽ ചേൎന്ന ണ എന്നതായിട്ടു മാറുന്നതിനാലും, തു, എന്നതു മൂൎദ്ധന്യ ഖരമായ ട്ടു

എന്നതായിട്ടു തിരിയുന്നതിനാലും ആകുന്നു. ന്ന എന്നതു വരുന്നതു ത്ത എന്നയക്ഷരം ന്ത എന്നു മാറീട്ടു പിന്നെ അപ്രകാരം തിരിയുന്നതിനാലാകുന്നു: ദൃ—ന്തം; പനത്തണ്ടു—പനം തണ്ടു, വിരുന്തു—വിരുന്നു; മുൻപിൽ നില്ക്കുന്ന എ, ഇ, യ, എന്നവയോടു സമാന വർഗ്ഗമാകെണ്ടുന്നതിനു ന്ന എന്നതു മേൽപ്പറഞ്ഞ അന്തങ്ങളുള്ള ധാതുക്കളിൽ ഞ്ഞു എന്നതായിട്ടു തിരിയുന്നു മൂർദ്ധന്യാക്ഷരമായിരിക്കുന്ന ഴകാരാന്ത ധാതുക്കളിൽ ഴകാരം ലയിക്കയും ന്ന എന്നതു തന്റെ വർഗ്ഗത്തിലെ അനുനാസികമാം ണ്ണ എന്നതായിട്ടു മാറുകയും ചെയ്യുന്നു.

ഇങ്ങനെയുള്ള മാററങ്ങൾ സന്ധിമുറെക്കുള്ളതാകുന്നു എന്നു സന്ധിയിൽ ൩൧, ൭൮, ൮൭, ൯൦, മുതലായ ലക്കങ്ങളിൽനിന്നു അറിഞ്ഞുകൊള്ളാം; ഇന്നഇന്ന അന്തങ്ങൾ വരുന്നതു ഇന്നഇന്ന പദ്ധതികളിലാകുന്നു എന്നു താഴെ വരുന്ന സൂത്രങ്ങളാലെ വിവരപ്പെടും.

(൧) അകാരാന്തധാതുക്കളിൽ ക്കുക എന്നതു ന്ന എന്നു മാറും: ദൃ—ന്തം; നട—നടക്കുക നടന്നു; പറ—പറക്കുക പറന്നു; ചുമ—ചുമക്കുക ചുമന്നു; പര—പരക്കുക പരന്നു; വിശ—വിശക്കുക വിശന്നു; അള—അളക്കുക അളന്നു; ഭയ—ഭയക്കുക ഭയന്നു'.

(൨) എ, ഇ യ എന്നവയിൽ അന്തമാകും ധാതുക്കൾക്കു വാച്യനാമത്തിലെ ക എന്നതു ഞ്ഞു എന്നതായിട്ടും ക്കുക എന്നതു ച്ചു എന്നതായിട്ടും മാറും: ദൃ—ന്തം; മറെ—മറെക മറെഞ്ഞു അടി—അടിക—അടിഞ്ഞു: മേയ്യ—മേയ്ക്ക—മേഞ്ഞു ഉറെ—ഉറെക്കുക—ഉറെച്ചു പതി—പതിക്കുക—പതിച്ചു; ചായ്യ—ചായ്ക്കുക—ചാച്ചു'.

(൩) അർദ്ധാച്ചിൽ അവസാനിക്കുന്ന ധാതുക്കളുടെ വാച്യനാമത്തിൽ വരുന്ന ക്കുക എന്നതു ത്ത എതായിട്ടു തിരിയും: ദൃ—ന്തം; 'അടു—അടുക്കുക—അടുത്തു; അറു—അറുക്കുക—അറുത്തു; തിരു—തിർക്കുക—തീർത്തു; കുരു—കുരുക്കുക—കുരുത്തു; തണു—തണുക്കുക—തണുത്തു; പഴു—പഴുക്കുക—പഴുത്തു; താഴു താഴ്ത്തുക—താഴ്ത്തു: മുറുമുറു—മുറുമുറുക്കുക—മുറുമുറുത്തു.'

(൪) എന്നാൽ ല, ള, എന്നവ ക്കുക എന്നതിനു മുൻ നിന്നാൽ അവ പിന്നാലെ വരുന്നയക്ഷരത്തോടു കൂടി കലന്നിട്ടു ൽത്ത എന്നതു റ്റ എന്നും ൾത്ത എന്നതു ട്ട എന്നുമായിത്തിരിയും: ദൃ—ന്തം; 'വിൽ—വില്ക്കുക—വിറ്റു; നോൽ—നോല്ക്കുക—നോറ്റു; കേൾ—കേൾക്കുക—കേട്ടു; വേൾ—വേൾക്കുക—വേട്ടു; കൾ—കൾക്കുക—കട്ടു'.

(൫) അർദ്ധാച്ചിൽ അവസാനിക്കുന്ന ധാതുക്കൾക്കു ഉള്ള വ്യാച്യനാമത്തിന്റെ ഉകയെന്നതു ഇ എന്നതായിട്ടു തിരിയും: ദൃ—ന്തം; ഉരുകു—ഉരുകുക—ഉരുകി; അടക്കു—അടക്കുക—അടക്കി; വിക്കു—

വിക്കുക—വിക്കി, ചിക്കു—ചിക്കുക—ചിക്കി; തല്ലു—തല്ലുക—തല്ലി ചൊല്ലു—ചൊല്ലുക—ചൊല്ലി.'

(ൡ) എന്നാൽ അദ്ധ്യാച്ചോട്ടു കൂടിയ ഒററ ഹല്ലിൽ അവസാനിക്കുന്നതും മുമ്പിൽ ഒരു ഹ്രസ്വാക്ഷരം മാത്രം ഉള്ളതുമായ ധാതുക്കളുടെ വാച്യനാമത്തിൽ വരുന്ന ക എന്നതു തു എന്നതായിട്ടു മാറും: ദൃ—ന്തം; 'തൊഴു—തൊഴുക—തൊഴുതു; പൊരു—പൊരുക—പൊരുതു; ചെയ്യു—ചെയ്യുക—ചെയ്തു'.

(൭) പിന്നയും മേൽപ്പറഞ്ഞ പട്ടതിയിൽ വരുന്ന ഹല്ലു ട, റ എന്നവയിൽ ഒന്നായിരുന്നാൽ തു എന്നതു അവയോടു സമാനമായി മാററപ്പെടും: ദൃ—ന്തം; തൊടു — തൊടുക—തൊട്ടു; പടു—പടുക—പട്ടു; അറു—അറുക,— അററു, പെറു — പെറുക— പെററു.

(ൢ) വിശേഷിച്ചും അവസാന ഹല്ലിന്നു മുമ്പെ ഒരു ദീർഘാക്ഷരമെങ്കിലും ഒന്നിൽ അധികം പൂർണ്ണാക്ഷരമെങ്കിലും ഉണ്ടായിരുന്നാൽ ലുക, ഴുക, രുക, ളുക എന്നവ ക്രമത്തിനു ന്നു, ണു, ന്റു, ണ്ടു എന്നവയായിട്ടു തിരിയും; ദൃ—ന്തം; 'അകലു—അകലുക—അകന്നു; വാലു—വാലുക—വാന്നു; വീഴു—വീഴുക—വീണു; താഴു—താഴുക—താണു; പകരു—പകരുക—പകന്റു; നേരു—നേരുക—നേന്റു; ഉരുൾ—ഉരുളുക ഉരുണ്ടു; എന്നാൽ രുക, ളുക എന്നവയിൽ ചിലതിന്നു ഭൂതകാലം ൪ാം സൂത്രപ്രകാരം മുറെക്കു ഇ എന്നതിൽ വരും: വിവരം; 'ഊരു—ഊരുക—ഊരി; കോരു—കോരുക—കോരി; ചാരു—ചാരുക—ചാരി; വാരു—വാരുക—വാരി; കാളു—കാളുക—കാളി; തുളു—തുളുക—തുളി; പാളു — പാളുക — പാളി; പൂളു — പൂളുക—പൂളി; മൂളു—മൂളുക—മൂളി.'

(൯) ബാധകങ്ങൾ: 'ആകു—ആകുക—ആയി; ഉണ്ണു—ഉണ്ണുക—ഉണ്ടു, കാണു—കാണുക—കണ്ടു; 'പൂണു—പൂണുക—പൂണ്ടു; കൊള്ളു—കൊള്ളുക - കൊണ്ടു ; 'താകു—താകുക—തക്കു; പൂകു—പൂകുക—പുക്കു; പൂ—പൂക്കുക—പൂത്തു ; ചാകു—ചാകുക—ചത്തു ; പോ—പോകുക—പോയി; വാ—വരിക—വന്നു ; താ—തരിക—തന്നു ; പോരു - പോരിക—പോന്നു; ഇരി—ഇരിക്കുക—ഇരുന്നു; കൊല്ലു—കൊല്ലുക കൊന്നു; ചെല്ലു—ചെല്ലുക—ചെന്നു; നില്ലു—നില്ക്കുക—നിന്നു; വേവു—വേവുക—വെന്തു; നോവു—നോവുക—നൊന്തു ; പണി-പണിക—പണുതു ; നുല്ലു—നുല്ക്കുക—നുത്തു , മൂ—മൂക്കുക—മൂത്തു; കന—കനക്കുക—കനത്തു; മണ—മണക്കുക—മണത്തു; തിന്നു—തിന്നുക—തിന്നു; ഒക്കുക—ഒത്തു; നൊക്കുക—നൊത്തു.

൩൩൪ പ്രതിഭാവ ഭൂതകാലം വാച്യനാമത്തിന്റെ ക എന്നതിനെ ആ ഞ്ഞു എന്നു

മാററുന്നതിനാലും സ്വയഭാവത്തോടു 'ഇല്ല' എന്നതിനെ ചേക്കുന്നതിനാലും ഉണ്ടാകുന്നു: ദൃ—ന്തം: 'നടക്കാഞ്ഞു' 'നടന്നില്ല'.

൩൩൫. മുൻപിലത്തെ രൂപം ക്രിയകളുടെ തടങ്ങൽ പുറമെനിന്നു ആയിരിക്കയും 'എന്തുകൊണ്ടു, എല്ലോ' എന്നവയിൽ ഒന്നിനോടു സംബന്ധിച്ചു വരികയും ചെയ്യുമ്പോൾ മാത്രമെ പ്രയോഗിക്കപ്പെടുന്നുള്ളു: ദൃ—ന്തം; 'അവൻ എന്തുകൊണ്ടു വരാഞ്ഞു' ഞാൻ പറഞ്ഞാറെ നീ കേൾക്കാഞ്ഞല്ലൊ.' 'എന്നാൽ ഇല്ല, അല്ല' എന്നവെക്കു 'ഇല്ലാഞ്ഞു, അല്ലാഞ്ഞു' എന്നും 'ഇല്ലായിരുന്നു, അല്ലായിരുന്നു' എന്നുമുള്ള രണ്ടുപ്രകാര രൂപങ്ങളും ഒരുപോലെ നടപ്പായിരിക്കുന്നു.

൩൩൬. ഭൂതകാലം ഠരം താഴ വരുന്ന പടുതികളിൽ പ്രയോഗിക്കപ്പെടും'

(൧) പറയുന്ന സമയത്തു നടന്നു കഴിഞ്ഞ സംഗതികളെ പററി പറയുമ്പോൾ: ദൃ—ന്തം; ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു; പോയാണ്ടിൽ ഒരു സൂൎയ്യഗ്രഹണം ഉണ്ടായി' ഇന്നൊരു വലിയ മഴ പെയ്തു; ഞാൻ വരുന്നതിനു മുമ്പിൽ അവൻ പോയി.'

(൨) ചിലപ്പോൾ നിമിഷത കാണിക്കുന്നതിനു ഭവിഷ്യകാലത്തിന്റെ അൎത്ഥത്തിൽ: ദൃ—ന്തം; 'ഇതാ വന്നു'. എന്നതിന്നു ഇപ്പോൾ തന്നെ വന്നു' എന്നൎത്ഥമായിരിക്കുന്നു.

(൩) ചിലപ്പോൾ നിശ്ചയം കാണിക്കുന്നതിന്നും ഭവിഷ്യകാലത്തിന്റെ അൎത്ഥത്തിൽ: ദൃ—ന്തം; അവൻ ഒരു വാക്കു പറഞ്ഞാൽ 'തീൎന്നു' അയ്യോ കാൎയ്യം പോയെല്ലൊ'

വൎത്തമാന കാലം.

൩൩൭. സ്വയഭാവ വൎത്തമാനകാലം ഉണ്ടാകുന്നതു വാചിനാമത്തിന്റെ ക എന്നതു ഉന്നു എന്നു മാറുന്നതിനാലാകുന്നു: ദൃ-ന്തം; 'അറിക-അറിയുന്നു; പറെക-പറെയുന്നു; നടക്കുക-നടക്കുന്നു; ആടുക-ആടുന്നു'. എന്നാൽ 'വരിക—തരിക' എന്നവ, 'വരുന്നു, തരുന്നു' എന്നാകും. പ്രതിഭാവത്തിന്നു സ്വയഭാവത്തോടു

ഇല്ല' എന്നതു ചേരുന്നു: ദൃ-ന്തം; 'നടക്കുന്നു നടക്കുന്നില്ല; വരുന്നു-വരുന്നില്ല'.

൩൩൮. വൎത്തമാനകാലം പ്രയോഗിക്കപ്പെടുന്നതു ഇതാഴെ പ്പറയുന്ന പദ്ധതികളിലാകുന്നു.

(൧) പറയുന്ന രാശിയിൽ സൂക്ഷ്മമായിട്ടു നടക്കുന്ന സംഗതി കളെപ്പററി സംസാരിക്കുമ്പോൾ: ദൃ—ന്തം, 'ഞാൻ ഉടുക്കുന്നു; അവൾ ഉറങ്ങുന്നില്ല; അവർ വായിക്കയാകുന്നു; അവർ കളിച്ചു കൊണ്ടിരിക്കുന്നില്ല.'

(൨) കാലഭേദംകൊണ്ടു മാററം വരാതെ മുമ്പിലും ഇപ്പോഴും പിന്നയും ഒരുപോലെ ഒക്കുന്ന കാൎയ്യങ്ങളെക്കുറിച്ചു പറയുമ്പോൾ: ദൃ—ന്തം; 'അഞ്ചും നാലും ഒൻപതാകുന്നു, ഭൂമി ആദിത്യനെ ച്ചുററുന്നു; രാജാവു നല്ലവനാകുന്നു'.

(൩) പറയുന്ന ഠരം രാശിയിൽ സംഭവിക്കുന്നില്ല എങ്കിലും ഠരം രാശി ഉൾപ്പെട്ടിരിക്കുന്ന കാലസംഖ്യയിൽ മുൻപെ നടന്നതും ഇനിയും നടക്കുന്നതുമായ കാൎയ്യങ്ങളെ സംബന്ധിച്ചു പറയും പോൾ: ദൃ—ന്തം; അവൻ ഒരു പുസ്തകം എഴുതി ഉണ്ടാക്കുന്നു; മലയാ ളികൾ വ്യാകരണം പഠിക്കുന്നില്ല'.

(൪) ഠരം നേരം വരയും ഇടെക്കിട ക്രമത്തിന്നു നടക്കുന്ന സംഗതികൾ ഇടപട്ടു സംസാരിക്കുമ്പോൾ: ദൃ—ന്തം; 'അവൻ ഞായറാഴ്ചതോറും പള്ളിയിൽ വരുന്നു; വ്യാപാരികൾ ആവശ്യം പോലെ കടം കൊടുക്കയും വാങ്ങിക്കയും ചെയ്യുന്നു.'

(൫) നിമിഷത കാണിക്കുന്നതിന്നു ഭൂതകാലത്തിന്റെ അൎത്ഥ ത്തിലും ചിലപ്പോൾ പ്രയോഗമുണ്ടു: ദൃ—ന്തം; ഓണം വരുന്നു, ['അതിന്നിനിയും മൂന്ന ദിവസമേഉള്ളു.'] ഞാൻ ഒന്നു ചോദി ക്കുന്നു' കേൾക്കേണം.'

ഭവിഷ്യകാലം.

൩൩൯. സ്വയഭാവ ഭവിഷ്യകാലം ഉണ്ടാ കുന്നതു വൎത്തമാന കാലത്തിന്റെ ഉന്നു എന്നതിനെ ഉം എന്നു മാററുന്നതിനാൽ ആ കുന്നു: 'ദൃ-ന്തം; 'പറയുന്നു-പറയും; അടിക്കു ന്നു—അടിക്കും; പ്രതിഭാവത്തിന്നു ഉം എന്നതു ആ, ആതു എന്നു മാറുകയും മകാരം വക രമായിട്ടു തിരിഞ്ഞതിന്റെ ശേഷം ഇല്ല എ

ന്നതു കൂട്ടുകയും ചെയ്യും: ദൃ—ന്തം; ‹ഒക്കും—ഒക്കാ, ഒക്കാതു-ഒക്കുവില്ല.’ എന്നാൽ ൦ഠം രൂപങ്ങൾ പ്രത്ത്യേക മൊഴികളിലും ദേശ്യങ്ങളായിട്ടുമെ അധികം വരുന്നുള്ളു ‹വേണ്ടാ, കൂടാ, വഹിയാ, പോരാ, മേലാ, ആകാ, കിട്ടാ’ എന്നവയും മററും ഭവിഷ്യകാലത്തിൻെറ പ്രതിഭാവരൂപങ്ങളാകുന്നു. എന്നാൽ സ്വയഭാവ വാച്യനാമത്തോട ഉം എന്നതു അത്തു എന്നു മാറി ഉണ്ടാകുന്നതിനോടും ഇല്ല എന്നതു ചേൎന്നാകുന്നു പ്രതിഭാവം സാധാരണമായിട്ടു വരുന്നതു: ദൃ-ന്തം; ‹വരികയില്ല-വരത്തില്ല’ നടക്കുകയില്ല, നടക്കത്തില്ല.’ വരത്തു’ എന്നിങ്ങനെ ഉള്ള പദങ്ങൾ ഭവിഷ്യകാല സ്വവാച്യനാമത്തിൻെറ നില്ലിംഗമായ ‹വരുവതു’ എന്നതിൻെറയും മററും ചുരുക്കമാകുന്നു. അതു ഇല്ല എന്നതിനോട കൂടെ ഭവിഷ്യ കാലത്തിന്നായിട്ടു പ്രയോഗിക്കപ്പെടുന്നതു ക്രിയെക്കുള്ള തടങ്ങൽ കൎത്താവിൻെറ മനസ്സിങ്കലല്ലാതെ വേർവിട്ടു ആയിരിക്കുംപോൾ ആകുന്നു: ദൃ—ന്തം; ‹രാജാവു വരികയില്ല’ എന്നു പറയുന്നതു തനിക്കു മനസ്സില്ലാഞ്ഞിട്ടു എങ്കിലും കഴിയാഞ്ഞിട്ടു എങ്കിലും വരാതിരിക്കുമെങ്കിൽ ആകുന്നു. രാജാവു വരത്തില്ല എന്നു തൻെറ പാങ്ങുകെട്ടു കൊണ്ടു വരാതിരിക്കുന്നതിനെ കുറിച്ചു പറയാവു.

൩൪൦ ഭവിഷ്യകാലം പ്രയോഗിക്കപ്പെടുന്നതു.

(൧) പറയുന്ന സമയത്തിന്നു പിൻപു നടപ്പാനിരിക്കുന്ന സംഗതികളെ സംബന്ധിച്ചു പറയുന്നതിൽ: ദൃ—ന്തം; ‘നാളെ മഴ

ചെയ്യും'; ദുഷ്ടന്മാർ സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കയില്ല, അഴു കുന്നതിനു മുൻപെ വളം ചേരത്തില്ല'.

(൨) വരും കാൎയ്യങ്ങളെക്കുറിച്ചു വചനകൎത്താവിന്റെ സന്ദേഹ പക്ഷത്തെ മാത്രം കാണിക്കുന്നതിന്നു: ദൃ—ന്തം ; 'അതിന്നു വില അഞ്ചു പണമായിരിക്കും'; വെള്ളം അധികമായിട്ടു പൊങ്ങിയേക്കും.' വരും കാൎയ്യങ്ങളിൽ പലതിനെക്കുറിച്ചും മനുഷ്യർ അഭിപ്രായമല്ലാതെ നിശ്ചയമില്ലായ്കകൊണ്ടു ഇങ്ങനെയുള്ള പ്രയോഗത്തിന്നു ഇട വന്നിരിക്കുന്നു.

(൩) വരും കാൎയ്യത്തെക്കുറിച്ചു ക്രിയാകൎത്താവിന്റെ മനോഭാവത്തെക്കാണിക്കുന്നതിനു: ദൃ—ന്തം ; ഞാൻ അവന്നു ഒരു സമ്മാനം കൊടുക്കും' എന്നതും കൊടുപ്പാൻ ഭാവിച്ചിരിക്കുന്നു 'എന്നതും തമ്മിൽ അൎത്ഥം ഒക്കും ; എന്തെന്നാൽ മനുഷ്യരുടെ ക്രിയകളെ സംബന്ധിച്ചു ഭവിഷ്യവും ഭാവവും ഒന്നു തന്നെ ആകുന്നു.

(൪) ക്രിയാകൎത്താവിന്റെ വശതയെയും ക്രിയയുടെ സംഭവ്യതയെയും കാണിക്കുന്നതിനു: ദൃ—ന്തം; അവൻ നല്ലവണ്ണം സംസ്കൃതം സംസാരിക്കും ; തെങ്ങു എട്ടാം വൎഷത്തിൽ കായിക്കും; വാളു വളഞ്ഞു അറിവാളാകത്തില്ല'

(൫) ക്രിയാകൎത്താവിന്റെ സ്വഭാവത്തെക്കാണിക്കുന്നതിനു: ദൃ—ന്തം; 'കൎക്കടക മാസത്തിൽ ദിവസം തോറും മഴ പെയ്യും. നാടുനീങ്ങിയ രാജാവു ആണ്ടുതോറും കുടികളുടെ സംകടം കേൾക്കും; നിന്റെ ചത്തുപോയ പേരപ്പനെ ഞാൻ അറിയും.'

(൬) 'പോൾ 'എന്നതിനോടു സംബന്ധിച്ചു ആധേയമായി വരുമ്പോൾ ആധാരത്തോടുള്ള കാല സംയോജ്യതയെ കാണിക്കുന്നതിന്നു: ദൃ—ന്തം; ചോറുണ്ണുംപോൾ അവന്നു വിയൎക്കും; ഞാൻ അവിടനിന്നും പോരുമ്പോൾ വൎത്തമാനങ്ങൾ ഒക്കയും കണ്ടു പറഞ്ഞിട്ടു ഉണ്ടല്ലൊ'

ആശംസകവസ്ഥ.

൩൪൧. ആശംസകവസ്ഥ കേൾവിക്കാരൻ ക്രിയ ചെയ്യുന്നതിനു പറച്ചിൽക്കാരൻ ആഗ്രഹിക്കുന്നു എന്നു കാണിക്കുന്നതാകുന്നു. ആശംസകവസ്ഥ കല്പിക്കുന്നതിന്നും യാചിക്കുന്നതിന്നും ബുദ്ധിചൊല്ലുന്നതിന്നും അനുവദിക്കുന്നതിന്നും പ്രയോഗിക്കപ്പെടുന്നു ദൃ-ന്തം ; "നന്മ

ചെയ്യാൻ പഠിപ്പിൻ; ശപിക്കപ്പെട്ടവരെ എന്നെ വിട്ടു പോകുവിൻ.'

൩൭൨. ആശകവസ്ഥെക്കു കാലഭേദം ഇല്ല എങ്കിലും അഭിസ്ഥാന നാമങ്ങളിൽ ഓരോന്നിനോടു ചേരുന്നതിനും ചില പ്രത്യേക രൂപങ്ങൾ ഉണ്ടു, എന്തെന്നാൽ പറച്ചിൽക്കാരന്റെ ആഗ്രഹം സാധിക്കുന്നതിന്നു അവസ്ഥഭേദം പോലെ കല്പിക്കയും അപേക്ഷിക്കയും ചെയ്യാൻ ഇട വരുന്നതാകയാൽ ആ വ്യത്യാസം കാണിക്കുന്ന രൂപഭേദങ്ങൾ ആവശ്യമാകുന്നു എന്നാൽ ശുദ്ധ വചനത്തിന്നും ഭാവ വചനങ്ങൾക്കും സംഭവ വചനങ്ങൾക്കും ആശകയവസ്ഥയിൽ പ്രയോഗം നടപ്പില്ല. എന്തെന്നാൽ അവ കൎത്താവു തന്റെ ശക്തികൊണ്ടു വരുത്തുന്നതല്ല. കൎത്താവിന്നുള്ളതും വന്നു കൂടുന്നതും മാത്രം ആകയാൽ ഇങ്ങനെയുള്ള വചനങ്ങളിൽ നാം അപേക്ഷിച്ചാൽ ക്രിയാകൎത്താവിനാൽ സാധിക്കുന്നതല്ല.

൩൭൩. സ്വയഭാവത്തിൽ നീ എന്നതിനോടും അതിന്നു പകരം പ്രയോഗിക്കപ്പെടുന്ന നാമങ്ങളോടും ചേരുന്ന രൂപം വചനത്തിന്റെ ധാതു തന്നെ ആകുന്നു: ദൃ—ന്തം: 'നീ പോ; മാത്തൻ നട' എന്നാൽ ധാതുവിലെ എകാരം അകാരമായിട്ടു (൨൫൦ാം ലക്കപ്രകാരം) മാറപ്പെടും, ദൃ-ന്തം; പറെ-പറ. അടെ-അടക. പ്രതിഭാവത്തിൽ ആതു, അല്ല, അരുതു എന്നവ വാച്യനാമത്തിലെ ക എന്നതിന്നു പകരം ചേരും: ദൃ—ന്തം; എഴുതാതു-എഴുതല്ല എഴുതരുതു.

൩൭൪. ഇകാരാന്ത ധാതുക്കൾക്കു അന്തത്തിന്നു മുൻപിൽ ഒരു ദീൎഘാക്ഷരമെങ്കിലും ഒന്നിലധികം ഹ്രസ്വാക്ഷരങ്ങൾ എങ്കിലും ഉണ്ടായിരുന്നാൽ ഈർ എന്നതു ചേൎന്നുവരും. ഈർ എന്നതു 'ഇരിക്കു' എന്നതിന്റെ ആശകയവസ്ഥ ആയ 'ഇരി' എന്നതിന്നു പകരം പ്രയോഗിക്കപ്പെടുന്നതാകുന്നു. ദൃ—ന്തം; 'കോപി—കോപീരു വിശ്വസി — വിശ്വസീരു വാച്യനാമത്തിൽ ല്ലുക

എന്നുള്ള വരുന്ന ലകാരാന്തധാതുക്കൾക്കു മുൻപിലത്തെ അക്ഷരം ദീർഘമായിരുന്നാൽ ലകാരത്തിന്നു പകരം രകാരം വരികയും ഹ്രസ്വമായിരുന്നാൽ ലകാരം ഇരട്ടിക്കയും ചെയ്യും: ദൃ—ന്തം; 'നോല്ക്കുക—നോരു ഏല്ക്കുക—ഏരു നില്ക്കുക നില്ലു.

൱൪൫ **താൻ** എന്നതിനോടു ചേരുന്ന രൂപം ഭവിഷ്യകാലത്തിന്റെ മകാരം നീങ്ങി ശേഷിക്കുന്നതാകുന്നു: ദൃ—ന്തം; 'പോകും-പോകു; ഇരിക്കും-ഇരിക്കു'. പ്രതിഭാവത്തിന്നു **ആയ്ക ആയ്ക്ക** എന്നവ ചേരും: ദൃ-ന്തം; എഴുതായ്കു. എഴുതായ്ക്കു.

൱൪൬. **നിങ്ങൾ** എന്നതിനോടു ചേരുന്ന സ്വയഭാവ രൂപം ഭൂതകാലത്തിന്റെ മകാരം നീങ്ങി **ഇൻ ഈൻ** എന്നവ ചേൎന്നുണ്ടാകുന്നവയാകുന്നു: ദൃ—ന്തം; 'നടക്കു-നടക്കുവിൻ-നടക്കുവീൻ. വരു-വരുവിൻ-വരുവീൻ'. വകാരം കൂടിയിരിക്കുന്നതു സന്ധിക്കായിട്ടു ആകുന്നു. ചുരുക്കത്തിന്നായിട്ടു ഉകാരം ലോപിക്കയും ഉണ്ടു: ദൃ-ന്തം; നടക്കുവിൻ-നടക്കിൻ. വരുവിൻ-വരിൻ. പിന്നെയും **ക്കുവീൻ** എന്നതു **പ്പീൻ** എന്നും ചുരുങ്ങും: ദൃ-ന്തം; നടക്കുവീൻ-നടപ്പിൻ; പഠിക്കുവീൻ പഠിപ്പീൻ; എന്നാൽ ക്ക എന്നതു ധാതുവിൽ ഉൾപ്പെട്ടതായിരുന്നാൽ ഈ മാറ്റം വരികയില്ല: ദൃ—ന്തം; അടക്കു എന്നതിന്നു അടക്കുവീൻ അടക്കീൻ എന്നല്ലാതെ അടപ്പീൻ എന്നു വരികയില്ല. പ്രതിഭാവത്തിന്നു **ആതു** എന്നതിന്നു പകരം ആയ്പീൻ എന്നു വരും: ദൃ-ന്തം; നടക്കാതു നടക്കായ്പീൻ എഴുതാതു-എഴുതായ്പീൻ.

൩൪൭. **തങ്ങൾ** എന്നതിനോടു ചേരുന്ന രൂപം ഭൂതകാലത്തിന്റെ ഉകാരം നീങ്ങീട്ടു **ആലും** എന്നതു ചേരുന്നതിനാൽ ഉണ്ടാകുന്നു: ദൃ-ന്തം; 'വന്നു-വന്നാലും; ചൊല്ലി-ചൊല്ലിയാലും; വരാഞ്ഞു-വരാഞ്ഞാലും; ചെല്ലാഞ്ഞു ചെല്ലാഞ്ഞാലും.'

൩൪൮. വാച്യനാമം **നീ, താൻ, നാം,** എന്നവയോടു ചേരും: ദൃ—ന്തം; 'നീ പോക, താൻ വരിക, നാം ഇരിക്ക; നീ എഴുതായ്ക, നാം മിണ്ടായ്ക;

൩൪൯. ആത്മത്തോടു **വിട്ടുവെയ്ക** എന്നതിന്റെ ചുരുക്കമാകുന്ന **വിട്ടെ** എന്നതു ചേൎന്നുണ്ടാകുന്ന രൂപം ആത്മസ്ഥാന പരസ്ഥാന നാമങ്ങളോടു സംബന്ധിക്കുന്നു: ദൃ-ന്തം; ഞാൻ പോകട്ടെ, അവൻ നില്ക്കട്ടെ, ഞങ്ങൾ എഴുതട്ടെ. അവർ വായിക്കട്ടെ'.

ജ്ഞാപനം. ആഗ്രഹം അറിയിക്കുന്നതു സാദ്ധ്യത്തിനാകയാൽ അഭിസ്ഥാനമായിരിക്കുന്ന കേൾവിക്കാരനല്ലാതെ വേൎവിട്ടുള്ളവർ ചെയ്വാനുള്ളതിനെ അവനോടു അറിയിക്കുന്നതിനിടയില്ല. ആകയാൽ ഠരം രൂപത്തിലും സാക്ഷാലുള്ള അപേക്ഷ കേൾവിക്കാരനോടാകയാൽ 'ഞാൻ പോകട്ടെ' എന്നതിനു ഞാൻ പോകുന്നതിനു നീ അനുവദിക്ക എന്നു അൎത്ഥമാകുന്നു; എന്തെന്നാൽ അതു മുഴുവനായിട്ടു പറയുംപോൾ 'ഞാൻ പോക, നീ വിട്ടുവെയ്ക, എന്നാകും.

൩൫൦. വന്തത്തോടു എ, എർ എന്നവ ചേൎന്നു ചില രൂപങ്ങൾ ഉണ്ടാകുന്നു. ആയവ **നീ** എന്നതിനോടു സംബന്ധിക്കും: ദൃ—ന്തം; നീ പോയെ, നീ എഴുതിയേർ. എ എന്നതു വെയ്ക്കുക എന്നതിന്റെ ആശകയവസ്ഥയായ **വെയ്ക** എന്നതിന്റെ ചുരുക്കമാകുന്നു. അയ്യൂ കല്പനകൾ ജാത്യാൽ ഒരു കഠിനഭാവമുള്ളതിനെ ശൈത്ത്യപ്പെടുത്തി അതിനെ ഒരപേക്ഷ പോലെ ആക്കി തീൎക്കുന്നു: ദൃ—ന്തം; നീ എഴുതിയെ, നീ പോയെ, നീ പഠിച്ചെ, നീ വിട്ടെ. എന്നാൽ എർ എന്നതു ഏല്ക്കുക

എന്നതിന്റെ ആശംസയവസ്ഥയാകുന്നു. ആയതിൽ ക്രിയചെയ്യുന്നതു പറയുന്നവന്റെയും കേൾക്കുന്നവന്റെയും ഉപകാരത്തിന്നായിട്ടല്ല മറ്റുള്ളവൎക്കു വേണ്ടി എന്ന ഒരാന്തരം വരുന്നു: ദൃ—ന്തം; നീ പോയേൎ, നീ എഴുതിയേൎ'.

൩൭൬. വൎത്തത്തോടു ആട്ടെ, കാട്ടെക്കെ, എന്നവ ചേൎന്നുണ്ടാകുന്ന രൂപങ്ങൾ നീ, താൻ, നിങ്ങൾ, തങ്ങൾ എന്നവയോടു സംബന്ധിക്കും. കല്പനെക്കുള്ള കഠിന ഭാവം അവയിൽ തീരുമാനമില്ല: ദൃ—ന്തം; എഴുതിയാട്ടെ, എഴുതിക്കാട്ടെ, എഴുതികെ; വന്നാട്ടെ, വരാഞ്ഞാട്ടെ'. എന്നാൽ ആകട്ടെ എന്നതു 'ആക വിട്ടുവെയ്യ' എന്നതിന്റെയും കാട്ടെ എന്നതു കാണവിട്ടുവെയ്യ എന്നതിന്റെയും ചുരുക്കങ്ങളാകുന്നു. അതിൽ കാട്ടെക്കെ എന്നവ ഇകാരാന്ത വൎത്തങ്ങളോടു മാത്രമെ ചേരു.

മൂന്നാം സൎഗ്ഗം—പരാധാര നില.

൩൭൭. ഒരു വചനത്തിന്നു വാക്യത്തിൽ താനേ നില്പാൻ കഴിയാതെ അതിന്നാധാരമായിട്ടു മറെറാരു വചനം വേണ്ടിയിരിക്കും പോൾ ആ വചനം പരാധാര നിലയിൽ ആകുന്നു. ഈ നിലയിൽ വരുന്ന മൊഴികൾ വചനാധെയങ്ങൾ എന്നും നാമധെയങ്ങൾ എന്നും രണ്ടുവകയായിരിക്കുന്നു.

വചനാധേയങ്ങൾ.

൩൭൮. വചനാധെയങ്ങൾ തങ്ങൾക്കാധാരമായിട്ടു മറെറാരു വചനം വേണ്ടിയിരിക്കുന്നവയാകുന്നു, അവ അന്തത്തിൽവരുന്ന അക്ഷരങ്ങളായ അ, ഉ, ന, ല, എന്നവയിൻ പ്രകാരം ആന്തം, വന്തം, നന്തം, ലന്തം, എന്നു പേർപട്ടു എണ്ണത്തിൽ നാലുവകയായിരിക്കുന്നു. വചനാധേയത്തിന്നു ക്രിയാന്യനം എന്നും പേരുണ്ടു.

൩൱൯. സ്വയഭാവ ആന്തം ഉണ്ടാകുന്നതു വൎത്തമാന കാലത്തിലെ ഉന്നു എന്നതു അ കാരമായിട്ടു മാറുന്നതിനാൽ ആകുന്നു. പ്രതി ഭാവത്തിൽ ഉന്നു എന്നതു ആത എന്നതാ യിട്ടു തിരിയും. എന്നാൽ അന്തത്തിലെ അ കാരം ൨൭൦ാം ലക്കപ്രകാരം എകാരമായിട്ടു മാറുക നടപ്പാകുന്നു: ദൃ-ന്തം; നടക്കുന്നു-നടക്ക നടക്കാത-നടക്കെ-നടക്കാതെ വരുന്നു-വര, നി റയുന്നു-നിറയ, കാണുന്നു - കാണ-കാണ്കെ.

൩൱൰. സ്വയഭാവത്തിൽ ൦ാം രൂപം പ്ര ത്യേകം ചില വചനങ്ങൾക്കെ നടപ്പുള്ളു. ആ യവ ഇരിക്ക, നില്ക്ക, കേൾക്ക, പോക, വര, മുറുക്ക, തിരുന്ത, തുടമ്പ, എന്നിങ്ങനെ യുള്ളവ തന്നെ. പടുക എന്നതു ചേരുന്നതും ൦ാം രൂപത്തോടു ആകുന്നു: ദൃ-ന്തം; കോപ പ്പെടുക — കൊല്ലപ്പെടുക. പ്രതിഭാവത്തിൽ വൎത്ത മാന കാലത്തിലെ, ക്ക എന്നതും ചിലപ്പോൾ പൊരുള്ളാകും: ദൃ—ന്തം; താമസിക്കാതെ-താമ സിയാതെ' അങ്ങനെ തന്നെ, 'ചോദിരാതെ നിനച്ചിരിയാതെ' എന്നിങ്ങനെയുള്ളവയും ആന്ത ങ്ങൾ ആകുന്നു. കൂടെ, വളരെ, കുറെ, ഏറെ, എന്നിങ്ങനെയുള്ള അവ്യയങ്ങളും സാക്ഷാൽ ആന്തങ്ങൾ ആകുന്നു. ആന്തത്തിന്റെ പിന്നാ ലെ അച്ചുവരികയും മുമ്പിലത്തെ അക്ഷരം ദീൎഘമായിരിക്കയും ചെയ്യാൽ അകാരം ചില പ്പോൾ മാഞ്ഞുപോകും ദൃ—ന്തം; 'കൂടെ + ഇരു ന്നു=കൂടെയിരുന്നു=കൂടിരുന്നു; വരാതെ+ഇരുന്നു വരാതെയിരുന്നു=വരാതിരുന്നു.

൩൱൰൧. രണ്ടു മൂന്നു വചനങ്ങൾക്കു വെ

വേറെ കൎത്താവുണ്ടായ്യും അവ തമ്മിൽ സംബ ന്ധപ്പെട്ടുമിരിക്കുമ്പോൾ അവയിൽ ആധേയ വചനങ്ങൾ അന്തത്തിൽ ആകും: ദൃ—ന്തം; അവൻ വയറു നിറയ ചോറുണ്ടു തലയിരിക്ക വാലോട്ടുകയില്ല; അവൻ വരാതെ കാൎയ്യം നടന്നു; നീ പറയാതെ അവൻ വരികയില്ല.

൩൫൭. പ്രതിഭാവത്തിന്റെ കൎത്താവു ചില പ്പോൾ ആധാരത്തിന്റെ തന്നെ ആയിട്ടും ചിലപ്പോൾ വേർവിട്ടായിട്ടും വരും: ദൃ—ന്തം; 'അവൻ എഴുതാതെ ഇരിക്കുന്നു, ഞാൻ പറ യാതെ നീ പോകരുതു' 'കാണുക' എന്നതിന്റെ വന്തമാകുന്ന 'കണ്ടു' എന്നതു ഇതിനോടു അ ൎത്ഥഭേദം കൂടാതെ ചേരും: ദൃ—ന്തം; അവൻ അറിയാതകണ്ടു പറഞ്ഞു.'

൩൫൮. അന്തം ചിലപ്പോൾ കാലസംയോഗത്തെയും ചില പ്പോൾ കാലക്രമത്തെയും പ്രതിഭാവത്തിൽ ചിലപ്പോൾ സാധ നത്തെയും കാണിക്കും: ദൃ—ന്തം; ജ്യേഷ്ഠൻ ഇരിക്കെ അനുജൻ വാഴുന്നു' ആറുനിറയ വെള്ളം പൊങ്ങി; അതിൽനിന്നു മുന്നു പോകെ രണ്ടു; വില കൂടാതെ വാങ്ങിച്ചതു സപയഭാവ അന്തം ആവൎത്തിക്കപ്പെടാകുന്നതാകുന്നു: ദൃ—ന്തം; കൾക്കകൾക്ക മുടിക മുടിയമുടിയ കൾക്ക; കൂടക്കൂടെ വരിക; വളര വളരെ പ റക.'

൩൫൯. വന്തം ഉണ്ടാകുന്നതു ഭ്രതകാലത്തി ന്റെ ഉകാരത്തെ അദ്ധ്യാച്ചായിട്ടു മാററുന്നതി നാലാകുന്നു: ദൃ—ന്തം; 'നടന്നു-നടന്ന, വ രാഞ്ഞു—വരാഞ്ഞ' ഭ്രതകാലം ഇകാരാന്തമായി രുന്നാൽ അതു തന്നെ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; അവൻ ഓടിപ്പോകുന്നു, ഇവൻ ചാടി നടക്കുന്നു.

൩൬൦. ക്രിയകൾ തമ്മിൽ സാധനസാദ്ധ്യമായിട്ടു സംബന്ധപ്പെട്ടിരുന്നാൽ സാധനം സ്വഭാവ വന്തത്തിലായിരിക്കും: ദൃ—ന്തം; 'അവൻ വിഷം തിന്നു മരിച്ചു' എന്നതിന്നു വിഷം തിന്നതു മരിപ്പാനായിട്ടു എന്നു അൎത്ഥമാകും. ആധാരമായി വരുന്നതു ഭാവ വചനങ്ങളും ചില സംഭവ വചനങ്ങളും ആയിരുന്നാൽ വന്തം പ്രകാരത്തെക്കാണിക്കും: ദൃ—ന്തം; 'അവൻ കളിച്ചു നടക്കുന്നു' ആധേയത്തിന്റെയും ആധാരത്തിന്റെയും കൎത്താവു ചിലപ്പോൾ വെവ്വേറായും വരും: ദൃ—ന്തം; 'അവൻ ഒരു വാഴ വെച്ചു കുല ഉണ്ടായതിന്റെ ശേഷം' ആന്തം എന്നതു പോലെ വന്തവും ആവൎത്തിക്കപ്പെടാകുന്നതാകുന്നു: ദൃ—ന്തം; 'ചാടിച്ചാടി നടക്കുന്നു, മഴ ഏറി ഏറി വരുന്നു'. പ്രതിഭാവവന്തം കാരണത്തെക്കാണിക്കും, അതിനോടു ഇട്ടു എന്നതു പൊരുൾഭേദം കൂടാതെ ചേരുകയും ചെയ്യും: ദൃ—ന്തം; അവൻ വരാഞ്ഞു കാൎയ്യം നടന്നില്ല, ഞാൻ അറിയാഞ്ഞിട്ടു ചെയ്തു'.

൩൬൧. ക്രിയകൾ തമ്മിൽ സംബന്ധമില്ലാതെയിരുന്നാൽ നിരാധാര വചനങ്ങൾ എങ്കിലും വാച്യ നാമങ്ങൾ എങ്കിലും മററു സമുച്ചയരൂപങ്ങൾ എങ്കിലും പ്രയോഗിക്കപ്പെടേണം; ദൃ—ന്തം; 'എല്ലാവരെയും ബഹുമാനിപ്പിൻ; സഹോദരത്വത്തെ സ്നേഹിപ്പിൻ' എന്നെങ്കിലും 'എല്ലാവരെയും ബഹുമാനിക്കയും സഹോദരത്വത്തെ സ്നേഹിക്കയും, ചെയ്വിൻ' എന്നെങ്കിലും പറയുന്നതിന്നു പകരം 'എല്ലാവരെയും ബഹുമാനിച്ചു സഹോദരത്വത്തെ സ്നേഹിപ്പിൻ എന്നു പറഞ്ഞാൽ എല്ലാവരെയും ബഹുമാനിക്കുന്നതു സഹോദരത്വത്തെ സ്നേഹിക്കുന്നതിന്നാകുന്നു എന്നൎത്ഥം വരും. 'ഞാൻ എജമാനനെകണ്ടു ഒരു കാൎയ്യം പറയുന്നതിന്നു പോയി' എന്നതിൽ കണ്ടതുപറയുന്നതിന്നു ഒരു വഴി മാത്രമാകുന്നു. 'കാണുന്നതിന്നും

ഒരു കാൎയ്യം പറയുന്നതിന്നും' എന്നായിരുന്നാൽ കാണുകയും കാൎയ്യം പറകയും ഒരുപോലെ സാദ്ധ്യങ്ങളാകും.

൩൭൨. വന്തത്തോടു കൊണ്ടു, വെച്ചു, ഇട്ടു എന്നുള്ള സഹായ വന്തങ്ങൾ ചില പൊരുളുകൾ സാധിക്കുന്നതിന്നായിട്ടു കൂട്ടും. അവയിൽ 'കൊള്ളുക' എന്നതിന്റെ വന്തമാകുന്ന കൊണ്ടു എന്നതു ആധേയവും ആധാരവും തമ്മിൽ കാലത്തിൽ സംയോഗമായിരിക്കുന്നു എന്നു കാണിക്കുന്നു: ദ്ര—ന്തം; 'നീ പറഞ്ഞുകൊണ്ടു നടക്കരുതു' ആധേയ ക്രിയ കഴിഞ്ഞതായിരുന്നാലും അതിന്റെ ഫലം നില്ക്കുന്നുണ്ടായിരുന്നാൽ അപ്പോഴും കൊണ്ടു എന്നതു ചേരും: ദ്ര—ന്തം; 'ഞാൻ ചോറു ഉണ്ടു കൊണ്ടുവരാം.' ഠരം പ്രയോഗത്തിൽ പ്രധാന വന്തം തനിച്ചു വരുന്നതും ഇതു കൂടി വരുന്നതുമായിട്ടു പൊരുൾ ഭേദമില്ലാ എങ്കിലും ഭാവഭേദമുണ്ടു. ദ്ര—ന്തം; 'അറിഞ്ഞു ദോഷം ചെയ്തു' എന്നു പറഞ്ഞാൽ അറിഞ്ഞതു ദോഷം ചെയ്യുന്നതിന്നായിട്ടു ആകുന്നു എന്നൎത്ഥമാകും, 'അറിഞ്ഞുകൊണ്ടു ദോഷം ചെയ്തു' എന്നതിൽ അറിവു ദോഷം ചെയ്യുംപോൾ ഉണ്ടായിരുന്നു എന്നു മാത്രമേ അൎത്ഥമുള്ളു.

൩൭൩. വെക്കുക എന്നതിന്റെ വന്തമാകുന്ന വെച്ചു എന്നതു ആധേയവും ആധാരവും തമ്മിൽ കാലത്തെ സംബന്ധിച്ചു മുമ്പും പിമ്പുമാകുന്നു എന്നു കാണിക്കുന്നു: ദ്ര—ന്തം: 'എഴുതിവെച്ചു കുളിക്ക' എന്നതിൽ കുളിക്കു മുമ്പിൽ എഴുത്തു കഴിച്ചു എന്നൎത്ഥം ആകും. കൊണ്ടു, വെച്ചു എന്നവയുടെ മുമ്പിലത്തെ ഹല്ലു അൎദ്ധാച്ചിന്റെ പിന്നാലെ ചുരുക്കത്തിന്നായിട്ടു ലോപിക്കയും അവെക്കു മുൻപിൽ ഉം എന്നതു തികവിന്നായിട്ടു ചേരുകയും ഉണ്ടു:' ദ്ര—ന്തം; 'നടന്നോണ്ടു, പറഞ്ഞേച്ചു, നടന്നും കൊണ്ടു, പറഞ്ഞും വെച്ചു.'

൩൭൪. ഇടുക എന്നതിന്റെ വന്തമാകുന്ന ഇട്ടു എന്നതു ആധേയത്തിന്നു ആധാരത്തോടു അകന്ന സംബന്ധമേയുള്ളു എന്നു കാണിക്കുന്നതാകുന്നു: ദ്ര—ന്തം; 'അവൻ എഴുതീട്ടു വായിച്ചു എന്നതിൽ എഴുതുക വായിക്കുന്നതിനു മുൻപു നടന്നു എന്നു മാത്രം അൎത്ഥമിരിക്കുന്നു; 'അവൻ എഴുതിയേച്ചു വായിച്ചു' എന്നു പറഞ്ഞാൽ ക്രിയാകൎത്താവു എഴുത്തു വായിക്കുന്നതിന്നു മുൻപെ കഴിച്ചു എന്നു അൎത്ഥമാകും ഇട്ടു എന്നതു ആധാരത്തിന്റെയും ആധേയത്തിന്റെയും കൎത്താവു വെവ്വേറായിരിക്കുമ്പോഴും പ്രയോഗിക്കപ്പെടും: ദ്ര—ന്തം; 'ഞാൻ പറഞ്ഞിട്ടു അവൻ കേൾക്കുന്നില്ല,' പിന്നെയും ഇതു ചിലപ്പോൾ കാരണത്തെക്കാണിക്കും; ദ്ര—ന്തം; 'അവൻ പറഞ്ഞിട്ടു ഞാൻ പോയി,' 'അവൻ വിഷം തിന്നിട്ടു മരിച്ചു' എന്നതിനു വിഷം തിന്നുക അവന്റെ മരണത്തിന്നു കാരണമാകുന്നു എന്നു മാത്രം അൎത്ഥം വരും.' അവൻ വിഷം തിന്നു മരിച്ചു' എന്നു പറഞ്ഞാൽ വിഷം തിന്നുക അവന്റെ മരണത്തിന്നു

കാരണമായിരുന്നു എന്നു തന്നെ അല്ല, അവൻ മരിക്കുന്നതിനായിട്ടു നിശ്ചയിച്ചു വിഷം തിന്നു എന്നു കൂടെ പൊരുളാകും.

൩൭൫. ഇട്ടു എന്നതിന്നു പകരം ഭൂതകാലനാമധേയത്തോടു ആറെ എന്നതു ചേർത്തു പറയും. എന്നാൽ അതു ഭൂതകാല ക്രിയകളെ സംബന്ധിച്ചു മാത്രം പ്രയോഗിക്കപ്പെടുന്നതാകകൊണ്ടു ആധാരം ഭൂതത്തിലെങ്കിലും വർത്തമാനത്തിലെങ്കിലുമായിരിക്കേണം: ദൃ—ന്തം; 'ഞാൻ പറഞ്ഞാറെ അവൻ കേട്ടു, അവൻ വന്നാറെ പോകുന്നില്ല.' ആധാരം ചിലപ്പോൾ ഭവിഷ്യകാലരൂപമായിരിക്കുമെങ്കിലും പൊരുൾ വർത്തമാനകാലം തന്നെ ആയിരിക്കും: ദൃ—ന്തം; 'ചോദിച്ചാറെ തരികയില്ല' എന്നതിൽ തരുവാൻ മനസ്സില്ല എന്നു അർത്ഥമാകുന്നു. ആറെ എന്നതു വാറു എന്നതിനോടു ഏ എന്ന അവ്യയം ചേർന്നുണ്ടാകുന്ന വാറെ എന്നതിന്റെ ലോപമാകുന്നു. വാറെ എന്നതിനു പകരം വാറു എന്നതിന്റെ സപ്തമിയാകുന്ന വാക്കൽ എന്നതും, കണക്കു എന്നതിന്റെ സപ്തമിയാകുന്ന കണക്കൽ എന്നതും ആദ്യത്തിലെ ഹല്ലു നീക്കീട്ടു രണ്ടു ഭാവത്തിലും പ്രയോഗിക്കപ്പെടും: ദൃ—ന്തം; വന്നാക്കൽ, വരാഞ്ഞാക്കൽ, വന്നണക്കൽ, വരാഞ്ഞണക്കൽ, എന്നാൽ ഈ രൂപങ്ങളിൽ ആദ്യം പറഞ്ഞ വന്നാറേ എന്നതു മാത്രം സാധാരണ സമ്മതമായിരിക്കുന്നു.

൩൭൬ നന്തം ആശംകയവസ്ഥയിലെ ഈൻ എന്നതിനെ ആൻ എന്നു മാറുന്നതിനാലുണ്ടാകുന്നു: ദൃ—ന്തം; 'നടക്കവീൻ-നടക്കവാൻ-നടക്കായ്വീൻ-നടക്കായ്വാൻ-നടക്കീൻ-നടക്കാൻ-നടപ്പീൻ-നടപ്പാൻ.' നന്തം ആധാരത്തിന്റെ സംഗതിയേയും സാദ്ധ്യത്തെയും കാണിക്കുന്നതിനായിട്ടു പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'അവൻ വരുവാൻ പറക; നീ കളിപ്പാൻ പോകരുതു; പാപത്തിൽ വീഴായ്വാൻ പ്രയാസമാകുന്നു: രോഗം വരാതിരിപ്പാനുപായമില്ല.'

൩൭൭ നന്തത്തിന്റെ പിന്നാലെ 'ആയി, ആയിട്ടു, ആയികൊണ്ടു' എന്നവ ചേരുമ്പോൾ ആധാരക്രിയയുടെ കർത്താവു അതിനെ സാദ്ധ്യമായിട്ടു ഭാവിച്ചു എന്നു കാണിക്കുന്നു: ദൃ—ന്തം

'മരിപ്പാനായിട്ടു പോകരുതു' എന്നതിന്നു മരിപ്പാൻ നിശ്ചയിച്ചുംകൊണ്ടു പോകരുതെന്നൎത്ഥമാകുന്നു. നന്തത്തിന്നു പകരം ചതുൎത്ഥി വിഭക്തിയിൽ നിൎല്ലിംഗസവാച്യ നാമവും പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം: 'മരിക്കുന്നതിന്നു പോകരുതു.'

നാലാവ്യ ലന്തത്തിന്നു വൎത്തമാന ലന്തമെന്നും ഭൂത ലന്തമെന്നും രണ്ടു രൂപമുള്ളതിൽ വൎത്തമാന ലന്തം വാച്യ നാമത്തിന്റെ അന്തത്തിൽ വരുന്ന അ എന്നതിനെ ഇൽ എന്നതായിട്ടു മാറുന്നതിനാൽ ഉണ്ടാകുന്നു: ദൃ—ന്തം; 'വരിക-വരികിൽ; വരായ്ക-വരായ്കിൽ; നടക്ക-നടക്കിൽ; നടക്കായ്ക-നടക്കായ്കിൽ; ഈ രൂപം എല്ലാ മൊഴികളിലും നടപ്പായിട്ടു വരുന്നില്ല. അതിന്റെ പകരം ഭവിഷ്യകാലത്തോടു 'എങ്കിൽ, എന്നുവരികിൽ,' എന്നിങ്ങനെ ഉള്ളവ ചേരും: ദൃ—ന്തം; 'വരുമെങ്കിൽ; വരികയില്ലെങ്കിൽ; പോകത്തില്ലെന്നുവരികിൽ.' ഭൂതലന്തം വന്തത്തോടു ആൽ എന്ന പ്രത്യയം ചേരുന്നതിനാൽ ഉണ്ടാകുന്നു: ദൃ—ന്തം ; 'നടന്നു—നടന്നാൽ ; നടക്കാഞ്ഞു; നടക്കാഞ്ഞാൽ; ഓടി, ഓടിയാൽ, എന്നു, എന്നാൽ.'

നാലൻ ലന്തം സംഭാവനയെ കാണിക്കുന്നതിനായിട്ടു പ്രയോഗിക്കപ്പെടുന്നു. അതിനോടു സംബന്ധിക്കുന്ന ആധാരം ഭവിഷ്യകാലമെങ്കിലും മറെറാരു ലന്തമെങ്കിലുമായിരിക്കും: ദൃ—ന്തം; 'മഴപെയ്യാൽ വെള്ളം പൊങ്ങും; അവൻ പറഞ്ഞാൽ കാൎയ്യം നടക്കത്തില്ലായിരിക്കും; ഞാൻ പറഞ്ഞാൽ കേട്ടില്ലെങ്കിൽ നീ അടികൊള്ളും; നീ വരികിൽ ഞാൻ പോകാം.' ആധാരം ചിലപ്പോൾ രൂപത്തിൽ ഭൂതകാലവും വൎത്തമാന

കാലവുമായിട്ടു വരുമെങ്കിലും എല്ലാപ്പോഴും അൎത്ഥത്തിൽ ഭവിഷ്യകാലം തന്നെ ആയിരിക്കും: ദൃ—ന്തം; 'അവൻ ഉണ്ടെന്നു പറഞ്ഞാലുണ്ടു, ഇല്ലെന്നു പറഞ്ഞാലില്ല; രാജാവു കല്പിച്ചാൽ കാൎയ്യം തീൎന്നു; പ്രയാസപ്പെട്ടു നോക്കിയാൽ ഒക്കുമായിരുന്നു.'

൩൭൦. ലന്തങ്ങൾ തമ്മിൽ അല്പ വ്യത്യാസമുണ്ടു. ഭൂതലന്തം ആധാരവും ആധേയവുമായിട്ടുള്ള സംബന്ധത്തെ മാത്രം കാണിക്കുന്നു: ദൃ—ന്തം: 'മഴ പെയ്യാൽ വെള്ളം പൊങ്ങും,' എന്നതിൽ മഴ പെയ്യുന്നതിനെ കുറിച്ചു അതു ഭവിക്കുമൊ ഇല്ലയൊ എന്നു പറച്ചിൽക്കാരൻ ഒന്നും തന്നെ നിശ്ചയിക്കാതെ മഴ പെയ്യുകയും വെള്ളം പൊങ്ങുകയും തമ്മിൽ കാരണ കാൎയ്യ വഴിയായി സംബന്ധപ്പെട്ടിരിക്കുന്നു എന്നു മാത്രം കാണിക്കുന്നു. എന്നാൽ വൎത്തമാനലന്തം ഭവിക്കുമെന്നു പറച്ചിൽക്കാരന്നു സംശയമെങ്കിലും നിശ്ചയമെങ്കിലും ഉള്ള സംഗതികളെപ്പററി പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'മഴ പെയ്കിൽ വെള്ളം പൊങ്ങും.' എന്നാൽ മഴ പെയ്യുന്ന കാൎയ്യം സംശയമാകകൊണ്ടു, വെള്ളം പൊങ്ങുന്നതും സംശയമാകുന്നു. 'അവൻ വരികിൽ ഞാൻ പോകും' എന്നാൽ അവൻ വരുന്നതു നിശ്ചയമാകുന്നു, ആകയാൽ ഞാൻ പോകുന്നതും നിശ്ചയം തന്നെ

൩൭൧. ഭൂതലന്തം സ്വഭാവ സംശയത്തെയും വൎത്തമാനലന്തം മനോസംശയത്തെയും കാണിക്കും: ദൃ—ന്തം; 'അവൻ വന്നാൽ ഞാൻ പോകാം' എന്നതിൽ അവൻ വരുന്നതു സംശയമാകുന്നു; 'അവൻ വരികിൽ ഞാൻ പോകാം' എന്നതിൽ അവൻ വരുന്നതു ഒരുവേള നിശ്ചയമായിരിക്കും എങ്കിലും ഇനിക്കു തിട്ടം വന്നിട്ടില്ല എന്നു ഭാവം, പിന്നെയും ഭൂതലന്തം ആധേയവും ആധാരവും തമ്മിൽ സ്വഭാവ സംബന്ധം ഉള്ളപ്പോഴെ പ്രയോഗിക്കപ്പെടാവു; വൎത്തമാനലന്തം അവ തമ്മിൽ ആഗന്തുക സംബന്ധം മാത്രം ഉണ്ടായിരുന്നാലും പ്രയോഗിക്കപ്പെടാം: ദൃ—ന്തം; മഴ പെയിതാൽ വെള്ളം പൊങ്ങും എന്നു പറഞ്ഞാൽ വെള്ളം പൊങ്ങുന്നതിനു കാരണം മഴ പെയ്ക, ആകുന്നു എന്നു അൎത്ഥമാകും; അവൻ വരുമെങ്കിൽ കാൎയ്യം നടക്കും എന്നതിന്നു അവൻ വരുന്നതുകൊണ്ടു കാൎയ്യം നടക്കുമെന്നൎത്ഥമുള്ളതു കൂടാതെ കാൎയ്യം നടക്കുമെന്നു അവൻ വരുന്നതുകൊണ്ടു പറച്ചിൽക്കാരൻ അറിഞ്ഞു എന്നും കൂടെ അൎത്ഥം ഉണ്ടാകും; പിന്നെയും 'അവൻ വന്നാൽ ഞാൻ പോകാം' എന്നു പറയേണമെങ്കിൽ അവൻ വരുന്നതു ഞാൻ പോകുന്നതിന്നു

മുമ്പായിരിക്കണം; എന്നാൽ 'അവൻ വരുമെങ്കിൽ ഞാൻ പോകാം എന്നു വരവു പോക്കിന്നു പിമ്പായിരുന്നാലും പറയാം.

൩൭൨. എങ്കിൽ, എന്നുവരികിൽ, എന്നാകിൽ; എന്നിങ്ങനെ ഉള്ളവ ഭവിഷ്യകാലത്തോടു തന്നെ അല്ല; വൎത്തമാനകാലത്തോടും ഭൂതകാലത്തോടും കൂടെ സംബന്ധിച്ചു വരും. ഭവിഷ്യത്തോടു സംബന്ധിക്കുമ്പോൾ വൎത്തമാനലന്തം പോലെ പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'ചെയ്കിൽ; ചെയ്യുമെങ്കിൽ; ചെയ്യുമെന്നുവരികിൽ, ചെയ്യുമെന്നാകിൽ' എന്നവെക്കെല്ലാം പൊരുൾ ഒക്കുന്നു. ഭൂതകാലത്തോടും വൎത്തമാനകാലത്തോടും സംബന്ധപ്പെട്ടുവരുമ്പോൾ ഠരം മൊഴികൾ പറച്ചിൽക്കാരന്റെ അഭിപ്രായത്തോടു കൂടെ സംഭാവനയെ കാണിക്കും: ദൃ—ന്തം; 'ഞാൻ ആണാകുന്നു എങ്കിൽ മാറുകയില്ല.' ഭൂതകാലത്തിന്റെ പിന്നാലെ വരുന്ന ആധാരം അൎത്ഥ ഭേദം പോലെ കാലഭേദം വരുത്തപ്പെടും: ദൃ—ന്തം; 'അവൻ വിദ്വാനായിരുന്നു എങ്കിൽ ആ ദോഷത്വം ചെയ്കയില്ലായിരുന്നു, ചെയ്യാഞ്ഞേനെ'; അവൻ പറഞ്ഞെങ്കിൽ പോയിരിക്കും; കാൎയ്യംകേട്ടതു രാജാവാകുന്നു എങ്കിൽ മുറപ്രകാരം തീൎന്നിട്ടുണ്ടു.

൩൭൩. വചനാധേയങ്ങൾക്കു നിരാധാരവചനങ്ങൾ തന്നെ അല്ല, പരാധാരവചനങ്ങളും ആധാരമായ്വരും; എന്നാലവയും വേറിട്ടു ആധാരം വേണ്ടീട്ടു ആകയാൽ തീൎച്ചയിൽ വരുന്ന ആധാരം നിരാധാര വചനം തന്നെ ആയിരിക്കും: ദൃ—ന്തം; 'പറഞ്ഞാൽ കേൾക്കാതെ നടക്കുന്ന ദുഷ്ടന്മാൎക്കു ശുഭമാകയില്ല;' എന്ന വാക്യത്തിൽ പറഞ്ഞാൽ' എന്ന ലന്തത്തിനു, 'കേൾക്കാതു' എന്ന ആന്തവും അതിന്നു 'നടക്കുന്നു' എന്ന നാമാധേയവും അതിന്നു 'ആകയില്ല' എന്ന നിരാധാര വചനവും ആധാരമായിരിക്കുന്നു.

൩൭൪. വചനാധേയങ്ങളും തങ്ങളുടെ ആധാരങ്ങളുമായിട്ടു ചിലപ്പോൾ ഇടവിട്ടു നില്ക്കും: ദൃ—ന്തം; നീ ചെന്നു ഓടിപോകുന്ന കുതിരയെ പിടിച്ചു കൊണ്ടു വന്നാൽ ഉണ്മാൻ നിറയച്ചോ

ദു തരാം,' എന്നതിൽ 'ചെന്നു' എന്നതിനു 'വ
ന്നാൽ' എന്നതും 'ഓടി' എന്നതിനു 'പോകുന്നു'
എന്നതും 'വന്നാൽ' എന്നതിനും 'ഉണ്മാൻ' എ
ന്നതിനും 'നിറയ' എന്നതിനും 'തരാം' എന്ന
തും ആധാരം ആകുന്നു; ആകയാൽ ആധാര
ങ്ങളും ആധേയങ്ങളും തമ്മിൽ ചേരുവാനുള്ള
പ്രകാരത്തിൽ ചേൎക്കപ്പെടെണം. അല്ലാഞ്ഞാൽ
അൎത്ഥം തെളിവാകയില്ല: ദ്രു—ന്തം; 'യജമാനൻ
പറഞ്ഞാൽ അനുസരണമില്ലാത്തവരെ ഞാന
ടിക്കാം' എന്നതിൽ 'പറഞ്ഞാൽ' എന്നതിനു
'അനുസരണമില്ലാത്തവർ' എന്നതിനെ ആ
ധാരമായിട്ടു വിചാരിക്കുമ്പോൾ 'യജമാന
ന്റെ വാക്കു അനുസരിക്കാത്തവരെ ഞാൻ
അടിക്കും' എന്നും, 'അടിക്കും' എന്ന നിരാധാര
വചനത്തെ ആധാരമായിട്ടു വെക്കുമ്പോൾ
അനുസരണമില്ലാത്തവരെ യജമാനൻ പറ
ഞ്ഞാൽ അടിക്കുമെന്നും ഇങ്ങനെ രണ്ടൎത്ഥം
വരുന്നു.

൩൭൫ ഒരു വാക്യത്തിൽ ആധേയത്തിന്നു
പ്രതിഭാവ വചനം ആധാരമായിട്ടു വരുമ്പോ
ൾ ആ വാക്യത്തിന്നു തമ്മിൽ തമ്മിൽ വ്യത്യാ
സമായിരിക്കുന്ന രണ്ടു പൊരുൾ പല പടുതി
യിലും ഉണ്ടാകും: ദ്രു—ന്തം; 'രാജാവും മന്ത്രിയും
വന്നില്ല, പശുക്കളെ രണ്ടിനെയും വാങ്ങിക്ക
രുതു; അവൻ ഭയപ്പെട്ടു ചെയ്തില്ല.'

൩൭൬ പല നാമങ്ങൾ ഉം എന്ന അവ്യയത്തോടു കൂടി വരി
കയും വചനം പ്രതിഭാവമായിരിക്കയും ചെയ്യുമ്പോൾ രണ്ടൎത്ഥം
ഉണ്ടാകും: ദ്രു—ന്തം; 'ജ്യേഷ്ഠനും അനുജനും പോയില്ല' എന്ന
തിൽ 'ജ്യേഷ്ഠനും പോയില്ല അനുജനും പോയില്ല' എന്നും

അവരിൽ ഒരുത്തൻ പോയി മററവൻ പോയില്ല എന്നും വ്യത്യാസമായിട്ടു അൎത്ഥം വരുന്നു; അങ്ങനെ തന്നെ 'രാജാവിനോടും കുടികളോടും വിരോധം ചെയ്യാത്തവർ' എന്നു പറഞ്ഞാൽ ഇരുപാട്ടുകാരോടും അനുകൂലം ചെയ്യുവർ എന്നും ഒരു കൂട്ടക്കാരോടു മാത്രം വിരോധം ചെയ്യാത്തവർ എന്നും പൊരുൾ വരുന്നതാകുന്നു.

൩൭൭. ഉം എന്ന അവ്യയം ചേരുന്ന സാംഖ്യ നാമങ്ങളോടു എങ്കിലും ചില സൎവ്വാൎത്ഥ നാമങ്ങളോടു എങ്കിലും സംബന്ധിച്ചു നിരാധാര വചനം വരുമ്പോൾ അൎത്ഥം സംശയമായിരിക്കും: ദൃ—ന്തം; 'ആയിരം ചക്രവും കിട്ടിയില്ല' എന്നതിന്നു അതിൽ ഒട്ടും കിട്ടിയില്ലെന്നും ഏതാനുമെ കിട്ടിയുള്ളെന്നും രണ്ടുപ്രകാരത്തിൽ പൊരുളുതിരിയും, അങ്ങനെ തന്നെ എല്ലാവരും നല്ലവരല്ല എന്ന വാക്യത്തിൽ ആരും നല്ലവരല്ല എന്നും ചിലരേ നല്ലവരുള്ളു എന്നും അൎത്ഥം തോന്നും.

൩൭൮. ലന്തങ്ങൾ ഒഴികെയുള്ള സ്വയഭാവ പരാധാര വചനങ്ങൾ ആധേയമായിട്ടും വരുമ്പോഴും പൊരുൾ രണ്ടുവിധമായിരിക്കും: ദൃ—ന്തം; 'രാജാവറികെ ചെയ്യില്ല' എന്നതിനു രാജാവു അറിഞ്ഞുമില്ല ചെയ്യുമില്ല എന്നും ചെയ്യാഞ്ഞതു രാജാവറിഞ്ഞാകുന്നു എന്നും പൊരുളിരിക്കും "അവൻ ഭയപ്പെട്ടു വന്നില്ല' എന്നു പറഞ്ഞാൽ അവൻ ഭയപ്പെട്ടുമില്ല വന്നുമില്ല' എന്നും അവൻ ഭയപ്പെട്ടു അതിനാൽ വന്നില്ലെന്നും അൎത്ഥമിരിക്കും; 'ഞാൻ മരിപ്പാൻ പോകുന്നില്ല' എന്നതിനു പോകുന്നില്ല പോയാൽ മരിക്കുമെന്നും പോകാത്തതു മരിപ്പാനാകുന്നു എന്നും രണ്ടു ഭാവവും ഉണ്ടു. 'ഗുണത്തിന്നായിട്ടു ദോഷം ചെയ്യരുതു' എന്നതിന്നു ദോഷം ചെയ്യാതിരുന്നാൽ ഗുണം വരുമെന്നും ദോഷം ചെയ്തു ഗുണം വരുത്തരുതെന്നും ഇങ്ങനെ രണ്ടു പൊരുളും ഉൾപ്പെടും.

൩൭൯. അവ്യയങ്ങളായി പ്രയോഗിക്കപ്പെടുന്ന ചില വചനാധേയങ്ങളെ സംബന്ധിച്ചും മേൽപ്പറഞ്ഞ പ്രമാണമൊക്കും: ദൃ—ന്തം; 'ആൎയ്യഭട്ടർ പറയുന്ന പ്രകാരം ആദിത്യൻ ഭൂമിയെച്ചുററുന്നില്ല' എന്നതിൽ ആൎയ്യഭട്ടർ പറയുന്നതു ആദിത്യൻ ഭൂമിയെച്ചുററുന്നു എന്നൊ ചുററുന്നില്ല എന്നൊ രണ്ടിലേതെന്നു സംശയമാകുന്നു. എന്നാൽ വന്തംത്താടു ഇട്ടു എന്നതു കൂട്ടുകയും അതിന്നു ആധാരമായിരിക്കുന്ന പ്രതിഭാവ വചനം ഭൂതകാലമോ വൎത്തമാനകാലമോ ആയിരിക്കയും ചെയ്യുമ്പോൾ ആയ്തു സ്വയഭാവം മാത്രമെ ആകു; അങ്ങനെ തന്നെ അതിനു പകരം പ്രയോഗിക്കപ്പെടുന്ന ആറെ എന്നതു മുതലായവ കൂടി ഉണ്ടാകുന്ന ആധേയങ്ങൾക്കും ഒരൎത്ഥമേവരു: ദൃ—ന്തം; 'അവൻ പോയിട്ടു വന്നില്ല;' 'ഞാൻ പറഞ്ഞാറെ അവൻ കേൾക്കുന്നില്ല.'

ജ്ഞാപനം. ഇപ്രകാരം പ്രതിഭാവ വചനം ആധാരമായി

വരുന്ന വാക്യങ്ങൾക്കു തമ്മിൽ തമ്മിൽ ഭിന്നിപ്പായ ൦രം രണ്ടൎത്ഥം വരുന്നതിനാൽ പൊരുൾ പലപ്പോഴം സംശയമായിട്ടു തീരും. എന്നാൽ ഇങ്ങനെ പ്രതിഭാവ വാക്യത്തിൽ രണ്ടൎത്ഥം വരിക എല്ലാ ഭാഷയിലും നടപ്പുള്ളതാകയാൽ അതുഭാഷയുടെ ഒരു സാധാരണലക്ഷണമാകുന്നു എന്നു തന്നെ പറയാം; അങ്ങനെ വരുന്നതു പ്രതിഭാവം രൂപത്തിൽ എങ്കിലും അൎത്ഥത്തിൽ എങ്കിലും സ്വയഭാവവും ഇല്ല എന്നതും കൂടി ഉണ്ടാകുന്നതാകയാലാകുന്നു. എന്തെന്നാൽ ആധേയവും സ്വയഭാവവും തമ്മിൽ ഒന്നിച്ചു ഒരു പദമായിട്ടും ഇല്ല എന്നതു മറെറാരു പദമായിട്ടും വിചാരിക്കുമ്പോൾ ഒരൎത്ഥവും ആധേയത്തെ തനിച്ചു ഒരു പദമായിട്ടും പ്രതിഭാവവചനം അടെച്ചു മറെറാരു പദമായിട്ടും വിചാരിക്കുമ്പോൾ വേറിട്ടു ഒരൎത്ഥവുംവരുന്നതാകുന്നു, ദൃ—ന്തം; 'അവൻ മരിപ്പാൻ പോകുന്നില്ല' എന്നതിൽ 'മരിപ്പാൻ പോകുന്നു' എന്ന ഒരു മൊഴിയും 'ഇല്ല' എന്നു മറെറാരുമൊഴിയുമായിട്ടു അന്വയിക്കപ്പെട്ടുംപോൾ 'പോകുന്നില്ല പോയാൽ മരിക്കും' എന്നും 'മരിപ്പാൻ' എന്നൊരു മൊഴിയും പോകുന്നില്ല എന്നു വേറിട്ടു ഒരു മൊഴിയും ആയിട്ടു സംബന്ധിക്കുമ്പോൾ പോകാത്തതു മരിപ്പാൻ ആകുന്നു എന്നും അൎത്ഥം വരുന്നു, എന്നാൽ നിശ്ചയിക്കപ്പെട്ടപൊരുൾ ഇന്നതാകുന്നു എന്നു ഔചിത്യം കൊണ്ടും സാഹചൎയ്യം കൊണ്ടും മററും മിക്കവാറും അറിഞ്ഞുകൊള്ളാം; ദൃ—ന്തം ; 'നീതിയെ സ്നേഹിച്ചു കുററം ചെയ്യരുതു' എന്നതിന്നു നീതിയോടുള്ള സ്നേഹം കുററം ചെയ്യുന്നതിനു കാരണമാകുന്നതല്ലായ്കകൊണ്ടു അൎത്ഥം കുററം ചെയ്യാതിരിക്കുന്നതിന്നു നീതിയോടുള്ള സ്നേഹം കാരണമാകെണമെന്നും ആകുന്നു എന്നു നാം ഔചിത്യംകൊണ്ടു അറിയുന്നു. 'വേദവാക്യം പറയുന്നപ്രകാരം ഭക്തന്മാർ ബുദ്ധിമാന്മാരല്ല' എന്നതിന്നു പൊരുൾ വേദവാക്യം പറയുന്നതു ഭക്തന്മാർ ബുദ്ധിമാന്മാരല്ല എന്നാകുന്നു എന്നും. 'നാസ്തികർ പറയുന്ന പ്രകാരം പ്രപഞ്ചം നിത്യമല്ല' എന്നതിന്നൎത്ഥം, നാസ്തികർ പറയുന്നതു പ്രപഞ്ചം നിത്യമാകുന്നു എന്നാകുന്നു എന്നും അങ്ങനെ തന്നെ നാം അറിയുന്നു. 'നന്മ ചെയ്യുന്നതു നമ്മുടെ മുറ ആകുന്നു എങ്കിലും പ്രതിഫലത്തെവിചാരിച്ചുനാം നന്മചെയ്യരുതു' എന്ന വാക്യത്തിൽ നന്മ ചെയ്യാതിരിക്കുന്നതിന്നു പ്രതിഫലം കാരണമാകെണമെന്നല്ല നന്മ ചെയ്യുന്നതിന്നു പ്രതിഫലം കാരണമാകരുതെന്നാകുന്നു അൎത്ഥമെന്നു നാം സാഹചൎയ്യംകൊണ്ടു അറിയുന്നു. ഔചിത്യം സാഹചൎയ്യം മുതലായ സംഗതികളെക്കൊണ്ടും അൎത്ഥം തിട്ടപ്പെടുത്തുന്നതിന്നു പാങ്ങില്ലാത്ത പട്ടതികളിൽ വാചകത്തിന്റെ ആകൃതി മാററുവാനുള്ളതാകുന്നു.'

നാമാധേയങ്ങൾ.

൩൱൦. ശബ്ദന്യൂനങ്ങൾ എന്നു സാമാന്യമായി പേർ പറയുന്ന നാമാധേയങ്ങൾ ജ്ഞാപകാവസ്ഥയിലെപ്പോലെ ത്രികാലങ്ങൾക്കു ഒപ്പിച്ചു മൂന്നു വകയായിരിക്കുന്നു അവയിൽ ഭൂതത്തിലേയും വൎത്തമാനത്തിലേയും നാമാധേയങ്ങൾ ഉണ്ടാകുന്നതു നിരാധാരങ്ങളോടു അകാരം ചേരുന്നതിനാലാകുന്നു; ഭവിഷ്യ കാലനാമാധേയവും നിരാധാരവും തമ്മിൽ രൂപഭേദമില്ല: ദൃ—ന്തം; 'പറഞ്ഞു—പറഞ്ഞ; ഓടി—ഓടിയ; നടക്കുന്നു—നടക്കുന്ന; വരും-വരും; പഠിക്കാഞ്ഞു-പഠിക്കാഞ്ഞ; നില്ക്കാതു—നില്ക്കാത്ത; വീടാ—വീടാ.'

ജ്ഞാപകം. അകാരം ചേരുന്നതിനു മുമ്പെ ഉകാരം നീങ്ങുന്നതും ഇകാരാന്തത്തിനു പിൻപു യകാരം ഏറ്റുന്നതും ൬൭ാവതും ൭൦ാവതും ലക്കങ്ങളിൽ പറയുന്ന പ്രകാരം ശബ്ദച്ഛേദ്യങ്ങളും തകാരം ഇരട്ടിക്കുന്നതു ആന്തത്തിൽനിന്നു വ്യത്യാസപ്പെടുന്നതിന്നുമാകുന്നു.

൩൱൧. ശുദ്ധവചനത്തിന്റെ നാമധേയങ്ങളാകുന്ന 'ആയ' 'ആകുന്നു' 'ആകും' എന്നവ കാലഭേദം കാണിക്കാതെ പ്രയോഗിക്കപ്പെടും. 'ആയ' എന്നതു ഭൂതകാലത്തു തുടങ്ങിയുള്ള വൎത്തമാനകാല സംഗതികളെപ്പറ്റിപ്പറയപ്പെടുന്നു; ദൃ—ന്തം; 'ധനവാനായ ഗോവിന്ദൻ' എന്നു പറയുന്നതിൽ ഗോവിന്ദൻ മുൻപിൽ ധനവാനായിരുന്നു ഇപ്പോൾ അല്ല എന്നു അൎത്ഥം വരുന്നില്ല. മുൻപിൽ ധനവാനായിരുന്നു എന്നതിട്ടപ്പെടുത്തുകയും ഇപ്പോഴത്തെയും പിന്നീടത്തെയും അവസ്ഥ വിവരപ്പെടുത്താതിരിക്കയും ചെയ്യുന്നു' ആകയാൽ മുൻപിലും ഇപ്പോഴും പിന്നീടും ഒരു പോലെ ഒക്കുന്ന സംഗതികളെക്കുറിച്ചു 'ആയ' എന്നതു പ്രയോഗിക്കപ്പെടുന്നുണ്ടു: ദൃ—ന്തം' 'സൎവ്വശക്തനായ ദൈവം'' ചില മൊഴികളോടു കൂടെ 'ആന' എന്ന തമിഴ രൂപം നടപ്പായിരിക്കുന്നു: ദൃ—ന്തം; 'ശുദ്ധമാന പുസ്തകം' ഭവിഷ്യകാല നാമാധേയമാകുന്ന 'ആകും' എന്നതിന്നു മൂന്നു കാലത്തിലും ഒക്കുന്ന സംഗതികളെപ്പറ്റി പ്രയോഗമുണ്ടു അതു പതിവായിട്ടു 'ആം' എന്നു ചുരുങ്ങുന്നു: ദൃ—ന്തം; 'നാലാകുന്നാളു, അഞ്ചാം തീയതി, കിഴാമാണ്ടു, പരിശു

ഡാത്മാവാം ദൈവം,' 'ആകുന്നു' എന്നതു വൎത്തമാനകാലത്തെ വിശേഷിപ്പിച്ചുകാണിക്കുന്നതിന്നു മാത്രമേ പതിവായിട്ടു പ്രയോഗിക്കപ്പെടുന്നുള്ളു: ദൃ—ന്തം; ധനവാനാകുന്ന ധമ്മി; ഭാവവചനങ്ങളിൽ 'ഉണ്ടു' എന്നതിന്റെ നാമധേയം 'ഉള്ള' എന്നാകുന്നു.

൩൮൨ 'വലിയ, ചെറിയ നല്ല' എന്നു മുതലായിട്ടു ചില നാമധേയങ്ങളുള്ളതു അവയോടു സംബന്ധമായിരിക്കുന്ന ചില ഗുണനാമങ്ങളുടെ മകാരാന്തത്തെയും മുൻപിൽ ഇകാരം ഉണ്ടായിരുന്നാൽഅതിനെയും നീക്കിട്ടു ഇയ എന്നതിനെ ചേൎക്കുന്നതിനാൽ ഉണ്ടാകും പോലെ തോന്നുന്നു: ദൃ—ന്തം; 'കടുമ—കടിയ; തിന്മ—തീയ. കൊടുമ—കൊടിയ, നന്മ—നല്ല; വലിമ—വലിയ; ചെറുമ—ചെറിയ; കുറുമ—കുറിയ, പെരുമ—പെരിയ അരുമ—അരിയ; എന്നാൽ സൂക്ഷ്മം വരുത്തി പറയുംപോൾ അവ ലോപിച്ചെടുത്ത ചില ഭൂതകാലനാമധേയങ്ങളാകുന്നു എന്നു വിചാരിക്കുന്നതിന്നിടയാകും: ദൃ—ന്തം; നെടുകിയ — നെടിയ; പെരുകിയ—പെരിയ; ചെറുകിയ—ചെറിയ, എങ്കിലും ഇങ്ങനെ ഉള്ള മൊഴികളിൽ ഭൂതകാലത്തിന്റെ ഭാവം തീരുമാനം മറവായിരിക്കുന്നു.

൩൮൩. നാമധേയങ്ങളുടെ കാലം നിരാധാരമായും പരാധാരമായും വരും. ആതായതു ചിലപ്പോൾ പറയുന്ന സമയത്തോടും ചിലപ്പോൾ നിരാധാര വചനത്തിന്റെ കാലത്തോടും സംബന്ധമായിരിക്കും: ദൃ—ന്തം; 'ആ വള്ളത്തിൽ വരുന്നവനെ ഞാനിന്നലെ കണ്ടു; നാളെ ക്കാണുകയും ചെയ്യും' എന്ന വാക്യത്തിൽ 'വരുന്ന' എന്നതിന്റെ കാലം നിരാധാരമായിപ്പറയുന്ന കാലത്തോടല്ലാതെ കണ്ട സമയത്തോടെങ്കിലും കാണ്മാനിരിക്കുന്ന സമയത്തോടു എങ്കിലും ചേരുന്നില്ല; 'തിരുവനന്തപുരത്തിനു പോകുന്ന ഒരുത്തനെ ഞാൻ വഴിയിൽ വെച്ചു കണ്ടു' എന്നതിൽ കാലം പരാധാരമാകയാൽ പോയ സമയവും കണ്ട സമയവും തമ്മിൽ സംയോഗമായിരിക്കുന്നു, 'രാമേശ്വരത്തിന്നു

പോയ തിരുവുപ്പാടിനെ അവൻ കണ്ടിട്ടുണ്ടു', എന്നു പറയുന്നതിൽ തിരുവുപ്പാടു രാമേശ്വരത്തിന്നു പോയതു കണ്ട സമയത്തിന്നു മുൻപോ പിമ്പോ കണ്ടപ്പോഴൊ ആയിരിക്കും;' മരിച്ചവർ ഒക്കയും ഒടുക്കത്തെ ദിവസത്തിൽ ഉയിൎത്തെഴുനീല്ക്കും, എന്നതിൽ പറയുന്ന ൦ര൦ സമയത്തിന്നു മുൻപു മരിച്ചവരും ഇപ്പോൾ മരിക്കുന്നവരും ഇനിയും ഉയിൎത്തെഴുന്നെല്പിന്നു മുൻപിൽ മരിപ്പാനിരിക്കുന്നവരും ഉൾപ്പെട്ടിരിക്കുന്നു.

൩൨൪. നാമധേയങ്ങൾക്കു ആധാരമായിട്ടു ക്രിയയുടെ കൎത്താവു തന്നെ അല്ല അതിന്റെ കൎമ്മവും കാരണവും ഫലവും മററും പല സംഗതികളും വരും; വിവരപ്പെടുത്തെണമെങ്കിൽ,

(൧) കൎത്താവ: ദൃ—ന്തം; 'ചത്ത സിംഹം; ഉണ്ണുന്ന മനുഷ്യൻ വരുങ്കാലം.'

(൨) കൎമ്മം: ദൃ—ന്തം; ഉണ്ണുന്ന ചോറ; ഉണ്ണാവിരുത്തി; പറയാത്തകാൎയ്യം.'

(൩) സാഹിത്യം: ദൃ—ന്തം; ഞാൻ തൎക്കിച്ച വിദ്വാൻ; അവൻ പൊന്നു വാങ്ങിച്ച വ്യാപാരി; രാജാവു ക്ഷമിക്കാത്ത കുററക്കാരൻ:

(൪) ഫലം; ദൃ—ന്തം; 'യജമാനൻ ശമ്പളം കൊടുക്കുന്ന ഭൃത്യൻ: ഞാൻ പോകുന്ന രാജ്യം; നീ വന്ന സമയം.'

(൫) കാരണം: ദൃ—ന്തം; 'ഉണ്ണുന്ന കൈ, എഴുതിയ നാരായം.'

(൬) സ്ഥലം: ദൃ—ന്തം; 'ഉണ്ണുന്ന കിണ്ണൻ പാൎക്കുന്ന വീട.'

(൭) മററും സംഗതികൾ; ദൃ—ന്തം; 'അവൻ

പറഞ്ഞ മനുഷ്യൻ' ഞാൻ കേറിയ കുതിര: ആലപ്പുഴെക്കു പോകുന്ന തോട്ടു.'

൩൨൭ ആധാരവും ആധേയവും തമ്മിലുള്ള സംബന്ധം പല വകയായി വരുന്നതാകയാൽ നിശ്ചയിക്കപ്പെട്ട സംബന്ധമിന്നതെന്നു പലപ്പോഴും സംശയമായിത്തിരുന്നതിന്നിടയുണ്ടു: ദൃ—ന്തം; 'വെട്ടിയ കൈ' എന്നു തനിച്ചു നിന്നാൽ 'കൈ' എന്നതു വെട്ടുന്നതിനുള്ള കൎത്താവോ, കൎമ്മമോ, ആയുധമോ, എന്നു നിശ്ചയപ്പെടുത്താകുന്നതല്ല. എന്നാൽ അങ്ങിനെയുള്ള സംശയങ്ങളെ ഒഴിക്കുന്നതിനുള്ള പ്രധാന വഴികൾ ഠരം താഴെ വരുന്നവയാകുന്നു.

(൧) ക്രിയയോടു സംബന്ധിക്കുന്ന മറ്റും ചില സംഗതികളെ കൂട്ടി പറയുന്നതു: ദൃ—ന്തം; 'ഞാൻ പിച്ചാത്തികൊണ്ടു വെട്ടിയ കൈ;' അവൻ ചരക്കുകൊടുത്ത അടവുകാരൻ.'

(൨) ആധാരത്തോടു കൎത്താവിന്റെ സംബന്ധത്തിൽ ചേരുന്ന ക്രിയകളെ മറുപകരം പ്രയോഗിക്കുന്നതു: ദൃ—ന്തം; വെട്ടിയ കൈ. കൊടുത്ത അടവുകാരൻ എന്നവെക്കു പകരം; വെട്ടുകൊണ്ട കൈ; വാങ്ങിച്ച, അടവുകാരൻ എന്നിങ്ങനെ പറയുംപോൾ സംബന്ധം തെളിവാകും,

(൩) അവ്യയങ്ങളെക്കൊണ്ടു കുറിക്കപ്പെടുന്ന സംബന്ധങ്ങൾക്കു ആ അവ്യയങ്ങളിൽ പലതിനെയും ക്രിയെക്കു മുൻപു വെച്ചു പറയുന്നതു: ദൃ—ന്തം; 'ഞാൻ കൂടെ പൊയ മനുഷ്യൻ; അവൻ പുറത്തു കേറിയ കുതിര' എന്നാൽ ഠരം പ്രയോഗം ചില അവ്യയങ്ങളെ സംബന്ധിച്ചേകൊള്ളു: ദൃ—ന്തം; 'ഞാൻ കുറിച്ചു പറഞ്ഞ മനുഷ്യൻ എന്നതിൽ 'കുറിച്ചു' എന്നതു പറയുന്നതിനോടു മനുഷ്യനുള്ള സംബന്ധത്തെയല്ല പറയുന്നതിന്റെ വിശേഷണത്തെ തന്നെ കാണിക്കുന്നു.

(൪) മുറെക്കു വേണ്ടുന്ന വിഭക്തിയോടും അവ്യയത്തോടും കൂടെ പ്രഥമകങ്ങളേയും ജ്ഞാപകയവസ്ഥയോടു കൂടെ ഓകാരത്തെയും ആധേയത്തിന്നു പകരം പ്രയോഗിക്കയും ആധാരത്തിങ്കൽ നിശ്ചയകരത്തെ നിറുത്തുകയും ചെയ്യുന്നതു: ദൃ—ന്തം; 'ഞാൻ ആരെക്കുറിച്ചു പറഞ്ഞുവോ അവൻ വന്നിരിക്കുന്നു; നിന്നോടു ആരു തൎക്കിച്ചുവോ ആ വിദ്വാൻ ഇവിടെയുണ്ടു; ഞാൻ ഏതുകുതിരയുടെ പുറത്തുകേറിയോ അതു ചത്തുപോയി; എന്നോടു ഏതു പുസ്തകത്തെ അവൻ വാങ്ങിച്ചുവോ, ആ പുസ്തകം ഇതുവരെയും ഇനിക്കു കിട്ടിയില്ല.

൩൨൮. നാമധേയങ്ങളുടെ നില അവെക്കാധാരമായിരിക്കുന്ന നാമങ്ങളോടു ചേൎന്ന

മുൻപിൽ ആയിരിക്കെണം, ഇടയിൽ നാമങ്ങ ളുടെ ആധെയ രൂപമോ ലോപഷഷ്ഠിയൊ, സപ്തമിയൊ, മററു നാമാധെയങ്ങളൊ അല്ലാ തെ വെറവിട്ടു മൊഴികൾ വന്നു കൂടാഃ ദൃ—ന്തം; 'ഞാൻ ദ്രവ്യം കൊടുത്ത വീട്ടുകാരൻ,' പറഞ്ഞാൽ കേൾക്കാത്ത ജനങ്ങൾ; ആ വരുന്ന നല്ല മനു ഷ്യൻ; പാപം ചെയ്യുന്ന ൦രം ദുഷ്ടന്മാർ; രാവ ണനെ ജയിച്ച്ച ദശരഥപുത്രൻ; അവൻ വി ലെക്കു വാങ്ങിച്ച്ച ആട്ടിൻ കുട്ടി; ഞാൻ കണ്ട ദേശത്തു ജനങ്ങൾ; രോഗി ആയി കിടക്കുന്ന മഠത്തിൽ കേരളൻ; എന്നാൽ ദശരഥൻെറ; ആ ട്ടിൻെറ, ദേശത്തെ, മഠത്തിലേ, എന്നിങ്ങനെ പറഞ്ഞാൽ ജയിച്ച്ചതും വാങ്ങിക്കപ്പെട്ടതും കണ്ട തും കിടക്കുന്നതും, പുത്രൻ കുട്ടി, ജനങ്ങൾ, കേ രളൻ, എന്നിങ്ങനെ ക്രമത്തിനു അൎത്ഥം വരു ന്നതിനു പകരം; 'ദശരഥൻ, ആട്, ദേശം, മഠം എന്നു ൦രം മുറെക്കു അൎത്ഥമായിത്തീരും.

൩൮൭ ആധാരത്തിന്നു മററും വല്ല ആധെയങ്ങൾ ഉണ്ടായി രുന്നാൽ അപ്പോൾ വാചകത്തിന്നു ചില ഭാഷഭേദം വരുത്തുവാ നുള്ളതാകുന്നു വിവരപ്പെടുത്തണമെങ്കിൽ.

(൧) ഷഷ്ഠി വിഭക്തിയെ ആധെയരൂപത്തിൽ എങ്കിലും ലോപ ഷഷ്ഠിയിലെങ്കിലും ആക്കുകയും സപ്തമിയോടു ചേൎന്നിരിക്കുന്ന നാ മാധെയത്തെകളകയും ചെയ്യുന്നതു: ദൃ—ന്തം; പാഞ്ചാലത്തിൻെറ രാജാവിന്നു വിശേഷണമായിട്ടു കേൾവിപ്പെട്ട എന്നു വരുമ്പോൾ പാഞ്ചാല ദേശരാജാവു' അല്ലെങ്കിൽ 'ദേശത്തിൻ രാജാവു' എ ന്നും കനാൻ നാട്ടിലെ ജനങ്ങൾക്കു വിശേഷണമായിട്ടു 'ദുഷ്ടന്മാ രായ' എന്നതിനെ കൂട്ടെണമെങ്കിൽ 'ദുഷ്ടന്മാരായ കനാൻ നാട്ടു ജനങ്ങൾ' എന്നും പറയെണം.

(൨) നാമാധെയത്തെ വചനാധെയമായിട്ടു മാററിപ്പിന്നാലെ സവാച്യനാമത്തെ പ്രയോഗിക്കുന്നതു: ദൃ—ന്തം; 'ഭയത്താൽ ഉണ്ടാ യ' എന്നതിനെ 'ഒരു രാജാവിൻെറ മരണം' എന്നതിനോടു ചേൎക്കുന്നതിനു' ഒരു രാജാവു ഭയത്താൽ മരിക്കുന്നതു എന്നും

ഭാസ്കരൻ എഴുതിയ' എന്നതിനെ 'ഗണിതത്തെക്കുറിച്ചുള്ള പ്രമാണങ്ങൾ' എന്നതിനോടു ചേൎക്കണമെങ്കിൽ 'ഭാസ്കരൻ ഗണിതത്തെക്കുറിച്ചു എഴുതിയപ്രമാണങ്ങൾ; എന്നും ആകെണം.

(൩) ആധേയങ്ങളിൽ മുൻപിലത്തേതിനെ വന്തമായിട്ടു മാററുകയും രണ്ടാധേയങ്ങളെയും ഉം എന്ന അവ്യയം മുഖാന്തരം സംബന്ധിപ്പിക്കയും ചെയ്തു മററു നാമാധേയം കൊണ്ടു ആധാരത്തോടു ചേൎക്കുന്നു: ദൃ—ന്തം; 'ഞങ്ങളുടെ പിതാവായ' എന്നതും 'നിന്റെ ദാസൻ' എന്നതും തമ്മിൽചേരുംപോൾ 'ഞങ്ങളുടെ പിതാവായി നിന്റെ ദാസനായുള്ളവൻ' എന്നെങ്കിലും 'ഞങ്ങളുടെ പിതാവും നിന്റെ ദാസനുമായുള്ളവൻ' എന്നെങ്കിലും ആകും; സംബന്ധങ്ങളിൽ മുൻപിലത്തേതു സാധനവും പിന്നത്തേതു സാധ്യവും ആയിരുന്നാൽ ഉം എന്ന അവ്യയം കൂട്ടി ഒന്നിക്കുന്നതിനെക്കാൾ മുൻപിലത്തേതു വന്തമായിട്ടു മാറുന്നതു ഉത്തമം: ദൃ—ന്തം; 'പാകത വന്നവനായ മനുഷ്യൻ' എന്നതിനു ആധേയമായിട്ടു 'വയസ്സൻ' എന്നതു ചേരുംപോൾ 'വയസ്സനായി പാകത വന്ന മനുഷ്യൻ' എന്നു പറയാം; എന്തെന്നാൽ പാകതവരുന്നതിനു വയസ്സുചെല്ലുക അനുകൂലമാകുന്നു; എന്നാൽ അതിന്നു 'ധനവാൻ' എന്നുള്ള വിശേഷണം ചെല്ലുംപോൾ 'ധനവാനും പാകത വന്നവനുമായ മനുഷ്യൻ' എന്നെങ്കിലും 'ധനവാനായും പാകത വന്നവനായും ഉള്ള മനുഷ്യൻ' എന്നെങ്കിലും വേണം. അല്ലാതെ ധനവാനായി പാകത വന്നവനായ മനുഷ്യൻ' എന്നായിരുന്നാൽ ധനവാനാകുന്നതു പാകത വരുന്നതിനു കാരണമാകുന്നു എന്നു അൎത്ഥംവരും.

ജ്ഞാപനം. ചില പരിഭാഷകളിൽ മൂലഭാഷയിലെ രീതിപ്രകാരം ആധേയവും ആധാരവും തമ്മിൽ ഇടവിട്ടു നില്ക്കു നടപ്പായിട്ടുണ്ടു എന്നാൽ അതു പൊരുൾ പിണങ്ങി തിരിയുന്നതിനു മിക്കപ്പോഴും ഇട വരുത്തുന്നതാകയാൽ വാചകത്തിന്റെ ആകൃതി മാററീട്ടു എങ്കിലും ഇങ്ങനെയുള്ള പ്രയോഗങ്ങളെ ഒഴിപ്പാനുള്ളതാകുന്നു. എന്നാൽ നാമാധേയവും ഇടയിൽ കേറിനില്ക്കുന്ന നാമവും തമ്മിൽച്ചേരാത്തവണ്ണം ലിംഗഭേദവും സംഖ്യഭേദവും മററും ഉണ്ടായിരുന്നാൽ പിണക്കത്തിന്നിടയില്ല: ദൃ—ന്തം; 'സുന്ദരിയായ ഭീമന്റെ മകൾ. കേഴ്പിപെട്ടവരായ ദശരഥന്റെ പുത്രന്മാർ 'എങ്കിലും ഈ പ്രയോഗം മലയാം ഭാഷയുടെ സ്വഭാവത്തിന്നു വിരോധമാകയാൽ ഇങ്ങനെ ഉള്ള പട്ടതികളിലും അതു കൊള്ളിപ്പാനുള്ളതല്ല.

൩൯൯. നാമങ്ങളുടെ വിഭക്തികളും വചനാധേയങ്ങളും നാമത്തോടു സംബന്ധപ്പെട്ടു വരു

മ്പോൾ അവയുടെ പിന്നാലെ ഉള്ള ആയ ദ്ധത്തെ, എന്നവ മുതലായിട്ട ചില നാമാധേയങ്ങൾ ചേരും. ദൃ—ന്തം; 'ഗുണമുള്ള ശീലം രാജാവായ ദാവീദ, മുൻപിലത്തെ പുസ്തകം.

നവ്യൻ. ഉള്ള എന്നതു എല്ലാ വിഭക്തികൾക്കും ഒരു പോലെ ചേരുന്നതാകുന്നു: ദൃ—ന്തം; ദ്രവ്യമുള്ള മനുഷ്യൻ, രാജാവിനെ ഉള്ള ഭയം, ദുഷ്ടനോടുള്ള വഴക്കു, ഞങ്ങൾക്കുള്ള ആട്ടിൻകുട്ടി, കല്ലാലുള്ള ബിംബം; നാട്ടുപുറത്തിലുള്ള ജനങ്ങൾ' എന്നാൽ 'ആയ' എന്നതു പ്രഥമയോടും സപ്തമിയോടുമേ നടപ്പായിട്ട ചേരുന്നുള്ളു: ദൃ—ന്തം: 'ഗുണവാനായ രാജാവു; അന്യദേശത്തെ ജനങ്ങൾ' പിന്നെയും പ്രഥമയുടെ പിന്നാലെ 'ഉള്ള' എന്നതു ഗുണവും ഗുണിയും തമ്മിലുള്ള സംബന്ധത്തെയും; 'ആയ' എന്നതു ഗുണികൾ തമ്മിലുള്ള സംബന്ധത്തേയുംകാണിക്കുന്നു; എന്നാൽ ഗുണം അധികമായിട്ട ശോഭിക്കുന്നതു ഗുണികൾ തമ്മിൽ 'ആയ' എന്നതു മുഖാന്തരം സംബന്ധിക്കുംപോൾ ആകുന്നു; എന്തെന്നാൽ 'ഗുണമുള്ള മനുഷ്യൻ' എന്ന ചില ഗുണങ്ങൾ ഉള്ളവനെ കുറിച്ചുപറയാം 'ഗുണവാനായ മനുഷ്യൻ' എന്നതിന്നു 'ഗുണം തികഞ്ഞവൻ എന്നു അൎത്ഥമാകുന്നു; അങ്ങിനെ തന്നെ 'തെളിവുള്ള കാൎയ്യം എന്നു അതിൽ ചില തെളിവുകൾ ഉണ്ടായിരുന്നാലും പറയാം; 'തെളിവായ കാൎയ്യം എന്നു പറയെണമെങ്കിൽ കാൎയ്യം മുഴുവനും തെളിവായിരിക്കെണം.സപ്തമിയോട്ട ചേരുംപോൾ ഉള്ള എന്നതു ആധാരത്തിന്റെ ഇരിപ്പടത്തെയും 'ആയ'എന്നതു ഏ, എന്നു ചുരുങ്ങി ആധാരത്തിന്നു സ്ഥലത്തോടുള്ള സംബന്ധത്തെയും കാണിക്കുന്നു: ദൃ—ന്തം; 'ചീനത്തുള്ള ജനങ്ങൾ എന്നു ആ ദിക്കിൽ പാൎക്കുന്ന എല്ലാ ജാതിക്കാരെയും പറയാം, 'ചീനത്തെ ജനങ്ങൾ' എന്നു ആ ദിക്കിലെ ജാത്യ കുടികളായ ചീനന്മാരെ സംബന്ധിച്ചെ പറയാവു; പിന്നെയും 'ചീനത്തുള്ള ജനങ്ങൾ' എന്നു ആ സ്ഥലത്തു പാൎക്കുന്നവരെത്തന്നെ പറഞ്ഞുകൂടു; 'ചീനത്തെ ജനം എന്നു അവിടം വിട്ട മറ്റുദിക്കിൽപ്പോയിപ്പാൎക്കുന്നവരെയും പറയാം. 'അരുത്ത' എന്നതു 'അതായ' എന്നതിന്റെ ചുരുക്കമെന്ന പോലെ തോന്നുന്നു, അതു ചേരുന്നതു സപ്തമിയുടെയും ലന്തങ്ങളുടെയും പിന്നാലെ ആകുന്നു: ദൃ—ന്തം; 'മുൻപിലത്തെച്ചട്ട ഇന്നലത്തെ മഴ; അപ്പോഴത്തെ പട്ടതി; അവൻ വന്നാലത്തെ ഉപകാരം;' 'ആയ' എന്നതിന്റെ ചുരുക്കമായ ഏകാരത്തിന്റെയും പ്രതിഭാവ നാമാധേയത്തിന്റെ അന്തത്തിൽ വരുന്ന ആകാരത്തിന്റെയും പിന്നാലെ വരുന്ന ഹല്ലക്ഷരങ്ങൾ മുതലായിട്ടുള്ളവ

ആയിരുന്നാൽ ഇരട്ടിക്കും: ദൃ—ന്തം; 'കിണററിലെപ്പന്നി: വീടാക്കുടം.'

൩൯൦. പ്രയോഗത്തെ സംബന്ധിച്ചു നാമധേയത്തിന്നു വിശേഷണമെന്നും, അതിന്റെ ആധാരത്തിന്നു വിശേഷ്യമെന്നും പേരായിരിക്കുന്നു; എന്നാൽ വിശേഷണം ആവശ്യവിശേഷണം അലങ്കാര വിശേഷണം, കാരണ വിശേഷണം എന്നിങ്ങനെ മൂന്നു തരമായിരിക്കുന്നു: ദൃ—ന്തം; 'അവിവേകികളായ മനുഷ്യൎക്കു അബദ്ധം വരും' എന്നതിൽ 'അവിവേകികളായ' എന്നുള്ള വിശേഷണം കൊണ്ടു വിശേഷ്യത്തിന്റെ അൎത്ഥം ഖണ്ഡിക്കപ്പെട്ടില്ലെങ്കിൽ കാൎയ്യം സത്യമായിരിക്കയില്ല. ആകയാൽ വിശേഷണം ആവശ്യമാകുന്നു ; എന്നാൽ 'അറിവില്ലാത്ത മൃഗങ്ങൾ' എന്നതിൽ വിശേഷണം അലങ്കാരത്തിന്നു മാത്രമാകയാൽ അതുവിട്ടു പറഞ്ഞാലും പൊരുളൊക്കും പിന്നെയും 'മുക്തിയെത്തരുന്നവൻ ഭുക്തിയെയും തരും' എന്നതിൽ വിശേഷണം വിശേഷ്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതിന്റെ കാരണത്തെക്കാണിക്കുന്നു.

൩൯൧ ആധേയ വചനത്തിന്നു പകരം ആധേയ നാമത്തെ പ്രയോഗിച്ചാൽ പൊരുൾ ഒക്കുമെങ്കിലും ആധേയം സമാസ നാമത്തിന്റെ ഒരംശകമായിരിക്കുന്നതല്ലാതെ വിശേഷ്യത്തിന്നു വിശേഷണമാകയില്ല: ദൃ—ന്തം; 'പഴനെല്ലു; പുതുവീഞ്ഞു, കുറുങ്കാടു, ദുഷ്ടമനുഷ്യൻ', എന്നവെക്കു പല വകയുള്ളതിൽ ഒരു വക നെല്ലു. വീഞ്ഞ, കാടു, മനുഷ്യൻ എന്നൎത്ഥമാകുന്നു, പഴയ നെല്ലു, പുതിയ വീഞ്ഞു, കുറിയകാടു, ദുഷ്ടനായ മനുഷ്യൻ എന്നു പറയും പോലെ വിശേഷണത്തെക്കാണിക്കുന്നില്ല.

൩൯൨. നാമാധേയത്തിന്റെ പിൻപു ഒ
ന്നിൽ അധികം നാമങ്ങൾ ഉണ്ടായിരുന്നാൽ
ആധാരം മുൻപിലത്തേതു തനിച്ചോ എല്ലാം
കൂടെ അടെച്ചോ എന്നു ഔചിത്യംകൊണ്ടു അ
റികേയുള്ളൂ: ദൃ—ന്തം; 'കൊച്ചിലെ ദിവാനും
സാഹ്യും തമ്മിൽ ബഹു പക്ഷമായിരിക്കുന്നു',
എന്നതിൽ 'കൊച്ചിയിലേ' എന്ന വിശേഷ
ണം ദിവാനോടു മാത്രം ചേരുന്നു; എന്നാൽആ
ലപ്പുഴെ ഇരിക്കുന്ന സാഹ്യും മദാമ്മയും കൊള്ളാ
കുന്നവരാകുന്നു.' എന്നതിൽ വിശേഷ്യം സാഹ്യും
മദാമ്മയും കൂടെ ആകുന്നു; നിലഭേദമോ, ലിംഗ
ഭേദമോ, സംഖ്യഭേദമോ ഉള്ള സവാച്യനാമ
ങ്ങളെ നാമാധേയങ്ങളായിട്ടു പ്രയോഗിച്ചാൽ
ഖണ്ഡിതം വരുന്നതാകുന്നു: ദൃ—ന്തം; 'സാ
ഹ്യും കൊച്ചിയിലെ ദിവാനും, നല്ലവനായ യോ
സെപ്പും സഹോദരിയും; ആലപ്പുഴെ ഇരിക്കു
ന്നവരായ സാഹ്യും മദാമ്മയും'; സർവ്വനാമങ്ങളെ
ആധേയമായിട്ടു പ്രയോഗിക്കുംപോഴും ഠരം
സംശയമുണ്ടു: ദൃ—ന്തം; 'ആ വള്ളക്കാരനും കൂട്ടു
കാരും' ചില വൈദ്യന്മാരും, ആശാന്മാരും; എ
ന്നാൽ പിന്നാലേ വരുന്ന നാമത്തിന്നു എന്തെ
ങ്കിലും ഒരു വിശേഷണം ഉണ്ടായിരുന്നാൽ മുൻ
പിലത്തെ വിശേഷണം അതിനോടു സംബ
ന്ധിക്കയില്ല: ദൃ—ന്തം; 'ആ നല്ല യജമാനനും,
അവന്റെ ബാല്യക്കാരനും.'

൩൯൩. ഉം എന്ന അവ്യയംകൊണ്ടു സംബ
ന്ധിക്കപ്പെട്ടിരിക്കുന്ന രണ്ടാധേയങ്ങൾക്കു ഒരു
മൊഴി തന്നെ ആധാരമായിട്ടു ബഹു സംഖ്യ
യിൽ വരുമ്പോൾ ആധേയങ്ങൾ സംബന്ധി

ക്കുന്നതു ആധാരത്തിൽപ്പെട്ടപൊരുളുകളോടു അ
ടെച്ചോ വെവ്വേറെയൊ എന്നും ഔചിത്യം
കൊണ്ടുതന്നേ അറിയെണം: ദൃ—ന്തം; 'നല്ലതും
വലിയതുമായ കാൎയ്യങ്ങൾ' എന്നതിന്നു 'നന്മ
യും വലിപ്പവും ഒരു പോലെ സംബന്ധിക്കു
ന്ന കാൎയ്യങ്ങൾ' എന്നും, 'നല്ല കാൎയ്യങ്ങളും വലി
യ കാൎയ്യങ്ങളും' എന്നും പൊരുൾ വരും. എന്നാ
ൽ വിശേഷണങ്ങൾ തമ്മിൽ സ്വഭാവേന ചേ
രാത്തതായിരുന്നാൽ ആധാരത്തിൽപ്പെട്ട പൊരു
ളുകളെ വെവ്വേറായിത്തിരിച്ചെടുക്ക തന്നെ വേ
ണം: ദൃ—ന്തം; 'കൈച്ചും, എരിച്ചും, പുളിച്ചും,
ഉള്ള വസ്തുക്കൾ.'

നാലാം സൎഗ്ഗം—വചനീയ നാമങ്ങൾ.

൩൯൪. വചനത്തിൽനിന്നു വരുന്ന നാമങ്ങ
ൾ വചനീയനാമങ്ങൾ എന്നു പേർപടുന്നു.
അവ വാച്യനാമം എന്നും സവാച്യനാമങ്ങൾ
എന്നും വചനോത്ഭവ നാമങ്ങൾ എന്നും ഇ
ങ്ങനെ മൂന്നു വകയായിരിക്കുന്നു. അവയിൽ
വാച്യനാമത്തിന്നും സവാച്യനാമങ്ങൾക്കും മ
റ്റുള്ള നാമങ്ങളെപ്പോലെ വിഭക്തി രൂപങ്ങൾ
ഉള്ളതു കൂടാതെ ക്രിയകൾക്കുള്ള സംബന്ധങ്ങൾ
ചേരുന്നതു ആകുന്നു.

൩൯൫. വാച്യനാമം ഉണ്ടാകുന്നതിന്റെ വി
വരം ൩൧—൩൨ ലക്കങ്ങളിൽ പറഞ്ഞിട്ടുണ്ടു.
അതിന്നു പ്രഥമ, ദ്വിതീയ, പഞ്ചമി മുതലായ
വിഭക്തികൾ ഉണ്ടാകും: ദൃ—ന്തം; അവൻ പറ

കയാകുന്നു എന്നതിൽ 'അവൻ' എന്നതു കൎത്താവും, 'പറക' എന്നതു വാച്യവും ആയിരിക്കുന്നു. 'അവൾ എഴുതുകയും വായിക്കയുംചെയ്തു' എന്നതിൽ 'അവൾ' എന്നതു 'ചെയ്തു' എന്നതിന്റെ കൎത്താവും 'എഴുതുകയും വായിക്കയും' എന്നവ അതിന്റെ കൎമ്മങ്ങളും ആകുന്നു. 'നീ വരായ്കയാൽ ഞാൻ പോയില്ല' എന്നതിൽ 'നീ' എന്നതു 'വരായ്ക' എന്നതിന്റെ കൎത്താവാകുന്നു അതു പഞ്ചമിയിൽ ആകയാൽ വരാഞ്ഞതിനുള്ള കാരണത്തെക്കാണിക്കുന്നു. വീണു 'അവൻ നടക്കയിൽ' എന്നതിന്നു നടക്കുമ്പോൾ വീണു എന്നൎത്ഥമാകുന്നു, (൨൧൪) ചിലപ്പോൾ മറ്റുള്ള വിഭക്തി രൂപങ്ങളും വരും: ദൃ—ന്തം; അനുതപിക്കയെക്കുറിച്ചു ഉദാരത അരുതു; വാങ്ങിക്ക കൊടുക്കയോടു ശരിയല്ല; പറകകൊണ്ടു ചെയ്കയുടെ ഗുണം അറിയത്തില്ല.'

ജ്ഞാപനം. വാച്യനാമത്തോടു രൂപത്തിൽ ഒക്കുന്ന ചില വചനോത്ഭവ നാമങ്ങൾ ഉണ്ടു; അവെക്കു വാച്യനാമത്തിന്റെ ലക്ഷണമില്ല അവ മറ്റു സാധാരണ നാമങ്ങളെപ്പോലെ അന്വയിക്കപ്പെടുന്നു: ദൃ—ന്തം; 'രോഗി തന്റെ കിടക്കയെ (കട്ടിലിനെ) എടുത്തുംകൊണ്ടു നടന്നു.'

൨൧൫. സവാച്യനാമങ്ങൾ നാമധേയങ്ങളോടു '**വൻ**' എന്നതു ചേരുന്നതിനാൽ ഉണ്ടാകുന്നു: ദൃ—ന്തം; 'നടന്ന-നടന്നവൻ, നടക്കാഞ്ഞ—നടക്കാഞ്ഞവൻ; നടക്കുന്ന-നടക്കുന്നവൻ-നടക്കാത്ത—നടക്കാത്തവൻ. ഭവിഷ്യ കാല സവാച്യ നാമത്തിന്നു നന്തത്തിന്റെ '**വാൻ**' എന്നതിനെ '**വവൻ**' എന്നും '**പ്പാൻ**' എന്ന

തിനെ 'പ്പവൻ' എന്നും മാറമുന്നതിനാൽ ഉണ്ടാകുന്നു: ദൃ—ന്തം; 'വരുവാൻ=വരുവവൻ; കേൾപ്പാൻ— കേൾപ്പവൻ; ഇവെക്കു ശേഷം നാമങ്ങളെപ്പോലെ ലിംഗഭേദങ്ങളും സംഖ്യവ്യത്യാസങ്ങളും വിഭക്തിരൂപങ്ങളും ഉണ്ടു: ദൃ—ന്തം; 'നടന്നവൻ=നടന്നവൾ; നടന്നതു—നടന്നവർ—നടന്നവ—നടന്നവനെ — നടന്നവരോടു-നടന്നതിന്നു' പിന്നയും 'അവൻ, അവൾ, അവർ' എന്നവ 'ഓൽ-ഓൾ-ഓർ എന്നും ചുരുങ്ങുകനടപ്പുണ്ടു: ദൃ—ന്തം; 'കണ്ടവൻ—കണ്ടോൻ—കേൾപ്പവൾ—കേൾപ്പോൾ, വലിയവർ—വലിയോർ' എന്നാൽ ഉവതു എന്നതു ചിലപ്പോൾ അത്തു എന്നു ചുരുങ്ങും: ദൃ—ന്തം; 'വരുവതു—വരത്തു; കേൾക്കുവതു— കേൾക്കത്തു'

൩൯൭. സവാച്യനാമങ്ങൾക്കു മററുള്ള നാമങ്ങളെപ്പോലെ വിഭക്തി രൂപങ്ങൾ ഉള്ളതു കൂടാതെ അവയുടെ മൂലവചനങ്ങളെപ്പോലുള്ള അന്നയങ്ങളും ഉണ്ടു: ദൃ—ന്തം; 'എന്നെത്തല്ലിയവൻ, രാജാവിനോടു മത്സരിച്ചവർ' നാമധേയങ്ങളെപ്പോലെ കൎത്താവു, കൎമ്മം, കാരണം മുതലായിട്ടു പലതര സംബന്ധത്തിലും അവ അന്നയിക്കപ്പെടും: ദൃ—ന്തം; 'പോകുന്നവൻ (ഗമനം ചെയ്യുന്ന ക്രിയാകൎത്താവു') തിന്നതു-തിന്നപ്പെട്ട വസ്തു' (പറഞ്ഞതു) പറച്ചിലിന്റെ കാൎയ്യം, സവാച്യ നാമങ്ങളുടെ കാലം നിരാധാരമായിട്ടും പരാധാരമായിട്ടും വരും: ദൃ—ന്തം; ആലുവാക്കു പോയവനെ ഞാനറിയും, തിരുവല്ലാക്കു പോകുന്നവരൊക്കയും അവന്നു ഒരു ചക്രം വീതം കൊടുത്തു.

ജ്ഞാപനം സവാച്യനാമങ്ങൾ നാമാധേയങ്ങളോടു 'അവ്വൻ' എന്ന സർവ്വനാമം ചേൎന്നുണ്ടാകുന്നവയാകുന്നു എന്നു ഒരു പക്ഷം ചിലൎക്കുണ്ടു എങ്കിലും സൂക്ഷ്മം വിചാരിക്കുമ്പോൾ അവ വഴി നാമങ്ങൾ തന്നെ ആകുന്നു എന്ന കാണുന്നതിന്നിട വരും. എന്തെന്നാൽ അവ വചനത്തോടു സംബന്ധമുള്ള ഏതുപൊരുളിന്നും കൊള്ളുന്നു. മററവ നിശ്ചയകരങ്ങളാകയാൽ ആവൎത്തിച്ചു പറയുന്ന പ്രത്യേക പൊരുളുകളോടു ചേരുന്നതിന്നെ ഇടയുള്ളു. പിന്നെയും നാമാധേയവും നിശ്ചയകരവും തമ്മിൽ സന്ധിമുറെക്കു ഒന്നിക്കുമ്പോൾ ഇടയിൽ യകാരം വരുന്നതാകയാൽ 'നടന്നയവൻ—നടന്നയവൾ' എന്നിങ്ങനെ വരുന്നതല്ലാതെ 'നടന്നവൻ നടന്നവൾ' എന്നു വരുന്നതിന്നിടയില്ല. ഇതു കൂടാതെയും ൟ വക നാമങ്ങൾ നിശ്ചയകരങ്ങൾ ചേൎന്നുണ്ടാകുന്നവയായിരുന്നാൽ, അവെക്കു മുൻപിൽ നിശ്ചയകരങ്ങളാകുന്ന അ, ഇ, എന്നവ ചേരുന്നതിന്നിടയില്ല. എന്നാൽ ഇവയോടു മേൽപ്പറഞ്ഞ അക്ഷരങ്ങൾ ചേൎന്നു വരിക നടപ്പാകുന്നു: ദൃ—ന്തം; 'അപ്പോകുന്നവൻ' ൟ മൂക്കപോയവൻ; എന്നാൽ 'ഞാൻ ഒരു പുസ്തകം വാങ്ങിച്ചതു പുത്തനാകുന്നു' എന്നുള്ളതിൽ 'വാങ്ങിച്ചതു' എന്നുള്ള പദം സവാച്യമല്ല; വാങ്ങിച്ച അതു എന്നവയുടെ ഒന്നിപ്പാകുന്നു. അങ്ങനെ തന്നെ 'ഇനിക്കൊരു ഭൃത്യനുണ്ടായിരുന്നവൻ ഭോഷനാകുന്നു' എന്നതു 'ഇനിക്കൊരു ഭൃത്യനുണ്ടായിരുന്ന അവൻ ഭോഷനാകുന്നു' എന്നവയെ കൂട്ടിപ്പറയുന്നതല്ലാതെ മറെറാന്നുമല്ല.

൩൪൮. സവാച്യനിൎല്ലിംഗം വാച്യനാമത്തിന്നായിട്ടു പ്രയോഗിക്കപ്പെടുന്നുണ്ടു: ദൃ-ന്തം; 'അവൻ പറഞ്ഞതുകൊണ്ടു' എന്നതിന്നു 'അവൻ പറകകൊണ്ടു' എന്നുതന്നേ അൎത്ഥമാകുന്നു; എന്നാൽ അതു ക്രിയെക്കും പൊരുളിന്നും ഒരുപോലെ കൊള്ളുന്നതാകയാൽ ചിലപ്പോൾ വാക്യത്തിന്റെ അൎത്ഥം സംശയമായിരിക്കും: ദൃ—ന്തം; 'അവൻ പറയുന്നതിൽ നല്ലസാരമുണ്ടു' എന്നതിന്നു അവന്റെ പറച്ചിലിൽ നല്ല സാരമുണ്ടെന്നും അവൻ പറയുന്ന സംഗതിയിൽ നല്ല സാരമുണ്ടെന്നും രണ്ടു വിധേനയും പൊരുളാകും. സവാച്യനാമങ്ങളുടെ നിൎല്ലിംഗം, ലിംഗ സംഖ്യഭേദങ്ങളെക്കാണിച്ചിട്ടുആവ

ശ്യമില്ലാത്ത പട്ടതികളിൽ ഏതുലിംഗത്തിന്നും സംഖ്യയ്ക്കും കൊള്ളുന്നതായിട്ടു പ്രയോഗിക്കപ്പെട്ടും: ദൃ—ന്തം; രാമായണം എഴുതിയതു, വാന്മീകി ആകുന്നു എന്നു പറയുമ്പോൾ രാമായണം ഒരാൾ എഴുതീട്ടുണ്ടെന്നു മാത്രം കേൾപ്പിക്കാരൻ മുൻപെ തന്നെ അറിഞ്ഞിരിക്കുന്നു എന്നു ഭാവം, എന്നാൽ രാമായണം എഴുതിയവൻ വാന്മീകി ആകുന്നു എന്നു, ഒരാൾ രാമായണം എഴുതീട്ടുണ്ടു എന്നു തന്നെ അല്ല എഴുതിയതു ഒരു പുരുഷനാകുന്നു എന്നും കൂടെ കേൾപ്പിക്കാരൻ അറിഞ്ഞിരിക്കുമ്പോഴേ പറയാവൂ.

സൻൻ പുരുഷാൎത്ഥങ്ങളോട്ടു കൂടി ചില വചനങ്ങൾ കവിതയിലും പഴയ വാചകങ്ങളിലും വരുന്നുണ്ടു: ദൃ—ന്തം; 'വന്നെൻ (ഞാൻ വന്നു); വന്നാൻ (അവൻ വന്നു); വന്നൾ (അവൾ വന്നു); വന്നാർ (അവരുവന്നു); വരുന്നേൻ (ഞാൻ വരുന്നു); വരുവേൻ ('ഞാൻ വരും'.)

൪൦൦. വചനോത്ഭവ നാമങ്ങൾ ധാതുവചനങ്ങളിൽനിന്നു ഉണ്ടാകുന്ന നാമങ്ങൾ ആകുന്നു. എന്നാൽ അവെക്കു വചനത്തിന്റെ ലക്ഷണങ്ങൾ ഒന്നുമില്ല; നാമങ്ങൾക്കുള്ള രൂപഭേദങ്ങളും അന്വയങ്ങളും മാത്രമെയുള്ളു.

൪൦൧. വചനത്തിന്റെ ധാതുക്കളിൽ പലതും നാമങ്ങളായിട്ടു യാതൊരു മാററവും കൂടാതെ വരും: ദൃ—ന്തം; 'അടി, തടി, നട, ഉരുൾ, പടൽ, മലർ, തല്ലു, ചൊല്ലു.'

ജ്ഞാപനം. (൧) ധാതുവിന്റെ എകാരം പലപ്പോഴും ലക്ഷപ്രകാരം അകാരമാകും: ദൃ—ന്തം; 'തറെ—തറ, മറെ—മറ.'

(൨) വാച്യനാമം കകാരത്തിലായും ധാതു അൎദ്ധാച്ചിൽ അവസാനിച്ചുംമുൻപിൽ ഒരു ഹ്രസ്വാക്ഷരം മാത്രം ഉണ്ടായും വരുന്ന

ധാതുക്കളിലെ ഹ്രസ്വം ദീൎഘമാകും: ദൃ—ന്തം; 'പാട്ടുക—വട്ടു' പെറുക—പെറ്റു, തൊടുക—തൊട്ടു, നടുക—നട്ടു, പോരുക—പൊരു,' അന്ത്യാക്ഷരം ണ്ണു, ന്നു. ല്ലു. ള്ളു, എന്ന ഇരട്ടയക്ഷരങ്ങളിൽ ഒന്നായിരുന്നാൽ അതു ഒററയായിട്ടു മാറും: ദൃ—ന്തം; 'ഉണ്ണുക—ഊണു, തിന്നുക—തീന, ചെല്ലുക—ചെല, കൊള്ളുക—കോള.' എന്നാൽ ചിലപ്പോൾ ധാതുവിന്നു യാതൊരു മാററവും കൂടാതെ നാമമായിട്ടു വരികയും ഉണ്ടു: ദൃ—ന്തം 'ചൊല്ലുക—ചൊല്ലു, തല്ലുക—തല്ലു, തള്ളുക—തള്ളു,'

൪൦൨. അജന്തധാതുക്കളിൽ പലതിന്നും ച്ചിൽ എന്നതും വു എന്നതും ധാതുവിനോടു ചേൎന്നു ചില നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; മുറി—മുറിച്ചിൽ—മുറിവു, അരെ—അരെച്ചിൽ അരെവു, മറി—മറിച്ചിൽ മറിവു, ഇടി—ഇടിച്ചിൽ ഇടിവു, പറെ-പറെച്ചിൽ, അറി-അറിവു.

൪൦൩. വാച്യനാമത്തിൽ ക്കുക എന്നതു ചേരുന്ന ധാതുക്കൾക്കു പ്പു എന്നതു ചേൎന്നു ചില നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; 'നടക്കുക-നടപ്പു അറെക്കുക—അറെപ്പു, തടിക്കുക-തടിപ്പു, ഉടുക്കുക-ഉടുപ്പു, നോല്ക്കുക—നോല്പു, തീക്കുക—തീപ്പു, വാക്കുക—വാപ്പു മൂക്കുക മൂപ്പു'

൪൦൪. ധാതുവിന്റെ അന്തത്തിൽ അദ്ധ്യാച്ചോടു കൂടി വരുന്ന ഹല്ലിന്നു പകരം വൎഗ്ഗത്തിലെ ഖരം ഇരട്ടിച്ചു വരുന്നതിനാൽ ചില നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; 'പോകുക—പോക്കു ഉണ്ണുക-ഊട്ടു, എഴുതുക—എഴുത്തു. ഇരിടുക— ഇരിട്ടു, ഓടുക—ഓട്ടം, ചാടുക—ചാട്ടം, മാറുക-മാററം പഴകുക,—പഴക്കം, അനങ്ങുക—അനക്കം, പൊങ്ങുക-പൊക്കം, നീങ്ങുക—നീക്കം'

൪൦൫. വാച്യനാമത്തിൽ കകാരമുള്ള ധാതുക്കളിൽ പലതിന്നും അൽ എന്നതു ചേൎന്നു ചി

ല നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; 'പാട്ടക-പാടൽ, പാട്ടക-പാടൽ, വാരുക-വാരൽ, തള്ളുക-തള്ളൽ.

൪൦൬. ധാതുക്കളിൽനിന്നു അ, അം, വി, തി, ച്ച, മ എന്നവ മുതലായിട്ടു ചില പ്രത്യയങ്ങൾ ധാതുവിനോടു ചേൎന്നു പല തര നാമങ്ങളും ഉണ്ടാകും: ദൃ—ന്തം; 'തടുക്കുക— തട, ഉടുക്കുക-ഉട, കൊടുക്കുക—കുട, കൊല്ലുക-കുല; നീളുക—നീളം, അകലുക—അകലം, മറക്കുക—മറവി, കേൾക്കുക- കേൾവി, തോല്ക്കുക-തോലി, കെട്ടുക്കുക-കെട്ടുതി, അറുക-അറുതി, പൊറുക്കുക-പൊറുതി, പട്ടക-പട്ടതി; താഴ്ക—താഴ്ച, വീഴുക-വീഴ്ച വളെരുക.-വളെച്ച, കാണുക-കാഴ്ച, ഉരുളുക-ഉരുൾച്ച, അകലുക-അകല്ച; കുളിരുക-കുളിൎമ്മ, താഴ്ക-താഴ്മ, ആട്ടക-ആട്ടതൽ, കെട്ടക-കെട്ടതൽ, ചുമക്കുക-ചുമതല, പറക്കുക-പറവ, നോക്കുക-നോട്ടം.

൪൦൭. പ്രതിഭാവ വാച്യനാമത്തിന്റെ അന്തത്തിലെ കകാരം മകാരമായിട്ടു മാറി ചില പ്രതിഭാവ നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; 'വരായ്ക-വരായ്മ, നടക്കായ്ക-നടക്കായ്മ,' യ്ക, യ്മ എന്നവയെ ഴ്ക, ഴ്മ, എന്നാക്കി 'വരാഴ്ക-വരാഴ്മ' എന്നിങ്ങനെ പറയുന്നതു അപശബ്ദമാകുന്നു.

൪൦൮. ധാതുക്കളും വചനാധേയങ്ങളും ആധേയമായിനിന്നു ചില നാമങ്ങൾ ഉണ്ടാകും: ദൃ—ന്തം; ഉടുപുടവ, കെട്ടുകാൎയ്യം, നടുതല, പട്ടകാലം, നീക്കുപോക്കു, ഓടിവരവു, ചാടിനടപ്പു, കൂടപ്പോക്കു, വളരെപ്പറച്ചിൽ, എങ്കിൽശുണ്ഠം.'

൪൱൯ സംസ്കൃത ധാതുക്കളിൽനിന്ന അനേകം നാമങ്ങൾ ഉണ്ടാകുന്നുണ്ട: ദൃ—ന്തം ; കൃ എന്ന ധാതുവിൽനിന്ന' കൃതം കൃതി കൃത്യം, 'ക്രിയ' കരൻ, കരം കരണാൻ—കരണം, കൎത്തൻ, കൎത്താവു, കൎത്രി—കൎത്തൃത്വം, കൎത്തവ്യം, കൎമ്മം—കൎമ്മണി, കൎമ്മി, കാരൻ—കാരണി, കാരിക—കാൎയ്യം.' എന്നവ മുതലായിട്ട മലയാഴ്മയിൽ നടപ്പുള്ള മൊഴികൾ കൂടാതെ അനേകം തദ്ധിതങ്ങളും സമാസങ്ങളും വരുന്നുണ്ട.

അഞ്ചാം സൎഗ്ഗം—സഹായ വചനങ്ങൾ.

൪൱൰ വചനമായതു ഒററ മൊഴിയിൽ പല സംഗതികളെ ഉൾപ്പെടുത്തുന്നതാകയാൽ ആ സംഗതികളിൽ ഓരോന്നിനെ ആവശ്യം പോലെ താല്പൎയ്യമായിട്ട കാണിക്കുന്നതിന്നും വചനത്തോട സംബന്ധമുള്ള മററ ചില കാൎയ്യങ്ങളെ കൂടെ വരുത്തിപ്പറയുന്നതിന്നുമായിട്ട പ്രധാന വചനത്തോട ഏതാനും വചനങ്ങളെ ചേൎത്തു പറകയുണ്ട. ആ വചനങ്ങൾക്ക സഹായ വചനങ്ങൾ എന്ന പേരായിരിക്കുന്നു. ആയവ വചനത്തിൻെറ ഭാവത്തെയും സ്വഭാവത്തെയും വിശേഷപ്പെടുത്തുന്നതായിട്ട രണ്ട തരമായിരിക്കുന്നു. ഭാവ വ്യത്യാസത്തെക്കാണിക്കുന്നവ **ആകുന്നു, ഉണ്ട, ഇരിക്ക, ആക, എങ്കുക, വെണ്ടുക, കഴിക, കൂടുക, മേലുക, വഹിക്ക** എന്നവയും മററും ആകുന്നു.

൪൱൰൧ 'ആകുന്നു' എന്നതു ശുദ്ധവചനമാകയാൽ മററു വചനങ്ങളോട സംബന്ധിച്ചു മാത്രം വചനിക്കുന്നതാകുന്നു. അതിൻെറ പ്രതിഭാവം 'അല്ലാ' എന്നാകുന്നു: ദൃ—ന്തം. 'മനുഷ്യൻ ആകുന്നു' എന്നും 'മൃഗം അല്ലാ' എന്നും പറഞ്ഞാൽ അൎത്ഥം ഇല്ല. മനുഷ്യൻ പാപി ആകുന്നു' എന്നും 'മൃഗം ബോധമുള്ളതല്ല

എന്നും പറയെണം. 'ഉണ്ടു, ഇരിക്ക' എന്നവ സവാച്യവചനങ്ങളായിരിക്കയാൽ തനിച്ചു വചനിക്കാകുന്നവയാകുന്നു: ദൃ—ന്തം; 'ദൈവം ഉണ്ടു.' പൂൎവ്വ ജന്മം ഇല്ല.' 'ഇരിക്ക' എന്നതു പ്രത്യേകം ഒരു ഭാവത്തെക്കാണിക്കുന്നതാകുന്നു എങ്കിലും അതിന്നു 'ഉണ്ടു' എന്നതിന്റെ അൎത്ഥത്തിൽ സാമാന്യമായിട്ടു പ്രയോഗമുണ്ടു. എന്നാൽ 'ഉണ്ടു' എന്നതു ഉള്ള ഭാവത്തെ സാമാംശം ആയിട്ടും കാലഭേദത്തെയും മറ്റും സാമാന്യമായിട്ടും കാണിക്കുന്നു. 'ഇരിക്ക' എന്നതു കാലഭേദത്തെ താല്പൎയ്യ സംഗതിയായിട്ടു കാണിക്കയും പദാൎത്ഥത്തിൽനിന്നു ഒരു സാദ്ധ്യമുണ്ടെന്നു ഓൎമ്മപ്പെടുത്തുകയും ചെയ്യുന്നു: ദൃ—ന്തം; 'അവന്റെ കൈയിൽ ഒരു നല്ല മരുന്നുണ്ടു' എന്നു പറഞ്ഞാൽ ഒരു വിവരം അറിയിക്ക മാത്രം ചെയ്യുന്നു. 'അവന്റെ കൈയിൽ ഒരു നല്ല മരുന്നിരിക്കുന്നു' എന്നു പറഞ്ഞാൽ ആ മരുന്നുകൊണ്ടു ഉപകാരം വരുത്തിക്കൊള്ളാമെന്നും മറ്റും ചില ഉള്ളൎത്ഥങ്ങളുണ്ടു. പിന്നയും 'ഇരിക്ക' എന്നതിനെ പ്രയോഗിക്കുന്നതു കണ്ടറിഞ്ഞതു പോലെ പറയുംപോൾ ആകുന്നു. ഉണ്ടു എന്നു വല്ല വിധേനയും അറിഞ്ഞ സംഗതിയെക്കുറിച്ചും പറയാം: ദൃ—ന്തം; 'അവിടെ ഒരു പുസ്തകം ഇരിക്കുന്നു: ഇനിക്കൊരു പെട്ടകമുണ്ടു.'

൩൧൨ 'ഉണ്ടു ഇരിക്ക' എന്നവയുടെ സവാച്യനാമങ്ങൾ ആകുന്ന 'ഉള്ളതു, ഇരിക്കുന്നതു' എന്നവ ഉണ്മാനമായിരുന്നുംകൊണ്ടു അവയുടെ സ്ഥാനത്തു 'ആകുന്നു' എന്നതു വരികയുണ്ടു: ദൃ—ന്തം; 'അവൻ അവിടെ ഉണ്ടു, എന്നതു ഉണ്ടോ ഇല്ലയൊ എന്നുള്ള സംശയത്തെ മാത്രം നീക്കുന്നു. 'അവൻ അവിടെ ആകുന്നു' എന്നതു അവൻ ഇരിക്കുന്നതു അവിടെ ആകുന്നു എന്നതിന്നു പകരമാകയാൽ അവൻ ഒരിടത്തുണ്ടെന്നുള്ള നിശ്ചയം മുൻപെ തന്നെ മനസ്സിലിരിക്കെ എവിടെ എന്നുള്ള സംശയം മാത്രം തീക്കുന്നതാകുന്നു. ക്രിസ്ത്യാനികൾക്കു ഒരു വിശ്വാസം ഉണ്ടു' എന്നു പറഞ്ഞാൽ അവൎക്കുള്ളതിനെ വചനിക്കുന്നു. 'ക്രിസ്ത്യാനികൾക്കു [ഉള്ളതു] ഒരു വിശ്വാസമാകുന്നു' എന്നതിൽ അവൎക്കു പലതില്ല എന്നു നിശ്ചയപ്പെടുത്തുന്നു.' ഇല്ല അല്ല എന്നവ 'ഉണ്ടു' ആകുന്നു' എന്നവയുടെ പ്രതിഭാവങ്ങളാകയാൽ മേച്ചൊല്ലിയ വ്യത്യാസം അവയിലും അടങ്ങിയിരിക്കുന്നു: ദൃ—ന്തം: 'അവൻ അവിടെ ഇല്ല' എന്നു പറഞ്ഞാൽ ഉണ്ടെന്നുള്ള സംശയത്തെ മാത്രം നീക്കുന്നു. 'അവൻ അവിടെ അല്ല' എന്നുള്ളതു അവൻ ഇരിക്കുന്നതു അവിടെ അല്ല' എന്നതിന്നു പകരമാകയാൽ മറ്റൊരു സ്ഥലത്തുണ്ടെന്നു ഭാവിക്കുന്നു. പിന്നയും 'ആ മുണ്ടിന്നു നാലു ചക്രം വിലയില്ല' എന്നതിന്നു അതിൽ കുറവുണ്ടെന്നൎത്ഥമാകും. 'അതിന്നു നാലു ചക്രം വിലയല്ല' എന്നു പറഞ്ഞാൽ അതിൽ ഏറക്കുറയുണ്ടെന്നോ അധികമുണ്ടെന്നോ പൊരുളാകും. 'ജനങ്ങൾക്കു ഒരു രാജാവു ഇല്ല' എന്ന വചനം അവരുടെ അരാ

ജകത്തെ കുറിക്കുന്നു 'അവക്കു ഒരു രാജാവു അല്ല' എന്നതു അവക്കു പല രാജാക്കന്മാരുണ്ടെന്നു അറിയിക്കുന്നു.

൪൧൩. **ആകുന്നു** എന്നതിന്റെ ഭൂതം '**ആയിരുന്നു**' എന്നും ഭവിഷ്യം '**ആയിവരും**' എന്നുമാകുന്നു. '**ആയിരിക്കും**' എന്നതു സന്ദേഹഭാവത്തിന്നു മാത്രം പ്രയോഗിക്കപ്പെടുന്നു. '**ആയി**' '**ആകും**' എന്നവ **ആകുക** എന്നതു സംഭവ വചനമാകുമ്പോഴെ വരു. '**അല്ല**' എന്നതിന്റെ ഭൂതം '**അല്ലാഞ്ഞു**' '**അല്ലായിരുന്നു**' എന്നും ഭവിഷ്യം '**അല്ലായിരിക്കും**' എന്നും ആകുന്നു. പിന്നെയും '**ആകുന്നു, അല്ല**' എന്നവ ക്രിയയുടെ ഗുണത്തെ താല്പൎയ്യപ്പെടുത്തിക്കാണിക്കുന്നതിന്നു വാച്യനാമത്തോടു ചേൎന്നുവരും: ദൃ—ന്തം; 'ഞാൻ എഴുതുകയാകുന്നു; വായിക്കയല്ല'. ഭൂതവും ഭവിഷ്യവും ത്രികാലങ്ങളോടു സംബന്ധിച്ചും വരും: ദൃ—ന്തം; വന്നായിരുന്നു, വരുന്നായിരിക്കും, വരുമായിരുന്നു, വരുന്നില്ലായിരിക്കും. ത്രികാലങ്ങളിൽ ഏതെങ്കിലും തനിച്ചു പ്രയോഗിക്കപ്പെടുമ്പോൾ ക്രിയയുടെ സംഭവത്തെക്കുറിച്ചു പറച്ചില്ക്കാരന്റെ തൽക്കാല വിചാരത്തെക്കാണിക്കും. അതിനോടു 'ആയിരുന്നു' എന്നു ചേരുമ്പോൾ അവന്റെ വിചാരം കഴിഞ്ഞതായിരുന്നു എന്നും 'ആയിരിക്കും' എന്നു കൂടുമ്പോൾ അവന്റെ വിചാരം വരുവാനിരിക്കുന്നേയുള്ളു എന്നും കാണിക്കുന്നു: ദൃ-ന്തം; 'അവൻ വരും' എന്നു പറഞ്ഞാൽ അവൻ വരും എന്നു ഞാൻ വിചാരിക്കുന്നു എന്നും 'അവൻ വരുമായിരുന്നു' എന്നതിന്നു അവൻ വരുമെന്നു

ഞാൻ വിചാരിച്ചു എന്നും 'അവൻ വരുമായിരിക്കും' എന്നുള്ളതിന്നു അവൻ വരും എന്നു ഞാൻ വിചാരിക്കുമെന്നും അൎത്ഥമാകും. 'ആയിരുന്നു' എന്നതു വചനിപ്പിന്റെ ശക്തിയെ കുറെക്കുന്നതിന്നും 'ആയിരിക്കും' എന്നതു കാൎയ്യത്തിന്റെ സംശയത്തെക്കാണിക്കുന്നതിന്നും ആയിട്ടു പ്രധാന വചനത്തോടു ചേരും.

൩൨൭. വാച്യനാമത്തോടു 'ആകുന്നു' എന്നു കൂട്ടുന്നതു വചനകൎത്താവിന്നു ഏതാണ്ടൊരു ക്രിയ ഉണ്ടെന്നറിഞ്ഞിരിക്കയും ആയതു ഇന്നതെന്നു മാത്രം അറിവാൻ ആവശ്യമായിരിക്കയും ചെയ്യുമ്പോൾ ആകുന്നു. എന്തെന്നാൽ ഇങ്ങനെയുള്ള പ്രയോഗത്തിലെ സാക്ഷാൽ കൎത്താവു 'ചെയ്യുതു ചെയ്യുന്നതു ചെയ്യുതു എന്നവയിലൊന്നാകുന്നു. മുഴുവനാക്കിപ്പറയുമ്പോൾ ഞാൻ ചെയ്യുതു എഴുതുകയായിരുന്നു എന്നും ഞാൻ ചെയ്യുന്നതു വായിക്കയാകുന്നു എന്നും ഇങ്ങനെ വരും. ൻ൦ സമാസത്രൂപത്തിന്റെ സാദ്ധ്യം വാച്യത്തെത്താല്ലയ്യ സംഗതിയായിട്ടു കാണിക്കുന്നതാകയാൽ അതു ആധാര മൊഴിയായിട്ടല്ലാതെ ആധേയ പദമായിട്ടു വരുന്നതല്ല: ദൃ—ന്തം; അവൻ എഴുതികൊണ്ടിരുന്നപ്പോൾ ഞാൻ വായിക്കയായിരുന്നു എന്നല്ലാതെ അവൻ എഴുതുകയായിരുന്നപ്പോൾ ഞാൻ വായിച്ചുകൊണ്ടിരുന്നു എന്നു വരികയില്ല.

൩൨൮. 'ഉണ്ടു' എന്നതു 'ഉള്ളുക' എന്നൊരു പഴയ വചനത്തിന്റെ ഭൂതമാകയാൽ 'പ്രവേശിച്ചു' എന്നൎത്ഥവും പ്രവേശിച്ചിട്ടു പുറത്തിറങ്ങി എന്നു പറയായ്കയാൽ 'ഇരിക്കുന്നു' എന്ന വൎത്തമാന കാലത്തിന്റെ ഭാവവും വരുന്നു. ഭൂതകാലത്തിന്നു 'ഉണ്ടായിരുന്നു' എന്നും ഭവിഷ്യത്തിന്നു 'ഉണ്ടായിരിക്കും എന്നും ആകും. പ്രതിഭാവം 'ഇല്ല' എന്നും ഭൂതത്തിൽ ഇല്ലാഞ്ഞു, ഇല്ലായിരുന്നു' എന്നും ഭവിഷ്യത്തിൽ 'ഇല്ലായിരിക്കും' എന്നും ആകുന്നു. ഇവ ജ്ഞാപകത്തിൽ വൎത്തമാന കാലത്തോടും വചനാധേ

യങ്ങളിൽ നന്തത്തോടും 'ഇട്ടു' എന്നതു ചേൎന്നു വരുന്ന വന്തത്തോടും വാച്യനാമത്തോടും ചില സവാച്യനാമങ്ങളോടും സംബന്ധിച്ച്യ വരും: ദൃ—ന്തം; 'വരുന്നുണ്ടു, വന്നിട്ടുണ്ടു, വരുവാനുണ്ടു, വരികയുണ്ടു, വരത്തില്ല. 'ഉള്ളൂ,' എന്നതു 'ഉള്ളുക' എന്നതിന്റെ ഭവിഷ്യകാലമാകുന്നു. ഏകാന്ത സംബന്ധത്തെക്കാണിക്കുന്നതിന്നു ഏ എന്ന അവ്യയത്തിന്റെ പിൻപും ചില വന്തങ്ങളോടും ചേൎന്നും വരും: ദൃ—ന്തം; 'അവൻ വന്നേയുള്ളൂ; പാപി മരിക്കേയുള്ളൂ; രാജാവേ നീതി ചെയ്യുന്നുള്ളൂ; അകന്നുള്ളൂ; അടുത്തുള്ളൂ'. 'ഉള്ള' എന്നതു വൎത്തമാനകാല നാമധേയമാകയാൽ അതിൻവണ്ണമൊക്കയും പ്രയോഗിക്കപ്പെടും: ദൃ—ന്തം; വന്നിട്ടുള്ള, വരുവാനുള്ള, വീട്ടിലുള്ള.

൨൧൬ ത്രികാലങ്ങൾ തനിച്ചു നില്ക്കുമ്പോൾ കാലഭേദത്തെയും ഉണ്ടു, ഇല്ല എന്നവ ചേൎന്നു വരുമ്പോൾ സംഭവത്തെയും താല്പൎയ്യ സംഗതിയായിട്ടു കാണിക്കും: ദൃ—ന്തം; 'രാജാവു വന്നു' എന്നു പറഞ്ഞാൽ രാജാവിന്റെ വരവു കഴിഞ്ഞു എന്നു മാത്രം തിരിയപ്പെടുത്തുന്നു. 'രാജാവു വന്നിട്ടുണ്ടു' എന്നതിൽ വന്നു എന്നു മാത്രമല്ല വന്നാറെ തിരിച്ചു പോയില്ല എന്നെങ്കിലും വന്നതിനാലുള്ള ഫലം നില്ക്കുന്നു എന്നെങ്കിലും കൂടെ സാധിക്കും. വൎത്തമാനകാല രൂപത്തോടു 'ഉണ്ടു,' 'ഇല്ല' എന്നവ ചേൎന്നാൽ ഭവിഷ്യത്തെയും കൂടെ കാണിക്കുന്നതിന്നു പ്രയോഗിക്കപ്പെടും: ദൃ—ന്തം; ഞാൻ ഇപ്പോൾ വായിക്കുന്നുണ്ടു: അവൻ നാളെ ആലപ്പുഴെക്കു പോകുന്നുണ്ടു.' 'എഴുതുന്നു' എന്നതു എന്തു ചെയ്യുന്നു എഴുതുന്നോ വായിക്കുന്നോ എന്നുള്ള ചോദ്യത്തിന്നു ഉത്തരമാകും. 'എഴുതുന്നുണ്ടു' എന്നു പറഞ്ഞാൽ എഴുതുന്നോ ഇല്ലയോ എന്നുള്ള ചോദ്യത്തെ തടുക്കുന്നു. അങ്ങനെ തന്നേ 'പോകും.' എന്നതു പോകുമോ നില്ക്കുമോ എന്തുചെയ്യും എന്നോ, പോകുമോ പോകയില്ലയോ എന്നോ ഉള്ള ചോദ്യങ്ങളിൽ ഒന്നിന്നു ഉത്തരം ഭാവിക്കുന്നു. പോകുന്നുണ്ടു എന്നു പറഞ്ഞാൽ പോകുമോ ഇല്ലയോ എന്നുള്ളതിന്നു മാത്രം ഉത്തരമാകും. 'ഉണ്ടു' ഇല്ല' എന്നവയോടു 'ആയിരുന്നു

ആയിരിക്കും' എന്നവ ചേരും. ദൃ—ന്തം; 'വന്നിട്ടുണ്ടായിരുന്നു' വന്നിട്ടുണ്ടായിരിക്കും; വരുന്നുണ്ടായിരുന്നു, വരുന്നുണ്ടായിരിക്കും; വന്നിട്ടില്ലായിരിക്കും, വരുന്നില്ലായിരുന്നു. ഠരം സമാസരൂപങ്ങൾക്കു ൪൧൩ാവതു ലക്കത്തിൽ കാണിച്ചിരിക്കുന്ന ഭാവഭേദങ്ങൾ ഒക്കയും വരും: ദൃ—ന്തം; അവൻ കൊച്ചീക്കു പോയിട്ടുണ്ടു' എന്നു വല്ലപ്പോഴും ഒരിക്കൽ പോയ ഓൎമ്മ മനസ്സിൽ ഉണ്ടായിരുന്നാൽ പറയാം. 'പോയിട്ടുണ്ടായിരുന്നു' എന്നു പറയുമ്പോൾ പോയിട്ടുള്ള ഓൎമ്മ വിട്ടു പോയി എന്നു ഭാവം വരും. ചിലപ്പോൾ പോയിട്ടുണ്ടു' എന്നതിന്നു പോയാറെ തിരിച്ചു വന്നില്ല എന്നും 'പോയിട്ടുണ്ടായിരുന്നു' എന്നതിന്നു തിരിച്ചു വന്നു എന്നും സാധിക്കും. പോയിട്ടു തിരിച്ചു വരാതെയിരിക്കുമ്പോൾ തന്നെ പോയതിനാൽ വരുമെന്നു വിചാരിച്ചിരിക്കുന്ന സാദ്ധ്യത്തിന്റെ നിശ്ചയക്കുറവിനെക്കാണിക്കുന്നതിന്നു വേണ്ടിയും 'പോയിട്ടുണ്ടായിരുന്നു' എന്നു പറയും. പിന്നെയും 'എഴുതീട്ടുണ്ടു' എന്നു പറഞ്ഞാൽ മറുപടി കിട്ടീട്ടില്ല എന്നും കിട്ടുമെന്നു നിശ്ചയിച്ചിരിക്കുന്നു എന്നും ഭാവം വരും. 'എഴുതീട്ടുണ്ടായിരുന്നു' എന്നുള്ളതിന്നു മറുപടികിട്ടീട്ടില്ല എന്നും കിട്ടുമൊ എന്നു സംശയമാകുന്നു എന്നും പോരുൾ വരും. 'ഇട്ടി കൊല്ലത്തിന്നു പോകുന്നുണ്ടു' എന്നു പറയുന്നതിൽ പറച്ചിൽക്കാരന്റെ ഇപ്പോഴത്തെ വിചാരത്തെക്കാണിക്കുന്നതാകയാൽ പോകുന്ന സംഗതിയെ ഉറെപ്പോടു വചനിക്കുന്നു. 'പോകുന്നുണ്ടായിരുന്നു' എന്നതിൽ പറച്ചിൽക്കാരന്റെ മുൻപിലത്തെ വിചാരം അറിയിക്കുന്നതാകകൊണ്ടു ഇപ്പോൾ ആയതിന്നു ചിലമാററം വന്നിട്ടുണ്ടായിരിക്കുമെന്നുള്ള സംദേഹഭാവം വരുന്നു. 'ആയിരിക്കും' എന്നതു സംദേഹഭാവം കാണിക്കുന്നതിന്നു മാത്രം പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'അവൻ വന്നിട്ടുണ്ടായിരിക്കും; നീ നോക്കുന്നില്ലായിരിക്കും'.

൪൧൯. ഇരിക്ക എന്നതു സഹായ വചനമായിട്ടു വരുമ്പോൾ സ്വയഭാവത്തിൽ വന്തത്തോടും പ്രതിഭാവത്തിൽ ആന്തത്തോടും രണ്ടു ഭാവത്തിലുമുള്ള നന്തങ്ങളോടും ചേരും: ദൃ—ന്തം; 'എഴുതിയിരുന്നു, എഴുതിയിരിക്കുന്നു, എഴുതിയിരിക്കും, എഴുതാതിരിക്കുന്നു, എഴുതുവാനിരിക്കുന്നു, എഴുതായ്വാനിരുന്നു' ഇവയെല്ലാം ക്രിയയെ സംബന്ധിച്ചു ക്രിയാകൎത്താവിന്റെ അവസ്ഥയെക്കാണിക്കുന്നതിന്നായിട്ടു പ്രയോഗി

ക്കപ്പെടുന്നു: ദൃ—ന്തം; 'അവൻ എഴുതിയിരിക്കുന്നു, ഞാൻ പോകുവാനിരിക്കുന്നു, കള്ളൻ മോഷ്ടിക്കാതിരിക്കുന്നു.'

൪൱൮൰൯. വന്തത്തോടു 'കൊണ്ടു' വെച്ചു' എന്നവ ചേൎന്നതിന്റെ ശേഷവും 'ഇരിക്ക' എന്നതു ചേരും: ദൃ—ന്തം; എഴുതികൊണ്ടിരിക്കുന്നു; എഴുതിയേച്ചിരിക്കുന്നു. എന്നാൽ അവയുടേ പ്രയോഗം ൩൱൬—൩൱൭ ലക്കങ്ങളിൽ വിവരപ്പെടുത്തിട്ടുണ്ടു. ൪൱൬൦ാം ലക്കത്തിൽ 'ഉണ്ടു' ഇരിക്ക' എന്നവ തമ്മിലുള്ള വ്യത്യാസത്തെ കുറിച്ചു പറഞ്ഞിരിക്കുന്നതു വന്തത്തോടു ചേൎന്നു വരുമ്പോഴും ഒക്കുന്നു: ദൃ—ന്തം; 'അവൻ കൊല്ലത്തിന്നു പോയിട്ടുണ്ടു 'എന്നതിന്നു പോയാറെ തിരിച്ചു വന്നില്ല എന്നു അൎത്ഥം വരുമ്പോൾ പോയിരിക്കുന്നു എന്നു പറയുന്നതിനോടു അൎത്ഥത്തിൽ ഒക്കും എന്നുവരികിലും ഭാവത്തിൽ ൦രം വ്യത്യാസമുണ്ടു. 'ഉണ്ടു' എന്നതു ക്രിയയുടെ ഫലത്തെയും 'ഇരിക്ക' എന്നതു കൎത്താവിന്റെ സാദ്ധ്യത്തെയും കുറിച്ചു ഓൎമ്മപ്പെടുത്തുന്നു. ദൃ—ന്തം; പുകയില ഉണ്ടോ' എന്നു ചോദിച്ചാൽ പുകയിലെക്കു പോയിട്ടുണ്ടു എന്നുത്തരം പറയാം. 'പുകയിലെക്കു പോയിരിക്കുന്നു' എന്ന ഇന്നാൎ എവിടെ ആകുന്നു എന്നു ചോദിക്കുന്നതിന്നേ ഉത്തരമാകു. നീ ചാരായം കുടിച്ചിട്ടുണ്ടു എന്നു വല്ലപ്പോഴും കുടിച്ചിട്ടുള്ളവനോടും കുടിച്ചതിന്റെ ലഹരി അല്ലമെങ്കിലും ഉള്ളവനോടും പറയാം. 'നീ കുടിച്ചിരിക്കുന്നു' എന്നോ നിനക്കു നല്ലവണ്ണം ലഹരി പിടച്ചിരിക്കുന്നു എന്നുള്ള ഭാവത്തിലെ പ്രയോഗിക്കപ്പെടാവു. പിന്നയും അവൻ ചന്തെക്കുപോയിട്ടുണ്ടു എന്നു പറയുമ്പോൾ ചരക്കു കൊണ്ടുപോരുമെന്നു പറച്ചിൽക്കാരൻ നിശ്ചയിക്കുന്നു, പോയവൻ അതിന്നായിട്ടു പോയി എന്നു ഭാവം വരുന്നില്ല, ചന്തെക്കുപോയിരിക്കുന്നു എന്നു പറഞ്ഞാൽ പോയവൻ ആ സാദ്ധ്യത്തെ പ്രമാണിച്ചു പോയി എന്നു അൎത്ഥം വരും. ചരക്കു കൊണ്ടു വരുന്ന സാദ്ധ്യം ഒക്കുമോ ഇല്ലയോ എന്നു പറച്ചിൽക്കാരൻ നിശ്ചയിക്കുന്നില്ല.

൪൱൯൰. 'ഇരിക്ക എന്നതു പ്രത്യേകം ഒരു സ്ഥിതിയേ കാണിക്കുന്നതാകുന്നു എങ്കിലും മേൽപറഞ്ഞ ദൃഷ്ടാന്തങ്ങളിൽ ഏതു സ്ഥിതിക്കും പൊതുവിൽ കൊള്ളുന്നതായിട്ടത്രെ പ്രയോഗിക്കപ്പെട്ടിരിക്കുന്നതു. എന്നാൽ അതിന്നു പകരം ക്രിയാ കൎത്താവിന്റെ സ്ഥിതി കിടപ്പായിരുന്നാൽ 'കിടക്ക എന്നതും നില്പായിരുന്നാൽ 'നില്ക്ക' എന്നതും നടപ്പായിരുന്നാൽ 'നടക്ക എന്നതും ഇങ്ങനെ മററു വചനങ്ങളും വരും: ദൃ—ാന്തം; 'അവൻ 'ഉറങ്ങികിടക്കുന്നു; അവൾ പ്രാൎത്ഥിച്ചുകൊണ്ടു നിന്നു'; പൈതൽ കളിച്ചു നടക്കേയുള്ളു. ഇവയിൽ കിടക്ക എന്നതു മടിയായി ഉപകാരമില്ലാത്ത അവസ്ഥെക്കു

അധികം നാമേക്ക നിലനില്ക്കുന്ന പട്ടതിക്കും പ്രയോഗിക്കപ്പെട്ടുവാറുണ്ടു: ദൃ—ന്തം; 'തൊമ്മൻ പള്ളിക്കൂടത്തിൽ ഉണ്ടും കൊണ്ടു കിടക്കുന്നു; രാമച്ചാരുടെ വക ദ്രവ്യം എന്റെ പറ്റിൽ കുറെ കിടപ്പുണ്ടു; 'ഇരിക്ക' എന്നതു സ്ഥിരവും മാനവും ഉള്ള അവസ്ഥയെക്കാണിക്കും: ദൃ—ന്തം; 'ആലപ്പുഴെയിരിക്കുന്ന സായ്പ്' നില്ക്കു എന്നതു കീഴമണിയത്തെ കുറിക്കും: ദൃ—ന്തം; 'രാജാവിന്റെ അട്ടകൽ നില്ക്കുന്ന സേവകന്മാർ, 'ഇരിക്ക' എന്നതു ത്രികാലങ്ങളോട്ടു ചേൎന്നു വരുമ്പോൾ നിനവിനെ കാണിക്കുന്നു: ദൃ—ന്തം; അവൻ വന്നു എന്നിരിക്കുന്നു; ഞാൻ പോകുമെന്നിരിക്കുന്നു.

൪൨൦. 'എങ്കുക' എന്നതിന്നു 'പറക' എന്നൎത്ഥമാകുന്നു. അതിന്റെ ഭവിഷ്യമാകുന്ന ഏന്നും, ഏനം, ഏനേ എന്നവ വന്തത്തോട്ടു ചേൎന്നു ലന്തങ്ങളുടെ പിന്നാലേ വരും. ഭാവനയും ഭാവിതവും ഭൂതകാലത്തിൽ എന്ന കാണിക്കയും ചെയ്യും: ദൃ—ന്തം; 'മഴ പെയ്യു എങ്കിൽ വെള്ളം പൊങ്ങിയേനം. "മഴപെയ്യുമില്ല വെള്ളം പൊങ്ങിയുമില്ല എന്നു ഭാവം. വചനിപ്പിന്റെ ശക്തിയെക്കുറെക്കുന്നതിന്നായിട്ടു ഭവിഷ്യകാലത്തിന്റെ അൎത്ഥത്തിലും ഏന്നും എന്നതു ചേരും; ഞാൻ ശ്രമിച്ചെങ്കിൽ ഒത്തേനെ എന്നതിന്നു ഞാൻ ശ്രമിച്ചാൽ ഒക്കും എന്നു തന്നെ പോരുൾ എന്നുവരികിലും അത്ര നിശ്ചയത്തോട്ടു പറയുന്നില്ല. 'ഏന്നും' എന്നതിന്നു പകരം ഭവിഷ്യത്തോട്ടു 'ആയിരുന്നു' എന്നും ചേരും: ദൃ—ന്തം; 'മഴ പെയ്യു എങ്കിൽ വെള്ളം പൊങ്ങുമായിരുന്നു.'

൪൨൧. എങ്കുക എന്നതിൽനിന്നു ഏനം എന്നു വന്നതു തമിഴിലെ തിങ്കിറതു—തിൻറതു— തിമ്പതു—'എന്നവയിൽനിന്നു തിന്നു-തിന്നുന്നു—തിന്നും' എന്നും വരുന്നതിൻ വണ്ണം 'എന്നും' എന്നാകയും' വേണ്ടുക എന്നതിന്റെ ഭവിഷ്യമാകുന്ന 'വേണ്ടും എന്നതു' വേണും' വേണം, എന്ന തിരിയുന്നതുപോലെ, എന്നും, എന്നതു 'ഏന്നും—ഏനം' എന്നാകുന്നു. ആകയാൽ 'നീ ചോദിച്ചാൽ

കിട്ടിയേനം എന്നതു തെളിവാക്കിപ്പറയുമ്പോൾ 'നീ ചോദിച്ചാൽ കിട്ടി എന്നു പറയാം' എന്നായിത്തീരും. ഏകനമേ എന്നതു ഏകനേ എന്നു ചുരുങ്ങും: ദൃ—ന്തം; വന്നേനമേ—വന്നേനെ.

൪൨൨. 'ആക' എന്നതു 'കഴിക' എന്നതിന്റെ അൎത്ഥത്തിൽ അന്തത്തോടു ചേൎന്നിട്ടു ആധീനതയെക്കാണിക്കുന്നതിന്നായിട്ടു വരും. കൎത്താവു പ്രഥമയിൽ നില്ക്കുമ്പോൾ ക്രിയെക്കു മറ്റൊരുത്തന്നുള്ള ആധിനതയെയും ചതുൎത്ഥിയിൽ ആകുമ്പോൾ തനിക്കുതന്നേയുള്ള ആധിനതയെയും കാണിക്കും. 'ആകും' എന്ന ഭവിഷ്യകാലരൂപം 'ആം' എന്നു ചുരുങ്ങുകയും ചെയ്യും: ദൃ—ന്തം; 'ഞാൻ പോകാം'; അവൻ വരാം എന്നു പറഞ്ഞിരിക്കുന്നു; ഞങ്ങൾ പോകായിരുന്നു; നിനക്കു വരാം; അവൎക്കു എഴുതിയിരിക്കും.

൪൨൩. സൂക്ഷ്മം വരുത്തിപ്പറയുമ്പോൾ പ്രഥമ പ്രധാന വചനത്തിന്റെ കൎത്താവും ചതുൎത്ഥി സഹായ വചനത്തിന്റെ കൎത്താവും ആകുന്നു. എന്തെന്നാൽ 'ആന്തം പ്രയോഗിക്കപ്പെടുന്നതു ആധാരത്തിന്നും ആധേയത്തിന്നും കൎത്താക്കൾ വെവ്വേറായിരിക്കുമ്പോൾ ആകുന്നു (൧൧൦ നമ്പ്ര) ആകയാൽ 'ഞാൻ പോകാം' എന്നതു മുഴുവനാക്കിപ്പറയപ്പെടുമ്പോൾ 'ഞാൻ പോക നിനക്കു ആകും' എന്നും ഇനിക്കു പോകാം എന്നതു 'ഞാൻ പോക ഇനിക്കു ആകും' എന്നും ആയിത്തീരും. പ്രയോഗത്തിങ്കൽ പ്രഥമ കൂടിവരുന്ന രൂപം വാഗ്ദത്തം ചെയ്യുന്നതിന്നും ചതുൎത്ഥികൂടിവരുന്നതു അനുവാദം കൊടുക്കുന്നതിന്നും ആയിട്ടു പറഞ്ഞുവരുന്നു. ദൃ—ന്തം; ഞാൻ ഒരു പുസ്തകം തരാം ഇനിയും അവന്നു പോകാം ചതുൎത്ഥിയിൽ നില്ക്കുന്നതു ആത്മസ്ഥാനനാമമായിരുന്നാൽ തനിക്കുതാൻ അനുവാദം കൊടുക്കുന്നതല്ലാതു്കൊണ്ടു മറ്റുള്ളവരുടെ വിരോധമില്ലെന്നു കാണിക്കും: ദൃ—ന്തം; ഇനിക്കു എഴുതാം; ഞങ്ങൾക്കു വരാം.'

൪൨൪ 'വേണ്ടുക' എന്നതിന്നു 'ആവശ്യമാക' 'അപേക്ഷിക്ക' എന്നു പൊരുൾ ആകുന്നു.

അതിൻെറ വകാരം ലോപിച്ചിട്ട അന്തത്തോട്ട ചേൎന്ന സഹായ വചനമായിട്ട വരും. അതിനുള്ളെ രൂപഭേദങ്ങൾ 'വേണ്ടി, വേണം, വേണ്ടിയ, വേണ്ടുന്ന വേണ്ടും; വേണ്ടാ, വേണ്ടാത്ത, വേണ്ടായ്ക, എന്നിങ്ങനെയുള്ളവയാകുന്നു. ക്രിയെക്കായിട്ട മററുള്ളവരുടെ അപേക്ഷയെ കാണിക്കുന്നതിന്നു പ്രഥമയോടും കൎത്താവിൻെറ അപേക്ഷയെക്കാണിക്കുന്നതിന്നു ചതുൎത്ഥിയോടും ചേൎന്ന വരും: ദൃ—ന്തം; 'ഞാൻ പോകെണം: ഇനിക്കു പോകെണം:' 'വേണം, എന്നതു 'വേണ്ടും' എന്ന ഭവിഷ്യകാലത്തിൻെറ തത്ഭവമാകുന്നു എങ്കിലും വൎത്തമാന കാലത്തിൻെറ അൎത്ഥത്തിൽ ആകുന്നു പ്രയോഗിക്കപ്പെടുന്നതു. 'ഏണം' എന്നതു എണം എന്നു ചുരുങ്ങുക നടപ്പമാകുന്നു: ദൃ—ന്തം; നീ വരേണം നീ വരെണം. ഭൂതകാലത്തിന്നായിട്ട 'വേണ്ടിയിരുന്നു, എന്നും ഭവിഷ്യത്തിന്നായിട്ട 'വേണ്ടിയിരിക്കും വേണ്ടി വരും' എന്നും ആകും: ദൃ—ന്തം; അവൻ എഴുതേണ്ടിയിരുന്നു, ഞാൻ വായിക്കേണ്ടിവരും, നീ, പോകേണ്ടാ. പോകേണ്ടായിരുന്നു.

൧൨൫. കൎത്താവിൻെറ വിഭക്തി മാറുന്ന സംപ്രദായം ൧൨൩ാം ലക്കത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം ആകുന്നു. 'ഞാൻ വരെണം' എന്നതു ഞാൻ വരു; അവനു വേണം എന്നും 'ഇനിക്കു വരേണം' എന്നതു ' വരിക ഇനിക്കു വേണം' എന്നും ആകും. വലിയാളുകൾ ചെറിയവരോട്ട പറയുമ്പോൾ 'വേണം' എന്നുള്ളതു കല്പനയാകും: ദൃ—ന്തം; നീ പോകെണം. ചിലപ്പോൾ വേണം' എന്നതു ന്യായസിദ്ധിയെകാണിക്കും: ദൃ—ന്തം; മഴ പെയ്യുതുകൊണ്ടു വെള്ളം പൊങ്ങേണം' കടമയെക്കാണിക്കുന്നതിന്നു നപുംസവാച്യനാമം പ്രയോഗിക്കപ്പെടും: ദൃ—ന്തം; 'ഞാൻ ചെയ്യേണ്ടിയതു ആയിരുന്നു: നീ ചെയ്യേണ്ടുന്നതാകുന്നു; അവൻ ചെയ്യേണ്ടുവതു—ചെയ്യേണ്ടതു ആകുന്നു' പിന്നയും 'വേണം' എന്നതു വാച്യനാമത്തോടു ചേൎന്നും വരും: ദൃ—ന്തം; 'നീ എഴുതുകയും വായി

കയും വേണം 'എന്നത്ത ക്രിയകൾ നടന്നിട്ടുള്ള ആവശ്യത്തെ താല്പൎയ്യ സംഗതിയായിട്ട കാണിക്കുന്നു. 'നീ എഴുതുകയും വായിക്കയും ചെയ്യേണം' എന്നതിൽ കൎത്താവു ചെയ്യേണ്ടുന്ന മുറയെ സാരകാൎയ്യമായിട്ട പറയുന്നു.

൪൨൩ 'കഴിക' എന്നതു പ്രധാന വചനത്തിന്റെ നന്തത്തോട ചേൎന്ന ആധീനതയെ കാണിക്കുന്നതിന്ന പ്രയോഗിക്കപ്പെട്ടും. 'ആക' വെണ്ടുകാ എന്നവയെപ്പോലെ ഭവിഷ്യം വൎത്തമാനാൎത്ഥത്തിൽ വരും: ദൃ--ന്തം; ഇനിക്ക എഴുതുവാൻ കഴിയും: അവന്ന പറവാൻ കഴികയില്ല. 'പ്രതിഭാവത്തിന്ന 'കൂടുക, മേലുക, വഹിക്ക എന്നവയുടെ ഭവിഷ്യകാല പ്രതിഭാവങ്ങളാകുന്ന കൂടാ, മേലാ, വഹിയാ എന്നവ പ്രയോഗിക്കപ്പെട്ടും: ദൃ--ന്തം; നീ പോയിക്കൂടാ: അവന്ന എഴുതുവാൻ മേലാ; ഇനിക്ക നടപ്പാൻ വഹിയാ'.

൪൨൩. ൧. ആകാ കഴിക എന്നവ തമ്മിൽ കുറെ ഭേദമുണ്ടു, ഇനിക്ക എഴുതാം എന്ന എഴുതുന്നതിന്ന വശം എങ്കിലും അനുവാദം എങ്കിലും ഉണ്ടായിരുന്നാൽപ്പറയാം. 'ഇനിക്ക എഴുതുവാൻ കഴിയും എന്നതിൽ വശതയെ മാത്രം കാണിക്കുന്നു. ഇനിക്ക എഴുതിക്കൂടാ എന്നതിൽ അനുവാദമില്ലെന്നും, ഇനിക്ക എഴുതുവാൻ കഴികയില്ല എന്നതിൽ വശമില്ലെന്ന എങ്കിലും മനസ്സില്ലെന്ന എങ്കിലും, ഇനിക്ക എഴുതുവാൻ മേലാ—വഹിയാ എന്നവയിൽ പുറമേ തടങ്ങലുണ്ടെന്നും അൎത്ഥം വരും.

൪൨൪. വചനത്തിന്റെ സ്വഭാവത്തെസ്സംബന്ധിക്കുന്ന സഹായ വചനങ്ങൾ 'പെടുക, കൊള്ളുക, വെക്കുക, ഇടുക, കളെക, പോക വരിക ,തീരുക, തരിക, കൊടുക്ക' എന്നിങ്ങനെയുള്ളവയാകുന്നു. അവയിൽ: "പെടുക" എന്നതു ആന്തത്തോട ചേരുമ്പോൾ കൎമ്മണിക്രിയയാ

കും: ദൃ--ന്തം; 'ഗോലിയാഥ എന്നവൻ ദാവീദിനാൽ കൊല്ലപ്പെട്ടു.' ഇവിടെ 'കൊല്ലുക, എന്നതിന്റെ കൎത്താവു ദാവീദും പെടുക എന്നതിന്റെ കൎത്താവു ഗോലിയാഥുമാകുന്നു. ആകയാൽ വാചകം മുഴുവനാക്കിപ്പറയപ്പെടുമ്പോൾ 'ദാവീദു, കൊല്ലു ഗോലിയാഥ പെട്ടു എന്നാകും [൩൨൭-൩൨൮.]

൩൨൯. കൊള്ളുക. എന്നതു എടുക്ക എന്നു പൊരുളായി വന്നതോടു ചേൎന്ന ക്രിയ മറ്റൊരുത്തന്നായിട്ടല്ല കൎത്താവിന്നായിട്ടു തന്നെ ചെയ്യപ്പെടുന്നു എന്നു കാണിക്കും: ദൃ-ന്തം; ഞാൻ എഴുതിക്കൊള്ളാം: അവൻ വന്നുകൊള്ളും; വന്നം അൎദ്ധാച്ചിൽ ആകുമ്പോൾ കകാരം സംസാര ഭാഷയിൽ ലോപമാകും: ദൃ—ന്തം; 'വന്നുകൊണ്ടു=വന്നോണ്ടു.'

൩൩൦. കൊള്ളുക എന്നതു ക്രിയാ കൎത്താവിന്റെ പ്രമതലയെ കാണിക്കുന്നതിന്നു മറ്റൊരുത്തന്നു വേണ്ടിയുള്ള ക്രിയകളെ സംബന്ധിച്ചും വരും, എന്തെന്നാൽ മനുഷ്യർ തങ്ങൾക്കുള്ളുമതലയുള്ള കാൎയ്യം തനതു കാൎയ്യം പോലെ വിചാരിപ്പാറുണ്ടു: ദൃ—ന്തം; 'നിന്റെ ഉപജീവനത്തെക്കുറിച്ചു യജമാനൻ വിചാരിച്ചുകൊള്ളും.' അയാൾ അക്കാൎയ്യം ഭരമേററിരിക്കയാൽ നീ വിചാരപ്പെടേണ്ടാ എന്നു ഭാവം.

൩൩൧. 'കൊള്ളുക' എന്നതു ചിലപ്പോൾ ക്രിയാ കൎത്താവിന്റെ എളിമയെക്കാണിക്കും. എന്തെന്നാൽ വലിയവരും ചെറിയവരും തമ്മിലുള്ള വ്യാപാരങ്ങളിൽ ഉപകാരികൾ വലിയവരെന്നും ഉപകാരപ്പെട്ടവർ ചെറിയവരാകുന്നു എന്നും സാമാന്യമായിട്ടു വിചാരിക്കപ്പെട്ടിരിക്കുന്നു: ദൃ—ന്തം; 'കൊടുത്തയച്ച എഴുത്തു വായിച്ചു കണ്ടു കൊള്ളുകയും ചെയ്തു.' ഇവിടെ എഴുത്തുകൊടുത്തയച്ചവനെക്കാൾ വായിച്ചവൻ എളിയവൻ എന്നു ഭാവം വരുന്നു.

൩൩൨. 'കൊള്ളുക' എന്നതു ആശകത്തിൻ ആലോചന എങ്കിലും അനുവാദമെങ്കിലും പറയുന്ന ഭാവം കാണിക്കും എന്തെന്നാൽ ഒരുത്തന്റെ തനതു ഗുണത്തിന്നു വേണ്ടി മറ്റൊരുത്തൻ ശാസിച്ചു പറഞ്ഞിട്ടു ആവശ്യമില്ല. വിവരം അറിയിക്കുന്നതിന്നു

ഗുണദോഷ വാക്യം ചെയ്യുന്നതിന്നു അനുവാദവും ഉണ്ടായാൽ മതി: ദൃ—ന്തം; 'പാപത്തെ വിട്ടൊഴിഞ്ഞുകൊൾവിൻ; നീ പോയിഉറങ്ങിക്കൊൾക'

൪൩൩. വെക്ക എന്നതു പ്രധാന ക്രിയയോടു ചേരുമ്പോൾ ആയതു കൎത്താവിന്റെ ഉപകാരത്തിന്നായിട്ടല്ല മറ്റൊരുത്തന്റെ ഗുണത്തിന്നായിട്ടു ചെയ്യപ്പെടുന്നു എന്നു ഭാവം വരും. അതു പ്രധാന ക്രിയയുടെ വന്തത്തോടു ചേരുകയും സംസാരഭാഷയിൽ വകാരം ലോപിക്കയും ചെയ്യും: ദൃ—ന്തം; 'ഞാൻ കുളിച്ചുവെച്ചുവരാം, നീ വന്നേക്കേണം, അവൻ ഓടിയേച്ചു.'

൪൩൪. ചെയ്യാഞ്ഞാൽ ഉള്ള പഴി തീൎക്കുന്നതിന്നായിട്ടു ചെയ്യുന്നു എന്നു കാണിക്കുന്നതിന്നു 'വെക്ക' എന്നതു പ്രധാന ക്രിയയോടു ചേരും. എന്തെന്നാൽ ഒരുത്തന്നു വേണ്ടി ഒരുത്തൻ വല്ലതും ചെയ്യുന്നതു മിക്കവാറും സന്തോഷത്തോടല്ല പഴിയൊഴിക്കുന്ന വകെക്കായിട്ടാകുന്നു: ദൃ—ന്തം; 'ഞാൻ പോയേക്കാം' [എന്റെ പേരിൽ കുറ്റമിരിക്കയില്ല] 'നീ വന്നേക്കേണം' [നിന്റെ മേൽ പഴിയിരിക്കരുതു.]

൪൩൫. 'വെക്ക' എന്നതു ഭവിഷ്യത്തിൽ സംദേഹ ഭാവത്തെകാണിക്കും. എന്തെന്നാൽ ഒരുത്തന്നു വേണ്ടി ഒരുത്തൻ ഒന്നു ചെയ്യുന്നതു നടക്കുമോ ഉത്തേക്ക സാമാന്യേന സംശയമാകുന്നു: ദൃ—ന്തം; 'അവർ വന്നേക്കും; അവൻ എഴുതിയേച്ചാൽ കാൎയ്യം ഒക്കും.'

൪൩൬. ഇടുക എന്നതു വെക്ക എന്നതിന്റെ അൎത്ഥത്തിൽ വന്തത്തോടു ചേൎന്നു ചിലപ്പോൾ സഹായ വചനമായിട്ടു വരും. അപ്പോൾ ഇകാരം സമാന ദീൎഘമായിത്തീരുക നടപ്പാകുന്നു: ദൃ—ന്തം; ചെയ്തീടേണം; തന്നീടേണം.

൪൩൭. 'വെക്ക' എന്നതുപോലെ 'ഇടുക' എന്നതും ക്രിയ ചെയ്യപ്പെടുന്നതു കൎത്താവിന്റെ ഉപകാരത്തിന്നായിട്ടല്ല മറ്റൊ

രുത്തന്നു വേണ്ടിയാകുന്നു എന്നുള്ള ഭാവം കാണിക്കുന്നു. എന്നാൽ 'വെക്ക' എന്നതിൽ വെക്കപ്പെട്ട വസ്തുവിനെ കരുതിച്ചെയ്തു എന്നും 'ഇടുക' എന്നതിൽ കരുതാത ചെയ്തു എന്നും അൎത്ഥമിദ്ധിക്കുന്നതു പോലെ 'വെക്ക' എന്നതു പ്രധാന ക്രിയ മറ്റൊരുത്തന്റെ ഉപകാരത്തിന്നായിട്ടു കൎത്താവിനാൽ ഭാവിക്കപ്പെടുമ്പോഴും 'ഇടുക' എന്നതു അപ്രകാരം ഭവിക്ക മാത്രം ചെയ്യുമ്പോഴും പ്രയോഗിക്കപ്പെടുന്നു. ആകയാൽ ഇടുക എന്നതു ക്രിയാകൎത്താവിന്റെ വലിപ്പത്തെ കാണിക്കുന്നു. എന്തെന്നാൽ താനവൎക്കു ഉപകാരം ചെയ്യുന്നതിന്നു ഉയൎന്നവരാൽ പ്രയാസം കൂടാതെ എളുപ്പമായിട്ടു കഴിയുന്നതാകുന്നു: ദൃ—ന്തം; 'തമ്പുരാനേ എന്നെ രക്ഷിച്ചിടേണമേ.'

൪൬൮. കളെക എന്നതു വന്തത്തോടു ചേൎന്നു സഹായ വചനമായിട്ടു വരുമ്പോൾ കൎത്താവു ക്രിയ ചെയ്യുന്നതിൽ തന്റെ എങ്കിലും മറ്റുള്ളവരുടെ എങ്കിലും ഉപകാരത്തെക്കരുതുന്നില്ല എന്നു കാണിക്കുന്നു. ദൃ—ന്തം; 'അവൻ ആ പുസ്തകം കീറിക്കളെഞ്ഞു' ഒരു ക്രിയ ഉപകാരമില്ലാത്തതോ ബുദ്ധിമോശമായിട്ടുള്ളതോ ഉപദ്രവമായിട്ടുള്ളതോ ആയിരുന്നാലും പറച്ചിൽക്കാരന്നു അതിന്മേൽപ്പറ്റി ദുഃഖമോ അതിശയമോ തോന്നുന്നതായിരുന്നാലും 'കളെക' എന്നതു ചേരും: ദൃ—ന്തം; 'അവൻ തന്റെ നല്ല ഉദ്യോഗം ഒഴിഞ്ഞുകളെഞ്ഞു' [അതു വലിയ ബുദ്ധിക്കുറവായിപ്പോയി.] 'അവൻ ആ നല്ല മരം വെട്ടിക്കളെഞ്ഞു.' [അതു ഒരു ദോഷമുള്ള വേല] 'ഞാൻ അപ്പുസ്തകം ഒരു ദിവസം കൊണ്ടു എഴുതിക്കളെഞ്ഞു' (അതു ഒരു അസാദ്ധ്യ വേല.)

൪൬൯. പോക എന്നതു 'കളെക' എന്നതിന്റെ അൎത്ഥത്തിൽ തന്നേ മിക്കവാറും പ്രയോഗിക്കപ്പെടുന്നു. ക്രിയയുടെ സ്വഭാവം പറച്ചിൽക്കാരന്റെ ആഗ്രഹത്തിന്നും മനോഭാവത്തിന്നും മാറ്റമാകുന്നു എന്നു കാണിക്ക

ധ്യം ചെയ്യുന്നു: ദൃ—ന്തം; 'അവന്റെ ഉദ്യോഗം
മാറിപ്പോയി' (അതു ദുഃഖം തന്നെ] 'ഗോലിയാ
ഥ ദാവീദിനോടു തോറ്റു പോയി' [അതു അതി
ശയം തന്നെ.]

൪൪൦. സാമാന്യേന സംഭവ വചനമായി പ്രയോഗിക്കപ്പെടു
ന്നതിനോടു 'കളക' എന്നതു ചേരുമ്പോൾ ആയതു ക്രിയാവച
നമായും സാമാന്യേന ക്രിയാവചനമായിരിക്കുന്നതിനോടു
'പോക' എന്നതു കൂടുമ്പോൾ ആയതു സംഭവ വചനമായും
തീരുന്നു. എന്തെന്നാൽ ഒരു വസ്തുവിനെക്കളയുന്നതു കർത്താവു
നിശ്ചയിച്ചു ചെയ്യുന്ന വേലയും ഒരു വസ്തു പോകുന്നതു അങ്ങ
നെ വന്നു ഭവിക്കുന്നതുമാകുന്നു: ദൃ—ന്തം, 'യെഫ്രദാസ്സറിയാത്ത
ചത്തുകളെഞ്ഞു:' 'അവൻ മോക്ഷിക്കുന്നതു പലരും കണ്ടുപോയി.'

൪൪൧. തരിക, കൊടുക്ക എന്നവ വന്ന
ത്തോടു ചേൎന്നു സഹായ വചനങ്ങളായിവരും.
അവ പോരുളിൽ ഒക്കുന്നു എങ്കിലും സാഹച
ൎയ്യങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്തെന്നാൽ
വാങ്ങുന്നവൻ പറച്ചിൽക്കാരനോ കേഴ്പിക്കാ
രനോ ആയിരുന്നാൽ 'തരിക, എന്നതും അല്ലാ
ത്തപ്പോൾ ഒക്കെയും 'കൊടുക്ക' എന്നതും പ്ര
യോഗിക്കപ്പെടുന്നു: ഇനിക്കും ഞങ്ങൾക്കും നി
നക്കും നിങ്ങൾക്കും തരികയും അവന്നും അവ
ൾക്കും അവൎക്കും അതിന്നും അവെക്കും കൊടു
ക്കയുമാകുന്നു. ഒരു ക്രിയ കൎത്താവിന്റെ ഉപകാ
രത്തിന്നായിട്ടല്ല അതിനോടു സംബന്ധിക്കുന്ന
ചതുൎത്ഥ്യൎത്ഥത്തിന്നു വേണ്ടി ച്ചെയ്യപ്പെടുന്നു എ
ന്നു തെളിവായിട്ടു കാണിക്കുന്നതിന്നു ഇവ പ്ര
യോഗിക്കപ്പെടുന്നു: ദൃ—ന്തം; 'ആശാൻ ഇനി
ക്കു ചൊല്ലിത്തരികയില്ല എന്നാൽ അവന്നു
കൂടക്കൂടെ ചൊല്ലിക്കൊടുക്കുന്നു.' വല്ലിയാളുകളെ
പ്പറ്റിപ്പറയുമ്പോൾ ഇവെക്കു പകരം കൃപയു

ണ്ടാക എന്നു പൊരുളായ 'അരുളുക' എന്നതു വന്നതോട ചേൎന്നവരും: ദൃ—ന്തം: 'വേണ്ടുന്നതൊക്കയും തമ്പുരാൻ ചെയ്യരുളും' 'രാജാവു എഴുന്നെള്ളും' [എഴുന്നരുളും.]

൩൩൨. വരിക, പോക എന്നവ മേല്പറഞ്ഞവയെപ്പോലെ തമ്മിൽ അൎത്ഥത്തിൽ ഒക്കുകയും സാഹചൎയ്യങ്ങളിൽ ഭേദമായിരിക്കയും ചെയ്യുന്നു. എന്തെന്നാൽ നീക്കം പറയുന്നവൻെറയോ കേൾക്കുന്നവൻെറയോ അടുക്കലോട്ടാകുന്നു എങ്കിൽ 'വരിക' എന്നും മറവല്ലിടത്തോട്ടും ആകുന്നുഎന്നു വരികിൽ 'പോക' എന്നും പറയപ്പെടുന്നു.സഹായവചനങ്ങളായിട്ടു വരുമ്പോൾരണ്ടും പ്രധാന ക്രിയയുടെ ഏററത്തെക്കാണിക്കും. എങ്കിലും എന്നോടൊപ്പവും നിന്നോടൊപ്പവും ആയിത്തീരുന്നതിനുള്ള ഏററത്തിന്നു 'വരിക' എന്നതും നമ്മെ വിട്ടിട്ടുള്ള ഏററത്തിന്നു 'പോക' എന്നതും പ്രയോഗിക്കപ്പെടെണം: ദൃ—ന്തം; '[നമ്മോട കൂടെ വരുവാൻ] അവൻ പഠിച്ചുവരുന്നു:' '[നമ്മെക്കവിഞ്ഞു] ഇവൻ പഠിച്ചുപോകുന്നു.' അങ്ങനെ, തന്നേ നന്മയായിട്ടുള്ള ഏററത്തെപ്പററി 'വരിക' എന്നതും ചീത്തയായുള്ളതിനെസ്സംബന്ധിച്ചു 'പോക' എന്നതും പ്രയോഗിക്കപ്പെടെണം: ദൃ—ന്തം, 'അച്ചെറുക്കൻ നന്നായി വരുന്നു' 'ഇപ്പെണ്ണു ചീത്തയായിപ്പോകുന്നു.' പിന്നെയും 'വരിക' പോക' എന്നവ ഏററത്തെക്കാണിക്കുന്നതിൻവണ്ണം 'തീരുക' എന്നതു തികവിനെക്കുറിക്കുന്നു: ദൃ—ന്തം; 'ആ വീട പണിതുവരുന്നു' 'ഇതു പണിതു തീൎന്നു.'

൩൨ാം അദ്ധ്യായം.—അവ്യയം.

൪൪൩. അവ്യയം എന്നതു നാമങ്ങളും വചനങ്ങളും തമ്മിലുള്ള സംബന്ധത്തെക്കാണിക്കുന്നതായി മിക്കവാറും രൂപഭേദമില്ലാത്ത ഒരു പദമാകുന്നു. 'ഉം' 'ഓ' 'കുറിച്ചു' 'മേൽ'എന്നിങ്ങനെയുള്ളവ തന്നേ.

൪൪൪. നമ്മുടെ നിനെവുകൾ പഞ്ചേന്ദ്രിയങ്ങൾ വഴിയായി പ്പുറമെയുള്ള വസ്തുക്കളിൽനിന്നു വരുന്നവയാകുന്നു. എന്നാൽ പുറമെയുള്ള വസ്തുക്കളെ നാം ഗ്രഹിക്കുന്നതു തമ്മിൽ തമ്മിൽ സംബന്ധമില്ലാതെ തനിയായിരിക്കുന്ന ഒററ വസ്തുകൾ പോലെയല്ല, കാരണകാൎയ്യ വഴിയായും കാല സംയോജ്യതകൊണ്ടും ഇരിപ്പിടത്തിൻെറ അടുപ്പത്താലും മററും തമ്മിൽച്ചേൎന്നു ഏകീഭവിച്ചിരിക്കുന്ന ഒരു വലിയ വസ്തുവിൻെറ അംശങ്ങളായിട്ടത്രേയാകുന്നു. വസ്തുകൾ തമ്മിലുള്ള സംബന്ധത്തിനു അടുപ്പ ഭേദമുണ്ടെന്നുവരികിലും തമ്മിൽ അല്പമെങ്കിലും സംബന്ധമില്ലാതെ ഏകാന്തമായിരിക്കുന്ന ഒരു വസ്തുവും കാണുന്നില്ല. ആകയാൽ ഇങ്ങനെ തമ്മിൽസ്സംബന്ധപ്പെട്ടിരിക്കുന്ന വസ്തുക്കളുടെ അനുരൂപങ്ങളാകുന്ന നിനെവുകൾ തമ്മിലും ചേൎച്ചയുള്ളതാകകൊണ്ടു നിനെവുകളുടെ വിവരണമാകുന്ന ഭാഷയിലും അതു കുറിക്കപ്പെടുന്നതു ആവശ്യമാകുന്നു. എന്നാൽ ഠരം സംബന്ധങ്ങളിൽ മുഖ്യമായിട്ടുള്ളവ നാമങ്ങളുടെയും വചനങ്ങളുടെയും നിലഭേദം രൂപഭേദം മുതലായവയിൽ വിവരിക്കപ്പെടുന്നു. ദൃഷ്ടാന്തപ്പെടുത്തേണമെങ്കിൽ, ഗുണവും ഗുണിയുമായിട്ടുള്ള സംബന്ധം അവ തമ്മിൽ അടുത്തു നില്ക്കുന്നതിനാൽ വെളിപ്പെടുന്നു:ദൃ—ന്തം; 'പുതുപുസ്തകം' 'വലിയ മനുഷ്യൻ;' 'പറക്കുന്ന പക്ഷി' കൎത്താവും വാച്യവും തമ്മിലെ സ്സംബന്ധം വചനത്താൽകാണിക്കപ്പെടുന്നു: ദൃ—ന്തം; 'രാജാവു സാരൻ ആകുന്നു;' 'മന്ത്രി ഗുണവാനല്ല' കൎത്താവും ക്രിയയും തമ്മിലും ക്രിയയും കൎമ്മവും തമ്മിലും മററുമുള്ളസംബന്ധങ്ങൾ നാമത്തിൻെറ വിഭക്തിരൂപങ്ങളാൽ കാണിക്കപ്പെടുന്നു: ദൃ—ന്തം; 'രാജാവു കല്പിച്ചു;' 'അവർ മന്ത്രിയെ വിളിക്കുന്നു:' 'കല്ലാൽ പണിയപ്പെട്ടവീടു' ക്രിയകൾ തമ്മിലുള്ള സംബന്ധം അവയുടെ രൂപാന്തരങ്ങളാൽ കുറിക്കപ്പെടുന്നു: ദൃ—ന്തം; 'മന്ത്രി വിഷം തിന്നു മരിച്ചു;' 'മഴ പെയ്യാൽ വെള്ളം പൊങ്ങും;' 'തലയിരിക്കെ വാലാടുകയില്ല;' 'ജനങ്ങൾ ഭക്ഷിപ്പാനും കുടിപ്പാനും തുടങ്ങി.' എന്നാൽ വസ്തുക്കൾ തമ്മിലുള്ള സംബ

ന്ധം അസംഖ്യമാകയാൽ അവ മുഴുവനും നാമങ്ങളുടെയും വചനങ്ങളുടെയും രൂപഭേദങ്ങളാൽ കാണിക്കപ്പെടുക എന്നു വന്നാൽ അവ മനസ്സിൽ നില്ക്കാത്തവണ്ണം അനവധിയായിപ്പോകുന്നതാകയാൽ രൂപാന്തരങ്ങൾ അധികമുള്ള ഭാഷകളിൽ തന്നെയും പ്രധാനമായിട്ടുള്ള സംബന്ധങ്ങളേ ഠരം വഴിയായി സാധിക്കപ്പെടുന്നുള്ളു. ശേഷമുള്ളവയെല്ലാം സംബന്ധസംജ്ഞയാകുന്ന ചില ശബ്ദങ്ങളാലും പദങ്ങളാലും അറിയിക്കപ്പെടുന്നു. ആയവ അവ്യയങ്ങൾ എന്നു പേർ പട്ടിരിക്കുന്നു.

ഒന്നാം സൎഗ്ഗം—മൂലാവ്യയങ്ങൾ

൪൪൬. അവ്യയങ്ങൾ മൂലാവ്യയങ്ങൾ എന്നും തദ്ധിതാവ്യയങ്ങൾ എന്നും രണ്ടുവകയായിരിക്കുന്നു. മൂലാവ്യയങ്ങൾ ഉം ഓ എ എന്നവ തന്നേ.

൪൪൭ ഉം എന്നതു ലോപഷഷ്ഠിയും സംബോധനയും നിരാധാരയവസ്ഥവും നാമധേയങ്ങളും ഒഴികെയുള്ള എല്ലാ രൂപാന്തരങ്ങളോടും ആവശ്യം പോലെ ചേരുന്നതും സംബന്ധത്തെയും അനുബന്ധത്തെയും വിശേഷതയെയും തികവിനെയും നിറവിനെയും പട്ടതിഭേദം പോലെ കുറിക്കുന്നതുമാകുന്നു: ദൃ—ന്തം; 'ഞാൻ രാജാവിനെയും മന്ത്രിയെയുംകണ്ടു. എന്റെ സങ്കടം അവരോടു ബോധിപ്പിക്കയും ചെയ്തു: അവരും എന്റെ ആവലാധി തീൎത്തു തന്നില്ല;' 'സൎവ്വധൎമ്മം എല്ലാവൎക്കും നല്ലതു. അതിൽ മരണം വരെയും സ്ഥിരമായിനില്ക്ക.'

൪൪൮. സമബന്ധം— തമ്മിൽ സ്വഭാവ സംബന്ധമില്ലാത്ത പൊരുളുകൾ മറ്റൊന്നിനോടോ പലതിനോടോ ഒരുപോലെ സംബന്ധപ്പെട്ടിരുന്നാൽഅവയിൽ ഓരോന്നിനോടു ഉം എന്നുള്ള പ്ര

ത്യേകം പ്രത്യേകം ചേരും: ദൃ—ന്തം; 'ഞാനും അവനും വന്നു; അതു ഇനിക്കും നിനക്കും കൊള്ളാം; ഭൎത്താവു ചിരിച്ചും ഭാൎയ്യ കരെഞ്ഞും മനുഷ്യരെ വശത്തിലാക്കുന്നു; നീ നിന്നാലും പോയാലും കൊള്ളാം.' ഉം പ്രയോഗത്താലുള്ള സൗഖ്യം വാക്കിന്റെ ലോപവും വാചകത്തിന്റെ ഭംഗിയും തന്നേ. എന്തെന്നാൽ 'ഞാനും അവനും വന്നു' എന്നുള്ളതു 'ഉം' എന്നതു കൂടാതെ പറെക എന്നു വന്നാൽ 'ഞാൻ വന്നു അവൻ വന്നു' എന്നു പറയേണ്ടിവരും. അങ്ങനെ തന്നേ 'ഭൎത്താവു ചിരിച്ചും ഭാൎയ്യ കരെഞ്ഞും മനുഷ്യരെ വശത്തിലാക്കുന്നു' എന്നുള്ളതിൽ ഉം അവ്യയം തള്ളിയാൽ മനുഷ്യരെ വശത്തിലാക്കുന്നു എന്നു രണ്ടു പ്രാവശ്യം ഉച്ചരിക്കേണ്ടി വരും.

൪൪൮ ഉം എന്നതിനാൽ കൂട്ടിച്ചേൎക്കപ്പെടുന്ന ആധേയങ്ങൾ ഒക്കെയും ആധാരത്തോടുള്ള സംബന്ധത്തിൽ ശരിയായിരുന്നാൽ രൂപത്തിൽ ഒത്തിരിക്കേണം: ദൃ—ന്തം; 'ശത്രുക്കൾ വന്നു ജനങ്ങളെയും വീടുകളെയും നശിപ്പിച്ചു' ('വീടുകൾ' എന്നരുതു). 'ഇനിക്കു ഭക്ഷിക്കുന്നതിന്നും കുടിക്കുന്നതിന്നും ഒന്നുമില്ല,' ('കുടിപ്പാനും' എന്നരുതു) 'ഒരിക്കൽ മരിക്കുന്നതും അതിന്റെ ശേഷം ന്യായ വിധിയും' എന്നുള്ളതു ശരിയല്ല; 'ഒരിക്കൽ മരണവും അതിന്റെ ശേഷം ന്യായവിധിയും' എന്നെങ്കിലും 'ഒരിക്കൽ മരിക്കുന്നതും അതിന്റെ ശേഷം ന്യായവിധിയുണ്ടാകുന്നതും' എന്നെങ്കിലും വേണം. എന്നാൽ അൎത്ഥ വ്യത്യാസമുണ്ടായിരുന്നാൽ രൂപഭേദം വരേണം: ദൃ—ന്തം; 'അവർ രാജാവിനോടും രാജാവിന്നായിട്ടും യുദ്ധം ചെയ്തു'.

൪൪൯. മലയാഴ്മയിൽ വ്യാകരണപ്പിഴ അധികം വരുന്നതു ചേരരുതാത്ത ആധേയങ്ങളെ ഉം എന്നതിനാൽ സംബന്ധിപ്പിച്ചു ചില ആധാരങ്ങളോടു ചേൎക്കുന്നതിനാൽ ആകുന്നു. എന്തെന്നാൽ ആധേയങ്ങൾക്കു പല കൂട്ടിക്കെട്ടുകൾ ഉണ്ടായിട്ടു ആധാരവുമായിട്ടു ഇടവിട്ടുവരുമ്പോൾ മുൻപിൽപ്പറഞ്ഞ ആധേയങ്ങളെക്കുറിച്ചുള്ള ഓൎമ്മ വിട്ടുപോയിട്ടു പിന്നത്തേതു മാത്രം ആധാരത്തോടു ചേരുന്നതായിരിക്കുന്നു. ദൃ—ന്തം; "ചട്ടം വെച്ചിരിക്കുന്നതിൻവണ്ണം ശരിയായിട്ടു നടക്കാതെയും (നടക്കാതിരിക്കയും) ഒരു വേല ഹൎജി എഴുതി ബോധിപ്പിച്ചും സങ്കടം വെച്ചും ഉത്തരവുകൾ വന്നാൽ ഓരോ ശഠതകൾ ഉണ്ടാക്കിത്താമസിപ്പിക്കയും ചെയ്യുവരുന്നു." "അയല്ക്കാരു മുതലായ ആളുകൾ ഭയപ്പെട്ടു ഒളിച്ചുപോകയും മറഞ്ഞുപാൎക്കയും അതിനാൽ കാൎയ്യത്തിൽ ഉടനേ തെളിവു കിട്ടുന്നതിന്നു പ്രയാസമായിട്ടു തീരുന്നതും (തീരുകയും ചെയ്യുന്നതും"). ആധാരം ആധേയങ്ങളോടു ഒരുപോലെ ചേരുന്നതായിരിക്കേണം: ദൃ—ന്തം; 'രാജ്യങ്ങളെയും കുടികളെയും കൊന്നവൻ' എന്നരുതു 'നശിപ്പിച്ചവൻ' എന്നു വേണം.

൪൫൦. ഉം എന്നതു അനുബന്ധമായി വരുന്നതു ഒരു സംഗതിയെപ്പറഞ്ഞു നിറുത്തിയതിന്റെ ശേഷം അതിനോടു ബന്ധ

മായിട്ടു മറെറാരു സംഗതി പറയുന്നതിൽ ചേരുമ്പോൾ ആകുന്നു ദൃ—ന്തം; 'ഞാൻ ഒരു വീടു വാങ്ങിച്ചു; ഒരു പറമ്പും വാങ്ങിച്ചു.' ഇവിടെ വാക്യങ്ങളെ ഒന്നാക്കിയാൽ 'ഞാൻ ഒരു വീടും പറമ്പും വാങ്ങിച്ചു' എന്നാകും. ഉം എന്നതു ചേരേണ്ടുന്നതു രണ്ടു വാക്യങ്ങളിലും ഏകീഭവിച്ചിരിക്കുന്ന പദത്തോടല്ല വ്യത്യാസപ്പെട്ടിരിക്കുന്നതിനോടു വേണം: ദൃ—ന്തം; "ഞാൻ സത്യമുള്ള മുന്തിരിങ്ങാവള്ളിയാകുന്നു എൻെറ പിതാവും തോട്ടക്കാരൻ ആകുന്നു" ഇത ശരിയല്ല 'എൻെറ പിതാവു തോട്ടക്കാരനും ആകുന്നു' എന്നു വേണം. എന്നാൽ ഏകീഭവിക്കാതെ വ്യത്യാസമായിരിക്കുന്ന പൊരുളുകൾ ഒന്നിൽ അധികമോ എല്ലാമോ ആയിരുന്നാൽ ഉം എന്നതു അവയിൽ ഏതിനോടും ചേരും: ദൃ—ന്തം; "തോല്ക്കുടങ്ങൾ പൊളിയും, വീഞ്ഞും ഒഴുകിപ്പോകും;" "തോല്ക്കുടങ്ങൾ പൊളിയും വീഞ്ഞു ഒഴുകിപ്പോകയും ചെയ്യും." മുൻപിലത്തതിൽ വീഞ്ഞല്ലാതെ മററു ചില വസ്തുക്കളും കൂടെ ഒഴുകിപ്പോകും എന്നും പിന്നത്തേതിൽ വീഞ്ഞു ഒഴുകിപ്പോകുന്നതു കൂടാതെ മററു ചില സംഗതികളും കൂടെ അതിന്നു ഭവിക്കുമെന്നും ലന്ദ്യഭാവം വരുന്നു എങ്കിലും സാഹചര്യംകൊണ്ടു ഭാവമിന്നതെന്നു മിക്കവാറും തെളിവായിപ്പോകും. ഠരം അൎത്ഥത്തിൽ 'കൂടെ' എന്നതു മനസ്സുപോലെ ചേൎത്തുകൊള്ളാം: ദൃ—ന്തം; 'രാജാവു വന്നു, രാജകുമാരനും കൂടെ വന്നു.'

൨൫൧ ഉം എന്നതു വിശേഷതയെക്കുറിക്കുന്നതു മുൻപിലത്തേതിൻെറ അനുബന്ധമല്ലാതിരിക്കുന്ന വാക്യത്തിൽ ഒരു പദത്തോടു ചേൎന്നു വരുമ്പോൾ ആകുന്നു. ഉം എന്നതു ചേൎന്നുവരുന്ന പദാൎത്ഥത്തെക്കുറിച്ചു ചൊല്ലിയിരിക്കുന്നതു മററുള്ളവയോടും ഒക്കുന്നതായിരിക്കുമ്പോൾ അതിനെത്തന്നെ എടുത്തു പറകയാൽ വിശേഷതയേക്കാണിക്കുന്നു: ദൃ—ന്തു; 'രാജാവു തൻെറ പുത്രനെയും കുററം ചെയ്താൽ ശിക്ഷിക്കും' [പിന്നെ ശേഷം പേരെ ശിക്ഷിക്കും എന്നുള്ളതിന്നു സംശയമില്ല;] 'കാട്ടാളന്മാരും കേറുവാൻ ഭയപ്പെടുന്ന മല' [എന്നാൽ ശേഷം പേർ എത്ര അധികം ഭയപ്പെടും;] 'അവൻ വന്നാലും സാധിക്കയില്ല' [വരാഞ്ഞാൽ ഒട്ടും സാധിക്കയില്ല] വിശേഷതയെക്കാണിക്കുന്നതിന്നു ഉം എന്നതിന്നു പകരം 'കൂട, കൂടയും, തന്നെയും, പോലും' എന്നവ വരും: ദൃ—ന്തം; 'അവൻെറ കല്യാണത്തിന്നു രാജാവു കൂട വന്നു; കാട്ടാളന്മാരു കൂടയും കേറാത്ത മല; വിദ്വാന്മാരു തന്നെയും അതിശയിക്കുന്ന വാക്കു; മൂഢന്മാർ പോലും അറിയാകുന്ന കാൎയ്യം.'

൨൫൨. ഉം എന്നതു തികവിനെക്കാണിക്കുന്നതു പറയുന്ന സംഗതി താനേ മുഴുവനായും കാൎയ്യത്തിൻെറ തികവിന്നു മറെറാന്നും വേണ്ടാതെയും ഇരിക്കുമ്പോൾ ആകുന്നു: ദൃ—ന്തം; 'രാജാവും വന്നു മന്ത്രിയും വന്നു' [വരേണ്ടുന്നതു അവരിരുവരും തന്നേ.]

‘ന്നി പോകുന്നതിന്നു എനിക്കു അനുവാദവുമില്ല വിരോധവുമില്ല [അതിൽ രണ്ടിൽ ഒന്നേ വരുന്നതിനിടയുള്ളു;] ‘അവൻ വൎത്തമാനങ്ങൾ ഒക്കയും വായിച്ചറികയും ചെയ്തു’ [ചെയ്വാനുള്ളതു വായിച്ചറിക മാത്രമായിരുന്നു]. ൨ാം അൎത്ഥത്തിൽ ഉം എന്നതു ആവശ്യം പോലെ സാംഖ്യനാമങ്ങളോടു ചേൎന്നുവരും: ദൃ—ന്തം; ‘രാജാക്കന്മാരു മൂവരും വന്നു’ [മൂന്നു രാജാക്കന്മാരെയുള്ളു എന്നു സാരം]; ‘അവന്റെ കണ്ണു രണ്ടും പൊട്ടിപ്പോയി; ‘എന്റെ പശുക്കൾ രണ്ടും ചത്തു’ [എനിക്കു രണ്ടു പശുക്കളേ ഉണ്ടായിരുന്നുള്ളു;] ‘മങ്ങലശ്ശേരിൽ പറമ്പിന്റെ ആധാരം ഒന്നും പണയം വെച്ചു’ [അതിന്നൊരാധാരമേയുള്ളു എന്നു താല്പൎയ്യം] പ്രശ്നകങ്ങളോടു ഉം എന്നതു ചേൎന്നു സൎവ്വാൎത്ഥങ്ങളായി വരുന്നതും സൎവ്വാൎത്ഥങ്ങളോടു അതു വേറുപെടാതിരിക്കുന്നതും ൨ാം അൎത്ഥത്തിൽ തന്നേയാകുന്നു. [൨൭൩.] സൎവ്വാൎത്ഥങ്ങൾ സമബന്ധമായി വരുമ്പോൾ ഉം എന്നതു ഇരട്ടിപ്പായി വരാതെയിരിക്കുന്നതിന്നു വേണ്ടി ഉണ്മാനമായിമാത്രമിരിക്കും: ദൃ—ന്തം, ‘മനുഷ്യർ ഒക്കയും മൃഗങ്ങളും.’

൨൭൪. ഉം എന്നതു വിശേഷാൽ അൎത്ഥം കൂടാതെ ചില വചനങ്ങളോടും അവ്യയങ്ങളോടും അക്ഷരനിറെവിന്നായിട്ടു മാത്രം ചേരുവാറുണ്ടു: ദൃ—ന്തം; ‘ഞാൻ എഴുതിയും കൊണ്ടിരുന്നു; അവൻ കുളിച്ചും വെച്ചു വരുന്നു.’ അങ്ങനെ തന്നേ ‘വര, അളവു, ഒക്ക, അശേഷം, ഇനി, നിന്നു, പലർ’ എന്നവ മുതലായതു ‘വരയും, അളവും, ഒക്കയും, അശേഷവും, ഇനിയും, നിന്നും, പലരും’ എന്നാകുന്നതു ഉം എന്നതു ചേൎന്നാകുന്നു.

൨൭൫. ഓ എന്നതു സംബോധനയും നാമാധേയങ്ങളും ഒഴികെ ശേഷമുള്ള രൂപഭേദങ്ങളോടു ഒക്കയും ചേരുന്നതും ഉം എന്നതിന്റെ പ്രതിഭാവമായി സമഭിന്നതയെയും അനുഭിന്നതയെയും പ്രതികൂലതയെയും കുറിക്കുന്നതും ചോദ്യത്തെയും സംശയത്തെയും മനോവികാരത്തെയും കാണിക്കുന്നതുമാകുന്നു: ദൃ—ന്തം; ‘രാജാവോ മന്ത്രിയോ വരും; രാജാവു വന്നില്ല മന്ത്രിയോ വന്നു; ഞാനും എന്റെ ഭവനവുമോ ഞങ്ങൾ യഹോവായെ സേവിക്കും; നീ യെഹൂദന്മാരുടെ രാജാവാകുന്നുവോ; അവൻ

കള്ളനോ വെള്ളനോ [ഞാൻ അറിയുന്നില്ല] ഓടിവരീനോ ഓടീവരീനോ.'

൫൧൨. സമബന്ധത്തെക്കാണിക്കുന്ന പട്ടതിയിൽ ഉം എന്നതു വരുന്നിടത്തു ഓ എന്നതു വന്നാൽ സമഭിന്നതയെക്കുറിക്കും: ദൃ—ന്തം; 'രാജാവോ മന്ത്രിയോ വന്നു; അവൻ എഴുതിയോ വായിച്ചോ കൊണ്ടിരിക്കുന്നു; നീ എഴുതിയാലോ വായിച്ചാലോ കൊള്ളാം.' അവനുഉണ്മാനോ ഉടുപ്പാനോ മുട്ടുണ്ടു' 'രാജാവും മന്ത്രിയും വന്നു' എന്നതിന്നു അവരിരുവരും വന്നു എന്നും രാജാവോ മന്ത്രിയോ വന്നു എന്നതിന്നു അവരിൽ ഒരുത്തൻ വന്നു എന്നും അൎത്ഥമാകുന്നു. 'രാജാവും മന്ത്രിയും വന്നില്ല' എന്നതിന്നു അവരിൽ ഒരുത്തനും വന്നില്ല എന്നും ഒരുത്തനേ വന്നുള്ളു എന്നും രണ്ടു ഭാവം വരുന്നതുപോലെ 'രാജാവോ മന്ത്രിയോ വന്നില്ല' എന്നതിന്നു അവരിൽ ഒരുത്തൻ വന്നില്ല എന്നും അവരിൽ ആരും വന്നില്ല എന്നും രണ്ടു പൊരുൾ വരുന്നതാകുന്നു.

൫൧൩. ഓ എന്നതിനാൽ കൂട്ടിച്ചേൎക്കപ്പെടുന്ന ആധേയങ്ങൾ ഒക്കയും ആധാരത്തോടു സംബന്ധത്തിൽ ശരിയായിരുന്നാൽ ദുഷണമില്ലാതിരിക്കേണം: ദൃ—ന്തം; 'ഇനിക്കു ഊണിനും ഉടുപ്പിനും [ഉടുപ്പാനും എന്നരുതു] മുട്ടാകുന്നു;' [൫൧൦.] ആധാരത്തോടു ഒരുപോലെ ചേരാത്ത ആധേയങ്ങളെ ഉം എന്നതിനാൽ സമപ്പിക്കുന്ന തെറ്റു മലയാഴ്മക്കാരുടെ ഇടയിൽ നടപ്പായിരിക്കുന്നതു പോലെ ഓ എന്നതിനെക്കുറിച്ചും അവൎക്കു തെറ്റു വരുന്നു: ദൃ—ന്തം; "ശവം കിടക്കുന്നു എന്നോ കുത്തിക്കവൎച്ച—ഉണ്ടായപ്രകാരം കേൾക്കയോ ആവലാധി എങ്കിലും വൎത്തമാനം എങ്കിലും കിട്ടിയാൽ;" മുറെക്കു വേണ്ടുന്നതു "ശവം കിടക്കുന്ന പ്രകാരമോ കുത്തിക്കവൎച്ച—ഉണ്ടായ പ്രകാരമോ കേൾക്കയോ ആവലാധി എങ്കിലും വൎത്തമാനമെങ്കിലും കിട്ടുകയോ ചെയ്താൽ' [൫൧൮.]

൫൧൪. ഉം എന്നതു അനുബന്ധത്തെക്കുറിക്കുന്ന പട്ടതിയിൽ ഓ എന്നതു അനുഭിന്നതയെക്കാണിക്കും: ദൃ—ന്തം; രാജാവു വന്നില്ല മന്ത്രിയോ വന്നു, [൫൧൨.]

൫൧൫. ഉം എന്നതു വിശേഷതയെക്കുറിക്കുന്ന പട്ടതിയിൽ ഓ എന്നതു പ്രതികൂലതയെക്കാണിക്കും: ദൃ—ന്തം, 'രാജാവോ കൈക്കൂലി വാങ്ങിക്കയില്ല; ഇനിക്കോ ദ്രവ്യത്തിൽ കാംക്ഷയില്ല.' 'ഉത്സവത്തിന്നു ഞാനും പോകുന്നു' എന്നു പറഞ്ഞാൽ ശേഷം പേരും പോകുന്നു എന്നു ഭാവം. 'ഞാനോ പോകുന്നു' എന്നായാൽ ശേഷം പേർ പോകുന്നില്ല എന്നു ഭാവം. [൫൧൩]

൫൧൬. ഓ എന്നതു ചോദ്യത്തെക്കുറിക്കുന്നതു ജ്ഞാപകയവ

ന്ധയിൽ ത്രികാലങ്ങളോടു ചേരുമ്പോൾ ആകുന്നു: ദൃ—ന്തം; 'മനുഷ്യൻ നല്ലവൻ ആകുന്നുവോ;' എന്റെ മകനേ നീ പാപം ചെയ്യോ;' 'ഇപ്രകാരമുള്ള ജാതിയോടു എന്റെ ആത്മാവു പകരം വീട്ടാതിരിക്കുമോ'. ചോദ്യം നാമാൎത്ഥത്തെക്കുറിച്ചായിരുന്നാൽ വൃഷ്ണുകങ്ങൾ പ്രയോഗിക്കപ്പെടേണം: ദൃ—ന്തം; 'ആരു പോയി; എവിടെപ്പോയി; എന്തിനു പോയി; ആർ അടിച്ചു; ആരെ അടിച്ചു.' ജ്ഞാപകങ്ങളോടു ഓ എന്നതു ചേരുന്നതു ചോദ്യം വാച്യത്തെക്കുറിച്ചു ഒന്നും ഊഹമില്ലാതെ ചോദിക്കപ്പെടുമ്പോൾ ആകുന്നു. ചോദിക്കപ്പെടുന്ന വാക്യത്തിലെ സംഗതിയിൽ എന്തെങ്കിലും അറിഞ്ഞിട്ടുണ്ടായിരുന്നാൽ സ്വവാച്യനാമവും ശുദ്ധവചനവും പ്രയോഗിക്കപ്പെടുകയും ഓ എന്നതു ആകുന്നു എന്നതിനോടു ചേരുകയും വേണം: ദൃ—ന്തം; 'ആരാകുന്നു വന്നതു' എന്നതിൽ ചിലർ വന്നു എന്നു അറിഞ്ഞിരിക്കുന്നതും ആൾവിവരം മാത്രം അറിവാനുള്ളതും ആയിരിക്കുന്നു. 'നീയാകുന്നോ അവന്റെ ഭാൎയ്യ' എന്നതിൽ അവനു ഭാൎയ്യ ഒരുത്തി ഉണ്ടെന്നു ഗ്രഹിതവും നീ തന്നെയോ എന്ന ഗ്രഹിതവ്യവും ആകുന്നു. 'ആകുന്നു' എന്നതു പലപ്പോഴും ആന്തരമായിരിക്കുന്നതാകയാൽ ഓ എന്നതു അപ്പോൾ ഗ്രഹിതവ്യത്തോടു ചേൎന്നുവരും: ദൃ—ന്തം; 'അവൻ നല്ലവനോ; മന്ത്രി ദുൎമ്മരണമോ മരിച്ചതു'

൩൱. ചോദ്യത്തിന്നു ഉത്തരം കൊടുക്കുന്നതു ആയതു സാധാരണമായിരിക്കുമ്പോൾ വിവരം പറഞ്ഞും പ്രത്യേകമായിരുന്നാൽ സമ്മതിച്ചും വിസമ്മതിച്ചും ആകുന്നു. എന്നാൽ സമ്മതിക്കുന്നതു ചോദ്യവാക്കിൽനിന്നു ഓ എന്നതിനെ നീക്കുന്നതിനാലും വിസമ്മതിക്കുന്നതു അതിന്റെ പ്രതിഭാവത്തെ പ്രയോഗിക്കുന്നതിനാലുമാകുന്നു: ദൃ—ന്തം; 'അവൻ വന്നോ? അവൻ വന്നു: നീ പോയോ. ഞാൻ പോയില്ല'. എന്നാൽ വാചകത്തിന്റെ ചുരുക്കത്തിന്നു വേണ്ടി മൊഴികളിൽ ഒടുക്കത്തതു ഒഴികെ ശേഷമൊക്കയും ലോപിക്കാം: ദൃ—ന്തം; 'അവൻ വന്നോ, വന്നു; നീ പോയോ, ഇല്ല: രാജാവു നല്ലവൻ ആകുന്നുവോ? ആകുന്നു' എന്നാൽ 'ആകുന്നു' എന്നതിൽ അവസാനിക്കുന്ന സമ്മതയുത്തരത്തിനൊക്കയും അതേ എന്നും അല്ലാതുള്ള സമ്മതയുത്തരത്തിനൊക്കയും ഉവ്വ എന്നും 'ഇല്ല' എന്നതിൽ നിറുത്തൽ വരുന്ന വിസമ്മതത്തിന്നു ഉവ്വാ എന്നുമുള്ള സാധാരണ മൊഴികൾ പ്രയോഗിക്കപ്പെടുന്നുണ്ടു. ഉവ്വ എന്നതു 'ഉൾക്കുക' എന്നതിന്റെ ഭവിഷ്യവും ഉവ്വാ എന്നതു അതിന്റെ പ്രതിഭാവവുമാകുന്നു. ഉവ്വ എന്നതു സംസാരവാക്കിൽ ഓ എന്നു ചുരുങ്ങുക നടപ്പാകുന്നു.

൩൱൧. ചോദ്യം പല സംഗതികളെപ്പററി വരുമ്പോൾ അവയിൽ ഓരോന്നിനോടു ഓ എന്നതു പ്രത്യേകം പ്രത്യേകം ചേരേണം: ദൃ—ന്തം; 'യജമാനൻ അവിടെ ഇരിക്കുന്നോ അവി

ടെ നിന്നു പോരയോ. രാജാവോ മന്ത്രിയോ [ആരു] നല്ലവൻ'.

൩൱൪. ചോദ്യം ചോദിക്കുന്നതിന്റെ പ്രധാന സാദ്ധ്യം ഉത്തരത്തിൽ നിന്നു വിവരം അറിയെണമെന്നു തന്നെ എന്നുവരികിലും ചിലപ്പോൾ പ്രതിഭാവത്തെക്കുറിച്ചുള്ള നിശ്ചയത്തെകാണിക്കുന്നതിന്നു വേണ്ടി പ്രയോഗിക്കയുണ്ടു: ദൃ—ന്തം: 'ഇപ്രകാരമുള്ള ജാതിയോടു ഞാൻ പകരം വീട്ടുകയില്ലയോ [വീട്ടും നിശ്ചയം.] മനുഷ്യൻ ദൈവത്തെക്കാൾ നീതിമാനായിരിക്കുമോ [ഇല്ല നിശ്ചയം'] പറച്ചിൽക്കാരനു നിശ്ചയമുള്ള കാൎയ്യത്തെ പററി പ്രതിഭാവത്തിൽ ചോദ്യം ചോദിക്കുന്നതു പ്രതികൂലം പറവാൻ കഴിയുന്നവരുണ്ടായിരുന്നാൽ അങ്ങനെ ചെയ്യുന്നതിന്നു വെല്ലുവിളിക്കുന്ന ഭാവം ആകുന്നു.

൩൱൫. ചോദ്യത്തിന്നുത്തരമായിട്ടു ചോദിച്ച ചോദ്യം തന്നെ തിരിച്ചു ചോദിക്കപ്പെടുമ്പോൾ ചോദിച്ച സംഗതി പറച്ചിൽക്കാരൻ എന്നപോലെ കേൾവിക്കാരനും സംശയമായിരിക്കുന്നു എന്നു കാണിക്കും; ദൃ—ന്തം; 'ഞാൻ ഒരുത്തനോടു കഴിഞ്ഞ രാത്രി മഴ പെയ്തോ' എന്നു ചോദിച്ചിട്ടു 'പെയ്തോ' എന്നു തന്നെ അവൻ ഉച്ചരിച്ചാൽ അവൻ അറിഞ്ഞില്ല എന്നൎത്ഥമാകും. അങ്ങനെ തന്നേ 'അതു മാവോ മരുതിയോ' എന്നു ഒരുത്തൻ ചോദിക്കയും മററവൻ 'മാവോ മരുതിയോ' എന്നു ആവൎത്തിക്കയും ചെയ്താൽ ഉത്തരം പറയുന്നവനു സംശയം എന്നു കാണിക്കുന്നു.

൩൱൬. ഓ എന്നതു ആശകയവസ്ഥയിൽ മുൻപിലത്തെ രണ്ടുരൂപത്തോടും ചേരുമ്പോൾ കേൾവിക്കാരന്റെ ശ്രദ്ധയെ ഉണൎത്തുന്നതിന്നു വേണ്ടി വിളിച്ചു പറച്ചിലിന്നു അടയാളമായിട്ടു പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം; 'ഓടിവായോ കള്ളന്മാരു വരുന്നേ; ചുറ്റുകേ വരീനോ; പുരെക്കു തി പിടിച്ചേ.'

൩൱൭. ഏ എന്നതു ഷഷ്ഠിവിഭക്തിയും നാമധേയങ്ങളും ഒഴികെ ശേഷം എല്ലാത്തരമൊഴികളോടും ചേരുന്നതും ഏകാന്തതയെയും ശ്രദ്ധാപേക്ഷയെയും യാചനഭാവത്തെയും നിലവിളിയുച്ചാരണത്തെയും വചനാധേയത്തെയും കാണിക്കുന്നതും ആകുന്നു: ദൃ—ന്തം; 'ആ സേനാപതി രാജാവിനെയേ വണങ്ങു: കുഞ്ഞവിടെ നില്ക്കുന്നേ; നീ എഴുതേ; നിങ്ങൾ വരെണമേ; പുരെക്കു തീ പിടിച്ചേ; അവൻ അകമേ കേറി.'

൫൱൫. ഒട്ടു എന്നതു വചനാധേയത്തോടു ചേൎന്നു വചനം അനുസാരം നിങ്ങിയുള്ള ഭവിഷ്യകാലത്തിലായും വരുമ്പോൾ ആധേയവും ആധാരവും തമ്മിലുള്ള സംബന്ധം ഏകാന്തമായിരിക്കുന്നു എന്നു കാണിക്കും: ദൃ—ന്തം; 'നല്ലവനേ നന്മ ചെയ്യു; ചിലൎക്കു ഉപകാരം വന്നുള്ളു; അല്പ ജനങ്ങളേ ഗുണം ചെയ്യുന്നുള്ളു; താൻ തന്നേ പോയേ ഒക്കു.' 'മാത്രം' എന്നതു അൎത്ഥഭേദം കൂടാതെ ഒട്ടു എന്നതിന്നു മുൻപിൽ നില്ക്കാം: ദൃ—ന്തം; 'നല്ലവൻ മാത്രമേ നന്മ ചെയ്യു.'

൫൱൬. ഒട്ടു എന്നതു ശ്രദ്ധാപേക്ഷയെക്കുറിക്കുന്നതു ജ്ഞാപകയവസ്ഥയോടു ചേൎന്നുവരുമ്പോൾ ആകുന്നു: വിശേഷാൽ ശ്രദ്ധ കൊടുക്കേണമെന്നു കേൾവിക്കാരനോടു അപേക്ഷിക്കുന്നതു പറയുന്ന സംഗതി അവന്റെ അഭിലാഷത്തിനൊത്തതോ അവന്നുപകാരം വരുന്നതോ അവൻ അനുസരിക്കേണ്ടുന്നതോ അവൻ മനസ്സിൽ കരുതേണ്ടുന്നതോ മറ്റോ ആയിരിക്കുമ്പോൾ ആകുന്നു. ആകയാൽ ഇങ്ങനെയുള്ള ഭാവങ്ങൾ ഒക്കയും ൦നം അവ്യയത്താലേ സാധിക്കും: ദൃ—ന്തം; 'ഞാൻ വന്നേ [ഞാൻ വരേണമെന്നു നീ ആഗ്രഹിച്ചവണ്ണം ഞാൻ വന്നു]. യജമാനൻ വന്നിട്ടുണ്ടേ [വേണ്ടുന്നതൊക്കെ വട്ടം കൂട്ടിക്കൊള്ളേണം]; ഞാൻ പോകുന്നേ (അതു നിന്നോടു പറഞ്ഞില്ലെന്നു വേണ്ടാ); നീ കണ്ടേ [പിന്നീടു ചോദിക്കുമ്പോൾ കണ്ടില്ലെന്നു പറയരുതു]; കുഞ്ഞു തിണ്ണമേൽ നില്ക്കുന്നേ [വീഴാതെ സൂക്ഷിച്ചുകൊള്ളേണം]; അവൻ വാക്കു മാറുമേ (മാറുകയില്ലെന്നു നിന്റെ ഭാവം എങ്കിലും ഞാൻ പറയുന്നതു ഓൎത്തുകൊൾക; പരമാൎത്ഥമെന്നു ഭവിഷ്യംകൊണ്ടു നിനക്കു ബോധിക്കും.) 'ആകുന്നു' എന്നതു അന്തരമായിരിക്കുന്ന വാക്യങ്ങളിൽ ഒട്ടു എന്നതു ആധേയത്തോടു ചേൎന്നു നില്ക്കും: ദൃ—ന്തം; 'യഹോവാ ആകുന്നേ ദൈവം' എന്നതിന്നു 'യഹോവായേ ദൈവം' എന്നാകും.

൫൱൭. നിലവിളിച്ചു പറയുന്നതിൽ ഒട്ടു എന്നതു സംബോധനയോടും ജ്ഞാപകയവസ്ഥയോടും ചേരും, അപ്പോൾ ഉച്ചാരണം സ്വരം ഉയൎത്തിയാകുന്നു വേണ്ടുന്നതു: ദൃ—ന്തം; 'കൂട്ടരേ, ഞാൻ വെള്ളത്തിൽ മുങ്ങിച്ചാകുന്നേ ആരും എന്നെപ്പിടിച്ചുകേറ്റുകയില്ലേ.'

൫൱൮. ഒട്ടു എന്നതു ആശകയവസ്ഥയെയും അതിനോടു അൎത്ഥത്തിൽ ഒക്കുന്ന മൊഴികളെയും കല്പനയായിട്ടല്ല അപേക്ഷയായിട്ടു പ്രയോഗിക്കുമ്പോൾ ആ രൂപങ്ങളോടു ചേരുക നടപ്പാകുന്നു, ദൃ—ന്തം; 'നീ എഴുതേ നിങ്ങൾ നടപ്പിനേ; നീ പറയരുതേ; നിങ്ങൾ പോകല്ലേ; അവരോടു ക്ഷമിക്കേണമേ'. മുറെക്കു നോക്കുമ്പോൾ 'ക്ഷമിക്കേണമേ' എന്നതു വേണം എന്ന ജ്ഞാപകയവസ്ഥയോടു ഒട്ടു എന്നതു ചേരുന്നതാകുന്നു. അപേ

ക്ഷകാരന്റെ താല്പൎയ്യത്തെയും എളിമയെയും കാണിക്കയും ചെയ്യുന്നു. അതിന്നു പകരം ക്ഷമിക്കെണം എന്നു അപേക്ഷിക്കുന്നു എന്നു പ്രയോഗിക്കുന്നതു ശക്തിക്കുറവാകുന്നു. ഇനിക്കു ഒരു പുസ്തകം തരിക എന്നതും ഇനിക്കു ഒരു പുസ്തകം തരെണമെന്നു ഞാൻ ചോദിക്കുന്നു എന്നതും തമ്മിലെ ഭേദം പോലെ ഇവ തമ്മില്ലുമുണ്ടു.

൪൭൦. ഏ എന്നതു താല്പൎയ്യതയെക്കാണിക്കുന്നതു വചനാധേയങ്ങളോടു സംബന്ധിക്കുമ്പോൾ ആകുന്നു: 'തന്നേ' എന്നതുകൊണ്ടു വിവരപ്പെട്ടത്താകുന്നതുമാകുന്നു: ദൃ—ന്തം; 'അവൻ അപ്പൊഴേ പോയി; ഞാൻ എപ്പൊഴേ വന്നു: രാവിലേ സേവിക്ക: ഞാൻ കാലത്തേ വരാം: നീ സംധ്യക്കേ ഉറങ്ങരുതു': "ഒക്കവേ പറവതിന്നൊട്ടുമേ കാലം പോരാ".

൪൭൧ ഏ എന്നതു ചില നാമങ്ങളോടു ചേൎന്നിട്ടു അവയെ വചനാധേയമാക്കുന്നു: ദൃ—ന്തം, 'വഴിയേ [വഴിയിൽ കൂടെ]', അരികേ [അരികിൽ]; 'ചുറ്റുക്കേ [ചുറ്റുക്കോടു കൂടെ]', ചൊവ്വേ [ചൊവ്വായി], ചില മൊഴികളിലേ അനുസ്വാരം മാഞ്ഞുപോകും: ദൃ—ന്തം; 'അപ്പുറം—അപ്പുറേ'. കാലേ, മാഴ്ക്കേ, പത്രേ എന്നിങ്ങനെയുള്ളവ ഏ എന്നതു ചേൎന്നുണ്ടാകുന്നവയല്ല സംസ്കൃതത്തിലേ സപ്തമി വിഭക്തിയുടെ രൂപങ്ങൾ ആകുന്നു. ഏകാരാന്തത്തിൽ ചില നാമാധേയങ്ങളുമുണ്ടു. അതു 'ആയ' എന്നതിന്റെ ചുരുക്കമാകുന്നു. [ദൃഷ്ടാന്തം] പിന്നാലേ വരുന്ന ഹല്ലു ഇരട്ടിക്കുന്നതായിരുന്നാൽ നാമാധേയത്തിന്നു ഇരിട്ടിക്കും. ഇരട്ടിച്ചില്ലെങ്കിൽ അതു ഏകാരത്താൽ കുറിക്കപ്പെടുന്ന വചനാധേയമാകുന്നു. ദൃ—ന്തം; 'ഞാൻ കാലത്തേക്കുളികഴിച്ചു' എന്നതിന്നു കാലത്തു കഴിക്കേണ്ടുന്ന കുളി എന്നും 'കാലത്തേ കുളി കഴിച്ചു' എന്നതിന്നു രാവിലേ കുളിച്ചു എന്നും പൊരുളാകും.

രണ്ടാം സൎഗ്ഗം—തദ്ധിതാവ്യയങ്ങൾ.

൪൭൨. തദ്ധിതാവ്യയങ്ങൾ നാമാവ്യയങ്ങൾ എന്നും വചനാവ്യയങ്ങൾ എന്നും രണ്ടു വകയായിരിക്കുന്നു. നാമാവ്യയങ്ങൾ നാമങ്ങളോടു ഏകാരാവ്യയം ചേൎന്നുണ്ടാകുന്ന വചനാധേയങ്ങളും നാമങ്ങളുടെ വിരൂപ വിഭക്തികളുമാകുന്നു: ദൃ-ന്തം; 'അകമേ; അകത്തു, വേഗത്തിൽ,

മുതല്ക്ക’. വചനാവ്യയങ്ങൾ വന്തം മുതലായിട്ടുള്ള ചില പരാധാരങ്ങൾ ആകുന്നു: ദൃ—ന്തം; ‘നിന്നു, കുറിച്ചു, എന്നാൽ, എങ്കിൽ, ആകെ, കൂടെ ’

൪൭൮ നാമാവ്യയങ്ങളിൽ വിഭക്തി ചിലപ്പോൾ ആന്തരമായിരിക്കും ദൃ—ന്തം; ‘വരെ [വരെക്കു], മുതൽ [മുതല്ക്ക], മൂലം [മൂലത്താൽ], വേഗം [വേഗത്തിൽ], മുൻപു [മുൻപിൽ), ഒടുക്കം [ഒടുക്കത്തു], ശീഘ്രം [ശീഘ്രത്തൊടു]. സംസ്കൃത നാമങ്ങളിൽ ചിലപ്പോൾ സംസ്കൃത രൂപങ്ങളും വരും: ദൃ—ന്തം; ‘ക്രമേണ, സ്വഭാവേന, കൃപയാ, ബുദ്ധ്യാ, സരസാ, മനസാ, വാചാ, കർമ്മണാ, എന്നവ ത്രിതീയ രൂപങ്ങളും വിശേഷാൽ, വശാൽ’ എന്നിങ്ങനെയുള്ളവ പഞ്ചമിരൂപങ്ങളും ‘കാലേ സമീപേ മാർഗ്ഗേ’ എന്നിങ്ങനെയുള്ളവ സപ്തമി രൂപങ്ങളും ആകുന്നു.

൪൭൯ വചനാവ്യയങ്ങൾ ‘കുറിച്ചു, നിന്നു, പററി, വെച്ചു, എന്നു, വീണ്ടു, തൊട്ടു, മേല്പട്ടു, അങ്ങോട്ടു’ എന്നവ മുതലായ വന്തങ്ങളും ‘ഏററ, കുറയ, വളര, ഉറക്ക, പതുക്ക, മെല്ല, ഒക്ക, കൂട, ആക, ഒഴിക, അല്ലാത, ഇല്ലാത, കൂടാത മുൻപാക’ എന്നവയുൾപ്പെട്ട അന്തങ്ങളും ‘എന്നാൽ, എങ്കിൽ, കാട്ടിൽ, കാൾ, എന്തെന്നാൽ’ എന്നിങ്ങനെയുള്ള ലന്തങ്ങളും ആകുന്നു.

൪൭൪ തദ്ധിതാവ്യയങ്ങൾ ആധേയങ്ങളോടു ചേൎന്നും ചേരാതെയും വരും: ദൃ--ന്തം; ‘അതിനെക്കാൾ, വിശേഷാൽ ’ ആധേയം നാമമായിരുന്നാൽ അതിൻെറ വിഭക്തിയും വചനമായിരുന്നാൽ അതിൻെറ അവസ്ഥയും ആധാരത്തിൻെറ സ്വഭാവം പോലെയും ആധാരവും ആധേയവും തമ്മിലുള്ള സംബന്ധത്തിൻെറ വ്യത്യാസം പോലെയും പല പ്രകാരമായിരിക്കും: ദൃ--ന്തം; ‘രാജാവു ഒഴികെ, അവനെപ്പോലെ, അവനോടു കൂടെ, അവക്കു മേൽ, നിൻെറ സമീപേ, കൊല്ലത്തുവരെ, രാജാവു മൂലം, രാജാവിൻെറ മൂലം; അവന്നു മേൽ, അവൻെറ മേൽ

൩൭൭. തദ്ധിതാവ്യയങ്ങളിൽ ഉത്ഭവം തെളിവില്ലാതെയും അനായം പ്രത്യേകമായും പൊരുൾ പ്രയാസമായുമിരിക്കുന്നവയെ അക്ഷരമുറയ്ക്കു താഴെ വിസ്തരിക്കുന്നു.

അങ്ങു, ഉത്ഭവത്തിന്നു 'കൈ' എന്നതിൽ നോക്കുക. ആന്തരസപ്തമി. അവിടെ എന്നൎത്ഥമാകും. വചനങ്ങൾക്കു മുൻപു അകാരണമായിട്ടു എന്നു ചിലപ്പോൾ അൎത്ഥമാകും: ദൃ—ന്തം; ഞാൻ അങ്ങു പറഞ്ഞു.

അങ്ങനെ, ഇങ്ങനെ, എങ്ങനെ എന്നവ 'ങനം' എന്ന അപ്രസിദ്ധനാമത്തോടു അ, എ, ഇ എന്നവ ചേരുന്നതിനാൽ ഉണ്ടാകുന്നു. പ്രകാരം എന്നു പൊരുൾ.

അടുക്കൽ, അരിക എന്നൎത്ഥമാകുന്ന 'അടുക്കു' എന്നതിന്റെ സപ്തമിയാകുന്ന അടുക്കിൽ എന്നതിന്റെ തത്ഭവമാകുന്നു. അരികെ അരികിൽ എന്നവയോടു പൊരുളിൽ ഒക്കുന്നു.

അതുകൊണ്ടു, പിൻവരുന്നതു മുൻപോയതിൽ നിന്നുള്ള കാൎയ്യമാകുന്നു എന്നു കാണിക്കുന്നു 'കൊണ്ടു' എന്നതിൽ നോക്കുക.

അത്തററം, അതു 'അററം' എന്നതിന്റെ തത്ഭവം. ആക എന്നതു ആന്തരം. അതുവരെ എന്നു പൊരുൾ.

അത്തേ, അതായ എന്നതിന്റെ ചുരുക്കം: ദൃ—ന്തം; അവിടത്തേ; ഇന്നത്തേ

അത്ര, 'തന' എന്നതിൽ നോക്കുക.

അത്രിടം, 'അത്ര' എന്നതിനോടു 'ഇടം' എന്നതു ചേരുന്നതിനാൽ ഉണ്ടാകുന്നതും അതുവര എന്നൎത്ഥമാകുന്നതുമാകുന്നു.

അധികം, 'ആയി' എന്നതു ആന്തരമായിരിക്കുന്ന പ്രഥമയും 'ഏറ' എന്നതിനോടു അൎത്ഥത്തിൽ ഒക്കുന്നതുമാകുന്നു. അധികത്വം എണ്ണത്തിലോ അളവിലോ ഗുണത്തിലോ ഏതിലായിരുന്നാലും 'അധികം' എന്നുള്ളതു കൊള്ളും: ദൃ—ന്തം; പത്തിൽ അധികം (ആയി) വേണ്ടാ. അവന്നു അധികം ദ്രവ്യമുണ്ടു. സലോമോൻ സൊക്രാത്തീസിനെക്കാൾ അധികം ജ്ഞാനിയായിരുന്നു.'

അനന്തരം, സപ്തമ്യാൎത്ഥവും ഉടനെ, പിന്നെ എന്നു പൊരുൾ വരുന്നതുമാകുന്നു.

അന്നു, ഉത്ഭവത്തിന്നും മററും 'ദിനം' എന്നതിൽ നോക്കുക. ആ ദിവസത്തിൽ, ആ കാലത്തു എന്നൎത്ഥമാകും.

അപ്പോൾ, ആ സമയത്തു എന്നൎത്ഥമാകും. ഉത്ഭവത്തിന്നു 'പോൾ' എന്നതിൽ നോക്കുക.

അപ്പുറേ, അപ്പുറമേ എന്നതിന്റെ ചുരുക്കം. പുറമെ എന്നതിൽ നോക്കുക.

അശ്ശേ, പങ്കു എന്നൎത്ഥമാകുന്ന അംശം എന്നതിന്റെ സപ്തമിയായ അംശേ എന്നതിന്റെ തത്ഭവമാകുന്നു. ദൃ—ന്തം; കുറേശ്ശേ, അസ്സാരിശ്ശേ, നാഴിശ്ശേ, രണ്ടിശ്ശേ എന്നിങ്ങനെ എണ്ണത്തെയും അളവിനെയും കുറിക്കുന്ന പദങ്ങളോടു ചേരുന്നു.

അല്ലാത 'അല്ല' എന്നതിന്റെ ആന്തം. ഒഴിക എന്നൎത്ഥം മുൻപിലത്തേതിന്റെം വിഭക്തി പിന്നത്തേതിന്റെം കൂട്ടായിരിക്കെണം: ദൃ—ന്തം; 'രാജാവല്ലാത ആരും അറിഞ്ഞില്ല. ദൈവത്തെ അല്ലാത മററാരെയും വന്ദിക്കരുതു.

അവിടെ, 'ഇടം' എന്നതിൽ നോക്കു.

അശെഷം, 'ആക' എന്ന ആന്തം ഉണ്മാനമായിരിക്കുന്ന പ്രഥമയാകുന്നു: ശേഷിപ്പു കൂടാതെ എന്നൎത്ഥം. അതിനോടു ഉം, ഏ എന്ന അവ്യയങ്ങൾ സംബന്ധിക്കയും ചെയ്യും: ദൃ—ന്തം; 'ദുഷ്ടന്മാർ അശേഷം നശിക്കും; ജനങ്ങൾ അശേഷവും വന്നു: കാട്ടുമൃഗങ്ങൾ കൂക്ഷി അശേഷമെ തിന്നുകളെഞ്ഞു'.

അളവു, ആന്തരചതുൎത്ഥിയായി 'ഓളം' എന്നു മിക്കപ്പോഴും ചുരുങ്ങിയും ചിലപ്പോൾ ചുരുങ്ങാതെയും ആധേയത്തോടു കൂടിയ അവ്യയവമായി വരും. ആധേയം ലോപഷഷ്ഠിയിൽ ആകുമ്പോൾ ഒപ്പം എന്ന പൊരുളാകും: ദൃ—ന്തം; 'മാതാവിനോളം കൃപ; മൃഗത്തോളം ബോധം; പന്നിയോളം കരുത്തു.' സ്ഥലം മാററത്തെ കുറിക്കുന്ന ക്രിയകൾക്കു മുൻവു മാററത്തിന്റെ അറുതിയെ കാണിക്കയും ആധേയമായിരിക്കുന്ന സ്ഥലനാമം ലോപഷഷ്ഠിയിലും സപ്തമിയിലും ചതുൎത്ഥിയിലും ആയിവരികയും ചെയ്യും: ദൃ—ന്തം; 'പുത്തങ്കാവോളം പുത്തങ്കാവിലോളം; പുത്തങ്കാവിനോളം' ഭവിഷ്യകാലനാമാധേയവും സവാച്യനാമഷഷ്ഠിയും ആധേയമായി വരുമ്പോൾ ആധേയക്രിയ സംഭവിക്കുന്ന സമയത്തിന്റെ അറുതിയെ കുറിക്കുന്നു: ദൃ—ന്തം; 'അവൻ വരുവോളം നീ നില്ക്കുണ്ടോ; മഴ പെയ്യുതിനോളം ഒന്നും നടന്നില്ല.' നാമാധേയത്തിന്റെ മകാരം വകാരമായിട്ടു മാറുന്നതു ശബ്ദഭംഗിക്കാകുന്നു. ഒരം പടുതിയിൽ ചിലപ്പോൾ വിഭക്തിവിവരണമായിട്ടും വരും: ദൃ—ന്തം; 'മരിക്കുവോളത്തിന്നു ജീവനം വേണം.'

ആക, 'ആകുക' എന്നതിന്റെ ആന്തം 'എല്ലാം' എന്നുള്ള അൎത്ഥത്തിൽ അവ്യയമായിട്ടു പ്രയോഗമുണ്ടു: ദൃ—ന്തം; 'വിദ്വാന്മാർ ആക വന്നു.'

ആകകൊണ്ടു, 'ആക' എന്ന വാച്യനാമത്തോടു 'കൊണ്ടു' എന്ന വന്തം ചേൎന്നുണ്ടാകുന്നതു. വാച്യനാമത്തിന്റെയും സവാച്യനാമങ്ങളുടെയും പിന്നാലേ മാത്രം വരുന്നതും പിന്നിൽ പറയുന്ന സംഗതി മുൻപിലത്തേതിൽ നിന്നുള്ള കാൎയ്യമാകുന്നു എന്നു കുറിക്കുന്നതുമാകുന്നു: ദൃ—ന്തം; 'അവൻ വായിക്കുകയാകകൊണ്ടു അസഹ്യപ്പെടുത്തരുതു: അവൻ പറഞ്ഞതാകകൊണ്ടു സാധിക്കും.'

ആകയാൽ, 'ആക' എന്ന വാച്യനാമത്തിന്റെ പഞ്ചമി. എല്ലാത്തര മൊഴികളുടെയും പിന്നാലേ വരുന്നതും 'ആകകൊണ്ടു' എന്നതിനോടു അൎത്ഥത്തിൽ ഒക്കുന്നതുമാകുന്നു: ദൃ—ന്തം; 'ഞാൻ എഴുതുകയാൽ, ഞാൻ എഴുതുന്നതാകയാൽ; മഴ പെയ്തു ആകയാൽ

വെള്ളം പൊങ്ങി'. 'അതുകൊണ്ടു, ആകയാൽ' എന്നവ തമ്മിലുള്ള വ്യത്യാസം അതു കാരണകാൎയ്യങ്ങൾ തമ്മിലുള്ള അടുത്ത സംബന്ധത്തെയും ഇതു അകന്ന സംബന്ധത്തെയും കാണിക്കുന്നതും അതു മുൻപിലത്തെ വാക്യത്തിലേ സംഗതി മുഴുവനും എങ്കിലും അതിൽ ഏതാനും എങ്കിലും കാരണമായി വരുമ്പോഴും ഇതു വാക്യം മുഴുവനും കാരണമായി വരുമ്പോൾ മാത്രവും പ്രയോഗിക്കപ്പെടുന്നതു തന്നെ: ദൃ—ന്തം; 'മഴ പെയ്തു, അതുകൊണ്ടു കൃഷിക്കു ദോഷമില്ല' എന്നു പറഞ്ഞാൽ മഴ പെയ്യുതുകൊണ്ടു കൃഷിക്കു ഗുണമാകുന്നു എന്നും കൃഷി ദോഷത്തിന്നു മഴ കാരണമല്ല എന്നും അൎത്ഥം വരുന്നു. എന്നാൽ 'മഴ പെയ്തു ആകയാൽ കൃഷിക്കു ദോഷമില്ല' എന്നതിന്നു മഴ പെയ്യുതു കാരണത്താൽ കൃഷിക്കു ഗുണമാകുന്നു എന്നു മാത്രം പൊരുൾ തിരിയും.

ആയതുകൊണ്ടു, 'അതുകൊണ്ടു' എന്നതിനോടു എല്ലാററിലും ഒക്കുന്നു.

ആയി, 'ആക' എന്നതിൻെറ വന്തവും 'ഇട്ടു, കൊണ്ടു' എന്ന സഹായ വന്തങ്ങളെ ചേൎക്കുന്നതുമാകുന്നു. ഷഷ്ഠിയും സംബോധനയുമൊഴികെ ശേഷമുള്ള എല്ലാ വിഭക്തികളുടെയും നന്തത്തിൻെറയും പിന്നാലേ വരുന്നതും മനോഭാവത്തെ കാണിക്കുന്നതുമാകുന്നു. ദൃ—ന്തം; 'നീ ഇനിക്കായി ഒരു വാക്കു പറെയെണം, ഞാനായിട്ടു അവന്നു ഒരു പുസ്തകം കൊടുത്തു: അവൻ മറിപ്പാനായിക്കൊണ്ടു നടക്കുന്നു. 'ആയിട്ടു' എന്നതു ചിലപ്പോൾ അന്യപൊരുളുകളെ സംബന്ധിച്ചു പ്രതിഭാവത്തെ സൂചിപ്പിക്കും: ദൃ—ന്തം; 'ഞാൻ ആയിട്ടു ക്ഷമിച്ചു [മറെറാരുത്തരായിരുന്നു എങ്കിൽ ക്ഷമിക്കയില്ലായിരുന്നു]. അവൻ എന്നെയായിട്ടു അടിച്ചു. [വിന്നൊരുത്തരായിരുന്നു എങ്കിൽ അടിക്കയില്ല]'

ആണെ, സത്യവാചകത്തിൽ 'ആക' എന്ന ആന്തം ആന്തരമായും ആദേധയം ലോപഷഷ്ഠിയിൽ ആയും അവ്യയമായിട്ടു വരും: ദൃ—ന്തം; സ്വാമിയാണെ; രാജാവിനാണെ; ദൈവത്താണെ.

ആണ്ടു, 'ആട്ടെ' എന്നതിൻെറ തത്ഭവം എന്നപോലെ തോന്നുന്നു. 'ആട്ടെ' എന്നതു 'ആകട്ടെ' എന്നതിൻെറ ചുരുക്കമാകുന്നു. [ലക്കം. നമ്പ്ര.] ചില പൃച്ഛകങ്ങളോടു ചേൎന്നിട്ടു സംശയകരഭാവം വരുത്തും. ദൃ—ന്തം; 'ആരാണ്ടു [ആരോ ഒരുത്തൻ;] ഏതാണ്ടു [ഏതോ ഒന്നു;] എങ്ങാണ്ടു [എവിടയോ ഒരിടത്തു;] ആൎക്കാണ്ടു [ആൎക്കോ ഒരുത്തന്നു.']

ആനും 'ആകിൽ' എന്ന ലന്തത്തോടു ഉം എന്നതു ചേൎന്നുണ്ടാകുന്ന 'ആകിലും' എന്നതിൻെറ തത്ഭവം ദൃ—ന്തം; 'ആരാനും [ആരെങ്കിലും;] എങ്ങാനും [എവിടെ എങ്കിലും;] ഏതാനും [കുറയ;] ആൎക്കാനും [ആൎക്കെങ്കിലും] ആരാനോടും; [വല്ലവനോടും.']

ആസകലം, 'അശേഷം' എന്നതിനോടു അന്വയത്തിലും പ്രയോഗത്തിലും അൎത്ഥത്തിലും ഒക്കുന്നു.

ആദ്യം, ആദ്യത്തിൽ എന്നതിന്നു പകരം, ആന്തരസപ്തമി.

എങ്കിൽ, ചൊല്ലുക എന്നൎത്ഥമാകുന്ന 'എങ്ങുക' എന്ന പഴയ വചനത്തിന്റെ വൎത്തമാനകാലലന്തം സംശയഭാവം കൂടാതെ സംഭാവനയെക്കാണിക്ക അതിന്റെ പ്രയോഗം. ദൃ—ന്തം; 'അവൻ വന്നെങ്കിൽ ഞാൻ പോകാം. [൩൭൦—൩൭൨ ലക്കങ്ങളിൽ നോക്കു]. 'എങ്കിൽ' എന്നതിനോടു ഓ എന്ന അവ്യയം ചേരുമ്പോൾ അതു ചോദ്യത്തെയും മനോവികാരത്തെയും മററും കാണിക്കും. ദൃ—ന്തം; അവൻ വന്നെങ്കിലോ [വന്നെങ്കിൽ എങ്ങനെ,] ഹാ അവൻ ജീവിച്ചെങ്കിൽ [എത്ര നന്ന.]

൨. എങ്കിലും, രണ്ടു വാക്യങ്ങളുടെ ഇടയിൽ നില്ക്കുമ്പോൾ അവ തമ്മിൽ വിപരീതഭാവമാകുന്നു എന്നു കാണിക്കുന്നു. ദൃ—ന്തം; അവൻ ഇനിക്കു ശത്രുവാകുന്നു; എങ്കിലും ഞാൻ അവന്നു ദോഷം ചെയ്കയില്ല [ശത്രുക്കളോടു ദോഷം ചെയ്കയാകുന്നു നടപ്പു എന്നു ഭാവം.]

൩. എങ്കിലും സമാനസംബന്ധമായിരിക്കുന്ന മൊഴികളുടെ പിന്നാലെ ആവൎത്തിച്ചു വരുമ്പോൾ ഓ എന്നതിനോടു അൎത്ഥത്തിലും പ്രയോഗത്തിലും ഒക്കുന്നു. എന്നാൽ അതു പറയുന്ന കാൎയ്യത്തിന്റെ സ്വഭാവ സംശയത്തെയും ഇതു പറയുന്ന ആളിന്റെ മനോസംശയത്തെയും കാണിക്കും. ദൃ—ന്തം, 'രാജാവു എങ്കിലും മന്ത്രി എങ്കിലും വരും' [രണ്ടിൽ ആരായാലും മതി:] 'രാജാവോ മന്ത്രിയോ വരും' [അവരിൽ ആരെന്നറിഞ്ഞില്ല.]

൪. എങ്കിലും വിഭക്തികളെയോ വചനാധേയങ്ങളെയോ പിന്തുടൎന്നു ഒററായി വരുമ്പോൾ കാൎയ്യം ഒക്കുന്ന പല സംഗതികളിൽ ഒന്നിനെത്തിട്ടപ്പെടുത്തും: ദൃ—ന്തം: സെക്രട്ടറി ശേഷക്കാരെ എങ്കിലും വിളിക്കേണം [മററുള്ളവരെയും വിളിപ്പാനുള്ളതാകുന്നു] സേവിച്ചെങ്കിലും കാൎയ്യം സാധിക്കുന്നതു വൈഭവം, [മറെറാരു വഴിയിലും ഒത്തില്ലെങ്കിൽ.]

എങ്ങ, എങ്ങും, 'കൈ' എന്നതിൽ നോക്കു.

എങ്ങനെ 'അങ്ങനെ' എന്നതിൽ നോക്കു.

എത്തററം 'അത്തററം' എന്നതിൽ നൊക്കു. [എവിടം വരെ എന്നൎത്ഥം.]

എത്ര 'തിന' എന്നതിൽ നോക്കു.

എത്രിടം 'എത്ര' എന്നതിനോടു 'ഇടം' എന്നതു ചേരുന്നതിനാൽ ഉണ്ടാകുന്നതും 'വര' എന്നതു ആന്തരമായി എതുവര എന്നൎത്ഥം വരുന്നതുമാകുന്നു.

എന്തു എന്ന പൃച്ഛകത്തിന്നു ചിലപ്പോൾ എന്തുകൊണ്ടു എന്നൎത്ഥം വരുന്നതാകയാൽ അങ്ങനത്ത പട്ടതിയിൽ ആന്തര പ

ഝമിയാകുന്നു: ദൃ—ന്തം: നീ എന്തു അവിടെപ്പോകുവാൻ. പിന്നാലെ അച്ചു വരുമ്പോൾ അർദ്ധാച്ചു ചിലപ്പോൾ യകാരമാകും: ദൃ—ന്തം: നീ എന്ത്യേ വന്നില്ല, അവൻ എന്ത്യാന്നു എഴുതാഞ്ഞതു.

എന്തെന്നാൽ 'എന്തു, എന്നാൽ' എന്നവയുടെ സമാസം. എന്തു' എന്നതു പ്രശ്നാർത്ഥമായിരിക്കുമ്പോൾ പിന്നാലെ വരുന്നതു മുൻപിൽ പറഞ്ഞതിൻെറ വിവരം എന്നു കാണിക്കും: മുൻപേ നില്ക്കുന്നതു മിക്കവാറും ഒരു നിർല്ലിംഗനാമമാകുന്നു: ദൃ—ന്തം: 'ഉത്തരവു എന്തെന്നാൽ,' 'കൈസർ എഴുതിയതു എന്തെന്നാൽ' 'ഞാൻ വന്നു, കണ്ടു, ജയിച്ചു.'

൨. എന്തു എന്നതിന്നു എന്തുകൊണ്ടു എന്നും കൂടെ അർത്ഥം വരുന്നതാകയാൽ പിന്നാലെ വരുന്നതു മുൻപിൽ പറഞ്ഞതിൻെറ കാരണമാകുന്നു എന്നും കാണിക്കും: ദൃ—ന്തം; അവനെ തൊടരുതു എന്തെന്നാൽ അവൻ തീണ്ടിയാകുന്നു, നീ പോകരുതു എന്തെന്നാൽ നാളെയിവിടെ ഒരു സദ്യയുണ്ടു.

എന്തുകൊണ്ടെന്നാൽ 'എന്തു, കൊണ്ടു, എന്നാൽ' എന്നവയുടെ സമാസം പിന്നാലെ വരുന്നതു മുൻപിൽ പൊയതിൻെറ കാരണമാകുന്നു എന്നു കാണിക്കുന്നു. 'എന്തെന്നാൽ' എന്നതിനൊടു അർത്ഥത്തിൽ ഒക്കുന്നു താനും; കാരണം മുൻപിൽ വരുത്തിപ്പറയുന്നതു അതു വാക്യത്തിൽ സാരസംഗതിയായും കാൎയ്യത്തൊടു അടുത്ത സംബന്ധമായും ഇരിക്കുമ്പോൾ ആകുന്നു: ദൃ—ന്തം; 'അവൻ നല്ലവനാകകൊണ്ടു ഗുണം ചെയ്യുന്നു.' കാരണം പിന്നാലെ വെക്കുന്നതു അതും കാൎയ്യവുമായിട്ടു അകന്ന സംബന്ധമായും അതിനെ വിവരപ്പെടുത്തീട്ടു അത്രയാവശ്യമില്ലാതെയും ഇരിക്കുമ്പോൾ ആകുന്നു: ദൃ—ന്തം; 'ഒരു മരണമുണ്ടായിട്ടുണ്ടു എന്തുകൊണ്ടെന്നാൽ പള്ളിയിൽ മണിയുടെ ശബ്ദം കെൾക്കുന്നു.' ഇവിടെ മണിയുടെ ശബ്ദം മരണത്തിന്നല്ല മരണത്തെക്കുറിച്ചുള്ള അറിവിന്നു മാത്രം കാരണമായിരിക്കുന്നു. അങ്ങനെ തന്നെ 'കഴിഞ്ഞ രാത്രിയിൽ മഴ പെയ്തു, എന്തെന്നാൽ നിലത്തു നനവു കാണുന്നു' എന്നതിൽ മഴ പെയ്ത വിവരം നനവുകൊണ്ടു മനസ്സിലായി എന്നു മാത്രം കാണിക്കുന്നു. എന്നാൽ ഉററ സംബന്ധങ്ങളിലും അടുപ്പം കാണിക്കാതെ പറയുമ്പോൾ കാരണം പിന്നാലെ വരും: ദൃ—ന്തം; 'അവൻ മരിച്ചുപോയി; എന്തെന്നാൽ അവൻ വിഷം തിന്നു.'

എന്റു, എന്റും, എന്റേക്കും, എന്നെന്നേക്കും,

'ദിനം' എന്നതിൽ നോക്കു.

എന്റു, 'പറക' എന്നർത്ഥമാകുന്ന 'എങ്ങുക' എന്ന പഴയ വചനത്തിൻെറ വ:ന്തം പറക, വിളിക്ക, അപേക്ഷിക്ക, ചോദി

ക, അറിക, പഠിക്ക എന്നവ മുതലായിട്ട വാക്കിനെയും നിനവിനെയും സംബന്ധിച്ച ക്രിയകളും പറയപ്പെട്ടതും നിനെക്കപ്പെട്ടതുമായ പൊരുളുകളെയും തമ്മിലുള്ള സംബന്ധത്തെക്കാണിക്കയും ചെയ്യും: ദൃ—ന്തം: 'വരിക എന്നു പറഞ്ഞു. അവൻ വന്നോ എന്നു അറിഞ്ഞില്ല: നീ പോകും എന്നു ഞാൻ ഓൎത്തു'

എന്ന, 'എങ്ങുക' എന്നതിന്റെ ഭൂതകാലനാമധേയം മുൻപിൽ പോയതു പിന്നാലെ വരുന്നതിന്റെ നാമമാകുന്നു എന്നു കാണിക്കയും ചെയ്യും: ദൃ—ന്തം: 'ചീനം എന്ന മഹാരാജ്യം, സംപ്രതി എന്ന ഉദ്യോഗസ്ഥൻ' 'എന്നവൻ' എന്നതും അതിന്റെ ലിംഗസംഖ്യ വിഭക്തി ഭേദങ്ങളും 'എന്ന' എന്നതിന്റെ സവാച്യങ്ങൾ ആകുന്നു: ദൃ—ന്തം: 'ചേന്ദൻ എന്നവൻ, രാമൻ എന്നൊരുത്തൻ, സീത എന്നവൾ, അമൃത എന്നതു, ത്രിഫല എന്നവ'. ഇങ്ങനെയുള്ള മൊഴികളെ കൂട്ടിപ്പറയുന്നതു സംഗതിവിവരം പരബോധമായി അറിയപ്പെട്ടിട്ടില്ലെന്നും നാമം താല്പൎയ്യ സംഗതിയാകുന്നു എന്നും കാണിക്കുന്നതിന്നാകുന്നു: ദൃ—ന്തം 'ചീനരാജ്യം' എന്നു പറയുന്നതു ആ രാജ്യം നല്ലവണ്ണം അറിഞ്ഞിരിക്കുന്ന ഭാവത്തിൽ ആകുന്നു. എന്നാൽ 'ചീനം എന്ന രാജ്യം' എന്ന വാക്കിൽ ആ നാമമല്ലാതെ രാജ്യത്തിന്റെ വിവരം ഒന്നും അറിഞ്ഞിട്ടില്ലെന്നു ഭാവം: 'ചീനം എന്നൊരു രാജ്യം' എന്നതിൽ ആ നാമം പോലും മുൻപിൽ കേട്ടിട്ടില്ലെന്നു ഭാവം.

എന്നാൽ, 'എങ്ങുക' എന്നതിന്റെ ഭൂതകാലലന്തം.

൧ 'എന്നു പറഞ്ഞാൽ' എന്നു പൊരുളാകും: ദൃ—ന്തം; 'ആചാൎയ്യൻ എന്നാൽ വഴികാട്ടി എന്നാകുന്നു.'

൨ 'അപ്രകാരമായാൽ' എന്നു പൊരുളാകും: ദൃ—ന്തം; 'ംരം പൈതങ്ങളെ പഠിപ്പിക്കേണം, എന്നാൽ ഏഴ് രൂപാ ശമ്പളം തരാം.'

൩ നിരാധാരപദത്തിന്റെ പിന്നാലെ മുൻപോയതും പിൻവരുന്നതും തമ്മിൽ ഭിന്നതഭാവമായിരിക്കുന്നു എന്നു കാണിക്കും: ദൃ—ന്തം; 'അഹങ്കാരികൾ ലജ്ജിക്കപ്പെടും: എന്നാൽ വിനയമുള്ളവർ സന്തോഷിക്കും'. 'എന്നാലോ' എന്നതിൽ ഭിന്നതഭാവം കുറേ കൂടെ ഉറെപ്പാകും: ദൃ—ന്തം: ദൈവം പരിശുദ്ധനാകുന്നു. എന്നാലോ മനുഷ്യർ പാപികളാകുന്നു.

൪. ചിലപ്പോൾ ശ്രദ്ധാകൎഷണത്തിന്നായിട്ട മാത്രം വാക്യങ്ങളുടെ തുടക്കത്തിൽ നില്ക്കും: ദൃ—ന്തം 'എന്നാൽ ഒരു കഥയുര ചെയ്യേൻ ഞാൻ'. ംരം അൎത്ഥത്തിൽ എ എന്നതു മിക്കപ്പോഴും അതിനോടു ചേൎന്നു നില്ക്കും: ദൃ—ന്തം; എന്നാലേ നീ കൊച്ചിക്കു പോകേണം.'

൫. നിരാധാര പദത്തിന്റെ പിന്നാലെ മുൻ പോയതും പിൻ വരുന്നതും തമ്മിൽ വിപരീതമായിരിക്കുന്നു എന്നു കാണിക്കും

'എങ്കിലും' എന്നതിനോടു അൎത്ഥത്തിൽ ഒക്കുകയും ചെയ്യും: ദൃ—ന്തം; 'രാജാവു ദയശീലക്കാരൻ എന്നാൽ കുടിരക്ഷ വേണ്ടുംവണ്ണം ചെയ്യുന്നില്ല,' ഇതിനോടു ഉം എന്ന അവ്യയം ചേരുമ്പോൾ ഠരം ഭാവത്തിന്നു അധികം ഉറെപ്പു വരും: ദൃ—ന്തം; 'ദൈവം കരുണയുള്ളവനാകുന്നു എന്നാലും പാപികളെ ശിക്ഷിക്കും.'

എന്നാറെ, 'എന്നവാറെ' എന്നതിന്റെ ചുരുക്കം. [൩൭൯ാം ലക്കത്തിലും വാറു എന്നതിലും നോക്കു]. കാലക്രമത്തെയും കാരണത്തെയും കാണിക്കയും ചെയ്യും: ദൃ—ന്തം; 'ഞാൻ എഴുതി എന്നാറെ കാൎയ്യം ഒത്തില്ല, അവൻ ഏറ്റുപറഞ്ഞു, എന്നാറെ അവന്നു ക്ഷമ കിട്ടിയില്ല.'

എന്നിട്ടു, 'എന്നു' എന്ന വന്തത്തോടു 'ഇട്ടു' എന്ന വന്തം ചേൎന്നുണ്ടാകുന്നതു. 'എന്നാറെ' എന്നതിനോടു അൎത്ഥത്തിൽ ഒക്കുകയും ചെയ്യും. [൩൭൯ാം ലക്കത്തിൽ നോക്കു:] ദൃ—ന്തം; 'അവൻ ചോറുണ്ടു; എന്നിട്ടു അവന്നു നിറെഞ്ഞില്ല.'

എല്ലോ, 'ഏല്ക്കുക' എന്നതിന്റെ ആശകമായ 'ഏൽ' എന്നതിനോടു ഓ എന്ന അവ്യയം ചേൎന്നുണ്ടാകുന്ന 'ഏലോ' എന്നതിന്റെ മാററം; എല്ലാത്തര മൊഴികളോടും ചേരുന്നതുമാകുന്നു.

൧. അറിഞ്ഞിരിക്കുന്ന സംഗതിയെ ഓൎമ്മപ്പെടുത്തുന്നതിൽ 'എല്ലോ' എന്നതു വാക്യത്തിൽ താല്പൎയ്യ മൊഴിയോടു ചേൎന്നു വരും; ദൃ—ന്തം; 'നീ എന്നെ അവമാനിച്ചെല്ലോ; നീ ഗുരുവിനോടെല്ലോ പിണങ്ങി, അവനെല്ലാകുന്നു എന്നെത്തല്ലിയതു.'

൨. 'എല്ലോ' എന്നതു ചിലപ്പോൾ കാരണത്തെ സൂചിപ്പിക്കും എന്തെന്നാൽ അറിഞ്ഞു സമ്മതമായിരിക്കുന്ന കാൎയ്യത്തെ ഓൎമ്മപ്പെടുത്തുന്നതിന്റെ ഒരു സാദ്ധ്യം സമ്മതമില്ലാത്ത കാൎയ്യത്തെ അതിനാൽ ബോധം വരുത്തുകയാകുന്നു: ദൃ—ന്തം; 'രാജാവു നിനക്കു മാപ്പു തരും, അവൻ കരുണയുള്ളവനെല്ലോ ആകുന്നു: കോഴി കൂകിയെല്ലോ: [ആകയാൽ നെരം വെളുപ്പാറായി.]'

൩. പറയുന്ന സംഗതി പറയുന്നവന്റെയോ കേൾക്കുന്നവന്റെയോ മനോഭാവത്തിന്നു വിരൊധമായിരുന്നു എന്നു കാണിക്കുന്നതിന്നു 'എല്ലോ' എന്നതു വരും: ദൃ—ന്തം; ഇന്നലെ മഴ പെയ്യുവെല്ലോ [അതു വിചാരിച്ചിരുന്ന കാൎയ്യമല്ല.]

എവിടെ, 'ഇടം' എന്നതിൽ നോക്കു.

എന്നി, 'എന്ന്യേ' എന്നതിന്റെ ചുരുക്കവും അതു 'അന്ന്യം' എന്നതിന്റെ സംസ്കൃത സപ്തമിയായ 'അന്ന്യേ' എന്നതിന്റെ തത്ഭവവും എന്നപോലെ തോന്നുന്നു. 'അല്ലാത' എന്നതിനോടു അൎത്ഥത്തിലും അന്വയത്തിലും ഒക്കുകയും ചെയ്യും: ദൃ—ന്തം: 'ഇനിക്കു ദൈവം എന്ന്യേ ആരും ശരണമില്ല.' 'എന്നി' എന്നതിന്റെ പിന്നാലെ ഹല്ലിരട്ടിക്കും: ദൃ—ന്തം: 'രാജാവു എന്നിപ്പിന്നാരും കുടിരക്ഷ ചെയ്യുന്നില്ല.'

ഏകദേശം, 'ഏകം' 'ദേശം' എന്നവയുടെ സംസ്കൃത സമാസം: ആന്തര ചതുൎത്ഥി: ഒരു നോട്ടത്തിന്നു എന്നു പൊരുൾ.

ഏൽ, 'മേൽ' എന്നതിന്റെ ചുരുക്കവും നാമത്തിന്റെ വിരൂപത്തോടു ചേരുന്നതും ആകുന്നു: ദൃ—ന്തം; മരത്തേൽ, കല്ലേൽ മേശയേൽ. 'മേൽ' എന്നതിൽ നോക്കുക.

ഏറ, 'ഏറുക' എന്നതിന്റെ ആന്തവും അധികം എന്നൎത്ഥം വരുന്നതുമാകുന്നു.

ഏററം, പ്രഥമയും 'ആക' എന്നതു ആന്തരമായി ഏറ എന്നുള്ള അൎത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നതുമാകുന്നു.

ഇങ്ങു, 'ഇങ്കെ' എന്ന തമിഴ പദത്തിൽ നിന്നു വരുന്നതു 'ങ്കെ' എന്നതിൽ നോക്കുക.

ഇങ്ങനേ, [അങ്ങനേ എന്നതിൽ നോക്കുക.]

ഇടം, അനുസ്വാരം നീങ്ങീട്ടു അ, ഇ, എ എന്നവയോടു ചേരും; ദൃ—ന്തം; അവിടെ, ഇവിടെ, എവിടെ,

ഇടയിൽ, 'ഇട' എന്നതിന്റെ വിവരണ സപ്തമി. ആധേയം ചതുൎത്ഥിയിലും ഷഷ്ഠിയിലും ആയി വരും: ദൃ—ന്തം; 'അവരുടെ ഇടയിൽ ഒരു തൎക്കമുണ്ടു, തിരുവല്ലാ മാവേലക്കരെക്കും ചങ്ങനാചേരിക്കും ഇടയിൽ ആകുന്നു'

ഇട്ടു, 'ഇടുക' എന്നതിന്റെ വന്തം: [ലക്കം ന. നൃ.] ചില വിഭക്തികളുടെ പിന്നാലെയും ചേരും: ദൃ—ന്തം: 'അവൻ എനിക്കിട്ടു അടിച്ചു: കുഞ്ഞിനെയിട്ടു തല്ലരുതു: വെയിലത്തിട്ടു ഉണങ്ങുന്നു.'

ഇത്തററം, 'അത്തററം' എന്നതിൽ നോക്കുക. ഇവിടം വരെ എന്നു പൊരുൾ.

ഇത്ര, 'തന' എന്നതിൽ നോക്കുക. ഇമ്മാത്രം എന്നു പൊരുൾ.

ഇത്രടം, 'ഇത്ര ഇടം' എന്നവ കൂടിയുണ്ടാകുന്നതു; ഇസ്ഥലം വരെ; ഈ സമയം വരെ എന്നു പൊരുൾ.

ഇനി, ആന്തര സപ്തമി. ഇതുമുതൽ, 'വീണ്ടും, പിന്നയും എന്നൎത്ഥം വരും. ഇതിനോടു സംബന്ധിക്കുന്ന വചനം ഭവിഷ്യത്തിലായിരിക്കേണം: ദൃ—ന്തം; 'അവൻ ഇനിയും പറയും. ഞാൻ ഇനി വളരുകയില്ല.' നാമധേയം ആയിത്തീരുന്നതിന്നു 'ഉള്ള, അത്തെ' എന്നവ ചേരും: ദൃ—ന്തം; ഇനിയുള്ള കാലം, ഇനിയത്തെത്തലമുറ.

ഇന്നു, 'ദിനം' എന്നതിൽ നോക്കുക. ഈ ദിവസത്തിൽ; ഈ കാലത്തു എന്നു പൊരുൾ വരും.

ഇന്നല, ആന്തര സപ്തമി 'ഇന്നു, തല' എന്നവയുടെ ലോപം: പിന്നത്തെ ഹല്ലു തകാരമായിരുന്നാൽ ഇരട്ടിക്കും: ദൃ—ന്തം; ഇന്നലപ്പുറം പകൽ; 'തല' എന്നതിന്നു ഇവിടെ മുൻപു എന്നൎത്ഥം: ദൃ—ന്തം; 'തല നാൾ'

ഇന്നാൾ. ആന്തര സപ്തമി; ഈയിട എന്നു പൊരുൾ. അടുകൽകഴിഞ്ഞ സമയത്തെപററിപ്പറെയുന്നതു.

ഇന്നേപ്പോൾ, ആന്തര സപ്തമി; ഇന്ന സമയത്തു.'പോൾ' എന്നതിൽ നോക്ക

ഇപ്പോൾ, ആന്തര സപ്തമി. ഈ സമയത്തു. 'പോൾ' എന്നതിൽ നോക്ക

ഇപ്പുറേ. 'ഇപ്പുറമേ' എന്നതിന്റെ ചുരുക്കം. ഇപ്പുറത്തു, ഇപ്പുറത്തു കൂടെ എന്നൎത്ഥം. 'പുറമേ' എന്നതിൽ നോക്ക.

ഇവിട, ഈ സ്ഥലത്തിൽ. 'ഇടം' എന്നതിൽ നോക്ക.

ഒക്ക. 'ഒക്കുക' എന്നതിന്റെ ആന്തം. എല്ലാം എന്നൎത്ഥം.

ഒടുക്കം, ആന്തര സപ്തമി. അവസാനത്തിങ്കൽ എന്നു പൊരുൾ.

ഒട്ടു, 'കുറയ' ഏതാനും' എന്നൎത്ഥം: 'ഒട്ടുക' എന്ന അപ്രസിദ്ധ വചനത്തിന്റെ വന്തം.

ഒന്നും, സമത്വത്തെ കാണിക്കും. ആക എന്ന ആന്തം ഉണ്ടാനമായ പ്രഥമ; ആധേയം ദ്വിതീയയിലും ചതുൎത്ഥിയിലും ഷഷ്ഠിയിലും വരും: ദൃ—ന്തം; സൂൎയ്യനോടു ഒപ്പം പ്രകാശം. ആനെക്കു ഒപ്പം ബലം, കുതിരയുടെ ഒപ്പം വലിപ്പം.

'ഒരുക്കൽ' 'ഒരു' എന്ന ആധേയത്തോടു 'കൽ' എന്നതു ചേൎന്നുണ്ടാകുന്നു. 'ഒരിക്കൽ' എന്നു നടപ്പായിരിക്കുന്നു. ഒരു തവണ എന്നൎത്ഥം.

ഒഴിയ, ഒഴിക എന്നതിന്റെ ആന്തം; അല്ലാതെ എന്നതിനോടു അൎത്ഥത്തിലും അന്വയത്തിലും ഒക്കുന്നു: ദൃ—ന്തം; 'അവൻ ഒഴിയപ്പിന്നാരും വന്നില്ല. ദൈവത്തെ ഒഴിയ മററാരെയും നമസ്കരിക്കരുതു.'

ഓട്ടു, 'പട്ടു' എന്ന വന്തത്തിന്റെ ലോപം. സ്ഥലവാചികളുടെ ചതുൎത്ഥിയോടും സപ്തമിയോടും ചേൎന്നുവരും. ഗമനത്തിന്റെ സ്ഥലത്തെക്കുറിക്കുന്നില്ല ചൊല്ലിനെ കാണിക്കയത്രേ ചെയ്യുന്നു. ദൃ—ന്തം; 'മേലോട്ടു [മേല്പട്ടു], കീഴോട്ടു [കീഴ്പെട്ടു], അങ്ങോട്ടു, ഇവിടോട്ടു, അമ്പലപ്പുഴെക്കോട്ടു, കോട്ടയത്തോട്ടു, കൊച്ചിയിലോട്ടു, ആലപ്പുഴയോട്ടു'.

ഓളം, ഓളം, ഓളവും, 'അളവു' എന്നതിൽ നോക്ക.

ഉടൻ, ആന്തര സപ്തമി; ചുറുക്കിൽ എന്നൎത്ഥം.

ഉടനേ, മേലത്തതിനോടു ഏ എന്ന അവ്യയം ചേൎന്നുണ്ടാകുന്നതു.

ഉടനടി, മേലത്തതിനോടു 'അടി' എന്നതു ചേരുന്നതു; ആന്തര സപ്തമി.

ഉടന്തന്നേ, മേലത്തതിനോടു 'തന്നേ' എന്നതു കൂടുന്നതു 'അതിനെ' നോക്ക.

ഉറെക്ക, 'ഉറെക്കുക' എന്നതിന്റെ ആന്തം. അവശബ്ദമായിട്ടു ഉറക്ക എന്നായിവരുന്നു.

ഊടെ, 'ഉള്ള' എന്നർത്ഥമാകുന്ന 'ഊടു' എന്നതിനോടു ഏ എന്ന അവ്യയം ചേരുന്നതിനാൽ ഉണ്ടാകുന്നു. ആധേയം ലോപസപ്തമിയിൽ ആയിരിക്കും: ദൃ—ന്തം; വഴിയൂടേ; നേരമാസ്ത്രൂടേ.

കണെക്കിൽ, അവശബ്ദമായിട്ടു കണക്കെ കണക്കൽ എന്നാകും. ഭൂതകാല നാമധേയത്തോടു ചേർന്നിട്ടു ക്രിയകൾ തമ്മിലുള്ള സംബന്ധത്തെ കാണിക്കും [ലക്കം. ൩൱൭]

കൽ, സ്ഥലവാചി. ലോപസപ്തമി, ആധേയം ലോപ ഷഷ്ഠിയിൽ നില്ക്കും: ദൃ—ന്തം; എങ്കൽ, ആററിങ്കൽ. 'വാതില്ക്കൽ' അരികിൽ എന്നു പൊരുൾ.

കാൾ, കാട്ടിൽ എന്നതിന്റെ ചുരുക്കം, അതു കാട്ടുക എന്നതിന്റെ വർത്തമാന ലന്തമാകുന്ന കാട്ടുകിൽ എന്നതിന്റെ മാററമാകുന്നു. കാട്ടുക എന്ന ക്രിയക്കുള്ളവണ്ണം ആധേയം ദ്വിതീയയിൽ ആയിരിക്കും. രണ്ടു വസ്തുക്കൾക്കു ഒരു ഗുണം തന്നേ ഉണ്ടായിരിക്കെ അവയിൽ ഒന്നു ആ ഗുണം കൊണ്ടു മുന്തി നില്ക്കുമ്പോൾ ആ മുമ്പുതലിനെ കാണിക്കുന്നതിന്നു 'കാൾ' കാട്ടിൽ, എന്നവ വരും: ദൃ—ന്തം; പിശാചുകൾ മനുഷ്യരെക്കാൾ ചീത്തയാകുന്നു. ഇതിൽ പിശാചുകളും മനുഷ്യരും ചീത്തയാകുന്നു എന്നും പിശാചുകൾ അധികം ചീത്തയാകുന്നു എന്നും അത്രേ അർത്ഥം. പിശാചുകളെക്കാൾ മനുഷ്യർ നല്ലവർ ആകുന്നു എന്നതിൽ രണ്ടു വർഗ്ഗക്കാരും ചീത്ത തന്നേ എങ്കിലും മനുഷ്യർ തിന്മയിൽ കുറവുള്ളവർ എന്നു കാണിക്കുന്നു. വിപരീതലക്ഷണങ്ങളുള്ള വസ്തുക്കൾ തമ്മിൽ താരതമ്യം ഇല്ല. കൃഷ്ണനെക്കാൾ രാമൻ നല്ലവനായിരുന്നു എന്നു പറയേണമെങ്കിൽ രണ്ടുപേരും നല്ലവരോ രണ്ടുപേരും തീയവരോ ആയിരിക്കേണം. ഒരുത്തൻ നല്ലവനും മററവൻ ചീത്തയുമായിവന്നു കൂടാ. ആകയാൽ പഞ്ചസാരയെക്കാൾ കറ്റപ്പിന്നു കൈപ്പുണ്ടു എന്നു പറഞ്ഞു കൂടാ. എന്നാൽ മെഴുകിനെക്കാൾ ഉരുക്കു കടുപ്പമുള്ളതാകുന്നു എന്നു പറയാം. എന്തെന്നാൽ കടുപ്പവും മയവും തമ്മിൽ വിപരീതമല്ല. ഒരു ഗുണത്തിന്റെ ഏററക്കുറവു തന്നേയാകുന്നു. ഗുണത്തിന്റെ തരത്തിൽ ഏകീഭവിക്കുന്ന വസ്തുക്കളും ഗുണത്തിന്റെ അളവുകൊണ്ടു വ്യത്യാസമായി വരാം. മരവും കല്ലും കടുപ്പമുള്ളവ തന്നേ എങ്കിലും മരം അല്പകടുപ്പമുള്ളതും കല്ലു അധിക കടുപ്പമുള്ളതുമാകുന്നു. ഈ അളവുഭേദത്തെ കാണിക്കുന്നതിന്നു 'കുറേ, അല്പം അസ്സാരം; ഏററ, വളര, പെരുത്തു, അധികം, തീര, ഉലോം. മഹാ. എത്രയും' എന്നിങ്ങനെയുള്ളവ കൂട്ടും. ദൃ—ന്തം; ഈട്ടി നല്ല കടുപ്പമുള്ളതു; ആഞ്ഞിലി കുറേ കടുപ്പമുള്ളതു; കല്ലു അധിക കടുപ്പമുള്ളതു: ഉരുക്കു മഹാ കടുപ്പമുള്ളതു, വജ്രം എത്രയും കടുപ്പമുള്ളതു'.

കീഴ, ആന്തരസപ്തമി. ആധേയം ചതുൎത്ഥിയിലും ഷഷ്ഠിയിലും വരും: 'രാജാവിന്നു കീഴ, രാജാവിന്റെ കീഴ' വിവരണ സപ്തമിയും ആധേയ രൂപവും നടപ്പു തന്നേ: ദൃ—ന്തം; 'മന്ത്രിയുടെ കീഴിൽ: 'ആകാശത്തിൻ കീഴേ'. ഇതു 'മേൽ' എന്നതിന്റെ പ്രതിവാക്കാകയാൽ സ്ഥലത്തെയും സ്ഥാനത്തെയും കാലത്തെയും സംബന്ധിച്ചു വരും: ദൃ—ന്തം; 'ഭൂമിക്കു കീഴെ, നായകന്റെ കീഴുള്ള ഭടന്മാർ, കീഴിൽ കഴിഞ്ഞതു 'കീഴാണ്ടു'

കൊണ്ടു, 'കൊള്ളുക' എന്നതിന്റെ വന്തം: ആധേയം ദ്വിതീയയിൽ ആകും: കാരണത്തെക്കാണിക്കയും ചെയ്യും: ദൃ—ന്തം; 'ചില മനുഷ്യരെ കൊണ്ടു ഗുണവും ദോഷവുമില്ല: മരംകൊണ്ടു തീൎക്കപ്പെട്ടതു: വാളുകൊണ്ടു വെട്ടി: രാജാവു കല്പിച്ചതുകൊണ്ടു ഞാൻ വന്നു, അവൻ പറകകൊണ്ടു ഭയം വേണ്ടാ.'

കുറിച്ചു' 'കുറിക്ക' എന്നതിന്റെ വന്തം. ആധേയം വിവരണവിഭക്തിയിൽ നില്ക്കും: സംഗതിയെയും സാദ്ധ്യത്തെയും കാണിക്കും: ദൃ—ന്തം; 'അവൻ നീതിയെക്കുറിച്ചു വൎണ്ണിക്കുന്നു, എന്നെക്കുറിച്ചു [പ്രതി] നീ ഒരു വാക്കു പറയെണം.'

കൂട, 'കൂട്ടുക' എന്നതിന്റെ അന്തം. ആധേയമില്ലാതെ വരുമ്പോൾ അനുബന്ധത്തെക്കാണിക്കും: ദൃ—ന്തം ; ഞാൻ കൂട വരാം; നീ ഒന്നു കൂടപ്പറെയെണം. 'കൂടയും' എന്നതു വിശേഷതയെ കാണിക്കും: ദൃ—ന്തം; രാജാവു കൂടയും വന്നു. 'കൂട' എന്നതിന്നു തൃതീയ ആധേയമായിരിക്കുമ്പോൾ സാഹിത്യത്തെക്കാണിക്കും: ദൃ—ന്തം; 'എന്നോടു കൂടപ്പഠിച്ചവൻ; അവൻ മോടിയോടു കൂട നടന്നു.' ആധേയം ചിലപ്പോൾ ഷഷ്ഠിയിലും വരിക നടപ്പുണ്ടു ദൃ—ന്തം; 'നീ എന്റെ കൂട നടക്കരുതു' ആധേയം സപ്തമിയിൽ നില്ക്കുമ്പോൾ വഴിയായി എന്നൎത്ഥം വരും: ദൃ—ന്തം; 'അവൻ സമുദ്രത്തിൽ കൂട കോഴിക്കോട്ടിന്നു പോയി: ഞാൻ തിരുവല്ലാ കൂട വന്നു' കൂടക്കൂട എന്നാവൎത്തിച്ചാൽ എല്ലാപ്പോഴും എന്നൎത്ഥമാകും.

കൂടാത, 'കൂട്ടുക' എന്നതിന്റെ പ്രതിഭാവ അന്തം. ആധേയം പ്രഥമയലായിരിക്കെണം: ദൃ—ന്തം; 'രാജാവു കൂടാതെ മന്ത്രി ഒന്നും ചെയ്യുയില്ല, തൊമ്മൻ കൂടാതെ ചാണ്ടിക്കു ഒന്നും കഴികയില്ല' ആധേയം ദ്വിതീയയിൽ വരുന്നതു കൂട്ടാത എന്നതിന്നു പകരം കൂടാത എന്നു അനക്ഷരമായിട്ടും പ്രയോഗിക്കുമ്പോൾ ആകുന്നു: ദൃ—ന്തം; 'എന്നെക്കൂടാതെ [കൂട്ടാതെ] നീ ഒന്നും ചെയ്യരുതു.'

കൂടി, 'കൂട്ടുക' എന്നതിന്റെ വന്തം. ആധേയം സപ്തമിയിൽ നിന്നിട്ടു വഴിയായി എന്നു പൊരുൾ വരും: ദൃ—ന്തം; 'അവൻ ആററിൽക്കൂടി കടന്നു.'

കൈ, ഇതിനോടു അ, ഇ; എ എന്നവ ചേൎന്നു ങ്ങെ എന്നു മാറി 'അങ്ങു, ഇങ്ങു; എങ്ങു; എങ്ങും' എന്നുള്ള മൊഴികൾ

ഉണ്ടാകുന്നു. വിഭക്തി ആന്തരചതുൎത്ഥിയും സപ്തമിയും തന്നേ നാമാധേയ രൂപമുണ്ടാകുന്നതു ‘ആയ’ എന്നതിന്റെ ചുരുക്കമാകുന്ന ‘ഏ’ എന്നതും ‘അതായ’ എന്നതിന്റെ ചുരുക്കമാകുന്ന ‘അത്തെ’ എന്നതും ചേരുന്നതിനാൽ ആകുന്നു: ദൃ—ന്തം; ‘അങ്ങേ; ഇങ്ങത്തെ.’

ക്രമേണ, ‘ക്രമം’ എന്നതിന്റെ സംസ്കൃത തൃതീയ.

ചൊല്ലി, ചൊല്ലുക എന്നതിന്റെ വന്തം ആധേയം ദ്വിതീയയിലാകും: കുറിച്ചു എന്നൎത്ഥം; ദൃ—ന്തം; ‘അവനെച്ചൊല്ലി വലിയ ആപത്തു വന്നു’

ചൊവ്വേ, ‘ചൊവ്വ്’ എന്നതിന്റെ വചനാധേയരൂപം. നേരേ എന്നു പൊരുൾ.

ചുററി, ‘ചുററുക’ എന്നതിന്റെ വന്തം: ആധേയം ദ്വിതീയയിൽ ആകും; ദൃ—ന്തം, ‘അവൻ ചുററിയോടുന്നു; എന്നെ ചുററി നടക്കുന്നവർ.

ചുററും, ‘ചുററു’ എന്നതിനോടു ‘ഉം’ എന്ന അവ്യയം ചേൎന്നുണ്ടാകുന്നതു. ആന്തരസപ്തമി. ചിററിലും എന്നൎത്ഥം: ദൃ—ന്തം; ‘ചുററും നടക്ക’.

തമ്മിൽ, ‘താൻ’ എന്ന സൎവ്വനാമത്തിന്റെ ബഹു വചനമാകുന്ന ‘താം’ എന്നതിന്റെ സപ്തമി. രണ്ടു പൊരുളുകൾക്കു അങ്ങോട്ടും ഇങ്ങോട്ടും ഒരു പോലെ ചേരുന്ന സംഗതി പറയുന്നതിൽ വരുന്നു: ദൃ—ന്തം; ‘അവർ തമ്മിൽ വഴക്കുണ്ടായി.’ ജ്യേഷ്ഠനും അനുജനും തമ്മിൽ എന്നും സ്നേഹമായിരുന്നു. ‘തമ്മിൽ’ എന്നതിന്നു പകരം ‘തങ്ങൾ’ എന്നതിന്റെ സപ്തമിയാകുന്ന തങ്ങളിൽ എന്നു ചൊല്ലാം: ദൃ—ന്തം; ‘സേനാപതിമാർ തങ്ങളിൽ പിണങ്ങി’

തനിച്ചു, ‘താൻ’ എന്നതിൽ നിന്നുണ്ടാകുന്നു. ‘തനിക്കുക’ എന്നതിന്റെ വന്തം: കൂട്ടില്ലാതെ എന്നു പൊരുൾ: ദൃ—ന്തം; ‘ഞാൻ തനിച്ചു വന്നു.’

തന്നേ, ‘താനേ’ എന്നതിന്റെ മാററം അതു ‘താൻ’ എന്നതിനോടു ഏ എന്നതു ചേൎന്നുണ്ടാകുന്നതു. കൂട്ടു കൂടാതെ തനിച്ചു എന്നും ആൾപ്പേർ മുഖാന്തരമല്ലാതെ തനിച്ചു എന്നും അൎത്ഥമാകും: ദൃ—ന്തം; ‘അവൻ തന്നേ പോയി; ഞാൻ തന്നെ എഴുതി.’ തന്നേ എന്നതു ഏ എന്ന പോലെ ഏകാന്ത സംബന്ധത്തെ കാണിക്കും: ദൃ—ന്തം; ‘ഞാൻ തന്നേ വരും’ [ല്കം രൂപവ്യ.] ‘തന്നേ’ എന്നതു വാച്യനാമത്തോടും മററും ചേരുമ്പോൾ വാച്യത്തെ വിശേഷതപ്പെടുത്തി താല്പൎയ്യവാക്കായിട്ടു കാണിക്കയും ചെയ്യും: ദൃ—ന്തം; ‘ആണായിട്ടുക തന്നേ അരുത; വായിക്ക തന്നേ വേണം മനുഷ്യൎക്കു വിദ്യ തന്നേ നന്നു; നീ ഇങ്ങോട്ടു വരിക തന്നേ.

തന്നെയും, തന്നേയും, മേലത്തതിനോടു ഉം എന്നതു

ചേരുന്നതിനാൽ ഉണ്ടാകുന്നു. വിശേഷതയെകാണിക്കയും 'കൂടെ യും' എന്നതിനോടു അൎത്ഥത്തിൽ ഒക്കയും ചെയ്യുന്നു: ദൃ—ന്തം; 'രാജാവുംതന്നെയും ഭക്ഷിക്കുന്ന വസ്തു.'

തറ, 'അളവു' എന്നു പൊരുൾ, അ, ഇ, എ എന്നയക്ഷരങ്ങൾ മുൻ ചേൎന്നു അത്ര, എത്ര, ഇത്ര എന്നവയുണ്ടാകുന്നു. 'ആയി' എന്നതു ആന്തരമായി വചനാധേയമായിട്ടു പ്രയോഗിക്കപ്പെടുന്നു: ദൃ—ന്തം, 'നീ അത്ര ഭയപ്പെടരുതു: ഞാൻ എത്ര പ്രയാസപ്പെട്ടു. നീ ഇത്ര കോപിക്കുന്നതു എന്തു'. ചിലപ്പോൾ വിവരണ ചതുൎത്ഥിയും കൊള്ളും: ദൃ—ന്തം: 'അവൻ എത്രെക്കു വലിപ്പമുള്ളവൻ.' 'ആയ' എന്നതു ആന്തരമായി നാമാധേയമായിട്ടും നടപ്പുണ്ടു: ദൃ—ന്തം; 'കാൎയ്യസ്ഥൻ അത്ര ഗുണവാനല്ല: രാജാവിനോളം ഇത്ര ധൎമ്മിഷ്ഠൻ മററാരുമില്ല'

താൻ. 'ഉം, ഒ' എന്നവയുടെ അൎത്ഥത്തിൽ മിക്കരൂപങ്ങളുടെയും പിന്നാലെ ചേൎന്നുവരും: ദൃ—ന്തം, 'അവൻ പറക താൻ എഴുതുക താൻ ചെയ്കയില്ല; അവൻ രാജാവിനെത്താൻ മന്ത്രിയെത്താൻ കണ്ടില്ല'.

താനും, മേല്പറഞ്ഞതിനോടു ഉം എന്നതു ചേരുന്നതിനാൽ ഉണ്ടാകുന്നു. മുൻപിൽ പറഞ്ഞതിന്നു ഭിന്ന ഭാവമായിട്ടു പിന്നാലെ ഒന്നു പറയുമ്പോൾ 'താനും' എന്നതു നിരാധാരത്തിന്റെ പിന്നാലേ വരും: ദൃ—ന്തം; 'മഴ പെയ്തു; വെള്ളം പൊങ്ങിയില്ല താനും' 'താനും' എന്നതു ആധേയത്തോടു ചേരുമ്പോൾവിശേഷതയെകാണിക്കുന്നു: ദൃ—ന്തം; 'അവൻ താനും കാൎയ്യം ബുദ്ധിയോടു നോക്കുന്നു'.

താനേ, തന്നേ എന്നതിൽ നോക്കു.

താഴ, ആന്തര സപ്തമിയും ചതുൎത്ഥിയും. ആധേയം ചതുൎത്ഥിയിലും ഷഷ്ഠിയിലും വരും: ദൃ—ന്തം; 'വീട്ടിന്നു താഴ നില്ക്കരുതു' അവന്റെ താഴപോകരുതു'.

തീര, 'തീരുക' എന്നതിന്റെ ആന്തം. മുഴുവനും എന്നൎത്ഥം ദൃ—ന്തം; വേരു തീരപ്പറിക്കരുതു.

തീരുമാനം, 'തീരുക'എന്നതിന്റെ ധാതുവാകുന്ന തീരു എന്നതിനെ അളവ എന്നൎത്ഥമാകുന്ന 'മാനം' എന്നതിനോടു ഒന്നിക്കുന്നതിനാൽ ഉണ്ടാകുന്നു തീര എന്നതിനോടു അൎത്ഥത്തിൽ ഒക്കുകയും ചെയ്യുന്നു: ദൃ—ന്തം; 'ശത്രു വന്നു ജനങ്ങളെ തീരുമാനം നശിപ്പിച്ചു.

തൊട്ടു, തൊടുക എന്നതിന്റെ വന്തം. ആധേയം സപ്തമിയിൽ ആകും: ദൃ—ന്തം; 'കൊല്ലത്തുതൊട്ടു ആലപ്പുഴവരെ; കൊച്ചി തൊട്ടു കോഴിക്കോടുവരെ.

തോറും, ആന്തര സപ്തമിയോടു 'ഉം' എന്നതു ചേൎന്നുണ്ടാകുന്നതു. എല്ലാം എന്നു പൊരുൾ. ആധേയം ആന്തര രൂപ നി

സ്ത്രീലിംഗ നാമങ്ങൾ എങ്കിലും ഭൂതകാല നാമാധേയം എങ്കിലും ആയിരിക്കും: ദൃ—ന്തം; 'രാജാവു വീടുതോറും സഞ്ചരിച്ചു, അവനു വയസ്സു ചെല്ലുന്തോറും അറിവു കുറെയുന്നു; എന്നാൽ നാമത്തിന്റെ പിന്നാലേ വരുമ്പോൾ ക്രിയ നടക്കുന്നതു നാമത്തിൽ ഉൾപ്പെട്ട പൊരുളുകളെ സംബന്ധിച്ചു വെവ്വേറേ ആകുന്നു എന്നു കാണിക്കും: ദൃ—ന്തം; 'രാജ്യങ്ങൾ തോറും ഭൂകമ്പം ഉണ്ടാകും' എന്നതിൽ ഒരു ഭൂകമ്പം തന്നേ എല്ലാ രാജ്യങ്ങളിലും നടക്കുമെന്നല്ല ഓരോരോ ദിക്കിൽ വെവ്വേറേ ഭൂകമ്പമുണ്ടാകുമെന്നത്രേ സാധിക്കുന്നതു. ഭവിഷ്യ കാല നാമാധേയത്തിന്റെ പിന്നാലേ വരുമ്പോൾ രണ്ടു ക്രിയകൾ തമ്മിലുള്ള സമഗതിയെക്കാണിക്കും. പിന്നാലേ വരുന്ന ക്രിയ ഭൂതത്തിൽ ആകയില്ല വൎത്തമാനത്തിൽ എങ്കിലും ഭവിഷ്യത്തിൽ എങ്കിലും ആയിരിക്കെണം; ദൃ—ന്തം; അവനു ദ്രവ്യം ഏറുന്തോറും ലുബ്ധു വൎദ്ധിക്കുന്നു, ഇനി വൎദ്ധിക്കും, താനും'. നാമത്തിന്റെ പിന്നാലേ ചിലപ്പോൾ ആകും, ആം എന്ന നാമാധേയം വരികയുണ്ടു: ദൃ—ന്തം; നീ വീടാം തോറും നടക്കുരുതു.

തുലോം, 'തുലാം' എന്നതിന്റെ അവശബ്ദം. 'ആക' എന്നതു ആന്തരമായി ഏററം എന്നൎത്ഥമാകും: ദൃ—ന്തം ; 'അതു തുലോം വലിപ്പമാകുന്നു; അവനു തുലോം ക്ഷീണമായിപ്പോയി'.

ദിനം, എന്നതു ലോപിച്ചു രൂപം മാറി, 'അ, ഇ' എ എന്നയക്ഷരങ്ങളോടു ചേൎന്നു 'അന്നു, ഇന്നു, എന്നു, എന്നും, എന്നേക്കും, എന്നന്നേക്കും' എന്ന പദങ്ങൾ ഉണ്ടാകുന്നു.

ദൂരെ, ദൂരം എന്നതിന്റെ സപ്തമി; ദൃ—ന്തം; നീ ദൂരെപ്പോകരുതു.

നന്നു, നല്ലതു എന്നതിന്റെ ചുരുക്കം.

നന്നാ, 'നന്നു, ആയി' എന്നവ കൂടിയുണ്ടാകുന്നതു. നല്ലവണ്ണം, വളരെ എന്നു പൊരുൾ: ദൃ—ന്തം; 'അവൻ എന്നെ നന്നാത്തല്ലി. 'നന്നാ, എന്നതിന്നു വടക്കർ നന്നേ' എന്നു പറയുന്നതു അവശബ്ദമാകുന്നു 'നന്നു' എന്നതിനോടു ഏ എന്ന ആധേയയക്ഷരം ചേൎന്നു 'നന്നേ' എന്നാകുന്നു എന്നു പറഞ്ഞുകൂടാ. എന്തെന്നാൻ സവാച്യ നാമത്തോടു ഏ എന്നതു ചേരുകയില്ലെന്നു തന്നേയല്ല; അങ്ങനെ ആയിരുന്നാൽ പിന്നാലേ വരുന്ന ഹല്ലു ഇരട്ടിക്കുന്നതിന്നിടയില്ല.

നിന്നു, നില്ക്കുക എന്നതിന്റെ വന്തം. ആധേയം സപ്തമിയിൽ; ദൃ—ന്തം; കോട്ടയത്തുനിന്നു.

നിമിത്തം, 'ആയി' എന്നതു ആന്തരമായും വിവരണമായും ഇരിക്കും. ആധേയം പ്രഥമയിൽ വരുമ്പോൾ ഹേതുവിനെയും ഷഷ്ഠിയിലാകുമ്പോൾ ഫലത്തെയും കാണിക്കും; ദൃ—ന്തം; 'പാപം നിമിത്തം; രാജാവിന്റെ നിമിത്തമായിട്ടു.'

പകരം, 'ആയ്' എന്നതു ആന്തരമായി അവ്യയമായിട്ട നില്ക്കുന്നു; ആധേയം ചതുൎത്ഥിയിലാകും; ദൃ—ന്തം; 'ഗുണത്തിനു പകരം ദോഷം ചെയ്യരുതു'

പകലേ, 'പകൽ' എന്നതിന്റെ ആധേയ രൂപം; ദൃ—ന്തം, അവൻ പകലേ പോയി.

പക്കൽ, 'പക്ക' [പക്ഷം പക്കം] എന്നതിന്റെ സപ്തമിയാകുന്ന പക്കിൽ എന്നതിന്റെ അവശബ്ദം, ദൃ—ന്തം; 'അവന്റെ പക്കൽ പണമില്ല'

പക്ഷേ, 'പക്ഷം' എന്നതിന്റെ സംസ്കൃത സപ്തമി. സംദേഹക്കുറിപ്പു; ദൃ—ന്തം; 'പക്ഷേ മഴ പെയ്യും'

പടി, ആന്തര ചതുൎത്ഥി; ദൃ—ന്തം; 'ചൊന്ന പടി നടക്കും'

പണ്ടു, ആന്തര സപ്തമി. വളരെ മുൻപു എന്നൎത്ഥം; ദൃ—ന്തം; 'പണ്ടൊരു കാലം പടവന്നപ്പോൾ' നാമാധേയ രൂപം പണ്ടത്തെ'

പണ്ടേ, പണ്ടു' എന്നതിന്റെ ആധേയ രൂപം: ദൃ—ന്തം; പണ്ടേ പോയി;

പണ്ടുപണ്ടേ, ഉലോം പണ്ടേ എന്നൎത്ഥം.

പററി; 'പററുക' എന്നതിന്റെ വന്തം. ആധേയം ദ്വിതീയയിൽ ആകും; ദൃ—ന്തം; 'അതിനെപ്പററി; അക്കാൎയ്യം പററി'

പററിൽ, പററു എന്നതിന്റെ വിവരണ സപ്തമി. പക്കൽ എന്നു പൊരുൾ; ദൃ—ന്തം; 'നിന്റെ പററിൽ മരുന്നുണ്ടോ'.

പെട്ടെന്നു, പടുക, എങ്കുക എന്നവയുടെ വന്തങ്ങളാകുന്ന 'പട്ടു' എന്നു എന്നവ തമ്മിൽ ചേരുന്നതിനാൽ ഉണ്ടാകുന്നു; ദൃ—ന്തം; 'പെട്ടെന്നുള്ള മരണം'

പിൻ, 'ആന്തര സപ്തമി. പിന്നിൽ; പിന്നാലേ എന്നും വരും. പിന്നിൽ എന്നതു പിന്ന, പിന്നെ എന്നും ആകും: ദൃ—ന്തം, 'പിൻ വരുന്നവൻ പിന്നുണ്ടായതു; പിന്നപ്പറഞ്ഞു; പിന്നാലേ വരുന്നവൻ'

പിൻപു, ആന്തര സപ്തമി. പിൻപേ എന്നു ആധേയ രൂപം; ദൃ—ന്തം; പിൻപുള്ളവർ; പിൻപേ പോയവർ:

പോൽ, പോലുക [നിനെക്കു] എന്നതിന്റെ ആശകയവസ്ഥ: ദൃ—ന്തം; 'വൃക്ഷികലി കാലമുണ്ടാകയില്ല പോൽ'

പോലും, ആശംകയവസ്ഥയിൽ താൻ എന്നതിനോട സംബന്ധിക്കുന്ന പോലു എന്നതിന്റെ മൂലമാകുന്ന തമിഴ്രൂപം: നിരാധാര പദത്തിന്റെ പിന്നാലേ വരുമ്പോൾ മററുള്ളവരുടെ വിചാരം എന്നു കാണിക്കും; ദൃ—ന്തം; മഴപെയ്കയില്ല പോലും. പരാധാരത്തിന്റെ പിന്നാലേ വരുമ്പോൾ വിശേഷതയെക്കാണിക്കും: ദൃ—ന്തം; അവന്റെ അടുക്കൽ ഭിക്ഷക്കാരൻപോലും ചെല്ലുകയില്ല.

പോൽ, എന്നതു ഉപമാനത്തിന്നു പ്രത്യേകം നടപ്പുണ്ടു. ല കാരത്തിൻെറ അദ്ധ്യാച്ഛരന്ന ലക്ഷപ്രകാരം ൦, എ എന്നവയാ യിട്ടു മാറകും. പ്രത്യേകം പിന്നാലെ ഹല്ലു വരുമ്പോൾ. ആധേ യം ഭിതിയയിൽ ആകും; ദൃ—ന്തം: 'സിംഹത്തെപ്പോലെ ക റിനമുള്ളവൻ: പാലുപോലെ വെളുത്തതു: വെഞ്ചാമര പോലി രിക്കുന്ന, ആധേയം നാമാധേയത്തിലും സവാച്യ നിർല്ലിംഗ നാ മത്തിലും ചിലപ്പോൾ വരും: ദൃ—ന്തം; 'അവൻ പറഞ്ഞ പോൽ ഒത്തു: ഞാൻ വിചാരിച്ചതുപോലെ നടന്നില്ല' നാമാധേയത്തി ലാകുവാൻ ഇട വന്നതു ശെഷം ഉപമാന മൊഴികളായ 'വ ണ്ണം, കൂട്ടു, പ്രകാരം, കണക്ക എന്നിങ്ങനെയുള്ളവ നാമങ്ങൾ ആകയാൽ ഉണ്ടായ പിണക്കം നിമിത്തം എന്നുതോന്നുന്നു: ദൃ— ന്തം; 'പറഞ്ഞപോലെ, പറയുന്നപോലെ, പറയുമ്പോലെ' ഭിതി യയുടെ പിന്നാലെ 'പോലെ' എന്നു വരികയും ക്രിയ സകർമ്മമാ യിരിക്കയും ചെയ്യാൽ ഉപമിപ്പ കർത്താവിനോടോ കർമ്മത്തിനോ ടോ എന്നു സംശയമായിരിക്കും: ദൃ—ന്തം: 'അവൻ എന്നെ മൂഢ നെപ്പോലെ വിചാരിച്ചു എന്നതിൽ അവൻ എന്നെ മൂഢൻ വിചാ രിക്കുന്നതു പോലെ വിചാരിച്ചു എന്നും മൂഢനെ വിചാരിക്കുന്നതു പോല വിചാരിച്ചു എന്നും അർത്ഥം വരും. ആ സംശയം നീക്കിപ്പ റയുന്നതിന്നാവശ്യമായിരുന്നാൽ മെൽകാണിച്ചിരിക്കുന്ന പ്രകാരം മുറെക്ക വെണ്ടുന്ന വിഭക്തിയൊടു കൂടെ ക്രിയ ആവർത്തിക്കപ്പെടു ക എങ്കിലും അതിന്നു പകരം 'എന്ന' എന്ന നാമാധേയം പ്ര യോഗിക്കപ്പെടുക എങ്കിലും വേണം: ദൃ—ന്തം; അവൻ സൂര്യനെ പ്പോലെ പ്രകാശിച്ചു. സൂര്യൻ എന്ന പോലെ പ്രകാശിച്ചു. ക ള്ളനെ പ്പോലെ, കള്ളനെ എന്ന പോലെ, 'ഭോഷനോടു എന്ന പോലെ എന്നോടു സംസാരിക്കരുതു' ആധേയം നാമാധേയം ആ യിരുന്നാൽ ഉപമിപ്പ വാച്യത്തിൽ മാത്രം ആയിരിക്കും; ആയതു നിർല്ലിംഗ സവാച്യമായിരുന്നാൽ ഉപമിപ്പ വാച്യത്തിൽ എന്ന പോലെ സവാച്യ പൊരുളിലും ആയിവരും: ദൃ—ന്തം: 'ഞാൻ പറഞ്ഞതു പോലിരിക്കുന്നു' എന്നതിന്നു ഞാൻ പറഞ്ഞ പോലിരി ക്കുന്നു എന്നും പറഞ്ഞ വസ്തു പോലിരിക്കുന്നു എന്നും അർത്ഥംവ രും. ഉപമിപ്പിൽ ഉപമാനവും ഉപമേയവും തമ്മിൽ എല്ലാ സം ഗതികളിലും ഒക്കേണം എന്നില്ല: ചിലതിൽ മാത്രം ഒത്താലും മ തി: ദൃ—ന്തം; 'അബ്രാഹമിനെപ്പോലെ വിശ്വസിച്ചവർ' ഇവിടെ വിശ്വസിക്ക എന്ന ക്രിയയിൽ മാത്രം ഉപമിപ്പു; സലൊമോനെ പ്പോലെ ജ്ഞാനമുള്ളവൻ; ഇവിടെ ജ്ഞാനത്തിൻെറ അളവിലും കൂടെ ഉപമിപ്പുണ്ടു. ഉപമാനത്തിൻെറ പിന്നാലെ 'തന്നേ' എന്ന തു വന്നാൽ ഉപമിപ്പ എല്ലാ സംഗതിയിലും ഒക്കുന്നു എന്നല്ല ശരിയായിട്ടു ഒക്കുന്നു എന്നു മാത്രം കാണിക്കുന്നു: ദൃ—ന്തം; അ വൾ തള്ളയെപ്പോലെ തന്നേ ഇരിക്കുന്നു എന്നു രൂപത്തിലോ

നിറത്തിലോ ശീലത്തിലോ ഏതിലെങ്കിലും ഒന്നിൽ ശരിയായിട്ടു ഒത്തിരുന്നാൽ പറയാം.

പോൾ, 'പൊഴുതു' [നേരം] എന്നതിന്റെ ചുരുക്കം, ആന്തരസപ്തമി, ആധേയം അ, ഇ, എ എന്നയക്ഷരങ്ങളും നാമാധേയങ്ങളും ആകും; ദൃ—ന്തം; 'അപ്പോൾ, ഇപ്പോൾ, എപ്പോൾ, എപ്പോഴും; വന്നപ്പോൾ വരുമ്പോൾ ഇന്നപ്പോൾ'.

പുറേ, 'പുറമേ' എന്നതിന്റെ ചുരുക്കം; ദൃ—ന്തം; 'അപ്പുറേ, ഇപ്പുറേ, എപ്പുറേ, അങ്ങേപ്പുറേ, ഇങ്ങേപ്പുറേ.

പുറകേ, 'പുറകു' എന്നതിന്റെ ആധേയരൂപം.

പ്രകാരം, ആന്തരസപ്തമി; ദൃ—ന്തം: 'അപ്രകാരം; ഇപ്രകാരം; ഇന്നപ്രകാരം; പറഞ്ഞപ്രകാരം.'

പ്രതി, സംസ്കൃത അവ്യയം; ആധേയം ദ്വിതീയയിൽ ആകും; സാദൃശ്യത്തെക്കാണിക്കയും ചെയ്യും; ദൃ—ന്തം; എന്നെപ്രതി മരിച്ചവൻ, ചില നാമങ്ങളുടെ പിന്നാലേ 'തോറും' എന്നതിന്നു പകരം വരും; ദൃ—ന്തം; ദിനംപ്രതി ദിവസംപ്രതി' ആണ്ടാംപ്രതി.

മദ്ധ്യേ, 'മദ്ധ്യം' എന്നതിന്റെ സംസ്കൃതസപ്തമി 'നടുവേ' എന്നർത്ഥം.

മററു, മറുക എന്ന പഴയ വചനത്തിന്റെ .വന്തം.

മാത്രം, 'ആക' എന്നതു ആന്തരമായിരിക്കുന്ന പ്രഥമ; ദൃ—ന്തം; 'അവൻ മാത്രം വന്നു; വരിക മാത്രം ചെയ്തു; ഞാൻ മാത്രമേ അവജയപ്പെട്ടു.'

മേൽ, ആന്തരസപ്തമി. ആധേയം ഷഷ്ഠിയിലും ചതുർത്ഥിയിലും ആകും; ദൃ—ന്തം; 'അവന്റെ മേൽ ഒരു കല്ലു വീണു; 'പുരെക്കു മേൽ വെള്ളം വന്നാൽ അതിന്നുമേൽ തോണി.' 'അവന്റെ മേൽ അധികാരം ഇല്ല' എന്നതിന്നു അവനോടു ആർക്കും അധികാരം ഇല്ല എന്നും 'അവനു മേൽ അധികാരിയില്ല' എന്നതിന്നു അവനെക്കാൾ വലിയ അധികാരിയില്ല എന്നും അർത്ഥമാകുന്നു. എന്നാൽ അർത്ഥത്തെ സംബന്ധിച്ചു 'മേൽ' എന്നതു കീഴ എന്നതിന്നു പ്രതിവാക്കു ആകയാൽ വരുംകാലത്തെ കാണിക്കുന്നതുമാകുന്നു: ദൃ—ന്തം; കീഴ ഉണ്ടായിട്ടില്ല മേൽ ഉണ്ടാകയുമില്ല. ൨ാം അർത്ഥത്തിൽ മേൽ എന്നതിന്നു പകരം പഞ്ചമിയും സപ്തമിയുമാകുന്ന 'മേലാൽ മേലിൽ' എന്നവയും നടക്കുന്നു. ദൃ—ന്തം; 'മേലാൽ വേണ്ടുന്നതു; മേലിൽ നടക്കേണ്ടുന്നതു' മേൽ എന്നതു മുഴുവനായും ഏൽ എന്നു ചുരുങ്ങിയും സപ്തമിക്കു അടയാളമാകും [൨൧൨ വ്യലക്കം.]

മേല്ക്കുമേൽ, അധികമധികം എന്നു പൊരുൾ; ദൃ—ന്തം: 'അവന്നു മേല്ക്കുമേൽ വർദ്ധനവു വരുന്നു.'

മുതൽ, ആദി എന്നർത്ഥം: 'ആയി' എന്ന വന്തം ആന്തരം: ദൃ—ന്തം: 'കൊച്ചി മുതൽ കൊല്ലം വരെ'

മുന്നിഞ്ഞാന്നു, ആന്തരസപ്തമി: 'മുൻ നിന്ന നാൾ' എന്നതിന്റെ ചുരുക്കം: ഇന്നു തുടങ്ങി രണ്ടു ദിവസി മുൻപു എന്നൎത്ഥം.

മുൻ, പിൻ എന്നതിന്റെ പ്രതിവാക്കു, ആന്തരസപ്തമി, 'മുന്നിൽ' എന്ന വിവരണവും നടപ്പു: സ്ഥലത്തെയും സമയത്തെയും സംബന്ധിക്കും; ദൃ—ന്തം, 'മുൻ പറഞ്ഞ കാൎയ്യം; മുന്നിൽ നില്ക്കുന്നവൻ.' 'മുന്നിൽ' എന്നതു അനക്ഷരമായിട്ടു 'മുന്നൽ മുന്നെ' എന്നാകും.

മുന്നം, ആന്തരസപ്തമി, ദൃ—ന്തം; മുന്നം കിട്ടിയതു, മുന്നമെ എന്നു ആധേയ രൂപം. ദൃ—ന്തം, മുന്നമെ പറഞ്ഞ മൊഴി.

മുൻപു, മുൻ എന്നൎത്ഥം, ആന്തരസപ്തമി, വിവരണമായ 'മുമ്പിൽ' എന്നതും നടപ്പു. അങ്ങനെ തന്നെ മുൻപേ എന്ന ആധേയംരൂപവും കൊള്ളും. ആധേയം ചതുൎത്ഥിയിലും ഷഷ്ഠിയിലും വരും. ദൃ—ന്തം; 'അവൻ വരുന്നതിന്നു മുൻപു; അവന്റെ മുൻപിൽ: മുൻപേ വരുന്നവൻ.'

മുൻപാക, 'മുൻപു' എന്നതിനോടു ആക എന്ന ആന്തം കൂട്ടുന്നതിനാൽ ഉണ്ടാകുന്നതു. മുൻപിൽ എന്നുള്ള അൎത്ഥത്തിൽ സ്ഥലത്തെ സംബന്ധിച്ചു മാത്രം വരും; ദൃ—ന്തം; 'രാജാവിന്റെ മുൻപാക നില്ക്കുന്നവൻ.'

മുഴവൻ, മുഴവനം, 'ആക' എന്നതു ആന്തരമായിരിക്കുന്ന പ്രഥമ; അശേഷം എന്നൎത്ഥം: ദൃ—ന്തം; 'ഞാൻ ആ പുസ്തകം മുഴവനും വായിച്ചു.'

മൂലം, 'ആയി' എന്നുള്ള ആധേയത്തോടു കൂടിയ പ്രഥമ. കാരണത്തെകാണിക്കയും ചെയ്യും. ആധേയം പ്രഥമയിൽ ആകുമ്പോൾ തുണകാരണത്തെയും ഷഷ്ഠിയിൽ ആകുമ്പോൾ നിമിത്തകാരണത്തെയും തന്നെ: ദൃ—ന്തം; 'അവൻ മൂലം ഇനിക്കു ദോഷം വന്നു, അവന്റെ മൂലം ഇനിക്കു ദോഷം വന്നു.' 'കാരണം; ഹേതു, നിമിത്തം' എന്നവയും ഇങ്ങനെ പ്രയോഗിക്കപ്പെടും. നിമിത്തകാരണത്തെകാണിക്കുമ്പോൾ ഇവയെല്ലാം പഞ്ചമിയിലും ആകും: ദൃ—ന്തം; 'അവന്റെ കാരണത്താൽ ഇനിക്കു നാശം വന്നു.'

യദൃച്ഛയാ, സംസ്കൃതതൃതീയ: അകാരണമായിട്ടു എന്നൎത്ഥം

വര, 'മുഖ' എന്നൎത്ഥം: ആന്തരചതുൎത്ഥി; വിവരണവും നടപ്പു: ആധേയം സപ്തമിയിലാകും; ദൃ—ന്തം; കൊല്ലത്തുവരെപ്പോയി, ചിലപ്പോൾ പ്രഥമയും കൊള്ളും: ദൃ—ന്തം; 'കൊല്ലംമുതൽ കൊച്ചിവര' അളവു എന്നതിനോടു അൎത്ഥത്തിലും പ്രയോഗത്തിലും ഒക്കുന്നു.

വശാൽ, വശം എന്നതിന്റെ സംസ്കൃതപഞ്ചമി, യദൃച്ഛയാൽ എന്നൎത്ഥം.

വാറു, 'പടി, പ്രകാരം' എന്നൎത്ഥം: ആന്തരസപ്തമി; വാറ്റ എന്നതു അവ ശബ്ദമായിട്ടു 'മാറ്റ' എന്നു മാറ്റുകയും ആറ്റ എന്നു ചുരുങ്ങുകയും നടപ്പുണ്ടു: ദൃ—ന്തം; 'വരുവാറു സമ്മതിച്ചു' ഭവിഷ്യകാലനാമധേയത്തോടു കൂടെ പ്രഥമയിൽ ആയിട്ടു 'ഉണ്ടു ഇല്ല' എന്ന വചനങ്ങൾക്കു കൎത്താവായി ക്രിയയുടെ പതിവിനെക്കാണിക്കും: ദൃ—ന്തം; 'അവൻ വരുവാറുണ്ടു, ഞാൻ പോകാറില്ല'. പിന്നാലെ വരുന്ന വചനം 'ആക' എന്നതായിരുന്നാൽ വാറു എന്നതു ആന്തരസപ്തമിയായി ക്രിയ ഭവിക്കുന്ന സമയം അടുത്തിരിക്കുന്നു എന്നു കാണിക്കും: ദൃ—ന്തം; 'അവൻ മരിപ്പാറായി' [മരിക്കുന്ന പട്ടതിയിൽ ആയി] 'വാറു' എന്നതു ആകെണം എന്നതിന്നു മുൻപെ അപേക്ഷ സാധിപ്പാനുള്ളവന്റെ വലിപ്പത്തെക്കാണിക്കും: ദൃ—ന്തം, 'വരുവാറാകെണം' [വരുന്ന പട്ടതിയിൽ ആകെണം—വരുന്നതിന്നു മനസ്സുവെക്കെണം.]

വാറേ, 'വാറ്റ' എന്നതിന്റെ ആധേയം. [൩൱൭ാംലക്കത്തിൽ നോക്കു.]

വെച്ചു, 'വെക്കുക' എന്നതിന്റെ വന്തം. ആധേയം 'എന്നു, എന്നാകുമ്പോൾ വിചാരിച്ചു എന്നൎത്ഥമാകും; ദൃ—ന്തം; മഴ പെയ്യും എന്നു വെച്ചു ഭയപ്പെടേണ്ടാ. മറ്റൊരു വന്തമാകുമ്പോൾ എങ്ങിനെ എന്നുള്ളതിന്നു ൩൱൫ാം ലക്കത്തിൽ നോക്കു. ആധേയം സപ്തമിയിൽ ആകുമ്പോൾ വെച്ചു എന്നതു കൎമ്മത്തിന്റെ സ്ഥലത്തെയല്ല കൎത്താവിന്റെ സ്ഥലത്തെക്കാണിക്കും; ദൃ—ന്തം; 'അവൻ പറമ്പിൽ ഒരു കട്ടവായെക്കണ്ടു' എന്നതിന്നു കട്ടവാ പറമ്പിൽ ആയിരുന്നു എന്നൎത്ഥം: 'അവൻ പറമ്പിൽ വെച്ചു ഒരു കട്ടവായെ കണ്ടു' എന്നു പറഞ്ഞാൽ കട്ടവായെക്കണ്ടപ്പോൾ അവൻ പറമ്പിലായിരുന്നു എന്നു പൊരുൾ.

വേഗം, [ഷ്യുക്ക] ആന്തര സപ്തമി: 'വേഗത്തിൽ' എന്ന വിവരണവും 'വേഗേന' എന്ന സംസ്കൃത ത്രിതീയയും നടപ്പു: ദൃ—ന്തം; 'വേഗേന ചാടുക.'

വെറുതേ, 'വെറുതു' എന്നതിന്റെ ആധേയ രൂപം: സാദ്ധ്യം കൂടാതെ എന്നൎത്ഥം: ദൃ—ന്തം; 'വെറുതേ പറയുന്നു.'

വേറേ, 'വേറു' എന്നതിന്റെ ആധേയരൂപം; ദൃ—ന്തം' 'വേറേ പാൎക്കുന്നു.'

വെവ്വേറേ, 'വേറു' എന്നതു ആവൎത്തിച്ചുണ്ടാകുന്നതു. കൂട്ടം പലതായി പിരിയുന്നതിനെക്കാണിക്കയും ചെയ്യും: ദൃ—ന്തം; 'അവർ വെവ്വേറേ വന്നു' ആധേയ രൂപത്തിന്നു പകരം ആയി എന്ന വന്തവും കൊള്ളും: ദൃ—ന്തം; 'പട്ടാളങ്ങൾ വെവ്വേറായിപ്പോരാട്ടം ചെയ്തു.

വേണ്ടി, 'വേണ്ടുക' എന്നതിന്റെ വന്തം; ചതുൎത്ഥിയുടെ

പിന്നാലെ നിമിത്ത കാരണത്തെക്കാണിക്കുന്നതാകുന്നു: ദൃ—ന്തം ഇനിക്കു വേണ്ടി ഒരു വാക്കുപറക.

വേണ്ടു 'വേണ്ടുക' എന്നതിന്റെ ആശകരൂപങ്ങളിൽ താൻ എന്നതിനോടു ചേരുന്നതു: ദൃ—ന്തം; 'ഞാൻ എന്തുവേണ്ടു. ഞങ്ങൾ ആരേക്കാണേണ്ടു' വേണ്ടു എന്നതിന്റെ തമിഴുരൂപമാകുന്ന 'വേണ്ടും' എന്നതു 'മാത്രം' എന്നുള്ളൎത്ഥത്തിൽ നടപ്പുണ്ടു, ദൃ—ന്തം; അവൻ വേണ്ടും പോയില്ല.

വീണ്ടു, വീണ്ടും 'വീളുക' [തിരിക വാങ്ങുക] എന്നതിന്റെ വന്തം, തിരിച്ചു രണ്ടാവതു എന്നൎത്ഥം: ദൃ—ന്തം; വീണ്ടുകൊൾകെണ്ടാ; നീ വീണ്ടും പാപം ചെയ്യരുതു.

വൃഥാ, സംസ്കൃതഅവ്യയം: വചനാധേയമായിട്ടും നാമാധേയമായിട്ടും നടക്കുന്നു. വെറുതേ എന്നൎത്ഥം: ദൃ—ന്തം; വൃഥാ പറയുന്നു, വൃഥാ വാക്കു.

ശരിയേ, 'ശരി' എന്നതിന്റെ ആധേയരൂപം. ദൃ—ന്തം; ശരിയേ കൊടു.

ശരിവര, 'ശരി' 'വര' എന്നവയുടെ സമാസം: ദൃ—ന്തം, 'ശരിവരത്തിന്നു.'

ശേഷം, ആന്തരസപ്തമി. ആധേയം ക്രിയ്ക്കും നാമാധേയവും ആകും: ദൃ—ന്തം; 'രാജാവിന്റെ മരണത്തിന്റെ ശേഷം ഞാൻ വന്ന ശേഷം, ഞാൻ വന്നതിന്റെ ശേഷം.'

സദാ, സംസ്കൃതഅവ്യയം. എല്ലാ സമയത്തും എന്നൎത്ഥം. നാമാധേയമായിട്ടു 'പോൾ, നേരം' എന്നിങ്ങനെയുള്ളവയോടും ചേരും: ദൃ—ന്തം; സദാ പറയരുതു, സദാ നേരത്തും, സദാപ്പോഴും.

സാക്ഷാൽ [യഥാൎത്ഥം] സംസ്കൃതഅവ്യയം: ദൃ—ന്തം; അവൻ എന്നെ സാക്ഷാൽ സ്നേഹിക്കുന്നു, നാമാധേയമായിട്ടും നടക്കുന്നു: ദൃ—ന്തം; 'സാക്ഷാൽ ദൈവം സൎവ്വശക്തനാകുന്നു'.

പദഭഞ്ജനം.

"എങ്കിലോ പണ്ടു മഹാ സിംഹവും വൃഷഭനും
തങ്ങളിൽ ചേൎന്നു മഹാസ്നേഹമായ്പ്പൊഴുംകാലം
ഏഷണിക്കാരൻ ഒരു ജംബുകൻ ചെന്നു കൂടി
ദൂഷണം പറഞ്ഞവർ തങ്ങളിൽ ഭേദിപ്പിച്ചു".

'എങ്കിലോ' 'എങ്ങുക' എന്നതിന്റെ ലന്തമാകുന്ന 'എങ്കിൽ' എ

ന്നതിനോടു 'ഓ' എന്ന മൂലാവ്യയം ചേൎന്നുണ്ടാകുന്നതദ്ധിതാവ്യയം. അതിന്നു ആധാരം 'ഭേദിപ്പിച്ചു' എന്നതു തന്നേ.

'പണ്ടു', വസ്തുനാമനിൎല്ലിംഗം. ഏക സംഖ്യ ആന്തര സപ്തമി. (൧൭൩) ആധാരം. 'മേവും' എന്നതു.

'മഹാസിംഹം', സമാസ വസ്തുനാമം. നിൎല്ലിംഗം.[ചേതന ഗുണാരോപം എന്ന രൂപകത്താലേ പുല്ലിംഗമായിട്ടു പ്രയോഗം.] ഏക സംഖ്യയിൽപ്രഥമ വിഭക്തി. 'മേവും' എന്ന വചനത്തിന്നു കൎത്താവു.

'ഉം', സമബന്ധ മൂലാവ്യം 'സിംഹം' എന്നതിനെ 'വൃക്ഷഭൻ' എന്നതിനോടു അന്വയത്തിൽ ഒന്നിക്കുന്നതു' [ലക്കം ൧൧൭.]

'വൃക്ഷഭൻ' വസ്തുനാമം. അൎത്ഥത്തിൽ നിൎല്ലിംഗം എങ്കിലും രൂപത്തിലും പ്രയോഗത്തിലും മേല്പറഞ്ഞ രൂപകത്താലേ പുല്ലിംഗമായിരിക്കുന്നു. ഏകസംഖ്യയിൽ പ്രഥമ. അന്വയത്തിൽ 'സിംഹം' എന്നതിനോടു ഒക്കുന്നു.

'ഉം', സമബന്ധമൂലാവ്യയം 'വൃക്ഷഭൻ' എന്നതിനെ 'സിംഹം' എന്നതിനോടു അന്വയത്തിൽ ഒപ്പിക്കുന്നതു.

'തങ്ങളിൽ', 'താൻ' എന്ന പുരുഷാൎത്ഥ സൎവ്വനാമത്തിന്റെ ബഹു സംഖ്യയാകുന്ന 'തങ്ങൾ' എന്നതിന്റെ സപ്തമി. 'സിംഹം, 'വൃക്ഷഭൻ' എന്നവെക്കു പകരം നില്ക്കുന്നതു. 'ചേൎന്നു' എന്നതിന്റെ ആധേയം. 'ചേൎന്നു' 'ചേരുക' എന്ന ക്രിയാവചനത്തിന്റെ വന്തം 'മേവും' എന്നു ആധേയം.

'മഹാസിഹം,' സമാസ ഗുണനാമം, ആന്തര സപ്തമി.

'ആയി', 'ആകുക' എന്ന ശുദ്ധ വചനത്തിന്റെ വന്തം, 'മേവും' എന്നതിന്റെ ആധേയം (൩൧൫)

'മേവും', 'മേവുക' എന്ന ക്രിയാവചനത്തിന്റെ ഭവിഷ്യകാലനാമാധേയം, 'കാലം' എന്നതിന്റെ ആധേയം.

'കാലം', വസ്തുനാമനിൎല്ലിംഗം, ഏക സംഖ്യയിൽ ആന്തര സപ്തമി. 'ഭേദിപ്പിച്ചു' എന്നതിന്റെ ആധേയം.

'ഏഷണിക്കാരൻ' ഗുണ നാമപുല്ലിംഗം. ഏക സംഖ്യയിൽ പ്രഥമ 'ആയ' എന്ന ആന്തര നാമാധേയം അതിന്നു ആധാരമായി 'ജംബുകൻ' എന്നതിന്നു വിശേഷണമായിരിക്കുന്നു.

'ഒരു', 'ഒന്നു' എന്ന സംഖ്യനാമത്തിന്റെ ആധേയരൂപം, 'ജംബുകൻ' എന്നതു ആധാരം.

'ജംബുകൻ' വസ്തുനാമ പുല്ലിംഗം. ഏക സംഖ്യയിൽ പ്രഥമ. 'ഭേദിപ്പിച്ചു' എന്നതിന്റെ കൎത്താവു.

ചെന്നു' 'ചെല്ലുക' എന്ന ക്രിയയുടെ വന്തം. കൂടി എന്നതുആധാരം കൎത്താവു 'ജംബുകൻ' എന്നതു തന്നേ.

'കൂടി' 'കൂടുക' എന്ന 'ക്രിയയുടെവന്തം, കൎത്താവുജംബുകൻ, ആധാരം ഭേദിപ്പിച്ചു.' 'ദൂഷണം' ഗുണനാമനിൎല്ലിംഗം. ഏക സംഖ്യയിൽ ആന്തര ദ്വിതീയം 'പറഞ്ഞു' എന്ന സകൎമ്മക ക്രിയയുടെ കൎമ്മം.

'പറെഞ്ഞവർ', 'പറെഞ്ഞു, അവർ' എന്നവയുടെ സന്ധി, അവയിൽ 'പറെഞ്ഞു' എന്നതു 'പറെക' എന്ന സകൎമ്മകക്രിയയുടെ വന്തം. 'ഭേദിപ്പിച്ചു' എന്നതിൻെറ ആധേയം.

'അവർ', നിശ്ചയകരസൎവ്വനാമം. ദ്വിലിംഗത്തിൽ ബഹുസംഖ്യയിൽ ആന്തര ദ്വിതീയ. 'ഭേദിപ്പിച്ചു' എന്ന സകൎമ്മകക്രിയയുടെ കൎമ്മം.

'തങ്ങളിൽ', 'താൻ' എന്നതിൻെറ ബഹുസംഖ്യയാകുന്ന 'തങ്ങൾ' എന്നതിൻെറ സപ്തമി. അതിന്നു 'ഭേദിപ്പിച്ചു' എന്നതു ആധാരം.

'ഭേദിപ്പിച്ചു', 'ഭേദിപ്പിക്ക' എന്ന സകൎമ്മകക്രിയാവചനത്തിൻെറ നിരാധാര നിലയിൽ ജ്ഞാപകയവസ്ഥയിൽ ഭൂതകാലം. 'ജംബുകൻ' എന്നതു അതിന്നു കൎത്താവു.

"ഞാൻ എഴുനീറ്റു എൻെറ പിതാവിൻെറ അടുക്കലേക്കു ചെന്നു അവനോടു പിതാവേ ഞാൻ സ്വൎഗ്ഗത്തിന്നു നേരെയും നിൻെറ മുൻപാകെയും പാപം ചെയ്തിരിക്കുന്നു. ഇനി നിൻെറ പുത്രൻ എന്നു ചൊല്ലപ്പെടുവാൻ ഞാൻ യോഗ്യൻ അല്ല എന്നു പറയും."

'ഞാൻ' പുരുഷാൎത്ഥസൎവ്വനാമം. ത്രിലിംഗത്തിൽ ഏകസംഖ്യയിൽ പ്രഥമ. 'പറയും' എന്ന വചനത്തിൻെറ കൎത്താവു.

'എഴുനീറ്റു' 'എഴുന്നു, ഏറ്റു' എന്നവയുടെ സന്ധി. 'എഴുന്നു' 'എഴുലുക' എന്ന ക്രിയാവചനത്തിൻെറ വന്തം. 'ഏറ്റു' എന്നതിൻെറ ആധേയം. കൎത്താവു 'ഞാൻ' എന്നതു തന്നേ. 'ഏറ്റു' എന്നതു 'ഏല്ക്കുക' എന്നതിൻെറ വന്തം. ആധാരം 'ചെന്നു' എന്ന വന്തവും കൎത്താവു 'ഞാൻ' എന്നതും തന്നേ.

'എൻെറ', ഞാൻ എന്ന പുരുഷാൎത്ഥസൎവ്വനാമത്തിൻെറ ഷഷ്ഠി. ആധാരം 'പിതാവിൻെറ' എന്നതു തന്നേ.

'പിതാവിൻെറ', വസ്തുനാമപുല്ലിംഗം. ഏകസംഖ്യയിൽ ഷഷ്ഠി. അതിന്നു 'അടുക്കലേക്കു' എന്ന നാമം ആധാരം.

'അടുക്കലേക്കു', 'അടുക്കിലേക്കു' എന്നതിൻെറ മാററം. അതു 'അടുക്കു' എന്നതിൻെറ സാപ്തമ്യ ചതുൎത്ഥിയാകുന്നു. 'ചെന്നു' എന്ന വന്തം അതിന്നു ആധാരം.

'ചെന്നു' 'ചെല്ലുക' എന്ന അകൎമ്മകക്രിയയുടെ വന്തം. അതിന്നു ഞാൻ എന്നതു കൎത്താവു.

'അവനോടു,' പുരുഷാൎത്ഥസൎവ്വനാമം. സാദൃശ്യം 'അവൻ'

പുല്ലിംഗത്തിൽ ഏകസംഖ്യയിൽ തൃതിയവിഭക്തി. 'പിതാവു' എന്നതിന്നു പകരം നില്ക്കുന്നതു. 'പറെയും' എന്ന വചനം അതിന്നു ആധാരം.

'പിതാവേ', 'പിതാവു' എന്നതിന്റെ സംബോധന.

'ഞാൻ', പുരുഷാൎത്ഥസൎവ്വനാമം, പ്രഥമ. 'ചെയ്തിരിക്കുന്നു' എന്ന ക്രിയാവചനത്തിന്റെ കൎത്താവു.

'സ്വൎഗ്ഗത്തിന്നു', സ്വരൂപം 'സ്വൎഗ്ഗം' വസ്തുനാമം നിൎല്ലിംഗം, ഏക സംഖ്യയിൽ ചതുൎത്ഥി. 'നേരേ' എന്നതു ആധാരം.

'നേരേ', 'നേർ' എന്ന നാമത്തോടു ഏ എന്നതു ചേൎന്നുണ്ടാകുന്ന അവ്യയം.

'ഉം', സമബന്ധ മൂലാവ്യയം. 'നേരേ' എന്നതിനെ 'മുൻപാക' എന്നതിനോടു സംബന്ധിപ്പിക്കുന്നതു.

'മുൻപാക', 'മുൻപു' എന്നതിനോടു 'ആക' എന്ന ആന്തം കൂടിയുണ്ടാകുന്ന അവ്യയം.

'ഉം', 'മുൻപാക' എന്നതിനെ 'നേരേ' എന്നതിനോടു കൂട്ടിച്ചേൎക്കുന്നതു.

'പാപം', ഗുണനാമം, നിൎല്ലിഗം, ഏക സംഖ്യയിൽ ആന്തര ദ്വിതീയ. 'ചെയ്തിരിക്കുന്നു' എന്ന സകൎമ്മക ക്രിയയുടെ കൎമ്മം.

'ചെയ്തിരിക്കുന്നു', 'ചെയ്തു' എന്ന സ്വയഭാവവന്തത്തോടു 'ഇരിക്കുന്നു' എന്ന ഭാവവചനം കൂടിയുണ്ടാകുന്നതു. 'ഇരിക്കുന്നു' എന്നതു 'ഇരിക്ക' എന്നതിന്റെ സ്വയഭാവത്തിൽ നിരാധാര നിലയിൽ ജ്ഞാപകയവസ്ഥയിൽ വൎത്തമാന കാലം. 'ഞാൻ' എന്നതിന്റെ ക്രിയ.

'ഇനി', തദ്ധിതാവ്യയം. "അല്ല" എന്നതു അതിന്നുആധാരം.'നിന്റെ' 'നീ'എന്ന പുരുഷാൎത്ഥത്തിന്റെഷഷ്ഠി. ത്രിലിംഗത്തിൽ ഏക സംഖ്യ.'പിതാവു' എന്നതിന്നു പകരം. 'പുത്രൻ' എന്നതുആധാരം.

'പുത്രൻ', വസ്തുനാമപ്പുല്ലിംഗം, ഏക സംഖ്യ, പ്രഥമ വിഭക്തി. 'ആകുന്നു' എന്ന ആന്തര വചനത്തിന്റെ കൎത്താവു.

'എന്നു' 'എങ്ങുക' എന്ന വചനത്തിന്റെ വന്തം. ആധാരം 'ചൊല്ലപ്പെടുവാൻ' എന്നതു.

'ചൊല്ലപ്പെടുവാൻ', 'ചൊല്ല' എന്ന ആന്തത്തോടു 'പടുക' എന്നതു കൂടിയുണ്ടാകുന്ന കൎമ്മണി ക്രിയയുടെ സ്വയഭാവനന്തം. ആധാരം 'അല്ല' എന്നതു തന്നേ. (ഢ.വ.ഭ.)

'യോഗ്യൻ', ഗുണിനാമം. പുല്ലിംഗത്തിൽ ഏക സംഖ്യയിൽ പ്രഥമ. രണ്ടു പ്രഥമ വേണ്ടുന്ന 'അല്ല' എന്ന വചനത്തിന്റെ ആധേയം. [൧൨൯.]

'അല്ല', ശുദ്ധ വചനത്തിന്റെ പ്രതിഭാവത്തിൽ നിരാധാര നിലയിൽ ജ്ഞാപകയവസ്ഥയിൽ വൎത്തമാന കാലം. 'ഞാൻ' എന്നതിനോടു അന്വയം.

വ്യാകരണപദങ്ങൾ.

GRAMMATICAL TERMS.

അകൎത്തൃവചനം, Impersonal Verb, കൎത്താവു അന്തരമായിരിക്കുന്ന വചനം. [ലക്ഷം ന. പ്ര.]

അകൎമ്മകം, Intransitive, കൎമ്മമില്ലാത്ത ക്രിയ. [ന. വ.]

അക്ഷരം, Letter, വാക്കിന്റെ മുതല്ക്കാരണം. [വ്യ.]

അക്ഷരലക്ഷണം, Orthography, വ്യാകരണത്തിൽ ഒന്നാംകാണ്ഡം. [ന്യ.]

അച്ച, സ്വരം, Vowel, താനേമുഴുവനും ശബ്ദിക്കാകുന്നയക്ഷരം. [പ്ര.]

അജന്തം, Ending in a Vowel, അച്ചിൽ അവസാനിക്കുന്നതു.

അജാദി, Beginning with a Vowel, അച്ചിൽതുടങ്ങുന്നതു.

അതിഖരം, Aspirated sharp: ഖ ഛ ഠ ഥ ഫ എന്നവ. [പ്ര.]

അനക്ഷരം, Misspelling, അക്ഷരം പിണക്കി എഴുതുക.

അനുകാരം, അനുരൂപം, Onomatopoeia, വസ്തുക്കളുടെ ശബ്ദത്തിനൊപ്പിച്ചുണ്ടാകുന്ന പദം: ദൃ—ന്തം; 'ഗുളുഗുളുക്ക, കുടുങ്ങുക, കാക്ക.' [ൻരൂ.]

അനുനാസികം, Nasal ങ ഞ ണ ന മ ന് എന്നയക്ഷരങ്ങൾ. [പ്ര.]

അനുബന്ധം, Conjoined, [രൂപ.]

അനുസ്വാരം, The Final form of മ or any other Nasal, മകാരത്തിന്റെയും മറ്റ അനുനാസികങ്ങളുടെയും അന്ത്യരൂപം. [രൂവ്യ.]

അന്തസ്ഥ, Liquid, ള ഴ റ ന് എന്നവയിൽ ഒന്നു. [പ്രരൂ.]

അന്വയം, Syntax, മൊഴികൾ തമ്മിലുള്ള ചേൎച്ച.

അൎദ്ധാക്ഷരം, Asyllalic letter, അച്ചിനോടു കൂടാതുള്ള ഹല്ലു. [പ്രവ്യ.]

അൎദ്ധാച്ചു, Half vowel sound, പദാന്തത്തിൽ ഹല്ലിനെ മുഴുവനായിട്ട ശബ്ദിക്കുന്നതിന്നവേണ്ടുന്ന സ്വരശബ്ദം. [൧൯.]

അഭിസ്ഥാനം, Second Person, 'നീ, നിങ്ങൾ' എന്ന സൎവ്വനാമങ്ങൾക്കുള്ളതു. [൨൩൩.] സംസ്കൃതത്തിലെ മദ്ധ്യമ പുരുഷൻ.

അല്പപ്രാണൻ, Nonaspirated, ക ഗ ച ജ ട ഡ ത ദ പ ബ എന്നയക്ഷരങ്ങളിൽ ഒന്നു. [൧൭.]

അവൎഗ്ഗ്യം, Miscellaneous, യ ഇടങ്ങി ന൦ വരയുള്ള യക്ഷരങ്ങൾ. [൧൭.]

അവശബ്ദം, Wrong pronunciation, വക്കളായി ശബ്ദിക്ക.

അവ്യയം, Connective, പ്രധാന മൊഴികളെ തമ്മിൽ കൂട്ടിക്കെട്ടുന്ന പദം. [൬൬.]

അഷ്ടമി, The Vocative, എട്ടാവത്തേ വിഭക്തി.

ആത്മസ്ഥാനം, First Person, 'ഞാൻ, ഞങ്ങൾ, നാം' എന്ന സൎവ്വനാമങ്ങൾക്കുള്ളതു. [൨൩൩.] സംസ്കൃതത്തിലെ ഉത്തമ പുരുഷൻ.

ആന്തം, Adverbial Participle ending in, അ; അകാരാന്ത വചനാധേയം; 'കൂട, കൊല്ല, അറിയ, വളര' എന്നിങ്ങനെയുള്ളവ തന്നേ. [൩൫൯-൩൬൦.]

ആധാരം, Governing word, മറ്റൊന്നിനെത്താങ്ങുന്ന പദം.

ആധേയം, Dependent word, മറ്റൊന്നാൽ താങ്ങപ്പെട്ട പദം. [൩൩൩.]

ആശകയവസ്ഥ, Imperative mood, ആശ പറെയുന്നതിന്ന വചനത്തിന്നുണ്ടാകുന്ന രൂപ ഭേദം. [൩൭൩-൩൩൩.]

ആന്തരം, Logical in opposition to Formal, രൂപം കൂടാതെ അൎത്ഥംകൊണ്ടു: ദൃ—ന്തം, മരത്തെ എന്നതിന്ന പകരം മരം എന്ന വരിക. [൧൯൬.]

ഏകനാമം, Singular or Proper Noun, ഒററ വസ്തുവിന്റെ പേർ. [൧൦൦.]

ഏകസംഖ്യ, Singular Number, വൎഗ്ഗത്തിൽ ഒന്നെന്ന കാണിക്കുന്നതു. [൧൩൩.] സംസ്കൃതത്തിലെ ഏക വചനം.

ഏകാക്ഷരം, Monosyllable, ഒററയക്ഷരമുള്ളതു.

ഇടബന്ധം, Augment, പ്രകൃതിയുടെയും രൂപത്തിന്റെയും ഇടയിൽ വരുന്നതു.

ഇരട്ടയക്ഷരം, Double letter, ക്ക ച്ച ട്ട ന്ന എന്നിങ്ങനെയുള്ള അക്ഷരങ്ങളുടെ പേർ. [൨൩.]

ഒച്ച, Pitch of the voice as loud or low, ശബ്ദത്തിന്റെ കേൾവി. [൧൦.]

ഒറ്റയക്ഷരം, Single letter, ക ച ഗ മ യ ഉ എന്നിങ്ങനെ ഒറ്റയായി വരുന്നത്.

ഓഷ്ഠ്യം Labial, ചിറികൊണ്ടുണ്ടാകുന്നത് പ ഫ ബ ഭ മ വ എന്നവ തന്നെ.

ഉച്ചം, Tone of the voice as sharp or grave, ശബ്ദത്തിന്റെ മുറുക്കം. [൧൦]

ഉച്ചാരണം, Pronounciation, ശബ്ദിക്ക.

ഉടമ, Possession, ഒന്നിന്റെ വക.

ഉടയത്, Possessor, വകയുള്ളത്

ഉത്ഭവം, Derivation, ഒരു മൊഴിയിൽനിന്നു മറ്റൊന്നു വരുന്ന ക്രമം.

ഉപമാനം, Similitude,
ഉപമേയം, What is similar,
ചന്ദ്രനെപ്പോലുള്ള മുഖം എന്നതിൽ ചന്ദ്രൻ ഉപമാനവും മുഖം ഉപമേയവും

ഉപവർഗ്ഗം, Species, മൂലവർഗ്ഗത്തിന്റെ വിഭാഗിപ്പായ കീഴവർഗ്ഗം [൧൦൪.]

ഉപസർഗ്ഗം, Prefix, തനിച്ചർത്ഥമില്ലാത്ത പദം. [൨൫.]

ഉപസർഗ്ഗസമാസം, A certain compound word, ഉപസർഗ്ഗം കൂടിയുണ്ടാകുന്ന സമാസം. [൨൫.]

ക്രിയാന്യൂനം, Adverb, വചനാധേയത്തിന്നു മറ്റൊരു പദം.

ഗണനാമം, Noun of Multitude, പലതുകൂടിയുണ്ടാകുന്നതിന്റെ നാമം, 'സഭ, സൈന്യം' എന്നിങ്ങനെയുള്ളവ.

ഗദം, Articulate, വ്യക്തം. [൧൧.]

ഗദ്യം, Prose, പദ്യം അല്ലാത്ത വാചകം.

ഗുണം, Abstract noun,
ഗുണി. Concrete noun,
'നീതിമാൻനീതി ചെയ്യും' എന്നതിൽ 'നീതി' ഗുണ നാമവും 'നീതിമാൻ' ഗുണി നാമവും. [൧൦൭.]

ഘോഷാഷ്ഠം, Aspirated flat, ഘ ഝ ഢ ധ ഭ എന്നവയുടെ നാമം

ചതുർത്ഥി, Dative, നാലാവത്തെ വിഭക്തി. [൧൩൩.]

ജ്ഞാപകയവസ്ഥ, Indicative Mood, നിനവിനെ അറിയിക്കുന്നതിന്നു വചനത്തിന്നുണ്ടാകുന്ന രൂപ ഭേദം. [൩൩൧.]

തത്ഭവം, Corrupt but received form of a word, ലക്ഷം, പക്ഷി, സിന്ദൂരം എന്നവയിൽനിന്നു ലെടം, പക്കി, ചിന്തൂരം എന്നു വരുന്നവെക്കു തത്ഭവം എന്നു പേർ.

തദ്ധിതം, Derivative, മൂല പദത്തിൽനിന്നു വരുന്നതു. [൨൨൯.]

തല്പുരുഷസമാസം, A kind of Compound noun, രാജപുത്രൻ എന്നും മററുമുള്ള സമാസനാമത്തിന്റെ പേർ. [൨൩൯.]

താരതമ്യം, Comparison, വസ്തുക്കളെ തമ്മിൽ ഒപ്പം നോക്കുക.

താലവ്യം Palatal, ച ഛ ജ ഝ ഞ യ ശ എന്നയക്ഷരങ്ങളുടെ പേർ. [൩൭.]

തൃണക്കാരണം, Instrumental cause, മൂന്നുവകക്കാരണങ്ങളിൽ ഒന്നു. [൨൦൮.]

തൃതീയ, Sociative Case, മൂന്നാമത്തെ വിഭക്തി. [൪൭൩.]

ദന്ത്യം, Dental, ത ഥ ദ ധ ന സ എന്നയക്ഷരങ്ങളുടെ പേർ. [൩൯.]

ദീർഘസ്വരം, Long vowel, ആ ഏ ഈ ഓ ഊ എന്നവയുടെ നാമം. [൪൮.]

ദേശ്യം, Provincialism, ചിലടത്തുമാത്രം നടപ്പുള്ള വാക്കു.

ദ്വിതീയ, Accusative Case, രണ്ടാം വിഭക്തി. [൪൭൩.]

ദ്വിസ്വരം, Diphthong, ഐ ഔ എന്നവയുടെ പേർ [൪൬.]

ദ്വന്ദ്വസമാസം, A kind of compound noun, മാതാപിതാക്കന്മാർ, ശിക്ഷാരക്ഷ എന്നുംമററുമുള്ള സമാസങ്ങളുടെപേർ. [൨൧൦.]

ദ്വികർമ്മകം, Double Transitive, രണ്ടു കർമ്മമുള്ള ക്രിയ. [൩൨൩.]

ദ്വിലിംഗം, Common Gender, രണ്ടു ലിംഗത്തിലും വരുന്ന നാമം. ദൃ—ന്തം; പാപി.

ദ്വിസംഖ്യ, Dual number, വർത്തിൽ രണ്ടു എന്നു കാണിക്കുന്ന രൂപം. [൪൩൬.]

ധാതു, Verbal root, വചനത്തിന്റെ മൂലം. [൨൯൯.]

നന്തം, Infinitive Mood, നകാരാന്ത വചനാധേയം: ദൃ—ന്തം; വരുവാൻ. [൩൭൨.]

നാമം, Noun, വസ്തുക്കളുടെ പേരുപറെയുന്ന പദം. [൯൨.]

നാമാധേയം, Adnoun, Nominal Participle, നാമം ആധാരമായിരിക്കുന്ന പദം [൩൯൧.]

നിമിത്തകാരണം, Final cause, സാദ്ധ്യം. [൪൯൨.]

നിർല്ലിംഗം, നപുംസകലിംഗം, Neuter Gender, ലിംഗഭേദമില്ലാത്ത നാമം. [൪൪൩.]

നിരാധാരനില, Absolute state, വേറിട്ടാധാരമില്ലാത്ത നില. [൩൩൦.]

നിശ്ചയകരം Demonstrative, സൎവ്വനാമങ്ങളിൽ ഒരു വക. [൨൯൭.]

പഞ്ചമി, Causative Case അഞ്ചാവത്തേ വിഭക്തി. [൫൯൩.]

പദലക്ഷണം, Accidents of words, Etymology and Syntax, മൊഴികളുടെ രൂപഭേദങ്ങളെയും മറ്റും പറെയുന്നതു. [൪൩.]

പദ്യം, Poetry, മാത്ര ഒപ്പിച്ചുള്ളവാചകം.

പരസ്ഥാനം, Third Person, അവൻ, അവർ, അതു എന്നിങ്ങനെയുള്ള നാമങ്ങളുടെ സ്ഥാനം. സംസ്കൃതത്തിലേ പ്രഥമ പുരുഷൻ. [൨൮൮.]

പരാധാരനില, Dependent state, മറ്റൊന്നാധാരം വേണ്ടുന്ന നില. [൩൩൦.]

പുരുഷാൎത്ഥം, Pronoun Personal, ഞാൻ, നീ, അവൻ എന്നുള്ള സൎവ്വനാമങ്ങളുടെ പേർ. [൨൮൯.]

പുല്ലിംഗം, Masculine, നാമം പുരുഷാകൃതി എന്നു കാണിക്കുന്നതു. [൫൫൫.]

പൂൎണ്ണാക്ഷരം, Syllabic letter, സ്വരം കൂടിയ അക്ഷരം. [൫൮.]

പ്രകൃതി, Crude form, നാമത്തിന്റെ മൂല രൂപം.

പ്രത്യയം, Affix, മൊഴികളുടെ അന്ത്യത്തിൽ ചേരുന്ന രൂപം.

പ്രതിഭാവം, Negative Voice, വചനത്തിൽ കൎത്താവും വാച്യവും തമ്മിൽ ഭിന്നിക്കുന്നു എന്നു കാണിക്കുന്നതു. [൩൨൪.]

പ്രഥമ, NominativeCase, ഒന്നാവത്തേ വിഭക്തി. [൫൯൩.]

പ്രാകൃതഭാഷ, Vulgar language, നടപ്പു ഭാഷ.

പൃച്ഛകം, Interrogative, ചോദ്യത്തിനുള്ള സൎവ്വനാമം. [൩൯൨.]

പ്ലുതം, Very long, മഹാ ദീൎഘം. ദൃ—ന്തം; ബാലാഅം. [൩൦.]

ബഹുസംഖ്യ, Plural Number, വസ്തുത്തിൽ പലതെന്നു കാണിക്കുന്നതു. സംസ്കൃതത്തിലേബഹു വചനം. [൫൩൮.]

ബന്ധനാമം, Significant Noun, ഉത്ഭവത്തിന്നു ചില കാരണമുള്ള നാമം. [൫൦൮.]

ബാധകം, Anomaly, സൂത്രം പിഴെച്ചു വരുന്ന രൂപങ്ങൾ.

ഭൂതകാലം, Past Tense, കഴിഞ്ഞ കാലം. [൩൩൫-൩൩൨].

ഭവിഷ്യകാലം, ഭാവികാലം, Future Tense, വരുംകാലം. [൩൩൫.]

ഭാവവചനം, Verb of posture, വചനകൎത്താവിനുള്ളതു [൩൫൭.]

മഹാപ്രാണൻ. Aspirated, ഖ ഘ ഛ ഫ എന്നിങ്ങനെയുള്ളവയുടെ നാമം. [൫൭.]

മാത്ര, Quantity, സ്വരങ്ങളുടെ അളവു. [൩൦.]

മുതല്ക്കാരണം, Material cause, മൂന്നു കാരണങ്ങളിൽ ഒരു വക. [൨൦൯.]

മൂൎദ്ധന്യം; Cerebral, ട ഠ ഡ ഢ ണ ഷ ഴ ള എന്നവയുടെ നാമം. [൩൯.]

മൂലനാമം, Primitive Noun, മറ്റൊന്നിൽനിന്നു വരാത്ത നാമം. [൨൩.]

മൂലവൎഗ്ഗം, Genus, ഉപവൎഗ്ഗമുള്ളതു. [൫൦൯.]

ഷമൌന്യം; Lingual ര റ ററ ല ന് എന്നവയുടെ നാമം. [൩൪.]

മൃദു, Flat, ഗ ജ ഡ ദ ബ എന്നവയുടെനാമം. [൫൭.]

സ്വയഭാവം, Affirmative Voice, വചനത്തിൽ കൎത്താവും വാച്യവും തമ്മിൽ യോജിക്കുന്നു എന്നു കാണിക്കുന്നതു. [൩൨൯.]

രുതം, Inarticulate, പക്ഷികളുടെ എന്ന പോലെ വ്യക്തമല്ലാത്ത ശബ്ദം. [൫൫.]

രൂഢിനാമം, വസ്തുവിന്നു നിശ്ചിച്ചിട്ട പേർ. Primitive Noun. [൫൦൭.]

രൂപം, Form, Termination, മൊഴിയുടെ ആകൃതി.

ലന്തം Subjunctive Mood, വചനത്തിൽ സംഭാവനയെകാണിക്കുന്ന രൂപം: ദ്ര— ന്തം; 'വരികിൽ,വന്നാൽ'

ലിംഗം, Gender, ആണോ പെണ്ണോ എന്നുള്ള ഭേദം കാണിക്കുന്നതു. [൫൫൦.]

ലോപം, Elision, മൊഴിയിൽ അക്ഷരങ്ങളെത്തള്ളുക.

വൎത്തമാനകാലം, Present Tense, പറയുന്ന സമയം. [൩൩൫.]

വചനം, Verb, കൎത്താവും വാച്യവും തമ്മിലുള്ള സംബന്ധത്തെകാണിക്കുന്നതു. [൨൬൯.]

വചനാധേയം, Verbal Participle or Adverb,വചനമാധാരമായിരിക്കുന്ന പദം. [൩൭൭.]

വൎഗ്ഗനാമം, Common Noun കൂട്ടത്തെ അടെച്ചു പറയുന്ന നാമം. [൫൦൫.]

വന്തം, Adverbial Prrticiple ending in ഉ, or ഇ. വചനാധേയങ്ങളിൽ ഒന്നു. [൩൩൫.]

വാചകലക്ഷണം, Composition, വാചകമുണ്ടാക്കുന്ന പ്രമാണം.

വാച്യം, Predicate, ഒന്നിനെക്കുറിച്ചു പറയപ്പെട്ടതു.

വാച്യനാമം, The Verbal Abstract Noun, വചനത്തിൽ അടങ്ങിയിരിക്കുന്ന വാച്യത്തിന്റെ പേർ. [൩൦൧.]

വികാരം, Change, മാററം.

ശബ്ദനൂനം, Adjective, നാമധേയത്തിന്നു നല്പു വാക്കു.

വിഭക്തി. Case, വാക്യത്തിൽ മററു മൊഴികളോടുള്ള സംബന്ധം കാണിക്കുന്നതിന്നു നാമത്തിന്നുള്ള രൂപഭേദം. [൧൩൧.]

വിരൂപവിഭക്തി, The Oblique Case, പ്രഥമയൊഴികയുള്ള വിഭക്തി.

വിവരണം, Formal, in opposition to Logical, വിഭക്തി രൂപത്തോടു കൂടിയതു. [൧൭൩.]

വിശേഷണം, Qualifying, ⎧ 'ഏറിയ ജനം' എന്നതിൽ
⎨ 'ഏറിയ' വിശേഷണവും
വിശേഷ്യം, Qualified, ⎩ 'ജനം' വിശേഷ്യവുമാകുന്നു

വിസൎഗ്ഗം, The Final form of ഹ, ഹകാരത്തിന്റെ അന്ത്യരൂപം.

വ്യഞ്ജനം, Consonant, മുഴുശബ്ദത്തിന്നു അച്ചിന്റെ സഹായം വേണ്ടിയ അക്ഷരം. അതിന്നു ഹല്ലു എന്നും പേരുണ്ടു. [൧൪.]

വ്യാകരണം, Grammar, ഭാഷയുടെ ലക്ഷണം! പറയുന്നതു. [൧.]

ശബ്ദഭേദം, ശബ്ദരാഗം, Euphony, കേൾവിക്കു ഇമ്പം.

ശബ്ദേന്ദ്രിയം, Organs of speech, ശബ്ദിക്കുന്നതിന്നു വേണ്ടുന്ന ആയുധം. പല്ലു നാക്കു ചിറി മുതലായവെക്കുള്ള പേർ.

ശാസ്ത്രം, Science, സിദ്ധാന്തജ്ഞാനം. [൨.]

ശുദ്ധവചനം, Substantive Verb, വാച്യമുൾപ്പെടാത്ത വചനം. [൩൧൩—൩൧൮.]

ഷഷ്ഠി, Genitive Case, ആറാം വിഭക്തി. [൧൩൩.]

സകൎമ്മകം, Transitive, കൎമ്മത്തോടുകൂടിയതു. [൩൨൧.]

സകൎത്തൃവചനം, Personal Verb, കൎത്താവുള്ള വചനം. [൩൧൪.]

സംഖ്യ, Number, ഒന്നോ പലതോ എന്നു കാണിക്കുന്നതിന്നു നാമത്തിന്നുള്ള രൂപഭേദം. അതിന്നു സംസ്കൃതത്തിൽ വചനമെന്നു പേർ. [൧൩൯-൧൩൦.]

സമാസം, Compound, കൂട്ടമൊഴി. [൧൩൪.]

സംജ്ഞ, Character, sign, അക്ഷരലക്ഷണത്തിൽ ഒന്നാം അദ്ധ്യായം. [൭.]

സന്ധി, Combination, അക്ഷരലക്ഷണത്തിൽ രണ്ടാം അ ദ്ധ്യായം. [൯൦.]
സംബോധന, Vocative, എട്ടാവത്തേവിഭക്തി. [൧൩൨.]
സംഭവവചനം, Neuter Verb, വചനകൎത്താവിന്നു സം ഭവിക്കുന്നതു. [൩൧൩.]
സംഭാവന, Supposition, condition, കാരണകാൎയ്യ സം ബന്ധത്തിൽ കാരണത്തെ നിശ്ചയപ്പെടുത്താതെ പറക. [൩൭൧.]
സപ്തമി, Locative Case, ഏഴാം വിഭക്തി. [൨൧൨.]
സലിംഗം, Personal Noun, നിൎല്ലിംഗമല്ലാത്തതു. [൧൧൮.]
സവാച്യനാമം, Verbal Concrete Noun, വാച്യത്തോടു കൂടിയ നാമം. [൩൪൩-൩൪൪.]
സൎവ്വാൎത്ഥം, Indefinite, സൎവ്വനാമങ്ങളിൽ ഒരു വക. [൩൭൩.]
സൎവ്വനാമം, Pronoun, എല്ലാ വസ്തുക്കളോടും ചേരുന്ന നാമം. [൩൯൮.]
സാംഖ്യം, Numeral, സൎവ്വനാമങ്ങളിൽഒരു വക. [൩൪൯.]
സാൎദ്ധസ്വരം, Semivowel, യ ര ല വ എന്നയക്ഷര ങ്ങളുടെ പേർ.
സാഹിത്യം, Association, കൂട്ടു.
സ്വയഭാവം, Affirmative Voice, കൎത്താവും വാച്യവും തമ്മിൽ യൊജിക്കുന്നു എന്നു കാണിക്കുന്നതു. [൨൨൦].
സ്വരം, Vowel, അച്ചു. താനേ മുഴുവനും ശബ്ദിക്കാകുന്നതു.
സ്വരൂപവിഭക്തി, Nominative Case, പ്രഥമ വിഭക്തി. [൧൭൭.]
സ്ത്രീലിംഗം, Feminine Gender, നാമാൎത്ഥം പെണ്ണെന്നു കാണിക്കുന്നതു. [൧൧൯]
സൂത്രം, Art, rule, ഒന്നു സാധിക്കുന്നതിനുള്ള വഴി കാണി ക്കുന്നതു. [൯.]
ഹല്ലു, Consonant, വ്യംജനം. [൧൨.]
ഹലന്തം, Ending in a Consonant, ഹല്ലിൽ അവസാനി ക്കുന്നതു.
ഹലാദി, Beginning with a Consonant, ഹല്ലിൽ തുടങ്ങു ന്നതു.
ഹേതുകാരണം, Efficient cause, മൂന്നുവകകാരണങ്ങ ളിൽ ഒന്നു. [൨൬൨.]
ഹ്രസ്വസ്വരം, Short Vowel അ, ഇ, ഉ, എ, ഒ, എ ന്നവയിൽ ഒന്നു. [൧൮.]

അവസാനം.

ശുദ്ധപത്രം.

പുറം.	വരി.	അബദ്ധം.	സുബദ്ധം.
൧	൧൦	കൊണ്ടു	കൊണ്ടു അതു
൨	൧൧	ഇങ്ങിനെ	ഇങ്ങനെ
൫	൧൭	എപ്പോൾ പോയി	ഒക്കപ്പോയി
൭	൪	൪വ്യ	നാല്പത്തെട്ടു
൮	൨൯	കകാരം	വിശെഷിച്ചും— കകാരം
൧൧	൨	ഉകാരം	ഉകാരം
൧൧	൪	ഊകാരം	ഊകാരം
൧൧	൨൩	ഐ	പിന്നെയും ഐ
൧൨	൨൯	സാദ്ധ്=സ്വര	സാദ്ധ്സ്വര
൧൩	൨൮	ഉകാരം	ഉകാരം
൧൫	൨൯	പുല്ക്രൂട, നെല്പുര	പുല്ക്രൂട. നെൽ— പ്പുര
൨൪	൧൨	ന്നു	ന്ന
൨൪	൧൫	ന്ന	ന്നു
൨൫	൭	ഇരട്ടിച്ച	ഇരട്ടിച്ചു
൨൮	൧൭	[മണ]	[മണം]
൨൯	൨	കാട്ട—തോക്ക	കാട്ടു—തോക്ക
൨൯	൩	ആയസ്സ	ആയുസ്സ
൨൯	൨൫	മമ്പന്തരം	മന്വന്തരം
൨൯	൨൯	ഏകാരവും	ഏകാരവും
൩൦	൨൩	ഹകാരം	ഹകാരം
൩൧	൨	കന്നു. മൊഴി	കന്ന മൊഴി
൩൧	൩൨	ഖരങ്ങൾ	ഖരങ്ങൾ
൩൨	൧	എകാരമായിട്ട	ഏകാരമായിട്ട
,,	൩൪	ഉകാരമായിട്ടും തിരിയും.	തെളിഞ്ഞ ഉകാര— മായിട്ട ശബ്ദിക്കും.
,,	൩൫	വീട്ട ആററ	വീട്ടു—ആററ
,,	൩൬	അവരൊട	അവരോടു
൩൩	൧൭	വകാരമായിട്ട	വകാരമായിട്ടു
൩൫	൩	പണംകൊടുത്തു	പണംകൊടുത്തു

പുറം.	വരി.	അബദ്ധം.	സുബദ്ധം.
൩൭	൪	അകാര	ആകാര
,,	൫	പിന്നെപിന്നെയും	പിന്നെ—പിന്നെയും
,,	൬	കൂടെ കൂടെയും	കൂടെ—കൂടെയും
,,	൬	മരത്തെമര	മരത്തെ—മര
,,	൭	തന്നേ തന്നെ—യും	തന്നേ-തന്നെ—യും
,,	൯	ബകാരവും പ	ബകാരവും പ
,,	൧൦	പകാരവും	പകാരവും
൩൮	൧൭	ഹ്രസ—സ്വരവും	ഹ്രസ്വസ്വരവും
,,	൨൧	രണ്ടാംകാണ്ഡം-പദലക്ഷണം.	രണ്ടാം കാ—ണ്ഡം പദല.ക്ഷണം.
൪൨	൩൧	കൃഷ്ണൻ	‘കൃഷ്ണൻ
,,	൩൪	സുന്ദരി	സുന്ദരി
൪൬	൯	ആയ്യു	ആയതു
,,	൨൦	യും ബന്ധിച്ചു	സംബന്ധിച്ചു
,,	൨൩	വിവരായിട്ടു	വിവരമായിട്ടു
,,	൩൧	നിലിംഗമായി	നിർല്ലിംഗമായി
,,	൫൬	ഒത്തിരിക്കണം	ഒത്തിരിക്കെ—ണ്ണം
൪൭	൮	പാവ്വതി, മഹാ	പാവ്വതിമഹാ
,,	൧൩	ആ സ്ത്രീ	[ആ സ്ത്രീ]
,,	,,	അതു “ആ ചെറുക്കൻ	‘അതു [ആ ചെറുക്കൻ]
,,	൨൧	സലിംഗമായിട്ടും	സലിംഗമായിട്ടു
൪൮	൫	നിർല്ലിംഗഭേദം	ലിംഗഭേദം
,,	൨൭	സല്ലിംഗത്തിൽ	സലിംഗത്തിൽ
൫൦	൨൧	ആയ്വ	ആയവ
,,	൩൪	മുടന്ത	മുടന്തു
൫൪	൧	ഉകാരം	ഉ്കാരം
,,	൧൪	ഉകാരം	ഉ്കാരം
൫൫	൨൬	ഭപല്ലിംഗാ	ഭിലിംഗാ
൫൭	൧൯	സ്വഭാവേ	സ്വഭാവേന
൫൯	൧൦	ഇരിക്കുംമ്പോൾ	ഇരിക്കുമ്പോൾ
൬൧	൫	ചെയ്യുന്നവൻ	ചെയ്യുന്നവ—ന്റെ
,,	,,	ത്രിതീയ	തൃതീയ

പുറം	വരി.	അബദ്ധം	സുബദ്ധം.
൭	൨൯	മാട്ടാലെ	മാട്ടാലേ
,,	൩൦	മാട്ടിനാലെ	മാട്ടിനാലേ
൮	൩	മാട	മാട്ട
,,	൧൩	പശുക്കളൊലെ	പശുക്കളൊലേ
൯	൩	ദുഷ്ടനാലെ	ദുഷ്ടനാലേ
,,	൪	ദുഷ്ടനടെ	ദുഷ്ടനുടെ
,,	൨൩	താമസികണം	താമസിക്കേണം
൧൦	൧൯	ആയിരിക്കണം	ആയിരിക്കേണം
,,	൨൧	പട്ടർ	പട്ടർ;
,,	൨൩	വിവരീതത്തിന്നും	വിവരത്തിന്നും
൧൨	,,	വിശേഷങ്ങളായിട്ട	വിശേഷണങ്ങളായിട്ട
,,	൨൪	ക്രൂടെ	കൂടെ
൧൩	൨൫	൧൯൧ ഒരു— കെട്ടി	൧൯൧ ഒരു— കെട്ടി
,,	൨൧	ഒരു	മരു
൧൪	൧	ല്ലാലം	തല്ക്കാലം
,,	൩൧	വരണം	വരേണം
൧൫	൨൧	കരണി	കാരണി
,,	൩൫	(ആററാലെ; ആററുകൾ)	'ആററാലേ [ആററുകൾ]
൧൬	൨൩.	വിശേഷമായിട്ട	വിശേഷണമായിട്ട
൧൮	൨	ലോഭ	ലോപ
,,	൧൮	വൻമ്പേ	വൻപേ
,,	,,	(ഷി എന്ന)	[ഷി എന്നേ]
൨൧	൧൫	ആഴ്ക എന്ന ക്രിയ, പദ—	'ആഴ്ക' എന്ന ക്രിയാ പദ—
,,	൧൧	ആകാരം	ആകാരം
,,	൨൦	രാഘ്യ	രഘ്യ
,,	൨൨	ബദ്ധ [രം	ബന്ധു [രം
,,	൩൩	ആദ്യത്തിൽ ആകാ	ആദ്യത്തിൽ ആകാ

പുറം.	വരി.	അബദ്ധം.	സുബദ്ധം.
വ്വ൨	ര	ഗ്രഹികവ്യം	ഗ്രഹതവ്യം
വ്വ൩	൫	സശയ്ക്കുന്ന	സംശയിക്കുന്ന
,,	൧൮	ഹല്ലിരട്ടിക്കണം	ഹല്ലിരട്ടിക്കെണം.
,,	൩൧	പെരുംമ്പരമ്പ	പെരുമ്പരമ്പ
വ്വ൮	ണ	ഉ കാരമായിട്ടും	ഉ കാരമായിട്ടും
,,	൧൯	പ്രകാരത്തിന്റെ	അകാരത്തിന്റെ
,,	൨൧	കൃപകേട്ട	കൃപകേട്ട.
വ്വണ	൨	വരുംമ്പോൾ	വരുമ്പോൾ
വ്വ൭	വ്വ	മുൻമ്പ	മുൻപ
,,	൧൩	അതിഗമനം	അധിഗമനം
,,	൨൦	മുൻമ്പാകെ	മുൻപാകെ
,,	൨൯	ഉള്ള	ഉള്ള
,,	,,	നിരൂഢ'	നിരൂഢം,'
,,	൩ണ	മുൻമ്പോട്ട, മുൻമ്പ കൂട്ടി	മുൻപോട്ട, മുൻപ കൂട്ടി
വ്വവ്വ	൨൭	വൃഛരകങ്ങൾ	'വൃശ്ചകങ്ങൾ'
,,	൩൧	നാമങ്ങൾക്കും	നാമങ്ങൾക്ക
വ്വൻ	൨൧	തമിഴയാൻ	[തമിഴിൽ യാൻ]
,,	൨൭	പെണഞ്ഞല്ലോ	പിണഞ്ഞല്ലോ
ൻം	൧൦	നാം എന്നാകും	നം എന്നാകും.
ൻ൧	ര	അവർ അവ	അവർ, അവ
ൻ൨	൨൨	ആസ്സംഗതി	ആ സംഗതി
ൻ൩	വ്വ	വരുന്ന	വരുന്ന
,,	൧൧	ഇന്നീന്ന	ഇന്നീന്ന
,,	൧൩	വൃഛരകങ്ങൾ	വൃശ്ചകങ്ങൾ
,,	൧ര	വൃഛരക	വൃശ്ചക
,,	൨ണ	എന്നു	എന്ന
ൻ൮	൨൨	എന്ന	'എന്ന'
,,	൩൦	മരുതെന്നു പറകയെന്ന	ഇന്നതെന്ന പറക എന്ന
,,	൩ണ	പുല്ലിംമൊ	പുല്ലിംഗമോ
ൻ൫	൧ര	വൃഛരകങ്ങളോട്ട	വൃശ്ചകങ്ങളോട്ട
,,	൧ൻ	എന്ന [ലവൾ	എന്നവ [ലവൾ
,,	൨൭	ചില ചിവൻ,	ചിലവൻ—ചി

പുറം.	വരി.	അബദ്ധം	സുബദ്ധം.
൯൫	൨൯	പറഞ്ഞു	'പറെഞ്ഞു' എന്നതിൽ 'പറെഞ്ഞു'
,,	൩൫	ഓരോത്തി	ഓരോരുത്തി
൯൭	൧൨	എന്നതും	എന്നതു
൯൮	൯	സ്വായഭാവത്തൊടു	സ്വായഭാവത്തോടും
൧൦൦	൨൦	അൻമ്പതു	അൻപതു
൧൦൧	൧	വീതു	വീതം
,,	൧൫	എണ്ണത്തൊടും	എണ്ണത്തൊടു
൧൦൨	൧൮	ഇകാരത്തോടു	ഈകാരത്തോടും
,,	൨൪	ഇങ്ങെന്നും	ഇങ്ങ എന്നും
൧൦൩	,,	മാത്രവും	മാത്രം
,,	൨൮	ഈഃദ്ദേഹം	ഈദ്ദേഹം
൧൦൫	൩	എന്നൊ	എഃന്നാ ഭിന്നിക്കുന്നു എഃന്നാ
,,	൧൭	കൊണ്ടും	കൊണ്ടു
൧൦൭	൧൦	ആവശ്യമില്ല	ആവശ്യമല്ല
൧൦൯	൩	താക്കുക	താഴ്ക്കുക
,,	൨൦	നട=ന്ന	നട്ട
൧൧൦	൩	രു	ര
,,	൧൬	കള	ക്കള
൧൧൧	൮	ക്രിയാചനം	ക്രിയാവചനം
൧൧൯	൧൬	ച്ച	ച്ചു
,,	൨൦	നട്ട	നട്ട
൧൨൦	൨൭	ഏതായിട്ടു	എന്നതായിട്ടു
൧൨൧	൩൮	ആ ങ്ങു	ആങ്ങു
൧൨൨	൨൧	വന്നു	വരും
,,	൨൬	വാചി	വാച്യ
൧൨൪	൯	തിന്നോട്ടും	തിന്നോട്ട
൧൨൫	൪	ചേരുന്നതിനും	ചേരുന്നതിനു
൧൨൭	൮	ആയ്ക്ക	ആയ്ക്ക
,,	൨൧	നടപ്പിൻ	നടപ്പിൻ
൧൨൯	൬	ആട്ടെ; കാട്ടെക്കെ	ആട്ടെ, കാട്ടെ, ക്കെ
,,	൧൧	കാട്ടെക്കെ	കാട്ടെ; ക്കെ
൧൩൧	൨൬	നടന്ന	നടന്നു
,,	൨൫	വരാഞ്ഞെ	വരാഞ്ഞു

		അബദ്ധം.	സുബദ്ധം.
പുറം.	വരി.		
൧൩൨	൧൭	ഇട്ട	ഇട്ടു
൧൩൪	൩	ഇട്ട	ഇട്ടു
,,	൪	ആറെ	ആറേ
൧൩൭	൨൭	നടക്കുന്നു	നടക്കുന്നു
൧൩൯	൧൫	ആധേയമായിട്ടും	ആധേയമായിട്ടു
,,	൩൩	ഇട്ട	ഇട്ടു
൧൪൦	൨൪	ക്കെണമെന്നും	ക്കെണമെന്നു
,,	൩൫	കൊണ്ടും	കൊണ്ടു
൧൪൬	൧൮	ചെല്ലുംപോൾ	ചേരുംപോൾ
൧൪൭	൧	ഉള്ളു	ഉള്ള
൧൪൮	൨൪	ഒരമിശകമായി	ഒരംശകമായി
൧൪൯	൨൬	ഉം	ഉം
൧൫൦	൨൨	ചേരുന്നതു	ചേരുന്നതും
,,	൨൪	൩൧-൩൦൬	൨൯൯-൩൦൪
൧൫൧	൧൦	വീണ്ടു അവൻ നടക്കയിൽ	അവൻ നടക്കയിൽ വീണ്ടു
,,	൧൨	(൨൧൪)	[൨൧൩]
,,	൨൪	നടന്നു	നടന്നു
,,	൨൭	വാൽ	വാൻ
൧൫൨	൯	ഓൽ	ഓൻ
൧൫൪	൧൪	വന്നേൽ	വന്നാൽ
൧൫൫	൧	പാടുക—പട്ടു	പടുക—പാട്ടു
,,	൨	പെറ്റു—തൊട്ടു—നട്ടു	പേറ്റു—തോട്ടു—നാട്ടു
,,	൩	പൊരു	പോരു
,,	൫	ഊണൊ—തിന്ന—ചെല	ഊണു— തീനു—ചേല്വ
,,	൯	ച്ചിൽ	ച്ചൽ
൧൪൬	൧൩	താഴ്ക	താഴ്ക്ക
൧൫൭	൨൭	അല്ലാ	അല്ലാ, അല്ല
൧൬൦	൨൮	'ഇല്ല'	'ഇല്ലാ' 'ഇല്ല'
൧൬൧	൧൭	ഉണ്ടു	'ഉണ്ടു
൧൬൩	൭	൩൬൧—൩൬൩	൩൬൨, ൩൬൩
൧൬൪	൨൯	എന്നുംവരുന്നതിൽ	എന്നുവരുന്നതിൽ

പുറം.	വരി.	അബദ്ധം.	സുബദ്ധം.
൧൩൮	൧൮	എഴുതിയിരിക്കും	എഴുതായിരി-ക്കും
൧൩൯	൩൦	ആശകത്തിൻ	ആശകത്തിൽ
൧൪൪	൧൭	സംബന്ധ-ത്തെയും	സമബന്ധ-ത്തെയും
൧൪൩	൩൮	മുഡ്ഡന്മാക്കു	മൂഢന്മാക്കു
൧൯൪	൭	ഇങ്ങനെ; എങ്ങനെ	ഇങ്ങനെ എ-ങ്ങനെ
൧൫൨	൧൮	ഒന്നും	ഒപ്പം
൧൫൪	൩൨	അനക്ഷരമായിട്ടും	അനക്ഷരമായിട്ടു
൧൫൮	൫	വലയ	വലിയ
൨൦൦	൨൩	അധികാരിയില്ല	അധികാരമില്ല
൨൦—	൯	മൂലാവ്യം	മൂലാവ്യയം
,,	൨൧	മഹാസിഹം	മഹാസ്നേഹം
,,	൨൯	ഗുണനാമ	ഗുണിനാമ

286

3894